# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

2020 മാർച്ച് 12, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1653/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 102

**II അടിയന്തരപ്രമേയ നോട്ടീസ്**

യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യത

(അവതരണാനുമതി നിഷേധിച്ചു) ...460

**III ശ്രദ്ധ ക്ഷണിക്കൽ**

ബാങ്കിംഗ് റെഗുലേഷൻ നിയമഭേദഗതി

– ശ്രീ. വി. ജോയി ...461

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**IV ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

കോവിഡ്-19 നിയന്ത്രണ നടപടി

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...466

**V ഗവൺമെന്റ് പ്രമേയം**

കോവിഡ്-19 നിയന്ത്രണങ്ങൾമൂലം പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...476

**VI റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് ...481

പേജ്

**VII ധനകാര്യം**

2020-2021 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...481

ധനാഭ്യർത്ഥന നമ്പർ XXVII– സഹകരണം ...482

ധനാഭ്യർത്ഥന നമ്പർ XLII– വിനോദസഞ്ചാരം ...482

**അനുബന്ധം I - III** ...520-560

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

*2020 മാർച്ച് 12, വ്യാഴം*


വാല്യം 180] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7


നിയമസഭ 2020 മാർച്ച് മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### മൃഗചികിത്സാ സൗകര്യങ്ങൾ

1 (*211) ശ്രീമതി ഗീതാ ഗോപി:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. എൽദോ എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി വിപുലീകരിക്കുമോ; നിലവിൽ ഏതെല്ലാം ബ്ലോക്കുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) മൃഗചികിത്സാ രംഗത്ത് ആധുനിക ചികിത്സാ-രോഗനിർണ്ണയ സംവിധാനങ്ങളുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ; എന്തൊക്കെ സജ്ജീകരണങ്ങളാണ് പ്രസ്തുത സ്ഥാപനത്തിലുള്ളതെന്ന് വെളിപ്പെടുത്താമോ;


1653/2021

(സി) മൃഗസംരക്ഷണ വകുപ്പിന്റെ ഏതെങ്കിലും സ്ഥാപനത്തിൽ മൃഗങ്ങളിലും പക്ഷികളിലും ആന്റിബയോട്ടിക് അംശമുണ്ടോയെന്ന് പരിശോധിക്കാനുള്ള ലാബ് സൗകര്യങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിൽ കൂടുതൽ തസ്തികകൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 105 ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നത്. അടുത്ത സാമ്പത്തിക വർഷം കൂടുതൽ ബ്ലോക്കുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ പദ്ധതി നടപ്പാക്കുന്ന ബ്ലോക്കുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്നുണ്ട്. സർജറി, മെഡിസിൻ, ഗൈനക്കോളജി, പത്തോളജി വിഭാഗത്തിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം, എല്ലാത്തരം മൃഗങ്ങൾക്കുമുള്ള ചികിത്സാ സൗകര്യം, എല്ലുരോഗ ശസ്ത്രക്രിയ ഉൾപ്പെടെ എല്ലാ ശസ്ത്രക്രിയകളും, Blood Transfusion, ലാബ് സൗകര്യം, അൾട്രാ സൗണ്ട് സ്കാനിംഗ്, കാർഡിയോളജി യൂണിറ്റ്, ഇ.സി.ജി. എന്നീ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ എക്സ്റേ മെഷീൻ വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ ഓക്സിടെട്രാസൈക്ലിൻ, എൻട്രാഫ്ലോക്സാസിൻ എന്നീ ആന്റിബയോട്ടിക്കുകളുടെ റെസിഡ്യൂ ലെവൽ കണ്ടെത്തുന്നതിനുള്ള HPLC (High Performance Liquid Chromatography) സാങ്കേതികവിദ്യ നിലവിലുണ്ട്. വകുപ്പിന് കീഴിൽ എറണാകുളം മരടിൽ പ്രവർത്തിക്കുന്ന State Laboratory For Live Stock Marine And Agri Products Office-ലും ആന്റിബയോട്ടിക്കുകളുടെ റെസിഡ്യൂ ലെവൽ കണ്ടെത്തുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്.

(ഡി) ആധുനിക മൃഗചികിത്സാ സേവനം കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്ന സ്ഥാപനമായതിനാൽ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിൽ കൂടുതൽ തസ്തികകൾ ആവശ്യമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, രാജ്യത്തും സംസ്ഥാനത്തും മനുഷ്യനെ ബാധിക്കുന്നതുപോലെതന്നെ മൃഗങ്ങൾക്കും വൈറസ് രോഗം ബാധിച്ചിരിക്കുന്നു. പന്നികൾക്ക് Brucella virus രോഗവും പക്ഷികൾക്ക് Pasteurella multocida അതായത് അറ്റാക്ക്, Riemerella ഉൾപ്പെടെയുള്ള രോഗങ്ങളും ഇക്കഴിഞ്ഞ ആറ് വർഷംകൊണ്ട് സംസ്ഥാനത്ത് ബാധിച്ചിരിക്കുകയാണ്. ലക്ഷക്കണക്കിന് താറാവുകളാണ് ചത്തൊടുങ്ങുന്നത്. ഈ സന്ദർഭത്തിൽ Pasteurella-യ്ക്കുള്ള പ്രതിരോധ മരുന്നുകൾ എല്ലാ വെറ്ററിനറി ഹോസ്പിറ്റലുകൾക്കും കർഷകർക്കും യഥാസമയം ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിലും വേങ്ങേരിയിലുമാണ് ഈ അടുത്ത ദിവസങ്ങളിൽ പക്ഷിപ്പനി കണ്ടെത്തിയത്. അവിടത്തെ രണ്ട് ഫാമുകളിൽ വളർത്തുന്ന കോഴികളിൽ ചിലതൊക്കെ പെട്ടെന്ന് മരണപ്പെട്ടതിനെ തുടർന്ന് മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരുടെ ടീം അവിടെ പോകുകയും സാമ്പിളുകൾ ശേഖരിച്ച് കണ്ണൂരിലുള്ള ലാബിൽ പ്രാഥമിക പരിശോധന നടത്തുകയുമുണ്ടായി. സംശയമുണ്ടായതിന്റെ അടിസ്ഥാനത്തിൽ അവിടെനിന്നും ശേഖരിച്ച സാമ്പിളുകൾ നേരിട്ടുതന്നെ ഭോപ്പാൽ ഹൈ സെക്യൂരിറ്റി ലാബിൽ എത്തിച്ചു. അവിടെനിന്നും ലഭിച്ച റിസൾട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രദേശങ്ങളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്നലെ വീണ്ടും ഒരു റിപ്പോർട്ടുകൂടി ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ വാർഡ് നമ്പർ XVI-ൽ ശ്രീ. വീരാൻ കുട്ടിയുടെ വീട്ടിൽനിന്നും ശേഖരിച്ച രണ്ട് സാമ്പിളുകളും പോസിറ്റീവാണെന്നുള്ള റിപ്പോർട്ടുകളാണ് ലഭിച്ചത്. കോഴിക്കോട് പക്ഷിപ്പനി കണ്ടെത്തിയതിനെത്തുടർന്ന് കോഴിക്കോട് കളക്ടറേറ്റിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ആവശ്യമായ മുൻകരുതലുകളെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്താൻ കഴിയുന്നത്. അതിനുവേണ്ടി ഡോക്ടർമാരുടെ നേതൃത്വത്തിൽ 24 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. പരിശോധനയിൽ പക്ഷിപ്പനി കണ്ടെത്തിയ ഫാമുകൾക്ക് ചുറ്റുമുള്ള (നിശ്ചിത സ്ഥലത്തുള്ള) എല്ലാ പക്ഷികളെയും നശിപ്പിക്കുന്നതിനാണ് ഭോപ്പാൽ ഹൈ സെക്യൂരിറ്റി ലാബിൽനിന്ന് ലഭിച്ചിട്ടുള്ള നിർദ്ദേശം. അതുപോലെതന്നെ കേന്ദ്ര സർക്കാരിൽനിന്നുള്ള നിർദ്ദേശവും നമുക്ക് ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് നടന്നുവരുന്നത്. ആ ഓപ്പറേഷൻ ഏതാണ്ട് കോഴിക്കോട് മേഖലയിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ കാര്യങ്ങൾ നിയന്ത്രണവിധേയമാണ്. നഷ്ടം സംഭവിക്കുന്ന കൃഷിക്കാർക്ക് ധനസഹായം നൽകണമെന്ന് ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് മാസത്തിൽ താഴെ പ്രായമുള്ള മരണ

പ്പെട്ടുപോയ ഓരോ പക്ഷിക്കും നൂറ് രൂപാ വീതവും രണ്ട് മാസത്തിൽ കൂടുതൽ പ്രായമുള്ള പക്ഷികൾക്ക് ഇരുനൂറ് രൂപ വീതവും നശിപ്പിക്കപ്പെടുന്ന കോഴിമുട്ടയ്ക്ക് അഞ്ച് രൂപ വീതവും നഷ്ടപരിഹാരം നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത് ഉടനെതന്നെ കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. മലപ്പുറത്ത് പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ നാളെ ഞാനുൾപ്പെടെയുള്ളവർ കോഴിക്കോടും മലപ്പുറവും സന്ദർശിക്കുന്നുണ്ട്. ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ലഭ്യമായിട്ടുള്ള മരുന്നുകൾ എല്ലാ ആശുപത്രികളിലും എത്തിക്കുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി ഗീതാ ഗോപി: സർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എം. കെ. പ്രസാദ് വകുപ്പിന്റെ ഒരു പുനഃസംഘടനാ റിപ്പോർട്ട് അങ്ങേയ്ക്ക് നൽകുകയുണ്ടായി. പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും സംസ്ഥാനത്തെ വെറ്ററിനറി സബ് സെന്ററുകളെ കന്നുകാലി സമ്പത്തിനനുസൃതമായി പുനർവിന്യസിക്കുക, ഭരണ സംവിധാനം ബ്ലോക്ക് തലത്തിൽ മാറ്റുക, ഡോക്ടർമാരെ പദ്ധതി നിർവ്വഹണത്തിൽനിന്ന് ഒഴിവാക്കി ചികിത്സാ രംഗത്ത് കേന്ദ്രീകരിക്കുക, പരിശീലന കേന്ദ്രങ്ങളെയും വകുപ്പിന് കീഴിലുള്ള ഫാമുകളെയും ശാക്തീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഈ സന്ദർഭത്തിൽ പുനഃസംഘടനാ സംവിധാനം നടപ്പിലാക്കുന്നതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, മൃഗസംരക്ഷണ വകുപ്പിൽ ഒരു പുനഃസംഘടനയെ സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. കേരളം രൂപംകൊണ്ട നാൾ മുതലുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. സാങ്കേതിക വളർച്ചയും ഉണ്ടായിട്ടുണ്ട്. കന്നുകാലികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജീവിത സാഹചര്യങ്ങളിലെല്ലാം വലിയ മാറ്റങ്ങൾ വന്ന സാഹചര്യത്തിൽ 1952 മുതൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നതുസംബന്ധിച്ച ആലോചനകൾ സജീവമായി നടന്നുവരികയാണ്. പുനഃസംഘടന സംബന്ധിച്ച് വകുപ്പിലെ വിവിധ ജീവനക്കാരുടെ സംഘടനകളും മറ്റ് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് അന്തിമ രൂപം നൽകി നടപ്പിലാക്കും. ഇപ്പോൾ മൃഗസംരക്ഷണ വകുപ്പിന്റെ താഴെത്തട്ടിലുള്ള ഓഫീസുകൾ പഞ്ചായത്തുതലത്തിൽ വരെയുണ്ട്. എന്നാൽ ബ്ലോക്ക് തലത്തിൽ ഒരു കോ-ഓർഡിനേഷൻ വരത്തക്ക രീതിയിലുള്ള സംവിധാനത്തെ സംബന്ധിച്ച നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ പഠിച്ച് കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. താമസിയാതെ തന്നെ നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കാലാവസ്ഥയും അതുമായി ബന്ധപ്പെട്ട ഘടകങ്ങളും അന്തരീക്ഷത്തിലുണ്ടാകുന്ന മാറ്റത്തെ ഒരർത്ഥത്തിൽ മനുഷ്യൻ പല തരത്തിലുള്ള ക്രമീകരണങ്ങൾകൊണ്ട് അതിജീവിക്കുന്നുണ്ട്. എന്നാൽ അന്തരീക്ഷത്തോട് ഏറ്റവും ചേർന്ന് നിൽക്കുന്നവരാണ് പക്ഷിമൃഗാദികൾ. ഇന്നലെ തിരുവനന്തപുരത്ത് എം.എൽ.എ. ഹോസ്റ്റലിൽ പക്ഷികൾ ചത്തത് എങ്ങനെയാണെന്ന് അറിയുന്നതിനായി സാമ്പിൾ പരിശോധനയ്ക്ക് അയച്ചിരിക്കുന്നതേയുള്ളൂ. പ്രകൃതിയോട് ചേർന്ന് ജീവിക്കുന്ന ഇത്തരം ജീവികളിൽ ചൂടും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യേകതകളെക്കുറിച്ച് ഗവേഷണം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കാനും വകുപ്പ് ആലോചിക്കുമോ?

ശ്രീ. കെ. രാജു: സർ, വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിട്ടുള്ളത്. ഇന്നലെ തിരുവനന്തപുരം എം.എൽ.എ. ഹോസ്റ്റലിന് സമീപം മൂന്ന് കൊക്കുകൾ ചത്ത് തൂങ്ങിക്കിടന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ പരിശോധിച്ചിരുന്നു. പ്രാഥമികമായി പക്ഷിപ്പനിയാണെന്ന് സ്ഥിരീകരിച്ചാൽപ്പോലും അത് പറയാൻ പാടില്ലെന്നാണ് വ്യവസ്ഥ. നമുക്ക് സംശയം തോന്നിയാൽ സാമ്പിളുകൾ ഹൈ സെക്യൂരിറ്റി ലാബിലേയ്ക്ക് അയയ്ക്കുക, അവരാണ് പ്രഖ്യാപിക്കേണ്ടത്. ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശ ങ്ങൾക്കനുസരിച്ച് നമ്മൾ പ്രവർത്തിക്കണം. ഇന്നലെ എനിക്ക് ലഭിച്ച പ്രാഥമിക പരിശോധനാ ഫലത്തിൽനിന്നും പക്ഷിപ്പനിമൂലമല്ല എം.എൽ.എ. ഹോസ്റ്റലിന് സമീപത്ത് കൊക്കുകൾ ചത്തതെന്നാണ് അറിയാൻ കഴിഞ്ഞത്. ഒരു കൊക്കിന്റെ കാലിൽ പട്ടത്തിന്റെ വള്ളി ചുറ്റിക്കിടന്നിരുന്നു. സ്വാഭാവികമായി പട്ടത്തിൽ ചുറ്റിയായിരിക്കും മൂന്ന് കൊക്കുകൾക്കും മരണം സംഭവിച്ചത്. അങ്ങനെയുമാകാം. മാത്രവുമല്ല, മരണം സംഭവിച്ചത് ഇന്നലെ അല്ല, മൂന്നോ നാലോ ദിവസങ്ങൾക്ക് മുമ്പായതുകൊണ്ടാണ് ബോഡി അഴുകിപ്പോയതെന്നാണ് മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചത്. അത് പരിശോധനയ്ക്ക് വിധേയമാക്കുന്നതേയുള്ളൂ. അതിന്റെ റിസൾട്ട് പാലോട് ലാബിലേയ്ക്ക് അയച്ചിട്ടുണ്ട്. പക്ഷിപ്പനിയാണെന്ന് സംശയം തോന്നിയാൽ ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ലാബിലേയ്ക്ക് അയയ്ക്കും. അതാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കാലാവസ്ഥാ വ്യതിയാനത്തിനും പ്രകൃതിക്കുണ്ടാകുന്ന മാറ്റങ്ങൾക്കുമനുസരിച്ച് മൃഗങ്ങളിലുണ്ടാകുന്ന രോഗങ്ങളായാലും മാറ്റങ്ങളായാലും അവയെല്ലാം പഠിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ചികിത്സയും മറ്റ് പ്രവർത്തനങ്ങളും നടത്തുന്നതിന് ആധുനിക ലാബ് സൗകര്യങ്ങളെല്ലാം ആവശ്യമുണ്ട്. ഏറ്റവും മെച്ചപ്പെട്ട ആശുപത്രികളും ലാബുകളും നമ്മുടെ സംസ്ഥാനത്ത് കുറെയേറെ

സംഘടിപ്പിച്ചിട്ടുണ്ട്. കുടപ്പനക്കുന്നിലെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ആധുനിക യന്ത്ര സജ്ജീകരണങ്ങളെല്ലാമുള്ള ആശുപത്രിയാണ്. അവിടെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം നിരവധി ഡോക്ടർമാരുണ്ട്. ഏറ്റവും മെച്ചപ്പെട്ട സേവനം അവിടെ ലഭിക്കും. തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിക്കുന്ന 'State Institute For Animal Diseases' ഏറ്റവും മെച്ചപ്പെട്ട ലാബാണ്. എല്ലാ പരിശോധനയ്ക്കും സൗകര്യമുള്ള ലാബാണ്. അതോടൊപ്പം വന്യജീവികൾക്ക് എന്തെങ്കിലും പ്രശ്നമുണ്ടായാലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, പാലോട് പ്രവർത്തിക്കുന്ന ലാബിൽ പരിശോധനകൾ നടത്തുന്നുണ്ട്. അതുപോലെ പത്തനംതിട്ടയിലെ  തിരുവല്ലയിൽ പ്രവർത്തിക്കുന്ന 'Avian Disease Diagnostic Laboratory' ഈ ഗവൺമെന്റ് വന്നതിനുശേഷം മെച്ചപ്പെടുത്തി  പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പാലക്കാട് ആർ.പി. ലാബ്,  എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന 'State Laboratory For Live Stock Marine And Agri Products Office' ഇങ്ങനെയുള്ള ലാബുകളെല്ലാം മെച്ചപ്പെട്ട നിലവാര ത്തിലുള്ളതാണ്.  ഇന്ത്യാ രാജ്യത്തും ലോകത്തിലെ  മറ്റിതര രാജ്യങ്ങളിലുമെല്ലാം നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. പക്ഷിപ്പനി പടരുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണമായി പറയുന്നത്, അന്യ രാജ്യങ്ങളിൽനിന്നുള്ള ദേശാടന പക്ഷികളുടെ വരവാണ്.  2017-ൽ കുട്ടനാട്ടിൽ താറാവുകൾ ചത്തൊടുങ്ങിയ സംഭവം ഉണ്ടായിട്ടുണ്ട്. കുട്ടനാട് പ്രദേശത്തെ തടാകങ്ങൾ കണ്ടുകൊണ്ട് ദേശാടന പക്ഷികൾ എല്ലാ സീസണിലും പറന്ന് വരാറുണ്ട്. അതിന്റെ ഭാഗമായിട്ടാണ് രോഗങ്ങളെല്ലാം പകരുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ലാബുകളുടെ കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. മൃഗ ചികിത്സാ സൗകര്യങ്ങളുടെ ഭാഗമായി എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെ യൊക്കെയാണ്?

ശ്രീ. കെ. രാജു: സർ, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. അതിലൊന്നാണ് ഞാൻ നേരത്തെ സൂചിപ്പിച്ച, തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിക്കുന്ന 'State Institute For Animal Diseases' ലാബ്.  നല്ല നിലവാരമുള്ള ഒന്നാന്തരം ലാബാണ്. പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന Avian Disease Diagnostic Laboratory (ADDL)-ഉം, പാലക്കാട് പ്രവർത്തിക്കുന്ന ആർ.പി. ലാബ്, എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന State Laboratory For Live Stock Marine And Agri Products Office (SLMAP) തുടങ്ങിയ എല്ലാ ലാബുകൾക്കും കേരളത്തിൽ അക്രെഡിറ്റേഷനുണ്ട്.

ശ്രീ. എൽദോ എബ്രഹാം: സർ, സമീപ നാളിൽ സംസ്ഥാനത്തെ പശുക്കളിൽ capripox virus ബാധ വ്യാപകമായി പിടിപെടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് Bulgaria, Greece, Serbia, Croatia എന്നീ രാജ്യങ്ങളിൽ 2016, 2017, 2018 വർഷങ്ങളിൽ തുടർച്ചയായി വാക്സിനേഷൻ എടുത്തതിനെത്തുടർന്ന് പശുക്കളിൽനിന്നും എരുമയിൽനിന്നുമൊക്കെയുള്ള capripox virus പൂർണ്ണമായി നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ കഴിഞ്ഞ ഒരു മാസം മുമ്പ് വിവിധ ജില്ലകളിലായി ആയിരക്കണക്കിന് പശുക്കളിൽ ഈ വൈറസ് ബാധ പിടിപെട്ടത് ഗുരുതര പ്രത്യാഘാതമുണ്ടാക്കി. പ്രത്യേകിച്ച് ക്ഷീരമേഖലയിലെ കർഷകർക്ക് വലിയ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം മുഴുവൻ പശുക്കളിലും ഈ മാതൃകയിലുള്ള പ്രതിരോധ കുത്തിവെയ്പ്പെടുക്കുന്ന രീതി അവലംബിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, വൈറസുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് എല്ലാ മാസവും തുടർച്ചയായ പ്രതിരോധ കുത്തിവെയ്പ്പുകൾ നടന്നു വരുന്നുണ്ട്. കുളമ്പ് രോഗത്തിനെതിരെയുള്ള വാക്സിനേഷൻ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുകയാണ്. 'കൊറോണ' വൈറസ് ബാധയുടെ സാഹചര്യത്തിൽ, കുത്തിവെയ്പ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മാറ്റിവയ്ക്കുകയോ 21-ാം തീയതിക്കകം പൂർത്തിയാകുന്ന രീതിയിലുള്ള നടപടികൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ സ്വീകരിക്കുകയോ ചെയ്യണം. സംസ്ഥാനത്താകെയാണ് വാക്സിനേഷന്റെ പ്രവർത്തനം നടത്തുന്നത്. കുറച്ച് ഭാഗത്ത് വാക്സിനേഷൻ നടത്തി നിർത്തിയാൽ അതുകൊണ്ട് ഫലമുണ്ടാകില്ല. വാക്സിനേഷൻ നടപടികൾ നടന്നുവരികയാണ്. ഈ അടുത്ത സമയത്ത് പശുക്കളിൽ കണ്ടുവരുന്ന ചില രോഗങ്ങളുമായി ബന്ധപ്പെട്ട് ആ രോഗം കണ്ടെത്തിയ പ്രദേശങ്ങളിലുള്ള പശുക്കളുടെ പരിശോധനകൾ നടത്തി അതാത് പ്രദേശങ്ങളിൽ രോഗം പ്രതിരോധിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, വ്യാപകമായ രീതിയിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്, പ്രതിരോധ മരുന്നുകളുള്ള അസുഖങ്ങൾക്കെല്ലാം വാക്സിനേഷൻ നടത്തുന്നതിന് ഇപ്പോൾ സൗകര്യമുണ്ട്. അത് നടപ്പാക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, വീട്ടുപടിക്കൽ രാത്രികാല ചികിത്സയെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മൾ നേരിടുന്ന ഒരു വിഷയം ഒരു പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയേയുള്ളൂ. ഞങ്ങളുടെ പഞ്ചായത്ത് വലിയ ഏരിയയാണ്. പലയിടത്തും നടക്കുന്ന കാര്യമാണ്. ഒരു ഡോക്ടറെ ലഭിക്കണമെങ്കിൽ, കർഷകൻ ഡോക്ടർക്ക് വരാനുള്ള വാഹനകൂലിയും ജീപ്പും എടുത്തുനൽകണം. അല്ലാതെ മൃഗാശുപത്രിയിൽ ഡോക്ടർമാർക്കുവേണ്ടി വാഹനങ്ങളില്ല. ഒരു പശുവിന്റെ

ചികിത്സയ്ക്ക് ഭാരിച്ച ചെലവാണ് വേണ്ടിവരുന്നത്. രണ്ടാമത് ഓരോ പശുവിനും ലക്ഷങ്ങളാണ് വില. അങ്ങനെ വാങ്ങുന്ന പശുവിന് ചികിത്സ ലഭിച്ചില്ലെങ്കിലുണ്ടാകുന്ന അപകടത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ; ഗുജറാത്തിലെ ആനന്ദ് സൊസൈറ്റിയെക്കുറിച്ച് മനസ്സിലാക്കിയതിൽനിന്നും അവിടെ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ സേവനം എപ്പോൾ വേണമെങ്കിലും ലഭ്യമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. ആനന്ദ് ബോർഡ് സംഘങ്ങളിൽ വിളിച്ച് പറയുന്ന തനുസരിച്ച് അവർ ഇരുചക്ര വാഹനങ്ങളിൽ വന്ന് ചികിത്സിക്കും. സാധാരണ ഫീസേയുള്ളൂ. ഇവിടെ മൃഗാശുപത്രിയിൽ ഡോക്ടർമാരും ആവശ്യത്തിന് സ്റ്റാഫുമില്ല. രോഗം പിടിപെട്ടാൽ വാഹനം അറേഞ്ച് ചെയ്തുകൊടുക്കാതെ ഒരു ഡോക്ടറും വരില്ലെന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട അംഗം ക്ഷീര വകുപ്പുമന്ത്രിയായിരുന്ന വ്യക്തിയാണ്. നാട്ടിലെ മൃഗസംരക്ഷണ മേഖലയിലെയും ക്ഷീരമേഖലയിലെയും പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്ന രീതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന് നല്ലതുപോലെ അറിയാവുന്നതാണ്. അതുകൊണ്ട് അത് മനസ്സിലാക്കി മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് ഒരു പുനഃസംഘടനയെ സംബന്ധിച്ച് ഗവൺമെന്റ് സമഗ്രമായ ആലോചന നടത്തിവരികയാണ്. എങ്കിൽപ്പോലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു കാര്യം; ഡോക്ടർമാർ മെറ്റേണിറ്റി ലീവ് ഉൾപ്പെടെയുള്ള അവധിയെടുത്ത് പോയിരിക്കുന്ന ആശുപത്രികളിലൊഴികെ ബാക്കിയെല്ലായിടത്തും ഡോക്ടർമാരുണ്ട്. സ്പെസിഫിക് കേസ്സാണ് വേക്കന്റായി കിടക്കുന്നത്. മെറ്റേണിറ്റി ലീവൊന്നും വേക്കന്റായി കണക്കാക്കുകയില്ല. വേക്കന്റായി കിടക്കുന്നതായി ഏതെങ്കിലും പ്രദേശത്തെ മെമ്പർമാർക്ക് അഭിപ്രായമുണ്ടെങ്കിൽ എഴുതിത്തന്നാൽ ആളിനെ നിയമിക്കും. കാരണം ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട്. അതിനാൽ ഡോക്ടർമാരുടെ അഭാവം എങ്ങുമില്ല. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഉദ്യോഗസ്ഥരെയെല്ലാം വിന്യസിച്ചിട്ടുണ്ട്. ക്ഷീര വകുപ്പുമായി ബന്ധപ്പെട്ട് (DFI) ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളുണ്ടായിരുന്നു. ഇപ്പോൾ പി.എസ്.സി. ആ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽനിന്ന് 120-ഓളം ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് ഒന്നിച്ച് നിയമനം നൽകാനുള്ള സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഉടനെതന്നെ അതിന്റെ പോസ്റ്റിംഗ് ആകും. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അംഗീകരിച്ചിട്ടുള്ള തസ്തികകളിൽ ഉദ്യോഗസ്ഥർ എല്ലാസ്ഥലത്തും ഉണ്ട്. ഏതെങ്കിലും ഭാഗത്ത് ഇല്ലെന്നുണ്ടെങ്കിൽ അത് കൊടുക്കാൻ കഴിയുന്ന സാഹചര്യവുമുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്, കർഷകരുടെ വീട്ടുപടിക്കൽ ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങളും ശസ്ത്രക്രിയാ സംവിധാനങ്ങളും ഉൾപ്പെടെ ഏർപ്പെട്ട

ത്തുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് വന്നതിനുശേഷം 24 മണിക്കൂർ സേവനം രാത്രിയിലും ലഭിക്കത്തക്ക രീതിയിൽ നടക്കുന്നു. അത് എല്ലാ വെറ്ററിനറി ആശുപത്രികളിലും ഒറ്റയടിക്ക് നടപ്പിലാക്കാൻ സാധിക്കില്ല. അതിന് അനുവദിച്ച ഫണ്ടുപയോഗിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടറെയും സ്റ്റാഫുകളെയും നിശ്ചയിച്ചുകൊണ്ട് 105 ബ്ലോക്കുകളിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ബ്ലോക്കുകളിലും ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല. അതിനെ സംബന്ധിച്ച് കർഷകർക്ക് നല്ല അഭിപ്രായമാണുള്ളത്. രാത്രികാലങ്ങളിൽ ഒരു ബ്ലോക്ക് അതിർത്തിയിൽ ഒരു ആശുപത്രിയെങ്കിലും സേവനം ലഭിക്കുന്ന തരത്തിലുണ്ടെന്നത് ആശ്വാസകരമായിട്ടുള്ള കാര്യമായാണ് കർഷകർ കാണുന്നത്. ഈ സാമ്പത്തിക വർഷം ബാക്കിയുള്ള ബ്ലോക്കിലും രാത്രികാല സേവനമടക്കം നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുപോലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കൊല്ലത്ത് ആധുനിക സജ്ജീകരണങ്ങളോടുകൂടി സഞ്ചരിക്കുന്ന ടെലി-വെറ്ററിനറി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതേ മോഡലിൽ മറ്റെല്ലാ ജില്ലകളിലും ലാബ് സൗകര്യത്തോടുകൂടിയുള്ള ടെലി-യൂണിറ്റുകൾ ജില്ലയിൽ ഒരെണ്ണമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ പുതിയ സാമ്പത്തിക വർഷത്തിൽ സ്വീകരിക്കുന്നതാണ്. എറണാകുളം, കണ്ണൂർ മേഖലകളിൽ കൊല്ലത്തുള്ളതുപോലെ രണ്ട് യൂണിറ്റുകൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ ആലോചനകൾ നടന്നിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻ, എക്സ്-റേ ടെക്നീഷ്യൻ, ഡ്രൈവർ എന്നിവരുടെ സേവനങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടാണ് ഈ പ്രവർത്തനങ്ങളിപ്പോൾ ഏറ്റെടുക്കുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദനമുള്ള രണ്ടാമത്തെ ജില്ലയാണ് വയനാട്. അതുകൊണ്ടുതന്നെ വയനാട് ജില്ലയിലെ ക്ഷീര കർഷകരുടെ എണ്ണവും വളരെ കൂടുതലാണ്. 4 ആശുപത്രികളിലാണിപ്പോൾ രാത്രികാല സേവനം ലഭ്യമാകുന്നത്. ഡിസ്പെൻസറികൾ രാവിലെ 09.00 മണി മുതൽ വൈകുന്നേരം 03.00 മണി വരെയാണ് പ്രവർത്തിക്കുന്നത്. കേരള ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയനുസരിച്ച് വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ പി.ജി.-ക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ സേവനം ഉപയോഗിച്ച് പഠനത്തോടൊപ്പം സമ്പാദ്യമെന്ന സേവന പദ്ധതികൂടി ഉൾപ്പെടുത്തി ഡിസ്പെൻസറികളിൽ രാത്രികാല സേവനം നടപ്പിലാക്കാൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, വയനാട് ജില്ലയിൽ രാത്രികാല സേവനം ഇപ്പോൾ നടപ്പിലാക്കുന്നത് 4 പോളി ക്ലിനിക്കുകളിലൂടെയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്, സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ രണ്ടാമത്

നിൽക്കുന്ന ജില്ലയാണ് വയനാട്. വയനാടിന്റെ ഭൂപ്രകൃതിയനുസരിച്ച് കന്നുകാലി വളർത്തലും പാലുൽപ്പാദനവും കൂടുതൽ നടത്താൻ കഴിയുന്ന മേഖലയാണ്. അതു കൊണ്ടുതന്നെ ഈ വർഷത്തെ ബഡ്ജറ്റിൽ മൃഗസംരക്ഷണ മേഖലയ്ക്കും ക്ഷീര മേഖലയ്ക്കുംവേണ്ടി രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) -സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് വയനാടിനായി പുതിയ പദ്ധതികൾ ഏർപ്പെടുത്തുന്നതിനാവ ശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥി കളെക്കൂടി ഉപയോഗിച്ചുകൊണ്ട് സേവനം ലഭ്യമാക്കണമെന്നതാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ട് വച്ചിരിക്കുന്ന നിർദ്ദേശം, പ്രസ്തുത പീരിഡിൽ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നത് സംബന്ധിച്ച് യൂണിവേ ഴ്സിറ്റിയുമായി കൂടിയാലോചന നടത്താം. വെറ്ററിനറി ആശുപത്രികൾവഴി കർഷകർക്ക് സേവനം ലഭ്യമാക്കാൻ കഴിയുമോയെന്നതിനെ സംബന്ധിച്ച് യൂണിവേഴ്സിറ്റിയുമായി ചർച്ച നടത്താം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പശുക്കൾക്കുണ്ടാകുന്ന രോഗങ്ങൾ പാലുൽപ്പാദനത്തെ വളരെ ഗണ്യമായി ബാധിക്കുന്നു. ഈ അടുത്ത കാലത്ത് കേരളത്തിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ പശുക്കൾക്കുണ്ടായ ഒരു skin disease ആണ് Lumpy Skin Disease. അത്തരമൊരു വൈറസ് രോഗം വളരെ വ്യാപകമായി പടരുകയുണ്ടായി. നല്ല സുന്ദരികളായ പശുക്കൾ ആകെ വിരൂപമായി പോകുന്ന സ്ഥിതിയാണ് ഈ രോഗം കാരണം ഉണ്ടായത്. പശുക്കളുടെ തൊലിയിൽ മാറ്റം വരികയും പൊതുവിൽ അവയ്ക്ക് ക്ഷീണം ഉണ്ടാകുകയും ചെയ്യും. കർഷകർ പറയുന്നത് ഈ രോഗം പശുക്കളെ ബാധിക്കുന്നതോടുകൂടി പാലുൽപ്പാദനവും കുറയുന്നുണ്ടെന്നാണ്. ഈ രോഗം എത്രമാത്രം നമ്മുടെ സംസ്ഥാനത്ത് വ്യാപിച്ചി ട്ടുണ്ടെന്നും ഈ രോഗത്തെ പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജു</u>: സർ, Lumpy Disease എന്ന പേരിൽ അറിയപ്പെടുന്ന രോഗം അടുത്തകാലത്ത് നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും കാണപ്പെട്ടതാണ്. അതൊരു skin disease ആണ്. പ്രസ്തുത രോഗം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. രോഗം കാണപ്പെട്ട മേഖലകളിലുള്ള പശുക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പെടുക്കു ന്നതിന് മൃഗസംരക്ഷണ വകുപ്പ് തീരുമാനമെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതിനാൽ ഇപ്പോൾ ആ രോഗം നിയന്ത്രണ വിധേയമാണ്. പുതിയ തലങ്ങളിലേയ്ക്ക് ആ രോഗമിപ്പോൾ വ്യാപിക്കുന്നില്ല. ഈ ത്വക്ക് രോഗം പിടിപെട്ടാൽ പാലുത്പാ ദനത്തിൽ കുറവുണ്ടാകുന്നുവെന്നത് യാഥാർത്ഥ്യമാണ്. ചൂട് കൂടിയതിന്റെയും പ്രത്യേക തരം Lumpy Disease വന്നതിന്റെയും ഫലമായി നമ്മുടെ സംസ്ഥാനത്ത് പാലിന്റെ ഉത്പാദനത്തിൽ കുറവ് അനുഭവപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. ആ

അവസ്ഥയെ നമ്മൾ overlook ചെയ്യുകയാണ്, പാലിന്റെ ഉത്പാദനം ഇപ്പോൾ വീണ്ടും കൂടിക്കൊണ്ടിരിക്കുകയാണ്, അതോടൊപ്പം ഈ അസുഖത്തെ നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. ഈ രോഗം കണ്ടെത്തിയ സമയത്ത് ആവശ്യമായ പ്രതിരോധ മരുന്ന് ഒട്ടുമിക്ക ആശുപത്രികളിലും ഇല്ലായിരുന്നു. വകുപ്പ് മുൻകയ്യെടുത്ത് എല്ലാ ആശുപത്രികളിലും ഇപ്പോൾ പ്രസ്തുത രോഗത്തിനുള്ള പ്രതിരോധ മരുന്ന് എത്തിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ജോയി</u>: സർ, ഈ കാലഘട്ടത്തിൽ പക്ഷിമൃഗാദികളിൽ കണ്ടുവരുന്ന രോഗങ്ങളെ സംബന്ധിച്ചും അതിനെ പ്രതിരോധിക്കുന്നതിനെ സംബന്ധിച്ചുമാണ് അങ്ങ് സൂചിപ്പിച്ചുവരുന്നത്. നമ്മൾ എത്ര തന്നെ ബോധവത്കരണം നടത്തിയാലും ഇക്കാര്യങ്ങൾക്കൊന്നും കർഷകർ ഇൻഷ്വറൻസ് എടുക്കാറില്ല. അതിന്റെ ഭാഗമായി ഭീമമായ നഷ്ടമാണ് സംഭവിക്കുന്നത്. എല്ലാവർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുക?

<u>ശ്രീ. കെ. രാജു</u>: സർ, സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. 219-ാം നമ്പർ ചോദ്യം അതുമായി ബന്ധപ്പെട്ടുള്ളതായതിനാൽ പ്രസ്തുത ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ കാര്യങ്ങൾ വിശദമായി പറയുന്നതാണ്. പക്ഷിമൃഗാദികളിൽ രോഗങ്ങൾ വരുന്നതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിന് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൾ സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരികയാണ്. 2017-18-ൽ കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (എൻ.എൽ.എം.) എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ഒരു വർഷം മാത്രം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ആ ഒരു വർഷത്തോടെ പൂർത്തീകരിച്ചു. ഈ പദ്ധതി പ്രകാരം ഉരുക്കളുടെ മരണം, ഉൽപ്പാദന പ്രത്യുൽപ്പാദനക്ഷമതാ നഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിമായി കർഷകന് ലഭിച്ചിരുന്നു. 2018-19-ലും പ്രസ്തുത പദ്ധതി തുടർന്നു. ഗോസമൃദ്ധി പദ്ധതിയിൽ അംഗമായ കർഷകന് അപകടമരണമോ പൂർണ്ണമായോ ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി രണ്ട് ലക്ഷം രൂപ വരെ ക്ലെയിം കൂടി നൽകുന്നതാണ്. മൃഗങ്ങൾക്കുള്ള ഇൻഷ്വറൻസിനോടൊപ്പം കർഷകനും ഈ പദ്ധതിയനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. 80 വയസ്സുവരെ പ്രായമുള്ള കർഷകനെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്നതാണ് മറ്റൊരു പ്രത്യേകത. സാധാരണഗതിയിൽ ഏത് ഇൻഷ്വറൻസ് പദ്ധതിയായാലും 60-65 വയസ്സിന് മുകളിലുള്ള കർഷകരെ ഉൾപ്പെടുത്തില്ല. പ്രായമായ ആളുകളാണ് പശു വളർത്തലുമായി ബന്ധപ്പെട്ട് നിൽക്കുന്നവരിൽ കൂടുതൽപേരുമെന്നുള്ളതുകൊണ്ട് അക്കാര്യംകൂടി

പരിഗണിച്ചുകൊണ്ടാണ് അത്തരമൊരു തീരുമാനമെടുത്തത്. ഇൻഷ്വറൻസ് കമ്പനിയും ആ വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി കർഷകർക്ക് വളരെ പ്രയോജന കരമാണ്. ഈ പദ്ധതിയിൽ ജനറൽ വിഭാഗത്തിനുള്ള പ്രീമിയം തുകയുടെ 50 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രീമിയം തുകയുടെ 75 ശതമാനവും വകുപ്പാണ് നൽകുന്നത്. സംസ്ഥാനത്ത് വ്യാപകമായി കന്നുകാലികളിൽ രോഗങ്ങൾ കാണപ്പെടുന്ന ഈ സാഹചര്യത്തിൽ ഇൻഷ്വർ ചെയ്യാൻ കർഷകർ മുന്നോട്ട് വരേണ്ടതാണ്. ഇക്കാര്യത്തിനായി വ്യാപകമായ പ്രചരണത്തിന്റെ ആവശ്യവുമുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: സർ, സാധാരണ കർഷകർ, വീട്ടിലൊരു പശുക്കിടാവുണ്ടായാൽ അതിനെ വളർത്തി ഒരു പശുവാക്കി മാറ്റും. എന്നാൽ അത്യാവശ്യം വേണ്ട കാര്യമായ deworming അഥവാ വിരമരുന്ന് മൂന്ന് തവണയെങ്കിലും നൽകിയാൽ മാത്രമേ ആ പശുക്കിടാവ് നല്ല രീതിയിൽ വളരുകയുള്ളൂ. എന്നാലത് സൂപ്പർവൈസ് ചെയ്യാൻ ആളില്ല. ഉടമകൾക്ക് ഓരോ കാർഡ് നൽകിയാൽ, deworming നടത്തിയിട്ടുണ്ടോയെന്ന് അതിൽ റിക്കോർഡ് ചെയ്യാൻ കഴിയും. അക്കാര്യത്തിനായി ഒരു മൃഗഡോക്ടർ വേണ്ടതില്ല. Deworming നടത്താതെ നല്ല രീതിയിൽ പശുക്കിടാവ് വളരില്ലെന്ന കാര്യം ആളുകളെ വിളിച്ചുകൂട്ടി ബോധവൽക്കരിക്കണം. ഇപ്പോൾ 3-4 വയസ്സ് ആകുമ്പോഴാണ് പശുക്കൾ പ്രസവിക്കുന്നത്. നല്ല രീതിയിൽ വളർത്തിയാൽ 15 മാസമാകുമ്പോൾ പശുക്കൾ mature ആകുകയും 2 വയസ്സാകുമ്പോൾ പ്രസവിക്കുകയും ചെയ്യും. കന്നുകുട്ടി പരിപാലനത്തിൽ ശ്രദ്ധ ചെലുത്തിയാൽ സാധാരണ കർഷകർക്ക് വലിയ ഗുണമുണ്ടാകും. അതിനാൽ ഒരു കാർഡ് ഇഷ്യൂ ചെയ്യാനും deworming-നും ആവശ്യമായ നടപടി സ്വീകരിക്കുമോ; കന്നുകുട്ടി പരിപാലനത്തിന് കൂടുതൽ തുക അലോട്ട് ചെയ്യുമോ?

ശ്രീ. കെ. രാജു: സർ, മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ ജിയോ ടാഗിംഗ് നടപ്പിലാക്കി വരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വിരയിളക്കത്തിന്റെ കാര്യമാണ്. അക്കാര്യം പ്രസ്തുത കാർഡിൽ ഉണ്ടോയെന്ന് അന്വേഷിച്ചശേഷം മാത്രമേ പറയാൻ സാധിക്കൂ. എന്നാലിപ്പോൾ പശുവിന്റെ ഉടമസ്ഥന്റെ പേര്, പശുവിന്റെ ജനന തീയതി, പശുവിന്റെ ഇനം, പശുവിന്റെ പ്രസവ സംബന്ധമായ കാര്യങ്ങൾ എന്നിവ ജിയോ ടാഗ് വഴി ലഭ്യമാണ്. ഒരു സ്കീമിൽ ഉൾപ്പെടുത്തുന്ന പശുവിന്റെ കാത് കുത്തുന്ന രീതി മുമ്പുണ്ടായിരുന്നു. അത് ഇളക്കി മറ്റൊരു പശുവിന്റെ കാതിൽ വച്ച് ആളുകൾ ആനുകൂല്യം വാങ്ങിയിരുന്നു. ഇപ്പോൾ ആ രീതി സാധ്യമല്ല. എല്ലാ പശുക്കളെയും രജിസ്റ്റർ ചെയ്യണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ വീടുകൾ സന്ദർശിച്ച് പരിശോധന നടത്തി ജിയോ ടാഗ് ചെയ്തിട്ടുണ്ട്. എല്ലാ പശുക്കളുടെയും വിവരങ്ങളുണ്ട്. അങ്ങയുടെ ഉടമസ്ഥതയിലുള്ള പശുക്കളുടെ വിവരവും ഇന്ന് ഡിപ്പാർട്ട്മെന്റിൽ ലഭ്യമാണ്.

## തൊഴിൽ നയം

2(*212) ശ്രീ. കെ. രാജൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ തൊഴിലാളി സൗഹൃദ സംരംഭക സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണോ തൊഴിൽ നയം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന തൊഴിൽ നയത്തിലെ കാതലായ അംശങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഫാക്ടറികളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും ഗ്രേഡിംഗ് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ മികച്ച ഗുണനിലവാരം പുലർത്തുന്ന ഫാക്ടറികൾക്കും സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) വിവിധ തൊഴിലാളി ക്ഷേമ പദ്ധതികളിലെ ക്ഷേമ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) അതെ. തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടിയുറപ്പിച്ച് കേരളത്തെ ഒരു തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്തുന്നതും അടിസ്ഥാന സൗകര്യ വിപുലീകരണവും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ നയത്തിലൂടെ ലക്ഷ്യമിടുന്നു.

(ബി) (1) ഉത്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(2) തൊഴിലിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക.

(3) മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗ സമത്വം ഉറപ്പുവരുത്തുകയും ചെയ്യുക.

(4) തൊഴിലാളികൾക്ക് ന്യായമായ വേതനം.

(5) തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും എന്നിവ ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക.

(6) വേതനസുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിക്കുക.

(7) സംസ്ഥാനത്ത് സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക.

(8) സമസ്തമേഖലയിലേയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുക എന്നീ കാര്യങ്ങൾ സംസ്ഥാന തൊഴിൽ നയത്തിലെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള ഫാക്ടറികളിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നടപ്പാക്കുന്നത്.

1. മികച്ച തൊഴിൽ ദാതാവ്
2. തൊഴിലാളികളുടെ സംതൃപ്തി
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിലന്തരീക്ഷം
4. തൊഴിലും നൈപുണ്യവും വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന ആരോഗ്യപരിരക്ഷ
7. തൊഴിലാളികളുടെ സുരക്ഷിതത്വം
8. സുരക്ഷാക്രമീകരണങ്ങൾ.

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960-ന് കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് 2017 മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ താഴെപ്പറയുന്ന പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകിവരുന്നത്.

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികളുടെ ക്ഷേമം
7. തൊഴിലിടത്തിലെ സുരക്ഷ

(ഡി) ഉണ്ട്.

നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തന മികവ് വിലയിരുത്തി ഫാക്ടറികൾക്ക് ഡയമണ്ട്, പ്ലാറ്റിനം, ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ ഗ്രേഡിംഗ് നൽകിവരുന്നു.

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960-ന്റെ കീഴിൽ വരുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ മികച്ച ഗുണനിലവാരം പുലർത്തുന്നവയ്ക്ക് വജ്ര, സുവർണ്ണ, രജത എന്നീ ഗ്രേഡുകൾ നൽകിവരുന്നു.

(ഇ) ഉണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി പെൻഷൻ തുക 1-6-2016 മുതൽ 1,000 രൂപയായും 1-4-2017 മുതൽ 1,100 രൂപയായും 1-4-2019 മുതൽ 1,200 രൂപയായും 1-4-2020 മുതൽ 1,300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയം തൊഴിൽ മേഖലയിലെ ജനകീയ മുന്നേറ്റമായി മാറിയിരിക്കുകയാണ്. തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിച്ചും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തിയും സർക്കാർ തൊഴിലാളികൾക്കൊപ്പം നിൽക്കുന്നു. കേരളം തൊഴിൽ സംരംഭക സൗഹൃദ സംസ്ഥാനമായി മാറുകയാണെന്ന ആമുഖത്തിലൂടെ കേരളത്തിലെ ഗവൺമെന്റ് തൊഴിലാളികളോടുള്ള സമീപനം വളരെ വ്യക്തമായി ബോദ്ധ്യപ്പെടുത്തുന്നുവെന്നതാണ് ഈ തൊഴിൽ നയത്തിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ചരിത്രത്തിലാദ്യമായി തൊഴിലാളികളുടെ മിനിമം വേതനം 600 രൂപയായി തൊഴിൽ നയത്തിലൂടെ പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം

മാറിയിരിക്കുകയാണ്. സർക്കാരിന്റെയും സർക്കാർ അനുബന്ധ സ്ഥാപനങ്ങളായ വിവിധ ഡിപ്പാർട്ട്മെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപന ങ്ങളുൾപ്പെടെയുള്ള മേഖലകളിലും മിനിമം വേതനം 600 രൂപയെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ തൊഴിൽ നയം പ്രഖ്യാപിച്ചപ്പോൾ ഒരു തൊഴിലാളിയുടെ കുറഞ്ഞ കൂലി 600 രൂപയിലേയ്ക്ക് ഉയർത്തണമെന്നുള്ളത് പൊതുതത്വമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് എല്ലാ മേഖലകളിലും ഒരുപോലെ പ്രാവർത്തികമാക്കാൻ കഴിയുന്നതല്ല. തൊഴിൽമേഖലകളുടെ പ്രത്യേകതകൾകൂടി കണക്കിലെടുത്താണ് കൂലിയിൽ മാറ്റം വരുത്താൻ കഴിയുക. ഈ വസ്തുത പരിഗണിച്ചുകൊണ്ടുതന്നെ കേരളത്തിലിപ്പോൾ നടപ്പിലാക്കിവരുന്ന മിനിമം കൂലി ഗവൺമെന്റ് ഇടപെട്ട് പുതുക്കി നിശ്ചയിച്ചപ്പോഴെല്ലാം അതിൽ കൂടുതൽ ഉയർച്ച കൈവരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗവൺമെന്റ് സർവ്വീസിൽ ഇത് നടപ്പാക്കുമോയെന്നുള്ളതാണ്. 600 രൂപ മിനിമം കൂലിയായി ലഭിക്കണമെന്ന തത്വം അംഗീകരിക്കുമ്പോൾ ഒരു പ്രത്യേക അന്തരീക്ഷം ഇന്ത്യയ്ക്കകത്തുണ്ട്. ഇന്ത്യയിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ഒരു ദിവസം 600 രൂപ കൂലിയായി നിശ്ചയിക്കണമെന്ന ഡിമാന്റുയർത്തി നിൽക്കുന്ന സന്ദർഭമാണ്. ഇപ്പോൾ ട്രേഡ് യൂണിയൻ സംഘടനകളുടെ ഡിമാന്റിൽ മാറ്റം വന്നിട്ടുണ്ട്. ഒരു ദിവസം 700 രൂപയും ഒരു മാസം 21,000 രൂപയുമാണ് ഡിമാന്റ്. കഴിഞ്ഞ ജനുവരി 8-ലെ പണിമുടക്കിൽ ഈ മുദ്രാവാക്യമാണ് തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുള്ളത്. ആ മുദ്രാവാക്യം ന്യായമാണ്. ഗവൺമെന്റ് സർവ്വീസിൽ താൽക്കാലികാടിസ്ഥാനത്തിലും മറ്റ് നിലയിലും ജോലി ചെയ്യുന്ന വരുണ്ട്. ഇവരുടെയെല്ലാം കൂലി അതത് സന്ദർഭത്തിൽ ഫിനാൻസ് വകുപ്പ് പ്രഖ്യാപിക്കാറുണ്ട്. മിക്കവാറും മേഖലയിൽ 600 രൂപയിൽ കൂടുതലാണ് കൂലി ലഭിക്കുന്നത്. എവിടെയെങ്കിലും കുറവുണ്ടോയെന്ന് പരിശോധിച്ച് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, അങ്ങയുടെ മറുപടി സ്വാഗതാർഹമാണ്. അങ്ങിവിടെ സൂചിപ്പിച്ച സമരങ്ങൾപോലെ കേന്ദ്രഗവൺമെന്റ് ഇപ്പോൾ കേന്ദ്ര ട്രേഡ് യൂണിയൻ ആക്ട് തൊഴിലാളി വിരുദ്ധമായി പുനഃസംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടി കളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ തൊഴിലാളികൾക്ക് അവരുടെ ആരോഗ്യ പരിരക്ഷയിൽ താങ്ങും തണലുമായി നിൽക്കുന്നത് ഇ.എസ്.ഐ. മേഖലയാണ്. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾ ഈ മേഖലയിലൊരു പേമാരിപോലെ പെയ്തിറങ്ങുകയാണ്. കോൺട്രിബ്യൂഷൻ ഏകപക്ഷീയമായി നാല് ശതമാനമായി കുറച്ചു. മിനിമം വേതനം വർദ്ധിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ

21,000 രൂപ എന്നുപറയുന്ന വേജ് ലിമിറ്റിൽനിന്നുമുയരാനുള്ള ട്രേഡ് യൂണിയനുകളുടെ ആവശ്യം അംഗീകരിക്കുന്നില്ല. അതിനേക്കാൾ വലിയ പ്രശ്നം, തൊഴിലാളികൾക്ക് Paid or Payable എന്നാണ് ഇ.എസ്.ഐ നയപ്രകാരം പറഞ്ഞിട്ടുള്ളത്. ഏതെങ്കിലുമൊരു സീസണിൽ തൊഴിലുടമ വിഹിതമടച്ചില്ലെങ്കിൽപ്പോലും പിന്നീട് തൊഴിലുടമയ്ക്ക് അതിന്റെ interest ഉൾപ്പെടെ അടയ്ക്കാം. ഇത് ഗൗരവമായ പ്രശ്നമാണ്. തൊഴിലുടമ തൊഴിലാളികളുടെ വിഹിതമടയ്ക്കാത്ത സാഹചര്യത്തിലും Paid or Payable എന്നുള്ളതുകൊണ്ട് അവർക്കാവശ്യമായ ചികിത്സ നിർവ്വഹിച്ചുപോകാനുള്ള സംവിധാനം നിലനിന്നിരുന്നു. കേന്ദ്രഗവൺമെന്റ് ഇപ്പോൾ പുതിയ നയത്തിലൂടെ 42 ദിവസം കഴിഞ്ഞാൽ പണമടയ്ക്കാൻ കഴിയില്ലെന്ന് പ്രഖ്യാപിക്കുകയാണ്. അങ്ങനെ വരുമ്പോൾ സീസണൽ വർക്ക് നടക്കുന്ന തൊഴിൽ മേഖലയിൽ തൊഴിലുടമയ്ക്ക് പണമടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലാളിക്ക് ജീവിതത്തിൽ ഈ പരിരക്ഷ ലഭിക്കാതെ പോകുന്നൊരു പ്രശ്നമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷപോലും ചോദ്യം ചെയ്യപ്പെടുന്ന കേന്ദ്രഗവൺമെന്റിന്റെ നടപടിക്കെതിരായി ഏത് തരത്തിലാണ് നമുക്ക് ഇടപെടാൻ സാധിക്കുക? ഇതുമായി ബന്ധപ്പെട്ടൊരു പ്രഖ്യാപനം കഴിഞ്ഞ ഡിസംബർ 18-ന് അങ്ങ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടു. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുക?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്ന പല നടപടികളും തൊഴിലാളികൾക്കെതിരാണ്. നിയമങ്ങളിൽത്തന്നെ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിലപാടാണെടുക്കുന്നത്. അത്തരം നിലപാടുകളോട് കേരളത്തിലെ ഗവൺമെന്റിന് യോജിപ്പില്ല. കേരളത്തിലെ ഗവൺമെന്റിന്റെ എല്ലാ പ്രശ്നങ്ങളിലുമുള്ള നിലപാട് കൃത്യമായി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ഇ.എസ്.ഐ. പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയിട്ടുള്ള പരിഷ്കരണത്തിന്റെ ഭാഗമായി ഇപ്പോൾ തൊഴിലുടമാ വിഹിതം 3.25 ശതമാനവും തൊഴിലാളി വിഹിതം 0.75 ശതമാനവുമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇ.എസ്.ഐ. ആക്ട് കേന്ദ്ര നിയമമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നത്. ചില പരിമിതികളെല്ലാമുണ്ടെങ്കിലും ഇന്ന് ഇന്ത്യയിൽത്തന്നെ തൊഴിലാളികൾക്ക് അവരുടെ ആരോഗ്യസുരക്ഷയുമായി ബന്ധപ്പെട്ട് ആശ്രയിക്കാൻ കഴിയുന്ന ഒന്ന് ഇ.എസ്.ഐ. പദ്ധതി തന്നെയാണ്. തൊഴിലാളിയുടെ വിഹിതവും ഉടമയുടെ വിഹിതവും അടയ്ക്കാതെ വരുന്ന സമയത്ത് തൊഴിലാളികളുടെ ചികിത്സാ പ്രശ്നങ്ങളുണ്ട്. കേരളത്തിൽ പരമാവധി ചികിത്സ നൽകുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ഈ നിയന്ത്രണങ്ങളെല്ലാമുണ്ടെങ്കിലും ഈ വിഹിതത്തിന്റെ പ്രശ്നങ്ങൾ പരിഗണിക്കാതെതന്നെ ഇ.എസ്.ഐ.-യിൽ രജിസ്റ്റർ

ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുള്ള എല്ലാ ശ്രമവും നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ നിയമ ഭേദഗതിയുടെ പ്രശ്നം വരുന്നുണ്ട്. തീർച്ചയായും തൊഴിലാളികൾക്ക് അനുകൂലമായ വ്യവസ്ഥകളുൾപ്പെടുത്തുന്നതിനായി നിയമത്തിൽ മാറ്റം വരുത്തുന്നതിനുള്ള എല്ലാ നടപടികളും കേരള ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പ്ലാന്റേഷൻ തൊഴിലാളികളുടെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ഗൗരവമായ ചർച്ചയാണ് ഉയർന്നുവരുന്നത്. തോട്ടം മേഖലയിൽ കൊളുന്ത് എടുക്കുന്നത് സ്റ്റാന്റേർഡ് കിലോ 27 എന്നതിനപ്പുറം സിസർ കട്ടിംഗാണെങ്കിൽ 100-200 കിലോ വരെ കൊളുന്ത് എടുക്കുന്നുണ്ട്. മെക്കാനിക്കൽ ഹാർവെസ്റ്റിംഗാണെങ്കിൽ മൂന്നുനാലു തൊഴിലാളികൾ ഒന്നിച്ചുചേർന്ന് 5000 കിലോ വരെ കൊളുന്ത് എടുക്കുന്നതിനുള്ള സാഹചര്യമുണ്ട്. ഇതൊരു വലിയ അവസരമാണ്. ചെറുപ്പക്കാരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരാനായി Skilled Gainful Employment എന്ന ആശയം ഈ നയത്തിന്റെ ഭാഗമായി പറഞ്ഞിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതിനായി Kerala Institute for Labour and Employment (KILE), Kerala Academy for Skills Exellence (KASE), വ്യവസായ പരിശീലന വകുപ്പ്, National Employment Service എന്നിവയുടെയൊക്കെ സാധ്യത പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാരെ Skilled Gainful Employment-ലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, തോട്ടം മേഖല സങ്കീർണ്ണമായ സാഹചര്യം നേരിടുന്നത് ഇപ്പോഴും തുടരുകയാണ്. അതിൽ കുറവ് വന്നിട്ടില്ല. അങ്ങേയറ്റം പ്രതിസന്ധി നിലനിൽക്കുന്ന സന്ദർഭത്തിലാണ് തൊഴിലാളികളുടെ ഒരു ദിവസത്തെ കൂലിയിൽ 52 രൂപ വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനമെടുത്തിട്ടുള്ളത്. ഈ തീരുമാനം എടുക്കുമ്പോഴുള്ള ഒരു പ്രത്യേകത കൂലിയിൽ വർദ്ധനവ് വരുത്തിയപ്പോൾ വർക്ക്ലോഡിൽ ഒരു മാറ്റവും വരുത്തിയിട്ടില്ലെന്നതാണ്. പഴയ വർക്ക്ലോഡു തന്നെ തൊഴിലാളി മേഖലയിൽ തുടരുകയാണ്. മാറിവരുന്ന സാഹചര്യത്തിൽ തോട്ടങ്ങളിൽ തുടരുന്ന സങ്കീർണ്ണത/തോട്ടങ്ങളിലെ ക്രൈസിസ്, പുതിയ തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് വരുന്നതിനെ തടയുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. ഇപ്പോൾ പഴയകാല തൊഴിലാളികളൊന്നും തോട്ടങ്ങളിൽ നിലനിൽക്കുന്നില്ല. നിരവധി തൊഴിലാളികൾ തോട്ടങ്ങൾ വിട്ടുപോയിട്ടുണ്ട്. ഇപ്പോൾ പുതിയ പരിഷ്കാരങ്ങൾ വന്നപ്പോൾ, തോട്ടം തൊഴിലാളികൾക്ക് ഭവന പദ്ധതിയും അവർക്ക് സംരക്ഷണം കൊടുക്കുന്നതിനായി നാനാതരത്തിലുള്ള പദ്ധതികളും ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്കിൽ ഡെവലപ്മെന്റിനും വലിയ പരിഗണന

കൊടുക്കുന്നുണ്ട്. തോട്ടങ്ങളിലും സ്കിൽ ഡെവലപ് ചെയ്യുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് തീർച്ചയായും ആലോചിക്കും. ഇപ്പോൾ നമ്മളെടുക്കുന്ന നിലപാട് ഉൽപ്പാദനം കൂട്ടി വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ്. അത്തരമൊരു കാഴ്ചപ്പാടാണ് ഇപ്പോൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. അതിനനുസരിച്ച് കൃഷിക്കാരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിനും തൊഴിലാളികളെക്കൊണ്ട് ശരിയായ രീതിയിൽ ജോലി ചെയ്യിപ്പിക്കുന്നതിനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ നാട്ടിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇതിൽ പലരും കുടുംബമായിട്ടാണ് ഇവിടേയ്ക്ക് വരുന്നത്. കുട്ടികളുടെ സ്ഥിതി വളരെ പരിതാപകരമാണ്. കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന സാഹചര്യം ചില സ്ഥലങ്ങളിലെങ്കിലും ഉണ്ടാകുന്നുണ്ട്. ജീവിതത്തിന്റെ ഏറ്റവും സുന്ദരമായ ബാല്യകാലം നിഷേധിക്കപ്പെട്ടവരാണ് ഈ കുട്ടികൾ. ഈ കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് എത്തിക്കണം. ഇതരസംസ്ഥാന തൊഴിലാളികളുടെ പൊതുസ്ഥിതി, വൃത്തിഹീനമായ സാഹചര്യവും അതുമായി ബന്ധപ്പെട്ട വിഷയങ്ങളൊക്കെ പൊതുവായി ചർച്ച ചെയ്യുന്നതാണല്ലോ; ഇതിനെല്ലാം ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, പൊതുവെ എല്ലാവരും സംസാരിക്കുമ്പോൾ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുവെന്നാണ് പറയുന്നത്. അത് വസ്തുതാപരമല്ല. ഗവൺമെന്റ് ഇപ്പോൾ പരിശോധിച്ച കണക്കുകളിൽനിന്നും ബോദ്ധ്യപ്പെടുന്ന കാര്യം തൊഴിലാളികൾ ഇടയ്ക്ക് വരുകയും പോകുകയും ചെയ്യുന്നൊരു സ്ഥിതി വരുമ്പോൾ, യഥാർത്ഥത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നുവെന്നതാണ് വസ്തുത. ഇതരസംസ്ഥാനങ്ങളിൽനിന്നും ഇവിടെ വരുന്ന തൊഴിലാളികളെ അതിഥി തൊഴിലാളികളായാണ് സ്വീകരിക്കുന്നത്. കേരളത്തിലെ തൊഴിലാളികൾക്ക് ബാധകമായ എല്ലാ നിയമങ്ങളുടെയും പരിരക്ഷ അവർക്കുകൂടിയുണ്ട്. അവരെ തൊഴിൽമേഖലയിലൊരു പ്രധാന ശക്തിയായി പരിഗണിക്കുകയും അവർക്ക് താമസ സൗകര്യമൊരുക്കുന്നതിനായി 'അപ്നാ ഘർ' എന്നൊരു പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഇതരസംസ്ഥാന തൊഴിലാളികൾ വൃത്തിയുള്ള സാഹചര്യത്തിൽ താമസിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായിട്ടാണിത് നടപ്പിലാക്കിയത്. ഇപ്പോൾ കഞ്ചിക്കോട് 610 തൊഴിലാളികൾക്ക് ചുരുങ്ങിയ വാടകയ്ക്ക് താമസിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുത്തു. മറ്റ് ജില്ലകളിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. എല്ലാ ജില്ലകളിലേയ്ക്കും 'അപ്നാ ഘർ' പദ്ധതി വ്യാപിപ്പിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് സഹായകരമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, അതിഥി തൊഴിലാളികളുടെ അവകാശം ഉറപ്പാക്കുന്നത് നമ്മുടെ തൊഴിൽനയത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ആരോഗ്യ ക്ഷേമ-സുരക്ഷാ രംഗത്ത് ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; അതിഥി തൊഴിലാളികളുമായി ബന്ധപ്പെട്ട് കോൺട്രാക്ടേഴ്സിന്റെ ഉത്തരവാദിത്വം എന്തൊക്കെയാണെന്നതിന് വ്യക്തമായി ഉത്തരവ് ഇറക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. വൃത്തിയുള്ള താമസ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. 'ആവാസ്' എന്നൊരു ഇൻഷ്വറൻസ് പദ്ധതി ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്നുണ്ട്. 25,000 രൂപ വരെ ചികിത്സയ്ക്കും ഏതെങ്കിലും തൊഴിലാളി മരണപ്പെട്ടുപോയാൽ അവരുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപയും നൽകുന്ന പദ്ധതിയാണിത്. അതിൽ തൊഴിലാളി വിഹിതവും ഉടമവിഹിതവുമില്ല. എല്ലാ ബാദ്ധ്യതകളും ഇക്കാര്യത്തിൽ ഗവൺമെന്റാണ് നിർവ്വഹിച്ചുവരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തെ മുൻനിർത്തിയാണ് ഇത് നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ തൊഴിലാളികളെ ചേർക്കുന്നതിനുള്ള ശ്രമത്തോടൊപ്പം ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ ഏർപ്പാട് ചെയ്ത് അവരുടെ ആരോഗ്യസ്ഥിതി പരിശോധിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് നൽകിയ ഉത്തരത്തിൽ പറയുന്നതുപോലെ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക്ഷേമനിധി പെൻഷനുകൾ 1,000 രൂപയായിരുന്നു. എന്നാൽ ആ സമയത്ത് ഇതര ക്ഷേമ പെൻഷനുകളും വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനുമൊക്കെ ശരാശരി 600 രൂപയായിരുന്നു. സാധാരണഗതിയിലുള്ള ക്ഷേമ പെൻഷനെക്കാൾ ഗണ്യമായി ഉയർന്ന നിലവാരത്തിലുള്ള പെൻഷനുകളാണ് ക്ഷേമനിധി പെൻഷനുകളായി ലഭിച്ചുകൊണ്ടിരുന്നത്. പക്ഷേ, ഇന്ന് ക്ഷേമ പെൻഷനും ക്ഷേമനിധി പെൻഷനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്ത അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ആളുകൾ ജോലി ചെയ്തതിന്റെ വിഹിതമടച്ച് പ്രതിഫലമായി കിട്ടുന്നതാണ് ക്ഷേമനിധി പെൻഷൻ. അത് സാധാരണ ക്ഷേമ പെൻഷന് തുല്യമാകുകയെന്നത് ഒരു തരം നീതികേടാണ്. ക്ഷേമനിധി പെൻഷൻ കിട്ടുന്നവർക്ക് ക്ഷേമ പെൻഷനും നേരത്തെ കൊടുത്തിരുന്നു. ഇപ്പോൾ അതും പൂർണ്ണമായും ഇല്ലാതാക്കിയിരിക്കുകയാണ്. അതുകൊണ്ട് നിരവധി തൊഴിലാളി സംഘടനകൾ ആവശ്യപ്പെടുന്നതുപോലെ ക്ഷേമനിധി പെൻഷനുകൾ മാസത്തിൽ 5,000 രൂപയായി വർദ്ധിപ്പിക്കാനോ അതല്ലെങ്കിൽ ക്ഷേമനിധി പെൻഷൻ ലഭിക്കുന്നവർക്ക് മറ്റ് ക്ഷേമപെൻഷനും വാങ്ങുന്നതിന് തടസ്സമില്ലെന്ന നിലയിലുള്ള നിലപാട് സ്വീകരിക്കാനോ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പെൻഷനും ക്ഷേമനിധി ബോർഡിന്റെ ഭാഗമായി നൽകുന്ന ആനുകൂല്യങ്ങളുമെല്ലാം തൊഴിലാളി ക്ഷേമത്തെ മുൻനിർത്തിയാണ് ചെയ്യുന്നത്. കേരളത്തിലെ മിക്കവാറും ക്ഷേമനിധി ബോർഡുകൾവഴി നൽകുന്ന പെൻഷൻ ഗവൺമെന്റാണ് നൽകിവരുന്നത്. സ്വയം സാമ്പത്തിക ശേഷിയുള്ള ബോർഡുകളാണ് അവരുടെ ഫണ്ടുപയോഗിച്ച് പെൻഷൻ കൊടുക്കുന്നത്. ഉദാഹരണത്തിന്, ഹെഡ് ലോഡ്, മോട്ടോർ തൊഴിലാളി, കള്ള് വ്യവസായ തൊഴിലാളി, അബ്കാരി തൊഴിലാളി തുടങ്ങിയ ക്ഷേമനിധി ബോർഡുകളിൽ ഗവൺമെന്റ് നൽകിയിട്ടല്ല പെൻഷൻ കൊടുക്കുന്നത്. ഇതിനെല്ലാം വ്യത്യസ്തമായ പെൻഷനുകളുണ്ട്. Toddy-ക്കാണെങ്കിൽ 2,000 രൂപ മുതൽ 5,000 രൂപ വരെ പെൻഷൻ കൊടുക്കുന്നുണ്ട്. മോട്ടോർ തൊഴിലാളി വിഭാഗത്തിൽ ചില വിഭാഗത്തിന് ചുരുങ്ങിയ പെൻഷൻ 5,000 രൂപ നൽകുന്നുണ്ട്. അങ്ങനെ ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉയർന്ന പെൻഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇത് രണ്ടും രണ്ടായി കാണുന്ന സമയത്തുതന്നെ എല്ലാം തൊഴിലാളി ക്ഷേമത്തെ മുൻനിർത്തിയാണെന്നുള്ള ഒരു പൊതുധാരണ നമുക്കുണ്ടാകണം. സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ ക്ഷേമനിധി ബോർഡുകൾ സ്വീകരിച്ചു വരുന്നു.

ശ്രീ. പി. കെ. ശശി: സർ, ബഹുമാന്യനായ മന്ത്രി അറിയപ്പെടുന്നൊരു ട്രേഡ് യൂണിയൻ നേതാവുകൂടിയായതുകൊണ്ടാണ് അദ്ദേഹത്തിന്റെ മറുപടിയിൽ നല്ല ഷാർപ്പ്നെസും വ്യക്തതയുമുള്ളത്. കേന്ദ്രഗവൺമെന്റിന്റെ തൊഴിൽ നയങ്ങളൊക്കെ എങ്ങനെ തൊഴിലാളി വിരുദ്ധമാകുന്നുവെന്നത് അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. പക്ഷേ, നിയമപരമായി ഒരു പരിരക്ഷയും ലഭിക്കാത്ത പതിനായിരക്കണക്കിന് തൊഴിലാളികൾ അൺ-എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരുമായി ജോലി ചെയ്യുന്നു. ഞാൻ സഭയിൽ സബ്മിഷനിലൂടെ ആവശ്യപ്പെട്ടപ്പോൾ അവർക്കുവേണ്ടി ഫലപ്രദമായ നിയമനിർമ്മാണം നടത്താമെന്ന് മറുപടി തന്നതാണ്. എന്താണതിന് തടസ്സം; ഇവർ തൊഴിലാളികളാണല്ലോ; കുറെ കാലമായി ഈ മേഖലയിൽ ഉന്നയിക്കുന്ന ഏറ്റവും വലിയ ആവശ്യമാണ്. എന്താണ് നിയമനിർമ്മാണത്തിന് തടസ്സം; ഈ സഭാസമ്മേളനത്തിലെങ്കിലും അൺ-എയ്ഡഡ് സ്കൂളുകളിലെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താൻ ഫലപ്രദമായൊരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ശ്രീ. പി. കെ. ശശി പറഞ്ഞതിനോട് ഗവൺമെന്റിന് പൂർണ്ണമായും യോജിപ്പാണുള്ളത്. മുമ്പൊരുകാലത്തുമില്ലാത്ത നിലയിൽ അൺ-എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്നവരെ ഈ ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ട്.

ഇന്ത്യയിലാദ്യമായി കേരളത്തിലാണ് അൺ-എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നത്. പ്രസ്തുത ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നതോടെ ആറ് മാസം ശമ്പളത്തോടു കൂടിയുള്ള അവധി പ്രസവത്തിനുമുമ്പും പ്രസവത്തിനുശേഷവും അവർക്ക് ലഭിക്കുന്നതാണ്. അതുകൂടാതെ ഉടമ 3,500 രൂപ ചികിത്സാ സഹായമായി നൽകുകയും ചെയ്യണം. ഇത്തരമൊരു നിയമം ഇന്ത്യയുടെ ചരിത്രത്തിലാദ്യമാണ്. ഇതുപോലെയുള്ള മേഖലകളുടെ പ്രയാസങ്ങൾ പരിഗണിച്ച് ഇതിൽ വേറിട്ടൊരു നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അൺ-എയ്ഡഡ് മേഖലയിലെ ജീവനക്കാർക്കുവേണ്ടിയുള്ള നിയമം ഗവൺമെന്റിന്റെ പരിഗണനയിലാണുള്ളത്. വിദ്യാഭ്യാസ വകുപ്പാണ് ആ നിയമം രൂപപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. തുടർ നടപടികൾ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രതികരിക്കുന്നുണ്ടോ; അൺ-എയ്ഡഡ് മേഖലയിലെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. പിന്നീട് പറഞ്ഞാലും മതിയാകും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നമ്മളിവിടെ ചർച്ച ചെയ്യുന്നത് തൊഴിൽ നയത്തെക്കുറിച്ചാണ്. തൊഴിലാളികൾക്ക് തൊഴിലുണ്ടായാൽ മാത്രമാണല്ലോ സ്വാഭാവികമായും തൊഴിൽ നയം നടപ്പിലാക്കാൻ സാധിക്കുന്നത്. എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കേരളത്തിൽ കുറേ മാസങ്ങളായി മുത്തൂറ്റ് ഫിനാൻസിന്റെ സമരം നടക്കുകയാണ്. അക്രമത്തിലേയ്ക്ക് മാറി ക്രമസമാധാനനിലതന്നെ തകരുന്ന രീതിയിലേയ്ക്ക് മുത്തൂറ്റ് ഫിനാൻസിലെ സമരം മാറിയിരിക്കുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യം തന്നെയാണ്. നിക്ഷേപ സൗഹൃദമല്ലാത്ത ഒരവസ്ഥയിലേയ്ക്ക് ഇന്ന് ഈ സമരം മാറുമ്പോൾ ഇവിടെ നിക്ഷേപകർ വരാത്ത സാഹചര്യമുണ്ടാകുന്ന അവസ്ഥയാണുണ്ടാകുന്നത്. 3000-ത്തോളം തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന ഒരു സ്ഥാപനമാണ്. ഇത് അടച്ചുപൂട്ടിയാൽ തൊഴിലാളികളുടെ കുടുംബങ്ങളാണ് പട്ടിണിയിലാകുന്നത്. ബഹുമാനപ്പെട്ട മന്ത്രി ചില സമയങ്ങളിൽ ഈ വിഷയത്തിൽ ഇടപെട്ടതായി കണ്ടു. പക്ഷേ, വീണ്ടും സർക്കാർ കാഴ്ചക്കാരായി നിൽക്കുന്നതായാണ് ഞങ്ങൾക്ക് കാണാൻ സാധിച്ചത്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയെത്തന്നെ ഇടപെടുത്തി ഈ സമരം അവസാനിപ്പിച്ച് പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കാനുള്ള സാഹചര്യമുണ്ടാക്കുമോയെന്നാണ് എനിക്ക് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. തൊഴിലാളികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം, ...(ബഹളം)... എന്താണ് ചോദിക്കാൻ പാടില്ലേ. 3000-ത്തോളം തൊഴിലാളികളെ സംരക്ഷിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമല്ലേ.

<u>മി. സ്പീക്കർ</u>: ചോദ്യം ചോദിക്കൂ.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സമരം ചെയ്ത 3000-ത്തോളം തൊഴിലാളികളെ സംരക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതോടൊപ്പം ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ ഇക്കാര്യത്തിൽ ഇടപെടുവിക്കുമോയെന്നാണ് എനിക്ക് ഈ അവസരത്തിൽ ചോദിക്കാനുള്ളത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കേരളത്തിൽ മുത്തൂറ്റ് ഫിനാൻസ് ബ്രാഞ്ചുകളുടെ എണ്ണം 568 ആണ്. ഈ 568 ബ്രാഞ്ചുകളിലായി ജോലി ചെയ്യുന്ന ആകെ തൊഴിലാളികൾ 2900 ആണ്. മുത്തൂറ്റ് ഫിനാൻസിലെ തൊഴിലാളികൾ നടത്തുന്ന സമരത്തിനെതിരായി ഈ സഭയിൽ ആദ്യം കേൾക്കുന്ന ഒരു ശബ്ദമാണിത്. കേരളത്തിൽ ഒരു ട്രേഡ് യൂണിയൻ സംഘടനകളും ഈ സമരത്തെ തള്ളിപ്പറഞ്ഞിട്ടില്ല. മുത്തൂറ്റ് ഫിനാൻസിലെ പ്രശ്നങ്ങൾ പരിഹരിക്കാനും തൊഴിലാളികളുടെയും ഉടമയുടെയും താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും സഹായകരമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നിരവധി ചർച്ചകൾ ഇതുസംബന്ധിച്ച് നടന്നിട്ടുണ്ട്. ഈ ചർച്ചകളും സമരങ്ങളും തുടർന്നുകൊണ്ടിരിക്കുന്ന സമയത്തും ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ട് തീരുമാനത്തിലെത്തി. ഹൈക്കോടതി ഈ വിഷയത്തിൽ കേരളത്തിലെ തൊഴിൽ വകുപ്പിനെ പ്രശംസിച്ചു. കേരളത്തിലെ തൊഴിൽ വകുപ്പ് മുത്തൂറ്റ് ഫിനാൻസ് സമരവുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിച്ച നിലപാടിനെ കോടതി അംഗീകരിക്കുകയും ഗവൺമെന്റിന്റെ സമീപനത്തെ കോടതി ഓപ്പൺ കോർട്ടിൽ പ്രശംസിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതാണ് കോടതി സ്വീകരിച്ചിട്ടുള്ള സമീപനം. ഇവിടെ മുത്തൂറ്റ് ഫിനാൻസിലെ കരാർ വ്യവസ്ഥകൾ മുത്തൂറ്റ് കമ്പനി ഏകപക്ഷീയമായി ലംഘിച്ചു. അതിനുശേഷം 166 തൊഴിലാളികളെ പിരിച്ചുവിട്ടു. 42 ബ്രാഞ്ചുകൾ പൂട്ടി. ആദ്യത്തെ ഒത്തുതീർപ്പ് വ്യവസ്ഥയ്ക്ക് വിരുദ്ധമായ സമീപനമാണ് മുത്തൂറ്റ് ഫിനാൻസ് മാനേജ്മെന്റ് എടുത്തിട്ടുള്ളത്. മുത്തൂറ്റ് ഫിനാൻസ് മാനേജ്മെന്റ് എടുത്തിട്ടുള്ള ഈ തൊഴിലാളി വിരുദ്ധ നടപടി ആർക്കാണ് അംഗീകരിക്കാൻ സാധിക്കുന്നത്? മുത്തൂറ്റ് ഫിനാൻസിലെ തൊഴിലാളികൾ ഏതെങ്കിലും അക്രമം നടത്തിയതായുള്ള ഒരു റിപ്പോർട്ടും ഗവൺമെന്റിന് മുന്നിൽ വന്നിട്ടില്ല. ...(ബഹളം)... ഞാൻ വളരെ ഉത്തരവാദിത്വത്തോടെയാണ് പറയുന്നത്. സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന മുത്തൂറ്റ് ഫിനാൻസിലെ തൊഴിലാളികൾ ഒരു അക്രമസംഭവവും നടത്തിയിട്ടില്ലെന്നുള്ളതാണ് വസ്തുത. ഈ പ്രശ്നങ്ങളെല്ലാം കോടതിയുടെ പരിഗണനയിലുണ്ട്. വീണ്ടും കോടതി ഈ കാര്യങ്ങളെക്കുറിച്ച് പരിശോധിച്ചു. കോടതി ഇടപെട്ട് വീണ്ടും ഈ വിഷയം ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് സഹായകരമായ നിലപാട് എടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് ഇപ്പോഴും ചർച്ച നടത്തി പരിഹാരം കാണുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. നിരവധി തവണ ചർച്ച നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പുമന്ത്രിയുടെ

സാന്നിധ്യത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. പക്ഷേ, ഒരു നിയമത്തെയും അംഗീകരിക്കാത്ത നിലപാട് മുത്തൂറ്റ് ഫിനാൻസ് മാനേജ്മെന്റ് സ്വീകരിച്ചാൽ അതിനൊപ്പം എങ്ങനെ നിൽക്കാൻ കഴിയും? ഇത് ഇവിടത്തെ നിക്ഷേപത്തെ ബാധിക്കുമെന്ന് പറഞ്ഞു. തൊഴിലാളികളുടെയും സ്ഥാപനം നടത്തുന്നവരുടെയും താല്പര്യങ്ങൾ ഒരുപോലെ സംരക്ഷിച്ചുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. തൊഴിലാളികളുടെ താല്പര്യങ്ങളും അവകാശങ്ങളും നിഷേധിച്ചുകൊണ്ടുള്ള ഒരു നിക്ഷേപമല്ല കേരളം ഉയർത്തിപ്പിടിക്കുന്നത്. ഒരു പ്രശ്നവും ഇക്കാര്യത്തിലുണ്ടായിട്ടില്ല. അങ്ങേയറ്റത്തെ സൗഹൃദാന്തരീക്ഷമുണ്ട്. നിക്ഷേപം കൂടുകയാണ് ചെയ്തിട്ടുള്ളത്. നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സഹായകരമായിട്ടുള്ള നിലപാട് ഉടമകളും തൊഴിലാളികളും യോജിച്ച് സ്വീകരിക്കുന്ന രീതിയാണ് കേരളത്തിന് മുന്നിലുള്ളത്. ഇതുപോലൊരു പ്രശ്നത്തെ മറ്റൊരു രീതിയിൽ വ്യാഖ്യാനിച്ച് കേരളത്തെക്കുറിച്ച് മോശമായ ചിത്രം പുറത്ത് അവതരിപ്പിക്കുന്നതിനുവേണ്ടി ദയവുചെയ്ത് സമൂഹത്തോട് ഉത്തരവാദിത്വമുള്ള ഒരംഗവും ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിക്കാൻ പാടില്ലെന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ വ്യക്തമാക്കുകയാണ്. ...(ബഹളം)...

ശ്രീ. അൻവർ സാദത്ത്: സർ, ...(മൈക്ക് ഓഫ്)...

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സമരം ഒത്തുതീർപ്പാക്കണമെന്നും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്നുമാണ് ശ്രീ. അൻവർ സാദത്ത് പറഞ്ഞത്. അതിന് അംഗത്തെ ആക്ഷേപിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത് ശരിയാണോ; ഒരു അംഗത്തിന് അത് പറയാനുള്ള അധികാരമില്ലേ; ആരുടെ പക്ഷം പിടിച്ചെന്നാണ് പറയുന്നത്? കേരളത്തെ തൊഴിൽ സൗഹൃദ സംസ്ഥാനമാക്കുന്നതിന് കൂടുതൽ ഇൻവെസ്റ്റ്മെന്റുകൾ വരണമെന്നും ഈ സമരം ഒത്തുതീർപ്പിലെത്തിക്കണമെന്നും പറയുന്നത് എങ്ങനെ തെറ്റായ കാര്യമാകും.

മി. സ്പീക്കർ: അദ്ദേഹം ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകുകയല്ലേ ചെയ്തത്. ശ്രീ. എം. സ്വരാജ്, ചോദ്യം ചോദിക്കൂ.

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, കേരളത്തിൽ കഴിഞ്ഞ 71 ദിവസമായി മുത്തൂറ്റ് ഫിനാൻസിലെ ആയിരത്തിലധികം വരുന്ന തൊഴിലാളികൾ പണിമുടക്കുകയാണ്. അവിടത്തെ തൊഴിലാളി യൂണിയന്റെ പ്രസിഡന്റാണ് ഞാൻ. 58 ദിവസം നീണ്ടുനിന്ന പണിമുടക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടപെട്ട് മീഡിയേറ്ററെ നിശ്ചയിച്ച് ആ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് ഒത്തുതീർപ്പിലായതാണ്. ഒത്തുതീർപ്പ് വ്യവസ്ഥകൾ ഏകപക്ഷീയമായി ലംഘിച്ചുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ബ്രാഞ്ചുകൾ

അടച്ചുപൂട്ടി 164 തൊഴിലാളികളെ പിരിച്ചുവിട്ടതിനെത്തുടർന്നാണ് വീണ്ടും പണിമുടക്ക് സമരം നടന്നത്. ആ സമരത്തിലും കോടതിയെയും ഗവൺമെന്റിനെയും വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ട് പോകുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. ബഹുമാന്യനായ ആലുവ അംഗം ഇവിടെ ചോദ്യം ഉന്നയിച്ചപ്പോൾ അക്രമത്തെക്കുറിച്ച് പരാമർശിച്ചു. പറയാതെ പോകാൻ വയ്യ, 71 ദിവസം നീണ്ടുനിന്ന സമരത്തിൽ ഈ നിമിഷം വരെ ഒരൊറ്റ തൊഴിലാളിയുടെ പേരിൽ ഏതെങ്കിലുമൊരു അക്രമത്തിന് ഒരു പരാതിയോ കേസോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, തൊഴിലാളികളുടെ കോഴിക്കോട് മാനാഞ്ചിറയിലെ സമരപ്പന്തൽ മുതലാളിയുടെ ഗുണ്ടകൾ വന്ന് ഇന്നലെ കത്തിക്കുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. അത്തരമൊരു ഘട്ടത്തിലും ആയിരക്കണക്കിന് കോടി രൂപയുടെ ലാഭം കിട്ടുന്ന ഒരു മുതലാളിക്കുവേണ്ടി ഈ സഭയ്ക്കകത്ത് മുട്ടുവിറച്ച് ഓച്ഛാനിച്ചുനിൽക്കുന്ന ശബ്ദം വരുന്നത് അപമാനകരമാണ്. ...(ബഹളം)... നബാർഡ് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 7 ശതമാനം പലിശയ്ക്ക് ലഭിക്കുന്ന പൊതുപണം ഉപയോഗിച്ചാണ് ഈ നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനി 24 ശതമാനം വരെ ബ്ലേഡ് പലിശയ്ക്ക് ബിസിനസ്സ് നടത്തി 2400 കോടിയോളം രൂപ വാർഷിക ലാഭമുണ്ടാക്കുന്നത്. ...(ബഹളം)...

സർ, ഈ പ്രത്യേക സാഹചര്യത്തിൽ കോടതിയെയും ഗവൺമെന്റിനെയും സമൂഹത്തെയും വെല്ലുവിളിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് അപമാനകരമാകുന്ന രീതിയിൽ ബിസിനസ്സ് നടത്തുന്ന കമ്പനിക്കെതിരെ സാധ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം തൊഴിൽ വകുപ്പുതന്നെ മുൻകയ്യെടുത്ത് പൊതുപണം ഉപയോഗിച്ച് പൊതുമേഖലയിൽ ഒരു നോൺ-ബാങ്കിംഗ് ഫിനാൻസ് സ്ഥാപനം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ? സംസ്ഥാനത്തിന്റെ വ്യാവസായിക സാധ്യതകളും സാഹചര്യങ്ങളും നഷ്ടമാകുന്ന ഒരു പ്രശ്നവുമില്ല. കേരളത്തിലെ വ്യവസായികളുടെ ഒരു പിന്തുണയും മുത്തൂറ്റ് ഫിനാൻസിന് ഇല്ലെന്നുകൂടി അവർക്കു വേണ്ടി വാദിക്കുന്നവർ മനസ്സിലാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, മുത്തൂറ്റ് ഫിനാൻസിലെ തൊഴിൽ പ്രശ്നം സമാധാനപരമായി തീർപ്പാക്കുന്നതിനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നിയമപരവും സമാധാനപരവുമായ മാർഗ്ഗങ്ങളുപയോഗിച്ച് ഈ സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിനുവേണ്ടിയുള്ള ശ്രമം തുടരും. നിയമപരമായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഒരു നയപരമായ തീരുമാനത്തിന്റെ പ്രശ്നമായതുകൊണ്ട് അതിന് ആ നിലയിൽ മറുപടി പറയാൻ എനിക്ക് കഴിയില്ല. ആലോചിച്ചശേഷം മാത്രമേ

അത്തരം കാര്യങ്ങളെക്കുറിച്ച് മറുപടി പറയാനാകൂ. മുത്തൂറ്റ് ഫിനാൻസിലെ സമരം ഒത്തുതീർപ്പിലെത്തിക്കുക, സമാധാനപരമായ അന്തരീക്ഷം നിലനിർത്തുക എന്ന രീതിയിലാണ് ഗവൺമെന്റ് ഈ പ്രശ്നത്തെ സമീപിക്കുന്നത്. അതിന് സാധ്യമായ എല്ലാ നിയമനടപടികളും സ്വീകരിക്കുമെന്ന് ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ട് ഈ കാര്യങ്ങളിൽ ഗവൺമെന്റിന്റെ സമീപനം ഇതാണെന്നുള്ളതാണ് ഞാൻ വ്യക്തമാക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ സേവന-വേതന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഒരു ബിൽ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. എത്രയുംവേഗം അത് സഭയിൽ അവതരിപ്പിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ...(മൈക്ക് ഓഫ്)...

മി. സ്പീക്കർ: പത്ത് മണിയായെങ്കിലും അത്യാവശ്യ സന്ദർഭങ്ങളിൽ ചെയറിന് അതിന് അധികാരമുണ്ട്. നടപടിക്രമം വായിച്ചുനോക്കൂ. പ്ലീസ്.... നിങ്ങൾ പറയുന്നത് ശരിയല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ആലുവ നിയോജകമണ്ഡലത്തിലെ അംഗം ഇവിടെ ചോദ്യം ചോദിച്ചപ്പോൾ മുത്തൂറ്റുമായി ബന്ധപ്പെട്ട സമരം ഒത്തുതീർപ്പാക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മുൻകയ്യെടുക്കണമെന്നും ഈ സമരം നിലനിന്നാൽ സംസ്ഥാനത്ത് സൗഹൃദാന്തരീക്ഷമല്ലായെന്നുള്ള മെസേജ് പുറത്തേയ്ക്ക് പോകും....(ബഹളം)..... എന്നാൽ നിങ്ങൾ പറയൂ. ..(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....അങ്ങ് പറയൂ. അങ്ങ് ക്രമപ്രശ്നം പറയൂ.....(ബഹളം)..... അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. വി. ഡി. സതീശൻ: ...(ബഹളം)..... ഞാൻ പറയാതെ ഇരിക്കില്ല.

(ഭരണ-പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബഹളംവച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: ...(ബഹളം)..... ശ്രീ. പി. ടി. തോമസ് ഇരിക്കൂ. ...(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: ...(ബഹളം)..... ഞാൻ പറഞ്ഞുകഴിയാതെ ഇരിക്കില്ല.

മി. സ്പീക്കർ: അങ്ങ് പറയൂ. അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അതല്ലേ പറയുന്നത്. ....(ബഹളം)..... പറയാൻ എന്നെ അനുവദിക്കണം. അക്രമ സമരങ്ങളിലേയ്ക്ക് പോകരുതെന്നും അക്രമ സമരങ്ങളുണ്ടാകുന്നത് മോശമായ മെസേജ് പുറത്തേയ്ക്ക് നൽകുമെന്നുമാണ്. ...(ബഹളം)..... സംസാരിക്കാതെയിരുന്നാൽ ഞാൻ പറയും. ഞാൻ പറയാതെ ഇരിക്കില്ല. അങ്ങ് എന്നെ നിർബന്ധിക്കുകയും വേണ്ട.

മി. സ്പീക്കർ: നിങ്ങൾ നിശബ്ദരായിരിക്കു. അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, മുതലാളിമാർ വന്ന് തൊഴിലാളികളുടെ സമരപ്പന്തൽ കത്തിച്ചുവെന്ന് തൃപ്പൂണിത്തുറ നിയോജകമണ്ഡലം എം.എൽ.എ. പറഞ്ഞു. അപ്പോൾ അക്രമമുണ്ടല്ലോ; രണ്ടു ഭാഗത്തുനിന്നും അക്രമമുണ്ടല്ലോ; .....(ബഹളം)..... നിങ്ങളാരാ മിസ്റ്റർ, ഞാൻ സ്പീക്കറോടല്ലേ സംസാരിക്കുന്നത്? .......(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കറുടെ ഇരിപ്പിടത്തിന് സമീപംനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

ഓർഡർ...ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### ക്ഷീരോല്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

3(*213) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ;

(ബി) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് മിൽക്ക് ഷെഡ് പ്രോഗ്രാം എത്രമാത്രം സഹായകമായി എന്നറിയിക്കാമോ;

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത വേനൽമൂലം കുറഞ്ഞ സാഹചര്യത്തിൽ ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ക്ഷീരസംഘങ്ങളിൽ പൂർണ്ണമായി ആട്ടോമേഷൻ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച ക്ഷീരകർഷകരെ ബാധിച്ചിട്ടുണ്ട്. പച്ചപ്പുല്ലിന്റേയും ശുദ്ധജലത്തിന്റേയും ലഭ്യതക്കുറവ് കാരണം പാലുല്പാദനത്തിൽ നേരിയ കുറവ് സംഭവിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന പാൽ സംഭരണം 2019 ഡിസംബറിൽ 19.1 ലക്ഷം ലിറ്ററും 2020 ജനുവരിയിൽ 18.69 ലക്ഷം ലിറ്ററുമാണ്. രൂക്ഷമായ വരൾച്ച കാരണം 41000 ലിറ്ററിന്റെ കുറവ് പ്രതിദിനം ഉണ്ടായിട്ടുണ്ട്. പാലുല്പാദനത്തിലുണ്ടായ കുറവ് ഇപ്പോൾ പരിഹരിച്ചു വരികയാണ്.

(ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി 2016-17, 2017-18 വർഷങ്ങളിൽ തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ ഡെയറി സോണും 2016-17 മുതൽ എല്ലാ തുടർവർഷങ്ങളിലും തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്ത നങ്ങൾക്കായി ക്ഷീരനവോത്ഥാനം പദ്ധതിയും 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്കുകൾ നടപ്പിലാക്കിയതിലൂടെയും കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും പാലുല്പാദനത്തിൽ നമ്മുടെ ആവശ്യകതയുടെ 85 ശതമാനത്തിലധികം തദ്ദേശീയമായി ഉല്പാദിപ്പി ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയിലൂടെയുള്ള പാൽ സംഭരണത്തിൽ വർദ്ധനവുണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഈ പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി 2016-17- നേക്കാൾ 2019-20-ൽ ക്ഷീര സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.84 ലക്ഷം ലിറ്ററിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും ഒരു ലിറ്റർ പാലിന് 4 രൂപ വരെ കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഇപ്പോൾ സംസ്ഥാനത്തുണ്ടായ വരൾച്ച കണക്കിലെടുത്ത് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന തിനുള്ള ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചും സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തി ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ തീറ്റപ്പുല്ല് ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. തൻവർഷം 73 ഹെക്ടർ സ്ഥലത്ത് തരിശുഭൂമിയിൽ പുൽകൃഷി നടപ്പിലാക്കിവരുന്നു. രൂക്ഷമായ വേനൽ കാരണം ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മഴവെള്ള സംഭരണിയും മറ്റ് ജലസ്രോതസ്സുകളും നിർമ്മിക്കുന്നതിന് സഹായം നൽകുന്ന പദ്ധതികൾക്ക് പ്രത്യേക പരിഗണന നല്കുന്നതാണ്.

തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് നികത്തുന്നതിനായി ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് വൈക്കോൽ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പാക്കുന്നുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ കന്നുകാലി വികസന ബോർഡിന്റെ സഹായത്തോടെ ചോളം, പുല്ല് എന്നിവയുടെ വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെ പുൽവിത്തുകൾ നൽകിവരുന്നു. കെട്ടുകളാക്കിയ വൈക്കോൽ, Total Mixed Ration (TMR), Maize, സൈലേജ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാരമുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് കാലിത്തീറ്റ ഫാക്ടറിയിൽനിന്നും ലഭ്യമാക്കിവരുന്നു.

എറണാകുളം മേഖലാ യൂണിയൻ കുറഞ്ഞ നിരക്കിൽ അയൽ സംസ്ഥാനങ്ങളിൽനിന്ന് വൈക്കോൽ സംഭരിച്ച് സംഘങ്ങൾ മുഖേന വിതരണം നടത്തുന്നുണ്ട്. കൂടാതെ കിലോയ്ക്ക് 2 രൂപ നിരക്കിൽ സബ്സിഡിയും നൽകുന്നു. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി കൈക്കൊണ്ടിട്ടുണ്ട്.

മലബാർ മേഖല യൂണിയൻ നിലവിൽ ക്ഷീരകർഷകർക്ക് പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം, സൈലേജ് എന്നിവ വലിയ സബ്സിഡിയോടെ കർഷകരുടെ വീട്ടുപടിക്കൽ എത്തിച്ചുനല്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2702 മെട്രിക് ടൺ ചോളം സൈലേജും 4169.5 മെട്രിക് ടൺ പച്ചപ്പുല്ലും 1099 മെട്രിക് ടൺ ചോളപ്പുല്ലും ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വൈക്കോൽ, ചോളപ്പൊടി, പിണ്ണാക്കുകൾ തുടങ്ങി മറ്റ് ഖരാഹാര തീറ്റകളും മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) ക്ഷീരസംഘങ്ങളിൽ പൂർണ്ണമായും ഓട്ടോമേഷൻ നടത്തുന്നതിന് ആലോചിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ സംഘങ്ങളിലും ആട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ഏറെക്കുറെ പൂർത്തിയാക്കി വരുന്നു.

കൂടാതെ സംസ്ഥാന തലത്തിൽ ക്ഷീര സംഘങ്ങൾ ഒരു യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പാൽ സംഭരണത്തിനും ഗുണമേന്മ രേഖപ്പെടുത്തുന്നതിനും സംഘത്തിന്റെ അക്കൗണ്ടിംഗ് ഉൾപ്പെടെയുള്ള പരിപൂർണ്ണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും വിവിധ തലങ്ങളിൽ ആയത് മോണിറ്ററിംഗ് ചെയ്യുന്നതിനും സൗകര്യപ്രദമായ ഒരു web അധിഷ്ഠിത software രൂപപ്പെടുത്തുന്നതാണ്. സംഘത്തിന്റെ എല്ലാ പ്രവർത്തനങ്ങളും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന സാധിക്കുന്നതാണ്. ഇതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാൽ സംഭരണം, വിതരണം സംബന്ധിച്ച വിവരം മിൽമയ്ക്ക് ഷെയർ ചെയ്യത്തക്ക രീതിയിലും ഭാവിയിൽ ഓഡിറ്റ് അടക്കമുള്ളവ നടത്താനുള്ള സൗകര്യവും ഉൾപ്പെടുത്തിയിട്ടുള്ള സോഫ്റ്റ്‌വെയറാണ് വിഭാവനം ചെയ്യുന്നത്

## സാംസ്കാരിക രംഗത്ത് നടപ്പാക്കിയ പരിപാടികൾ

4(*214) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം സാംസ്കാരിക രംഗത്ത് നടപ്പാക്കിയ ഫ്ളാഗ്ഷിപ്പ് പരിപാടികളിൽ മുഖ്യമായവ ഏതെല്ലാമാണ്;

(ബി) നൂറ്റി അൻപത് കോടി രൂപ ചെലവിൽ ഫിലിം സിറ്റിയും നൂറ് കോടി രൂപ ചെലവിൽ ഫിലിം ഫെസ്റ്റിവൽ സ്ഥിരം വേദിയും നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സാംസ്കാരിക ഇടനാഴി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) സിനിമാ മേഖലയിൽ വനിതകൾ നേരിടുന്ന പ്രശ്നം പഠിക്കാൻ നിയമിച്ച ഹേമ കമ്മീഷന്റെ കണ്ടെത്തലുകളിൽ മുഖ്യമായവ എന്തെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എ.കെ.ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക രംഗത്ത് വിവിധങ്ങളായ പദ്ധതികൾ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടതും ഫ്ലാഗ് ഷിപ്പ് പദ്ധതിയായി ഗണിക്കാവുന്നതുമാണ്

കേരളത്തിന്റെ തനത് കലാരൂപങ്ങളുടെ പരിപോഷണവും നിശ്ചിത യോഗ്യത നേടിയ യുവകലാകാരന്മാരുടെ പ്രോത്സാഹനവും ലക്ഷ്യമാക്കിയുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെമ്പാടുമായി 174 ക്ലസ്റ്ററുകളിലായി 1000 യുവകലാകാരൻമാരെ വിന്യസിച്ച് ഒരു ലക്ഷത്തോളം പഠിതാക്കൾക്ക് വിവിധ കലാവിഷയങ്ങളിൽ കലാപരിശീലനം നൽകിവരുന്നു. ക്ലാസിക്കൽ, സമകാലീന, ഫോക്‌ലോർ വിഭാഗങ്ങളിൽപ്പെട്ട 45 ഓളം കലാവിഷയങ്ങളിൽ പരിശീലനത്തിനായി സിലബസും പാഠ്യ സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഫലങ്ങളും സ്വീകാര്യതയും കണക്കിലെടുത്ത് ഫെല്ലോഷിപ്പ് കാലാവധി ദീർഘിപ്പിച്ചുനൽകി പദ്ധതി കൂടുതൽ ആകർഷകമാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കേരളത്തിന്റെ തനത് കരകൗശല കലാസാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനും കരകൗശല കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി ഗ്രാമീണ കലാകേന്ദ്രം അഥവാ കലാകാരന്മാരുടെ ഉപജീവന പദ്ധതി എന്നൊരു പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 20 പൈതൃക കരകൗശല ഗ്രാമങ്ങളിലെ പുതിയ തലമുറയിൽപ്പെട്ടവർക്ക് കലാ-കരകൗശല വിദ്യയിൽ പരിശീലനം നൽകി അവർക്ക് ഈടുറ്റ വിപണി ബന്ധങ്ങൾ ഉറപ്പാക്കുകയാണ് പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്. ഓരോ ഗ്രാമത്തിലും കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച കരകൗശല വിദഗ്ധർക്ക് തുടർന്നും തൊഴിൽ സാധ്യതകൾ നിലനിർത്തിപ്പോരുന്നു.

കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന ഒരു സുപ്രധാന പദ്ധതിയും സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക സമുച്ചയങ്ങൾ സഹായിക്കുന്നതാണ്. ഒരു സമുച്ചയത്തിന് ഏകദേശം 50 കോടി രൂപ ചെലവ് ചെയ്താണ് നിർമ്മിക്കുന്നത്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിക്ക് 700 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തുകയും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ആറ് ജില്ലകളിൽ (ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ) അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. ഇടുക്കി ജില്ലയിലെ ഭൂമി അനുയോജ്യമാണോ എന്ന് പരിശോധന നടന്നുവരുന്നു. ബാക്കിയുള്ള നാല് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, വയനാട്) അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട് സത്വരനടപടി സ്വീകരിച്ചുവരുന്നു.

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കി വികസിപ്പിക്കൽ, തിരുവനന്തപുരത്ത് അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് സ്ഥിരം വേദി നിർമ്മിക്കൽ, KSFDC-യുടെ നേതൃത്വത്തിൽ സിനിമാ തിയേറ്ററുകൾ നിർമ്മിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

KSFDC-യുടെ നേതൃത്വത്തിൽ സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ടത്തിൽ 10 കേന്ദ്രങ്ങളിൽ 22 സ്ക്രീൻ തിയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ തൃശ്ശൂർ, അളകപ്പനഗർ, കായംകുളം, പയ്യന്നൂർ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.

KSFDC മുഖേന രണ്ട് വനിതാ സംവിധായകർക്ക് സിനിമ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാന ബജറ്റിൽ 3 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

(ബി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കുവേണ്ടി കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽനിന്നും 5 ഏക്കർ സ്ഥലം ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സിന്റെ സ്ഥിരം വേദി നിർമ്മിക്കുന്നതിനായി 30 വർഷത്തെ ലീസിന് അനുവദിച്ചുനല്കിയിട്ടുണ്ട്. ലീസ് എഗ്രിമെന്റ് ഒപ്പിടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന ഫിലിം സിറ്റിയുടെ നിർമ്മാണത്തിന് 21-1-2020-ൽ നടന്ന കിഫ്ബിയുടെ അനുമതി ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരം, മാനവീയം വീഥി സാംസ്കാരിക ഇടനാഴിയുടെ മാതൃകയിൽ നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന ഒരു പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിലും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും നാട്ടരങ്ങ് സ്ഥാപിക്കുന്ന പദ്ധതി എറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(സി) ജസ്റ്റിസ്സ് കെ. ഹേമ സമിതി റിപ്പോർട്ട് ശിപാർശകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

- കേരള സിനി എക്സ്ബിറ്റേഴ്സ് ആന്റ് എംപ്ലോയിസ് (റഗുലേഷൻ ) ആക്ട് 2020 എന്ന പേരിൽ ഒരു നിയമം നടപ്പിലാക്കുകയും നിയമപ്രകാരം ഒരു ട്രൈബ്യൂണൽ രൂപീകരിക്കുകയും ചെയ്യുക.
- സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കെതിരെയും ഏതെങ്കിലും ഒരു വ്യക്തി ചെയ്യുന്ന കുറ്റകരമായ പ്രവൃത്തി നിരോധിക്കുന്നതിനും പെനാൽറ്റി ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥകൾ രൂപീകരിക്കുക.
- ഷൂട്ടിംഗ് സ്ഥലങ്ങളിൽ ഇ- ടോയ്ലെറ്റുകൾ സ്ഥാപിക്കുക.
- സുരക്ഷിതമായ dress changing മുറികൾ
- ലൈംഗിക അതിക്രമങ്ങൾ തടയുക
- സ്ത്രീ -പുരുഷ ഭേദമന്യേ തുല്യ വേതനം ഏർപ്പെടുത്തുക
- സൈബർ ആക്രമണങ്ങൾക്കെതിരെ സർക്കാർ കർശന നടപടികൾ എടുക്കുക.
- സിനിമാ വ്യവസായത്തിൽ ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റി രൂപീകരിക്കുക.
- ടെക്നിക്കൽ പഠനങ്ങളിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകുക.
- പ്രസവം, ശിശുസംരക്ഷണം, ശാരീരിക വൈകല്യം എന്നിവയ്ക്ക് അവധി
- സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പ്രോത്സാഹിപ്പിക്കുക
- സിനിമാ ആർട്ടിസ്റ്റുകൾക്കുള്ള ക്ഷേമനിധി
- രേഖാമൂലമുള്ള കരാറിന്റെ ആവശ്യകത
- ലിംഗഭേദത്തിൽ അടിസ്ഥാന ഓൺലൈൻ പരിശീലനം
- ജോലി സ്ഥലത്ത് മദ്യവും മയക്കുമരുന്നും ഉപയോഗിക്കരുത്.
- ജൂനിയർ ആർട്ടിസ്റ്റുകൾക്ക് മിനിമം വേതനം

- പരാതികൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം
- താമസത്തിലും ഗതാഗതത്തിലും സ്ത്രീകളുടെ സുരക്ഷ
- സമഗ്രമായ സിനിമാ നയം
- സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിന് ബജറ്റ് വിഹിതം
- എല്ലാ താലൂക്കുകളിലും രണ്ടോ അതിലധികമോ തിയേറ്ററുകൾ
- ഏറ്റവും നല്ല വനിതാ സിനിമാ നിർമ്മാതാവിന് അവാർഡ് ഏർപ്പെടുത്തുക

മുൻപറഞ്ഞ ശിപാർശകൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരിഗണിച്ചുവരുന്നു.

**തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

5(*215) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തൊഴിൽ നിയമ ഭേദഗതി വഴിയും വിവിധ തൊഴിൽ കോഡ് വഴിയും മിനിമം വേതനം നൂറ്റി എഴുപത്തിയെട്ട് രൂപയെന്ന യുക്തി രഹിതമായ താഴ്ന്ന നിലവാരത്തിൽ നിർണ്ണയിച്ചുകൊണ്ടും തൊഴിലാളികളെ അരക്ഷിതരാക്കുന്ന നടപടികൾ തുടരുന്നതായി ആക്ഷേപമുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് സംരംഭക-തൊഴിലാളി സൗഹൃദാന്തരീക്ഷം സാധ്യമാക്കി തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) വ്യവസായബന്ധ സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കിക്കൊണ്ടും എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തിക്കൊണ്ടും തൊഴിലാളി-തൊഴിലുടമ ബന്ധം സംഘർഷരഹിതമാക്കാൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലാളി സംരക്ഷണത്തിനായുള്ള വിവിധ നിയമങ്ങൾ കൃത്യമായി നടപ്പിലാകുന്നുവെന്ന് ഉറപ്പുവരുത്താൻ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ )

(എ) ഉദ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, ന്യായമായ മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചു കൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക എന്നിവയിലൂടെ സമസ്തമേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹികസുരക്ഷയും ഉറപ്പുവരുത്തുകയാണ് സംസ്ഥാന തൊഴിൽ നയത്തിന്റെ ലക്ഷ്യം. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നല്കിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാനത്തെ തൊഴിലാളികളുടെ താത്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ പുതിയ വേജ്കോഡ് പ്രകാരം നിശ്ചയിക്കുന്ന ഫ്ളോർ വേജിനേക്കാൾ കുറഞ്ഞ മിനിമം വേതനം നിശ്ചയിക്കാൻ പാടില്ല എന്നതാണ് വേജ് കോഡിലെ വ്യവസ്ഥ. നിലവിൽ കേരളത്തിൽ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്കുകൾ കേന്ദ്ര സർക്കാരിന്റെ ഫ്ളോർ വേജിനേക്കാൾ കൂടുതലാണ്.

(ബി) സാധ്യമായിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനുമായി തൊഴിൽ വകുപ്പിനുകീഴിൽ 12 വ്യവസായ ബന്ധസമിതികളും ഒരു വ്യവസായബന്ധസമിതി ബോർഡും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത വ്യവസായ ബന്ധസമിതികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും വ്യവസായ മേഖലയിലെ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുകയും ചെയ്തുവരുന്നു.

മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽനൈപുണ്യ-വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ

അടിസ്ഥാനമാക്കി ഓൺലൈൻ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെയുള്ള ഗ്രേഡുകൾ നല്കി അംഗീകരിച്ചുവരുന്നു. ഗ്രേഡ് ലഭ്യമാകാത്ത സ്ഥാപനങ്ങൾ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള അവസ്ഥ മെച്ചപ്പെടുത്തി ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുവർണ്ണ, രജത ഗ്രേഡുകൾ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെട്ട ഗ്രേഡുകൾ കരസ്ഥമാക്കുന്നതിനും വജ്ര ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ ആയത് നിലനിർത്തുന്നതിനും ശ്രമിക്കുന്നുണ്ട്.

(സി) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽനിന്ന് നല്കി വരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. (രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, അമെന്റ്മെന്റ് തുടങ്ങിയവ ഉൾപ്പെടെ) സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

## ശുദ്ധജല വിതരണ പദ്ധതികളുടെ പൂർണ്ണ വിനിയോഗം

6(*216) ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായ വിവിധ ശുദ്ധജല വിതരണ പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനം കനത്ത വേനലിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ ഇത്തരം പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ ജലജീവൻ സമീക്ഷ പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) നിർമ്മാണം പൂർത്തിയായ ശുദ്ധീകരണശാലകളിലെ ശുദ്ധീകരിച്ച ജലം വിതരണ ശൃംഖലയുടെ അഭാവം കാരണം പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ആയതുകൊണ്ട് ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ 128 പദ്ധതികളുടെ വിതരണശൃംഖല വിപുലീകരിക്കുന്ന പ്രവൃത്തികൾക്കാണ് കേരള വാട്ടർ അതോറിറ്റി ഇപ്പോൾ പ്രാധാന്യം നല്കിയിരിക്കുന്നത്. പ്രളയാനന്തര പുനർനിർമ്മാണത്തോടനുബന്ധിച്ച് കേരള വാട്ടർ അതോറിറ്റി അഞ്ച് വർഷത്തേയ്ക്കുള്ള പ്രവൃത്തികൾക്കായി ഏകദേശം 25,832 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ മേൽപ്പറഞ്ഞ ഉത്പാദന ഘടകങ്ങൾ പൂർത്തിയായ 128 പദ്ധതികളുടെ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി ഏകദേശം 11,340 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ ധനലഭ്യത ഉറപ്പാക്കി അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്നതാണ്.

ജലനിധി 1,2 ഘട്ടങ്ങളിലായി 227 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതിയിൽ ഇതുവരെ കമ്മീഷൻ ചെയ്ത 5879 സ്കീമുകളിലൂടെ 451966 കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരുന്നു. മഴവെള്ള സംഭരണികളെ സംബന്ധിച്ചിടത്തോളം ഒരു ഗുണഭോക്തൃ കുടുംബത്തിന് 10,000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണ യൂണിറ്റുകളാണ് നിർമ്മിച്ചുനല്കിയിട്ടുള്ളത്. എന്നാൽ പൈപ്പ്ഡ് വാട്ടർ സപ്ലൈ പദ്ധതികളെ സംബന്ധിച്ചിടത്തോളം ആളോഹരി 70 lpcd എന്ന അളവിൽ ഒരു കുടുംബത്തിന് 350 lpcd കുടിവെള്ളം ഒരു ദിവസം നൽകാവുന്ന തരത്തിലാണ് പദ്ധതികൾ ഡിസൈൻ ചെയ്തിട്ടുള്ളത്. വേനലിലെ ജലലഭ്യത കുറവും വെള്ളത്തിന്റെ ഗുണനിലവാര പ്രശ്നങ്ങളും ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികളിൽനിന്നും കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തതും കാരണം ചില സ്കീമുകളുടെ ശേഷി പൂർണ്ണ തോതിൽ ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) നിർമ്മാണം പൂർത്തിയായ എല്ലാ ശുദ്ധജലവിതരണ പദ്ധതികളുടെയും പൂർണ്ണ വിനിയോഗം ഉറപ്പാക്കുവാൻ ഈ വേനൽക്കാലത്ത് സാധിക്കുന്നതല്ല. നിർമ്മാണം പൂർത്തിയാക്കിയതും എന്നാൽ വിതരണശൃംഖല സ്ഥാപിക്കാത്തതുമായ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിൽനിന്നും വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കുന്നതിനായി ടാങ്കർ ലോറികൾവഴി ജലവിതരണം സാധ്യമാക്കുന്നതിലേക്കായി വെന്റിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. എന്നാൽ നിർമ്മാണം പൂർത്തിയായതും ജലവിതരണം ആരംഭിച്ചതുമായ പദ്ധതികളിൽ

ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിച്ചും ഉപ്പുവെള്ളം കയറാൻ സാധ്യതയുള്ള സ്രോതസ്സുകളിൽ അത് തടയുന്നതിന് താൽക്കാലിക തടയണകൾ നിർമ്മിച്ചും നീർച്ചാലുകൾ നിർമ്മിച്ചും സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തി സാങ്കേതിക സാധ്യത പരിഗണിച്ചും പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചും ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനം കടുത്ത വേനലിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ പദ്ധതികളുടെ പൂർണ്ണ വിനിയോഗം ജലലഭ്യത അനുസരിച്ച് ഉറപ്പാക്കുന്നതിനുവേണ്ടി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾക്ക് ജലനിധി അനുമതി നല്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്

1. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാനും മലിനപ്പെടാതിരിക്കുവാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുക.

2. ജലനിധി ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും ജലത്തിന്റെ അമിതമായ ഉപയോഗം കുറയ്ക്കുന്നതിനുമുള്ള ആശയപ്രചരണം നടത്തുക.

3. കുടിവെള്ളത്തിന്റെ ഉപഭോഗം നിയന്ത്രിച്ചുകൊണ്ട് സ്രോതസ്സിലുള്ള ജലം കൂടുതൽ കാലത്തേയ്ക്ക് ഉപയോഗിക്കാവുന്നവിധം വിതരണം ക്രമീകരിക്കുക.

4. കുടിവെള്ള പദ്ധതികളിൽ ഉണ്ടാകുന്ന കേടുപാടുകൾ സമയബന്ധിതമായി പരിഹരിച്ച് കുടിവെള്ളം പാഴാകുന്നത് തടയുക.

5. പദ്ധതികളിലെ പമ്പ്സെറ്റ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയിലുണ്ടാകുന്ന കേടുപാടുകൾ യഥാസമയം പരിഹരിക്കുക, standby പമ്പ് സെറ്റുകൾ ഉള്ള പദ്ധതികളിൽ അവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

6. നിലവിലുള്ള പദ്ധതികളിലെ ജലലഭ്യതയനുസരിച്ച് വരൾച്ചബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗുണഭോക്താക്കളുടെ സഹകരണത്തോടെ കുടിവെള്ളം നൽകുക.

(സി) 2024-ഓടുകൂടി ഗ്രാമീണമേഖലയിലെ എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻവഴി കുടിവെള്ളം എത്തിക്കുക എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജൽ ജീവൻ മിഷന്റെ പദ്ധതി. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിതരണ ശൃംഖലകളിൽ നിന്ന് കണക്ഷനുകൾ നല്കുന്നതിനും ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷനുകൾ നല്കുന്നതിനുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക രംഗത്തെ നേട്ടങ്ങൾ

7(*217) ശ്രീ. എം. ഉമ്മർ :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക നയം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പുരാതന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും നഗര സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനുമായി ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ)

(എ) സംസ്ഥാന സാംസ്കാരിക നയം പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സാംസ്കാരിക രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവന്നിട്ടുണ്ട്. നമ്മുടെ കലാസാംസ്കാരിക പൈതൃകത്തിനെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കാനു മുതകുന്ന നൂതനങ്ങളായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് കേരളത്തിന്റെ തനത് കലാരൂപങ്ങളുടെ പരിപോഷണവും നിശ്ചിത യോഗ്യത നേടിയ യുവകലാകാരൻമാരുടെ പ്രോത്സാഹനവും ലക്ഷ്യമാക്കിയുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 1000 യുവകലാകാരൻമാർക്ക് സാംസ്കാരിക വകുപ്പ് 10,000 രൂപയും തദ്ദേശസ്വയംഭരണ വകുപ്പ് 5,000 രൂപയും പ്രതിമാസം ഫെലോഷിപ്പ് നല്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെമ്പാടുമായി 174 ക്ലസ്റ്ററുകളിലായി 1000 യുവകലാകാരന്മാരെ വിന്യസിച്ച് ഒരു ലക്ഷത്തോളം പഠിതാക്കൾക്ക് വിവിധ കലാവിഷയങ്ങളിൽ കലാപരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെമ്പാടുമായി ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ വിഭാഗങ്ങളിൽപ്പെട്ട 45-ഓളം കലാവിഷയങ്ങളിൽ പരിശീലനത്തിനായി സിലബസും പാഠ്യ സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ കേരളത്തിന്റെ തനത് കരകൗശല കലാസാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനും കരകൗശല കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം അഥവാ കലാകാരന്മാരുടെ ഉപജീവന പദ്ധതി. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഇരുപതോളം പൈതൃക ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. അവിടെ പുതിയ തലമുറയിൽപ്പെട്ടവർക്ക് കലാകരകൗശല വിദ്യയിൽ പരിശീലനവും വിപണന സാധ്യതകളും ഒരുക്കുന്നു. കൂടാതെ ഓരോ ഗ്രാമത്തിലും കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച കരകൗശല വിദഗ്ദ്ധർക്ക് തുടർന്നും തൊഴിൽ സാധ്യതകൾ നിലനിർത്തിപ്പോരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ ഏകദേശം 50 കോടി വീതം രൂപ ചെലവഴിച്ച് നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. കൊല്ലം, പാലക്കാട്, കാസർഗോഡ്, ജില്ലകളിൽ സമുച്ചയ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഇതര ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക സമുച്ചയങ്ങൾ സഹായിക്കുന്നതാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 700 കോടി രൂപയാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്.

കൂടാതെ, ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കലാ പ്രവർത്തനങ്ങൾക്കുള്ള രംഗവേദികൾ "നാട്ടരങ്ങ്" എന്ന പേരിൽ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് നൽകുന്ന പെൻഷൻ 750 രൂപയിൽ നിന്നും 1500 രൂപയായും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നൽകുന്ന പെൻഷൻ 1000 രൂപയിൽനിന്നും 3000 രൂപയായും വർദ്ധിപ്പിച്ചു.

രാജ്യത്താകെ ജനങ്ങളിൽ വിദ്വേഷം വളർത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ പരസ്പര ഐക്യം വളർത്തുന്നതിനും നമ്മുടെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന പരിപാടികൾ സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ 100-ാം വാർഷികം ലൈബ്രറി കൗൺസിലുമായി ചേർന്ന് 6000- ത്തോളം കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷി ത്വത്തിന്റെ 70-ാം വാർഷികം 'രക്തസാക്ഷ്യം' എന്ന പേരിലും സ്വാമി വിവേകാനന്ദന്റെ കേരളാ സന്ദർശനത്തിന്റെ 125-ാം വാർഷികം 'വിവേകാനന്ദസ്പർശം' എന്ന പേരിലും സംഘടിപ്പിച്ചു. സഹോദരൻ അയ്യപ്പന്റെ പന്തിഭോജനത്തിന്റെ വാർഷികവും സംഘടിപ്പിച്ചു. മഹാത്മാഗാന്ധിയും പത്നിയും പല തവണ സന്ദർശിച്ച് താമസിച്ച പാലക്കാട് അകത്തേത്തറയിലെ ശബരി ആശ്രമം നവീകരണ പദ്ധതി തുടങ്ങിയ നൂതനങ്ങളായ പദ്ധതികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(സി&ഡി) സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

## മദ്യാസക്തി കുറയ്ക്കുന്നതിന് നടപടി

8(*218) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോധവൽക്കരണത്തിലൂടെയും ലഹരി വർജ്ജന ആശയങ്ങളുടെ പ്രചരണത്തിലൂടെയും സംസ്ഥാനത്തെ ജനങ്ങളുടെ മദ്യാസക്തി കുറച്ചുകൊണ്ടു വരുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികൾമൂലം സമൂഹത്തിൽ മദ്യാസക്തി കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർക്കാരിന്റെ അടുത്ത വർഷത്തെ മദ്യനയം അംഗീകരിച്ചിട്ടുണ്ടോ; അത് മദ്യവർജ്ജനമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് എത്രമാത്രം സഹായകമാണെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗവും ആദിവാസി/തീരദേശ മേഖലകളിലെ ഗണ്യമായ തോതിലെ മദ്യ ഉപയോഗവും കുറയ്ക്കുന്നതോടൊപ്പം, മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യം/ലഹരി ഉപയോഗിച്ചുതുടങ്ങിയിട്ടില്ലാത്ത വിദ്യാർത്ഥി/ യുവജനങ്ങൾക്കിടയിൽ മദ്യ/ലഹരി വസ്തുക്കളുടെ ഉപയോഗംമൂലമുണ്ടാകുന്ന ദൂഷ്യ വശങ്ങളെപ്പറ്റി ബോധവാന്മാരാക്കി അവരെ മദ്യ/ലഹരി ഉപയോഗത്തിലേയ്ക്ക് നയിക്കുന്നതിൽനിന്നും പൂർണ്ണമായും തടയുന്നതിനുള്ള ലഹരി വർജ്ജന ആശയങ്ങൾ വിദ്യാർത്ഥി/യുവജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനും ജാഗ്രതയോടുകൂടിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനൊപ്പം സമാന്തര വ്യാജമദ്യ വില്പന അവസാനിപ്പിക്കുന്നതിനും മയക്കുമരുന്ന് ഉപയോഗം പൂർണ്ണമായി തടയുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, എൻ.സി.സി., മദ്യവർജ്ജന സമിതി കളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ എന്നിവയടക്കം പൊതുജന പങ്കാളിത്ത ത്തോടുകൂടി ലഹരിക്കെതിരെ ബോധവൽകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രസ്തുത ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിരന്തരം ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ പ്രതിപാദിക്കുന്ന ബോധവൽകരണ പവലിയനുകൾ, ഫ്ളോട്ടുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിച്ചുവരുന്നു. "നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന തീവ്രയത്ന ബോധവൽക്കരണ പരിപാടി 2019 നവംബർ 1 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും 917 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു.

നവംബർ 14-ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും ഡിസംബർ 4-ന് വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതുമാണ്. 131 വോളന്റീയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതുതായി 1404 സ്കൂൾ ക്ലബ്ബും 392 കോളേജ് ക്ലബ്ബും 1794 ഗ്രന്ഥശാലാ ക്ലബ്ബും രൂപീകരിച്ചു. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം ലഹരിക്കെതിരെ ദീപം തെളിയിക്കൽ-വിമുക്തി ജ്വാല സംഘടിപ്പിച്ചു. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുള്ളതാണ്. വിമുക്തി ബോധവൽക്കരണ വാഹനം കേരള പര്യടനം പൂർത്തിയാക്കി. നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിൽ ബോധവൽക്കരണ സന്ദേശ പ്രചരണം നടത്തി. വിവിധ സാംസ്കാരിക പരിപാടികൾ വഴിയും വിമുക്തി സന്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ഇക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) സർക്കാരിന്റെ 2020-2021 വർഷത്തേക്കുള്ള മദ്യനയം 27-2-2020-ലെ ജി.ഒ. (എം.എസ്.) 22/2020/നി.വ നമ്പർ പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം മദ്യവർജ്ജന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രഖ്യാപിച്ചിട്ടുള്ള മദ്യനയങ്ങളുടെ തുടർച്ചയാണ് അടുത്ത സാമ്പത്തിക വർഷവും സർക്കാർ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്.

**സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**

9(*219) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷി-മൃഗാദികളിൽ ഈ കാലഘട്ടത്തിൽ കണ്ടുവരുന്ന അസുഖങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ കൃത്യമായ രോഗനിർണയം നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് മൃഗസംരക്ഷണ വകുപ്പിനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കന്നുകാലികൾക്ക് ജീവഹാനി സംഭവിക്കുന്നതുമൂലം ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന കഷ്ട-നഷ്ടങ്ങൾ പരിഹരിക്കാൻ കർഷകർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന വിധത്തിൽ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുമോയെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) രോഗനിർണ്ണയം നടത്തുന്നതിന് നാല് തലത്തിലുള്ള ലബോറട്ടറി സൗകര്യങ്ങൾ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

1. എല്ലാ പഞ്ചായത്ത് തല മൃഗാശുപത്രികളിലും വെറ്ററിനറി പോളി ക്ലിനിക്കുകളിലും പ്രാഥമിക രോഗനിർണ്ണയത്തിനുള്ള ലബോറട്ടറി സംവിധാനങ്ങൾ ഉണ്ട്. ലബോറട്ടറി ടെക്നീഷ്യന്റെ സേവനം ലഭ്യമായ വെറ്ററിനറി പോളിക്ലിനിക്കുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

2. എല്ലാ ജില്ലകളിലെയും ജില്ലാ വെറ്ററിനറി കേന്ദ്രത്തിനോട് ചേർന്ന് ജില്ലാ ക്ലിനിക്കൽ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ ഒരു വെറ്ററിനറി സർജന്റെയും ലബോറട്ടറി ടെക്നീഷ്യന്റെയും സേവനവും കൂടുതൽ രോഗനിർണ്ണയ സൗകര്യങ്ങളും ലഭ്യമാണ്.

3. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള രോഗ നിർണ്ണയം നടത്തുന്നതിന് സംസ്ഥാനത്തൊട്ടാകെ 4 റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറികളും (RDDL) പ്രവർത്തി ക്കുന്നുണ്ട്. ഇവിടെ പേവിഷബാധ പരിശോധനയുൾപ്പെടെയുള്ള പരിശോധനാ സൗകര്യങ്ങൾ ഉണ്ട്. കൂടാതെ സർക്കാർ ഫാമുകളിലെ രോഗ നിരീക്ഷണ പരിശോധനകൾ (ഡിസീസ് സ്ക്രീനിംഗ്) കൃത്യമായ ഇടവേളകളിൽ നടത്തി വരുന്നു.

   - RDDL-കൾക്ക് അധികാര പരിധി നിശ്ചയിച്ച നൽകിയിട്ടുണ്ട്.
   - RDDL, Palodu, Thiruvananthapuram
   - ADDL Manjadi, Thiruvalla, Pathanamthitta
   - RDDL, Palakkad
   - RDDL, Kannur

4. മൃഗസംരക്ഷണ വകുപ്പിന്റെ Apex Laboratory പാലോട് സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD) ആണ്. മറ്റ് ലബോറട്ടറികളുടെ മേൽനോട്ടവും SIAD-നാണുള്ളത്.

ഈ സ്ഥാപനത്തിൽ ചുവടെ പറയുന്ന വിഭാഗത്തിലുള്ള എല്ലാ രോഗ നിർണ്ണയ സംവിധാനങ്ങളും നിലവിലുണ്ട്.

- മൈക്രോ ബയോളജി വിഭാഗം
- പാരസൈറ്റോളജി വിഭാഗം
- ബയോടെക്നോളജി
- പാത്തോളജി വിഭാഗം
- പേവിഷ ബാധ പരിശോധന
- FMD Laboratories
- ടോക്സിക്കോളജി
- വൈൽഡ് ലൈഫ് സ്റ്റഡീസ്

രോഗ നിർണ്ണയം, തീറ്റയിലെ പൂപ്പൽ വിഷബാധ കണ്ടുപിടിക്കുക, രോഗബാധ പൊട്ടിപ്പുറപ്പെടുമ്പോൾ രോഗസ്ഥിരീകരണം എന്നിവ ഫലപ്രദമായി നടത്തുന്നു. കൂടാതെ ജന്തുജന്യരോഗ നിർണ്ണയത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയുന്നു.

- 2017-18 കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനായി കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ എൻ.എൽ.എം. എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ഒരു വർഷം മാത്രം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ടി പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പ്രകാരം ഉരുക്കളുടെ മരണം/ഉല്പാദന പ്രത്യുൽപ്പാദനക്ഷമതാ നഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിം ആയി കർഷകന് ലഭിച്ചിരുന്നു.
- 2018-19- സാമ്പത്തിക വർഷത്തിൽ ഉരുവിനും ഉടമയായ കർഷകനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കി. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ

പദ്ധതിയായ ഗോസമൃദ്ധി പ്ലസ് 2018-19, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ എൻ.എൽ.എം. പ്ലസ് 2017-18 എന്നിവയാണ് നടപ്പിലാക്കിയത്.

- ഗോസമൃദ്ധി പദ്ധതിയിൽ അംഗമായ കർഷകന് അപകടമരണമോ, പൂർണ്ണമോ/ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി രണ്ട് ലക്ഷം രൂപ വരെ ക്ലെയിം ആയി നൽകിയിരുന്നു.
- 2019-20 സാമ്പത്തിക വർഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ഗോ സമൃദ്ധി എൻ.എൽ.എം.-2019-20 എന്ന പേരിലുള്ള പദ്ധതി നിർവ്വഹണം നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.15%വും 3 വർഷത്തേക്ക് 5.419%-വും ആണ് പ്രീമിയം നിരക്ക്. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50%-വും എസ്.സി/എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70%-വും സബ്സിഡിയായി നൽകുന്നു. ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഉരുവിന് മരണം/ഉത്പാദന പ്രത്യുത്പാദന ക്ഷമത നഷ്ടം എന്നിവ സംഭവിച്ചാൽ നഷ്ട പരിഹാരം ലഭിക്കുന്നു. പദ്ധതിയിൽ അംഗമാകുന്ന കർഷകന് അപകടമരണമോ, പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി രണ്ട് ലക്ഷം രൂപ വരെ ക്ലെയിം നൽകുന്നു.

2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നു. ഇതുമൂലം പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂടുകയും ചെയ്തിട്ടുണ്ട്.

(സി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക സംവിധാനം നിലവിലുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി (Disaster Management) വകയിരുത്തിയിട്ടുള്ള കണ്ടിൻജൻസി ഫണ്ടിൽനിന്നും ഇത്തരത്തിലുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നു. മാനദണ്ഡം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിലവസരങ്ങൾ

10(*220) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് ജോലി ലഭ്യമാക്കി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശപഠനം ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സിവിൽ സർവ്വീസ് പോലുള്ള പരീക്ഷകളിൽ വിജയം നേടാൻ പ്രാപ്തരാക്കുന്ന എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പിന്റെയും സി-ഡിറ്റിന്റെയും സംയുക്ത സംരംഭമായ സൈബർശ്രീ മുഖേന ഡിഗ്രി/ബി.ടെക്/എം.സി.എ/MSc യോഗ്യതയുള്ള പട്ടികജാതി യുവതീ യുവാക്കൾക്കുവേണ്ടി IT Oriented Soft Skill, IT Based Business Management, Web Development and Digital

Marketing, Server Administration and Networking, Animation in Film and Visual Media, Training on Software Testing എന്നീ കോഴ്സുകളിൽ പരിശീലനം നടത്തി Service, Industry, IT, Visual Media എന്നീ മേഖലകളിൽ തൊഴിൽ ലഭിക്കാൻ പ്രാപ്തമാക്കുന്ന പദ്ധതികൾ 2019-20 സാമ്പത്തിക വർഷം നടത്തിവരുന്നു. 50 പട്ടികജാതി വിദ്യാർത്ഥികൾക്ക് Graphics &Web Designing എന്ന കോഴ്സ്, 300 പട്ടികജാതി വിദ്യാർത്ഥികൾക്ക് Career-Oriented Course in Design and Simulation (CoEDAS), Engineering Graphics (EG Online), Modeling and Prototyping Functions of New Product Development (CadMex) എന്നീ കോഴ്സുകൾ, കെൽട്രോൺ മുഖേന 530 പട്ടികജാതി വിദ്യാർത്ഥികൾക്ക് Certificate Course in Logistics & Supply Chain Management, Certificate Course in Tally, Certificate course in Software testing, Certificate Course in Python Programming, Advanced Diploma in Web Application, Advanced diploma in IT enabled Services & BPO, Keltron Certified Networking Professional എന്നീ കോഴ്സുകളും നടത്തി വരുന്നു.

കൂടാതെ, പട്ടികജാതി യുവതീയുവാക്കൾക്ക് ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആന്റ് പെയിന്റിംഗ് പരിശീലനം തുടങ്ങിയ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

നൈപുണ്യ വികസന പദ്ധതി പ്രകാരം 2016-17 വർഷം മുതൽ 2018-19 വർഷംവരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 12 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 27 കോഴ്സുകളിലായി 3706 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുകയും ഇവരിൽ 2161 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ടി പരിശീലനത്തിന്റെ ഭാഗമായി 23 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്. 2019-20 വർഷം 1725 പേരുടെ പരിശീലനം ആരംഭിക്കുകയും 170 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 1050 പേരുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. കൂടാതെ 2019-20 -ൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ്-ടു, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം വഴി ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 282 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ഇതിന്റെ ആദ്യ ബാച്ചിൽ 59 കുട്ടികൾ പരിശീലനം പൂർത്തിയാക്കി പ്ലെയ്സ്മെന്റ് ഉറപ്പാക്കി രണ്ടാം ഘട്ടം പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിലേക്ക് നിയമനം ലഭ്യമാക്കുന്നതിന് ഗവ. ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി. പാസ്സായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ജോലി ലഭ്യമാക്കി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വിദേശത്ത് 360 പേരുൾപ്പെടെ 2565 പേർക്ക് പ്ലെയ്സ്മെന്റ് നൽകി നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീ യുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15,000 രൂപ പ്രതിമാസം ഓണറേറിയം നൽകി താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.-കളിൽനിന്നും പഠിച്ചി റങ്ങുന്ന കുട്ടികൾക്ക് തൊഴിൽ മേളകൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ലഭ്യമാക്കി വരുന്നു.

പോലീസ്, എക്സൈസ് വകുപ്പുകളിലായി 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി നിയമിച്ചിട്ടുണ്ട്. വനം വകുപ്പിൽ വാച്ചർമാരായി 500 പേരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചതിന് പുറമെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുമുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള നൈപുണ്യ പരിശീലനത്തിലൂടെ 2161 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ 23 കുട്ടികൾക്ക് വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ട്.

(സി) വിദേശത്ത് ഉന്നതപഠനം നടത്താൻ ആഗ്രഹിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 4-10-2017-ലെ സ.ഉ (എം.എസ്.) നമ്പർ 81/2017/പ.ജ.പ.വ.വി.വ. പ്രകാരം ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസസ്, വിമാനയാത്രാ ചാർജ്, വിസാ ചാർജ്, ഇൻഷ്വറൻസ് എന്നിവ ഉൾപ്പെടെ പരമാവധി 25 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| പട്ടികജാതി വികസന വകുപ്പ് | | |
| 2017-18 | 9 | 10,020,598 |
| 2018-19 | 7 | 97,66,133 |
| 2019-20 (As on 29/02/2020) | 21 | 3,01,37,300 |
| പട്ടികവർഗ്ഗ വികസന വകുപ്പ് | | |
| 2016-17 | 1 | 1,50,000 |
| 2017-18 | 1 | 19,34,615 |
| 2018-19 | 1 | 29,92,061 |
| 2019-20 | 3 | 75,00,000 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ സെന്ററുകളിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ICSETS മുഖേന ആനുകൂല്യം നൽകിവരുന്നു. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് (5000 രൂപ), പോക്കറ്റ് മണി (1000 രൂപ) എന്നിവയും അനുവദിക്കുന്നു.

കൂടാതെ ICSETS മുഖേന മത്സര പരീക്ഷയിലൂടെ തെരഞ്ഞെടുക്കുന്ന 30 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേരളത്തിലെ മികച്ച സിവിൽ സർവ്വീസ് പരിശീലന സ്ഥാപനങ്ങളിൽ പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

## സ്കൂൾ, കോളേജ് പരിസരങ്ങൾ ലഹരിമുക്തമാക്കുന്നതിനുള്ള നടപടി

11(*221) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ മയക്ക മരുന്ന് ഉപയോഗം കൂടിവരുന്നു എന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പും എക്സൈസ് വകുപ്പും യോജിച്ച് പ്രവർത്തിക്കുന്നത് ഏതൊക്കെ മേഖലകളിലാണെന്ന് വിവരിക്കുമോ;

(സി) സ്കൂൾ, കോളേജ് പരിസരങ്ങൾ ലഹരി മുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) വിമുക്തി പദ്ധതി വിജയകരമാക്കുവാൻ വകുപ്പിന് സാധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ മയക്കമരുന്ന് ഉപയോഗം സംബന്ധിച്ച് റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുള്ളതാണ്.

(ബി) വിദ്യാർത്ഥികൾക്കിടയിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് എക്സൈസ് വകുപ്പ് സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ സ്കൂൾ കോളേജ് പരിസരങ്ങൾ ലഹരി മുക്തമാണെന്ന് ഉറപ്പ് വരുത്തുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. 2019 വർഷത്തിൽ സ്കൂളുകളുടെയും കോളേജുകളുടെയും പരിസരത്ത് മയക്കുമരുന്ന് ഇടപാട് നടത്തിയതിന് 226 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ ഉൾപ്പെട്ട 119 പേരെ ശിക്ഷിച്ചിട്ടുള്ളതുമാണ്. സ്കൂൾ-കോളേജ് പരിസരങ്ങൾ ലഹരിമുക്തമാക്കുന്നതിന് എക്സൈസ് വകുപ്പും വിമുക്തി മിഷനും വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(ഡി) ഉണ്ട്. സമൂഹത്തിലെ എല്ലാ തലങ്ങളിലും എത്തത്തക്കവണ്ണവും കുട്ടികൾ, യുവാക്കൾ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്ന വിധത്തിലുമാണ് വിമുക്തിയുടെ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. വിവിധങ്ങളായ പരിപാടികൾ ഇത്തരത്തിൽ ആസൂത്രണം ചെയ്ത് നടത്തിവരുന്നു. അവയുടെ ഫലമായി സമൂഹത്തിൽ മയക്കുമരുന്നിനും മദ്യത്തിനുമെതിരായ ഒരു അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ഇ) ഫലപ്രദമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

## തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

12 (*222) ശ്രീ. കെ. ബാബു :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസിയാൻ കരാർ പ്രകാരം നിയന്ത്രണരഹിതമായി തോട്ടം ഉല്പന്നങ്ങൾ സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ വഴിയൊരുക്കിയതും കാലാവസ്ഥാ മാറ്റവും ആവർത്തിച്ചുണ്ടായ പ്രളയക്കെടുതികളും തോട്ടം മേഖലയിൽ വൻ ഉല്പാദന നഷ്ടം ഉണ്ടാക്കിയത് കാരണം തോട്ടം ഉടമകൾ, പ്രത്യേകിച്ച് ചെറുകിടക്കാർ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ നടത്തുന്ന ഇടപെടൽ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) തൊഴിലാളി താല്പര്യം പരിരക്ഷിക്കുന്നതിനും വ്യവസായത്തിന്റെ നിലനില്പ് പരിഗണിച്ചും രൂപീകരിക്കാനുദ്ദേശിക്കുന്ന തോട്ടം നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടഞ്ഞു കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നതെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തോട്ടം മേഖലയുടെ സമഗ്ര വികസനത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം,

1. കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദ് ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിന് വേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019 -ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

3. തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6. തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7. പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

8. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രെജൈൽ) ആക്ടിന്റെ പരിധിയിൽനിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചു.

9. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

10. തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വിഭാഗം തോട്ടം തൊഴിലാളികളുടെയും പ്രതിദിന വേതനത്തിൽ 2019 ജനുവരി മാസം മുതൽ 52 രൂപയുടെ വർദ്ധനവ് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

11. പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

12. അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്.

13. തോട്ടം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം തോട്ടം മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത കരട് നയത്തിന്റെ ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും താഴെ പറയുന്നവയാണ്.

1. തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുകയും തൊഴിലും വ്യവസായവും സംരക്ഷിക്കുകയും ചെയ്യും.
2. തോട്ടം മേഖല ലാഭകരമാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഭരണപരമായ നടപടി സ്വീകരിക്കും.
3. സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കും. തൊഴിലാളികളെ സംരക്ഷിക്കും.
4. ചികിത്സാ സൗകര്യങ്ങൾ
5. തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ സ്വന്തം വീട്.
6. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.
7. സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിനും പ്രത്യേക കർമ്മ പദ്ധതി.
8. തോട്ടം തൊഴിലാളികളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക ഊന്നൽ.

9. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വിവിധ സമാശ്വാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

10. തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തും.

11. തോട്ടം വിളകൾക്ക് ന്യായമായ വില കിട്ടാൻ സാധ്യമായ ഇടപെടൽ നടത്തും.

12. തോട്ടം മേഖല ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷിക്കണം.

13. ജലസംരക്ഷണം.

14. സാമൂഹ്യ വനവൽക്കരണ പദ്ധതി

15. പുനർനിർമ്മിക്കാവുന്ന ഊർജ്ജം

16. ടൂറിസം

17. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിക്കും.

18. കോ-ഓർഡിനേഷൻ സമിതി

19. പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ് ആധുനികവൽക്കരിക്കും.

20. തോട്ടം തൊഴിലാളികളുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കി നിശ്ചയിക്കും.

21. പൊതുവായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്ക് കൂടി ലഭ്യമാക്കും.

22. കീടങ്ങളുടെ നിയന്ത്രണവും കീടനാശിനി പ്രയോഗവും

23. ഇൻഷ്വറൻസ് പരിരക്ഷ.

പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

(സി) തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് കാര്യക്ഷമമായി ഇടപെടുന്നുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഉടമകൾ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ ചർച്ചകൾ നടന്നുവരുന്നു. പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഇടുക്കി, വയനാട്, പാലക്കാട്, തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ് കമ്മിറ്റി പ്രവർത്തിക്കുന്നത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തരം തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകളും, പഠനോപകരണങ്ങളും വിതരണം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും നൽകുന്നുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. ഭാഗികമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് കുറഞ്ഞത് 50,000 രൂപയും പൂർണ്ണമായും അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് ഒരു ലക്ഷം രൂപയും തൊഴിലാളി മരണപ്പെട്ടാൽ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം 10,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## ജല അതോറിറ്റിയുടെ പ്രവൃത്തികൾമൂലം റോഡുകൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണി

13 (*223) ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ കുഴിയെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത്, ജലവിഭവ വകുപ്പുകൾ തമ്മിൽ നിലനിൽക്കുന്ന തർക്കം പരിഹരിക്കുവാൻ ഇരുവകുപ്പുകളിലെയും മന്ത്രിമാരുടെ നേതൃത്വത്തിൽ രണ്ട് വർഷം മുമ്പ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; അതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൈപ്പ് പൊട്ടി റോഡ് തകരുന്നത് ഉൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളിൽ മരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറെ വിവരം അറിയിച്ച ശേഷം ജല അതോറിറ്റി അറ്റകുറ്റപ്പണി നടത്തണം എന്ന് നിർദ്ദേശിച്ചിരുന്നോ;

(ഡി) എങ്കിൽ പാലാരിവട്ടം മെട്രോ സ്റ്റേഷന് സമീപം പൈപ്പ് പൊട്ടി കുഴിയുണ്ടായത് യഥാസമയം അറ്റകുറ്റപ്പണി നടത്തി പരിഹരിക്കാതിരുന്നത് എന്തുകൊണ്ടാണ്; ഇതുമൂലമുണ്ടായ അപകടത്തിൽ ഒരു യുവാവിന് ജീവൻ നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജല അതോറിറ്റിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി</u>):

(എ&ബി) വാട്ടർ അതോറിറ്റിയുടെ വർക്കുകളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കേണ്ടിവരുന്നതും തുടർന്ന് റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതും സംബന്ധിച്ച് വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും തമ്മിൽ പലപ്പോഴും അഭിപ്രായ ഭിന്നത ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 17-6-2016-ന് പൊതുമരാമത്ത്-ജലവിഭവ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഇരുവകുപ്പുകളിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 21-11-2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 1602/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് റോഡുകൾ വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾക്കായി വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയുമുണ്ടായി.

1. ഇന്റർ കണക്ഷനും ഹൗസ് കണക്ഷനും ആവശ്യമുള്ളിടത്ത് മാത്രം ചെയ്യേണ്ടതാണ്.
2. റോഡ് മുറിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് കത്ത് നൽകി അനുമതി വാങ്ങേണ്ടതാണ്.
3. കഴിയുന്നതും ടാർ പോർഷൻ ഒഴിവാക്കി വശങ്ങളിൽ പൈപ്പ് ഇടാൻ കഴിയുമെങ്കിൽ ഇങ്ങനെ ചെയ്യേണ്ടതാണ്.
4. അടിയന്തര സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചതിനുശേഷം വാട്ടർ അതോറിറ്റി അറ്റകുറ്റപ്പണി നടത്തുക. തുടർന്ന് റിക്വസ്റ്റ് നൽകുകയും പണം കെട്ടി വയ്ക്കുകയും ചെയ്യുക.
5. പൊതുമരാമത്ത് മാന്വലിന്റെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ചെയ്യേണ്ടതാണ്.

6. റോഡ് കട്ട് ചെയ്യുന്നതും പുനഃസ്ഥാപിക്കുന്നതും രണ്ട് വകുപ്പുകളിലേയും എഞ്ചിനീയർമാരുടെ മേൽ നോട്ടത്തിൽ മാത്രമായിരിക്കണം. ഇരു വകുപ്പുകളിലേയും ഉദ്യോഗസ്ഥർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും റെസ്റ്റോറേഷൻ ചാർജ്ജ് അടയ്ക്കുകയും ചെയ്തതിനുശേഷം റോഡ് കട്ട് ചെയ്യാവുന്നതാണ്.

7. മേജർ വർക്ക് ചെയ്യുന്നത് രണ്ട് വകുപ്പുകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലും സാന്നിദ്ധ്യത്തിലും ആയിരിക്കണം. മറ്റ് വർക്കുകൾ ചെയ്യുന്നതും രണ്ട് വകുപ്പുകളിലെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലും സാന്നിദ്ധ്യത്തിലും ആയിരിക്കണം. ഇക്കാര്യങ്ങൾ ഓരോ ജില്ലയിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പുവരുത്തണം.

8. റോഡും നമ്മുടേതാണ് പൈപ്പും നമ്മുടേതാണ് എന്ന കാഴ്ചപ്പാടോടെ സൂക്ഷ്മതയോടെ പ്രവൃത്തികൾ ചെയ്യേണ്ടതാണ്.

9. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട കോൺട്രാക്ടറുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

തുടർന്ന് 5-1-2018-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 30/2018/പൊ.മ.വ. പ്രകാരം തുടർ മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു)*

(സി) നിർദ്ദേശിച്ചിരുന്നു.

(ഡി) പാലാരിവട്ടം മെട്രോ സ്റ്റേഷന് സമീപം എറണാകുളം-ആലുവ റോഡിൽ കേരള ജല അതോറിറ്റിയുടെ ജലവിതരണ കുഴലിൽനിന്നും വളരെ ചെറിയ തോതിൽ വെള്ളം ചോർന്ന് റോഡിന്റെ ഉപരിതലത്തിലേക്ക് നനഞ്ഞു വന്നപ്പോൾത്തന്നെ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുകയും ചോർച്ചയാണോ എന്ന് പരിശോധിച്ച് പരിഹരിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. (റോഡ്സ്)-യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് റോഡ് മുറിക്കുന്നതിനുള്ള അനുമതി തേടുകയും ചെയ്തിരുന്നു. എന്നാൽ ഇരു വകുപ്പുകളും സമയോചിതമായി ഏകോപന പ്രവർത്തനങ്ങൾ വേണ്ടവിധം നടത്തുന്നതിൽ വന്ന പോരായ്മയാണ് യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റ പണികൾ നടത്താൻ സാധിക്കാതെ വന്നത്. അതിനാൽ ടി വിഷയം അന്വേഷിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി.&ജനറൽ)-നെ ചുമതലപ്പെടുത്തുകയും അന്വേഷണം പുരോഗമിക്കുകയുമാണ്. ഇതു സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

14 (*224) ശ്രീ. ആർ. രാജേഷ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലത്തും വേനൽക്കാലത്തും ഒരുപോലെ ശുദ്ധജലക്ഷാമം നേരിടുന്ന കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പ്രദേശത്തെ നദികളിലെയും തോടുകളിലെയും വെള്ളത്തിലുള്ള കോളിഫോം ബാക്ടീരിയയുടെ ആധിക്യം ഇല്ലാതാക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റിനും മാലിന്യവാഹിയായി മാറിയിട്ടുള്ള പമ്പാനദിയുടെ ശുചീകരണത്തിനും പരിപാടിയുണ്ടോ;

(സി) പുഴകളിലും കനാലുകളിലും എക്കലും ചെളിയും നിറഞ്ഞ് നീരൊഴുക്ക് അസാധ്യമായിട്ടുള്ളതിനാൽ കുട്ടനാട് പാക്കേജിൽ ഇത് പരിഹരിക്കാനായി പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ; പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കുട്ടനാട്ടിലെ 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി രണ്ട് പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. കിഫ്ബി സഹായത്തോടെയുള്ള കുട്ടനാട് കുടിവെള്ള പദ്ധതി.
2. 13-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടുകൂടിയുള്ള കുട്ടനാട് കുടിവെള്ള വിപുലീകരണ പദ്ധതി

ഈ രണ്ട് പദ്ധതികളുടേയും വിശദാംശം താഴെ കൊടുക്കുന്നു.

1. കിഫ്ബിയുടെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി

പ്രധാന ഘടകങ്ങൾ

സ്രോതസ്സ് : പമ്പാനദി

ശുദ്ധീകരണശാല : നീരേറ്റുപുറം (30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാല)

ഉന്നതതല ജലസംഭരണി : 13 എണ്ണം

ട്രാൻസ്മിഷൻ മെയിൻ : 39.157 കിലോമീറ്റർ

വിതരണശൃംഖല : 894.8 കിലോമീറ്റർ

ഗുണഭോക്താക്കൾ : കുട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകൾ

പാക്കേജ്-1- കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല

പാക്കേജ്-2- ട്രാൻസ്മിഷൻ മെയിൻ (തലവടി, എടത്വ, വീയപുരം)

ഉന്നതതല ജലസംഭരണി (തലവടി-8LL, എടത്വ- 11 LL, വീയപുരം-4.75 LL)

പാക്കേജ്-3- ട്രാൻസ്മിഷൻ മെയിൻ (മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി)

പാക്കേജ്-4-വിതരണശൃംഖല (എടത്വ-73 Km, വീയപുരം-54.80 Km, തലവടി-87.48 Km, തകഴി - 83.70 Km)

ഉന്നതതല ജലസംഭരണി (തകഴി -6 LL)

പാക്കേജ്-5- വിതരണശൃംഖല (മുട്ടാർ 37.96 Km, വെളിയനാട് - 38.72 Km, നീലംപേരൂർ- 37 Km)

ഉന്നതതല ജലസംഭരണി (മുട്ടാർ-3.50 LL, വെളിയനാട്-4.50 LL, നീലംപേരൂർ- 5.50 LL)

പാക്കേജ്-6- വിതരണശൃംഖല (രാമങ്കരി- 43.10 Km, പുളിങ്കുന്ന്-69.22 Km, കാവാലം- കൈനകരി 121.54 Km)

ഉന്നതതല ജലസംഭരണി (രാമങ്കരി-5.75 LL, പുളിങ്കുന്ന്- 12.00 LL, കാവാലം- 8 LL, കൈനകരി- 7 LL, നെടുമുടി- 8.5 LL, ചമ്പക്കുളം- 5.5 LL)

തലവടി, എടത്വ, തകഴി, മുട്ടാർ, രാമങ്കരി, കാവാലം, പഞ്ചായത്തുകളിൽ ജലസംഭരണിക്കായുള്ള KWA വക സ്ഥലം ലഭ്യമാണ്.

ചമ്പക്കുളം പഞ്ചായത്തിൽ, ബ്ലോക്ക് പഞ്ചായത്തുവക ജലസംഭരണിക്കായുള്ള സ്ഥലം ലഭ്യമാണ്.

നെടുമുടി, നീലംപേരൂർ, കൈനകരി, വീയപുരം പഞ്ചായത്തുകളിൽ ടാങ്കുകൾക്കും പഞ്ചായത്തുവക സ്ഥലം ഉണ്ട്.

പുളിങ്കുന്ന്, വെളിയനാട് പഞ്ചായത്തുകളിൽ ടാങ്കുകൾക്കും തലവടി പഞ്ചായത്തിൽ ശുദ്ധീകരണശാലയ്ക്കും സ്വകാര്യസ്ഥലം ഏറ്റെടുക്കേണ്ടതുണ്ട് - നടപടികൾ പുരോഗമിച്ചുവരുന്നു.

ഉന്നതതല ജലസംഭരണികൾ ഒഴികെയുള്ള (കൈനകരി, പുളിങ്കുന്ന്) ബാക്കി സ്ഥലങ്ങളിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി.

ശുദ്ധീകരണശാലയ്ക്കുവേണ്ടി തലവടി പഞ്ചായത്തിൽ കണ്ടെത്തിയ സ്ഥലം wet land conversion-നുവേണ്ടി 6-12-2019-ൽ അഗ്രികൾച്ചർ ഓഫീസിൽ നൽകിയെങ്കിലും പാടശേഖര കമ്മിറ്റിയിൽനിന്നും അനുകൂല തീരുമാനം ലഭിച്ചിട്ടില്ല. ഇതിനുപകരമായി അനുയോജ്യമായ പുരയിടം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എങ്കിലും പുതിയ സ്ഥലത്തിന് അനുയോജ്യമായ രീതിയിൽ പദ്ധതി റീഡിസൈൻ ചെയ്യേണ്ടി വരും.

ശുദ്ധീകരണശാല ഉൾപ്പെടുന്ന പാക്കേജ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റിലുൾപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് റെസ്റ്റോറേഷനുള്ള എസ്റ്റിമേറ്റിനായി സംയുക്ത പരിശോധനയ്ക്കായുള്ള പൊതുമരാമത്ത് വിഭാഗത്തിനെ സമീപിച്ചിട്ടുണ്ട്.

2. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഭരണാനുമതി ലഭിച്ച 70.00 കോടി രൂപയുടെ പ്രവർത്തനങ്ങൾ 3 പാക്കേജുകളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. വിശദവിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

കൂടാതെ നിലവിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ നീരേറ്റുപുറം ശുദ്ധീകരണശാലയും കുട്ടനാട് കുടിവെള്ള പദ്ധതിയും തിരുവല്ല ശുദ്ധീകരണ ശാലയിൽ നിന്നും വെളിയനാട് പഞ്ചായത്തിനുവേണ്ടിയുള്ള പദ്ധതിയും കൂടാതെ വിവിധ പഞ്ചായത്തുകളിലായി 25 കുഴൽ കിണർ കുടിവെള്ള പദ്ധതികളും പ്രവർത്തിച്ചു വരുന്നു. ഈ മണ്ഡലത്തിലേക്ക് ഇപ്പോൾ 20 mld ജലവിതരണം ചെയ്യുന്നുണ്ട്.

കെ.ആർ.ഡബ്ല്യൂ.യു.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പരിപാടിയിൽ ശുദ്ധജലക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ പ്രത്യേകം തെരഞ്ഞെടുത്ത് അർഹരായ കുടുംബങ്ങൾക്ക്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുൻഗണനാടിസ്ഥാനത്തിൽ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നു. കുട്ടനാട്ടിൽ ഉൾപ്പെടുന്ന നീലംപേരൂർ, രാമങ്കരി, എടത്വ എന്നീ ഗ്രാമപഞ്ചായത്തുകളിലെ 525 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം കാവാലം, പുളിങ്കുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിലായി 200 കുടുംബങ്ങൾക്കുള്ള മഴവെള്ള സംഭരണികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) ആലപ്പുഴ ജില്ലയിലെ ശുചിമുറി മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി FSTP (Faecal Sludge Treatment Plant)-കൾ സ്ഥാപിക്കുന്നതിന് ജില്ലയിലെ ആറ് മുനിസിപ്പാലിറ്റികളിലും ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ പ്രിൻസിപ്പൽ ബെഞ്ചിന്റെ ഉത്തരവുകൾ പ്രകാരം അടിയന്തരമായി നിർദ്ദേശങ്ങൾ നൽകുകയും മുനിസിപ്പാലിറ്റികളിലെ ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 2 ഫീൽഡ് വിസിറ്റുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ നടപടിയായി ഈ വിഷയം ബഹു. ജില്ലാ ജഡ്ജിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി തുടർച്ചയായി ഇക്കാര്യത്തിൽ കൈവരിച്ച പുരോഗതികൾ വിലയിരുത്താൻ പ്രതിമാസ സിറ്റിംഗുകൾ നടത്തുകയും ചെയ്തുവരുന്നു. ഇതിന്റെ ഫലമായി വിവിധ മുനിസിപ്പാലിറ്റികളിൽ (ചേർത്തല, ഹരിപ്പാട്, കായംകുളം, ചെങ്ങന്നൂർ) FSTP സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അമ്പലപ്പുഴ, മാവേലിക്കര മുനിസിപ്പാലിറ്റികളിൽ സ്ഥലം കണ്ടെത്തേണ്ടതായോ മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുക്കേണ്ടതായോ ആയിട്ടുണ്ട്.

പമ്പയിൽ നിലവിലുള്ള, പ്രതിദിനം 35 ലക്ഷം ലിറ്റർ ശുദ്ധീകരണ പ്ലാന്റ് അപര്യാപ്തമായതിനാൽ പുതിയ 50 ലക്ഷം ലിറ്റർ പ്രതിദിന ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാൻ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ O.A.673/2018 ഉത്തരവ് പ്രകാരം പമ്പാ നദിയിൽ മാന്നാർ മുതൽ തകഴിവരെ മലിനീകരിക്കപ്പെട്ട നദീ ഭാഗമായി കണ്ടെത്തിയതിനാൽ പ്രസ്തുത ഭാഗത്തിന്റെ (20 km) പുനരുജ്ജീവനത്തിനായി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ആയതിന്റെ കർമ്മ പദ്ധതി തയ്യാറാക്കി ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിലും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റൽ മോണിറ്ററിംഗ് പരിപാടിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളിൽ ഒന്നായ പമ്പയുടെ

പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു. പമ്പാ നദിയുടെ മലിനീകരണത്തിന്റെ തോതും അതിന്റെ ഉറവിടവും കൃത്യമായി മനസ്സിലാക്കാനും, കൂടാതെ നദിയിൽ മലിനീകരണം ബാധിച്ചിട്ടുള്ള ഭാഗങ്ങളും, ഇതിൽ എത്രത്തോളം ഗാർഹിക മാലിന്യങ്ങൾ, വ്യവസായ മാലിന്യങ്ങൾ എന്നിവയുടെ സാന്നിദ്ധ്യമുണ്ടെന്നും കണ്ടുപിടിക്കാനുമുള്ള പഠനങ്ങൾ നടത്തി, നദിയുടെ സുസ്ഥിരതയ്ക്കും കൂടാതെ ജലത്തിന്റെ ഗുണനിലവാരം നിലനിർത്താനുമുള്ള പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഒരു സാധ്യതാ പഠന റിപ്പോർട്ടും ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കാനും, ഈ പ്രവൃത്തി ചെയ്യുന്നതിന് ഒരു കൺസൾട്ടൻസിയെ ചുമതലപ്പെടുത്താനുമാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനുവേണ്ടിയുള്ള റിക്വസ്റ്റ് ഫോർ എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് (REoI) പരസ്യപ്പെടുത്തുകയും അതിന് ലഭിച്ച പ്രതികരണങ്ങളുടെ മൂല്യനിർണ്ണയം നടത്തി 7 കൺസൾട്ടൻസികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട കൺസൾട്ടൻസിന് ലിമിറ്റഡ് ടെണ്ടർ വഴി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) പരസ്യപ്പെടുത്തിയിട്ടുണ്ട്.

(സി) കുട്ടനാട്ടിലെ തോടുകളിലെയും മറ്റ് ജലാശയങ്ങളിലും പോളയും ചെളിയും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് നീരൊഴുക്ക് കുറയുകയും, ജലസംഭരണശേഷി കുറയുകയും ചെയ്തു. ഒട്ടനേകം വർഷമായി കായലിൽ കുട്ട കുത്തൽ നടക്കാത്തതിനാൽ slit അടിഞ്ഞുകൂടി കായലിന്റെ ആവാഹനശേഷി കുറഞ്ഞിട്ടുണ്ട്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ വളരെ അത്യാവശ്യമായി നവീകരിക്കേണ്ട തോടുകൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോടുകൾ നവീകരിക്കുമ്പോൾ കിട്ടുന്ന ചെളി ഉപയോഗിച്ച് പാടങ്ങളുടെ പുറംബണ്ട് നിർമ്മാണം, ജിയോടെക്സ്റ്റൈയിൽ, മുള എന്നിവ ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തൽ, എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 30.591 കിലോമീറ്റർ തോടുകളുടെ ശുചീകരണം, പൂർത്തീകരിക്കുകയും 164.723 കിലോമീറ്റർ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുട്ടനാട് പാക്കേജിന്റെ രണ്ടാം പാക്കേജിലുൾപ്പെടുത്തി 37.4 കിലോമീറ്റർ തോടുകൾ ശുചീകരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

15 (*225) ശ്രീ. പി. കെ. ശശി :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവൽകൃത തൊഴിൽ കമ്പോളത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് തൊഴിൽ വൈദഗ്ദ്ധ്യവും നൈപുണിശേഷിയും ആർജ്ജിക്കാൻ അവസരമൊരുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അവയുടെ വിശദാംശം നൽകുമോ;

(ബി) സംസ്ഥാന നൈപുണ്യ വികസന മിഷനായി പ്രഖ്യാപിച്ചിട്ടുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഈ രംഗത്ത് നടത്തുന്ന പ്രവർത്തനം വിശദീകരിക്കാമോ;

(സി) നൂറ് കോടി രൂപ ചെലവിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കൺസ്ട്രക്ഷൻ അക്കാദമി വിഭാവനം ചെയ്യുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിൽ KASE നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്.

I. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

നിലവിൽ KASE -ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 6 സെന്റേഴ്സ് ഓഫ് എക്സലൻസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ മേനംകുളത്ത് പ്രവർത്തിക്കുന്ന കിൻഫ്ര അപ്പാരൽ പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

2. സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)

സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന Pragmatic Educational Society-യുമായി സഹകരിച്ച് CATS എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ മേനംകുളത്ത് പ്രവർത്തിക്കുന്ന കിൻഫ്ര അപ്പാരൽ പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

3. എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ "ESPOiR" അങ്കമാലിയിലെ INKEL ടവറിൽ ഒരുക്കിയിട്ടുള്ള ഇന്റർ നാഷണൽ അപ്പാരൽ പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

4. സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് (CRETT)

ടീച്ചിംഗ് മേഖലയിൽ ബിരുദധാരികളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ അദ്ധ്യാപകരുടെ നൈപുണ്യ വികസനം ലക്ഷ്യമാക്കി സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ചുകൊണ്ട് CRETT എന്ന മികവിന്റെ കേന്ദ്രം 2-2-2016-ൽ കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പയിൽ പ്രവർത്തനം ആരംഭിച്ചു.

5. സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി (SWAT)

വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് SWAT എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ Certified Course in Water & Waste Water Treatment Plant Operator/Helper എന്ന കോഴ്സ് നടപ്പിലാക്കിവരുന്നു.

II. അക്രെഡിറ്റേഷൻ പ്രോഗ്രാമുകൾ

അക്രെഡിറ്റേഷൻ

വിവിധ വ്യവസായ മേഖലകളിൽനിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് KASE -ന്റെ അംഗീകാരം ലഭ്യമാക്കുന്നു. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിമിന്റെ (NSQF) മാനദണ്ഡങ്ങൾക്കനുസരിച്ച്

കോഴ്സുകൾ രൂപകൽപ്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിക്കൊടുക്കുക എന്ന വ്യവസ്ഥയിന്മേലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകുന്നത്. ഈ കോഴ്സുകൾ പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മികച്ച തൊഴിലവസരങ്ങൾ സ്ഥാപനങ്ങൾ മുഖേന തന്നെ ലഭിക്കുന്നു.

III. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)</u>

നിർമ്മാണ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ പ്രവർത്തിച്ചുവരുന്നു. മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി നിലവിൽ 20 കോഴ്സുകൾ നടന്നുവരുന്നു.

IV. <u>കൗശൽ കേന്ദ്രങ്ങൾ</u>

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള സംരംഭമാണ് കൗശൽ കേന്ദ്ര. ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. കൊല്ലം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലാണ് കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽകൂടി കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

V. <u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)</u>

പരമ്പരാഗതരീതിയും ആധുനികരീതിയും സംയോജിപ്പിച്ച്, ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു.

Integrated Life style Product Design, Integrated Textile & Apparel Design, IT Integrated Communication Design എന്നിവയിൽ അഞ്ച് സെമസ്റ്ററുകളിലായി രണ്ടര വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകളാണ് നടത്തി വരുന്നത്.

VI. സ്റ്റേറ്റ് ജോബ് പോർട്ടൽ

വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും മറ്റ് സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

VII. സ്കിൽ രജിസ്ട്രി

ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ദ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി എന്ന പേരിൽ വികസിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്ക്, പെയിന്റിംഗ്, ഡ്രൈവിംഗ്, ഗാർഹിക തൊഴിൽ എന്നിങ്ങനെ വിവിധങ്ങളായ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ദ്ധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ ഒരുക്കിയിട്ടുണ്ട്. തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരെ സർവ്വീസ് പ്രൊവൈഡർ ആയും, ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യിക്കാവുന്നതാണ്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ ഈ സംവിധാനം നിലവിൽ വന്നു. മറ്റ് ജില്ലകളിലേക്കും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനായുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

VIII. മൾട്ടി ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റ് ലിമിറ്റഡ് (ODEPC)-യുമായി സഹകരിച്ചുകൊണ്ട് ഒരു മൾട്ടി ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അങ്കമാലിയിലെ ഇൻകെൽ ടവറിൽ ഒരുക്കിയിട്ടുള്ള ഇന്റർനാഷണൽ സ്കിൽ പാർക്കിൽ പ്രവർത്തനമാരംഭിച്ചു. നിലവിൽ നഴ്സിംഗ് മേഖലയിലുള്ളവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനായി വിദേശ ഭാഷകളിൽ പ്രാവീണ്യം ലഭ്യമാക്കുകയെന്നതാണ് സെന്റർ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ IELTS, OET എന്നീ കോഴ്സുകളാണ് തുടങ്ങുന്നത്.

## IX. പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY)

ഇന്ത്യയിലെ ബഹുഭൂരിപക്ഷംവരുന്ന തൊഴിൽരഹിതർക്ക് വ്യാവസായിക മേഖല ആവശ്യപ്പെടുന്ന രീതിയിലുള്ള നൈപുണ്യ പരിശീലനം നല്കി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കി മെച്ചപ്പെട്ട ജീവിതസൗകര്യം ലഭ്യമാക്കുകയെന്നതാണ് മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രെണർഷിപ്പിന്റെ പ്രധാന പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY)-യുടെ ലക്ഷ്യം. സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയതിനാൽ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന PMKVY (2016-20)-പദ്ധതിയുടെ Centrally Sponsored State Managed (CSSM) ഘടകം നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയായി KASE- നെ നിയോഗിച്ചിട്ടുണ്ട്. 2020-ഓടു കൂടി 71,450 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 13321 പേരാണ് പരിശീലനം നേടിക്കഴിഞ്ഞത്.

## X. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള)മായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

### 1. എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇതുപ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ പരിശീലനങ്ങൾ നല്കി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ തൊഴിൽ മേളകളിലൂടെ സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

2.കരിയർ ഡവലപ്മെന്റ് സെന്റർ (CDC)

തൊഴിലന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു വരുന്നു. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഉപരിപഠനവുമായി ബന്ധപ്പെട്ട എല്ലാവിധ സംശയങ്ങളും ദൂരീകരിക്കുന്നതിനുള്ള സംവിധാനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. മികച്ച കോഴ്സുകൾ, പഠനാനന്തരമുള്ള തൊഴിൽ സാധ്യത, ഓരോ കാലഘട്ടത്തിലേയും തൊഴിൽ വിപണിയുടെ പൊതുസ്വഭാവം, പുതിയ പ്രവണതകൾ തുടങ്ങി നിരവധി കാര്യങ്ങളിൽ അറിവ് ലഭിക്കുന്നതിന് സെന്റർ സഹായകരമാകും. കൂടാതെ വിവിധ സർക്കാർ-പൊതു-സ്വകാര്യ മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ, പരീക്ഷാ പരിശീലന രീതികൾ തുടങ്ങിയ വിവരങ്ങളും സെന്ററിൽനിന്നും ലഭിക്കും. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലോട്ടും ആലപ്പുഴ ജില്ലയിലെ കായംകുളത്തും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ നിർമ്മാണ, അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവർക്കും അവരുടെ ആശ്രിതർക്കും സംരംഭകർക്കും ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ, പരമ്പരാഗത കെട്ടിട നിർമ്മാണ രീതികൾ എന്നിവയിൽ പരിശീലനം നൽകാനാണ് നാഷണൽ കൺസ്ട്രക്ഷൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ അക്കാദമി കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്. മൂന്ന് മാസം മുതൽ ഒരു വർഷംവരെ ദൈർഘ്യമുള്ള വിവിധ കോഴ്സുകളാണ് പ്രോജക്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നിർമ്മാണ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും നിലവിലെ നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്ന അവിദഗ്ദ്ധരായ തൊഴിലാളി കൾക്ക് കാർപ്പന്ററിയിൽ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിനുംകൂടി ലക്ഷ്യമിട്ടാണ് അക്കാദമി കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്.

## കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക്

16(*226) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് തൊഴിലില്ലായ്മ കഴിഞ്ഞ നാല്പത്തഞ്ച് വർഷത്തെ ഏറ്റവും മോശമായ അവസ്ഥയിലാണെന്ന ദേശീയ സാംപിൾ സർവെ ഓർഗനൈസേഷന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ആഘാതങ്ങൾ കേരളത്തിൽ എപ്രകാരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് കണക്കാക്കിയിട്ടുണ്ടോ; ഇത് ദേശീയ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ എപ്രകാരമാണെന്ന് വിശദമാക്കുമോ;

(സി) ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വേണ്ട തൊഴിൽ ലഭ്യമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി.രാമകൃഷ്ണൻ):

(എ) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ National Statistical Office -ന്റെ Periodic Labour Force Statistics- 2019 മേയ് മാസം പുറപ്പെടുവിച്ചിട്ടുള്ള വാർഷിക റിപ്പോർട്ടനുസരിച്ച് 2017-18 വർഷത്തെ കണക്ക് പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 6.1 ശതമാനമാണ്. കേരളത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളിലെക്കാൾ കൂടുതലാണെന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്. ആയത് പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് വഴി നിരവധി പദ്ധതികൾ തൊഴിൽരഹിതർക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ശരണ്യ, കെസ്റു, കൈവല്യ, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ എന്നീ പേരുകളിൽ 4 സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കുന്നതുവഴി സംസ്ഥാനത്ത് 35000-ലധികം ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചതുവഴി സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽവച്ച് നടത്തുന്ന 'നിയുക്തി' മെഗാ ജോബ്

ഫെയറുകൾവഴി സ്വകാര്യ മേഖലയിലെയും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ധനുസ്സ് പദ്ധതി എന്നിവവഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് വകുപ്പുവഴി നൽകിവരുന്നുണ്ട്.

(ബി) ഉണ്ട്. 2017-18 വർഷത്തെ കണക്ക് പ്രകാരം കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് 11.4 ശതമാനമാണ്. കണക്കുകൾ പ്രകാരം കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയെക്കാൾ 5.3 ശതമാനം കൂടുതലായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക്, ദേശീയ തൊഴിൽ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ (2020 ജനവരി വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം 3418072 (മുപ്പത്തി നാല് ലക്ഷത്തി പതിനെട്ടാ യിരത്തി എഴുപത്തി രണ്ട്) ആണ്. എന്നാൽ ഇതിൽ തൊഴിൽ നേടുന്നതിന് അർഹതയുള്ള 18 വയസ്സിനും 50 വയസ്സിനും ഇടയിലുള്ളവരുടെ എണ്ണം 2975814 (ഇരുപത്തിയൊൻപത് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ്റി പതിനാല്) ആണ്. ബാക്കിയുള്ള 4.42 ലക്ഷം പേർ ഏതെങ്കിലും തൊഴിൽ നേടുന്നതിന് യോഗ്യതയുള്ള പ്രായപരിധിയിൽ ഉൾപ്പെടാത്തവരാണ് (18 വയസ്സിനു താഴെയും 50 വയസ്സിനു മുകളിലും പ്രായമുള്ളവർ) മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം 10.1 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്ന് കാണുന്നു.

(സി) കേരളത്തിന്റെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമായി വിവിധ പദ്ധതികൾ എംപ്ലോയ്മെന്റ് വകുപ്പുവഴി നടപ്പിലാക്കിവരുന്നു. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേയ് ഞ്ചിനോടനുബന്ധിച്ചുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തിപ്പിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകൾ, മോഡൽ കരിയർ സെന്റർ, വിവിധ തരം സ്വയം തൊഴിൽ പദ്ധതികൾ, ജോബ് ഫെയറുകൾ, മത്സര പരീക്ഷാ പരിശീലനം എന്നിവവഴി സർക്കാർ/സ്വകാര്യ മേഖലയിൽ തൊഴിലിന് പ്രാപ്തരാക്കുകയും, നൈപുണ്യ പരിശീലനം നല്കുന്നതുവഴി തൊഴിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മേഖലാടിസ്ഥാനത്തിൽ നിയുക്തി ജോബ് ഫെയറുകൾ നടത്തി വരുന്നു. പ്രസ്തുത സംരംഭം ഫലപ്രദമാണ്.

## റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി

17(*227) ശ്രീമതി യു. പ്രതിഭ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ സാധ്യതയുള്ള നദികൾക്ക് കൂടുതൽ സ്ഥലം ഒരുക്കി നൽകുന്നതിലേയ്ക്കായി പമ്പാനദിയെ പൈലറ്റ് പദ്ധതിയാക്കിക്കൊണ്ട് 'റൂം ഫോർ ദി റിവർ' പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച നദികളുടെയും തോടുകളുടെയും ജലാശയങ്ങളുടെയും പുനരുദ്ധാരണത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജലമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ, നദികളിൽ, പ്രത്യേകിച്ച് കുട്ടനാട് മേഖലയിലെ പമ്പ, അച്ചൻകോവിൽ നദികളിൽ പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കാനുദ്ദേശിച്ച് നദികളുടെ ആഴവും വീതിയും കൂട്ടിയും ബൈപ്പാസ് ചാനലുകളുടെ പുനരുദ്ധാരണം നടത്തിയും ലീഡിംഗ് ചാനലുകളുടെ ബണ്ടുകൾ ബലപ്പെടുത്തിയും, ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണം നടത്തിയും നെതർലാന്റ് മാതൃകയിൽ, നദിക്ക് വഴിയൊരുക്കുന്ന (Room for River) പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള മാതൃകകൾ പരിശോധിക്കുന്നതാണ്.

(ബി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച നദികളുടെയും തോടുകളുടെയും ജലാശയങ്ങളുടെയും പുനരുദ്ധാരണത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു :

i. പുഴയ്ക്ക് വഴിയൊരുക്കുന്ന (Room for River) പദ്ധതി.

ii. നദീതട സംരക്ഷണം പരിപാലന അതോറിറ്റി (River Basin Conservation and Management Authority) രൂപീകരണം.

iii. കേരള ജലവിഭവ വിവര സംവിധാന (Kerala Water Resources Information System) ത്തിന്റെ വികസനം

(സി) സംസ്ഥാനത്തെ എല്ലാ നദികളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമാക്കി ഒരു നദീതട സംരക്ഷണ പരിപാലന അതോറിറ്റി (River Basin Conservation and Management Authority)-ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി RBCMA ആക്ടിന്റെ കരട് തയ്യാറാക്കുന്നതിന് ഒരു 11 അംഗ സംസ്ഥാനതല കമ്മിറ്റി 3-5-2019-ൽ രൂപീകരിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ആക്ട് തയ്യാറാക്കുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഒരു 13 അംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 10-6-2019-ൽ രൂപീകരിക്കുകയുണ്ടായി. കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**ടോഡി ബോർഡ് രൂപീകരണം**

18(*228) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുക്തിരഹിതമായ ചില വ്യവസ്ഥകൾമൂലം കള്ളുഷാപ്പുകളുടെ പ്രവർത്തനം ദുഷ്കരമായത് ഈ മേഖലയിലെ ഒരു ലക്ഷത്തോളം വരുന്ന പരമ്പരാഗത തൊഴിലാളികളുടെ ജീവിതം ദുസ്സഹമാക്കിയിട്ടുള്ളതിനാൽ ഈ വ്യവസായത്തിന്റെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) ടോഡി ബോർഡ് രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ ഇതുവഴി പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) തൊഴിലാളി താല്പര്യം കണക്കിലെടുത്ത് ഈ വ്യവസായത്തെ വൻകിട മദ്യ ലോബികളിൽ നിന്ന് വിമുക്തമാക്കി പൊതുമേഖലയിലാക്കുന്ന കാര്യം പരിശോധിക്കുമോ; വ്യാജകള്ള് നിർമ്മാണം ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനം തടയാൻ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സർക്കാരിന്റെ നയ തീരുമാനങ്ങൾ കാരണം കള്ളുഷാപ്പുകളുടെ പ്രവർത്തനം ദുഷ്കരമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ ഒരു വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തെയും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളു എന്ന് ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ഒട്ടേറെ പദ്ധതികൾ ഈ സർക്കാർ കള്ള് വ്യവസായ മേഖലയിൽ നടപ്പിലാക്കിവരുന്നുണ്ട്.

സർക്കാരിന്റെ 2020-21 വർഷത്തെ മദ്യനയത്തിൽ കള്ളുഷാപ്പുകൾ ടോഡി ബോർഡ് നിലവിൽ വരുന്നതുവരെയോ മൂന്ന് വർഷം വരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 50 ശതമാനം റെന്റൽ തുക കുറച്ച് വിൽപ്പന നടത്തുവാനും അതിലും വിൽപ്പനയിൽപ്പോകാത്ത കള്ളുഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 500 രൂപ റെന്റലിന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം കൂടുതൽ കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിക്കുവാൻ സഹായകരമാണ്.

ചെത്ത് വൃക്ഷങ്ങളിൽനിന്നും ദിനംപ്രതി ലഭിക്കുന്ന കള്ളിന്റെ അളവ് 1.5 ലിറ്ററിൽനിന്നും 2 ലിറ്ററായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. നിലയിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് തുടർന്നും ലൈസൻസ് നൽകുന്നതിന് അനുമതി നൽകി നിലവിലെ കള്ളുഷാപ്പുകളെ സംരക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്

(ബി) കള്ള് ചെത്ത് വ്യവസായത്തെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി 2017-18-ലെ അബ്കാരി നയത്തിൽ സർക്കാർ പ്രഖ്യാപിച്ച ടോഡി ബോർഡ് രൂപീകരണത്തിനുള്ള കരട് ബിൽ സജീവ പരിഗണനയിലാണ്.

കള്ളിന്റെ ശുദ്ധത ഉറപ്പാക്കുവാനും, കള്ളിന്റെ സംഭരണവും വിതരണവും കാര്യക്ഷമമാക്കുവാനും, കള്ളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും അത്യുല്പാദന ശേഷിയുള്ള ചെത്ത് വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുവാനും, കള്ളു ഷാപ്പുകളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, തൊഴിലാളികൾക്ക് പരിശീലനം നൽകുവാനും, കള്ളുചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതി വിവരണ കണക്കുകൾ സൂക്ഷിക്കുവാനും, ഈ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനും ടോഡി ബോർഡിന്റെ രൂപീകരണത്തോടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കള്ള് ചെത്ത് വ്യവസായം പൊതുമേഖലയിലാക്കുന്ന കാര്യം പരിഗണനയിലില്ല.

വ്യാജ കള്ള് നിർമ്മാണം ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളും പ്രദേശങ്ങളും പ്രത്യേകം നിരീക്ഷിച്ചുവരുന്നു. വ്യാജകള്ള് നിർമ്മാണം സംബന്ധിച്ച് എക്സൈസ് ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായ രഹസ്യാന്വേഷണങ്ങൾ നടത്തുന്നുണ്ട്. എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരമായി കള്ള് സാമ്പിളുകൾ ശേഖരിക്കുകയും അവ രാസ പരിശോധനയ്ക്ക് അയയ്ക്കുകയും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മൂന്ന് മേഖലകളിലായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ കള്ളിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി എക്സൈസ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു.

**ജലസേചനത്തിനുള്ള ജല ഉപയോഗം കുറയ്ക്കാൻ നടപടികൾ**

19(*229) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി .എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല വിളകൾക്കും ആവശ്യമായതിന്റെ ഇരുപത്തിമൂന്ന് ഇരട്ടിയിലധികം വെള്ളമാണ് കേരളത്തിൽ ജലസേചനത്തിനായി ഉപയോഗിക്കുന്നത് എന്ന വിദഗ്ധ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള ജല ഉപയോഗം കുറയ്ക്കുന്നതിനും ഫലപ്രദമായി ജലസേചനം നടത്തുന്നതിനും സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവ ഇതിന് ഫലപ്രദമാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.കെ.കൃഷ്ണൻകുട്ടി):

(എ) ഇല്ല. എന്നാൽ ഉപരിതല ജലസേചന മാർഗ്ഗത്തിലൂടെ കൃഷിയിടങ്ങളിൽ നൽകിവരുന്ന ജലം ശാസ്ത്രീയമായി ഓരോ വിളകൾക്കും നിശ്ചയിച്ചിട്ടുള്ള ആവശ്യത്തിലും അധികമാണെന്നുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജല ഉപയോഗം കുറയ്ക്കുന്നതിനും ഫലപ്രദമായി ജലസേചനം നടത്തുന്നതിനും ജലസേചന വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ആയവ ചുവടെ ചേർക്കുന്നു :

(1) കനാലുകൾവഴി ജലസേചനം നടത്തുമ്പോൾ സീപേജ് ലോസ്സ് കുറയ്ക്കുന്നതിനുവേണ്ടി കനാലുകളുടെ അറ്റകുറ്റപണികൾ നടപ്പിലാക്കി ലൈനിംഗ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു.

(2) കനാലുകളിൽനിന്നും പാടശേഖരങ്ങളിലേയ്ക്ക് നൽകുന്ന ജലത്തിന്റെ അളവ് നിയന്ത്രിക്കുന്നതിനായി കനാൽ സ്ലൂയിസ്സുകളിലെ ഷട്ടറുകൾ ശരിയായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(3) ജലസേചനം ഫലപ്രദമായി നടത്തുന്നതിനുവേണ്ടി കനാലുകളുടെ ആയക്കെട്ട് പ്രദേശത്ത് കാർഷിക കലണ്ടർ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി വാട്ടർ യൂസർ അസോസിയേഷനുകൾ ശക്തമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(4) കൃഷിയിടങ്ങളിലേയ്ക്ക് കനാലുകളിൽനിന്നും ജലസേചനത്തിനായി നിർമ്മിച്ചിട്ടുള്ള ഫീൽഡ് ചാനലുകളിൽ പുനരുദ്ധാരണം ആവശ്യമായവയ്ക്ക് അടിയന്തര മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) ജല ഉപയോഗം കുറയ്ക്കുന്നതിനും ഫലപ്രദമായി ജലസേചനം നടത്തുന്നതിനുംവേണ്ടി വിവിധ പദ്ധതികളിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സ്കീമുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1294.55 ഹെക്ടർ പ്രദേശത്ത് 53 സ്കീമുകളിലായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സാധ്യമായിട്ടുള്ള സ്ഥലങ്ങൾ ജലസേചന വകുപ്പിലേയും കൃഷി വകുപ്പിലേയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തി കണ്ടെത്തിയിട്ടുണ്ട്. ഈ സ്കീമുകളുടെ ഡി. പി. ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(സി) ഡ്രിപ്പ് ഇറിഗേഷൻ/സ്പ്രിംഗ്ളർ ഇറിഗേഷൻ വഴി ജലസേചനം നടത്തുമ്പോൾ കാര്യക്ഷമത 90-95 ശതമാനം വരെയും ഉപരിതല മാർഗ്ഗം വഴി (സർഫസ് ഇറിഗേഷൻ) ജലസേചനം നടത്തുമ്പോൾ കാര്യക്ഷമത 50 ശതമാനത്തിനും താഴെയാണെന്ന് വിവിധ പഠനങ്ങളിൽനിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ ഫ്ലഡ് ഇറിഗേഷനുപകരം ഡ്രിപ്പ്/സ്പ്രിംഗ്ളർ ഇറിഗേഷൻ നടപ്പാക്കിയ കൃഷിയിടങ്ങളിൽ ഉത്പാദനം കൂടുതലാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ മൂവാറ്റുപുഴവാലി പദ്ധതിയിലും കല്ലട ജലസേചന പദ്ധതിയിലും തയ്യാറാക്കിയിട്ടുണ്ട്.

## ലഹരിക്കായി ഉപയോഗിക്കുന്ന നിരോധിത മരുന്നുകളുടെ ഓൺലൈൻ വിൽപ്പന

20(*230) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കായി ഉപയോഗിക്കുന്ന നിരോധിത മരുന്നുകൾ സംസ്ഥാനത്ത് ഓൺലൈനിൽ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചി രിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ലഹരിയായി ഉപയോഗിക്കാവുന്ന നിരോധിത മരുന്നുകളുടെ അനധികൃത വിൽപ്പന തടയുവാനുള്ള അധികാരം നൽകിക്കൊണ്ട് ദേശീയ ഡ്രഗ്സ് റെഗുലേറ്റർ എന്തെങ്കിലും ഉത്തരവുകൾ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ)

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിവിധ സാമൂഹിക മാധ്യമങ്ങൾ, ഡാർക്ക് വെബ് തുടങ്ങിയവ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിവിധ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെടുത്ത് നിയമ നടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിയുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ വിപണനം സംബന്ധിച്ചും സോഷ്യൽ മീഡിയയിൽ വർദ്ധിച്ചുവരുന്ന പ്രചാരണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എക്സൈസ് വകുപ്പിൽ ഒരു സൈബർസെൽ നിലവിലെ സംവിധാനം ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഓൺലൈൻ സംവിധാനംവഴി സംസ്ഥാനത്തെ കൊറിയർ, പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിയിട്ടുള്ളതാണ്.

(സി&ഡി) ഇല്ല. Narcotic Drugs & Psychotropic Substance Act (NDPS) പ്രകാരമുള്ള 110 ഇനം Psychotropic Substance-കളിൽ Alprazolam, Buprenorphine, Chlodiazepoxide, Diazepam, Midazolam, Nitrazepam, Pentazocine എന്നിവയാണ് രോഗ ചികിൽസയ്ക്കായുള്ള മരുന്നുകളായി മെഡിക്കൽ ഷോപ്പുവഴി ലഭ്യമായിട്ടുള്ളത്. ഇവയുടെ ദുരുപയോഗം തടയുന്നതിനായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിൽ ഭേദഗതി വരുത്തി ഇവയെല്ലാം ഷെഡ്യൂൾ എച്ച്1 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിപണിയിൽ ലഭ്യമായതും എന്നാൽ ഡോക്ടറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം വിൽക്കേണ്ടതും ലഹരി ഉളവാക്കും എന്ന ധാരണയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ വിൽപ്പന/വിതരണം എന്നിവ നിയന്ത്രിക്കുന്നതിനായി C & F/Stockist, മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾ എന്നിവിടങ്ങളിൽ എക്സൈസ് വകുപ്പ് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. നിബന്ധനകൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിലേക്കായും ലഹരി ഉളവാക്കുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന സ്കൂൾ/കോളേജ് കാമ്പസ്സുകളുടെ സമീപത്ത് പ്രത്യേകം ജാഗ്രത പുലർത്തി നിരീക്ഷിക്കുന്നതിനായും വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഷെഡ്യൂൾ എച്ച്, എച്ച് 1 വിഭാഗത്തിൽപ്പെടുന്ന മരുന്നുകളുടെ രേഖകളില്ലാതെയുള്ള വിൽപ്പന ഉൾപ്പെടെയുള്ള വിവിധ ലംഘനങ്ങൾക്ക് സംസ്ഥാനത്തെ 360-ഓളം വരുന്ന മരുന്നുകടകളുടെ ഡ്രഗ്സ് ലൈസൻസുകൾ 2016 മുതൽ നാളിതുവരെ ഈ വകുപ്പ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ മറ്റ് വകുപ്പുമായി ചേർന്ന് റെയ്ഡുകളും എക്സൈസ് വകുപ്പ് നടത്താറുണ്ട്. ഇത്തരം റെയ്ഡുകളിൽ നാളിതുവരെ ഗുരുതര വീഴ്ചകളൊന്നും തന്നെ കണ്ടെത്തിയിട്ടില്ല.

**മയക്കുമരുന്ന് ഉപയോഗം കണ്ടെത്തുന്നതിന് പരിശോധന**

21(*231) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുപയോഗം കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ പരിശോധനകളിൽനിന്നും സിനിമാ മേഖലയെ ഒഴിവാക്കി യിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സിനിമാ സെറ്റുകളിൽ മയക്കുമരുന്നുപയോഗം വ്യാപകമാണെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വില്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി കേസ്സുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 2019 വർഷത്തിൽ എക്സൈസ് വകുപ്പിൽ 13763 അബ്കാരി കേസ്സുകളും 7093 എൻ.ഡി.പി.എസ് കേസ്സുകളും 76833 കോട്പ കേസുകളും കണ്ടെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒഴിവാക്കിയിട്ടില്ല.

(സി) സിനിമാ മേഖല ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മേഖലകളേയും മയക്കുമരുന്ന് വിമുക്തമാക്കുന്നതിന്റെ ഭാഗമായി ശക്തമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടാൽ നിയമപരമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## വന്യജീവി ആക്രമണം തടയുവാൻ പദ്ധതി

22 (*232) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുകളിലെ ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടായ മാറ്റംമൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുകയും ജനങ്ങളെ ആക്രമിക്കുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) ഇത് നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇവ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) വയനാട് ജില്ലയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ആരുടെ ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(ഡി) കിഫ്ബിയുടെ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ആന പ്രതിരോധ മതിൽ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; പദ്ധതിക്ക് ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ&ബി) ഉണ്ട്. വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെപ്പറയുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ്, കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), ജൈവവേലി, കയ്യാല എന്നിവയുടെ നിർമ്മാണം;

2. വനത്തിന് പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ;

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം;

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വന മേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ;

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ;

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ;

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ;

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജല സംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ;

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ

(സി) വയനാട് ജില്ലയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സൗത്ത് വയനാട്/നോർത്ത് വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ എന്നീ ഡിവിഷനുകളിലായി യഥാക്രമം 26.50 കി.മീ, 6 കി.മീ, 11 കി.മീ. എന്നിങ്ങനെ കിഫ്ബിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കിഫ്ബിയുടെ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ഉൾപ്പെടുന്ന വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ 0.41 കി.മീ. നീളത്തിൽ ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 0.19 കി.മീ. ദൂരം പ്രസ്തുത പദ്ധതി പൂർത്തിയാക്കി 33,29,969.42 രൂപയുള്ള ബിൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ദൂരത്തിലേക്കുള്ള മതിൽ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## പട്ടികജാതി-ഗോത്ര വർഗ്ഗക്കാരുടെ തൊഴിൽ ലഭ്യത

23 (*233) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ഭദ്രതയിലൂടെ സാമൂഹ്യ തുല്യത സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്കാർക്ക് സംഘടിത മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ആധുനിക വ്യവസായ മേഖലയ്ക്ക് ആവശ്യമായ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിന് ഇവർക്കിടയിൽ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) നഴ്സിംഗ് ഉൾപ്പെടെയുള്ള മേഖലകളിൽ ഇവർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ പരമ്പരാഗത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വിവിധ കോഴ്സകളിൽ സ്കിൽ ട്രെയിനിംഗ് നൽകി വിവിധ മേഖലകളിൽ ജോലി ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ Digseotech, incaetek എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഫുഡ് പ്രോസെസ്സിംഗ്, ബേക്കറി, ബാക്ക് ഓഫീസ് ട്രെയിനിംഗ്, ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് (ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ), ടിൻകറിംഗ് & പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, സി.സി.ടി.വി. ടെക്നീഷ്യൻ, മെഷ്യൻ ഓപ്പറേറ്റർ, പ്ലാസ്റ്റിക് പ്രോസെസ്സിംഗ് എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പുവരുത്തി

നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food production course എന്നിവയും നടപ്പിലാക്കിവരുന്നു. പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ്ഡിസൈനിംഗ് കോഴ്സ്, Travel & Tourism Course, Spa therapy course, Geriatric Assistant, Airline Customer Service, Security guard, Fashion Designing Course എന്നിങ്ങനെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുകയും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതിയും പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. 2565 പേർക്ക് (360 പേർ വിദേശത്ത് ഉൾപ്പെടെ) ഇപ്രകാരം തൊഴിൽ ലഭിച്ചു.

പട്ടികഗോത്രവർഗ്ഗക്കാർക്ക് സാമ്പത്തിക ഭദ്രതയിലൂടെ സാമൂഹ്യ തുല്യത സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നതിലൂടെ പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിൽ നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/ സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 27 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

<u>തൊഴിൽ നൈപുണ്യം</u>:

2016-17 വർഷം മുതൽ 2019-20 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 18 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 27 കോഴ്സുകളിലായി 5431 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 23 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ ആകെ 2331 പേർക്ക് പരിശീലനം പൂർത്തിയാക്കി തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്.

കൂടാതെ 2019-20 വർഷത്തിൽ 1050 പേർക്കുകൂടി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന ഗോത്ര ജീവിക പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉയർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവ. ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി. പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ചെയ്യുന്നു.

എംപ്ലോയ്മെന്റ് സ്പെഷ്യൽ ഡ്രൈവ്:

എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

സ്പെഷ്യൽ റിക്രൂട്ട്മെന്റ്:

പോലീസ്, എക്സൈസ് വകുപ്പുകളിലായി 100 പട്ടികവർഗ്ഗക്കാർക്ക് ജോലി നൽകി. വനം വകുപ്പിൽ വാച്ചർമാരായി 500 പേരെ നിയമിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

കരിയർ ഗൈഡൻസ് ജോബ് ഫെയർ:

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപ്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് ടു, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

സെന്റർ ഓഫ് സ്കിൽ എക്സലൻസ്:

2017-18 -ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 282 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ഇതിന്റെ ആദ്യബാച്ചിൽ 59 കുട്ടികൾ പരിശീലനം പൂർത്തിയാക്കി പ്ലെസ്മെന്റ് ഉറപ്പാക്കി രണ്ടാം ഘട്ടം പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിൽ 300 ഓളം വിദ്യാർത്ഥികൾക്ക് ഒരേ സമയം പരിശീലനം നൽകുന്നതിന് സാധിക്കും.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:

വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷത്തിലെ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യൂണിഫോമും നൈറ്റ് ഡ്രസുകളും ഇവിടെ തുന്നുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആധുനിക വ്യവസായ മേഖലയിൽ ജോലി ലഭ്യത ഉറപ്പുവരത്തക്കവിധം വിവിധ കോഴ്സുകളിൽ സ്കിൽ ട്രെയിനിംഗ് നൽകുന്ന പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ഐ.റ്റി.ഐ.-കളിൽ നിന്നു പാസ്സാകുന്നവർക്ക് പ്ലെസ്മെന്റ് ലഭ്യമാക്കുവാൻ ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു.

ആധുനിക വ്യവസായ രംഗത്ത് ജോലി സാധ്യതയുള്ള തൊഴിലുകൾക്കനുസൃതമായ രീതിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിനായി സർക്കാർ അംഗീകൃത തൊഴിൽ പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വിവര സാങ്കേതികവിദ്യ മുതൽ നഴ്സിംഗ് ഉൾപ്പെടെയുള്ള തൊഴിൽ നൈപുണ്യ അധിഷ്ഠിത കോഴ്സുകളിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനം നൽകി വരുന്നു. എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുക എന്ന കരാർകൂടി ടി പരിശീലന സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുന്നുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പ് വിവിധ ഏജൻസികൾ മുഖേന നഴ്സിംഗ് കഴിഞ്ഞവർക്ക് തൊഴിൽ പരിചയം ലഭിക്കുന്നതിനായി സർക്കാർ ആശുപത്രികളിൽ 2 വർഷം പ്ലെസ്മെന്റ് നൽകിവരുന്നു. നഴ്സിംഗ് ബിരുദം/ഡിപ്ലോമ നേടിയ ശേഷം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ IELTS ഉൾപ്പെടെയുള്ള പരിശീലനവും നൽകി വരുന്നു. വകുപ്പിന്റെ ധനസഹായത്തോടെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളും നടത്തിവരുന്നുണ്ട്.

കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (കെയ്സ്) എന്ന സർക്കാർ സ്ഥാപനവുമായി അക്രെഡിറ്റ് ചെയ്തിട്ടുള്ള അംഗീകൃത പരിശീലന സ്ഥാപനങ്ങൾവഴി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നഴ്സിംഗ് മേഖലയിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സും 4,5 മാസങ്ങളിലെ ഹ്രസ്വകാല കോഴ്സുകളും നടത്തിവരുന്നുണ്ട്. കൂടാതെ ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് എന്ന സ്ഥാപനം മുഖേന 70 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആയുർവേദ പഞ്ചകർമ്മ തെറാപ്പി, ആയുർവേദ നഴ്സിംഗ്, ആയുർവേദ ഫാർമസി എന്നീ കോഴ്സുകളിൽ പരിശീലനം നൽകിവരുന്നു.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴി ക്കുന്നതിന് എല്ലാ വർഷവും സംസ്ഥാനത്തെ 2 ജില്ലകളിൽ ഗദ്ദിക എന്ന പേരിൽ 10 ദിവസ ദൈർഘ്യത്തിൽ പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ഐ.ഐ.റ്റി.എഫ്.-ൽ പട്ടികവർഗ്ഗ ഉൽപ്പന്നങ്ങൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശേഖരിച്ച് അവിടെ എത്തിച്ച് വിറ്റഴി ക്കുന്നുണ്ട്. ഗദ്ദികയിൽ പങ്കെടുക്കുന്നവർക്ക് ദിനബത്തയും ഉത്പന്നങ്ങളുടെ കടത്തു കൂലിയും നൽകുന്നുണ്ട്. മേളയിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ഭക്ഷണം, സ്റ്റാളുകളുടെ നിർമ്മാണം എന്നിവ പൂർണ്ണമായും സൗജന്യമായിട്ടാണ് സർക്കാർ നൽകിവരുന്നത്. കൂടാതെ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിന് ആമസോൺ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിൽ ഗദ്ദിക പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

**വന്യജീവി സങ്കേതങ്ങളിലെ തേക്ക് പ്ലാന്റേഷനുകൾ**

24 (*234) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനമേഖലയിൽ തേക്ക് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക മരം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വന്യജീവി സങ്കേതങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള തേക്ക് പ്ലാന്റേഷനുകളിൽ നിന്നും തടികൾ നീക്കംചെയ്യുന്നതിന് തടസ്സമുണ്ടോ; ഇത്തരത്തിൽ പാകമായ തേക്ക് തടികൾ നീക്കം ചെയ്യാതിരിക്കുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വന്യജീവി സംരക്ഷണ നിയമം അനുശാസിക്കുന്ന വിധത്തിൽ, വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾ മുറിച്ചുനീക്കുന്നതിനുള്ള തടസ്സം എങ്ങനെ നീക്കുമെന്നറിയിക്കുമോ;

(ഡി) വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾ മുറിക്കുകയാണെങ്കിൽ തടികളുടെ വില്പന നടത്തുമോയെന്നും വില്പന നടത്തുന്നത് എപ്രകാരമായിരിക്കുമെന്നും അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വന്യജീവി സങ്കേതത്തിനുള്ളിലെ തേക്ക് തോട്ടങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വന്യജീവി സങ്കേതങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള തേക്ക് പ്ലാന്റേഷനുകളിൽ നിന്നും തടികൾ നീക്കം ചെയ്യുന്നതിന് തടസ്സമുണ്ട്. ഇത്തരത്തിൽ പാകമായ തേക്ക് തടികൾ നീക്കം ചെയ്യാതിരിക്കുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാനും കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് 10-5-2019-ലെ സ.ഉ.(സാധാ)നമ്പർ 168/2019/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിട്ടുണ്ട്.

1. ശ്രീ. അൻജൻ കുമാർ ഐ.എഫ്.എസ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട് - ചെയർമാൻ
2. ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി)-മെമ്പർ
3. ഡോ. പി. ബാലകൃഷ്ണൻ, വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - മെമ്പർ
4. ഡോ. പി. ഒ. നമീർ, പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ടുമെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ് - മെമ്പർ
5. ശ്രീ. ജയിംസ് സക്കറിയ, റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ - മെമ്പർ

(സി) 10-5-2019-ലെ സ.ഉ.(സാധാ) നമ്പർ 168/2019/ വനം പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പരിഗണനാർഹമെങ്കിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശിപാർശയോടെ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കേണ്ടതും തുടർന്ന് ബോർഡിന്റെ ശിപാർശ യോടുകൂടി ദേശീയ വന്യജീവി ബോർഡിന്റെ അനുവാദത്തിനായി സമർപ്പിക്കേ ണ്ടതുമാണ്. ദേശീയ വന്യജീവി ബോർഡിന്റെ അനുവാദം ലഭിച്ചാൽ തേക്ക് മരങ്ങൾ മുറിച്ച് മാറ്റാവുന്നതാണ്.

(ഡി) തേക്ക് തോട്ടങ്ങൾ മുറിക്കുമ്പോൾ കിട്ടുന്ന തടികൾ വനം വകുപ്പിന്റെ നിലവിലുള്ള ചട്ട പ്രകാരം ഇ-ലേലം (E-auction) വഴി വിറ്റഴിക്കാവുന്നതാണ്.

**വിദേശതൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ പദ്ധതി**

25 (*235) ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവജനങ്ങൾ വിദ്യാഭ്യാസ നിലവാരത്തിൽ വളരെ മുൻപന്തിയിലെത്തിയെങ്കിലും വിദേശ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിദേശ തൊഴിലവസരങ്ങൾ മലയാളികൾക്ക് പരമാവധി പ്രയോജന പ്പെടുത്തുന്നതിനും പൊള്ളയായ തൊഴിൽ വാഗ്ദാനങ്ങളിൽപ്പെട്ട് വിദേശത്ത് എത്തിച്ചേർന്ന് ദുരിതങ്ങളിൽപ്പെടാതിരിക്കാനും തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കേരളത്തിലെ യുവജനങ്ങൾ വിദ്യാഭ്യാസ നിലവാരത്തിൽ വളരെ മുൻപന്തിയിലെത്തിയെങ്കിലും വിദേശ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം നിൽക്കുന്നു എന്നത് വാസ്തവമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് തൊഴിൽ വകുപ്പിന് കീഴിലെ ഒഡെപെക് മുഖേന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) വിദേശ തൊഴിലവസരങ്ങൾ മലയാളികൾക്ക് പരമാവധി പ്രയോജന പ്പെടുത്തുന്നതിനും പൊള്ളയായ തൊഴിൽ വാഗ്ദാനങ്ങളിൽപ്പെട്ട് വിദേശത്ത് എത്തിച്ചേർന്ന് ദുരിതങ്ങളിൽപ്പെടാതിരിക്കാനുംവേണ്ടി ഒഡെപെക് എന്ന പൊതുമേഖലാ

സ്ഥാപനം മുഖേന വിദേശ തൊഴിലവസരങ്ങൾക്ക് റിക്രൂട്ട്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും വിദേശ തൊഴിൽ തട്ടിപ്പുകൾക്കെതിരെ ഉദ്യോഗാർത്ഥികൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ ജില്ലകളിലും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുവൈറ്റ്, ഖത്തർ, ഒമാൻ, അബുദാബി, ബഹ്റൈൻ, സൗദി അറേബ്യ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ് ഒഡെപെക് മുഖ്യമായും നിയമനം നടത്തിവരുന്നത്.

## അഭ്യസ്തവിദ്യരായ പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ

26(*236) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) തൊഴിൽരഹിതരായ പട്ടികജാതി യുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം എത്ര പേർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ (" Employment linked Skill Training Programme" ) നടപ്പിലാക്കിവരുന്നു. 55 കോഴ്സുകളിലാണ് പരിശീലനം നൽകി

വരുന്നത്. തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിൽ പരിശീലനം നടത്തി ജോലി ഉറപ്പു വരുത്തുന്നതിന് തയ്യാറുള്ള ഏജൻസികളിൽനിന്നും താല്പര്യപത്രം ക്ഷണിച്ച് അതിൽ യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നു. ഹോട്ടൽ മാനേജ്മെന്റ്, ഐ.റ്റി. റിലേറ്റഡ് കോഴ്സുകൾ, ലോജിസ്റ്റിക് ആന്റ് റീടെയ്ൽ, മാനേജ്മെന്റ്, പ്ലാസ്റ്റിക് ഇൻഡസ്ട്രി, ഹോം നഴ്സിംഗ് ആന്റ് ഹെൽത്ത് കെയർ, അഡ്വാൻസ്ഡ് സെക്യൂരിറ്റി സ്കിൽ ട്രെയിനിംഗ്, ഹോസ്പിറ്റാലിറ്റി, ലിഫ്റ്റ് ഓപ്പറേഷൻ, ഓയിൽ & റിഗ്, ആയുർവേദ നഴ്സിംഗ്, ജെറിയാട്രിക് കെയർ തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുള്ളത്. മേൽ പരിശീലന പരിപാടികൾ മുഖേന ഇന്ത്യയ്ക്കകത്തും വിദേശത്തുമായി 2565 പേർക്ക് ജോലി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 360 പേർ വിദേശത്താണ്. 2019-20 സാമ്പത്തിക വർഷം 55 കോഴ്സുകളിലായി 4810 യുവതീയുവാക്കൾക്ക് സ്കിൽ ട്രെയിനിംഗ് നൽകിവരുന്നു.

ഐ.റ്റി.ഐ. പാസ്സായവർക്കുള്ള റിക്രൂട്ട്മെന്റ് കേസുകൾ ജോബ്ഫെയർ എന്ന പേരിൽ സംഘടിപ്പിച്ചു. ഇതുവരെ 600 പേർക്ക് സ്വകാര്യ കമ്പനികളിൽ തൊഴിൽ ലഭിച്ചു.

എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചതിലൂടെ 85 പേർക്ക് തൊഴിൽ ലഭ്യമാക്കി.

2640 പേർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകി.

187 നഴ്സുമാർക്ക് കരാറടിസ്ഥാനത്തിൽ നിയമനം നൽകി.

സ്റ്റാർട്ട് അപ് ഡ്രീംസ് മുഖേന സ്വന്തമായി വ്യവസായങ്ങൾ തുടങ്ങുവാൻ ആവശ്യമായ മെന്ററിംഗ്&ഇൻക്യൂബേഷൻ സൗകര്യം നൽകിവരുന്നു.

(ബി) അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലകളിൽ നൈപുണ്യവും പരിശീലനവും ലഭിച്ചവരുമായ പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. ഇതിനോടൊപ്പം ട്രെയ്നിംഗ് & എംപ്ലോയ്മെന്റിന്റെ ഭാഗമായി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

(സി) വിദേശത്ത് തൊഴിൽ തേടുന്നവർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതീ-യുവാക്കളായിരിക്കണം.

2. വൈദഗ്ദ്ധ്യ ജോലിക്ക് (skill Labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ്, യൂണിവേഴ്സിറ്റി, സാങ്കേതിക സ്ഥാപനങ്ങളിൽനിന്നുള്ളവ ആയിരിക്കണം.

3. അപേക്ഷകർ ഇന്ത്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.

4. വിദേശത്ത് ജോലി ചെയ്യുന്നതിനാവശ്യമായ വിസ ലഭ്യമാക്കണം.

5. എമിഗ്രേഷൻ ആവശ്യമുള്ളപക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം.

6. അവിദഗ്ദ്ധ തൊഴിലവസരം തേടുന്നവരെയും പരിഗണിക്കും.

7. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ പദ്ധതി പ്രകാരം പരിഗണിക്കും.

8. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ടി ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു.

9. അപേഷകർ 20-നും 50-നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

10. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യപ്പെടുത്തിയ വിസ സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ്ജുൾപ്പെടെ 60% തുക മുൻകൂർ ആയി നൽകുന്നതാണ്. ODEPEC വഴി ടിക്കറ്റ് എടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

11. ഗുണഭോക്താവ് ഉദ്ദേശിച്ച വിദേശ രാജ്യത്ത് എന്ന് തെളിയിക്കുന്ന എമിഗ്രേഷൻ സ്റ്റാമ്പിന്റെ കോപ്പിയുമായി അപേക്ഷ നൽകിയാൽ ബാക്കി തുക നൽകാവുന്നതാണ്.

(ഡി) വിദേശ തൊഴിൽ പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം വിദേശത്ത് ജോലി ചെയ്തുവരുന്ന 700 ഗുണഭോക്താക്കൾക്ക് (സ്പിൽ ഓവർ ഉൾപ്പെടെ) ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

## തൊഴിൽ വകുപ്പിന് കീഴിൽ വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ

27(*237) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ ഉന്നത പഠനത്തിന് സഹായകമാകുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് ആശ്രയിക്കാവുന്ന പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള പദ്ധതികൾക്ക് അർഹരായവരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതികൾ ഉപയോഗപ്പെടുത്തിയവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ഉന്നതപഠനത്തിന് സഹായകരമാകുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് ആശ്രയിക്കാവുന്ന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കരിയർ ഡെവലപ്മെന്റ് സെന്റർ

ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ 2016-17 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതി.

ധനുസ്

ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയതലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലുമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനു വേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയാണ് ധനുസ്സ്.

<u>കരിയർ ജാലകം</u>

സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് വഴി കാട്ടിയായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം തയ്യാറാക്കിയ ലഘുലേഖയാണ് കരിയർ ജാലകം. ഈ ലഘുലേഖയിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി തലങ്ങളിലെ പഠനത്തിന് ശേഷമുള്ള വിവിധ കോഴ്സുകളെ ക്കുറിച്ചും ലഭ്യമായ തൊഴിലവസരങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു

1. <u>യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ</u>

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ മുഖേന ഉന്നത പഠനത്തിന് സഹായകമാകുന്ന വിധത്തിൽ UGC/NET/JRF പരീക്ഷാ പരിശീലന പരിപാടികൾ നടത്തിവരുന്നു.

ഇതുകൂടാതെ ഐ.ടി.ഐ.-കളിൽ വിജയകരമായി പരിശീലനം

പൂർത്തിയായവർക്ക് National Institute of open school (NIOS) മുഖേന പ്ലസ് ടു തുല്യത നേടാവുന്ന പദ്ധതി തെരഞ്ഞെടുത്ത ഐ.ടി.ഐ.-കൾ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേനയുള്ള സേവനങ്ങൾ, കരിയർ ജാലകം എന്നിവ ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും സൗജന്യ മായിട്ടാണ് ലഭ്യമാക്കുന്നത്.

ധനുസ്സിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എസ്. എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിലെ മാർക്ക്, പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ്.

National Institute of open School (NIOS) മുഖേന പ്ലസ് ടു തുല്യത നേടാവുന്ന പദ്ധതിക്ക് ഐ.ടി.ഐ.-കളിൽനിന്നും വിജയകരമായ പരിശീലനം പൂർത്തിയായിരിക്കണം.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന 14121 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേനയുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

രജിസ്ട്രേഷൻ -14121

വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ -166

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ച ഉദ്യോഗാർത്ഥികൾ-75

വ്യക്തിഗത മാർഗ്ഗ നിർദ്ദേശം - 5640

കരിയർ സെമിനാർ -158

കരിയർ ഗൈഡൻസ് ക്ലാസ് -174

(പങ്കെടുത്തവർ)-15709

കോച്ചിങ് ക്ലാസ്സുകൾ - 30

(പങ്കെടുത്തവർ) - 1636

ധനുസ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട്, പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 200 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ കരിയർ ജാലകം ബുക്ക് ലെറ്റുകൾ എംപ്ലോയ്മെന്റ് വകുപ്പിന്റെ സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ഭാഗമായി നടത്തുന്ന വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

National Institute of open School (NIOS) മുഖേന പ്ലസ് ടു തുല്യത നേടാവുന്ന പദ്ധതി, നടപ്പ് പരിശീലന വർഷം മുതലാണ് നടപ്പിലാക്കിയത്. 37 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

28(*238) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ ആകെ വായ്പയുടെ നാല്പത് ശതമാനവും ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം നൽകാൻ സാധ്യമായ വിധം സ്ഥാപനത്തിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കോർപ്പറേഷന് പിന്നോക്ക വിഭാഗ വികസനത്തിൽ രാജ്യത്ത് ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് പുരസ്കാരം ലഭിച്ചിരുന്നോ എന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയുടെ വായ്പ വിതരണം ചെയ്തുവെന്നതിന്റെയും എത്ര പേർക്ക് അതിന്റെ പ്രയോജനം ലഭ്യമായെന്നതിന്റെയും കണക്ക് ലഭ്യമാണോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ 25 വർഷക്കാലയളവിനുള്ളിൽ നൽകിയ ആകെ വായ്പയുടെ 46 ശതമാനം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. ഇപ്രകാരം കോർപ്പറേഷന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി യിട്ടുണ്ട്.

1. പുതിയ 14 ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും അതിൽ 7 ഓഫീസുകൾ ആരംഭിക്കുകയും ചെയ്തതോടെ വിദൂര സ്ഥലങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് എളുപ്പ ത്തിൽ ഓഫീസിൽ എത്തിച്ചേരാനും കാലതാമസമില്ലാതെ അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനും കോർപ്പറേഷന് സാധിച്ചു.

2. ഓൺലൈൻ സംവിധാനം വിപുലമാക്കിയതോടെ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാനും SMS അലെർട്ട് സംവിധാനം വഴി റിക്കവറി കൂടുതൽ മെച്ചപ്പെടുത്തുവാനും സാധിച്ചു.

3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകൾ വഴിയുള്ള തിരിച്ചടവ് സൗകര്യം ജനങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുവാനും അതുവഴി കോർപ്പറേഷന്റെ റിക്കവറി വർദ്ധിപ്പിക്കുന്നതിനും സഹായകമായി.

4. വായ്പാ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുകയും കുടുംബ വാർഷിക വരുമാന പരിധി 1.20 ലക്ഷത്തിൽനിന്നും 3.00 ലക്ഷമാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

5. കുടുംബശ്രീ സി.ഡി.എസ്.-കൾ വഴി നൽകി വരുന്ന മൈക്രോ ക്രെഡിറ്റ് വായ്പാ തുകയുടെ പരിധി ഉയർത്തുകയും 2 കോടി രൂപ വരെ ഒരു സി.ഡി.എസ്-ന് ലഭ്യമാക്കുകയും ചെയ്തു.

6. ദേശീയ കോർപ്പറേഷനുകൾക്ക് യഥാസമയം ഗ്യാരന്റി ലഭ്യമാക്കി കൂടുതൽ വായ്പ എടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയുണ്ടായി.

(ബി) ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ (NBCFDC) 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസികൾക്കുള്ള രജത ജൂബിലി പുരസ്കാരം.

2. ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ (NBCFDC) C.S.R പദ്ധതി പ്രകാരം പദ്ധതി നിർവ്വഹണത്തിനുള്ള എക്സലൻസ് അവാർഡ്.

3. 2018-19 സാമ്പത്തിക വർഷത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച പദ്ധതി നിർവ്വഹണ ഏജൻസിക്കുള്ള ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ (NBCFDC) പുരസ്കാരം.

4. ഫ്യൂച്ചർ കേരളയുടെ 2018 വർഷത്തെ "Most Responsible Social Brand in Kerala" അവാർഡ്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നാളിതുവരെ 173630 ഗുണഭോക്താക്കൾ 1700 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

## പട്ടികഗോത്ര വർഗ്ഗക്കാർക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പദ്ധതി

29(*239) ശ്രീ. ബി. സത്യൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗക്കാരുടെ സാമൂഹ്യ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് അനിവാര്യമായ മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പട്ടികഗോത്രവർഗ്ഗ ഭവനങ്ങളുടെ ശോച്യാവസ്ഥയും പഠനത്തിന് വേണ്ട സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് കുടുംബാംഗങ്ങൾക്കുള്ള പരിമിതിയും കണക്കിലെടുത്ത് സാമൂഹ്യ പഠനമുറി നിർമ്മിച്ച് ട്യൂട്ടറുടെ സഹായവും ലഭ്യമാക്കുന്ന പദ്ധതി പ്രകാരം എത്ര സാമൂഹ്യ പഠനമുറികൾ നിർമ്മിച്ചെന്ന് അറിയിക്കാമോ; ഇവയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികഗോത്രവർഗ്ഗ വിഭാഗത്തിലെ ഹൈസ്കൂൾ മുതൽ ഉയർന്ന ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ.ബാലൻ):

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

(1) ഗോത്രബന്ധു പദ്ധതി

അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെന്റർ ടീച്ചർമാരെ ഈ പദ്ധതികൾ പ്രകാരം നിയമിച്ചു. പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം ജില്ലകളിലായി 59 പേരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുവാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്.

(2) വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളോടെ വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2016-17 വർഷം മുതൽ 2019-20 വരെ ആകെ 5 കുട്ടികൾക്ക് വിദേശപഠന സ്കോളർഷിപ്പിനായി 1,25,76,676 രൂപ അനുവദിച്ചു.

(3) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുന്നു.

(4) <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>

അക്കാഡമിക് - കലാ - കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000 രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500-6000 രൂപ നിരക്കിലും പ്രത്യേക പ്രോത്സാഹന സമ്മാനവും നൽകിവരുന്നു.

(5) <u>മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം</u>

മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെ ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു.

(6) <u>ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര</u>

മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ. ഭാരത ദർശൻ പരിപാടിക്കുപുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴി വിനോദയാത്രയും പഠനയാത്രയ്ക്ക് വേണ്ടിയുള്ള സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു.

(7) <u>എം.ആർ. എസുകളും ഹോസ്റ്റലുകളും</u>

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ചതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ്

ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, നാപ്കിൻ വെന്റിംഗ് മെഷിൻ, ജലശുദ്ധീകരണ പ്ലാന്റ്, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാചാലകം, മിനി മാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.റ്റി.വി., സ്റ്റീം ബേയ്സ്ഡ് കിച്ചൻ, വാട്ടർ പ്യൂരിഫയർ എന്നീ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികഗോത്രവർഗ്ഗ ഭവനങ്ങളുടെ ശോച്യാവസ്ഥയും പഠനത്തിന് വേണ്ട സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് കുടുംബാംഗങ്ങൾക്കുള്ള പരിമിതിയും കണക്കിലെടുത്ത് 2017-18 സാമ്പത്തിക വർഷം സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 100 സാമൂഹ്യ പഠനമുറികളാണ് എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചുവരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 150 പഠനമുറികൾകൂടി സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിൽ 100 സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും പൂർത്തീകരിച്ചവയിൽ ഫെസിലിറ്റേറ്റർ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നല്കിയിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം) യു.പി.എസ്. (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി മോണിറ്റർ (1), എൽ.ഇ.ഡി. ഡിസ്പ്ലേ(1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവാരമുള്ള ട്യൂഷൻ സെന്ററുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകി വരുന്നുണ്ട്.

8,9 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാസം 200 രൂപ വീതവും പത്താം ക്ലാസ്സിൽ പഠിക്കുന്നവർക്ക് മാസം 250 രൂപ വീതവും പ്ലസ് വൺ, പ്ലസ് ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്) ക്ലാസ്സിൽ പഠിക്കുന്നവർക്ക് മാസം 350 രൂപ വീതവും പ്ലസ് വൺ, പ്ലസ് ടു (സയൻസ്) ക്ലാസ്സിൽ പഠിക്കുന്നവർക്ക് മാസം 400 രൂപ വീതവുമാണ് അനുവദിക്കുന്നത്.

## വന്യജീവികളുടെ ആക്രമണം തടയുന്നതിന് നടപടി

30(*240) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണവും വന്യമൃഗസംരക്ഷണവും ഫലവത്താക്കുന്നതിന് വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തി അവ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നത് തടയേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക വിളകൾക്ക് നിരന്തരം ശല്യമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിന് നിലവിലുള്ള അപ്രായോഗിക നിബന്ധനകൾ മാറ്റാൻ തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) കാട്ടാനകൾ നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവന് ഭീഷണിയുയർത്തുന്നത് അവസാനിപ്പിക്കാൻ നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ഫലപ്രദമായ മാർഗ്ഗം അവലംബിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് ഫലപ്രദമായി തടയുന്നതിന് നിലവിൽ സൗരോർജ്ജ കമ്പി വേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗള്ളി പ്ലഗ്ഗിംങ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും ചതുപ്പുകൾ വൃത്തിയാക്കിയും, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും, ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവൽകരണം നടത്തിവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലെർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടേയും ആർ.ആർ.റ്റി.-കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.

വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി, സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജവേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(ബി) കാർഷിക വിളകൾക്ക് നിരന്തരം ശല്യമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് 16-2-2019-ലെ സ.ഉ.(കൈ)നമ്പർ 7/2019/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഘൂകരിക്കുന്നതിനും ചില ഭേദഗതി വരുത്തുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കാട്ടാനകൾ നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവന് ഭീഷണി ഉയർത്തുന്നത് അവസാനിപ്പിക്കാൻ നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.-കളുടെയും സേവനം സ്വീകരിച്ചുവരുന്നു. കാട്ടാനകൾ നാട്ടിലേയ്ക്കിറങ്ങുമ്പോൾ മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനവും, ആന വാച്ചർമാരുടെ സേവനവും നടപ്പിലാക്കിയിട്ടുണ്ട്.

ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനും മറ്റ് അടിയന്തര സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും വനം വകുപ്പ് ജീവനക്കാരെയും താൽക്കാലിക വാച്ചർമാരെയും ഉൾപ്പെടുത്തി എലിഫന്റ് ആന്റി ഡിപ്രഡേഷൻ സ്ക്വാഡുകളെയും സജ്ജമാക്കിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികവിഭാഗക്കാരുടെ തനതുകലകളെ സംരക്ഷിക്കുന്നതിന് നടപടി

1(2279) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനതുകലകളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പിന്നോക്ക വിഭാഗക്കാരുടെ തനതു കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യംനിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനത് കലകളും സംരക്ഷിക്കുന്നതിനും പരമ്പരാഗത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു വർഷത്തിൽ രണ്ട് സ്ഥലങ്ങളിലായി 'ഗദ്ദിക' എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേള സംഘടിപ്പിക്കാറുണ്ട്. കൂടാതെ പട്ടിക വിഭാഗക്കാരുടെ തനത് കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ കിർത്താഡ്സ് നടത്തിവരുന്നു.

(ബി) പിന്നോക്ക വിഭാഗക്കാരുടെ തനതുകലകളെയും കലാകാരൻമാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും നിലവിൽ നടപ്പിലാക്കുന്നില്ല.

**ചികിത്സാ ധനസഹായം**

2(2280) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും എത്രകോടി രൂപ ചികിത്സ ധനസഹായമായി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായമായി നാളിതുവരെ നൽകിയിട്ടുള്ള തുകയുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | പട്ടികജാതി വിഭാഗത്തിന് ചികിത്സാ ധനസഹായമായി അനുവദിച്ച തുക | പട്ടികവർഗ്ഗ വിഭാഗത്തിന് ചികിത്സാ ധനസഹായമായി അനുവദിച്ച തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 16,10,94,250 | 77,00,000 |
| 2 | കൊല്ലം | 14,22,27,500 | 34,25,979 |
| 3 | പത്തനംതിട്ട | 8,98,61,150 | 90,39,976 |
| 4 | ആലപ്പുഴ | 9,62,34,800 | 75,20,521 |
| 5 | കോട്ടയം | 3,42,86,800 | 68,60,570 |
| 6 | ഇടുക്കി | 4,78,07,500 | 1,41,59,142 |
| 7 | എറണാകുളം | 13,04,99,491 | 67,50,000 |
| 8 | തൃശ്ശൂർ | 20,32,89,800 | 82,24,794 |
| 9 | പാലക്കാട് | 18,21,63,100 | 1,91,08,364 |
| 10 | മലപ്പുറം | 13,37,19,519 | 34,36,031 |
| 11 | കോഴിക്കോട് | 7,00,34,753 | 1,78,12,283 |
| 12 | വയനാട് | 3,04,93,842 | 5,85,53,825 |
| 13 | കണ്ണൂർ | 1,69,94,000 | 61,10,806 |
| 14 | കാസർഗോഡ് | 3,60,67,410 | 3,05,76,766 |
|  | ആകെ | 137,47,73,915 | 19,92,79,057 |

## പട്ടികജാതി വിഭാഗക്കാർക്കായുള്ള ഡിജിറ്റൽ സർവ്വേ

3(2281) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സ്ഥിതി അറിയുന്നതിന് ആരംഭിച്ച ഡിജിറ്റൽ സർവ്വേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) സർവ്വേ നടത്തിയ രീതിയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സ്ഥിതി അറിയുന്നതിനുള്ള ഡിജിറ്റൽ സർവ്വേയ്ക്കു വേണ്ടിയുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(ബി&സി) ബാധകമല്ല.

## ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

4(2282) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേർ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും നാളിതുവരെയായി എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 483 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 76 പേരും ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി അപേക്ഷ നൽകിയിരുന്നു. നാളിതുവരെയായി ഇവർക്ക് യഥാക്രമം 79,75,800 രൂപയും 14,67,500 രൂപയും ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

5(2283) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പാങ് പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പാങ് കോളനിയെ തെരഞ്ഞെടുത്തിട്ടില്ല.

## കോതമംഗലം അംബേദ്കർ ഗ്രാമം, സെറ്റിൽമെന്റ് പദ്ധതികൾ

6(2284) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് എന്നീ പദ്ധതികളിൽ ഏതെല്ലാം എസ്.സി, എസ്.റ്റി കോളനികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ കോളനിയിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെങ്കിലും എസ്.സി., എസ്.റ്റി. കോളനിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓരോ കോളനിയിലെയും നിർമ്മാണ പ്രവൃത്തി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ കോളനിയിലെയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കോളനി തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഏറുപുറം, മുണ്ണൂർ എന്നീ പട്ടികജാതി കോളനികളെയും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം എളംബ്ലാശ്ശേരി, തേര എന്നീ പട്ടികവർഗ്ഗ കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്

(സി) പട്ടികജാതി കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. എസ്.റ്റി. കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ഡി) പട്ടികജാതി കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ FIT-യും പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും (തിരുവനന്തപുരം) നടപ്പിലാക്കുന്നു.

(ഇ) നിർമ്മാണ പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിനായി ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി വികസന വകുപ്പ് നൽകിയ പ്രളയ ധനസഹായം

7(2285) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ വീടുകളിൽ വെള്ളം കയറിയ പാലക്കാട് ജില്ലയിലെ പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പ് നൽകിയ സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രളയാശ്വാസ പദ്ധതിയിൽ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ആലത്തൂർ താലൂക്കിന് നൽകിയിട്ടുണ്ടെങ്കിൽ അവ ലഭിച്ചിട്ടുള്ളവരുടെ പട്ടികയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കഴിഞ്ഞ പ്രളയത്തിൽ (2019) പാലക്കാട് ജില്ലയിലെ പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും ധനസഹായങ്ങൾ നൽകിയിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതി കുടുംബങ്ങൾക്ക് നൽകുന്ന മരണാനന്തര ധനസഹായം**

8(2286) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാന ദായകന്റെ മരണംമൂലം കഷ്ടത അനുഭവിക്കുന്ന പട്ടികജാതി കുടുംബത്തിന് നൽകുന്ന ധനസഹായ തുക എത്രയാണ്;

(ബി) ഈ ഇനത്തിൽ തൃശ്ശൂർ ജില്ലയിലെ എത്ര കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചു ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ ധനസഹായമായി 50,000 രൂപ അനുവദിച്ചുവന്നിരുന്നത്, 22-11-2018 മുതൽ 2,00,000 രൂപ (രണ്ട് ലക്ഷം രൂപ മാത്രം)യായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ 74 കുടുംബങ്ങൾക്കായി 76,25,000 രൂപ (എഴുപത്തിയാറ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായമായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 1 | 50,000 |
| 2017-18 | 1 | 25,000 |
| 2018-19 | 5 | 5,50,000 |
| 2019-20 | 67 | 70,00,000 |
| ആകെ | 74 | 76,25,000 |

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി

9(2287) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഈ സർക്കാർ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഏക്കർ ഭൂമി വാങ്ങി നൽകുവാനാണ് ഉദ്ദേശിച്ചതെന്നും ഇതിനകം എത്ര ഏക്കർ ഭൂമി വിലക്ക് വാങ്ങി അവർക്ക് നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്ക് വേണ്ടത്ര വേഗതയില്ലായെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നടപടികൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി ഈ സർക്കാർ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം 478 പേർക്ക് 174.77 ഏക്കർ ഭൂമി വാങ്ങി നൽകി.

ഇതിനുപുറമെ, വനാവകാശ നിയമപ്രകാരം 1311 പേർക്ക് 1628.42 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തു.

നിക്ഷിപ്ത വനഭൂമി, റവന്യൂ പട്ടയം തുടങ്ങിയ ഇനങ്ങളിലായി 2568 പേർക്ക് 1804.75 ഏക്കർ ഭൂമി വിതരണം ചെയ്തു.

(ബി) 3-3-2018-ലെ 21/2018/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം ഭൂമി വാങ്ങി വിതരണം ചെയ്യുന്ന (ലാൻഡ് ബാങ്ക്) പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ചു. ജില്ലാ കളക്ടർമാർ മുഖേന നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരിൽനിന്നും കണ്ടെത്തുന്ന ഭൂമി രണ്ട് തലങ്ങളിലുള്ള ഫീൽഡ് പരിശോധനയും വില നിർണ്ണയവും നടത്തി വാസയോഗ്യവും കൃഷിയോഗ്യവുമാണെന്ന് ഉറപ്പുവരുത്തുന്നു. അതിനുശേഷം ഭൂമി വാങ്ങി ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് ലാൻഡ് ബാങ്കായി സൂക്ഷിച്ച് അർഹരായ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി നൽകി. ഇതിനുപുറമെ പഴയ 'ആശിക്കും ഭൂമി ആദിവാസിക്ക്' പദ്ധതിയിൽ 273 പേർക്ക് 149.03 ഏക്കർ ഭൂമിയും നൽകിയിട്ടുണ്ട്.

(ഡി) ആക്ഷേപങ്ങൾ പരമാവധി ഒഴിവാക്കാനായി വില്പനയ്ക്ക് സന്നദ്ധമായ ഭൂമി പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും പരിശോധിച്ച് കൃഷിയോഗ്യവും വാസയോഗ്യവുമാണെന്ന് ഉറപ്പുവരുത്തിയാണ് ജില്ലാതല പർച്ചേസ് കമ്മിറ്റി വില നിശ്ചയിക്കുന്നത്. നെഗോസ്യേഷനിലൂടെ വില നിശ്ചയിക്കുന്ന ഭൂമിക്ക് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള SLEC അംഗീകാരം നൽകിയതിനുശേഷം മാത്രമാണ് രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നത്. ഇപ്രകാരം രജിസ്റ്റർ ചെയ്ത് ലാൻഡ് ബാങ്കായി സൂക്ഷിക്കുന്ന ഭൂമി ടി.ആർ.ഡി.എം. ജില്ലാ മിഷൻ മുഖേനയാണ് വിതരണം ചെയ്യുന്നത്. സുതാര്യത ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സമയമാണെടുക്കുന്നത്.

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ സമയക്രമം നിശ്ചയിച്ച് പൂർത്തിയാക്കാൻ ജില്ലാ കളക്ടർമാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പഠനമുറി പദ്ധതി**

10(2288) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. വിഭാഗത്തിലെ സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിവരുന്ന 'പഠനമുറി' പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പഠനമുറി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പഠനമുറി നിർമ്മാണത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗവ/എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള

വീടിനോടൊപ്പം 120 ച.അടി വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് വകുപ്പ് മുഖേന രണ്ട് ലക്ഷം രൂപ 15 ശതമാനം, 30 ശതമാനം, 40 ശതമാനം, 15 ശതമാനം എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ടി പദ്ധതി പ്രകാരം 2017-18 വർഷം 6623 പഠനമുറികൾ അനുവദിച്ചതിൽ 5725 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷം അനുവദിച്ച 4977 പഠനമുറികളിൽ 3246 പഠനമുറികളും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയതിൽ നിലവിൽ 4833 പഠനമുറികളുടെ നിർമ്മാണം ആരംഭിക്കുകയും 403 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പഠനമുറി പദ്ധതി പ്രകാരം അനുവദിച്ച പഠനമുറികളുടെ പൂർത്തീകരണത്തിനായി ആവശ്യമായ നിർദ്ദേശങ്ങൾ അവലോകന യോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകുന്നുണ്ട്. ഇതിലൂടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(സി) പഠനമുറി പദ്ധതിയുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് തയ്യാറാക്കുകയും പദ്ധതി പുരോഗതി കൃത്യമായി അവലോകനം ചെയ്യുകയും ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെയും അവലോകന യോഗങ്ങളിൽ ചർച്ച ചെയ്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

## കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള നെടുമങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ

11(2289) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചുവെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*

പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി**

12(2290) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി 2019-20 സാമ്പത്തികവർഷം ഇതുവരെ നടപ്പാക്കിയിട്ടുള്ള നടപടികളെ ന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ പട്ടികജാതി കോളനികളെയാണ് 2019-20 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

200 കോളനികളെ പദ്ധതിയിലുൾപ്പെടുത്താൻ ലക്ഷ്യമിടുന്നു. നിലവിൽ 86 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ 50 ലക്ഷം രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. 20 ശതമാനം തുക ആദ്യഗഡുവായി അനുവദിക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കുള്ള പദ്ധതി**

13(2291) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെപോയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. 46863 ഭൂമിയുള്ള ഭവനരഹിതരുടെയും 36040 ഭൂരഹിത ഭവന രഹിതരുടെയും ലിസ്റ്റ് അനന്തര നടപടികൾക്കായി ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

## ഗാന്ധിഗ്രാം പട്ടികജാതി കോളനിയിലെ പരിശീലനകേന്ദ്രം

14(2292) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ വിട്ടൂർ ഗാന്ധിഗ്രാം പട്ടികജാതി കോളനിയിൽ പട്ടികജാതി യുവതീ-യുവാക്കൾക്കായി സ്വയംതൊഴിൽ പരിശീലനം നടത്തിയിരുന്ന കെട്ടിടവും പരിശീലനകേന്ദ്രവും ജീർണ്ണാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടവും പരിശീലനകേന്ദ്രവും പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന 21,30,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ട് തുക വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാത്സല്യനിധി പദ്ധതി

15(2293) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും ഉന്നതവിദ്യാഭ്യാസത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഗുണഭോക്താവിന് പതിനെട്ട് വയസ്സ് പൂർത്തിയാകുമ്പോൾ പദ്ധതി പ്രകാരം എത്ര തുകയാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വാത്സല്യനിധി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പ് എൽ.ഐ.സി. ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു.

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9,10,11,12 | 1200 രൂപ ഓരോ വർഷവും |
| സഹോദരനോ/ സഹോദരിക്കോ | 9,10,11,12 | 1200 രൂപ ഓരോ വർഷവും |

(സി)

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
|---|---|---|
| 1 ) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം<br>2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിരിക്കണം | 39,000 | I |
| 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2) പ്രൈമറി സ്കൂളിൽ പ്രവേശനവും നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 36,000 | II |
| അഞ്ചാംതരത്തിലേയ്ക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം | 33,000 | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസ്സായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം | 30,000 | IV |

കൂടാതെ താഴെ ചേർത്ത പ്രകാരം പെൺകുട്ടിക്കും അച്ഛൻ/അമ്മ, സഹോദരൻ/സഹോദരിക്കും ആനുകൂല്യങ്ങൾ എൽ.ഐ.സി. വഴി ലഭിക്കുന്നു :

| | | |
|---|---|---|
| ആകസ്മിക മരണത്തിന് വരുമാനദായകൻ | സാധാരണ മരണം | 2,00,000 രൂപ |
| | അപകടമരണം | 4,00,000 രൂപ |
| | അപകടം മൂലമുള്ള ഭാഗീകമായ അംഗവൈകല്യം | 1,00,000 രൂപ |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000 രൂപ |

| | | |
|---|---|---|
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000 രൂപ |
| | അപകട മരണം | 30,000 രൂപ |
| കുട്ടി | സാധാരണ മരണം | 3,00,000-ൽ നിന്നും കുട്ടിയുടെ പ്രീമിയമായി അടക്കുവാൻ ബാക്കിയുള്ള തുക കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും(ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന് ശേഷമാണ് ഇൻഷ്വറൻസ് കവറേജ് |
| | അപകട മരണം | |

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9,10,11,12 | 1200 രൂപ ഓരോ വർഷവും |
| സഹോദരനോ /സഹോദരിക്കോ | 9,10,11,12 | 1200 രൂപ ഓരോ വർഷവും |

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു.

**പട്ടികജാതിക്കാർക്കിടയിലെ സംരംഭകത്വപദ്ധതി**

16(2294) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ഉണ്ണി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ട് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി സംരംഭകരെ തെരഞ്ഞെടുക്കുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീ സംരംഭകർക്ക് മുൻഗണന നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ട് എന്ന പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.

(ബി) പട്ടികജാതി ജനവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) ഫലപ്രദമായ മാനേജ്മെന്റ് നിയന്ത്രണത്തിലുള്ള, കഴിഞ്ഞ ഒരു വർഷക്കാലമായി 60 ശതമാനത്തിലധികം ഓഹരി ഉടമകൾ പട്ടികജാതി സംരംഭകരായിട്ടുള്ള കമ്പനികൾക്ക് ധനസഹായത്തിനുള്ള അർഹതയുണ്ട്.

(ഡി) സ്ത്രീ സംരംഭകർക്ക് മുൻഗണന നൽകാൻ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്.

**പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

17(2295) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ നവീകരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിലാണ് ഈ സർക്കാർ വന്നതിനുശേഷം നവീകരണ പ്രവൃത്തികൾ നടന്നിട്ടുള്ളത്; പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കൂരാച്ചുണ്ട് പഞ്ചായത്തിലെ അമ്പലക്കുന്ന് കോളനി നവീകരിക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ നവീകരിക്കുന്നതിന് ഈ സർക്കാർ 'അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി' നടപ്പിലാക്കിവരുന്നു.

(ബി&സി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2017-18 വർഷം തെരഞ്ഞെടുത്ത കോളനികളിൽ ബാലുശ്ശേരി മണ്ഡലത്തിലെ കോളനികളൊന്നും ഉൾപ്പെട്ടിരുന്നില്ല. 2019-20 വർഷത്തെ പദ്ധതിയിൽ ബാലുശ്ശേരി മണ്ഡലത്തിലെ അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയെ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## ഏറനാട് മണ്ഡലത്തിലെ കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ

18(2296) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഏറനാട് മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കോളനിയിലോരോന്നിലും അനുഭവപ്പെടുന്ന അസൗകര്യങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അടിയന്തര വികസനാവശ്യങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) വിശദമായ പദ്ധതി ആവിഷ്കരിച്ച് ഓരോ കോളനി കേന്ദ്രീകരിച്ച് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ വിവരങ്ങളും ഓരോ കോളനിയിലും അനുഭവപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും നടപ്പിലാക്കേണ്ട വികസനാവശ്യങ്ങൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഓരോ കോളനിയിലും നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യവികസനങ്ങൾ വിശദമായി പരിശോധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സാമൂഹ്യ പഠനമുറി

19(2297) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എത്ര സാമൂഹ്യ പഠനമുറികൾ സ്ഥാപിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടിക ഗോത്രവർഗ്ഗ ഭവനങ്ങളുടെ ശോച്യാവസ്ഥയും പഠനത്തിനു വേണ്ട സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് കുടുംബാംഗങ്ങൾക്കുള്ള പരിമിതിയും കണക്കിലെടുത്ത് 2017-18 സാമ്പത്തിക വർഷം സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഗൃഹപാഠങ്ങൾ ചെയ്യുന്നതിനും സംശയ ദൂരീകരണം നടത്തുന്നതിനും സൗകര്യമൊരുക്കുകയാണ് പദ്ധതി കൊണ്ടുദ്ദേശി ക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 100 സാമൂഹ്യ പഠനമുറികളാണ് എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചുവരുന്നത്. 2018 -19 സാമ്പത്തിക വർഷത്തിൽ 150 പഠന മുറികൾകൂടി സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിൽ 100 സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും പൂർത്തീകരിച്ചവയിൽ ഫെസിലിറ്റേറ്റർ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പ്രോജക്ട് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ഓരോ പഠനകേന്ദ്രത്തിലും 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് ആവശ്യമായ പഠനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പഠന മേൽനോട്ടത്തിനായി കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ് (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ (1),എൽ.ഇ.ഡി ഡിസ്പ്ലേ(1), കമ്പ്യൂട്ടർ ടേബിൾ(1), മുപ്പത് വിദ്യാർത്ഥികൾക്ക് ഇരിക്കുവാൻ കഴിയുന്ന സൗകര്യത്തോടുകൂടിയ സ്റ്റഡി ടേബിളുകൾ എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 18 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആദിവാസി പുനരധിവാസ മിഷൻ ഗുണഭോക്താക്കൾ

20(2298) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെ എത്ര ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ ഭൂമി ഏറ്റെടുത്ത് ലാന്റ് ബാങ്കായി നിലനിർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജുകളിൽ, എത്ര ഏക്കർ സ്ഥലമാണ് ലാന്റ് ബാങ്കായി നിലനിർത്തിയത് എന്നിവ അറിയിക്കാമോ;

(സി) ആദിവാസികൾക്ക് വിതരണം ചെയ്യേണ്ട ഭൂമിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ഡി) മുണ്ടേരി-ചളിക്കൽ ആദിവാസി കോളനിയിലെ ആദിവാസികൾ ഭൂരഹിതരാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പും തീയതിയും വർഷവും ലഭ്യമാക്കാമോ;

(ഇ) ആദിവാസി പുനരധിവാസ മിഷൻ വഴി മലപ്പുറം ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; വർഷവും തീയതിയും അറിയിക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 141 ഭൂരഹിത ആദിവാസി കുടുംബങ്ങളുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ലാൻഡ് ബാങ്കായി നിലനിർത്തിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 19-11-2019-ലെ 1-6510/2019(3)നമ്പർ ഉത്തരവ് പ്രകാരം ടി.ആർ.ഡി.എം. ജില്ലാ മിഷന്റെ അംഗീകാരത്തിന് വിധേയമായി ചളിക്കൽ കോളനിയിലെ പ്രളയബാധിതരായ 34 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി വാങ്ങിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇത് സംബന്ധിച്ച് 20-7-2002-ലെ സ.ഉ. (അച്ചടി)41/2002/ പ.ജ.പ. വ.വി.വ. പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി നൽകുന്നു* )

(ഡി) ഇല്ല.

(ഇ) വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## കോങ്ങാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ

21(2299) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ പുരോഗതി വിവരവും അനുബന്ധമായി ചേർക്കുന്നു.*

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി

22(2300) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികളിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഓരോ പദ്ധതിയിലൂടെയും എത്ര പേർക്ക് ഭൂമി നൽകിയെന്നും ഇപ്രകാരം എത്ര ഏക്കർ സ്ഥലം നൽകിയെന്നും വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് മൂന്ന് പദ്ധതികളാണ് റ്റി.ആർ.ഡി.എം. മുഖേന നടപ്പിലാക്കിവരുന്നത്.

1. ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യൽ
2. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യൽ
3. കേന്ദ്ര വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖ വിതരണം ചെയ്യൽ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 478 പേർക്ക് 174.77 ഏക്കർ ഭൂമി വാങ്ങി നൽകി. വനാവകാശ നിയമപ്രകാരം 1311 പേർക്ക് 1628.42 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തു. നിക്ഷിപ്ത വനഭൂമി, റവന്യൂ പട്ടയം തുടങ്ങിയ ഇനങ്ങളിലായി 2568 പേർക്ക് 1804.75 ഏക്കർ ഭൂമി വിതരണം ചെയ്തു.

**സുഗന്ധഗിരി പുനരധിവാസ മേഖലയുടെ സമഗ്ര വികസനം**

23 (2301) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ സുഗന്ധഗിരി പുനരധിവാസ മേഖലയിൽ നടപ്പാക്കുന്ന സമഗ്ര വികസന പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം; ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാം; നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി വികസന വകുപ്പ് കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സുഗന്ധഗിരി പുനരധിവാസ മേഖലയിൽ പൊഴുതന പഞ്ചായത്തിലെ സുഗന്ധഗിരിയിലെ 20 പട്ടികജാതി കുടുംബങ്ങൾക്ക് 2017-18-ൽ പ്രത്യേക പാക്കേജ് പ്രകാരം 5 സെന്റിൽ കുറയാത്ത ഭൂമിയും വീടും അനുവദിച്ചിട്ടുണ്ട്. ഇതിൽ 19

പേർക്ക് ഭൂമി നൽകുകയും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തു. പട്ടികജാതി വികസന വകുപ്പിൽ വീട് അനുവദിച്ചിട്ടുള്ള 19 പേരിൽ 12 പേർ വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. 7 ഭവനങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് കൽപ്പറ്റ മണ്ഡലത്തിലെ സുഗന്ധഗിരി പുനരധിവാസ മേഖലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

(1) പൂർത്തീകരിച്ചവ

ചെന്നായ്ക്കവല, കർപ്പൂരക്കാട്, എട്ടാം നമ്പർ പ്രദേശം, പ്ലാന്റേഷൻ പ്രദേശം കുടിവെള്ള പദ്ധതി, അപ്പാട്ടുകുന്ന്-എം.ആർ.എസ്. കുന്ന് കോളനി കുടിവെള്ള പദ്ധതി, കാപ്പി കല്ലൂർ ഏഴാം നമ്പർ റോഡ്, അഗതി മന്ദിരം ടി.ഇ. ഓഫീസ് റോഡ് ടി പദ്ധതികൾക്കുള്ള വൈദ്യുതി കണക്ഷൻ പൂർണ്ണമായും ലഭ്യമായിട്ടില്ല.

(2) ആരംഭിച്ചിട്ടില്ലാത്തവ

പൊഴുതന ഗ്രാമപഞ്ചായത്തിലെ 14 റോഡുകളിൽ അംബ കുപ്പ് എട്ടാം വാർഡ് റോഡ്, അമ്പതേക്ര ഡാം-മാങ്ങാപ്പാടി റോഡ്, ബി.എൽ. ക്വാർട്ടേഴ്സ് റോഡ്, എട്ടാം നമ്പർ-പെരിങ്ങോട് റോഡ്, വൈത്തിരി ഗ്രാമപഞ്ചായത്തിലെ പൂക്കോട് ഡയറി-ആനമല മേലെ കോളനി റോഡ്, പൂക്കോട് കുന്ന് -അപ്പാട്ട് കുന്ന് കോളനി റോഡ്, പൂക്കോട് ഡെയറി -നരിക്കോട് മുക്ക് റോഡ്, പൂക്കോട് ഡെയറി വെറ്ററിനറി ക്ലിനിക്- പന്നിഫാം റോഡ്, നവോദയ സ്കൂൾ- ആനമല താഴെ കോളനി റോഡ്, പൂക്കോട് ഡെയറി മോഡൽ -റസിഡൻഷ്യൽ സ്കൂൾ കുന്ന് റോഡ് എന്നീ ആറ് റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(3) നിർമ്മാണത്തിലിരിക്കുന്നവ

അംബ ആറാം യൂണിറ്റ് റോഡ്, പൂക്കോട് പ്ലാന്റേഷൻ റോഡ്, സുഗന്ധഗിരി അമ്പതേക്ര റോഡ് റീ ടാറിംഗ്, അംബ എട്ടാം നമ്പർ റോഡ്, പ്ലാന്റേഷൻ പി.എച്ച്.സി. റോഡ്, കല്ലൂർ നാലാം നമ്പർ റോഡ്.

(സി) പട്ടികജാതി വികസന വകുപ്പ് അനുവദിച്ച ഭവനങ്ങളുടെ നിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ആയത് ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം

നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ പദ്ധതിയുടെ നിർവ്വഹണം പൊഴുതന ഗ്രാമപഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾമൂലം ഭേദഗതി ചെയ്ത ചില പ്രോജക്ടുകളുടെ അലൈൻമെന്റും ടെക്നിക്കൽ സാംഗ്ഷനും ഇനിയും ലഭ്യമാകേണ്ടതുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾ

24(2302) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ലൈഫ് മിഷൻ മൂന്നാംഘട്ട പ്രകാരം ഭൂരഹിതരായ ഭവനരഹിതർക്ക് വീട് അനുവദിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ 2020 ജനുവരി മാസം നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികളുടെ എണ്ണം കണക്കാക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പ്രകാരം 273 പേർക്ക് 149.03 ഏക്കർ ഭൂമിയും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമിയും വിലയ്ക്ക് വാങ്ങി നൽകി. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കാസർഗോഡ്, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, എറണാകുളം, കോട്ടയം ജില്ലകളിലായി 53.62 ഏക്കർ ഭൂമി വാങ്ങുന്നതിന് സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം, പാലക്കാട്, എറണാകുളം ജില്ലകളിൽ ഭൂമി ടി. ആർ.ഡി.എം. ജില്ലാ മിഷൻ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെയർമാനായ ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ജനകീയ സമിതി ഗുണഭോക്തൃ പട്ടിക അംഗീകരിച്ചാലുടൻ ഈ ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതാണ്. മറ്റു ജില്ലകളിൽ വിവിധ തലങ്ങളിൽ പരിശോധന നടന്നുവരികയാണ്. SLEC അംഗീകാരം ലഭിച്ചതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടികവർഗ്ഗ യുവതികൾക്ക് നൽകിയ ഓട്ടോറിക്ഷ

25(2303) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ യുവതികൾക്ക് വിതരണം ചെയ്ത ഓട്ടോറിക്ഷകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര ഓട്ടോറിക്ഷകൾ നിലവിലും സവാരി നടത്തുന്നുണ്ട് എന്ന കണക്ക് വകുപ്പിന്റെ കൈവശം ലഭ്യമാണോ;

(സി) പ്രവർത്തനക്ഷമമല്ലാത്ത ഓട്ടോറിക്ഷകൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഇത്തരം വാഹനങ്ങളുടെ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ആകെ 166 ഓട്ടോറിക്ഷകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 150 ഓട്ടോറിക്ഷകൾ പ്രവർത്തനക്ഷമമാണ്. 16 എണ്ണത്തിന്റെ ഫിറ്റ്നെസ് ടെസ്റ്റ് നടത്തി പെർമിറ്റ് പുതുക്കിയിട്ടില്ലാത്തതാണ്.

(സി) പ്രവർത്തനക്ഷമമല്ലാത്ത 16 ഓട്ടോറിക്ഷകളും ഗുണഭോക്താക്കളുടെ കൈവശം തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്.

(ഡി) ഫിറ്റ്നെസ് ടെസ്റ്റ് നടത്തി പെർമിറ്റ് പുതുക്കാത്ത ഓട്ടോറിക്ഷകളുടെ വിവരം മോട്ടോർ വാഹന വകുപ്പിൽ ലഭ്യമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികളുടെ കാര്യക്ഷമത

26(2304) ശ്രീ. കെ. രാജൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രധാന വിഭവ സ്രോതസ്സുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ ഇരട്ടിയോളം തുക പദ്ധതി വിഹിതമായി പട്ടികവർഗ്ഗ വികസനത്തിന് ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ എന്തൊക്കെയെന്ന റിയിക്കുമോ;

(ഇ) പട്ടികവർഗ്ഗ ഉപപദ്ധതിക്കായി വകയിരുത്തുന്ന തുക പട്ടികവർഗ്ഗ ക്ഷേമത്തിന് പൂർണ്ണമായും ഉതകുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം (50%,75%,100%) എന്നീ വിഭവ സ്രോതസ്സുകളാണുള്ളത്. ഇതിൽ സംസ്ഥാന വിഹിതമായി 866.26 കോടി രൂപയും കേന്ദ്ര വിഹിതമായി 111.8703 കോടി രൂപയുമാണ് 2019-20 സാമ്പത്തിക വർഷം വകയിരുത്തി യിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ തോതുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായി ലഭിക്കേണ്ടതിന്റെ ഇരട്ടിയോളം തുക പദ്ധതി വിഹിതമായി പട്ടികവർഗ്ഗ വികസനത്തിന് ചെലവഴിക്കുന്നുണ്ട്. 2011 സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 484839 ആണ്. ഇത് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ്. 2019-20 സാമ്പത്തിക വർഷം ജനസംഖ്യയ്ക്ക് ആനുപാതികമായി സംസ്ഥാന ബഡ്ജറ്റിന്റെ 2.83 ശതമാനം തുക (866.26 കോടി രൂപ ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞ നേട്ടം അവലോകനം ചെയ്യാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിയ പദ്ധതി നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

ഭൂമി

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 4265 ഗുണഭോക്താക്കൾക്ക് 3663.374 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.

ഭവനം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29221 വീടുകൾ പൂർത്തിയാക്കി. മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച (2011-12 മുതൽ 2015-16 വരെ) പൂർത്തിയാകാതെ കിടന്ന വീടുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് മുഖേന 6792 വീടുകളും ലൈഫ് മിഷൻ മുഖേന 11085 വീടുകളും പൂർത്തീകരിച്ചു. ഇതിനുപുറമെ സ്പിൽ ഓവർ ആയി ഐ.എ.വൈ.-യിൽ 8534 വീടുകളും വകുപ്പിന്റെ സഹായത്തോടെ പൂർത്തിയാക്കി.

വകുപ്പ് മുഖേന 2016-17 വർഷം ഏറ്റെടുത്ത 6709 വീടുകളിൽ 555 വീടുകൾ പൂർത്തീകരിച്ചു. ശേഷിക്കുന്നവ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.

ലൈഫ് മിഷൻ രണ്ടാംഘട്ട സർവ്വേ പ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 5626 വീടുകളിൽ 1109 വീടുകൾ പൂർത്തീകരിച്ചു. വകുപ്പിന്റെ സഹായത്തോടെ 1121 PMAY വീടുകളും പൂർത്തിയാക്കി.

പ്രളയത്തിൽ തകർന്ന 604 വീടുകളിൽ 25 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചു. ശേഷിക്കുന്നവ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.

കോളനി വികസനം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എ.റ്റി.എസ്.പി./ഹാംലറ്റ് പദ്ധതികളിൽ ഏറ്റെടുത്ത 230 കോളനികളിൽ 13 എണ്ണം മാത്രമാണ് ടി കാലയളവിൽ പൂർത്തീകരിച്ചിരുന്നത്. ആയതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 155 കോളനികൾ പൂർത്തീകരിച്ചു. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് കോളനി വികസന പദ്ധതി പ്രകാരം 101 സങ്കേതങ്ങളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും ഫീസിബിൾ അല്ലാത്ത 6 കോളനികളെ ഒഴിവാക്കിയിരുന്നു. ശേഷിക്കുന്ന 95 സങ്കേതങ്ങളിൽ 61 സങ്കേതങ്ങളുടെ പ്രവൃത്തി ആരംഭിച്ചതിൽ 3 എണ്ണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

നൈപുണ്യ വികസന പദ്ധതി

ഈ സർക്കാർ വന്നതിനുശേഷം 2016-17 മുതൽ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 12 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 27 കോഴ്സുകളിലായി 5431 ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും ഇതുവരെ 2331 പേർക്ക് തൊഴിലും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു. ടി പരിശീലനത്തിന്റെ ഭാഗമായി 23 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്നവരുടെ പരിശീലനം പുരോഗമിക്കുന്നു.

മറ്റുള്ളവ:-

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സമ്പൂർണ്ണ വൈദ്യുതീകരണം
2. ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വികസനത്തിനായുള്ള പി.കെ. കാളൻ പദ്ധതി
3. സാമൂഹ്യ പഠനമുറി
4. തൊഴിലുറപ്പ് പദ്ധതിയിൽ "കേരള ട്രൈബൽ പ്ലസ്" എന്ന പുതിയ പദ്ധതി
5. അട്ടപ്പാടിയിലെ വനിതകളുടെ ശാക്തീകരണം
6. നിർമ്മാണ മേഖലയിൽ തൊഴിൽ സേന (ഗോത്ര ജീവിക)
7. ഐ.ടി. മേഖലയിൽ തൊഴിൽ പരിശീലനം
8. ജനനി ജന്മരക്ഷ-ധനസഹായം
9. സാമൂഹിക സാമ്പത്തിക ഇ-സർവ്വേ
10. ഡ്രോപ്പ് ഔട്ട് റേറ്റ് കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനുമായി മെന്റർ ടീച്ചർ നിയമനം (ഗോത്ര ബന്ധു)

11. ഗോത്ര വാത്സല്യനിധി ഇൻഷ്വറൻസ്

12. പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കൽ

13. മില്ലറ്റ് വില്ലേജ്

14. മൊബൈൽ മെഡിക്കൽ ക്ലിനിക്

15 കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി വകയിരുത്തുന്ന തുക പൂർണ്ണമായും അവർക്ക് ഉതകത്തക്ക രീതിയിൽ ചെലവഴിക്കാൻ സാധിക്കുന്നുണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭൂരിഭാഗവും കുടുംബങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് ഗുണം ലഭിക്കുന്ന പദ്ധതികൾക്കായാണ് വിനിയോഗിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലയിലാണ് കൂടുതൽ തുക വകയിരുത്തുന്നത്. കൂടാതെ തൊഴിൽ, ഭവന നിർമ്മാണം, ഭൂമി വാങ്ങി നൽകൽ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്കും പ്രാധാന്യം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സങ്കേത വികസന പരിപാടികളെല്ലാം ഊരുകൂട്ടങ്ങളാണ് തീരുമാനിക്കുന്നത്. ടി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക നില വളരെയേറെ മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ ധനസഹായം

27(2305) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാധനസഹായമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ എന്ത് തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി ടി-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ സംവിധാനം വഴിയാണോ അപേക്ഷകൾ സ്വീകരിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 137 ഗുണഭോക്താക്കൾക്ക് 26,37,000 രൂപ (ഇരുപത്തിയാറ് ലക്ഷത്തി മുപ്പത്തി ഏഴായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 35 | 470000 |
| 2017-18 | 49 | 995000 |
| 2018-19 | 26 | 514000 |
| 2019-20 | 27 | 658000 |
| ആകെ | 137 | 26,37,000 |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് 20,000 രൂപയും (ഇരുപതി നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽ നിലവിൽ ടി-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ സംവിധാനം വഴിയാണ് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് അപേക്ഷകൾ സ്വീകരിക്കുന്നത്.

## പട്ടികജാതി വികസന വകുപ്പ് ഹോസ്റ്റലുകളിലെ ഭക്ഷണം

28(2306) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഹോസ്റ്റലുകളിലെ ഭക്ഷണത്തിന് നിഷ്കർഷിച്ചിട്ടുള്ള മെനു എപ്രകാരമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഹോസ്റ്റലുകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികൾക്ക് അവരുടെ പ്രായത്തിനനുസരിച്ച് ആവശ്യമായ പോഷകഘടകങ്ങൾ ലഭിക്കുന്ന തരത്തിൽ തയ്യാറാക്കിയ പരിഷ്കരിച്ച മെനുവാണ് പട്ടികജാതി വകുപ്പിനുകീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നത്. സംസ്ഥാന ന്യൂട്രീഷ്യൻ ബ്യൂറോയിലെ ചീഫ് സയന്റിഫിക് ഓഫീസർ തയ്യാറാക്കിയ പരിഷ്കരിച്ച മെനുവാണ് ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്നത്. സ്പോർട്സ് കൗൺസിൽ നിഷ്കർഷിച്ചിരിക്കുന്ന മെനു അനുസരിച്ചുള്ള ഭക്ഷണമാണ് സ്പോർട്സ് സ്കൂളിൽ നൽകിവരുന്നത്. മെനു അനുബന്ധമായി* ചേർക്കുന്നു.

(ബി) ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം വകുപ്പുതല ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഭരണ വകുപ്പിലെ ഉദ്യോഗസ്ഥരും മിന്നൽ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാന വിജിലൻസ് ബ്യൂറോ സർപ്രൈസ് ചെക്ക് നടത്തുന്നുണ്ട്. കൂടാതെ ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ച് പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിച്ച് കുറവുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഹോസ്റ്റലുകളിൽ ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി വിദ്യാർത്ഥി പ്രതിനിധികൾ ഉൾപ്പെട്ട മെസ്സ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്.

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം

29(2307) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ഭൂമി നൽകാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം അനുവദിക്കുന്ന വിധത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ധനസഹായം അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിക്ഷിപ്ത വനഭൂമി വിതരണത്തിൽ നിൽക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽതന്നെ യോഗങ്ങൾ ചേർന്ന് ഭൂമി വിതരണം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ലാൻഡ് ബാങ്ക് ഭൂമി വില്പനയ്ക്ക് തയ്യാറാക്കിയിട്ടുള്ളവരിൽനിന്നും ഭൂമി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയുടെ നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ ലൈഫ് മിഷന്റെ മൂന്നാം ഘട്ട പദ്ധതി പ്രകാരം ഭൂരഹിതരായവർക്ക് ഭൂമിയും വീടും അനുവദിക്കുക എന്നതിനായി 7173 പേരുടെ വിവരങ്ങൾ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ഒരു വർഷത്തിനകം ഭൂമി പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 478 പേർക്ക് 174.77 ഏക്കർ സ്ഥലം വില കൊടുത്ത് വാങ്ങി നൽകി. വനാവകാശ നിയമ പ്രകാരം 1311 പേർക്ക് 1628.42 ഏക്കർ സ്ഥലത്തിന്റെ കൈവശ രേഖ നൽകി. നിക്ഷിപ്ത വനഭൂമിയും റവന്യൂ പട്ടയവുമായി 2568 പേർക്ക് 1804 ഏക്കർ സ്ഥലം വിതരണം ചെയ്തു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ഭൂമി വാങ്ങി നൽകുന്നതുമായി ബന്ധപ്പെട്ട് 3-3-2018-ലെ 21/2018/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

## ലൈഫ് പദ്ധതിപ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിയ വീടുകൾ

30(2308) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; എത്ര വീടുകൾ ഇനിയും പൂർത്തിയാക്കാനുണ്ട്; വിശദമാക്കുമോ;

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത വിഭാഗത്തിന്റെ വീട് പണി മുടങ്ങിയ എത്ര സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പട്ടികവർഗ്ഗക്കാരുടെ വീട് പണി ഇത്തരത്തിൽ മുടങ്ങിയിട്ടുണ്ടെങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മുൻവർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12054 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വീടുകൾ ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുകയും ആയതിൽ 11085 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 969 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 5526 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 3503 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും 1109 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 2020-ൽ നടത്തിയ സർവ്വെയുടെയും ഊരുകൂട്ടങ്ങൾ ലഭ്യമാക്കിയ കണക്കുകളും പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 14123 പേരെയും ഭൂരഹിത ഭവനരഹിതരായി 7173 പേരെയും കണ്ടെത്തിയിട്ടുണ്ട്. ടി മുഴുവൻ ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിന് ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

(ബി&സി) ഫണ്ടിന്റെ അപര്യാപ്തതമൂലം പട്ടികവർഗ്ഗക്കാർക്കായി അനുവദിക്കുന്ന വീട് പണി മുടങ്ങുന്ന സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2019-20 സാമ്പത്തിക വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽ 57.2 കോടി രൂപ വകയിരുത്തിയതിനുപുറമേ ധന പുനർവിനിയോഗം മുഖേന അധിക തുക കണ്ടെത്തി ഭവന നിർമ്മാണ പദ്ധതികൾക്കായി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷനുള്ള വകുപ്പിന്റെ വിഹിതം നൽകുന്നതിന് 102 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി**

31 (2309) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും സ്ഥലം വാങ്ങി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഭൂമി വാങ്ങി നൽകി; ഇതിനായി എന്ത് തുക ചെലവഴിച്ചു?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 16729 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു. ഈയിനത്തിൽ 65540.62 ലക്ഷം രൂപ ചെലവഴിച്ചു.

| വർഷം | ഗുണഭോക്താവ് | തുക |
|---|---|---|
| 2016-17 | 4468 | 17564.65 ലക്ഷം |
| 2017-18 | 4600 | 17950.51 ലക്ഷം |
| 2018-19 | 3887 | 15555.15 ലക്ഷം |
| 2019-20 | 3774 | 14470.31 ലക്ഷം |

## ഭൂമിയോ വീടോ ഇല്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി കുടുംബങ്ങൾ

32 (2310) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത എത്ര പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി കുടുംബങ്ങൾ കാസർഗോഡ് ജില്ലയിൽ ഉണ്ടെന്ന് അറിയിക്കാമോ; ഈ വിഭാഗങ്ങൾക്ക് പൂർണ്ണമായും എന്ന് വീട് വച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സ്വന്തമായി ഭൂമി ഇല്ലാത്ത 890 പട്ടികജാതി കുടുംബങ്ങളും ഭവനമില്ലാത്ത 1656 പട്ടികജാതി കുടുംബങ്ങളും കാസർഗോഡ് ജില്ലയിലുണ്ട്. ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2020-ൽ നടത്തിയ സർവ്വെയുടെയും ഊരുകൂട്ടത്തിന്റെയും കണക്കുപ്രകാരം കാസർഗോഡ് ജില്ലയിൽ ഭൂമിയുള്ള ഭവനരഹിതരായി 2666 പേരെയും ഭൂമിയില്ലാത്ത ഭവനരഹിതരായ 564 പേരെയും കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ കണ്ടെത്തിയ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനായി ഗുണഭോക്തൃ ലിസ്റ്റ് ലൈഫ് മിഷൻ കൈമാറിയിട്ടുണ്ട്.

## പട്ടികജാതി വകുപ്പ് നിർമ്മിച്ച വീടുകൾ

33 (2311) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-15 കാലത്ത് പട്ടികജാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; അതിനായി എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

2011-15 കാലയളവിൽ അനുവദിച്ച 24887 വീടുകളിൽ 13884 വീടുകൾ പൂർത്തീകരിച്ചു. ഇതിനുപുറമേ 13823 സ്പിൽ ഓവർ വീടുകളിൽ 8463 വീടുകളും പ്രസ്തുത കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 543,29,70,722 രൂപ ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി വകുപ്പ് നിർമ്മിച്ച് നൽകിയ വീടുകൾ

34 (2312) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകി; അതിനായി എന്തു തുക ചെലവഴിച്ചു;

(ബി) 2018-19, 2019-20 വർഷങ്ങളിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകി; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മുഖേന 23971 വീടുകൾ അനുവദിച്ചു. അതിൽ 19086 വീടുകൾ പൂർത്തിയായി. ഇതിന് പുറമേ 31-3-2016-ന് സ്പിൽ ഓവറായി അവശേഷിച്ച 16360 വീടുകളിൽ 9782 വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 928,22,34,355 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ വകുപ്പിൽനിന്നുള്ള പദ്ധതി വിഹിതം കൂടി വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയായ ലൈഫ് മിഷൻ മുഖേന അനുവദിച്ച 11456 വീടുകളിൽ 6187 വീടുകളും പി.എം.എ.വൈ.-യിൽ നൽകിയ 5215-ൽ 4817 വീടുകളും പൂർത്തിയായി.

(ബി) 2018 മുതൽ ലൈഫ് മിഷൻ മുഖേന മാത്രമാണ് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നത്. എന്നാൽ 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനായി വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 170 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ആയതിൽ 112 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങി നൽകുന്ന പദ്ധതി**

35(2313) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് സ്ഥലം വാങ്ങി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം 2011-16 കാലയളവിൽ എത്ര പേർക്ക് ഭൂമി വാങ്ങി നൽകിയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി ആവിഷ്കരിച്ചിരുന്നു.

(ബി) 2011-16 കാലഘട്ടത്തിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 30063 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയ ഇനത്തിൽ 59944.99 ലക്ഷം രൂപ ചെലവഴിച്ചു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന-ഭൂരഹിതർ**

36(2314) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരും ഭൂരഹിതരുമായ എത്ര പേരുണ്ട്;

(ബി) ഇവർക്ക് സ്ഥലവും വീടും നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇതിലൂടെ എത്രപേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി യല്ലാതെ വീടും സ്ഥലവും നൽകുന്നതിന് 2017-18 മുതൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ ലിസ്റ്റിൽ ബാക്കിയുള്ള 5269 ഭവനരഹിതരും ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാതെപോയ ഭവനരഹിതരായ 46863 കുടുംബങ്ങളുൾപ്പെടെ ആകെ 52132 ഭവനരഹിതരുണ്ട്. കൂടാതെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട 54553 ഭൂരഹിതരും ഇതിനുപുറമേ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത 36040 പേരുൾപ്പെടെ സംസ്ഥാനത്ത് ആകെ 90593 ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്.

(ബി) ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം നൽകുന്നു. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000 രൂപയും ധനസഹായം നൽകുന്നു.

(സി) വിശദവിവരം ചുവടെ ചേർക്കുന്നു :

| ജില്ല | ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചവരുടെ എണ്ണം (ലൈഫ് മിഷൻ) | ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചവരുടെ വിവരം (ലൈഫ് മിഷൻ ലിസ്റ്റിൽനിന്ന് വകുപ്പ് മുഖേന) |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 1058 | 467 |
| കൊല്ലം | 1316 | 376 |
| പത്തനംതിട്ട | 260 | 210 |

| (1) | (2) | (3) |
|---|---|---|
| ആലപ്പുഴ | 678 | 156 |
| കോട്ടയം | 403 | 210 |
| ഇടുക്കി | 1777 | 197 |
| എറണാകുളം | 576 | 469 |
| തൃശ്ശൂർ | 828 | 349 |
| പാലക്കാട് | 1028 | 428 |
| മലപ്പുറം | 576 | 194 |
| കോഴിക്കോട് | 485 | 284 |
| വയനാട് | 202 | 112 |
| കണ്ണൂർ | 42 | 209 |
| കാസർഗോഡ് | 70 | 113 |
| ആകെ | 9299 | 3774 |

(ഡി) 2017-18 മുതൽ വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | ഭവന നിർമ്മാണ ധനസഹായം | ഭൂമി വാങ്ങുന്നതിന് ധനസഹായം |
|---|---|---|
| 2017-18 | 395,43,35,036 | 179,50,51,000 |
| 2018-19 | 252,57,76,000 | 155,55,15,000 |
| 2019-20 | 45,71,13,519 | 144,70,31,904 |
| ആകെ | 693,72,24,555 | 479,75,97,904 |

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം

37 (2315) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്; എത്ര വീടുകൾ പണി പൂർത്തീകരിച്ചു ;

(ബി) ലൈഫ് ഭവന പദ്ധതിക്ക് പട്ടികജാതി വികസന വകുപ്പിൽനിന്ന് എത്രപേർക്ക് ഭവന നിർമ്മാണത്തിനുള്ള തുക നൽകിയിട്ടുണ്ട്; ഇതിൽ എത്ര പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പ് നേരിട്ട് അനുവദിച്ച 23971 വീടുകളിൽ 19086 വീടുകൾ പൂർത്തീകരിച്ചു. ഇതിനു പുറമേ 31-3-2016-ന് സ്പിൽ ഓവറായി അവശേഷിച്ച, 16360 വീടുകളിൽ 9782 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ നിർമ്മാണം ആരംഭിച്ച 9299 വീടുകളിൽ 6187 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കുന്ന PMAY പദ്ധതിയിൽ 2150 പുതിയ വീടുകളും പൂർത്തീകരിച്ചു.

(ബി) ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച പട്ടികജാതി വിഭാഗക്കാർക്കുള്ള സംസ്ഥാന വിഹിതമായി 2018-19 വർഷം 61.30 കോടി രൂപയും 2019-20 വർഷം 100 കോടി രൂപയും ലൈഫ് ഭവന പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 21368 പട്ടികജാതി വിഭാഗക്കാരിൽ കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ച 9299 വീടുകളിൽ 6187 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗക്കാർക്ക് ഭൂമി

38 (2316) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളിലൂടെയെന്ന് വ്യക്തമാക്കാമോ;

(സി) 2011-16 കാലയളവിൽ വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാരായ എത്ര പേർക്ക് ഭൂമി നൽകിയെന്നും എത്ര ഏക്കർ സ്ഥലം ഇതുപ്രകാരം വിതരണം ചെയ്തുവെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന വിവിധ പദ്ധതികൾ പ്രകാരം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(ബി) ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്ന 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരവും ടി.ആർ.ഡി.എം. പദ്ധതി പ്രകാരവും വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖയുമാണ് വിതരണം ചെയ്തിരുന്നത്.

(സി) 2011-16 കാലയളവിൽ ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 542 പേർക്ക് 237 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ പദ്ധതി പ്രകാരം 795 പേർക്ക് 758.6 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. 2006-11-ൽ കേന്ദ്ര വനാവകാശ നിയമപ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച വനാവകാശ നിയമപ്രകാരമുള്ള ഭൂമി 8222 പേർക്ക് ROR നൽകി.

**കുറ്റ കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി**

39 (2317) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റ കോളനിയിലുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ കോളനിയിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാം; അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം കുറ്റ കോളനിയിൽ നടപ്പിലാക്കുന്ന പ്രധാന പ്രവൃത്തിയായ കുടിവെള്ള പദ്ധതിയിൽ, ടാങ്കും അനുബന്ധ പ്രവൃത്തികളും നിർവ്വഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ്

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എഞ്ചിനീയറിംഗ് ലിമിറ്റഡ് മുഖാന്തരവും കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ ജലവിഭവ വകുപ്പുമാണ് നിർവ്വഹിക്കുന്നത്. ആയതിൽ ടാങ്ക് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസി കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്നതനുസരിച്ച് കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**കൊടകര പഞ്ചായത്തിലെ കുംഭാര കോളനിയുടെ നവീകരണം**

40 (2318) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര പഞ്ചായത്തിലെ കുംഭാര കോളനിയുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും അവരുടെ ജീവിതോപാധികളുടെ സംരക്ഷണത്തിനുമായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിനായി ഏർപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ; നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കൊടകര കുംഭാര കോളനിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പഗ് മിൽ, വർക്ക് ഷെഡ് തുടങ്ങിയവയോടുകൂടിയ വ്യാവസായിക കേന്ദ്രം, കുടിവെള്ള പദ്ധതി, നടപ്പാതകളുടെ നിർമ്മാണവും റീ ടാറിംഗും തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്ന കൊടകര ഗ്രാമപഞ്ചായത്തുമായി വകുപ്പ് കരാറിൽ ഏർപ്പെടുകയും തുടർന്ന് ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**പറക്കുന്നം കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതി**

41 (2319) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട പറക്കുന്നം കോളനി അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയതിനുശേഷം ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്ന ഏജൻസി ഏതെന്നും പദ്ധതി പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (KEL) ആണ് നിർവ്വഹണ ഏജൻസി. കോളനിയിലെ എല്ലാ നിർമ്മാണ പ്രവൃത്തികളും 2020 മാർച്ച് 31-നകം പൂർത്തീകരിക്കണമെന്ന നിർദ്ദേശമാണ് ഏജൻസികൾക്ക് നൽകിയിട്ടുള്ളത്.

**പട്ടികജാതി കോളനികളിലെ കുടിവെള്ള ക്ഷാമം**

42 (2320) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഇത്തരം കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ കോളനികളിൽ കുടുംബങ്ങളുടെ എണ്ണത്തിൽ കുറവ് ഉണ്ടെങ്കിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് പ്രത്യേക അനുവാദം ലഭിക്കുമോ; അറിയിക്കുമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലും കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ട് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലും കുടിവെള്ള വിതരണ പദ്ധതികൾ നിർവ്വഹിക്കാവുന്നതാണ്. ഓരോ സാമ്പത്തിക വർഷവും ജില്ലകൾക്ക് അനുവദിക്കുന്ന കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 25 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള കുടിവെള്ള പ്രോജക്ടുകൾ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെയും ജില്ലാ ഓഫീസറുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പ്രോജക്ടുകൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നത്.

(ബി) കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെ പട്ടികജാതി സങ്കേതമായി കണക്കാക്കിയാണ് കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി ഫണ്ട് വകയിരുത്താൻ കഴിയുകയുള്ളു.

(സി) പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവ് ആയിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപഫണ്ടിൽനിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനതു ഫണ്ടിൽനിന്നും വകയിരുത്തുകയും ചെയ്യേണ്ടതാണ്.

**മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

43 (2321) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, ആരംഭിക്കാനുള്ളവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ആരംഭിക്കാനുള്ള പ്രവൃത്തികൾക്കുള്ള തടസ്സങ്ങൾ വിശദമാക്കാമോ; തടസ്സങ്ങൾ ഒഴിവാക്കി ഈ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം ഐക്കമത്ത് വിള, ഐ.കെ.എസ്. എന്നീ കോളനികളെയും 2019-20 സാമ്പത്തിക വർഷം ചുനക്കര പാങ്കാവിൽ കോളനിയേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട ഒരു കോളനികളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഐ.കെ.എസ്, ചുനക്കര പാങ്കാവിൽ എന്നീ കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) നിർവ്വഹണ ഏജൻസി സമർപ്പിച്ച നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ന്യൂനതകളുള്ളതിനാൽ എസ്റ്റിമേറ്റ് പുനരവലോകനം ചെയ്യാനാവശ്യപ്പെട്ടുവെങ്കിലും നാളിതുവരെയായി ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം. പരിഷ്കരിച്ച എസ്റ്റിമേറ്റ് സമർപ്പിക്കാനും പണി ആരംഭിക്കാനും ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാട്ടാക്കട മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം

44(2322) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നിലമേൽ, തേരിയ്ക്കാവിള കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് എത്ര കാലമായെന്നും നിലവിലെ സ്ഥിതിയെന്തെന്നും എത്ര ദിവസം കൊണ്ട് പ്രവൃത്തി പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള നിലമേൽ, തേരിക്കാവിള എന്നീ കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്.

നിലമേൽ കോളനി

i. 20 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ 9 എണ്ണം പൂർത്തീകരിച്ചു.

ii. റോഡ് നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

തേരിക്കാവിള കോളനി

i. ശ്മശാനത്തിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു.

ii. 15 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ 6 എണ്ണം പൂർത്തീകരിച്ചു.

(ബി) നിലമേൽ, തേരിക്കാവിള കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഒരു വർഷമായി. ടി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പള്ളിമുകൾ കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

45 (2323) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിമുകൾ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

### ഉത്തരം

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പള്ളിമുകൾ കോളനിയിലെ റോഡ് മെയിന്റനൻസ് പൂർത്തീകരിക്കുന്നതനുസരിച്ച് കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. അടിയന്തരമായി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുമാരി അപർണ ലാലുവിന് ധനസഹായം അനുവദിക്കുന്നതിന് നടപടി

46 (2324) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തി ബ്ലോക്കിലെ പനങ്ങാട് സ്വദേശിയും ഫയറിംഗ്, തൈക്വോണ്ട, എൻ.സി.സി. മേഖലകളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കരസ്ഥമാക്കുകയും ചെയ്ത നിർദ്ധനകുടുംബാംഗവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടതുമായ കുമാരി അപർണ ലാലുവിന് ഷൂട്ടിംഗ് പരിശീലനത്തിന് ധനസഹായം അനുവദിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ പള്ളുരുത്തി ബ്ലോക്കിലെ പനങ്ങാട് സ്വദേശിനി കുമാരി അപർണ ലാലുവിന് ഇടുക്കി റൈഫിൾ അസോസിയേഷനിൽ പരിശീലനം നടത്തുന്നതിനുള്ള ധനസഹായം അനുവദിക്കുന്ന കാര്യം പ.ജ.പ.വ.വി.വ.-എ 2/50/2020/പ.ജ.പ.വ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

## പഠനമുറി പദ്ധതി

47(2325) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം വികസിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത പഠനമുറി പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര, വെട്ടിക്കവല എന്നീ ബ്ലോക്കുകളിൽ എത്ര പഠന മുറികൾ നിർമ്മിച്ചു എന്നറിയിക്കാമോ;

(ബി) ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങളും പഠനമുറികൾ നിർമ്മിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും നൽകാമോ?

ഉത്തരം

(എ) പഠനമുറി പദ്ധതി പ്രകാരം കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ അനുവദിച്ച പഠനമുറികളുടെ വിവരം ചുവടെ ചേർക്കുന്നു :

| ബ്ലോക്ക് | 2017-18 | 2018-19 | 2019-20 | ആകെ |
|---|---|---|---|---|
| കൊട്ടാരക്കര | 47 | 36 | 20 | 103 |
| വെട്ടിക്കവല | 69 | 42 | 45 | 156 |
| ആകെ | 116 | 78 | 69 | 259 |

(ബി) പഠനമുറി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ ലിസ്റ്റ് വർഷം തിരിച്ച് അനുബന്ധമായി* ചേർക്കുന്നു. ചെലവഴിച്ച തുകയുടെ വിവരം ബ്ലോക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.

| ബ്ലോക്ക് | 2017-18 | 2018-19 | 2019-20 | ആകെ |
|---|---|---|---|---|
| കൊട്ടാരക്കര | 9110000 | 6250000 | 2350000 | 17710000 |
| വെട്ടിക്കവല | 10730000 | 6210000 | 9400000 | 26340000 |
| ആകെ | 19840000 | 12460000 | 11750000 | 44050000 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കോതമംഗലം മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ**

48 (2326) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനുവേണ്ടി കോതമംഗലം മണ്ഡലത്തിൽ എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നല്കാമോ;

(സി) മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) പതിനാറിൽ അധികം ആദിവാസി കോളനികൾ ഉള്ളതും ഇടുക്കി ജില്ലയോട് അതിർത്തി പങ്കിടുന്നതുമായ കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആംരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-ഡി) കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള പദ്ധതികൾ**

49(2327) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്ക് നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾക്ക് പുറമെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അറിയിക്കാമോ;

(ബി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിഷയങ്ങളിൽ പരിഹാര ബോധനം നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഒന്ന് മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ബാഗ്, കുട, യൂണിഫോം എന്നിവ വാങ്ങുന്നതിന് വകുപ്പ് സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതിക്കാർക്ക് നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾക്കുപുറമേ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ജൂൺ 2020-ൽ കണ്ണൂർ ജില്ലയിലെ പെരിങ്ങോമിലും കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിലും ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലായി 44 ഐ.ടി.ഐ.-കളും കോഴിക്കോട് ജില്ലയിൽ CREST എന്ന സ്ഥാപനവും പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജും തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, എറണാകുളം ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഐ.ടി.ഐ.-കൾ എന്നീ സ്ഥാപനങ്ങളുടെ പേര് വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്

(സി) ഉണ്ട്. ഒരു വിദ്യാർത്ഥിക്ക് 2000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

(ഡി) ഉണ്ട്. സംസ്ഥാനത്തെ ഗവ./എയ്ഡഡ്/ടെക്നിക്കൽ സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് അവരുടെ നിലവിലുള്ള വീടിനോടൊപ്പം 120 ച. അടി വലുപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് 2,00,000 രൂപ 15 ശതമാനം, 30 ശതമാനം, 40 ശതമാനം, 15 ശതമാനം എന്ന നിരക്കിൽ ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന പദ്ധതി 2017-18 വർഷം മുതൽ നടപ്പാക്കുന്നു. നിലവിലുള്ള വീടിന്റെ വലുപ്പം 800 ച. അടിയിൽ അധികരിക്കാത്ത കുടുംബങ്ങളെയാണ് ധനസഹായത്തിനായി പരിഗണിക്കുന്നത്. 120 ച. അടി വലുപ്പത്തിൽ മുറി നിർമ്മിച്ച് മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പതിക്കുന്നതിനും വാതിലും ജനലുകളും സ്ഥാപിക്കുന്നതിനും പുസ്തകം സൂക്ഷിക്കുന്നതിനുമുള്ള ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

2017-18 വർഷം 6623 പഠനമുറികൾ അനുവദിച്ചതിൽ 5725 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷം അനുവദിച്ച 4977 പഠനമുറികളിൽ 3246 പഠനമുറികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ചുനൽകിയതിൽ 4833 പഠനമുറികളുടെ നിർമ്മാണം ആരംഭിക്കുകയും 403 പഠനമുറികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

50 (2328) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ അർഹത മാനദണ്ഡം അടക്കം വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഈ പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ബി-ടെക്, എം-ടെക്, എം.സി.എ., ഡിപ്ലോമ (കമ്പ്യൂട്ടർ സയൻസ്), ബി.എസ്‌സി. (കമ്പ്യൂട്ടർ സയൻസ്), എം.എസ്‌സി. (കമ്പ്യൂട്ടർ സയൻസ്), എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്, ബി.എച്ച്.എം.എസ്.,

ബി.വി.എസ്.സി.&എ.എച്ച്, ബി. ആർക്ക്, എം.ഫിൽ, പി.എച്ച്.ഡി, എം.എസ്.സി. (ഇലക്ട്രോണിക്സ്) എന്നീ കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് ഒരാൾക്ക് പരമാവധി 25000 രൂപ വരെ ധനസഹായം നൽകുന്നു.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 2016-17 | 374 |
| 2017-18 | 201 |
| 2018-19 | 43 |
| 2019-20 (29-2-2020 വരെ) | 68 |

**ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ**

51(2329) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര വർഗ്ഗമേഖലയിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ഏക അദ്ധ്യാപക വിദ്യാലയങ്ങളുണ്ട്; അവയിൽ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നു; അവർക്ക് നിലവിൽ ശമ്പള കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ; അറിയിക്കുമോ;

(സി) അദ്ധ്യാപകർക്ക് ശമ്പളം മുടങ്ങിയതിനുള്ള കാരണമെന്താണ്; ഇത് മുടക്കം കൂടാതെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ നിലവിൽ പ്രശ്നങ്ങൾ നേരിടുന്നില്ല.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 21 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 19 എണ്ണം ഇടുക്കി ജില്ലയിലും ഒരെണ്ണം മലപ്പുറം ജില്ലയിലും ഒരെണ്ണം വയനാട് ജില്ലയിലും പ്രവർത്തിച്ചുവരുന്നു. വയനാട്, മലപ്പുറം ജില്ലകളിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പെരിപ്പറ്ററ്റിക് സ്കൂളുകൾ എന്നറിയപ്പെടുന്നു. മേൽപ്പറഞ്ഞ 21 ഏകാദ്ധ്യാപക വിദ്യാലയങ്ങളിലായി 21 അദ്ധ്യാപകർ ജോലി നോക്കുന്നു. മലപ്പുറം ജില്ലയൊഴികെ മറ്റിടങ്ങളിൽ നിലവിൽ ശമ്പള കുടിശ്ശികയില്ല. മലപ്പുറം ജില്ലയിൽ 3 മാസത്തെ ശമ്പളം ട്രഷറി നിയന്ത്രണം കാരണം കുടിശ്ശികയായിരുന്നു. ഇപ്പോൾ ട്രഷറി നിയന്ത്രണം നീക്കിയിട്ടുള്ളതിനാൽ ശമ്പള ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) ട്രഷറി നിയന്ത്രണം കാരണമാണ് മലപ്പുറം ജില്ലയിൽ മൂന്ന് മാസത്തെ ശമ്പളം മുടങ്ങിയത്. നിലവിൽ ട്രഷറി നിയന്ത്രണം നീക്കിയിട്ടുള്ളതിനാൽ ശമ്പള ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

## പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം അലവൻസ്

52 (2330)<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ പഠിക്കുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് യൂണിഫോം അലവൻസായി എത്ര തുകയാണ് നൽകുന്നത് എന്നറിയിക്കുമോ;

(ബി) ഈ തുക ഒരുമിച്ചാണോ അതോ തവണകളായിട്ടാണോ നൽകുന്നത് എന്ന് വിശദമാക്കുമോ;

(സി) ഈ അദ്ധ്യയന വർഷം യൂണിഫോം അലവൻസ് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) അദ്ധ്യയന വർഷം പൂർത്തിയാകാറായിട്ടും അരൂർ മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ യൂണിഫോം അലവൻസ് കിട്ടിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ 66 ട്രൈബൽ സ്കൂളുകളിലെ എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രതിവർഷം 500 രൂപ യൂണിഫോം

അലവൻസായി നൽകി വരുന്നു. ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രൈമറി/സെക്കണ്ടറി/എഡ്യൂക്കേഷൻ എയ്ഡായി ഒരു വിദ്യാർത്ഥിക്ക് 2000 രൂപ വീതം അനുവദിക്കുന്നുണ്ട്. ഈ തുകയിൽ 1000 രൂപ യൂണിഫോം വാങ്ങുന്നതിനായുള്ളതാണ്. ഇതിനുപുറമേ വകുപ്പിലെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ എൽ.പി. /യു.പി./ഹൈസ്കൂൾ/ഹയർ സെക്കണ്ടറിതല പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ചുവടെ പറയുംപ്രകാരം യൂണിഫോം അലവൻസ് നൽകുന്നു.

| ക്ലാസ്സ് തലം | യൂണിഫോം അലവൻസ് |
|---|---|
| എൽ.പി. | 1000 |
| യു.പി. | 1400 |
| എച്ച്.എസ്. | 1600 |
| എച്ച്.എസ്.എസ്. | 1600 |

കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ (എം. ആർ.എസ്)3750 രൂപ (5 മുതൽ 12 വരെ ക്ലാസ്സുകൾ ) വീതം നൽകുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിൽ പ്രൈമറി/സെക്കണ്ടറി എയ്ഡ് പ്രകാരമുള്ള തുക കുട്ടികൾക്ക് സ്ഥാപന മേധാവി മുഖേന ഒരുമിച്ചാണ് വിതരണം ചെയ്യുന്നത്. പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും യൂണിഫോം വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിൽ യൂണിഫോം അലവൻസായി തുക ഒരുമിച്ചാണ് നൽകിവരുന്നത്.

(സി) പട്ടികജാതി വകുപ്പിൽ പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഈ അദ്ധ്യയന വർഷത്തിൽ (2019-20) ആരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്തിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ അദ്ധ്യയന വർഷം യൂണിഫോം അലവൻസ് അനുവദിക്കുന്നതിനായി 12,42,000 രൂപ വിവിധ ജില്ലാ ഓഫീസുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അരൂർ മണ്ഡലത്തിൽ 2019-20 അദ്ധ്യയന വർഷത്തിൽ പ്രൈമറി/സെക്കണ്ടറി എയ്ഡ് പദ്ധതി പ്രകാരം 1660 പട്ടികജാതി വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. അരൂർ മണ്ഡലത്തിൽ ട്രൈബൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല.

## ട്രാൻസ്ജെൻഡർ വിദ്യാർത്ഥിയുടെ പഠനം മുടങ്ങിയ സംഭവം

53 (2331) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്രാൻസ്ജെൻഡർ വിദ്യാർത്ഥി പഠനം നിർത്തി ഊരിലേക്ക് മടങ്ങിയതായ വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) 2018-19 ൽ ബഹു. ഗവർണറുടെ ഉത്തരവിലൂടെ കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠനം തുടങ്ങിയ വിദ്യാർത്ഥി വിവിധ മേഖലകളിൽ നിന്നുള്ള മാനസികപീഡനംമൂലം പഠനം നിർത്തിയതായുള്ള കാര്യം പട്ടികവർഗ്ഗ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ വിഷയം സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്രാൻസ്ജെൻഡർ വിദ്യാർത്ഥി പഠനം നിർത്തി ഊരിലേയ്ക്ക് മടങ്ങിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 29-1-2019-ലെ സ.ഉ.(ആർ.ടി.)നമ്പർ 393/2019/GEDN പ്രകാരമാണ് 2018-19 അദ്ധ്യയന വർഷം നിവേദ്യ ആനന്ദ് എന്ന വിദ്യാർത്ഥിക്ക് കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്രവേശനം അനുവദിച്ചിട്ടുള്ളത്. കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠനം നടത്തിയിരുന്ന നിവേദ്യ ആനന്ദിനോട് യാതൊരു വിവേചനവും കാണിച്ചിട്ടില്ല. ടി വിദ്യാർത്ഥിക്ക് പ്രത്യേകം മുറി അനുവദിച്ചിരുന്നു. മറ്റ് വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാ സൗകര്യങ്ങളും സ്നേഹവും കരുതലും പരിഗണനയും നിവേദ്യയ്ക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളിൽനിന്നും ലഭിച്ചിരുന്നു. ടി വിദ്യാർത്ഥിയോട് യാതൊരു വേർതിരിവും ടി സ്ഥാപനത്തിലെ അദ്ധ്യാപകരോ ജീവനക്കാരോ കാണിച്ചിട്ടില്ല.

(സി) സ.ഉ.(ആർ.ടി.)നമ്പർ 393/2019 പ്രകാരം കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് വൺ പഠനം നടത്തുന്നതിന് കുമാരി. നിവേദ്യ ആനന്ദിന് അനുമതി ലഭിച്ചതിനെത്തുടർന്ന് മോഡൽ റസിഡൻഷ്യൽ സ്കൂൾ കാസർഗോഡിൽ ടി വിദ്യാർത്ഥിക്ക് പ്രവേശനം നൽകിയിരുന്നു. പ്രസ്തുത വിദ്യാർത്ഥിക്ക് പൊതു പരീക്ഷ എഴുതുന്നതിന് ആവശ്യമായ സൗകര്യങ്ങൾ കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. പരീക്ഷ എഴുതുന്നതിന് ടി വിദ്യാർത്ഥിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ.

54 (2332) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ.യിൽ ഈ സർക്കാർ അധികാരത്തി ലേറിയശേഷം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഈ ഐ.ടി.ഐ.യിൽ ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കു ന്നതിനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(സി) ഇവിടെ ഹ്രസ്വകാല തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിക്കു ന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ.യിൽ ബഹു.എം.പി. അഡ്വ. സോമപ്രസാദിന്റെ ഫണ്ടിൽനിന്നും ഒരു ഹൈടെക് സെമിനാർ ഹാൾ ഒരുക്കിയിട്ടുണ്ട്. ടി ഐ.ടി.ഐ.-യിൽ പി.ഡബ്ല്യു.ഡി. ഒരു സ്ത്രീ സൗഹൃദ മുറിയും നിർമ്മിച്ചുനൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി കൾക്കായി 30,05,000 രൂപ അനുവദിക്കുകയും 99 ശതമാനം പണി പൂർത്തീക രിക്കുകയും ചെയ്തു. ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ ഹോസ്റ്റലിന് വൈദ്യുതി കണക്ഷനായി 14200 രൂപ അനുവദിച്ചു. ആയത് പൂർത്തീകരിച്ചിട്ടുണ്ട്. പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി അധികലോഡ് റെഗുലറൈസ് ചെയ്യുന്നതിന് 41,114 രൂപ അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തു. ഐ.ടി.ഐ.-ക്ക് 5KVA UPS സ്ഥാപിക്കു ന്നതിന് 69,100 രൂപ അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓച്ചിറ ഐ.ടി.ഐ.യിലേയ്ക്കും ഐ.ടി.ഐ. ഹോസ്റ്റലിലേയ്ക്കും സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു. ഐ.ടി.ഐ.യിലെ ട്രെയിനികൾക്കായി ഉച്ചഭക്ഷണ പദ്ധതിയും പോഷകാഹാര പദ്ധതിയും ആരംഭിച്ചു.

(ബി) നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റ് (ബാച്ച്) കൂടെ പുതുതായി ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾക്കൊപ്പം പുതുതായി ഇലക്ട്രീഷ്യൻ ട്രേഡുകൂടി ആരംഭിക്കുന്നതിനുമുള്ള ശിപാർശ പരിഗണ നയിലാണ്.

(സി) ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## നെടുമങ്ങാട് ഐ.ടി.ഐ. നവീകരണം

55 (2333) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പിന് കീഴിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ഐ.ടി.ഐ.-യിൽ കൂടുതൽ കോഴ്സുകളും അഡീഷണൽ ബാച്ചും അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പേരുമല ഐ.ടി.ഐ.-യുടെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 12 ലക്ഷം രൂപയും ലേഡീസ് ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിനായി 4,20,000 രൂപയും അനുവദിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ മെയിന്റനൻസിനായി 81,500 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി.ഐ.-യിൽ ഒരു 5 KVA സോളാർ പ്ലാന്റ് സ്ഥാപിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. പേരുമല ഐ.ടി.ഐ.-യിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പുതിയ ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നിർമ്മാണത്തിനായി 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ ഐ.ടി.ഐ.യിൽ പരിശീലനം നൽകുന്നത് പ്ലംബർ ട്രേഡിലാണ്. ഇവിടെ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ടെസ്റ്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പേരുമല ഐ.ടി.ഐ.-യിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി പുതിയ ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നിർമ്മാണത്തിനായി 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഐ.ടി.ഐ.-യിൽ കൂടുതൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് പുതിയ കെട്ടിട നിർമ്മാണം ഉദ്ദേശിച്ചുകൊണ്ട് പ്രാരംഭ നടപടിയായി മണ്ണ്

പരിശോധനയും ടോട്ടൽ സ്റ്റേഷൻ സർവ്വേയും നടത്തുന്നതിലേയ്ക്കായി 5 ലക്ഷം രൂപ അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

(സി) പേരുമല ഐ.ടി.ഐ.-യിൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റ് (ബാച്ച്), വെൽഡർ ട്രേഡ് എന്നിവ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്. ഇവിടെ കൂടുതൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ്

56 (2334) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ;

(സി) ഐ.ടി. മേഖലയിലെ തൊഴിൽ പരിശീലനത്തിനായി പ്രസ്തുത സ്ഥാപനം എന്തെല്ലാം കോഴ്സുകൾ നടത്തി വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) മലബാർ മേഖലയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ശാഖകൾ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.

(ബി) ആധുനിക തൊഴിൽ മേഖലകളിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് താമസസൗകര്യത്തോടെ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പഠനാന്തരീക്ഷം ഒരുക്കിയിട്ടുള്ളത്. പഠനം വിജയകരമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തീകരിച്ച 40 ഉദ്യോഗാർത്ഥികൾക്ക് കേരളത്തിന് അകത്തും പുറത്തുമുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഐ.ടി.മേഖലയിലെ തൊഴിൽ പരിശീലനത്തിനായി മൂന്ന് ഐ.ടി. അധിഷ്ഠിത കോഴ്സുകളാണ് ഇവിടെ നടന്നുവരുന്നത്.

1. ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്
2. നെറ്റ്‌വർക്ക് ആൻഡ് സപ്പോർട്ടിംഗ് എഞ്ചിനീയറിംഗ്
3. സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്

(ഡി) മലബാർ മേഖലയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ശാഖകൾ പ്രവർത്തിക്കുന്നില്ല. കേരളത്തിലെ എല്ലാ ഗോത്രവർഗ്ഗ യുവതീയുവാക്കൾക്കും ഒരു സ്ഥലത്ത് പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരത്ത് ഈ സ്ഥാപനം ആരംഭിച്ചിട്ടുള്ളത്.

**പിണവൂർക്കുടിയിൽ ട്രൈബൽ ഹോസ്റ്റൽ**

57 (2335) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ പിണവൂർക്കുടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്നും പ്രസ്തുത ഏജൻസി നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) പതിനാറിൽ അധികം ആദിവാസി കോളനികൾ ഉൾപ്പെട്ടതും ഇടുക്കി ജില്ലയുടെ അതിർത്തിയും ആയ കോതമംഗലം മണ്ഡലത്തിൽ പിണവൂർക്കുടിയിൽ എസ്.ടി. വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയിൽനിന്നും അനുമതി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണത്തിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിട്ടുള്ളത്. 2020 മാർച്ചിൽ ചേരുന്ന ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റെക്കമെന്റേഷനോടുകൂടി കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

(സി&ഡി) കിഫ്ബിയിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാലുടൻതന്നെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മാവൂർ പഞ്ചായത്തിലെ അടുവാട് കോട്ടക്കുന്ന് കോളനിയിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി

58 (2336) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുകയും ടാങ്കും പൈപ്പ് ലൈനും പൂർത്തീകരിച്ച ശേഷം കിണറിനുള്ള സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ ഉപേക്ഷിക്കുകയും ചെയ്ത മാവൂർ പഞ്ചായത്തിലെ അടുവാട് കോട്ടക്കുന്ന് കോളനിയിൽ നിലവിൽ കുടിവെള്ളം ലഭ്യമാകാത്ത സാഹചര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിയിൽ വാട്ടർ അതോറിറ്റിയുടെ ടാങ്കിൽ നിന്നും കുടിവെള്ളമെത്തിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ടാങ്കിൽനിന്ന് കോളനിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ടാങ്കിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കോഴിക്കോടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

59 (2337) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ എസ്.സി./ എസ്.ടി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് അനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം അസംബ്ലി മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് അനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

2016-17

1. ഭരണിക്കാവ് പഞ്ചായത്ത്-മുലേച്ചിറ കോളനി -റോഡ് മെറ്റലിംഗ്&ടാറിംഗ് പദ്ധതി പൂർത്തീകരിച്ചു.
2. ഭരണിക്കാവ് പഞ്ചായത്ത് - പുത്തൻതറ കോളനി-ഓട നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്-പദ്ധതി പൂർത്തീകരിച്ചു.

2018-19

1. ഭരണിക്കാവ് പഞ്ചായത്ത്-മീനക്കോട്ട് കോളനി-കുളം പാർശ്വ ഭിത്തി നിർമ്മാണം, നടപ്പാത കോൺക്രീറ്റിംഗ്- പണി പുരോഗമിക്കുന്നു.
2. ഭരണിക്കാവ് പഞ്ചായത്ത്-പുവടിത്തറ കോളനി-റോഡ് കോൺക്രീറ്റിംഗ് -പദ്ധതി പൂർത്തീകരിച്ചു.

2019-20

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

1. ഭരണിക്കാവ് പഞ്ചായത്ത്-ചാങ്ങേത്തറ കോളനി സമഗ്രവികസനം
2. ഭരണിക്കാവ് പഞ്ചായത്ത് -IHDP കോളനി-റോഡ് കോൺക്രീറ്റിംഗ് സംരക്ഷണഭിത്തി നിർമ്മാണം
3. കണ്ടല്ലൂർ പഞ്ചായത്ത്-തകിടിച്ചിറ കോളനി റോഡ് നിർമ്മാണം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല.

## കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

60 (2338) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2019-20 വരെ ദേവികുളം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചതും നടപ്പാക്കി വരുന്നതും ആയതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പ്രവൃത്തികളുടെ വിവരം തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ദേവികുളം നിയോജകമണ്ഡലത്തിനായി പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കാനാകുമോ; ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് പദ്ധതിയിൽ വരുന്ന പുതിയ പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജില്ലാതലത്തിൽ പരിഗണിക്കുന്നതാണ്. കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം, ഡയറ്റ് തയ്യാറാക്കുന്ന പ്രോജക്ടുകൾ, വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി ഉപപദ്ധതിയിൽ നിരസിച്ച പ്രോജക്ടുകൾ ഏതെങ്കിലും കാരണത്താൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെവന്നതുണ്ടെങ്കിൽ അവ കമ്മീഷൻ ചെയ്യുക എന്നീ പ്രവൃത്തികൾ ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെയും ഫീസിബിലിറ്റിയുടെയും അടിസ്ഥാനത്തിൽ പ്രോജക്ടുകൾ നിർവ്വഹണം നടത്താവുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം ദേവികുളം നിയോജകമണ്ഡലത്തിനായി പ്രസ്തുത ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ നിർവ്വഹണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. 25 ലക്ഷം രൂപ വരെയുള്ള പദ്ധതി നിർദ്ദേശങ്ങൾ (റോഡ്, പാലം) ഒഴികെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം വാങ്ങിയാണ് നടപ്പിലാക്കുന്നത്. 25 ലക്ഷത്തിന് മുകളിൽ ചെലവ് വരുന്ന പദ്ധതികൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൽപ്പറ്റ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

61 (2339) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി.,എസ്.റ്റി കോർപ്പസ് ഫണ്ടുകൾ ഉപയോഗിച്ച് കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിലെ കണിയാമ്പറ്റ പഞ്ചായത്തിലെ ഏതെങ്കിലും റോഡ് പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നെടുനിലം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി,
2. മാട്ടറക്കുന്ന് കുടിവെള്ള പദ്ധതി
3. 50-ാം മൈൽ എസ്.സി. കോളനിയിലെ പാർശ്വ സംരക്ഷണ പ്രവൃത്തി
4. പൂച്ചാളക്കുന്ന് എസ്.സി. കോളനി മുതൽ കൊറ്റുകുളം വരെ റോഡ് പുനരുദ്ധാരണ പദ്ധതി,
5. കല്ലുവെട്ടും താഴെ എസ്.സി. കോളനി കുടിവെള്ള പദ്ധതി,
6. ഒലിവുമല വട്ടറക്കുണ്ട് റോഡ്

പട്ടികവർഗ്ഗ വികസന വകുപ്പിൽ പട്ടികവർഗ്ഗക്കാർക്കുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിലെ കണിയാമ്പറ്റ പഞ്ചായത്തിലെ ചുണ്ടക്കൊല്ലി ചരളമ്പം റോഡ് നിർമ്മാണത്തിന് 21 ലക്ഷം രൂപയുടെ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. തുക അനുവദിച്ച് ജില്ലാ പഞ്ചായത്ത് മുഖേന പദ്ധതി നടപ്പിലാക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആറളം ആദിവാസി സമഗ്ര വികസന പദ്ധതി

62 (2340) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി സമഗ്ര വികസനത്തിന് നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലുള്ള അവസ്ഥ അറിയിക്കുമോ;

(ബി) ഈ പദ്ധതികളുടെ പ്രവർത്തനം നിലച്ചുപോയിട്ടുണ്ടോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഡി) ഇവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറളം ഫാമിൽ നബാർഡ് ധനസഹായത്തോടെ ആകെ 22 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിൽ 7 പദ്ധതികൾ ഒഴിച്ച് ബാക്കി വരുന്ന 15 പദ്ധതികൾ പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 7 പദ്ധതികളുടെ പ്രവൃത്തികൾ ഇതേവരെ തുടങ്ങിയിട്ടില്ല. പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) ഇല്ല. പ്രവൃത്തികൾ തുടരുന്നുണ്ട്.

(സി) പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) 2021 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാകുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്.

## ഗദ്ദിക ആമസോൺ ഓൺലൈൻ വെബ് പോർട്ടൽ

63 (2341) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗദ്ദിക ആമസോൺ ഓൺലൈൻ വെബ് പോർട്ടൽ മുഖേന ഓൺലൈൻ വിപണനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എത്ര ഉല്പന്നങ്ങൾ പ്രസ്തുത പോർട്ടലിൽ ലഭ്യമാണ്; വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകരുടെ ഉത്പന്നങ്ങൾക്ക് അന്തർദ്ദേശീയമായി മികച്ച വിപണി കണ്ടെത്തുന്നതിന് ആമസോൺ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിൽ ഗദ്ദിക എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ആമസോൺ ഇ-കോമേഴ്സ് സൈറ്റിൽ ഗദ്ദിക എന്ന് സെർച്ച് ചെയ്താൽ പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകരുടെ തനതായ വിവിധ ഉത്പന്നങ്ങൾ ലഭ്യമാണ്. പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകരുടെ കരകൗശല, കൈത്തറി ഉത്പന്നങ്ങൾ, മുളകൊണ്ട് നിർമ്മിതമായ ഉത്പന്നങ്ങൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങി 235 തനതുൽപ്പന്നങ്ങൾ പ്രസ്തുത പോർട്ടലിൽ നിലവിൽ ലഭ്യമാണ്. ഡിസംബർ 2019-ൽ ആരംഭിച്ച പദ്ധതിയിൽ ഇതുവരെ 91,037 രൂപയുടെ വിപണനം നടന്നിട്ടുണ്ട്.

**പട്ടികജാതിക്കാർക്കിടയിലെ സാംസ്കാരിക പ്രവർത്തനങ്ങൾ**

64 (2342) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിക്കാർക്കിടയിൽ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) (1) <u>നാടൻകലാമേള (ഗദ്ദിക)</u>

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തനതു കലകളെ പരിപോഷിപ്പിക്കുന്നതിനും സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കുന്നതിനുമായി ഗദ്ദിക മേളകൾ സംഘടിപ്പിക്കുന്നു. 500-ഓളം കലാകാരൻമാരും പരമ്പരാഗത കൈത്തൊഴിലുകാരും മേളയിൽ പങ്കെടുത്തുവരുന്നു.

പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നീ വകുപ്പുകൾ സംയുക്തമായിട്ടാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. ഒരു വർഷം രണ്ട് സ്ഥലങ്ങളിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. 2019-20 വർഷം മാവേലിക്കര, കണ്ണൂർ എന്നീ സ്ഥലങ്ങളിലാണ് സംഘടിപ്പിച്ചത്.

(2) <u>സർഗ്ഗോത്സവം</u>

സംസ്ഥാന സ്കൂൾ കലോൽസവം/സ്പെഷ്യൽ സ്കൂൾ കലോത്സവം എന്നിവയിൽ 'എ' ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000 രൂപ പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(3) <u>ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ്</u>

പട്ടികവിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. അച്ചടി, ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ് നൽകുന്നത്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000 രൂപയും ഫലകവും, ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000 രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15,000 രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്. ഡോ. ബി. ആർ. അംബേദ്ക്കറുടെ പരിനിർവാണ ദിനമായ ഡിസംബർ 6-നാണ് അവാർഡ് വിതരണം ചെയ്യുന്നത്.

(4) <u>സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം</u>

പട്ടികജാതിക്കാരായ എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് (പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന്) 40,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

(5) <u>പടവുകൾ മാസിക</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി "പടവുകൾ" ദ്വൈമാസിക വകുപ്പ് പ്രസിദ്ധീകരിച്ചു വരുന്നു.

(6) <u>സാഹിത്യ ശില്പശാല</u>

പട്ടികജാതി പട്ടികവർഗ്ഗത്തിലും ഇതര വിഭാഗത്തിലും ഉൾപ്പെട്ട സാഹിത്യകാരൻമാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി വർഷംതോറും മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന

സാഹിത്യ ശില്പശാല (റാന്തൽ) സംഘടിപ്പിക്കുന്നു. സാഹിത്യ സങ്കേതങ്ങൾ, രചനാരീതി, സാഹിത്യവിജ്ഞാനം എന്നീ മേഖല കളിൽ അവബോധം സൃഷ്ടിക്കുന്നതിനും അതുവഴി സൃഷ്ടികളുടെ ഗുണമേന്മ ഉയർത്തുന്നതിനുമാണ് റാന്തൽ ശില്പശാല ലക്ഷ്യ മിടുന്നത്.

**പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ**

65 (2343) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളിൽ കുറവ് വന്നിട്ടില്ലെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച സർക്കാരിന്റെ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഇത്തരം എത്ര കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇതിൽ എത്ര കേസ്സുകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് കൂടുതൽ ശക്തമായ ഇടപെടൽ ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. അതിക്രമങ്ങൾ തടയുന്നതിന് കർശനമായ നിയമ നടപടികൾ ആഭ്യന്തര വകുപ്പും ബോധവൽക്കരണ പ്രവർത്തനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും നടത്തിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗങ്ങൾക്കുനേരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങൾ സംബന്ധിച്ച വർഷം തിരിച്ചുള്ള കേസ്സുകളുടെ കണക്കും സ്വീകരിച്ച നടപടിയും ചുവടെ ചേർക്കുന്നു :

| വർഷം | ആകെ എഫ്. ഐ.ആർ. ലഭിച്ച കേസുകളുടെ എണ്ണം | ആശ്വാസ ധനസഹായം നൽകിയ കേസ്സുകളുടെ എണ്ണം | ആകെ ചാർജ്ജ് റിപ്പോർട്ട് നൽകിയ കേസുകളുടെ എണ്ണം | ആശ്വാസ ധനസഹായം നൽകിയ കേസ്സുകളുടെ എണ്ണം |
|---|---|---|---|---|
| 2016 | 980 | 219 | 555 | 206 |
| 2017 | 1115 | 334 | 648 | 309 |
| 2018 | 1060 | 486 | 601 | 258 |
| 2019 | 890 | 233 | 323 | 141 |

പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ അന്വേഷണം ഊർജ്ജിതമാക്കുകയും നിയമാനുസൃതമായ ആശ്വാസ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമ തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പുവരുത്തുന്നു. അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും ടി കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാടും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള പദ്ധതികൾ

66 (2344) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിവരം കൂടി ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർക്കുന്നു.*

## കാസർഗോഡ് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ

67 (2345) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ആദിവാസി, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ ങ്ങളിൽപ്പെട്ട എത്ര പേർ അധിവസിക്കുന്നുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങളുടെ സംരക്ഷണം

68 (2346) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഭരണഘടനയുടെ 17-ാം അനുച്ഛേദത്തിന് അനുസൃതമായി പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും അധിക്ഷേപങ്ങളും അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കക്കാടംപൊയിൽ പഞ്ചായത്തിലെ ഒരു കൗൺസിലറിനെതിരെ ജാതീയമായ അധിക്ഷേപങ്ങൾ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജാതീയമായ അധിക്ഷേപങ്ങൾ തടയാൻ യാതൊരു പിന്തുണയും ലഭിക്കാത്തതിനെ തുടർന്ന് അദ്ദേഹം കൗൺസിലർ സ്ഥാനം രാജിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇതിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം (1989), പൗരാവകാശ സംരക്ഷണ നിയമം (1955) എന്നിവ ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യാൻ കർശന നിയമ നടപടികൾ സ്വീകരിക്കുക, അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമങ്ങൾ പ്രകാരം ഉറപ്പു വരുത്തുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. കൂടാതെ ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി നോഡൽ ഓഫീസർ എന്ന നിലയിൽ പ്രത്യേക അവലോകന യോഗവും നടത്തിവരുന്നു.

അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് ജില്ലയിൽ മണ്ണാർക്കാടും സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു.

അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക, നഷ്ടപരിഹാരം നൽകുക, സൗജന്യ നിയമ സഹായം നൽകുക, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി ഉറപ്പുവരുത്തുക, ആശ്രിതർക്ക് ധനസഹായം നൽകുക, കേസ്സുകളിൽ സാക്ഷി പറയുന്നവർക്ക് ധനസഹായം അനുവദിക്കുക തുടങ്ങിയ പരിരക്ഷകൾ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ഉറപ്പുവരുത്തുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം, വീട് എന്നിവ അനുവദിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. വിപുലമായ ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.

(ബി) കൂടരഞ്ഞി പഞ്ചായത്തിലെ ഒരു പഞ്ചായത്ത് മെമ്പർക്കെതിരെ അധിക്ഷേപമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പഞ്ചായത്ത് മെമ്പർ രാജി പിൻവലിച്ച് 3-3-2020-ന് നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്തതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

(ഡി) പഞ്ചായത്ത് മെമ്പർ പരാതി പിൻവലിച്ചതിനാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് തിരുവമ്പാടി പോലീസ് അറിയിച്ചു. പരാതിയില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

## പട്ടികജാതി-വർഗ്ഗ വകുപ്പിന്റെ നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ പ്രവൃത്തി

69 (2347) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ സ.ഉ.(കൈ) നമ്പർ 6/2016/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരമുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; പോത്തുകല്ല് പഞ്ചായത്തിലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലും ഉൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 22-1-2016-ലെ സ.ഉ. (കൈ) നമ്പർ 6/2016/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രവൃത്തികളിൽ നിലമ്പൂർ നഗരസഭയിലെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*പോത്തുകൽ ഗ്രാമപഞ്ചായത്തിൽനിന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് യഥാവിധി ലഭിക്കാതിരുന്നതിനാൽ പോത്തുകൽ ഗ്രാമപഞ്ചായത്തിലെ പദ്ധതികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ എസ്.സി./എസ്.ടി. പദ്ധതികൾ

70 (2348) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ എസ്.സി./എസ്.ടി. വകുപ്പ് മുഖേന പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഈ സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രളയാനന്തര ഭവന നിർമ്മാണം - 6 ഗുണഭോക്താക്കൾക്ക്
2. ഭവന പുനരുദ്ധാരണം - 4 ഗുണഭോക്താക്കൾക്ക്
3. ജനനി ജന്മരക്ഷ - 6 ഗുണഭോക്താക്കൾക്ക്
4. ഭക്ഷ്യ സഹായ പദ്ധതി - 47 ഗുണഭോക്താക്കൾക്ക്
5. പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം അനുവദിച്ച ധനസഹായം

| | | |
|---|---|---|
| പുല്ലുവെട്ടു മെഷീൻ | - | 1 ഗുണഭോക്താവ് |
| അശരണർക്ക് കട്ടിൽ | - | 1 ഗുണഭോക്താവ് |
| വാട്ടർബെഡ് | - | 2 ഗുണഭോക്താവ് |
| ലോട്ടറി കച്ചവടത്തിന് ധനസഹായം | - | 1 ഗുണഭോക്താവ് |

6. കോർപ്പസ് ഫണ്ടിൽനിന്നും അനുവദിച്ച ധനസഹായം

| | |
|---|---|
| വാട്ടർടാങ്ക് | - 30 ഗുണഭോക്താക്കൾക്ക് |
| ശുചിത്വ കക്കൂസ് നിർമ്മാണം | - 4 ഗുണഭോക്താക്കൾക്ക് |
| അശരണർക്ക് സാന്ത്വന ധനസഹായം | - 15 ഗുണഭോക്താക്കൾക്ക് |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ

1. ഭക്ഷ്യ സഹായ പദ്ധതി - 51 ഗുണഭോക്താക്കൾക്ക്

2. പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം അനുമതി നൽകിയ പദ്ധതികൾ

| | | |
|---|---|---|
| മരംവെട്ട് മെഷീൻ | - | 1 ഗുണഭോക്താവ് |
| ലൈറ്റ് & സൗണ്ട് | - | 1 ഗുണഭോക്താവ് |
| പുല്ല് വെട്ട് മെഷീൻ | - | 1 ഗുണഭോക്താവ് |

**നായിഡു സമുദായ അംഗങ്ങൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ്**

71 (T 2349) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-3-2019-ലെ സ.ഉ. (കൈ) 5/2019 പി.വി.വ. പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിലുള്ള കേരളത്തിലെ നായിഡു സമുദായ അംഗങ്ങൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവർക്ക് മേൽ ഉത്തരവ് പ്രകാരം ഒ.ബി.സി. സർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടാത്തതിനാൽ ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ് ലഭിക്കാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 7-3-2019-ലെ സ.ഉ.(കൈ)നമ്പർ05/2019/പി.വി.വി.വ. അനുസരിച്ച് 'നായിഡു' സമുദായത്തെ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഒന്നാം ഭാഗം ഷെഡ്യൂൾ ലിസ്റ്റ് III-ൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. കരട് വിജ്ഞാപനം നിലവിൽ നിയമസഭാ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിലാണ്.

---

T'ടമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

72(2350) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പ് വഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇത്തരത്തിൽ എത്ര രൂപയുടെ ആനുകൂല്യം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കോഴിക്കോട് ജില്ലയിലെ മൺപാത്ര തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) (1) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

ഈ പദ്ധതിയിൽ 25,000 രൂപയുടെ രണ്ട് ഗഡുക്കളായാണ് ആനുകൂല്യം അനുവദിക്കുന്നത്. ഒന്നാം ഗഡു അനുവദിച്ചതിന് ശേഷം ഒരു ലക്ഷം രൂപയിൽ കുറയാത്ത തൊഴിൽ നവീകരണങ്ങൾ ചെയ്യുന്നതിന്റെ രേഖകൾ ഹാജരാക്കുകയും തുടർന്ന് ഫീൽഡ് സന്ദർശനം നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം ഗഡു അനുവദിച്ച് നൽകുന്നത്.

2. കുംഭാര കോളനി നവീകരണം

പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പരമാവധി 1 കോടി രൂപ വരെ അനുവദിക്കുന്നു.

(ബി) മൺപാത്ര നിർമ്മാണ മേഖലയിൽ താഴെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം 9, 00, 000 രൂപ

2017-18 സാമ്പത്തിക വർഷം 2, 52, 000 രൂപ

2018-19 സാമ്പത്തിക വർഷം ആനുകൂല്യം നൽകിയിട്ടില്ല.

നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 8 പേർക്ക് ഇരുപത്തി അയ്യായിരം രൂപ വീതം ആകെ രണ്ട് ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ച സമുദായങ്ങൾ

73 (2351) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും സമുദായങ്ങൾ സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സമുദായങ്ങളാണെന്ന് വിശദമാക്കാമോ;

(ബി) മറ്റു പിന്നോക്ക വിഭാഗക്കാർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലായി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നടപ്പാക്കിയത്; വിശദമാക്കാമോ;

(സി) ഇതിലേക്കായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് മൂവാരി/മുഖാരി, നായിഡു, ബോയൻ, പാർക്കവർകുല സമുദായം, ശൈവ വെള്ളാള സമുദായം, വേട്ടുവ കൗണ്ടർ, മോഗർ (മുഗയ) സമുദായം, തോട്ടിയ നായ്ക്കർ സമുദായം, മുത്തുരാജ സമുദായം, ദാസാ സമുദായം എന്നീ സമുദായങ്ങളാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളത്.

(ബി) എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പദ്ധതിയുടെ ഭാഗമായി 'പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് ജീവനോപാധി പുനഃസ്ഥാപന ധനസഹായം' എന്ന ഘടകംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ആലപ്പുഴ, വയനാട്, എറണാകുളം, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ പ്രളയം ബാധിച്ച് കഷ്ടത അനുഭവിക്കുന്ന AAY റേഷൻ കാർഡുള്ള പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ ജീവനോപാധി പുനഃസ്ഥാപിക്കുന്നതിനായി 25,000 രൂപ ഗ്രാന്റായി അനുവദിക്കുന്ന പദ്ധതിയാണിത്.

(സി) കേന്ദ്ര ഫണ്ട് അനുവദിച്ചിട്ടില്ല.

## പപ്പടച്ചെട്ടി വിഭാഗത്തിന് ഒ.ബി.സി. സർട്ടിഫിക്കറ്റ്

74 (2352) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പരമ്പരാഗതമായി പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ/പപ്പടചെട്ടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് നിലവിൽ നൽകിവരുന്ന ജാതി സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ വിഭാഗക്കാർക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണിക്കാമോ; ഇതു സംബന്ധിച്ച് സർക്കാർ നടത്തിയ തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ പരമ്പരാഗതമായി പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കുരുക്കൾ/ ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ/ പപ്പടച്ചെട്ടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് നിലവിൽ ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ് ലഭ്യമാവുന്നില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഈ വകുപ്പിന്റെ മുൻ ഡയറക്ടറായിരുന്ന ശ്രീ. വി. ആർ. ജോഷിയുടെ നേതൃത്വത്തിൽ 7-10-2015-ലെ സ.ഉ. (കൈ) നമ്പർ 13/2015/ പി.സ.വി.വ. പ്രകാരം രൂപീകരിച്ച സമിതി 6-1-2016-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ സമിതി അംഗീകരിച്ച ശിപാർശകൾ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ജനവിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ കുരുക്കൾ/ഗുരുക്കൾ എന്നീ സ്ഥാനപ്പേരിൽ അറിയപ്പെടുന്നവരും പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചവരുമായ വീരശൈവ (പണ്ടാരം) സമുദായത്തിൽപ്പെട്ടവർക്ക് അവർ പ്രസ്തുത ജാതിക്കാരാണെന്ന് തെളിയിക്കാൻ കഴിയുമെങ്കിൽ അക്കാര്യം പരിശോധിച്ച് അത്തരത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകുവാൻ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകുവാൻ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതികൾ

75 (2353) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സ്ത്രീ ശാക്തീകരണത്തിനായി കോർപ്പറേഷൻ എന്തെങ്കിലും പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(സി) പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിന് കോർപ്പറേഷൻ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; അതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) 2019-20 ൽ എത്ര സ്റ്റാർട്ടപ്പുകൾക്ക് കോർപ്പറേഷൻ ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു. *

(ബി) സ്ത്രീ ശാക്തീകരണത്തിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകി വരുന്ന വായ്പയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| | |
|---|---|
| പരമാവധി തുക | 20 ലക്ഷം രൂപ |
| പ്രായപരിധി | 18- 40- നും മദ്ധ്യേ |
| പലിശനിരക്ക് | 6 മുതൽ 8 %വരെ |
| പ്രത്യേക ആനുകൂല്യം | |
| ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി | വായ്പാ തുകയുടെ 20 ശതമാനം (പരമാവധി 2 ലക്ഷം) |

(ഡി) 2019-20-ൽ സ്റ്റാർട്ടപ്പുകൾക്ക് 22,34,00,000 രൂപ വായ്പ നൽകിയിട്ടുണ്ട്. ഇതിൽ 44,68,000 സബ്സിഡിയുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിന്നോക്ക സമുദായ ക്ഷേമ പ്രവർത്തനങ്ങൾ

76 (2354) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായാംഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പിന്നോക്ക സമുദായക്ഷേമ വകുപ്പ് പ്രത്യേകമായി വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ മറ്റ് പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക വിഭാഗ വികസന വകുപ്പ് പരമ്പരാഗത മൺപാത്ര തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങളുടെ നവീകരണത്തിനായി "കുംഭാര കോളനി നവീകരണം" എന്ന പുതിയ പദ്ധതി ആരംഭിച്ചു. നിലവിലുണ്ടായിരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ ചുവടെ ചേർക്കുന്ന 4 പുതിയ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി.

1. ഒ.ബി.സി. വിഭാഗത്തിലെ അരിവാൾ കോശ രോഗികൾക്ക് സ്വയം തൊഴിൽ ഗ്രാന്റ്.
2. ഒ.ബി.സി. പ്രൊഫഷണൽസിന് സ്റ്റാർട്ടപ്പ് സംരംഭം തുടങ്ങുന്നതിനുള്ള പദ്ധതി.
3. പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് ജീവനോപാധി പുനഃസ്ഥാപന ധനസഹായം.
4. ഒ.ബി.സി. വിഭാഗത്തിലെ ബി.പി.എൽ. വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം.

ഇവ കൂടാതെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന പിന്നാക്ക സമുദായാംഗങ്ങളുടെ ക്ഷേമത്തിനായി വിവിധ വായ്പാ പദ്ധതികളും നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനുമായി സഹകരിച്ച് ഈ വകുപ്പ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഘടകമായി പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭം 2017-18 മുതൽ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട MBBS/ BDS/BAMS/BHMS/B.Tech തുടങ്ങിയ ബിരുദധാരികളായ പ്രൊഫഷണലുകൾക്ക് മികച്ച സ്വകാര്യ സംരംഭങ്ങൾ സ്റ്റാർട്ടപ്പ് മാതൃകയിൽ ആരംഭിക്കുന്നതിന് ധനസഹായം വായ്പയായി നൽകിവരുന്ന പദ്ധതിയാണിത്. കോർപ്പറേഷൻ അനുവദിക്കുന്ന വായ്പയ്ക്ക് ആനുപാതികമായി വകുപ്പ് സബ്സിഡി നൽകുന്നു.

വരുമാന പദ്ധതി - 4.5 ലക്ഷം രൂപ

പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ

(ലോൺ അനുവദിക്കുന്ന തുകയുടെ 20 % അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.)

(സി) വിദ്യാഭ്യാസ ധനസഹായം, ക്ഷേമപദ്ധതികൾ, ക്ഷേമ പെൻഷൻ, സ്വയം തൊഴിൽ പദ്ധതികൾ മത്സര, പരീക്ഷാ പരിശീലന പദ്ധതികൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സർക്കാർ കേസ് നടത്തുന്നതിന് ചുമതലപ്പെടുത്തിയ സ്വകാര്യ അഭിഭാഷകർ**

77 (2355) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിനായി കേസ് നടത്താൻ എത്ര സ്റ്റാൻഡിംഗ് കൗൺസൽമാരാണ് നിലവിലുള്ളത്; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോരുത്തർക്കും എത്ര തുക വീതം പ്രതിഫലമായി ഇതുവരെ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്റ്റാൻഡിംഗ് കൗൺസൽമാർ നിലവിലിരിക്കെ സ്വകാര്യ അഭിഭാഷകരെ കേസ് നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ നാളിതുവരെ ഏതെല്ലാം കേസുകൾക്ക് എത്ര രൂപ വീതം പ്രതിഫലം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ അഭിഭാഷകരെ കേസ് ഏൽപ്പിക്കുന്നതു വഴി പൊതുഖജനാവി നുണ്ടാകുന്ന വൻ സാമ്പത്തിക ബാധ്യത വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇതിന് എന്തെല്ലാം ബദൽ മാർഗ്ഗമാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മൂന്ന് സ്റ്റാൻഡിംഗ് കൗൺസൽമാരാണ് ഉള്ളത്.

1. ശ്രീ. ജി. പ്രകാശ്

2. ശ്രീ. സി. കെ. ശശി

3. ശ്രീ. നിഷെ രാജൻ ഷോൺകർ

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. പ്രതിഫലം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേസ്സിന്റെ പ്രാധാന്യമനുസരിച്ച് ആവശ്യമെങ്കിൽ അതത് വിഷയത്തിൽ വൈദഗ്ദ്ധ്യമുള്ള സ്വകാര്യ അഭിഭാഷകരെ ഏൽപ്പിക്കുന്നതിനാൽ സാമ്പത്തിക ബാധ്യത വിലയിരുത്തിയിട്ടില്ല.

**നിയമ സഹായ കേന്ദ്രങ്ങൾ**

78 (2356) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമസഹായ കേന്ദ്രങ്ങൾ നിലവിലുണ്ടോ;

(ബി) നിയമസഹായ കേന്ദ്രങ്ങൾ വിപുലപ്പെടുത്തി നിയമ അവബോധം നൽകാൻ കഴിയുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമസഹായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംസ്ഥാന തലത്തിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ കീഴിൽ നിയമസഹായ കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) നിയമ സഹായ കേന്ദ്രങ്ങളിൽനിന്നും നിയമ അവബോധം മെച്ചപ്പെട്ട രീതിയിൽ നൽകിവരുന്നുണ്ട്. നിയമ സഹായ കേന്ദ്രങ്ങൾ വിപുലപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിയമ അവബോധം നൽകുവാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) നിലവിൽ പഞ്ചായത്തുകൾ, ജയിൽ, പോലീസ് സ്റ്റേഷൻ, വില്ലേജുകൾ തുടങ്ങിയവയിൽ പ്രവർത്തിക്കുന്ന ലീഗൽ എയ്ഡ് ക്ലിനിക്കുകളും സംസ്ഥാന ജില്ലാ നിയമ സേവന അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ആണ് നിയമ സഹായ കേന്ദ്രങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങളെല്ലാം കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയാണ് നിയന്ത്രിക്കുന്നത്. പ്രതിമാസം ഓരോ നിയമ സഹായ കേന്ദ്രത്തിന്റെയും പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് കെൽസ ശേഖരിക്കുന്നുണ്ട്. കൂടാതെ ദേശീയ നിയമ സേവന അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങളും ഇക്കാര്യത്തിൽ പാലിക്കുന്നുണ്ട്.

## കാലഹരണപ്പെട്ട നിയമങ്ങൾ

79 (2357) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പാസ്സാക്കിയിട്ടുള്ള എന്തെല്ലാം നിയമങ്ങളാണ് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ളത്; പട്ടിക ലഭ്യമാക്കുമോ;

(ബി) ഈ നിയമങ്ങളിൽ കാലഹരണപ്പെട്ട നിയമങ്ങൾ ഏതൊക്കെയാണ്; ഇത്തരം എത്ര നിയമങ്ങൾ ഈ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ട്; ഇനി എത്ര റദ്ദ് ചെയ്യാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന സർക്കാർ നിലവിലുള്ള നിയമങ്ങളിൽ വരുത്തുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിയമം യഥാസമയം നിയമ വകുപ്പ് പ്രസിദ്ധീകരിക്കാറുണ്ടോ; ഭേദഗതികൾ യഥാസമയം ഉൾക്കൊള്ളിച്ച് കൊണ്ട് നിയമം പ്രസിദ്ധീകരിക്കാത്തത് കാരണം കോടതികളെ കബളിപ്പിക്കുന്ന സംഭവങ്ങൾ ഏതെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിയമം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതരത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ അടങ്ങുന്ന "List of Enactments Applicable to Kerala as on 1-1-2016" എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് നിലവിലുണ്ട്. ആയതിനുശേഷം നാളിതുവരെയുള്ള സംസ്ഥാന ആക്ടുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലഹരണപ്പെട്ട നിയമങ്ങൾ ഒന്നും റദ്ദാക്കിയിട്ടില്ല. ഈ നിയമങ്ങളിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രയോഗത്തിൽ ഇല്ലാത്തതും തുടർന്ന് ആവശ്യമില്ലാത്തതുമായ 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പതിനാലാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ളതും അവതരണ പ്രമേയം സംബന്ധിച്ച നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. മാത്രമല്ല കേരള സംസ്ഥാനത്ത് നിലവിലുള്ള 15 ആക്ടുകൾ റദ്ദാക്കുന്നതിന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം വകുപ്പിൽ പരിശോധിച്ചുവരികയാണ്. കൂടാതെ ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ ആവശ്യമില്ലാത്തതും റദ്ദാക്കേണ്ടതുമായ ആക്ടുകൾ സംബന്ധിച്ച ശിപാർശകൾ ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്. കാലഹരണപ്പെട്ട നിയമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനായി പ്രസ്തുത ബില്ലിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

(സി) നിയമനിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് സംസ്ഥാന സർക്കാർ നിലവിലുള്ള നിയമങ്ങളിൽ വരുത്തുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചു കൊണ്ട് നിയമങ്ങൾ പുനഃപ്രസിദ്ധീകരിക്കാറുണ്ട്. നാളിതുവരെ 19 നിയമങ്ങൾ ആണ് പുനഃപ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു. * ഭേദഗതികൾ യഥാസമയം ഉൾക്കൊള്ളിച്ചുകൊണ്ട് നിയമം പ്രസിദ്ധീകരിക്കാത്തത് കാരണം കോടതികളെ കബളിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിയമനിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

## കാലഹരണപ്പെട്ട നിയമങ്ങൾ

80 (2358) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിനുശേഷം ഏതെങ്കിലും നിയമം റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) നിയമങ്ങൾ പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ നാളിതുവരെ അവയിൽ എത്ര എണ്ണം നടപ്പിലാക്കി; വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

**നിയമ വകുപ്പിന്റെ വെബ്സൈറ്റ് ഹാക്കിംഗ്**

81 (2359) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ.അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിൽ സഹോദരിമാർ മരണപ്പെട്ട കേസ്സുമായി ബന്ധപ്പെട്ട് നിയമ വകുപ്പിന്റെ വെബ്സൈറ്റ് ഹാക് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിയമ വകുപ്പിന് ഏതെല്ലാം തരത്തിലുള്ള വീഴ്ചകൾ ഉണ്ടായിട്ടുള്ളതായിട്ടാണ് ഹാക്കേഴ്സ് ആരോപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ആരോപണത്തിലെ വിഷയം സംബന്ധിച്ച് നിയമ വകുപ്പ് എന്തെങ്കിലും വിശദീകരണം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. നിയമ വകുപ്പിന്റെ വെബ്സൈറ്റ് ഹാക്ക് ചെയ്തതായി ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ വെബ്സൈറ്റ് ഡൗൺ ചെയ്യുകയും അടിയന്തരമായി വെബ്സൈറ്റ് പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് വെബ്സൈറ്റ് പുനഃസ്ഥാപിക്കുവാൻ തയ്യാറാക്കിയെങ്കിലും സുരക്ഷാ പിഴവുകൾ പരിഹരിക്കാതെ പുനഃസ്ഥാപിച്ചാൽ വീണ്ടും ഹാക്ക് ചെയ്യപ്പെടാനുള്ള സാധ്യത കൂടുതലായതിനാൽ സുരക്ഷാ ഓഡിറ്റിംഗ് നടത്തിയതിനുശേഷം മാത്രം വെബ്സൈറ്റ് പ്രവർത്തനസജ്ജമാക്കിയാൽ മതിയെന്ന് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ അറിയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ ഓഡിറ്റിംഗിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്.

(ബി) നിയമ വകുപ്പിനെതിരായി വീഴ്ചകളൊന്നുംതന്നെ ആരോപിച്ചിട്ടില്ലാത്തതാണ്. ആരോപണത്തിലെ വിഷയം നിയമ വകുപ്പുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ഇതു സംബന്ധിച്ച് നിയമ വകുപ്പ് വിശദീകരണമൊന്നും നൽകിയിട്ടില്ലാത്തതാണ്.

## അവശ കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷൻ

82 (2360) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷൻ എത്ര രൂപയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ തുകയിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) നിലവിൽ എത്ര പേർക്ക് ഈ പെൻഷൻ നൽകുന്നുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അവശതകൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിപ്രകാരം അർഹതയുള്ള ഓരോ കലാകാരന്മാർക്കും നിലവിൽ പ്രതിമാസം 1500 രൂപ നിരക്കിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേന പെൻഷൻ നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24-10-2016-ലെ സ.ഉ. (കൈ) നമ്പർ 19/16/സാം.കാ.വ. ഉത്തരവ് പ്രകാരം കലാകാര പെൻഷൻ തുക 750 രൂപയിൽനിന്നും 1500 രൂപയായി വർദ്ധിപ്പിച്ചിരുന്നു.

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗങ്ങളായ സാംസ്കാരിക പ്രവർത്തകർക്ക് നൽകുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1000 രൂപയായിരുന്നത് 3000 രൂപയായി വർദ്ധിപ്പിച്ചു.

(ബി) നിലവിൽ 2897 കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് നൽകുന്ന അവശ കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷനും 2919 അംഗങ്ങൾക്ക് ക്ഷേമനിധി പെൻഷനും നൽകുന്നുണ്ട്.

## ഭരത് മുരളി സ്മാരക നാടകപരിശീലന കളരി

83 (2361) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനശ്വര നടൻ ഭരത് മുരളിയുടെ സ്മരണാർത്ഥം കൊല്ലം ജില്ലയിലെ വെളിയം പഞ്ചായത്തിൽ അനുവദിച്ച ഭരത് മുരളി സ്മാരക നാടക പരിശീലന കളരി സ്ഥാപിക്കുന്നതിനായി എത്ര തുക അനുവദിച്ചിരുന്നു എന്നറിയിക്കാമോ;

(ബി) നാടകക്കളരി നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും, നിർമ്മാണ ചുമതല ആർക്കാണെന്നും വെളിപ്പെടുത്തുമോ;

(സി) നാടകക്കളരിയിൽ സജ്ജമാക്കുന്ന സൗകര്യങ്ങളും, കളരി വഴി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) 23-3-2018-ലെ സ.ഉ (സാധാ) നമ്പർ 212/2018/സാം.കാ.വ. പ്രകാരം ഭരത് മുരളി സ്മാരക നാടക പരിശീലന കളരി സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നാടകക്കളരിയുടെ നിർമ്മാണ ചുമതല വെളിയം ഗ്രാമപഞ്ചായത്തിനാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി 2019-20-ൽ ഉൾപ്പെടുത്തി, എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നിർമ്മാണം നടന്നുവരുന്നു. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കളരിയിൽ സജ്ജമാക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് വെളിയം ഗ്രാമപഞ്ചായത്ത് കമ്മിറ്റി, പഞ്ചായത്ത് പ്രദേശത്തെ സാംസ്കാരിക പ്രവർത്തകർ, നാടക പരിശീലന സംഘങ്ങൾ എന്നിവരുമായി ചേർന്ന് പദ്ധതി തയ്യാറാക്കുന്നതാണ്.

**മാധ്യമ പ്രവർത്തകർക്കുള്ള ക്ഷേമ നടപടികൾ**

84 (2362) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി പത്ര-ദൃശ്യ മാധ്യമങ്ങളിൽ റിപ്പോർട്ടർമാരായും പത്ര ഏജന്റുമാരായും വിതരണക്കാരായും പ്രവർത്തിക്കുന്നവരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിലെ പത്ര-ദൃശ്യ ഡിജിറ്റൽ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ഈ പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന

മുറയ്ക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. പരമാവധി ഒരംഗത്തിന് രണ്ട് പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി 10,000 രൂപ ലഭിക്കുന്നതാണ്. പ്രസ്തുത ആനുകൂല്യവും ഒരംഗത്തിന് രണ്ട് തവണ മാത്രമേ ലഭിക്കുകയുള്ളൂ. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്ന ആൾക്ക് ഇന്ദിരാ ഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്.

ഈ പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷൻ അർഹതയുള്ള അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടയ്ക്കുകയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത അനുഭവിക്കുകയും ചെയ്യുന്ന അംഗത്തിന് അവശതാ പെൻഷനായി പ്രതിമാസം 1200 രൂപ നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന 'ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്' അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതൽ 2500 രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു. പദ്ധതി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ പേഷ്യന്റായിട്ടുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി നൽകുന്നുണ്ട്. പദ്ധതി അംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യവും അപകട ആനുകൂല്യവും ലഭിക്കുന്നതിന് മുഴുവൻ പദ്ധതി അംഗങ്ങളെയും സൗജന്യമായി PMJJBY പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. പദ്ധതി അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1000 രൂപ നിധിയിൽനിന്നും ആശ്രിതന് ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദിക്കുന്നു.

സാംസ്കാരിക പ്രവർത്ത ക്ഷേമനിധി ആക്റ്റിന്റെ പരിധിയിലുൾപ്പെട്ട, ഈ മേഖലയുമായി ബന്ധമുള്ളവരെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാന പൂരക്കളി അക്കാദമിക്ക് കെട്ടിടം

85 (2363) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ ഉള്ള സംസ്ഥാന പൂരക്കളി അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2019-20 വർഷത്തെ ബജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം നീക്കിവച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(സി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുന്നതാണ്.

## കുട്ടംകുളം വഴിനടക്കൽ സമര സ്മാരകം

86(2364) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നവോത്ഥാന സമരമായിരുന്ന 'കുട്ടംകുളം' വഴിനടക്കൽ സമരത്തിന് ഉചിതമായ രീതിയിൽ സ്മാരകം സ്ഥാപിക്കുന്നതിനായി സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

കുട്ടംകുളം വഴിനടക്കൽ സമര സ്മാരകം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സാംസ്കാരിക കാര്യ വകുപ്പിൽ നിലവിലില്ല.

## പാലക്കാട് ജില്ലയിലെ സാംസ്കാരിക നിലയങ്ങൾ

87 (2365) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കാനാണ് ഈ സർക്കാരിന്റെ കാലയളവിൽ ഫണ്ട് വകയിരുത്തിയതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; മറ്റുള്ളവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവഴിച്ച് സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ പാലക്കാട് ജില്ലയിലെ യാക്കരയിൽ നവോത്ഥാന നായകൻ വി. ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിൽ ഒരു സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബി 56,48,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ ഈ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിൽ 5 സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുന്നതിനുകൂടി ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| സ്മാരകം/നിലയം-നാമധേയം | ഫണ്ട് അനുവദിച്ച സ്ഥാപനം | തുക/ രൂപ |
|---|---|---|
| ആർ. കൃഷ്ണൻ സ്മാരക നിലയം | ആലത്തൂർ ഗ്രാമപഞ്ചായത്ത് | 10,00,000 രൂപ |
| ഒളപ്പമണ്ണ സ്മാരക മന്ദിരം | പെരിങ്ങോട്ട്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 75,00,000 രൂപ |
| പട്ടിക്കാംതൊടി രാവുണ്ണി മേനോൻ സ്മാരക നിലയം | വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | 10,00,000 രൂപ |
| എം.ഡി. രാമനാഥൻ സ്മാരക മന്ദിരം | കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | 1,00,00,000 രൂപ |
| ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം | പാലക്കാട് ജില്ലാ കളക്ടർ (നിർമ്മിതി കേന്ദ്രം, പാലക്കാട്) | 25,00,000 രൂപ |

(ബി) മേൽ പറഞ്ഞവയിൽ എം.ഡി. രാമനാഥൻ സ്മാരക മന്ദിരത്തിന്റെയും ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകത്തിന്റെയും പണി പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

## സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

88 (2366) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ കുട്ടികൾക്കു വേണ്ടിയുള്ള രചനകളും കുട്ടികൾ എഴുതിയ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) കുട്ടികൾക്കുവേണ്ടി കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിലെ കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുക, മാതൃഭാഷാ സ്നേഹം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ടിന് ഉള്ളത്. വിവിധ പ്രായ പരിധിയിലുള്ള കുട്ടികൾക്ക് വേണ്ട പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നു. മികച്ച ബാലസാഹിത്യകാരന്മാരെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ബാലസാഹിത്യ പുരസ്കാരങ്ങൾ നൽകിവരുന്നു. കുട്ടികൾക്കും എഴുത്തുകാർക്കുംവേണ്ടി ക്യാമ്പുകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. കുട്ടികൾക്കുവേണ്ടി തളിര് മാസിക പ്രസിദ്ധീകരിക്കുന്നു.

(സി) ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന തളിര് മാസികയിൽ കുട്ടികൾ എഴുതിയ രചനകൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

(ഡി) 313 പുസ്തകങ്ങൾ

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികൾ

89 (2367) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി ആലത്തൂർ അസംബ്ലി മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും ഏതൊക്കെ സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും വിശദമാക്കാമോ?

ഉത്തരം

യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻറൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാർ എന്നിവയാണ് സ്കൂളുകളിൽ നടത്തിവരുന്ന പ്രധാന പരിപാടികൾ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്കൂളുകളിൽ അവയുടെ പേരിന് നേരെ ചേർത്തിരിക്കുന്ന പരിപാടി നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | സ്കൂൾ | പരിപാടി | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 2017-18 | GGHSS ആലത്തൂർ, പാലക്കാട് | യൂത്ത് പാർലമെന്റ് മത്സരം | 6,000 |
| 2 | 2017-18 | GHSS കിഴക്കൻചേരി, പാലക്കാട് | യൂത്ത് പാർലമെന്റ് മത്സരം | 6,000 |
| 3 | 2017-18 | ലൂർദ് മാതാ HSS മംഗലംഡാം | സ്കൂൾ സെമിനാർ | 16,409 |
| 4 | 2017-18 | GHSS എരിമയൂർ പാലക്കാട് | സ്കൂൾ സെമിനാർ | 20,000 |
| 5 | 2019-20 | GGHSS ആലത്തൂർ, പാലക്കാട് | ഹ്യൂമൻറൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് | 10,000 |
| 6 | 2019-20 | GGHSS ആലത്തൂർ, പാലക്കാട് | യൂത്ത് പാർലമെന്റ് മത്സരം | 0 |
| | | | ആകെ തുക | 58,409 |

മേൽ വിവരിച്ച പ്രകാരം മേൽ സ്കൂളുകൾക്ക് ആകെ 58,409 (അമ്പത്തി എട്ടായിരത്തി നാന്നൂറ്റി ഒമ്പത് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. 2019-2020 വർഷത്തിലെ യൂത്ത് പാർലമെന്റ് മത്സരം നടത്തിയ വകയിൽ GGHSS ആലത്തൂരിന് 7,500 രൂപ കൂടി നൽകേണ്ടതുണ്ട്.

**വനിതാ സംവിധായകർക്ക് ധനസഹായം**

90 (2368) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സംവിധായകർക്ക് ധനസഹായം നൽകി സിനിമ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതുപ്രകാരം ഇതിനകം എത്ര വനിതാ സംവിധായകർക്ക് ധനസഹായം നൽകിയെന്നും എന്ത് തുക വീതമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വനിതാ സംവിധായകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) രണ്ട് വനിതാ സംവിധായകരെ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം വനിതാ സിനിമാ നിർമ്മാണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തരം 7,77,184 രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത ഒരു വനിതാ സംവിധായകയ്ക്ക് പ്രീപ്രൊഡക്ഷൻ ആവശ്യങ്ങൾക്കായി 1,85,000 രൂപയും നാളിതുവരെ നല്കിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ 2019-20-ലെ ബഡ്ജറ്റിൽ രണ്ട് വനിതാ സംവിധായകരാൽ സിനിമാ നിർമ്മാണം നടത്തുന്നതിന് 3 കോടി രൂപ വകയിരുത്തുകയും ആയതിന് കെ.എസ്.എഫ്.ഡി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് കെ.എസ്.എഫ്.ഡി.സി.-യുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായ സബ്കമ്മിറ്റി 9-5-2019- ന് യോഗം ചേരുകയും പത്രപ്പരസ്യം മുഖേന സ്ക്രിപ്റ്റുകൾ ക്ഷണിക്കുകയും ചെയ്തു. ഇങ്ങനെ ലഭിച്ച സ്ക്രിപ്റ്റുകൾ പരിശോധിക്കുന്നതിനായി 28-6-2019-ന് നടന്ന 190-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും 5 ജൂറി അംഗങ്ങളെ നിയമിക്കുവാനും ഇതിൽ 3 സ്ത്രീകളും 2 പുരുഷന്മാരും ആയിരിക്കണം ജൂറി അംഗങ്ങൾ എന്നും

തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സിനിമാ രംഗത്തെ പ്രഗൽഭരായ 5 ജൂറി അംഗങ്ങളെ ഇതിനായി ചുമതലപ്പെടുത്തി. ശ്രീ. രഘുനാഥ് പലേരി ചെയർമാനും ശ്രീ. മനീഷ് നാരായണൻ, ശ്രീമതി ദീദി ദാമോദരൻ, ശ്രീമതി കുക്കു പരമേശ്വരൻ, ശ്രീമതി ഫൗസിയ ഫാത്തിമ എന്നിവർ അംഗങ്ങളായുമാണ് ജൂറി രൂപീകരിച്ചത്. വളരെ സുതാര്യമായും സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ മനോഭാവം ഉൾപ്പെടുത്തിയുമാണ് പ്രസ്തുത ജൂറി അംഗങ്ങൾ സ്ക്രിപ്റ്റുകൾ സ്ക്രീനിംഗ് നടത്തിയത്. ലഭിച്ച സ്ക്രിപ്റ്റുകൾ ഏകദേശം 15 ദിവസത്തോളം വനിതാ സംവിധായകരെ ക്കൊണ്ട് വായിച്ച് കേൾപ്പിച്ച് വിലയിരുത്തി, സിനിമാ നിർമ്മാണത്തിനുള്ള മികവ് കണക്കിലെടുത്താണ് ജൂറി അംഗങ്ങൾ റാങ്കിംഗ് നടത്തിയത്.

## ഫോറസ്റ്റ് ഫയർ ഓഡിറ്റ്

91 (2369) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ കാട്ടുതീ പടർന്നു പിടിച്ച സംഭവങ്ങളുണ്ടായി എന്നും പ്രസ്തുത സംഭവങ്ങളിൽ എത്ര പേർ മരിച്ചുവെന്നും എത്ര ഹെക്ടർ വനഭൂമി നശിച്ചു എന്നും എത്ര മൃഗങ്ങൾ കൊല്ലപ്പെട്ടുവെന്നും അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന കാട്ടുതീ തടയുന്നതിന് ഫലപ്രദമായ നടപടികൾ ആവിഷ്കരിക്കുന്നതിലേക്കായി ഫോറസ്റ്റ് ഫയർ ഓഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2019 ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്ത് 767 തവണ കാട്ടുതീ ഉണ്ടാകുകയും 3 പേർ മരണമടയുകയും 2165.231 ഹെക്ടർ വനഭൂമി നശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മൃഗങ്ങൾ ഒന്നും കൊല്ലപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ വനമേഖലയിൽ ഉണ്ടാകുന്ന കാട്ടുതീ തടയുവാൻ നടപ്പി ലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരവും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരം എന്നിവയുടെ അടിസ്ഥാനത്തിൽ Highly Fire Prone, Moderately Fire Prone & Low Fire Prone എന്നിങ്ങനെ തരം തിരിക്കുന്നു. തുടർന്ന് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിക്കുകയും ആയത് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകാരം

നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ക്രോഡീകരിച്ച് ഫയർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്ലാൻ അനുസരിച്ചുള്ള കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ ചെയ്തു വരുന്നുണ്ട്. കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു. ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനു കീഴിലും ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പാസ്ഥാനത്തും ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലെർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർ മോണിറ്ററിംഗ് സെല്ലിൽനിന്നും ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ യഥാസമയം നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി VSS/EDC അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗ്യാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

തീ ഉണ്ടാകുന്നത് കണ്ടെത്തി താമസംവിനാ വിവരങ്ങൾ കൈമാറി സത്വര നടപടി സ്വീകരിക്കുന്നതിന് എല്ലാ റെയിഞ്ചുകളിലും വയർലെസ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

പൊതുജനങ്ങൾക്കും ജീവനക്കാർക്കുമായി ബോധവൽക്കരണ ക്ലാസ്സുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു. എന്നിരുന്നാലും വനമേഖലയിൽ കാട്ടുതീ ഉണ്ടാകുന്നുണ്ട്. ഇത്തരത്തിലുണ്ടായ ഓരോ കാട്ടുതീ സംബന്ധിച്ചുമുള്ള അവലോകനം സർക്കിൾതലത്തിൽ നടത്തുകയും തൻവർഷത്തെ സർക്കിൾതല ഫയർ മാനേജ്മെന്റ് പ്ലാനിൽ

കാട്ടുതീയുണ്ടായ പ്രദേശം ഉൾപ്പെടുത്തി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇപ്രകാരം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടും കാട്ടുതീയുണ്ടാകാനിടയായ കാരണങ്ങളും സാഹചര്യങ്ങളും വിലയിരുത്തി അടുത്ത വർഷത്തെ സർക്കിൾ ഫയർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കൂടുതൽ മെച്ചപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 5 ഹെക്ടറിന് മുകളിൽ കാട്ടുതീ പടർന്നു പിടിച്ച സ്ഥലങ്ങളുടെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽനിന്നും ആയത് സംബന്ധിച്ച് വിശദീകരണവും റിപ്പോർട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ജനുവരി മുതൽ ഫയർ സീസൺ കഴിയുന്നതുവരെ എല്ലാ മാസവും വനംവകുപ്പാസ്ഥാനത്ത് സംസ്ഥാനത്തുണ്ടായ കാട്ടുതീ സംബന്ധിച്ച് അവലോകനം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇത്തരത്തിൽ വനമേഖലയിലെ കാട്ടുതീ സംബന്ധിച്ച് വിശദമായ പഠനം നടത്തി ഫയർ ക്രൈസിസ് മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തി വരും വർഷങ്ങളിൽ കാട്ടുതീയുടെ എണ്ണവും വ്യാപ്തിയും കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വനവിഭവവും നികുതിപിരിവും

92 (2370) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനവികസനത്തിനായി ഓരോ വർഷവും ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ;

(ബി) വനവിഭവ വിൽപ്പനയിൽ നിന്നുള്ള അധിക നികുതിപിരിവായി എത്ര രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(സി) വനവിഭവ വിൽപ്പനയിൽ നിന്നുള്ള അധികനികുതി സമാഹരണത്തിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനവികസനവുമായി ബന്ധപ്പെട്ട് ഓരോ വർഷവും ബജറ്റിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വർഷം | വനം വകുപ്പിന്റെ പദ്ധതികൾക്കായി ബജറ്റിൽ പദ്ധതിയിനത്തിൽ അനുവദിച്ച തുക | ചെലവാക്കിയ തുക |
|---|---|---|---|
| തുക ലക്ഷത്തിൽ | | | |
| 1. | 2016-17 | 28624.43 | 23902.377 |
| 2. | 2017-18 | 30769.735 | 18802.832 |
| 3. | 2018-19 | 30593.948 | 17243.866 |
| 4. | 2019-20 | 25581.66 | 13816.535 (29-2-2020 വരെ) |
| 5. | 2020-21 | 21043.00 | |

(ബി) 2017 ജൂലൈ 1-ന് മുമ്പായി, വനവിഭവ വിൽപ്പനയിൽ (തടി വിൽപ്പന), 5% വന വികസന നികുതിയും 12.5% VAT-ഉം ഈടാക്കി വന്നിരുന്നു. തുടർന്ന്, VAT-നു പകരം ജി.എസ്.റ്റി. നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 2017 ജൂലൈ-1-ന് ശേഷം 18% ജി.എസ്.റ്റി. ഈടാക്കിവരുന്നു. 1-7-2017-ന് ശേഷവും 5% വന വികസന നികുതി തുടർന്നുവരുന്നു. നിലവിൽ വനവികസന നികുതിക്ക് പുറമെ, 2019 ആഗസ്റ്റ് 1 മുതൽ 1% പ്രളയ സെസ്സ്-ഉം ഈടാക്കിവരുന്നു.

മേൽ പ്രതിപാദിക്കും പ്രകാരം നികുതി പിരിവായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജി.എസ്.റ്റി/VAT ഇനത്തിൽ 17,413.26 ലക്ഷം രൂപയും ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (എഫ്.ഡി.റ്റി.) ഇനത്തിൽ 4,585.44 ലക്ഷം രൂപയും പ്രളയ സെസ്സായി 35.38 ലക്ഷം രൂപയും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) തടിയുടെ വിലയുടെ 5 ശതമാനം വന വികസന നികുതിയായി (എഫ്.റ്റി.ഡി.) ഈടാക്കിവരുന്നു. തടിവിലയും വികസന നികുതിയും കൂട്ടിക്കിട്ടുന്ന ആകെ തുകയുടെ 18 ശതമാനം ജി.എസ്.റ്റി.-യും 1 ശതമാനം പ്രളയ സെസ്സും ഈടാക്കിവരുന്നു. ടി നികുതി തുക ചെലാൻ മുഖേന ട്രഷറിയിൽ പണമായി

ഒടുക്കുകയോ, www.etreasury.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന, തടിയുടെ വിലയും വനവികസന നികുതിയും ഓൺലൈൻ ആയി അടയ്ക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ, ജി.എസ്.റ്റി., പ്രളയ സെസ്സ് എന്നിവ ബന്ധപ്പെട്ട ഡിപ്പോയുടെ ബാങ്ക് അക്കൗണ്ട് മുഖാന്തരം ഓൺലൈൻ ആയി അടയ്ക്കാവുന്നതാണ്.

## വികസന പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് അധീനതയിലുള്ള സ്ഥലം

93(2371) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളോടുചേർന്നുള്ള വനം വകുപ്പ് അധീനതയിലുള്ള സ്ഥലം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ വിട്ടു നൽകുമോ;വ്യക്തമാക്കാമോ;

(ബി) കാളിയാർ റെയിഞ്ചിന് കീഴിലുള്ള ഒടിയപാറ ആഞ്ഞിലിക്കുപ്പിലും തൊടുപുഴ ഇടവെട്ടിയിലുള്ള വനം വകുപ്പ് സ്ഥലവും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനായി നല്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേന്ദ്ര വന സംരക്ഷണ നിയമം 1980 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ വനേതര പ്രവൃത്തികൾക്കായി വനഭൂമി വിട്ടുനൽകാൻ കഴിയില്ല.

(ബി) കാളിയാർ റെയിഞ്ചിന് കീഴിലുള്ള ഒടിയപ്പാറ ആഞ്ഞിലിക്കുപ്പം തൊടുപുഴ ഇടവെട്ടിയിലുള്ള വനം വകുപ്പ് സ്ഥലവും റിസർവ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിനായി കേന്ദ്ര വനസംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്.

## പെരിയാർ കടുവ സങ്കേതത്തിലെ ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണം

94(2372) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ കടുവ സങ്കേതത്തിലെ വള്ളക്കടവ് റെയിഞ്ചിന്റെ കീഴിൽ വനനിയമങ്ങൾ ലംഘിച്ചും കേന്ദ്ര വനസംരക്ഷണ നിയമങ്ങൾക്ക് വിരുദ്ധമായും ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്രൗണ്ട് നിർമ്മാണം ഏത് ഫണ്ട് വിനിയോഗിച്ചാണെന്ന് വ്യക്തമാക്കുമോ; പ്രവൃത്തിയുടെ ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) അതീവ സുരക്ഷാ മേഖലയിൽപ്പെടുന്ന ടൈഗർ റിസർവ്വിൽ വനേതര കാര്യങ്ങൾക്ക് മണ്ണ് മാന്തി യന്ത്രം ഉപയോഗിച്ച് മണ്ണ് ഇടിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ഉണ്ടോ ; ഇല്ലെങ്കിൽ നിയമലംഘനം നടത്തിയതിന്റെ ഉത്തരവാദികൾ ആരാണെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിക്കുന്നതിനും ടൂർണമെന്റ് നടത്തുന്നതിനും സംസ്ഥാനത്തെ മുഖ്യ വനപാലകന്റെ അനുമതി ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പെരിയാർ കടുവ സങ്കേതത്തിൽ കളിക്കളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സർക്കാർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പെരിയാർ കടുവാ സങ്കേതം ഈസ്റ്റ് ഡിവിഷൻ വള്ളക്കടവ് റെയിഞ്ചിന്റെ പരിധിയിൽ ഊരാളി ആദിവാസി കോളനിയായ വഞ്ചിവയലിനോട് ചേർന്ന് പരമ്പരാഗതമായി ആദിവാസികൾ ഉപയോഗിച്ച് വന്നിരുന്ന മൈതാനം ആദിവാസി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി പുനരുദ്ധാരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമ പ്രകാരമാണ് ആദിവാസികളുടെ ഉപയോഗത്തിനായി മൈതാനം ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി പുനരുദ്ധാരണം നടത്തിയത്.

(ബി) ആദിവാസി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയാണ് മൈതാനം പുനരുദ്ധാരണം നടത്തിയത്. ആയതിന് സർക്കാർ ഫണ്ടുകൾ വിനിയോഗിച്ചിട്ടില്ല.

(സി) ടൈഗർ റിസർവ്വിന്റെ ഭാഗം വനേതര ആവശ്യങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി അനുയോജ്യമായ രീതി അവലംബിച്ച് ഉപയോഗി ക്കാവുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിവരുന്നുണ്ട്.

(ഡി) 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമപ്രകാരം നടത്തിയിട്ടുള്ള ടി പ്രവൃത്തിക്ക് മുഖ്യവനപാലകന്റെ അനുമതി ആവശ്യമില്ലാത്തതാണ്.

(ഇ) ഉണ്ട്. ടി പത്രവാർത്തകളിന്മേൽ അന്വേഷണം നടത്തിവരുന്നുണ്ട്.

## പട്ടയഭൂമി ലെഫ്റ്റ് ഔട്ട് ഫോറസ്റ്റ് സമർപ്പിച്ച പ്രൊപ്പോസൽ

95 (2373) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമി ലെഫ്റ്റ് ഔട്ട് ഫോറസ്റ്റ് സമർപ്പിച്ച പ്രൊപ്പോസൽ സംബന്ധിച്ച് പി.റ്റി. മുഹമ്മദ്, S/o അഹമ്മദ്കുട്ടി നൽകിയ അപേക്ഷയിൽ FWLD-C1/ 222/2019-FWLD ഫയലിന്മേൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസിനോട് 26-11-2019-ന് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം വരാനിടയായ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് ഇ-മെയിൽ മുഖാന്തരം 7-3-2020-ൽ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. പരാതിയിൽ വ്യക്തത ഇല്ലാതിരുന്നതും റവന്യൂ റിക്കാർഡുകൾ ഉൾപ്പെടെയുള്ള വിവിധ സംഗതികൾ പരിശോധിക്കേണ്ടിവന്നതിനാലുമാണ് റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസമുണ്ടായത് എന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഓഫീസിൽനിന്നും അറിയിച്ചിട്ടുണ്ട്.

## വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതി

96 (2374) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്നുകിടക്കുന്നതും വന്യജീവിശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ വനം വകുപ്പ് ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിക്ക് എത്ര തുക ലഭ്യമായിട്ടുണ്ട്; ഇതിനായി കേന്ദ്ര സർക്കാർ സഹായം ലഭിച്ചിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം എത്ര ആളുകളുടെ എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിൽ കൊല്ലിവയൽ, ചുള്ളിക്കാട്, മാടാപറമ്പ്, മണൽവയൽ എന്നീ സ്ഥലങ്ങളിലെ 93 കുടുംബങ്ങളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുനഃരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട 93 കുടുംബങ്ങൾക്കായി ഉദ്ദേശം 1,395 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സൈലന്റ് വാലി ഡിവിഷൻ പരിധിയിൽ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ എസ്റ്റേറ്റായ കെ. പി. എസ്റ്റേറ്റ്, എം. ആർ. എഫ്. എസ്റ്റേറ്റ് എന്നിവ "റീബിൽഡ് കേരള" പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിന്, യഥാക്രമം 323.7520-ഉം 1399.1908-ഉം ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) വകയിരുത്തിയ തുക ലഭ്യമായിട്ടില്ല. ഈ പദ്ധതിക്ക് പ്രത്യേകിച്ച് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(സി) മേൽ പദ്ധതി പ്രകാരം സൈലന്റ് വാലിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഒന്ന് 8 പേരുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റും (140.469 ഹെക്ടർ, സർവ്വേ നമ്പർ 1959, പാലക്കയം വില്ലേജ്) രണ്ടാമത്തേത് ഒരാളുടെ ഉടമസ്ഥത യിലുള്ള എസ്റ്റേറ്റുമാണ് (101.174 ഹെക്ടർ, സർവ്വേ നമ്പർ 185/1, മണ്ണാർക്കാട് വില്ലേജ്)

സൗത്ത് വയനാട് ഡിവിഷനിൽ മേൽ പദ്ധതിക്കായി 93 എലിജിബിൾ കുടുംബങ്ങളുടെ 37.15 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് കൂടാതെ, നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിന് കീഴിൽ 6 വ്യക്തികളുടേതായി 117.71 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ 133 കുടുംബങ്ങളുടെ കൈവശമുള്ള 72.864 ഹെക്ടർ സ്ഥലവും കാസർഗോഡ് ഡിവിഷനിൽ 56 പേരുടെ കൈവശമുള്ള 38.32 ഹെക്ടർ സ്ഥലവും കോഴിക്കോട് ഡിവിഷനിൽ 144 കുടുംബത്തിന്റെ കൈവശമുള്ള 117.94 ഹെക്ടർ സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ഡി) അനുമതി ലഭ്യമാക്കിയശേഷം സർവ്വേ നടപടികളും സ്ഥലത്തിന്റെ സ്റ്റാറ്റസ് ഉറപ്പുവരുത്തുന്ന നടപടികളും പൂർത്തിയാക്കി, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രളയക്കെടുതിയിൽപ്പെട്ട ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി

97 (2375) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ പുനരധിവാസത്തിന് വനം വകുപ്പ് നൽകാമെന്നേറ്റ ഇരുന്നൂറ്റി എഴുപത്തിയെട്ട് ഏക്കർ വനഭൂമി ഇനിയും കൈമാറാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി, പ്രളയക്കെടുതിയിൽപ്പെട്ട ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് വേണ്ടിയാണോ എന്ന് വ്യക്തമാക്കാമോ;

(സി) വനഭൂമി കൈമാറ്റത്തിന് ആവശ്യമായ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി സർക്കാരിന് നേരത്തെ ലഭിച്ചിട്ടുണ്ടോ;

(ഡി) 2019 ഒക്ടോബറിൽ ഭൂമി കൈമാറുമെന്ന് വനം വകുപ്പ് പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ ഇനിയും ഭൂമി കൈമാറാത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ; ഈ ഭൂമി എന്നത്തേക്ക് കൈമാറാനാകും എന്നറിയിക്കുമോ?

ഉത്തരം

(എ) ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി നിലമ്പൂർ നോർത്ത് ഡിവിഷനിൽ കണ്ടെത്തിയിട്ടുള്ള 278.375 ഏക്കർ ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ഭൂരഹിതരായ ആദിവാസികളെ പുരധിവസിപ്പിക്കുന്നതിന് വിതരണം ചെയ്യുന്നതിന് കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയം 2004-ൽ അനുമതി നൽകിയ വനഭൂമിയിൽപ്പെട്ടതാണ്.

(സി) ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വിതരണം ചെയ്യുന്നതിനായി 6-2-2004-ലെ F.No.8-16/2002-FC ഉത്തരവ് പ്രകാരം കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) 2019 ഒക്ടോബറിൽ ഭൂമി കൈമാറുമെന്നത് സംബന്ധിച്ച് വനം വകുപ്പ് പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല. നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് കണ്ടെത്തിയിട്ടുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിന് വേണ്ട നിർദ്ദേശം സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ പ്രസ്തുത ഓഫീസുകളിൽ കൈക്കൊണ്ടുവരുന്നുണ്ട്.

## അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി

98 (2376) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനം വകുപ്പ് നബാർഡിന്റെ ധനസഹായത്തോടെ പുനരുദ്ധാരണ പ്രവൃത്തി നടത്തുന്ന അലിമുക്ക്-അച്ചൻകോവിൽ റോഡ് എത്ര റീച്ചുകളായാണ് പ്രവൃത്തി കരാർ നൽകിയിട്ടുള്ളതെന്നും, ഇതിൽ ഓരോ റീച്ചിനും ഉള്ള ദൂരം, വകയിരുത്തി യിട്ടുള്ള തുക, കരാറുകാരന്റെ പേരുവിവരം എന്നിവ യഥാക്രമം വിശദമാക്കുമോ;

(ബി) ഇതിൽ ഓരോ റീച്ചിലെയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ, പ്രവൃത്തിയുടെ പുരോഗതി, എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത് എന്നിവ യഥാക്രമം വിശദമാക്കുമോ;

(സി) യഥാവിധി ജോലി നിർവ്വഹിക്കാതെ കരാറുകാരൻ പണി നിർത്തി യതിനെ തുടർന്ന് ഇളകി കിടക്കുന്ന മെറ്റലിൽ തെന്നി വാഹനങ്ങൾ മറിഞ്ഞും നിരന്തരമായി പാറപ്പൊടി ശ്വസിച്ചും പ്രദേശവാസികളും യാത്രക്കാരും അനുഭവിക്കുന്ന ദുരിതം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കേരള വനം വകുപ്പ്, നബാർഡിന്റെ ധനസഹായത്തോടെ പുനരുദ്ധാരണ പ്രവൃത്തി നടത്തുന്ന അലിമുക്ക്-അച്ചൻകോവിൽ റോഡിന് മൂന്ന് റീച്ചുകളായാണ് പ്രവൃത്തി കരാർ നൽകിയിട്ടുള്ളത്.

| ഡിവിഷൻ | ദൂരം | വകയിരുത്തിയിട്ടുള്ള തുക | കരാറുകാരന്റെ പേരു വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| അച്ചൻകോവിൽ | 5.25 കി. മീ (ചിറ്റാർ പാലം മുതൽ അച്ചൻകോവിൽ ക്ഷേത്രം ജംഗ്ഷൻ വരെ) | 285 ലക്ഷം | ശ്രീ. സദാശിവൻ പിള്ള (എ ക്ലാസ് ഗവ. കോൺട്രാക്ടർ), ഉഷസ് ഹൗസ്, ഇടമൺ, പുനലൂർ, കൊല്ലം- 691 307 |

| (1) | (2) | (3) | (4) |
|---|---|---|---|
| പുനലൂർ | 8 കി.മീ. (12/00 മുതൽ 20/00 വരെ) | 387.45 ലക്ഷം | ശ്രീ. സദാശിവൻ പിള്ള (എ ക്ലാസ് ഗവ. കോൺട്രാക്ടർ), ഉഷസ് ഹൗസ്, ഇടമൺ, പുനലൂർ, കൊല്ലം- 691 307 |
| കോന്നി | 12 കി. മീ. (കോന്നി ഡിവിഷൻ പരിധി) | 7.44 കോടി | M/s. ഗ്രീൻവർത്ത് ഇൻഫ്രാസ്ട്രക്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ബിൽഡിംഗ് നമ്പർ 42/3075/ സൗമ്യ നഗർ, ആലുംചുവട്, ഇടപ്പള്ളി, കൊച്ചി |

(ബി) പുനലൂർ ഡിവിഷന്റെ പരിധിയിലുള്ള റീച്ചിന്റെ ടാറിംഗ് ഒഴികെയുള്ള ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി ജോലിയുടെ നടത്തിപ്പും സൂപ്പർവിഷനും പി.ഡബ്ല്യു.ഡി. പുനലൂർ സബ്ഡിവിഷന്റെ ചുമതലയിലാണ് നടന്നുവരുന്നത്. ജോലികൾ എത്രയും വേഗം പൂർത്തിയാക്കാൻ കരാറുകാരനും പി.ഡബ്ല്യു.ഡി.-ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടാറിംഗ് ജോലികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കോന്നി ഡിവിഷന്റെ പരിധിയിലുള്ള റീച്ചിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവൃത്തികളിൽ തുറ പാലത്തിന്റെ നിർമ്മാണവും മെറ്റലിംഗ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. 31-3-2020-ന് മുമ്പ് ജോലികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അച്ചൻകോവിൽ ഡിവിഷന്റെ പരിധിയിലുള്ള റീച്ചിൽ ചിറ്റാർ പാലം മുതൽ അച്ചൻകോവിൽ ക്ഷേത്രം ജംഗ്ഷൻ വരെയുള്ള 5.25 കി.മീ. ദൂരത്തിലുള്ള റോഡിന്റെ ഉപരിതലത്തിലുള്ള പഴയ ടാറിംഗ് ഇളക്കി മാറ്റിയതിന് ശേഷം 40 എം.എം. കനമുള്ള മെറ്റൽ ഉപയോഗിച്ച് ലെയറിംഗ് നടത്തിയിട്ടുണ്ട്. മേയ് മാസം അവസാനത്തോടെ ജോലികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പരാതികളൊന്നുംതന്നെ രേഖാമൂലം ലഭിച്ചിട്ടില്ല.

**കാട്ടുതീ തടയുവാനുള്ള നടപടികൾ**

99 (2377) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ കാട്ടു തീ തടയുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഈയടുത്ത കാലത്ത് ദേശമംഗലത്തിനടുത്ത് കൊറ്റമ്പത്തൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ അക്കേഷ്യത്തോട്ടം, തൃശ്ശൂർ ദേശ മംഗലത്ത് കുറുഞ്ഞിമല എന്നിവയുൾപ്പെടെ കാട്ടു തീ പടർന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുമൂലമുണ്ടായ ജീവഹാനിയുൾപ്പെടെയുള്ള നാശനഷ്ടങ്ങൾ, വന ജീവികളുടെ ഉന്മൂലനം തുടങ്ങിയവ സംബന്ധിച്ച് വനം വകുപ്പ് പരിശോധനയിൽ ബോധ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ വേനലിൽ സംസ്ഥാനത്ത് കാട്ടുതീയുണ്ടായ വനഭൂമിയുടെ വിസ്തൃതി, സംഭവിച്ച നാശനഷ്ടങ്ങൾ, തീ നിയന്ത്രണ വിധേയമാക്കാനായി ചെലവാക്കിയ തുക, ലഭ്യമായ കേന്ദ്ര സഹായം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യവും പരിശീലനവും ഫയർ & റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് നൽകിവരുന്നുണ്ട്. ദേശമംഗലത്തിനടുത്ത് കൊറ്റമ്പത്തൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ അക്കേഷ്യത്തോട്ടം, തൃശ്ശൂർ ദേശമംഗലത്തെ കുറുഞ്ഞിമല എന്നിവിടങ്ങളുൾപ്പെടെ കാട്ടുതീ പടർന്ന സംഭവം പരിശോധിച്ചു. തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയിഞ്ചിൽ ദേശമംഗലം കൊറ്റമ്പത്തൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിലാണ് കാട്ടുതീ ഉണ്ടായത്. യഥാസമയം അടിക്കാട് വെട്ടിത്തെളിച്ച് ഫയർലൈൻ സ്ഥാപിക്കേണ്ട പ്രവൃത്തി കമ്പനി യഥാസമയം ചെയ്യാതിരുന്നതിനാലാണ് കാട്ടുതീ ഉണ്ടാകാനിടയായത്.

(ബി) കാട്ടുതീയിൽപ്പെട്ട് മൂന്ന് വനപാലകർ മരിച്ച സംഭവത്തിൽ തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയിഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.- 4/2020 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിവരുന്നുണ്ട്. ടി കേസ്സിന്റെ മേൽനോട്ടം വഹിക്കുന്നത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ്. കേസന്വേഷണം പൂർത്തിയാക്കിയതിനുശേഷം മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) കഴിഞ്ഞ വേനലിൽ സംസ്ഥാനത്ത് കാട്ടുതീയുണ്ടായ വനഭൂമിയുടെ വിസ്തൃതി, സംഭവിച്ച നാശനഷ്ടങ്ങൾ, തീ നിയന്ത്രണ വിധേയമാക്കാനായി ചെലവാക്കിയ തുക, ലഭ്യമായ കേന്ദ്ര സഹായം എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

കാട്ടുതീമൂലം സംസ്ഥാനത്ത് 1789.94 ഹെക്ടർ സ്ഥലത്ത് അടിക്കാടുകൾ നഷ്ടപ്പെട്ടു (ഡിസംബർ 2018 മുതൽ മേയ് 2019 വരെ). എന്നാൽ വനം നഷ്ടപ്പെട്ടിട്ടില്ല.

കാട്ടുതീമൂലം 1,45,300 രൂപ നഷ്ടമുണ്ടായതായി സർക്കാർ കണക്കാക്കിയിട്ടുണ്ട്.

കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോറസ്റ്റ് ഫയർ പ്രിവൻഷൻ & മാനേജ്മെന്റ് സ്കീമിൽ (എഫ്.പി.എം.എസ്.) കേന്ദ്രധനസഹായമായി ലഭ്യമായ 293.72 ലക്ഷം രൂപയിൽ 247.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## കാട്ടുതീ പ്രതിരോധത്തിന്റെ മറവിൽ അഴിമതി നടക്കുന്നതായ ആക്ഷേപം

100 (2378) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ഫയർ ലൈൻ നിർമ്മാണത്തിന്റെ മറവിൽ വനം വകുപ്പിൽ വൻ അഴിമതി നടക്കുന്നതായുള്ള ആക്ഷേപം പരിശോധിക്കുകയുണ്ടായോ;

(ബി) ഒരു കിലോമീറ്റർ ഫയർലൈൻ നിർമ്മാണത്തിന് ഏകദേശം എത്ര രൂപയാണ് വനം വകുപ്പ് നൽകുന്നത്; എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത തുകയ്ക്ക് നിർവ്വഹിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) കൊറ്റമ്പത്തൂരിൽ തീ പടർന്ന മേഖലയുടെ ഒരു ഭാഗത്തും ഫയർ ലൈൻ സ്ഥാപിച്ചത് കാണാനാകാത്ത സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) വനത്തോടടുത്ത് താമസിക്കുന്നവർക്കും വനസംരക്ഷണ സമിതി അംഗങ്ങളായവർക്കും ഫയർലൈൻ നിർമ്മാണ ചുമതല നൽകണമെന്ന് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ; എന്നാൽ ഇതിനുവിരുദ്ധമായി വനം വകുപ്പ് ബിനാമി കരാറുകാരെ രംഗത്തിറക്കി പദ്ധതി അട്ടിമറിച്ച് തുക കൊള്ളയടിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കാട്ടുതീ തടയുന്നതിന് സർക്കാർ ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനും അഴിമതിയുടെ പഴുതുകൾ അടച്ചുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ ചട്ടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷം എറണാകുളം ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷനിൽ മലയാറ്റൂർ ഡിവിഷനിലെ വിവിധ റെയിഞ്ചുകളിൽ ഫയർലൈൻ നിർമ്മാണത്തിൽ അഴിമതി നടത്തുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച ഒരു പരാതിയിലെ ആരോപണങ്ങൾ അന്വേഷിക്കുകയും ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷന്റെ പരിധിയിൽ വരുന്ന മണ്ണാർക്കാട് ഡിവിഷനിൽ 2018-19 വർഷത്തെ ഫയർലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പരാതിയിലെ ആരോപണങ്ങൾ വിശദമായി അന്വേഷിക്കുകയുണ്ടായെങ്കിലും ആയത് തെളിയിക്കുന്നതിന് ആവശ്യമായ തെളിവുകളൊന്നും ലഭിക്കുകയുണ്ടായിട്ടില്ല. മറ്റ് ഡിവിഷനുകളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല.

(ബി) ഫയർലൈൻ ജോലികളുടെ നിർമ്മാണത്തിനായി Forest Survey Report-ലെ Item No. 48-ഉം 18-7-2019-ലെ G.O. (P) No.65/2019/Lbr പ്രകാരവും 5.2 മീറ്റർ വീതിയിൽ ബൗണ്ടറി ക്ലിയർ ചെയ്യുന്നതിന് 20 മാൻ മസ്ദൂറും ഫയർ ട്രെയിനിംഗിനായി 20 മാൻ മസ്ദൂറും അടക്കം അനുവദിക്കപ്പെടുന്ന സ്ഥലങ്ങളിലെ Variable Dearness Allowance (VDA) ഉൾപ്പെടെ 30,000 രൂപ മുതൽ 40,000 രൂപ വരെയാണ് ഒരു കിലോ മീറ്റർ ഫയർലൈനിന് അനുവദിക്കാറുള്ളത്.

(സി) തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയിഞ്ചിൽ ദേശമംഗലം കൊറ്റമ്പത്തൂരിൽ HNL കമ്പനിക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിലാണ് കാട്ടുതീ ഉണ്ടായത്. യഥാസമയം അടിക്കാട് വെട്ടിത്തെളിച്ച് ഫയർലൈൻ സ്ഥാപിക്കേണ്ട പ്രവൃത്തി കമ്പനിയാണ് ചെയ്യേണ്ടത്. ആയത് കമ്പനി യഥാസമയം ചെയ്യാതിരുന്നതിനാലാണ് കാട്ടുതീ ഉണ്ടാകാനിടയായത്. കമ്പനി ഫയർലൈൻ സ്ഥാപിക്കുകയോ കാട്ടുതീ തടയുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. അതിനാലാണ് കൊറ്റമ്പത്തൂരിൽ തീ പടർന്ന മേഖലയുടെ ഒരു ഭാഗത്തും ഫയർലൈൻ സ്ഥാപിച്ചത് കാണാനാകാത്ത സാഹചര്യമുണ്ടായത്.

(ഡി) കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന മുഖ്യവനമേധാവിയുടെ 24-12-2019-ലെ 12/19 നമ്പർ സർക്കുലർ പ്രകാരം 50 ശതമാനം അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വന പരിപാലന തത്ത്വമനുസരിച്ച് വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി മുഖാന്തരം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫയർലൈൻ ജോലികൾ വനസംരക്ഷണ സമിതികൾ മുഖാന്തരവും ചെയ്തുവരുന്നുണ്ട്. വനസംരക്ഷണ

സമിതികൾക്ക് പ്രവൃത്തി നടത്താൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലും വനസംരക്ഷണ സമിതികൾ ഇല്ലാത്ത ചില സ്ഥലങ്ങളിലും സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ് ഫയർലൈൻ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി വനം വകുപ്പ് ബിനാമി കരാറുകാരെ രംഗത്തിറക്കി പദ്ധതി അട്ടിമറിച്ച് തുക കൊള്ളയടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സർക്കാർ ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നത് ചട്ട പ്രകാരമായതിനാൽ നിലവിൽ പുതിയ ചട്ടങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യമു ള്ളതായി കാണുന്നില്ല.

## കാവുകളുടെ സംരക്ഷണം

101 (2379) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോട് അനുബന്ധമായി നിലകൊള്ളുന്ന കാവുകൾ സംരക്ഷിച്ച് നിലനിർത്തുന്നതിനായി സംസ്ഥാന വനം വകുപ്പ് വഴി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(ബി) ഇത്തരം വനങ്ങളെ സംരക്ഷിച്ച് നിലനിർത്താൻ കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും സ്കീമുകൾ നിലവിലുണ്ടോ;

(സി) ഇത്തരം വനങ്ങൾക്ക് സംരക്ഷണ ചുറ്റുമതിൽ തീർത്ത് ജൈവ കേന്ദ്രമായി നിലനിർത്താൻ വനം വകുപ്പ് പ്രത്യേക പരിഗണന നൽകുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) 24-12-16-ലെ ജി. ഒ. (ആർ.റ്റി.) 485/16 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നു. ടി ഉത്തരവ് പ്രകാരം എല്ലാ വർഷവും ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ വീതം തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരുന്നു.

(ബി) ഇല്ല.

(സി) 24-12-16-ലെ ജി. ഒ. (ആർ.റ്റി.) 485/16 പ്രകാരം നല്കുന്ന ധന സഹായത്താൽ കാവുകളെ സംരക്ഷിക്കുന്നതിനായി ജൈവവേലി നിർമ്മിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകുന്നുണ്ട്.

## വനവിഭവങ്ങളുടെ ചൂഷണം

102 (2380) ശ്രീ. മുല്ലക്കര രത്നാകരന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വനവിഭവങ്ങളുടെ ചൂഷണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കാമോ;

(ബി) 2019 ജനുവരി 1 മുതല്‍ ഡിസംബര്‍ 31-വരെ വനവിഭവങ്ങളുടെ ചൂഷണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വനവിഭവങ്ങളുടെ ചൂഷണം തടയുന്നതിനായി ദൈനംദിന ഫീല്‍ഡ് പരിശോധന, വനമേഖലയില്‍ രാത്രികാല പരിശോധനകള്‍ എന്നിവ നടത്താറുണ്ട്. തടി ഉള്‍പ്പെടെയുള്ള വനവിഭവങ്ങള്‍ ചൂഷണം ചെയ്യുന്നവര്‍ക്കെതിരെ വനസംരക്ഷണ നിയമ പ്രകാരം കേസ് ചാര്‍ജ്ജ് ചെയ്യുന്നതുള്‍പ്പെടെയുള്ള നിയമാനുസൃത നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ട്. വനവിഭവങ്ങളുടെ അനധികൃത കടത്ത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവര്‍ത്തനവും ഊര്‍ജ്ജിതമായി നടത്തിവരുന്നുണ്ട്. വനവിഭവ ചൂഷണ സാധ്യതയുള്ള വനഭാഗങ്ങളില്‍ പ്രൊട്ടക്ഷന്‍ ക്യാമ്പുകളും ആന്റിപോച്ചിംഗ് ക്യാമ്പുകളും സ്ഥാപിച്ച് സംരക്ഷണ പ്രവര്‍ത്തനങ്ങള്‍ ഊര്‍ജ്ജിതപ്പെടുത്തി വരുന്നുണ്ട്. കഴിഞ്ഞ ഒരു വര്‍ഷമായി ഇന്റീരിയര്‍ ഏരിയ പെരാമ്പുലേഷന്‍ പ്ലാനുകള്‍ ഡിവിഷന്‍തലത്തില്‍ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) 2019 ജനുവരി 1 മുതല്‍ ഡിസംബര്‍ 31 വരെയുള്ള കാലയളവില്‍ വനവിഭവങ്ങളുടെ ചൂഷണവുമായി ബന്ധപ്പെട്ട് 296 കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്.

## കണ്ടല്‍ക്കാടുകളുടെ സംരക്ഷണം

103 (2381) ശ്രീ. പുരുഷന്‍ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ജൈവ വൈവിദ്ധ്യങ്ങളുടെ കലവറയായ കണ്ടല്‍ക്കാടുകള്‍ സംരക്ഷിക്കുന്നതിനായി ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) റീ ബില്‍ഡ് കേരള പദ്ധതിയില്‍ ഉള്‍പ്പെടുത്തി കണ്ടല്‍ വനങ്ങള്‍ ഏറ്റെടുക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവ വൈവിദ്ധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves in Vembanad and Kannur (60% CSS) എന്ന പദ്ധതിക്കായി 2017-18- ൽ 294.53 ലക്ഷം രൂപയും 2018-19- ൽ 231.2 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 106.92 ലക്ഷം രൂപ കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ വനം നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.695 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ് " റിസർവ് ഫോറസ്റ്റായും വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. നിലവിലുള്ള നിയമ നടപടി ക്രമങ്ങൾക്കനുസൃതമായി കണ്ടൽ കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ 24-12-16-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി.) 485/16 മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകിവരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. കൂടാതെ വനം വകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് പദ്ധതി നിലവിലുണ്ട്. കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയണിന്റെ പരിധിയിൽ വരുന്ന കൊല്ലം, കോട്ടയം എന്നീ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിന് താല്പര്യമുള്ള വ്യക്തികളിൽനിന്നും അപേക്ഷകൾ ക്ഷണിച്ച് തുടർനടപടികൾ

സ്വീകരിച്ചുവരുന്നു. എറണാകുളം സോഷ്യൽ ഫോറസ്ട്രി റീജിയണിന്റെ പരിധിയിൽ വരുന്ന തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ തൃശ്ശൂർ ജില്ലയിലെ പുല്ലറ്റ്, വെണ്മനാട് വില്ലേജുകളിൽ 42 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 9.33 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും പണം നൽകി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി റീജിയണിന്റെ പരിധിയിൽ വരുന്ന മലപ്പുറം, കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിലും സ്വകാര്യ കൈവശത്തിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

104 (2382) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) കണ്ടൽക്കാടുകളെ സംരക്ഷിക്കാനായി വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2006-07 വർഷം മുതൽ Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുന്നതിനോടൊപ്പം പൊതുജനങ്ങൾക്ക് നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻ കുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിക്കായി 2017-18- ൽ 294.53 ലക്ഷം രൂപയും 2018-19- ൽ 231.2 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 106.92 ലക്ഷം രൂപ കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ വനം നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.695 ഹെക്ടറും കണ്ടൽ

വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ് " റിസർവ് ഫോറസ്റ്റായും വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. നിലവിലുള്ള നിയമ നടപടി ക്രമങ്ങൾക്കനുസൃതമായി കണ്ടൽ കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ 24-12-2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി.) 485/16 മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകിവരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. കൂടാതെ വനം വകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്.

## മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ

105 (2383) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന അന്തരീക്ഷ താപനില കണക്കിലെടുത്ത് റോഡുകൾക്ക് ഇരുവശവും വിദ്യാലയങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുമോ;

(ബി) ഇത്തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അതത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ മുൻകയ്യെടുക്കുകയാണെങ്കിൽ, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അതിനു വേണ്ടുന്ന ചെലവുകൾ വഹിക്കുന്നതിനുമുള്ള നടപടികൾ വനം വകുപ്പിന് സ്വീകരിക്കുവാൻ സാധിക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&സി) വനം വകുപ്പ് നിലവിൽ ഹരിത കേരളം പദ്ധതി പ്രകാരം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ റോഡുകളുടെ വശങ്ങളിൽ തൈകൾ നട്ടു പിടിപ്പിക്കുന്നതിനായി വഴിയോര ത്തണൽ പദ്ധതിയും ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സ്ഥാപനങ്ങളിൽ തൈകൾ വച്ചുപിടിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മേല്പറഞ്ഞ പദ്ധതികളല്ലാതെ പുതിയ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

## വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

106 (2384) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിലേറിയതിനു ശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സാമൂഹ്യവനവല്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി കടൽത്തീരത്ത് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിന് അനുയോജ്യമായ ഇനത്തിലുള്ള വൃക്ഷതൈകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തീരസംരക്ഷണ നിയമപ്രകാരം സർക്കാർ വീണ്ടെടുക്കുന്ന ഭൂപ്രദേശത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 78.2952 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ് " റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലെയും വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെയും തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

(ബി) തീരവനം പദ്ധതി പ്രകാരം കടൽത്തീരങ്ങളിൽ കാറ്റാടി, ബദാം, ഉങ്ങ്, പൂവരശ്ശ് എന്നീ ഇനങ്ങളിൽപ്പെടുന്ന വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) തീരസംരക്ഷണ നിയമപ്രകാരം വീണ്ടെടുക്കുന്ന ഭൂപ്രദേശത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

## കുറുവ ദ്വീപിലെ സന്ദർശകർ

107 (2385) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കുറുവ ദ്വീപിലെ സന്ദർശകരുടെ എണ്ണം നിശ്ചയിക്കുന്ന തിനായി വനം വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ പഠനം നടത്തിയ ഏജൻസിയുടെ പേരും പഠന റിപ്പോർട്ടും ലഭ്യമാക്കാമോ;

(സി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോയമ്പത്തൂർ ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് & ട്രീ ബ്രീഡിംഗ് (IFGTB) എന്ന സ്ഥാപനമാണ് പഠനം നടത്തി യിട്ടുള്ളത്. പഠന റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) പഠന റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കുറുവ ദ്വീപുമായി ബന്ധപ്പെട്ട് 'വയനാട് പ്രകൃതി സംരക്ഷണ സമിതി' എന്ന സംഘടന ബഹുമാനപ്പെട്ട ഹൈക്കോ ടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയം ബഹുമാനപ്പെട്ട ഹൈക്കോ ടതിയുടെ പരിഗണനയിലായതിനാൽ റിപ്പോർട്ട് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

## തേക്കടി-ആനവച്ചാൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ

108 (2386) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനവച്ചാൽ പാർക്കിംഗ് ഗ്രൗണ്ടിനോടനുബന്ധമായി വിനോദസഞ്ചാര വകുപ്പിന്റെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് ഇടുക്കി ഡി.ടി.പി.സി. പെർമിസീവ് സാംങ്ഷൻ ആവശ്യപ്പെട്ട് കേരള ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് ഡയറക്ടർക്ക് നൽകിയിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി വനം വകുപ്പിൽനിന്ന് ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആനവച്ചാൽ പാർക്കിംഗ് ഗ്രൗണ്ടിൽ ഫെസിലിറ്റേഷൻ സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഡി.ടി.പി.സി. സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ അനുമതി നല്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ഫോറസ്റ്റ് ക്ലിയറൻസും കേന്ദ്ര വന്യജീവി ബോർഡിന്റെ ക്ലിയറൻസും ആവശ്യമായതിനാൽ ആയതിലേയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രതീക്ഷിച്ചുവരുന്നു.

(ബി) പെരിയാൽ കടുവാ സങ്കേതത്തിൽപ്പെട്ട വനഭൂമിയിൽ ഡി.ടി.പി.സി.-ക്ക് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള ക്ലിയറൻസും ദേശീയ വന്യജീവി ബോർഡിന്റെ വൈൽഡ് ലൈഫ് ക്ലിയറൻസും ആവശ്യമാണ്. പ്രസ്തുത ക്ലിയറൻസുകൾ ലഭിക്കുന്നതിലേയ്ക്കായി യൂസർ ഏജൻസിയായ ഡി.ടി.പി.സി. പ്രത്യേകം അപേക്ഷകൾ parivesh.nic.in എന്ന MoEF- ന്റെ വെബ്സൈറ്റിൽ ഓൺലൈൻ മുഖാന്തരം സമർപ്പിക്കേണ്ടതാണ്. ഡി.ടി.പി.സി. ഇപ്രകാരം അപേക്ഷകൾ സമർപ്പിച്ചു കഴിഞ്ഞാൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്

**പരിസ്ഥിതി വിനോദസഞ്ചാര പദ്ധതി**

109 (2387) ശ്രീ. കെ. ബാബു :
ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനപരിപാലനത്തിന്റെയും ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെയും ഭാഗമായി പരിസ്ഥിതി വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വനമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും വനമേഖലകളിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇക്കോ ടൂറിസം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ വിപണനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) വനാശ്രിത സമൂഹത്തിൽ നിന്നുള്ള യുവാക്കളെ ആവശ്യമായ പരിശീലനം നൽകി ഇക്കോ ടൂറിസം ഗൈഡുകളായി നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വനസംരക്ഷണവും ജൈവവൈവിദ്ധ്യ പരിപാലനവുമാണ് വനം വകുപ്പിന്റെ പ്രഥമ ലക്ഷ്യം. ഓരോ പ്രദേശത്തേയും പ്രകൃതിയുടെ തനിമയും സാംസ്കാരിക പാരമ്പര്യവും നിലനിർത്തി വന സമ്പത്ത് സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പങ്കാളിത്ത വന പരിപാലനത്തിന്റെ പ്രാധാന്യമുൾക്കൊണ്ടും ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) വനമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപ ജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക ഒപ്പം പൊതുജനങ്ങൾക്ക് വനപഠനത്തിനുള്ള സൗകര്യം ഒരുക്കുക, വന സംരക്ഷണത്തെക്കുറിച്ച് അവരിൽ അവബോധം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് പങ്കാളിത്ത ഇക്കോ ടൂറിസം പദ്ധതികൾ വനം വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്. അതത് ഇക്കോ ടൂറിസം പദ്ധതി പ്രദേശത്തെ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയാണ് ഓരോ ഇക്കോ ടൂറിസം പദ്ധതികളുടെയും നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത്. പ്രസ്തുത കമ്മിറ്റികളിലെ അംഗങ്ങളെയാണ് സന്ദർശക സുരക്ഷയ്ക്കും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമുള്ള ഗൈഡുകളായി ഇക്കോ ടൂറിസം പദ്ധതികളിൽ നിയോഗിക്കുന്നത്. ഇതിൽ സ്ത്രീകൾക്ക് പരമാവധി മുൻഗണന നൽകിവരുന്നുണ്ട്. ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുകവഴി ഏകദേശം 500-ഓളം ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

കൂടാതെ, ഇക്കോ ടൂറിസം പദ്ധതി പ്രദേശത്ത് ചെറുകിട വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതും വനാശ്രിതരുടെ ഉപജീവനമാർഗ്ഗത്തിന് ഉപയുക്തമാകുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 29 വനം ഡിവിഷനുകൾക്ക് കീഴിലായി 60 പങ്കാളിത്ത ഇക്കോ ടൂറിസം പദ്ധതികൾ നടന്നുവരുന്നു. വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ പങ്കാളിത്ത വന പരിപാലന സംവിധാനത്തിൻകീഴിൽ, പരിസ്ഥിതി സൗഹൃദപരമായി ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നുണ്ട്. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി എല്ലാ

ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും 'carrying capacity' പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇക്കോ ടൂറിസം സംബന്ധിച്ചുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വിപുലീകരണത്തിന്റെ ഭാഗമായി സന്ദർശകർക്ക് കൂടുതൽ സൗകര്യപ്രദമാകത്തക്ക വിധത്തിൽ ഇക്കോ ടൂറിസം പരിപാടികൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഓരോ പ്രദേശത്തിന് ഇണങ്ങുന്നവിധത്തിലും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിലുമാണ് ഇക്കോ ടൂറിസം പരിപാടികൾ നടപ്പിലാക്കുന്നത്. ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാതം കറയ്ക്കുന്നതിനായി എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും 'carrying capacity' പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇക്കോടൂറിസം സംബന്ധിച്ചുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വിപുലീകരണത്തിന്റെ ഭാഗമായി സന്ദർശകർക്ക് കൂടുതൽ സൗകര്യപ്രദമാകത്തക്ക വിധത്തിൽ ഇക്കോ ടൂറിസം പരിപാടികൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇക്കോ ടൂറിസം പദ്ധതി പ്രദേശത്തെ വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയാണ് ഓരോ ഇക്കോ ടൂറിസം പദ്ധതികളുടെയും നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത്. വനാശ്രിത സമൂഹങ്ങൾ അംഗങ്ങളായ ടി സമിതികളിലെ അംഗങ്ങളെയാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായും മറ്റും നിയോഗിക്കുന്നത്. ഇവർക്ക് സന്ദർശക സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ പരിശീലനം KIITS തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ വഴിയും മറ്റ് ഏജൻസികൾ മുഖേനയും നൽകിവരുന്നുണ്ട്.

**നിലമ്പൂരിൽ വനം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ**

110 (2388) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിലെ വനം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പൊതുജനങ്ങളേയും വിനോദസഞ്ചാരികളേയും ആകർഷിക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങളിൽ നിലവിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വനം വകുപ്പിന്റെ ഫണ്ട് മാത്രം ഉപയോഗിച്ചാണോ ഇത്തരം സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് ഇത്തരം കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കുമോ;

(ഡി) ഒരു വർഷം ശരാശരി എത്ര വിനോദസഞ്ചാരികൾ വനം വകുപ്പിന് കീഴിലുള്ള പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നുണ്ട്; വിശദമാക്കാമോ;

(ഇ) കനോലി പ്ലോട്ട് ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പുതിയതായി നിർദ്ദേശിച്ച വിനോദസഞ്ചാര പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നോർത്ത് ഡിവിഷന് കീഴിൽ അരുവാക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന കനോലി, ചന്തക്കുന്ന് ബംഗ്ലാവ് കുന്ന് കേന്ദ്രമായ ചാലിയാർ വ്യൂ, കക്കാടംപൊയിൽ ഭാഗത്തെ കോഴിപ്പാറ, ആഢ്യൻ പാറ, നിലമ്പൂർ സൗത്ത് ഡിവിഷന് കീഴിൽ നെടുങ്കയം ഇക്കോ ടൂറിസം സെന്റർ എന്നിവയാണ് വനം വകുപ്പിന് കീഴിലുള്ള അംഗീകൃത ഇക്കോ ടൂറിസം കേന്ദ്രങ്ങൾ.

(ബി) ടി കേന്ദ്രങ്ങളുടെ ആകർഷണീയതയും നിലവിൽ ലഭ്യമായ സംവിധാനങ്ങളും താഴെപ്പറയുന്നവയാണ്.

<u>കനോലി ഇക്കോ ടൂറിസം</u>

1. ചാലിയാറിന് കുറുകെ തൂക്കുപാലം.
2. ഏറ്റവും പഴക്കമേറിയ മനുഷ്യ നിർമ്മിത തേക്കുതോട്ടം.
3. പ്രകൃതിഭംഗി.

<u>ചാലിയാർ വ്യൂ, ചന്തക്കുന്ന്</u>

1. പഴയ ഡി.എഫ്.ഒ. ബംഗ്ലാവ്
2. ആകാശപാത (സ്കൈവാക്)
3. പ്രകൃതിഭംഗി.

<u>കോഴിപാറ</u>

1. വെള്ളച്ചാട്ടം.
2. പ്രകൃതിഭംഗി.

നെടുങ്കയം ഇക്കോ ടൂറിസം

1. നെടുങ്കയം ചെക്ക്പോസ്റ്റ് മുതൽ കഴിമ്പുഴ വരെയുള്ള ജംഗിൾ സഫാരി.

2. എലിഫന്റ് ക്രാൾ.

3. നെടുങ്കയം ഡൗസൻ ടോംബ്.

വനം വകുപ്പിന് ഫണ്ടിന് പുറമെ ഇക്കോ ടൂറിസം ഡയറക്ടറേറ്റ് വഴി ലഭിക്കുന്ന ഫണ്ടുംകൂടി ഉപയോഗിച്ചാണ് ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ഇക്കോ ടൂറിസം ഡയറക്ടറേറ്റിൽനിന്നും ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് ഇത്തരം കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കോ ടൂറിസം ഡയറക്ടറേറ്റ് വഴിയുള്ള ഫണ്ടുപയോഗിച്ച് ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക നിയന്ത്രണത്തിനും മറ്റുമായി വനം വകുപ്പ് Carrying Capacity പഠനം നടത്തുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പഠനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, തുടർനടപടികൾ സ്വീകരിക്കുവാൻ നടപടി കൈക്കൊള്ളുന്നതാണ്.

(ഡി) ഏകദേശം 2.50 ലക്ഷത്തോളം വിനോദസഞ്ചാരികൾ എത്തിച്ചേരുന്നുണ്ട്.

(ഇ) 2019-ലെ പ്രളയത്തെ തുടർന്ന് കടപുഴകി വീണ വൻമരങ്ങൾ ചാലിയാർ പുഴയിലൂടെ ഒഴുകി വന്ന് കനോലിയിലെ തൂക്കുപാലത്തിൽ ഇടിച്ച് കേടുപാടുകൾ സംഭവിച്ചതിനെത്തുടർന്ന് കനോലി പ്ലോട്ട് അടച്ചിട്ടിരിക്കുന്നു. തൂക്കുപാലത്തിന്റെ നവീകരണത്തിനായി കേരള സർക്കാരിന്റെ അക്രെഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

**മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിലെ കയ്യേറ്റം**

111 (2389) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിൽപ്പെട്ട വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ കയ്യേറ്റം പരിശോധിക്കുന്നതിന് ആരെയാണ് സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചതെന്നും എന്നാണ് നിയമിച്ചതെന്നും ഇപ്പോഴത്തെ സെറ്റിൽമെന്റ് ഓഫീസർ ആരെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 12-12-2007-ലെ സ.ഉ. (കൈ) നമ്പർ 74/2007/വനം പ്രകാരം ദേവികുളം സബ്കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ച് ഉത്തരവായിരുന്നു. 11-2-2020-ലെ സ.ഉ. (സാധാ) നമ്പർ 670/2020/ പൊ.ഭ.വ. പ്രകാരം ശ്രീ. എ. കൗശിഗൻ ഐ.എ.എസ്.-നെ കുറിഞ്ഞിമല സങ്കേതം സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്

(ബി) നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റവന്യൂ വഴിയാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്.

**വനം വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ**

112 (2390) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ എ.സി.എഫ്./ഡി.എഫ്.ഒ. (നോൺ ഐ.എഫ്.എസ്.) തസ്തികയിൽ നിലവിൽ ഒഴിവുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ എത്രയെന്നും അവ നികത്താത്തതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ;

(സി) 2020 മേയ് 31 വരെ പ്രസ്തുത തസ്തികയിൽ വിരമിക്കൽമൂലം എത്ര ഒഴിവുകളാണ് ഉണ്ടാകുകയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) രണ്ട് ഒഴിവുകൾ. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് ടി തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാൻ സാധിക്കാത്തത്. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ നടന്നുവരുന്നു.

(സി) ഉണ്ട്. ഒരു ഒഴിവ്.

## ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ

113 (2391) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ല കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ലാത്തതിനാൽ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## വനപാലകരുടെ സുരക്ഷ

114 (2392) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നടപ്പുവർഷം വരെ വനം-വന്യജീവി സംരക്ഷണ ജോലിക്കിടയിൽ വിവിധ അപകടങ്ങളിൽപ്പെട്ട് മരണപ്പെട്ടിട്ടുള്ള വനപരിപാലകരുടെ വിവരങ്ങൾ തസ്തിക, എണ്ണം, വർഷം എന്നീ ക്രമത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വനപരിപാലകരുടെ കുടുംബങ്ങൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ള മരണാനന്തര സഹായത്തെ സംബന്ധിച്ചും ആശ്രിത നിയമനങ്ങളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കാട്ടുതീ, മൃഗങ്ങളുടെ ആക്രമണം ഉൾപ്പെടെയുള്ളവയെ നേരിടുവാൻ വനപരിപാലകർക്ക് നൽകിയിട്ടുള്ള വിദഗ്ധ പരിശീലനങ്ങൾ, ആധുനിക ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2010 മുതൽ നടപ്പുവർഷംവരെ വന്യജീവി സംരക്ഷണ ജോലിക്കിടയിൽ വിവിധ അപകടങ്ങളിൽപ്പെട്ട് മരണപ്പെട്ടിട്ടുള്ള വനപരിപാലകരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | എണ്ണം | വർഷം |
|---|---|---|---|
| 1 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 1 | 2010 |
| 2 | ട്രൈബൽ വാച്ചർ | 1 | 2014 |
| 3 | ട്രൈബൽ വാച്ചർ | 1 | 2015 |
| 4 | ഫോറസ്റ്റ് വാച്ചർ | 1 | 2016 |
| 5 | ട്രൈബൽ വാച്ചർ | 1 | 2018 |
| 6 | ട്രൈബൽ വാച്ചർ | 1 | 2019 |
| 7 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 | 2020 |
| 8 | ട്രൈബൽ വാച്ചർ | 2 | 2020 |

2012, 2018, 2019 എന്നീ വർഷങ്ങളിൽ ഓരോ താൽക്കാലിക വാച്ചർമാരും 2020-ൽ 2 താൽക്കാലിക വാച്ചർമാരും മരണപ്പെട്ടിട്ടുണ്ട്.

(ബി) 2010-ൽ മരണപ്പെട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ദേവദാസിന്റെ കുടുംബത്തിന് സർക്കാർ 5 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ടിയാന്റെ ഭാര്യയ്ക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി നൽകിയിട്ടുമുണ്ട്.

2012-ൽ മരണപ്പെട്ട താൽക്കാലിക വാച്ചറായിരുന്ന വി. വി. സുബ്രഹ്മണ്യന്റെ മകനായ വി. എസ്. ലാലുവിന് ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ എറണാകുളം ജില്ലയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി നൽകിയിട്ടുണ്ട്. ടിയാന്റെ രണ്ട് പെൺമക്കളുടെ പേരിൽ ഓരോ ലക്ഷം രൂപ വീതം സ്ഥിരനിക്ഷേപമായി ബാങ്കിൽ നിക്ഷേപിച്ച് 30-7-2012-ലെ ജി.ഒ. (എം.എസ്.) 93/12/വനം നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. വി. എ. ശങ്കരൻ, എ. കെ. വേലായുധൻ, വി. വി. സുബ്രഹ്മണ്യൻ എന്നീ മൂന്ന് ജീവനക്കാരുടെ കുടുംബാംഗങ്ങൾക്ക് കേരള സർക്കാർ അനുവദിച്ച ഏഴരലക്ഷവും വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഒരു ലക്ഷവും W.W.F.-ന്റെ 25,000 രൂപയുമടക്കം 8.75 ലക്ഷവും നൽകിയിട്ടുള്ളതാണ്. ട്രൈബൽ വാച്ചർ കെ.യു. ദിവാകരന്റെ കുടുംബാംഗത്തിന് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2015-ൽ മരണപ്പെട്ട ബസവൻ, s/o. കാളൻ എന്നയാളുടെ കുടുംബത്തിന് 2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ ടിയാന്റെ ഭാര്യ ഗൗരിക്ക് വനം വകുപ്പിൽ ട്രൈബൽ വാച്ചറായി ആശ്രിത നിയമനവും നൽകിയിട്ടുണ്ട്.

2016-ൽ ജോലിക്കിടയ്ക്ക് മരണപ്പെട്ട ഫോറസ്റ്റ് വാച്ചറായ ബൊമ്മന്റെ കുടുംബത്തിന് അപകട ഇൻഷ്വറൻസ് 10 ലക്ഷം രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2018-ൽ മരണപ്പെട്ട കരിയന്റെ കുടുംബത്തിന് നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ ഉള്ളതിൽ 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി 5 ലക്ഷം നൽകുന്നതിനും കൂടാതെ ആശ്രിത നിയമനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2019-ൽ കോട്ടയം ഹൈറേഞ്ച് സർക്കിളിൽ മാങ്കുളം ഡിവിഷനിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരണപ്പെട്ട താൽക്കാലിക വാച്ചർക്ക് 10 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

2020-ൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ട്രൈബൽ വാച്ചർ ബിജു. എ. എസ്. എന്ന ജീവനക്കാരന്റെ ആശ്രിതർക്ക് റാന്നി എഫ്.ഡി.എ.-യിൽനിന്ന് അടിയന്തര ധനസഹായമായി 25,000 രൂപ നൽകിയിട്ടുള്ളതാണ്. കൂടാതെ റാന്നി എഫ്.ഡി.എ.-യിൽനിന്ന് ഒരു ലക്ഷം രൂപയും സതേൺ സർക്കിളിന് കീഴിലുള്ള വിവിധ എഫ്.ഡി.എ.-യിൽനിന്നും ഒന്നര ലക്ഷം രൂപയും പെരിയാർ ടൈഗർ ഫൗണ്ടേഷനിൽ നിന്ന് രണ്ടര ലക്ഷം രൂപയും ടിയാന്റെ കുടുംബത്തിന് നൽകി. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിലുള്ള നിയമ പ്രകാരം അനുവദിക്കാവുന്ന 10 ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപയും കൈമാറി. ബാക്കിയുള്ള 5 ലക്ഷം രൂപയും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കാട്ടുതീ പ്രതിരോധിക്കുന്നതിനായി പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനം വകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയവയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരംകുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും

അഗ്നി പ്രതിരോധമുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ്സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ Battery operated sprayers, Hightech 16 Lyr. Manual Sprayers, Force Gun, Oleo mac Sprayer with 708 petrol engine, Honda made 5 HP Engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്.

## മിയാവാക്കി രീതിയിൽ വനങ്ങൾ

115 (2393) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ 'മിയാവാക്കി' രീതിയിൽ വനങ്ങൾ ഉണ്ടാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള വനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പരീക്ഷണാടിസ്ഥാനത്തിൽ പട്ടിക്കാട്, നെയ്യാർ, നെടുമ്പാശ്ശേരി എന്നീ മൂന്നിടങ്ങളിൽ വനം വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ 'മിയാവാക്കി' രീതിയിലുള്ള ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

## വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശത്ത് അനധികൃത പ്രവേശന ഫീസ്

116 (2394) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ബ്രൈമൂർ എസ്റ്റേറ്റിലൂടെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശത്ത് പ്രവേശിക്കുന്നതിന് എസ്റ്റേറ്റ് നടത്തിപ്പുകാർ പ്രവേശന ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ പ്രവേശനഫീസ് ഈടാക്കുന്നത് അധികൃതമാണോ; വിശദമാക്കുമോ;

(സി) അധികൃതമല്ലായെങ്കിൽ ഒരാളിൽ നിന്നും ഇരുന്നൂറ് രൂപ വച്ച് ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അനധികൃതമായി ഇത്രയും നാൾ പ്രവേശന ഫീസ് ഈടാക്കിയതിനെതിരെ മുൻകാല പ്രാബല്യത്തോടെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**കാട്ടുതീമൂലം നഷ്ടമായ വനസമ്പത്ത്**

117 (2395) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

(ബി) 2019-ൽ ഉണ്ടായിട്ടുള്ള കാട്ടുതീമൂലം എത്ര വിസ്തൃതി വനസമ്പത്ത് നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) 2019-ൽ ഉണ്ടായിട്ടുള്ള കാട്ടുതീമൂലം നഷ്ടമായിട്ടുള്ള വനസമ്പത്തിന്റെ മൂല്യം എത്രയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire Prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾതലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞതോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനുകീഴിലും ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പാസ്ഥാനത്തും ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലെർട്ടുകൾ വനം വകുപ്പാസ്ഥാനത്തെ ഫയർ മോണിറ്ററിംഗ് സെല്ലിൽനിന്നും യഥാസമയം ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്ക്ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

എല്ലാ റെയിഞ്ചുകളിലും തീ ഉണ്ടാകുന്നത് കണ്ടെത്തി താമസംവിനാ വിവരങ്ങൾ കൈമാറി സത്വര നടപടി സ്വീകരിക്കുന്നതിന് വയർലെസ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും അഗ്നി പ്രതിരോധമുൾപ്പെടെയുള്ള വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ്സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ Battery operated sprayers, Hightech 16 Ltr. Manual Sprayers, Force Gun, Oleo mac Sprayer with 708 petrol engine, Honda made 5 HP Engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്.

നിലവിൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനം വകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്.

സാമൂഹ്യവിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസ്സുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

(ബി) 2019-ൽ ഉണ്ടായിട്ടുള്ള കാട്ടുതീമൂലം 1789.94 ഹെക്ടർ വിസ്തൃതിയിലെ വനസമ്പത്ത് നഷ്ടമായിട്ടുണ്ട്.

(സി) 2019-ൽ ഉണ്ടായിട്ടുള്ള കാട്ടുതീമൂലം ഏകദേശം 1,45,300 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

**ആങ്ങമൂഴി വനമേഖല ഉൾപ്പെടുന്ന പ്രദേശത്തെ തടി ഡിപ്പോ**

118 (2396) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആങ്ങമൂഴി വനമേഖല ഉൾപ്പെടുന്ന പച്ച, രാജമ്പാറ, ഗവി, പ്ലാപ്പള്ളി, കൊച്ചുകോയിക്കൽ പ്രദേശങ്ങൾക്കായി വർഷങ്ങൾക്കുമുമ്പ് പ്രവർത്തിച്ചിരുന്ന തടി ഡിപ്പോ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിരവധി ആളുകൾക്ക് തൊഴിൽ ലഭ്യമാകുന്ന ഡിപ്പോ എന്ന പരിഗണനയിന്മേൽ ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(സി) തണ്ണിത്തോട് പ്രവർത്തിച്ചിരുന്ന 'മണൽ കലവറ' പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം സതേൺ സർക്കിളിന്റെ അധികാര പരിധിയിലുള്ള പുനലൂർ ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ആങ്ങമൂഴി ഡിപ്പോയുടെ പ്രവർത്തനം 2-2-2008-ൽ അന്നത്തെ വനം വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലെ തീരുമാനപ്രകാരം അവസാനിപ്പിച്ചിട്ടുള്ളതാണ്.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) തണ്ണിത്തോട് പ്രവർത്തിച്ചിരുന്ന "മണൽ കലവറ" പുനരാരംഭിക്കുന്നത് സംബന്ധിച്ച വിഷയം ആലോചിക്കുന്നതാണ്.

## കാട്ടുതീ അണയ്ക്കുന്നതിന് ആധുനിക സംവിധാനങ്ങളുടെ അഭാവം

119 (2397) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ കാട്ടുതീ അണയ്ക്കുന്നതിന് ആധുനിക സംവിധാനങ്ങളുടെ അഭാവം ഇപ്പോഴും നിലവിലുണ്ടോ;

(ബി) പ്രസ്തുത സംവിധാനങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് എവിടെ കാട്ടുതീ ഉണ്ടായാലും അത് അറിയുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കാട്ടുതീ തടയുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും വനജാഗ്രത സമിതികളുടെ ഇടപെടൽ എത്രത്തോളം ഫലപ്രദമാണെന്ന് വ്യക്തമാക്കുമോ;

(ഇ) കൊറ്റമ്പത്തൂരിൽ തീ അണയ്ക്കുന്നതിനിടെ മരണമടഞ്ഞ വനം വകുപ്പ് ജീവനക്കാരുടെ ആശ്രിതർക്ക് വകുപ്പിൽ സ്ഥിരജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ കാട്ടുതീ അണയ്ക്കുന്നതിന് പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വാങ്ങുകയും കാട്ടുതീ അണയ്ക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ ഉപയോഗിച്ചുവരികയും ചെയ്യുന്നു. വനമേഖലയിലാകെ കാട്ടുതീ കൈകാര്യം ചെയ്യുന്നതിന് ടി വാഹനങ്ങൾ അപര്യാപ്തമാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനു കളിലും അഗ്നിപ്രതിരോധമുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും

നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

(ബി) നിലവിലുള്ള ആധുനിക സംവിധാനങ്ങൾക്ക് പുറമെ ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ , പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യുഷറുകൾ തുടങ്ങിയവ പുതുതായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

(സി) വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയാണ് ഫയർ അലെർട്ട് സിസ്റ്റം. എഫ്.എസ്.ഐ.യുടെ ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന തീയുടെ വിവരം, തീപിടുത്ത മേഖല (അക്ഷാംശവും രേഖാംശവും അടക്കം), തീപിടുത്ത മേഖലയുടെ ഭൂപടം ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ എല്ലാ സർക്കിളിനു കീഴിലും ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മേയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ) മുഖേന ലഭിക്കുന്ന കാട്ടുതീ സാധ്യത അലെർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലെർട്ടുകളും വനം വകുപ്പാസ്ഥാനത്തെ ഫയർ സെല്ലിൽനിന്നും യഥാസമയം ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും ചെയ്തുവരുന്നു.

തീ ഉണ്ടാകുന്നത് കണ്ടെത്തി എല്ലാ റെയിഞ്ചുകളിലും താമസംവിനാ വിവരം കൈമാറി സത്വര നടപടി സ്വീകരിക്കുന്നതിന് വയർലെസ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ആയതിലേയ്ക്കായി ഈ വർഷം മെയിൻസെറ്റ് - 80 എണ്ണം, വാക്കിടോക്കി - 300 എണ്ണം, മൊബൈൽ സെറ്റ് - 50 എണ്ണം എന്നിവ വാങ്ങിനൽകിയിട്ടുണ്ട്.

(ഡി) കാട്ടുതീ തടയുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും വനജാഗ്രത സമിതികളുടെ ഇടപെടൽ വളരെയധികം ഫലപ്രദമാണ്. കാട്ടുതീ ഉണ്ടായതായോ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയതായോയുള്ള വിവരം ലഭ്യമായാൽ ടി സമിതിയിലെ അംഗങ്ങൾ യഥാസമയം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുകയും ആയത് പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളിൽ പങ്കാളികളാവുകയും ചെയ്യാറുണ്ട്.

(ഇ) കൊറ്റമ്പത്തൂരിൽ തീ അണയ്ക്കുന്നതിനിടെ മരണമടഞ്ഞ മൂന്ന് വാച്ചർമാരിൽ ഒരാൾ ട്രൈബൽ വാച്ചർ ആയതിനാൽ ടിയാന്റെ ആശ്രിതരിൽ ഒരാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റു രണ്ടുപേരുടെയും ആശ്രിതരിൽ ഒരാൾക്ക് വീതം വന സംരക്ഷണ ജോലികൾക്കായി അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സാറ്റലൈറ്റ് സംവിധാനം ഉപയോഗിച്ച് കാട്ടുതീ അറിയുവാനുള്ള സംവിധാനം

120 (2398) <u>ശ്രീ. മോൻസ് ജോസഫ്</u> :

<u>ശ്രീ. പി. ജെ. ജോസഫ്</u> :

<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ സാറ്റലൈറ്റ് സംവിധാനം ഉപയോഗിച്ച് കാട്ടുതീ മനസ്സിലാക്കുവാനുള്ള സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുമോ;

(ബി) വനം വകുപ്പ് ഇപ്പോഴും പ്രാകൃതസംവിധാനങ്ങൾ മാത്രം ഉപയോഗിച്ച് തീയണയ്ക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ സാറ്റലൈറ്റ് സംവിധാനം ഉപയോഗിച്ച് കാട്ടുതീ മനസ്സിലാക്കുവാനുള്ള ഫോറസ്റ്റ് ഫയർ പോർട്ടൽ 2017 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ടി ഫയർ അലെർട്ട് സിസ്റ്റത്തിൽ വനം വകുപ്പിലെ ജീവനക്കാരും പൊതുജനങ്ങളും ഉൾപ്പെടെ ആകെ 3700 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനം വകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയവയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും അഗ്നി പ്രതിരോധമുൾ പ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗി ക്കുന്നുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടു ത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ , പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

## ഗ്രീൻ ഗ്രാസ്സ് പദ്ധതി

121 (2399) ശ്രീ. എം. സ്വരാജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലകളിലും വനത്തോടുചേർന്നുള്ള പ്രദേശങ്ങളിലും വനത്തിന്റെ ആവാസവ്യവസ്ഥയ്ക്കും വന്യമൃഗങ്ങൾക്കും ഭീഷണിയാകുന്ന തരത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി ഗ്രീൻ ഗ്രാസ്സ് എന്ന പേരിൽ ത്രിവത്സര പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അതത് പ്രദേശങ്ങളിലെ വനസംരക്ഷണ സമിതികളെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെയും ശക്തിപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പുനഃചംക്രമണ യൂണിറ്റുകളും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകളും സജ്ജീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വനമേഖലകളിലും വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലും വനത്തിന്റെ ആവാസവ്യവസ്ഥയ്ക്കും വന്യമൃഗങ്ങൾക്കും ഭീഷണിയാകുന്ന തരത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് ഇത് തടയുന്നതിനും മാലിന്യങ്ങൾ നീക്കംചെയ്ത് ശാസ്ത്രീയമായി സംസ്ക രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി 871.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'ഗ്രീൻ ഗ്രാസ്സ് പ്രോജക്ട് ' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ.-കൾ, സ്കൂളുകൾ, കോളേജുകൾ എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വനത്തിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എക്സ്സർവ്വീസ്മെൻ സൊസൈറ്റി, ബന്ധപ്പെട്ട പഞ്ചായത്തുകൾ എന്നിവ മുഖേന ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. മാലിന്യങ്ങൾ കൂടുതലായി നിക്ഷേപിക്കപ്പെടുന്ന ഇടങ്ങളിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും വനമേഖലയിലെ സഞ്ചാരികൾ ഉൾപ്പെടെയുള്ളവരെ നിരീക്ഷിച്ച് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുകയും വനമേഖ ലയിലെ ഇക്കോ ടൂറിസം മേഖലയിൽ പ്ലാസ്റ്റിക് പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ രാത്രികാല റോന്തുചുറ്റൽ ഉൾപ്പെടെ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും മാലിന്യ നിക്ഷേപം കണ്ടെത്തിയാൽ ആവശ്യമായ സന്ദർഭങ്ങളിൽ കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മാലിന്യ നിക്ഷേപം കൂടുതലായി കണ്ടെത്തിയിട്ടുള്ള ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക, ഡ്രോണുകൾ

ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കുക എന്നിങ്ങനെയുള്ള നടപടികളും സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വനത്തിനുള്ളിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പിഴ ചുമത്തുന്നത് സാധിക്കുന്ന തരത്തിൽ 1986-ലെ എൺവയൺമെന്റ് പ്രൊട്ടക്ഷൻ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് വനമേഖലകളിലും വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലും വനത്തിന്റെ ആവാസവ്യവസ്ഥയ്ക്കും വന്യമൃഗങ്ങൾക്കും ഭീഷണിയാകുന്ന തരത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനും മാലിന്യങ്ങൾ നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി 871.50 ലക്ഷം രൂപ ചെലവഴിച്ച് 2019-20, 2020-21, 2021-22 എന്നീ മൂന്ന് വർഷങ്ങളിലായി നടപ്പാക്കുന്നതിനാണ് 'ഗ്രീൻ ഗ്രാസ്സ് പ്രോജക്ട് ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾ, എൻ.ജി.ഒ.കൾ, സ്കൂളുകൾ, കോളേജുകൾ എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ പി.ഡബ്ല്യൂ.ഡി., ശുചിത്വ മിഷൻ തുടങ്ങി മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ സഹകരണവും പദ്ധതി നടത്തിപ്പിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും രാത്രികാല പട്രോളിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാലിന്യ നിക്ഷേപം കൂടുതലായി കണ്ടെത്തിയിട്ടുള്ള ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക, ഡ്രോണുകൾ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കുക എന്നിങ്ങനെയുള്ള നടപടികളും സ്വീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. മൂന്ന് വർഷത്തേയ്ക്കുള്ള പ്രസ്തുത പദ്ധതിക്ക് 24-12-2019-ലെ സ.ഉ.(സാധാ)നമ്പർ506/2019/വനം പ്രകാരം 871.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 2019-20 വർഷത്തേയ്ക്ക് 255 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 20 ലക്ഷം രൂപ ഫണ്ട് വിഹിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ അതത് പ്രദേശത്തെ വനസംരക്ഷണ സമിതികളെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നിലവിൽ ചെയ്തുവരുന്നത്. ഇത് ടി സമിതികളുടെ ശാക്തീകരണത്തിന് ഉതകുന്നതാണ്.

(ഡി) വനത്തിനുള്ളിലും സമീപ പ്രദേശങ്ങളിലും അപകടകരമായി നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് പുനഃചംക്രമണ യൂണിറ്റുകളും പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകളും കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകളും സജ്ജീകരിക്കുന്ന പദ്ധതി അംഗീകാരം നൽകിയ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വനത്തിനുള്ളിൽ ചെക്ക്ഡാമുകൾ**

122 (2400) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. സി.മമ്മൂട്ടി :

ശ്രീ. എം. സി. കമറുദ്ദീൻ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്നതിനായി കൂട്ടത്തോടെ നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ചെക്കുഡാമുകൾ പണിയണമെന്ന നിർദ്ദേശത്തിന് അനുസൃതമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്നതിനായി നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ചെക്കുഡാമുകൾ പണിയണമെന്ന നിർദ്ദേശത്തിനനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ടുപയോഗിച്ച് തടയണകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് അവ ഉപയോഗപ്രദവുമാക്കിയിട്ടുണ്ട്.

(ബി) നാളിതുവരെ 151 ചെക്ക് ഡാമുകളും 27 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പഴയ ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പഴക്കംചെന്നവ നവീകരിക്കുകയും ചെയ്യുന്നു. കൂടാതെ വനത്തിനുള്ളിൽ മൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിലെ തടയണകളിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പാക്കി വരുന്നു. ഇതിനുപുറമെ അനുയോജ്യമായ സ്ഥലങ്ങളിൽ ഗള്ളി പ്ലഗ്ഗിംഗ് പ്രവൃത്തികളും നടത്തിവരുന്നുണ്ട്.

## വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ധനസഹായം

123 (2401) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അർഹതയുണ്ടോ; എങ്കിൽ അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ അപകടം പറ്റുന്നവരുടെ ചികിൽസാ ചെലവുകൾ സർക്കാർ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് നിയമ പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. നിലവിൽ 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു :

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാര തുക (രൂപ) |
|---|---|
| വന്യജീവി ആക്രമണംമൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | ഒരു ലക്ഷം രൂപ. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധി ഇല്ലാതെ ചെലവായ മുഴുവൻ തുകയും നൽകുന്നതാണ്. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |

നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷ, ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകന്റെ പരിധിയിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അക്ഷയ കേന്ദ്രം മുഖേന ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

(ബി) വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാ ചെലവിനുള്ള ധനസഹായം നൽകുന്നുണ്ട്.

## സോളാർ വൈദ്യുതി വേലി

124 (2402) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ നാട്ടിലിറങ്ങി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഇവയ്ക്ക് പൂർണമായും നാട്ടിലേക്ക് ഇറങ്ങാൻ കഴിയാത്ത രീതിയിൽ സോളാർ വേലി ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) റാന്നി നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരമാണ് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഉള്ള വനാതിർത്തി ഉള്ളത്; ഇതിൽ എത്ര കിലോമീറ്റർ ഭാഗം സോളാർ വൈദ്യുതി വേലി കെട്ടിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത വനാതിർത്തിയിൽ എവിടെയെങ്കിലും കിടങ്ങ് നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്നും എത്ര ദൂരമെന്നും അറിയിക്കുമോ;

(ഡി) അവശേഷിക്കുന്ന ഭാഗത്തു കൂടി കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങാതിരിക്കാൻ സോളാർ വേലിയോ കിടങ്ങുകളോ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. സൗരോർജ്ജ വേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി. മീ. ആന പ്രതിരോധ മതിൽ, 6 കി. മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി. മീ. ജൈവ വേലി, 248 കി. മീ. കയ്യാല, 1.2 കി. മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമീണ മേഖലയും വനഭൂമിയുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ പൂർണ്ണമായും ഇത്തരം സംവിധാനങ്ങൾ സജ്ജമാക്കിയിട്ടില്ല.

(ബി) റാന്നി നിയോജകമണ്ഡലത്തിൽ ആകെ 194 കി. മീറ്റർ വനാതിർത്തിയാണുള്ളത്. റാന്നി നിയോജകമണ്ഡലത്തിന്റെ വനാതിർത്തികളിലെ ജനവാസ മേഖലകളിൽ വിവിധ ഭാഗങ്ങളിലായി 14.04 കി. മീറ്റർ സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) ഓരോ സാമ്പത്തിക വർഷവും വനാതിർത്തിയിലെ വിവിധ ഭാഗങ്ങളിൽ ഫണ്ട് ലഭ്യത അനുസരിച്ച് ഫെൻസിംഗ്, കിടങ്ങ് എന്നിവ നിർമ്മിക്കാറുണ്ട്. 2020-21 സാമ്പത്തിക വർഷം വിവിധ സ്കീമുകളിലായി 30 കി.മീറ്റർ സോളാർ ഫെൻസിംഗ് നടത്തുന്നതിനും 5 കിലോ മീറ്റർ ദൂരം കിടങ്ങ് നിർമ്മിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കൽ**

125 (2403) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വന്യജീവി സംഘർഷങ്ങൾ കൂടുതലായുള്ള മേഖലകളിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗള്ളി പ്ലഗ്ഗിംങ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും ചതുപ്പുകൾ വൃത്തിയാക്കിയും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവൽകരണം നടത്തിവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലെർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.-കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.

വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് വനാതിർത്തിയിൽ 2018-19 വരെ 2413.7 കി.മീ. സൗരോർജ്ജ വേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി. മീ. ആന പ്രതിരോധ മതിൽ, 6 കി. മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches) , 26 കി. മീ. ജൈവ വേലി, 248 കി. മീ. കയ്യാല, 1.2 കി. മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(ബി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച പരിഹാര മാർഗ്ഗങ്ങളും ഉപാധികളും ജനപ്രതിനിധികളുടെ സഹകരണത്തോടെ ചർച്ചചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ,

ജനജാഗ്രതാ സമിതിയിൽ തീരുമാനിച്ച് നടപ്പിലാക്കുന്നതാണ്. വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇവരുടെ സഹകരണത്തിലാണ് നടത്തിവരുന്നത്. ജനജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിന്റെ ഫലമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനും അതോടൊപ്പം ജനങ്ങൾക്ക് സമയോചിതമായി മുന്നറിയിപ്പ് നൽകുന്നതിനും സാധിക്കുന്നു.

## വന്യജീവി ആക്രമണം നേരിടുന്നതിനായി റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം

126 (2404) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം നേരിടുന്ന ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ മേഖലകളിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ ഈ മേഖലയിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം ലഭ്യമല്ല. എന്നാൽ ടി മേഖലകളിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സ് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് സമാനമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രത്യേക മൊബൈൽ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ടി സ്ക്വാഡിന്റെ പ്രവർത്തന ഫലമായി ടി മേഖലകളിലെ വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ മേഖലയിൽ പരിയാരം ഭാഗത്ത് പുതുതായി റാപ്പിഡ് ആക്ഷൻ ഫോഴ്സ് സ്ഥാപിക്കുന്നതിനുവേണ്ടി ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

## വാമനപുരം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം

127 (2405) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർ എത്രയെന്നും ജീവഹാനി സംഭവിച്ചവർ എത്രയെന്നും അറിയിക്കാമോ;

(ബി) പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും നഷ്ടപരിഹാരമായി എത്ര തുക നൽകിയെന്ന് അറിയിക്കാമോ;

(സി) ഇനി ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാനുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം 74 പേർക്ക് പരിക്ക് പറ്റുകയും 2 പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിക്കേറ്റവർക്ക് 4.73 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുകയും ജീവഹാനി സംഭവിച്ച രണ്ട് പേരുടെ ആശ്രിതർക്ക് ആകെ ആറ് ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്.

## വന്യജീവി ആക്രമണങ്ങൾ നേരിടുവാൻ പ്രതിരോധ പ്രവർത്തനങ്ങൾ

128 (2406) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളിൽനിന്നുള്ള ആക്രമണംമൂലം വ്യക്തികൾക്കും കാർഷിക വിളകൾക്കും നാശനഷ്ടമുണ്ടാകുന്നത് തടയുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ;

(ബി) വന്യജീവി നിയമങ്ങൾ കൂടുതൽ കർശനമാക്കിയതുമൂലം കർഷകർക്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയാത്ത സ്ഥിതിവിശേഷമുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലെ നിയമത്തിൽ അപ്രായോഗികവും ഫലപ്രദവുമല്ലാത്ത ഏതെങ്കിലും തരത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗള്ളി പ്ലഗ്ഗിംങ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും ചതുപ്പുകൾ വൃത്തിയാക്കിയും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും മൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തിവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലെർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.

വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് വനാതിർത്തിയിൽ 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി. മീ. ആന പ്രതിരോധ മതിൽ, 6 കി. മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി. മീ. ജൈവ വേലി, 248 കി. മീ. കയ്യാല, 1.2 കി. മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി കർഷകർക്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയാത്ത സ്ഥിതി വിശേഷം ഉണ്ടായിട്ടില്ല.

(സി) അത്തരം ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 16-2-2019-ലെ സ.ഉ. (കൈ)നമ്പർ 7/2019/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## വന്യജീവിആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ആനുകൂല്യങ്ങൾ

129 (2407) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരുക്കേൽക്കുന്നവർക്കും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതർക്കും നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് വനം വകുപ്പ് മുഖേന നൽകിവരുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവർക്കും ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും 1980-ലെ "ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് " എന്ന ചട്ടപ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. നിലവിൽ 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ താഴെപ്പറയുംപ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു.

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാര തുക (രൂപ) |
|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം | 10 ലക്ഷം രൂപ |
| വനത്തിനു പുറത്തുവച്ചുള്ള പാമ്പു കടിമൂലമുള്ള മരണം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | ഒരു ലക്ഷം രൂപ. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധി ഇല്ലാതെ ചെലവായ മുഴുവൻ തുകയും നൽകുന്നതാണ്. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം. | നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) |
| വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) |

## വനപാലകർക്ക് സുരക്ഷാ സംവിധാനങ്ങൾ

130 (2408) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ നാട്ടിലിറങ്ങിയ കാട്ടാനയെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുന്നതിനിടെ ആനയുടെ കുത്തേറ്റ് മരിച്ച രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനിലെ ട്രൈബൽ വാച്ചർ ബിജുവിന്റെ കുടുംബത്തിന് എന്തൊക്കെ നഷ്ടപരിഹാരമാണ് സർക്കാർ നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാട്ടിൽ നിന്നും നാട്ടിലിറങ്ങുന്ന ആന ഉൾപ്പെടെയുള്ള മൃഗങ്ങളെ കൈകാര്യം ചെയ്യേണ്ട വനപാലകർക്ക് ഇതിനായി പരിശീലനം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ വനപാലകർക്ക് വേണ്ട സുരക്ഷാ സംവിധാനങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇവർക്ക് സ്വയംരക്ഷയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകി സഹായിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി റെയിഞ്ചിന് കീഴിലുള്ള കരികുളം സ്റ്റേഷൻ പരിധിയിൽപ്പെട്ട കടുമീൻചിറ ഭാഗത്ത് കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ കുത്തേറ്റ് 26-2-2020-ന് മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചർ എ.എസ്.ബിജുവിന്റെ കുടുംബത്തിന് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

മരണ ദിവസം മരണാനന്തര ചെലവുകൾക്കും മറ്റുമായി റാന്നി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിൽനിന്നും 25,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ റാന്നി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിൽനിന്നും ഒരു ലക്ഷം രൂപയും സതേൺ സർക്കിളിന് കീഴിലുള്ള മറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളിൽ നിന്നായി ഒന്നര ലക്ഷം രൂപയും പെരിയാർ ഫൗണ്ടേഷനിൽനിന്ന് രണ്ടര ലക്ഷം രൂപയുംകൂടി എം.എസ്.ബിജുവിന്റെ കുടുംബത്തിന് അനുവദിച്ചിട്ടുണ്ട്. സതേൺ സർക്കിളിന് പുറത്തുള്ള മറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളിൽനിന്നും കഴിയാവുന്ന ധനസഹായം അനുവദിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിലുള്ള നിയമപ്രകാരം അനുവദിക്കാവുന്ന പത്ത് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ വില്ലേജ് ഓഫീസറിൽനിന്നുള്ള അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കൈമാറിയിട്ടുണ്ട്. ബാക്കി അഞ്ച് ലക്ഷം രൂപ തഹസിൽദാറിൽനിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായാൽ ഉടൻ അനുവദിക്കുന്നതാണ്.

മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ജി.പി.എ.ഐ.എസ്. പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നിലവിലുള്ള ചട്ടപ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിലെ അംഗത്തിന് ആശ്രിത നിയമന പ്രകാരം ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വനപാലകർക്ക് നൽകിവരുന്ന സ്റ്റാറ്റ്യൂട്ടറി ട്രെയിനിംഗിന്റെ ഭാഗമായി ഇത്തരം അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനും വനം-വന്യജീവി പരിപാലനത്തിനും പ്രത്യേക പരിശീലനം നൽകാറുണ്ട്.

പെരിയാർ ഈസ്റ്റ്/വെസ്റ്റ്, നിലമ്പൂർ നോർത്ത്, പാലക്കാട്, മണ്ണാർക്കാട്, ആറളം എന്നീ ഡിവിഷനുകളിലെ റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.) വനപാലകർക്ക് വന്യമൃഗശല്യം തടയുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

സൈലന്റ് വാലി ഡിവിഷനിൽ സൈലന്റ് വാലി - മണ്ണാർക്കാട് ഡിവിഷനുകളിലെ ഏഷ്യൻ ആനകളും അവയുടെ ആവാസവ്യവസ്ഥാ സ്വഭാവം, മാനേജ്മെന്റ് എന്നിവയെ സംബന്ധിച്ച ഒരു പരിശീലനവും നൽകിയിട്ടുണ്ട്.

(സി) പാമ്പുകൾ ഉൾപ്പെടെയുള്ള ഇഴജന്തുക്കളെ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകിയിട്ടുണ്ട്.

വനപാലകർക്ക് തോക്ക്, ഫീൽഡ് കിറ്റ്, ഷൂ, പ്രൊട്ടക്ഷൻ ജാക്കറ്റ്, ടോർച്ച് , വയർലെസ് സംവിധാനം, മെഗാ ഫോൺ, helmet with front grill and neck protection, search light, snake catching bag, full body protector, animal handling glove എന്നിവ നൽകിയിട്ടുണ്ട്.

ഷീൽഡ്, നെറ്റ്, കാർബൈഡ് ഗൺ തുടങ്ങിയ സുരക്ഷാ സംവിധാനം വനപാലകർക്ക് നൽകാറുണ്ട്. എലിഫന്റ് സ്കെയർ യൂണിറ്റ്, പമ്പാക്ഷൻ ഗൺ മുതലായ സുരക്ഷാ സംവിധാനങ്ങൾ പരിമിത അളവിൽ നൽകിയിട്ടുണ്ട്. ഇതുകൂടാതെ വനപാലകർക്ക് സ്വയരക്ഷയ്ക്കായി റൈഫിൾസ് നൽകിയിട്ടുണ്ട്. അക്രമാസക്തരായി നാട്ടിലിറങ്ങുന്ന കാട്ടാനകളെയും മറ്റും മയക്കുവെടി വച്ച് തളയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്വയംരക്ഷയ്ക്ക് അത്യാവശ്യം വേണ്ട ഉപകരണങ്ങൾ പരിമിതമായ അളവിലാണെങ്കിലും നൽകിയിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള നടപടികൾ

131 (2409) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണംമൂലമുള്ള മരണം വർദ്ധിച്ചുവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) വന്യമൃഗ ആക്രമണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(സി) കാട്ടാനയെ വനത്തിലേക്ക് മടക്കി അയക്കുവാൻ ശ്രമിക്കുന്നതിനിടെ രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനിലെ ട്രൈബൽ വാച്ചർ എ.എസ്.ബിജു കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വനപാലകന്റെ ആശ്രിതർക്ക് എന്തൊക്കെ സഹായമാണ് വകുപ്പ് ഇതിനകം നൽകിയതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണംമൂലമുള്ള മരണം വർദ്ധിച്ചുവരുന്നതായി കാണുന്നില്ല.

(ബി) വന്യമൃഗ ആക്രമണം തടയുന്നതിന് സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ ഉടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗള്ളി പ്ലഗ്ഗിംഗ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും ചതുപ്പുകൾ വൃത്തിയാക്കിയും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതി നിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവൽകരണം നടത്തിവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലെർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.-കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.

വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്ക ന്നതിലേയ്ക്കായി സംസ്ഥാനത്ത് വനാതിർത്തിയിൽ 2018-19 വരെ 2413.7 കി.മീ. സൗരോർജ്ജ വേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി. മീ.

ആന പ്രതിരോധ മതിൽ, 6 കി. മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി. മീ. ജൈവ വേലി, 248 കി. മീ. കയ്യാല, 1.2 കി. മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്. റാന്നി റെയിഞ്ചിന് കീഴിലുള്ള കരികുളം സ്റ്റേഷൻ പരിധിയിൽപ്പെട്ട രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനിൽ കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ കുത്തേറ്റ് 26-2-2020-ന് മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചർ എ.എസ്.ബിജുവിന്റെ കുടുംബത്തിന് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

മരണ ദിവസം മരണാനന്തര ചെലവുകൾക്കും മറ്റുമായി റാന്നി എഫ്.ഡി.എ. -യിൽ നിന്നും 25,000 രൂപ നൽകിയിട്ടുണ്ട്. അതുകൂടാതെ റാന്നി എഫ്.ഡി.എ.-യിൽ നിന്നും ഒരു ലക്ഷം രൂപയും സതേൺ സർക്കിളിന് കീഴിലുള്ള മറ്റ് എഫ്.ഡി.എ.-കളിൽനിന്നായി ഒന്നര ലക്ഷം രൂപയും പെരിയാർ ടൈഗർ ഫൗണ്ടേഷനിൽ നിന്നും രണ്ടര ലക്ഷം രൂപയും ടിയാന്റെ കുടുംബത്തിന് കൈമാറിയിട്ടുണ്ട്.

വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിലുള്ള നിയമപ്രകാരം അനുവദിക്കാവുന്ന പത്ത് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ വില്ലേജ് ഓഫീസറിൽനിന്നുള്ള അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കൈമാറിയിട്ടുണ്ട്. ബാക്കി അഞ്ച് ലക്ഷം രൂപ തഹസിൽദാറിൽനിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായാൽ ഉടൻ അനുവദിക്കുന്നതാണ്.

സതേൺ സർക്കിളിന് പുറത്തുള്ള മറ്റ് എഫ്.ഡി.എ.-കളിൽനിന്നും കഴിയാവുന്ന ധനസഹായം അനുവദിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ജി.പി.എ.ഐ.എസ്. പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിലെ അംഗത്തിന് ആശ്രിത നിയമന പ്രകാരം ജോലി നൽകുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

**ആനകളെ ലഭ്യമാക്കാൻ ഓൺലൈൻ സംവിധാനം**

132 (2410) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുന്നള്ളിപ്പിന് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ആനകളെ ലഭ്യമാക്കാനായി ഓൺലൈൻ സംവിധാനം വനം വകുപ്പ് ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നാട്ടാനകളുടെ കണക്കെടുപ്പ് വനം-വന്യജീവി വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആനകളെ ആവശ്യമുള്ളവർ ഏത് രീതിയിലാണ് അപേക്ഷ നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ നടപടിക്രമം വിശദീകരിക്കാമോ?

ഉത്തരം

(എ) 2012-ലെ നാട്ടാന പരിപാലന നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കളക്ടർ അദ്ധ്യക്ഷനും സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറുമായ ജില്ലാ കമ്മിറ്റികളാണ് നാട്ടാനകളെ ഉത്സവങ്ങളിലും മറ്റും പങ്കെടുപ്പിക്കുന്നതിന് അനുവാദം നൽകുന്നത്. നിലവിൽ ടി വിഷയവുമായി ബന്ധപ്പെട്ട അനുമതിക്കായി ക്ഷേത്ര ഭാരവാഹികളും മറ്റും അതത് ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാരുടെ ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ട് അപേക്ഷ നൽകുകയാണ് ചെയ്തുവരുന്നത്. ഇതിനുപകരം ടി അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള ഒരു പോർട്ടൽ സംവിധാനം വികസിപ്പിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് നാട്ടാനകളുടെ കണക്കെടുപ്പ് 29-11-2018-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2012-ലെ നാട്ടാന പരിപാലന നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കമ്മിറ്റിയുടെ രജിസ്ട്രേഷൻ ഉള്ള ഉത്സവങ്ങളിൽ മാത്രമേ നാട്ടാനകളെ പങ്കെടുപ്പിക്കാൻ പാടുള്ളൂ. ആനകളെ ഉത്സവങ്ങളിലും മറ്റും പങ്കെടുപ്പിക്കുവാൻ ആഗ്രഹിക്കുന്ന ക്ഷേത്രങ്ങളും മറ്റും ആന ഉടമസ്ഥരുമായി നേരിട്ട് ഇടപെട്ടാണ് ആനകളുടെ ലഭ്യത ഉറപ്പുവരുത്തുന്നത്. ആനകളെ ലഭ്യമാക്കുന്നതിന് ടി ജില്ലാ കമ്മിറ്റിയോ വനം വകുപ്പോ അപേക്ഷകൾ സ്വീകരിക്കാറില്ല.

**വന്യജീവികളുടെ കണക്കെടുപ്പ്**

133 (2411) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) കണക്കെടുപ്പിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.

മൂന്നാർ വനം ഡിവിഷനിൽ വരയാട് സെൻസസ് എല്ലാ വർഷവും നടത്തുന്നുണ്ട്. കൂടാതെ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി (എൻ.റ്റി.സി.എ.)-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നാല് വർഷത്തിലൊരിക്കൽ കടുവകളുടെ സെൻസസും MoEF (Project Elephant Division) ലഭ്യമാക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷത്തിലൊരിക്കൽ ആനകളുടെ സെൻസസും നടത്തിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | വരയാടുകളുടെ എണ്ണം |
|---|---|
| 2016 | 664 |
| 2017 | 575 |
| 2018 | 643 |
| 2019 | 526 |
| വർഷം | ആനകളുടെ എണ്ണം |
| 2017 | 5706 |
| വർഷം | കടുവകളുടെ എണ്ണം |
| 2018 | 190 |

(ബി) കടുവകളുടെ കണക്കെടുപ്പ് അഖിലേന്ത്യാ തലത്തിൽ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്റ്റ് (MoEF) & വൈൽഡ് ലൈഫ് ട്രസ്റ്റുമായി സഹകരിച്ചാണ് നടത്തുന്നത്. ഇതിൽ കടുവകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി പ്രധാനമായും ക്യാമറ ട്രാപ്പ് സംവിധാനമാണ് അവലംബമായി സ്വീകരിച്ചിരിക്കുന്നത്. ശേഖരിച്ച രേഖകളുടെ കൃത്യമായ വിശകലനത്തിനായി പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയറും മോഡ്യൂളുകളും ഉപയോഗിക്കുന്നു.

ആനകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി ശാസ്ത്രീയമായി വികസിപ്പിച്ചെടുത്ത ഡങ് ഡീകെ മെത്തേഡ് (Dung decay method) ആണ് സ്വീകരിക്കുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി സഹകരിച്ച് ഒരേ ദിവസമാണ് കാട്ടാനകളുടെ കണക്കെടുപ്പ് നടത്തിയത്. ഈ കണക്കെടുപ്പ് രീതിയും തിട്ടപ്പെടുത്തിയ ആനകളുടെ എണ്ണവും MoEF (Project Elephant Division) – ന് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്.

വരയാടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി മൂന്നാർ ഡിവിഷനിലെ മൂന്ന് റെയിഞ്ചുകൾ കൂടാതെ മൂന്നാർ ലാന്റ്സ്കേപ്പിൽപ്പെടുന്ന മാങ്കുളം, മൂന്നാർ, മറയൂർ വനഡിവിഷനുകളിലും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ശാസ്ത്രീയമായി അംഗീകരിച്ചിട്ടുള്ള Bounded Count Method ഉപയോഗിച്ചാണ് സെൻസസ് നടത്തുന്നത്. ഇപ്രകാരമുള്ള കണക്കെടുപ്പിലൂടെ വന്യജീവികളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്.

## മൃഗസംരക്ഷണ വകുപ്പ് നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

134 (2412) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

3. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

4. ഊർജ്ജിത കന്നുകാലി വികസനം ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.

5. വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും

6. കന്നുകാലി വികസന പദ്ധതി (കന്നുകുട്ടി പരിപാലന പരിപാടി)

7. ഗോവർദ്ധിനി

8. ബാക്ക് യാർഡ് പൗൾട്ടി ഡെവലപ്മെന്റ് പ്രോജക്ട്
9. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)
10. വികസനവും പരിശീലനവും
11. സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും
12. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ്
13. കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും (60% കേന്ദ്ര വിഹിതം)
14. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (60% കേന്ദ്ര വിഹിതം)
15. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)
16. കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം)
17. കേരള സംസ്ഥാന പൗൾട്ടി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം.
18. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്കുള്ള ധനസഹായം
19. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം
20. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

<u>മൂലധന ശീർഷകത്തിലെ പദ്ധതികൾ</u>

21. മൃഗചികിത്സ സേവനവും മൃഗാരോഗ്യവും
22. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
23. കന്നുകാലി എരുമ സംവർദ്ധനം
24. ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശക്തിപ്പെടുത്തൽ
25. വികസനവും പരിശീലനവും
26. ആർ.ഐ.ഡി.എഫ്.-ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ
27. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്. - എം.പി.ഐ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴി വളർത്തൽ പദ്ധതി

135 (2413) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് വിദ്യാലയങ്ങളിലൂടെ നടപ്പാക്കുന്ന കോഴി വളർത്തൽ പദ്ധതി വിപുലീകരിക്കുമോ; എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; അവ ഏതൊക്കെ യാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9 ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളും തീറ്റയും നൽകുന്ന പദ്ധതിയാണ് സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതി. ഒരു വിദ്യാലയത്തിലെ 50 വിദ്യാർത്ഥികൾക്ക് വീതം പദ്ധതി ആനുകൂല്യം ലഭ്യമാക്കിവരുന്നു. 2016-17-ൽ 175250 കോഴിക്കുഞ്ഞുങ്ങളെയും 2017-18-ൽ 226250 കോഴിക്കുഞ്ഞുങ്ങളെയും 2018-19-ൽ 32600 കോഴിക്കുഞ്ഞുങ്ങളെയും ഈ പദ്ധതി പ്രകാരം വിതരണം ചെയ്തു. 2019-20- ൽ 1305 സ്കൂളുകളിലെ 65250 വിദ്യാർത്ഥികൾക്ക് 326250 കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കും.

(ബി) മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴി വളർത്തൽ കേന്ദ്രങ്ങളിൽനിന്ന് ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 280 എഗ്ഗർ നഴ്സറികൾക്ക് നൽകുകയും രണ്ട് മാസം പ്രായമാകുമ്പോൾ കോഴികളെ വകുപ്പുതല പദ്ധതികൾക്കായും പഞ്ചായത്തു മുഖേന നടപ്പിലാക്കുന്ന അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതികൾക്കായി ആവശ്യമുള്ള കർഷകർക്ക് മൃഗാശുപത്രികൾ വഴിയും വിതരണം ചെയ്തുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 9 ഫാമുകളിൽ നിന്നും 5388232 മുട്ടയും 3524013 കോഴിക്കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കുര്യോട്ടുമല, ആയൂർ തോട്ടത്തറ ഹാച്ചറികളിൽനിന്നും 250558 കോഴിക്കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. താറാവ് ഫാമിൽനിന്നും 389265 മുട്ടയും 123311 താറാവ് കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. തൃശ്ശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഒരു ഹാച്ചറി പ്രവർത്തിച്ചുവരുന്നു. ഇത്തരം നടപടി കളിലൂടെ ആവശ്യമായ ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും നമുക്കുതന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ഈ ലക്ഷ്യം നേടിയാൽ മുട്ടയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും. സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കെപ്കോ ആശ്രയ പദ്ധതി</u>

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവാ പെൻഷൻ വാങ്ങുന്ന മുഴുവൻ വിധവകൾക്കും 10 കോഴി, 10 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു. 2016 മുതൽ നാളിതുവരെ 48527 വനിതാ ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

2. <u>കെപ്കോ വനിതാമിത്രം</u>

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ 1000 വനിതകൾക്ക് 10 കോഴി, 10 കിലോ തീറ്റ, മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 250 രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി. 2016 മുതൽ നാളിതുവരെ 17598 വനിതാ ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

3. <u>കോഴിഗ്രാമം പദ്ധതി</u>

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ 500 വനിതാ ഗുണഭോക്താ ക്കൾക്ക് 8 കോഴി, 5 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. 2016 മുതൽ നാളിതുവരെ 17456 വനിതാ ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

4. <u>കെപ്കോ നഗരപ്രിയ പദ്ധതി</u>

തെരഞ്ഞെടുക്കുന്ന മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെ 1000 ഗുണഭോക്താക്കൾക്ക് ആധുനിക രീതിയിലുള്ള ഒരു കൂടും 5 കോഴികൾ, 5 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവയും നൽകുന്നു. ഓരോ

ഗുണഭോക്താവും 850 രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി. 2016 മുതൽ നാളിതുവരെ 10994 ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

5. <u>കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി</u>

സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും 5 കോഴി, 5 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു. 2016 മുതൽ നാളിതുവരെ 143931 വിദ്യാർത്ഥികൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

6. <u>ഇന്റഗ്രേഷൻ പദ്ധതി</u>

സ്വന്തമായി സ്ഥലവും കോഴിവളർത്തലിന് ആവശ്യമായ സൗകര്യങ്ങളുമുള്ള തൽപ്പരരായ കർഷകരെ ഉദ്ദേശിച്ചാണ് മുട്ടക്കോഴി വളർത്തൽ ഇന്റഗ്രേഷൻ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ കർഷകർക്ക് സൗജന്യമായി നൽകുന്നു. ഇന്റഗ്രേഷൻ സൂപ്പർവൈസർമാർ ദിവസവും ഫാം സന്ദർശിച്ച് കോഴികളുടെ ആരോഗ്യ സ്ഥിതി വിലയിരുത്തുകയും കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും നൽകുന്നു. കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുത്ത് വിവിധ പദ്ധതികൾക്ക് വിതരണം ചെയ്യുന്നു. കർഷകർക്ക് വളർത്തുകൂലിയായി ഒരു കോഴിക്ക് ഏഴ് രൂപ വരെ നൽകുന്നു.

7. അത്യുൽപ്പാദന ശേഷിയുള്ള ബി.വി.380 ഇനത്തിൽപ്പെട്ട മുട്ടക്കോഴി ക്കുഞ്ഞുങ്ങളെ കെപ്കോയുടെ തൃശ്ശൂർ മാളയിലുള്ള പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു. വിവിധ കെപ്കോ സ്കീമുകൾ മുഖാന്തരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കോഴികളിൽനിന്നും ലഭിക്കുന്ന മുട്ടകളുടെ വർദ്ധനവ് കണക്കി ലെടുത്താൽ മുട്ടയുൽപ്പാദനത്തിൽ സമീപഭാവിയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത നേടാനാവുമെന്ന് പ്രത്യാശിക്കുന്നു.

## കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

136 (2414) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകാമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു :

| ഇനം | യൂണിറ്റ് | തുക |
|---|---|---|
| താറാവ് വളർത്തൽ പദ്ധതി | 20 | 24,000 |
| ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് | 11 | 2,75,000 |
| വളക്കുഴി നിർമ്മാണം | 11 | 1,37,500 |
| സ്കൂൾ പൗൾട്രി | 8 | 2,60,000 |
| ബ്ലോക്ക് ലെവൽ എക്സ്റ്റൻഷൻ പ്രോഗ്രാം | 1 | 14,000 |
| കൊമേഴ്സ്യൽ ഗോട്ടറി | 7 | 7,00,000 |
| വന്ധ്യതാ നിവാരണ ക്യാമ്പ് | 2 | 20,000 |
| ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി | 24 | 36,000 |
| രാത്രികാല സർവ്വീസ് | 2 | 12,66,000 |
| സ്ട്രെംഗ്തനിംഗ് ഓഫ് വെറ്ററിനറി സർവ്വീസ് | 1 | 10,000 |
| | ആകെ | 27,42,500 |

മേൽ പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് ദൈനംദിനം വേണ്ടുന്ന കോഴിയിറച്ചി, മുട്ട എന്നിവയുടെ അളവ്

137 (2415) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദൈനംദിനം വേണ്ടുന്ന കോഴി ഇറച്ചി, മുട്ട എന്നിവയുടെ അളവ് എത്രയെന്നും എത്ര ഉല്പാദനം നടക്കുന്നുവെന്നും ഇതിലേയ്ക്കായി ഇതര സംസ്ഥാനങ്ങളെ എത്രത്തോളം ആശ്രയിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരമില്ലാത്ത പ്രസ്തുത ഉല്പന്നങ്ങൾ സംസ്ഥാനത്ത് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന പ്രസ്തുത ഉല്പന്നങ്ങൾ ഗുണനിലവാരമില്ലാത്തവയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(ഡി) എങ്കിൽ ആയത് തടയുവാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും 2018-19, 2019-20 വർഷങ്ങളിൽ ഇത്തരത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർ എത്രയെന്നും അവർക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കോഴിയിറച്ചിയുടെ ഉപഭോഗം/ആവശ്യകത സംബന്ധിച്ച ആധികാരികമായ കണക്ക് വകുപ്പിൽ ലഭ്യമല്ല. 2018-19 -ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ കോഴിയിറച്ചിയുടെ വാർഷിക ഉല്പാദനം 178027 മെടിക് ടൺ ആണ്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കോഴി വർഗ്ഗങ്ങളിൽനിന്ന് ഉൽപ്പാദിപ്പിച്ച മാംസം ഉൾപ്പെടെയുള്ള കണക്കാണിത്. 138628 മെടിക് ടൺ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന കോഴി വർഗ്ഗങ്ങളിൽനിന്നു ഉൽപ്പാദിപ്പിച്ച മാംസമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ മുട്ടയുടെ ഉപഭോഗം/ആവശ്യകത സംബന്ധിച്ച ആധികാരികമായ കണക്ക് വകുപ്പിൽ ലഭ്യമല്ല. 2018-19-ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ മുട്ടയുടെ വാർഷിക ഉൽപ്പാദനം 22917 ലക്ഷമാണ്. 2018-19 വർഷം 23492 ലക്ഷം മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്തിട്ടുണ്ട്.

(ബി&സി) ഇതര സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിയിറച്ചി, മുട്ട എന്നീ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധന നടത്തുന്നത് തദ്ദേശസ്വയംഭരണ വകുപ്പും ഫുഡ് സേഫ്റ്റി അതോറിറ്റിയുമാണ്.

(ഡി) ബാധകമല്ല.

## തേവലപ്പുറം വെറ്ററിനറി ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം

138 (2416) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ നെടുവത്തൂരുള്ള തേവലപ്പുറം വെറ്ററിനറി ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും, എസ്റ്റിമേറ്റും മൃഗസംരക്ഷണ വകുപ്പിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള തുക അനുവദി ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) തേവലപ്പുറം വെറ്ററിനറി ഡിസ്പെൻസറിയുടെ പഴയ കെട്ടിടം പൊളിച്ച് മാറ്റിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അൺഫിറ്റ് സർട്ടിഫിക്കറ്റ്, സർവ്വേ റിപ്പോർട്ട് എന്നിവ പൊതുമരാമത്ത് വകുപ്പിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## മൃഗചികിത്സാ സേവനങ്ങൾ

139 (2417) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിൽ ഈ സർക്കാർ നടത്തിയ കാര്യക്ഷമമായ ഇടപെടലിന്റെ ഭാഗമായി ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുവാനും ഇപ്പോഴുള്ളവരെ നിലനിർത്തുവാനും അനിവാര്യമായ മൃഗചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) രാത്രിയിലുൾപ്പെടെ കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം നൽകുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കന്നുകാലി രോഗ നിയന്ത്രണം ഫലപ്രദമാക്കുന്നതിന് ഏർപ്പെടുത്തി യിട്ടുള്ള രോഗനിർണ്ണയ സംവിധാനങ്ങളും രോഗപ്രതിരോധ പരിപാടികളെക്കുറിച്ചും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി 105 ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചു.
2. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി ആരംഭിച്ചു.
3. കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ പഞ്ചായത്തിലെ തടിക്കാട് കേന്ദ്രീകരിച്ച് പുതിയ മൃഗാശുപത്രി ആരംഭിച്ചു.
4. 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.
5. സഞ്ചരിക്കുന്ന 2 ടെലിവെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6-12-2019-ലെ G.O.(Rt)No.521/2019/P&EA പ്രകാരം റീ ബിൽഡ് കേരള പദ്ധതിയുടെ കീഴിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടുകൂടി സഞ്ചരിക്കുന്ന മൃഗചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.
6. RKVY പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് ജില്ലകളിൽ മൊബൈൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് 31-8-2019-ലെ G.O.(Ms) No.112/2019/AD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. രാത്രിയിലുൾപ്പെടെ കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം നൽകുന്നതിന് നിലവിൽ കേരളത്തിലെ 105 ബ്ലോക്കുകളിൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനപദ്ധതി നടപ്പിലാക്കിവരുന്നു. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ സേവനം ലഭിക്കുക. ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) സംസ്ഥാനത്തെ സാംക്രമിക ജന്തുരോഗങ്ങൾമൂലമുള്ള കെടുതികളും സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് രോഗബാധാ നിരീക്ഷണം, രോഗനിയന്ത്രണം, രോഗപ്രതിരോധം എന്നീ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുവേണ്ടി

സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ പ്രത്യേകമായി രൂപം കൊടുത്ത വിഭാഗമാണ് സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി. മൃഗസംരക്ഷണ വകുപ്പിലെ പ്രവർത്തന ബാഹുല്യംമൂലം അടിയന്തര പ്രാധാന്യമുള്ളതും സമയബന്ധിതമായി ചെയ്യേണ്ട തുമായ രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്ക് തടസ്സവും താമസവും നേരിടാതിരി ക്കുന്നതിനായി ഒരു പ്രോജക്ട് മാതൃകയിൽ പ്രവർത്തിക്കുന്നതിനുവേണ്ടി 2004-ൽ രൂപീകൃതമായ ഈ പ്രോജക്ട് പ്രധാനമായും കുളമ്പ് രോഗബാധ നിയന്ത്രിക്കുകയും അതുവഴിയുള്ള വൻ സാമ്പത്തിക നഷ്ടം ഒഴിവാക്കിക്കൊണ്ട് പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രഥമ ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി സർക്കാർ ഉത്തരവ് G.O.(Rt)No.789/2004/AD പ്രകാരം അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി ഒരു പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അഞ്ച് വർഷത്തേയ്ക്ക് നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡുമായി 24-8-2004-ലെ G.O.(P)No.176/04/AD പ്രകാരം ഒരു ധാരണാപത്രം ഒപ്പിടുകയും 34.18 കോടി രൂപ ചെലവിൽ ഗോരക്ഷ എന്ന പേരിൽ ദേശീയ കുളമ്പുരോഗ നിയന്ത്രണപദ്ധതി സംസ്ഥാനത്ത് ആരംഭിക്കുകയും ചെയ്തു. അഞ്ച് വർഷത്തെ ധാരണാപത്ര കാലയളവിന് ശേഷം പ്രോജക്ട് സംസ്ഥാന സർക്കാർ തന്നെ തുടരുന്നതിന് തീരുമാനിക്കുകയും 4-8-2009-ലെ G.O.(Rt)No.1359/2009/AD പ്രകാരം പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും ചെയ്തു.

സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി മുഖേന താഴെപ്പറയുന്ന കേന്ദ്രപദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി.
    - ദേശീയ കുളമ്പുരോഗ നിയന്ത്രണ പദ്ധതി
    - ദേശീയ ബ്രൂസല്ലോസിസ് നിയന്ത്രണ പദ്ധതി
2. ആടുവസന്ത നിയന്ത്രണ പദ്ധതി
3. ജന്തുരോഗ നിയന്ത്രണ സംസ്ഥാന സഹായ പദ്ധതി (ASCAD)
4. ദേശീയ ജന്തുരോഗ വിവര ശേഖരണ പദ്ധതി ( NADRS)

സംസ്ഥാന പദ്ധതിയായ പേവിഷ വിമുക്ത കേരളം (RFKVC) എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

<u>പ്രധാന പ്രവർത്തനങ്ങൾ</u>

1. കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പും നിയന്ത്രണവും
2. മറ്റ് പകർച്ചവ്യാധികളുടെ പ്രതിരോധ കുത്തിവെയ്പും നിയന്ത്രണവും

3. പേവിഷബാധ നിയന്ത്രണം
4. പക്ഷിരോഗങ്ങളുടെ പ്രതിരോധ കുത്തിവെയ്പ്പും നിയന്ത്രണവും
5. മേൽപ്പറഞ്ഞ വിവിധതരം രോഗപ്രതിരോധ പദ്ധതികളുമായും സാംക്രമിക രോഗബാധകളുമായും ബന്ധപ്പെട്ടുള്ള വിജ്ഞാന വ്യാപനവും ബോധവൽക്കരണ പരിപാടികളും
6. മനുഷ്യരിലേയ്ക്ക് പകരുന്ന ജന്തുജന്യരോഗങ്ങളുടെ (പക്ഷിപ്പനി, കുരങ്ങുപനി, ബ്രൂസല്ലോസിസ്, നിപ വൈറൽ പനി തുടങ്ങിയവ) നിരീക്ഷണവും കൂടുതൽ നടപടികളും
7. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് സംബന്ധിച്ച നിരീക്ഷണവും നിയന്ത്രണവും.
8. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ രോഗനിയന്ത്രണവും കരുതൽ നടപടികളും.
9. മൃഗസംരക്ഷണ വകുപ്പ് ചുമതലപ്പെടുത്തുന്ന മറ്റ് പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും
10. രോഗനിയന്ത്രണത്തിന് ആവശ്യമായ വാക്സിനുകളുടെയും മറ്റ് അനുബന്ധ സാമഗ്രികളുടെയും വാങ്ങലും വിതരണവും
11. കേന്ദ്രസർക്കാരിന്റെ വിവിധ രോഗനിയന്ത്രണ/രോഗനിരീക്ഷണ പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും
12. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ സർക്കാർ പ്രഖ്യാപിക്കുന്ന കർഷക ധനസഹായത്തിന്റെ വിതരണവും മേൽനോട്ടവും
13. എല്ലാത്തരം രോഗപ്രതിരോധ നിയന്ത്രണ പദ്ധതികളുടെയും തത്സമയ ഓൺലൈൻ നിരീക്ഷണവും സ്ഥിതിഗതികൾ വിലയിരുത്തി അപ്പപ്പോഴുള്ള നിർദ്ദേശങ്ങൾ നൽകലും
14. സംസ്ഥാനാന്തര അതിർത്തികളിലൂടെയുള്ള മൃഗങ്ങളുടെ വരവുപോക്ക് നിരീക്ഷണവും രോഗപ്രതിരോധ നടപടികൾ സ്വീകരിക്കലും
15. 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്റ്റേറ്റ് അനിമൽ ഡിസീസ് എമർജൻസി കൺട്രോൾ യൂണിറ്റ് മുഖേന നിരന്തര സാംക്രമിക രോഗനിരീക്ഷണവും പൊതുജന സംശയ നിവാരണവും

NADCP മുഖേനയുള്ള ഒന്നാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് കേരളത്തിൽ 27-2-2020 മുതൽ ആരംഭിച്ചിട്ടുണ്ട്.

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഫീൽഡ് ഡ്യൂട്ടി

140 (2418) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഫീൽഡ് ഡ്യൂട്ടി സമയം എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ഫീൽഡ് ഡ്യൂട്ടി സമയം ദുരുപയോഗം ചെയ്യപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീൽഡ് ഡ്യൂട്ടി സ്റ്റാഫ് അവരുടെ ഫീൽഡ് ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം കർഷകർക്ക് കൂടുതൽ ഉപയോഗപ്പെടുത്താൻ സഹായിക്കുന്ന വിധത്തിൽ ഈ വിഭാഗം ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനം നൽകുന്നതിനും ഇവരുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനും കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് മാന്വലിൽ ചാപ്റ്റർ - II ലെ സെക്ഷൻ നമ്പർ 3-ൽ ഖണ്ഡിക നമ്പർ 7-ലെ ഡ്യൂട്ടീസ് ആന്റ് ഫംഗ്ഷൻസിൽ വെറ്ററിനറി സബ് സെന്ററിൽ ജോലി ചെയ്യുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഫീൽഡ് ഡ്യൂട്ടി സമയത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. രാവിലെ 9 മുതൽ 9.30 വരെ ഫീൽഡ് വർക്ക് നടത്തി ഫീൽഡ് നോട്ട് ബുക്കിൽ ദിവസേന രേഖപ്പെടുത്തേണ്ടതാണ്.

(ബി) ഉണ്ട്. ഫീൽഡ് സ്റ്റാഫ് അവരുടെ ഫീൽഡ് ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി താഴെപ്പറയുന്ന പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. വെറ്ററിനറി സബ്സെന്ററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയന്ത്രണാധികാരം അതാത് പഞ്ചായത്തിലെ വെറ്ററിനറി സർജൻമാർ/സീനിയർ വെറ്ററിനറി സർജൻമാർക്ക് നൽകിയിട്ടുണ്ട്.

2. കൂടാതെ താലൂക്കിലെ ആർ.എ.എച്ച്.സി.കളിലെ എ.പി.ഒ.- മാർക്ക് ആകസ്മിക പരിശോധന നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

3. ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടറെ വിജിലൻസ് ആഫീസറാക്കിയിട്ടുണ്ട്.

4. ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ആഫീസർ, ചീഫ് വെറ്ററിനറി ഓഫീസർ എന്നിവർക്കും വെറ്ററിനറി സബ്സെന്ററുൾപ്പെടെയുള്ള വകുപ്പ് സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച നൽകിയിട്ടുണ്ട്.

5. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കെതിരായി ലഭിക്കുന്ന പരാതികളിൽ വകുപ്പുതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നു. ടി നടപടികളിലൂടെ ഫീൽഡ് ഡ്യൂട്ടി സമയം ദുരുപയോഗം ചെയ്യുന്നതുപോലുള്ള പ്രവണതകൾ പരമാവധി ഒഴിവാക്കുന്നതിന് വകുപ്പ് ശ്രമിച്ചുവരുന്നു.

(സി) ഈ മേഖലയുമായി ബന്ധപ്പെട്ട വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് (ലൈവ്സ്റ്റോക്ക് മാനേജ്മെന്റ്) പാസ്സായവരെയാണ് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി PSC മുഖേന തെരഞ്ഞെടുക്കുന്നത്. ഇവർക്ക് ആറ് മാസം ഇൻസർവ്വീസ് പരിശീലനം നൽകുന്നു. ഇവർക്ക് പ്രാഥമിക ശുശ്രൂഷ, പശുക്കളിലെയും ആടുകളിലെയും കൃത്രിമ ബീജാധാനം വാക്സിനേഷൻ തുടങ്ങിയ മേഖലകളിൽ കരിക്കുലം അനുസരിച്ചുള്ള പരിശീലനങ്ങളും നൽകുന്നു. നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലി നോക്കുന്നവർക്ക് വിവിധ വിഷയങ്ങളിൽ KLDB, IMG, LMTC തുടങ്ങിയ സ്ഥാപനങ്ങളിൽ റിഫ്രഷർ ട്രെയിനിംഗുകളും നൽകിവരുന്നു.

## പെറ്റ് ഷോ

141 (2419) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും പെറ്റ്ഷോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെറ്റ്ഷോ നടത്തുന്നതിന് പ്രത്യേക അനുമതിയോ, മറ്റെന്തെങ്കിലും മുൻകൂർ അനുമതിയോ ആവശ്യമുണ്ടോ; വിശദമാക്കാമോ;

(സി) പെറ്റ്ഷോ നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഫീസുകൾ സർക്കാരിലേക്ക് അടയ്ക്കേണ്ടതുണ്ടോ;വിശദമാക്കാമോ;

(ഡി) പെറ്റ്ഷോ നടക്കുന്ന സ്ഥലത്ത് മൃഗഡോക്ടറുടെ സാന്നിദ്ധ്യം വേണമെന്ന് നിബന്ധനയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മുൻകൂർ അനുമതി ആവശ്യമുണ്ട്. പെർഫോമിങ്ങ് അനിമൽസ് റൂൾസ് പ്രകാരം അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽനിന്നാണ് അനുമതി നൽകുന്നത്.

(സി) മൃഗസംരക്ഷണ വകുപ്പ് ഫീസ് ഈടാക്കുന്നില്ല. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ഫീസ് ഈടാക്കുന്നുണ്ട്.

(ഡി) പെർഫോമിങ്ങ് അനിമൽസ് റൂൾസ് പ്രകാരം വെറ്ററിനറി ഡോക്ടറുടെ ആരോഗ്യ പരിശോധനയും ഫിറ്റ്നസ് സർട്ടിഫിക്കറ്റും ആവശ്യമാണ്.

## ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ആവിഷ്കരിച്ച പ്രവർത്തനങ്ങൾ

142(2420) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ക്ഷീരകർഷകർക്കുണ്ടാകുന്ന ഉല്പാദന ചെലവും

143 (2421) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ക്ഷീരകർഷകർക്കുണ്ടാകുന്ന ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കു ന്നതിനും അവർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെല്ലാം പരിശീലന പരിപാടികളാണ് ക്ഷീര കർഷകർക്കായി ഈ സർക്കാർ നടത്തു ന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി
3. ഹീഫർ പാർക്ക്
4. ക്ഷീരകർഷകർക്കായി അവശ്യാധിഷ്ഠിത ധനസഹായം
5. കാലിത്തീറ്റ സബ്സിഡി
6. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
7. പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
8. ക്ഷീരകർഷകർക്കുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ
11. ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, അപകട മരണ ധനസഹായം, ചികിത്സാ സഹായം, ക്ഷീരകർഷക അവാർഡ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നു.

(ബി) ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് സാന്ദ്രീകൃത കാലിത്തീറ്റയുടെ അളവ് കുറച്ച് പുല്ലും പ്രാദേശിക തീറ്റ വിളകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുൽകൃഷി ചെയ്യുന്നതിന് ഒരു ഹെക്ടർ സ്ഥലത്തിന് 21,500 രൂപ സബ്സിഡി നൽകുന്നു. കൂടാതെ സർക്കാർ, അർദ്ധ സർക്കാർ,

സ്വകാര്യ വ്യക്തികള്‍ വശം തരിശായി കിടക്കുന്ന സ്ഥലങ്ങള്‍ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തില്‍ തീറ്റപ്പുല്‍ കൃഷി നടത്തി തീറ്റപ്പുല്ല് ക്ഷീരസംഘങ്ങള്‍ മുഖേന കര്‍ഷകര്‍ക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ അസോള, കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷ വിളകള്‍ എന്നിവ കൃഷി ചെയ്യുന്നതിനും സഹായം നല്‍കുന്നുണ്ട്. വയ്ക്കോല്‍, കാലിത്തീറ്റ എന്നിവ സംഘം മുഖേന വിപണനം നടത്തുന്നതിനുള്ള സൗകര്യം ഏര്‍പ്പെടുത്തിയിട്ടുണ്ട്. പാലിലുള്ള മൊത്തം ഖരപദാര്‍ത്ഥങ്ങളുടെ അടിസ്ഥാനത്തില്‍ (Fat+SNF) കര്‍ഷകര്‍ക്ക് കൃത്യമായ വില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്ലാന്‍ ഫണ്ട് വിനിയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജന പ്പെടുത്തിയും ബഹുഭൂരിഭാഗം പഞ്ചായത്തിലും നാല് രൂപ വരെ ഒരു ലിറ്റര്‍ പാലിന് അധിക വിലയും ലഭ്യമാക്കുന്നുണ്ട്. ഗുണനിലവാരത്തിനനുസരിച്ച് പാല്‍ വില ലഭിക്കുന്നില്ലെന്നുള്ള പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടാല്‍ ഉടന്‍തന്നെ പരിഹാരം കാണുന്നുണ്ട്. ക്ഷീരസംഘങ്ങളില്‍ ആട്ടോമേഷന്‍ നടത്തി സംഭരണവും വില നിര്‍ണ്ണയവും സുതാര്യമാക്കിയിട്ടുണ്ട്.

(സി) ക്ഷീര പരിശീലന കേന്ദ്രങ്ങള്‍ മുഖേനയും ക്ഷീര വികസന യൂണിറ്റുകള്‍ നേരിട്ടും ക്ഷീര സംഘങ്ങളില്‍വെച്ചും കര്‍ഷകര്‍ക്ക് സൗകര്യപ്രദമായ മറ്റു സ്ഥലങ്ങളില്‍വെച്ചും പാല്‍ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ബോധവല്‍ ക്കരണ പരിശീലന പരിപാടികള്‍ നിരന്തരം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പാലിന്റെ സൂക്ഷിപ്പ് മേന്മ വര്‍ദ്ധിപ്പിക്കുന്നതിനും ഖരപദാര്‍ഥങ്ങളുടെ അളവ് വര്‍ദ്ധിപ്പിക്കുന്നതിനും സഹായകരമായ ത്രൈമാസിക ഗുണനിലവാര യജ്ഞം സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ക്ഷീരകര്‍ഷകര്‍ക്കും ക്ഷീരസംഘം ജീവനക്കാര്‍ക്കും പ്രത്യേക പരിശീലനം നല്‍കിവരുന്നു.

## മണ്ണാര്‍ക്കാട് നിയോജകമണ്ഡലത്തില്‍ ക്ഷീരവികസന വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികള്‍

144 (2422) <u>ശ്രീ. എന്‍. ഷംസുദ്ദീന്‍</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നടപ്പ് സാമ്പത്തിക വര്‍ഷത്തില്‍ മണ്ണാര്‍ക്കാട് നിയോജകമണ്ഡലത്തില്‍ ക്ഷീരവികസന വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികള്‍ ഏതെല്ലാമാണ്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയില്‍ ഏതെല്ലാം പദ്ധതികള്‍ നടപ്പിലാക്കിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം നല്‍കുമോ?

<u>ഉത്തരം</u>

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഇവയാണ്.

1. ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശു പരിപാലനത്തിനുള്ള പരിശീലനങ്ങൾ, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ക്ഷീര സംഗമങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഗ്രാമീണ വിജ്ഞാന വ്യാപന പരിപാടികൾ.
2. ക്ഷീര മേഖലയ്ക്ക് ആവശ്യമുള്ള തീറ്റപ്പുൽ ഉല്പാദിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ അടങ്ങിയ തീറ്റപ്പുൽ കൃഷി വികസന പദ്ധതി.
3. ക്ഷീരമേഖലയിൽ ഉരുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി.
4. ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി.
5. കർഷകർ സംഘത്തിന് നൽകുന്ന പാലിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതി.

(ബി) പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| പദ്ധതി | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|
| ഗ്രാമീണ വിജ്ഞാന വ്യാപന പരിപാടികളും ഉപദേശക സമിതിയും | 164500 | പൂർത്തീകരിച്ചു. |
| തീറ്റപ്പുൽകൃഷി വികസന പദ്ധതി | 480230 | പൂർത്തീകരിച്ചു. |
| മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം | 5727500 | പൂർത്തീകരിച്ചു. |
| കാലിത്തീറ്റ സബ്സിഡി | 1445018 | പൂർത്തീകരിച്ചു. |
| ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം | 1400547 | പൂർത്തീകരിച്ചു. |

**പാൽ ക്ഷാമം മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ**

145 (2423) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽക്ഷാമം മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് ഇപ്പോൾ പാൽ ഇറക്കുമതി ചെയ്യുന്നതെന്ന് അറിയിക്കാമോ;

(സി) പാൽ ഇറക്കുമതി നിർത്തി പാൽ കയറ്റുമതി ചെയ്യുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനുഭവപ്പെട്ട രൂക്ഷമായ വരൾച്ച കാരണം പച്ചപ്പുല്ലിന്റെയും ശുദ്ധജലത്തിന്റെയും ദൗർലഭ്യം ഉണ്ടായതിനാൽ പാൽ ഉൽപ്പാദനത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി മിൽമ പ്രതിദിനം ശരാശരി 2.45 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽനിന്നും കൊണ്ടു വരുന്നുണ്ട്. കൂടാതെ മഹാരാഷ്ട്ര, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽനിന്നും 82 മെട്രിക് ടൺ പാൽപ്പൊടിയും സംഭരിക്കുന്നു. മലബാർ മേഖലാ യൂണിയൻ ജനവരി, ഫെബ്രുവരി മാസങ്ങളിൽ യഥാക്രമം 1437000, 367000 ലിറ്ററും മാർച്ച് അഞ്ചാം തീയതി വരെ 35000 ലിറ്റർ പാലും സഹോദര യൂണിയനുകൾക്ക് നൽകി. മലബാർ മേഖലയിൽ ഉൽപ്പാദനം അഞ്ച് ശതമാനം കുറഞ്ഞതായി കണ്ടെത്തി യതിനാൽ മഹാരാഷ്ട്രയിൽനിന്നും പ്രതിദിനം 10000 ലിറ്റർ പാൽ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിൽ മിൽമ മുഖേന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാ നങ്ങളിൽ നിന്നാണ് പാൽ ഇറക്കുമതി ചെയ്യുന്നത്.

(സി) പാൽ ഉൽപ്പാദനത്തിൽ മിച്ച സംസ്ഥാനമായി മാറ്റിയെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ക്ഷീരോല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭമാണ് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായത്. എന്നിരുന്നാലും ആവശ്യകതയുടെ 85%-ൽ അധികം തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

കർഷക സൗഹൃദമായ കൂടുതൽ പദ്ധതികൾ നടപ്പാക്കി പാലിന് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പാക്കി പാലിന്റെ ഉൽപാദനത്തിൽ മിച്ച സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

146 (2424) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച് സമ്പൂർണ്ണ പാലുല്പാദക സംസ്ഥാനമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്ത് ഒരു വർഷം എത്ര ലക്ഷം ലിറ്റർ പാലാണ് ഉല്പാദിപ്പിക്കുന്നത്; അടുത്ത വർഷം എത്ര ലിറ്റർ പാൽ അധികമായി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; അതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തെ പാലുല്പാദനം പ്രതിവർഷം 29565 ലക്ഷം ലിറ്റർ ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 6822 ലക്ഷം ലിറ്റർ പാൽ ക്ഷീര സംഘങ്ങളിലൂടെ സംഭരിക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന പാൽ സംഭരണത്തിൽ 10% വർദ്ധനവ് വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അടുത്ത വർഷം പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. തീറ്റപ്പുൽകൃഷി പദ്ധതി
2. മിൽക്ക് ഷെഡ് വികസന പദ്ധതി
3. ഹീഫർ പാർക്ക് പദ്ധതി
4. ക്ഷീര ഗ്രാമം പദ്ധതി
5. കാലിത്തീറ്റ ധനസഹായം
6. ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനുള്ള പദ്ധതി
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

## സംസ്ഥാനത്തെ പാലുല്പാദനം

147 (2425) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പാലുല്പാദനം പ്രതിവർഷം എത്ര ലിറ്റർ ആണെന്നും ആകെ ആവശ്യം എത്ര ലിറ്റർ ആണെന്നും അറിയിക്കുമോ;

(ബി) പാലിന്റെ ആവശ്യകതയും ഉൽപ്പാദനവും തമ്മിലുള്ള അന്തരം നികത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവില്‍ സംസ്ഥാനത്തെ പാലുല്പാദനം പ്രതിവര്‍ഷം 29565 ലക്ഷം ലിറ്റര്‍ ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതില്‍ 6822 ലക്ഷം ലിറ്റര്‍ പാല്‍ ക്ഷീര സംഘങ്ങളിലൂടെ സംഭരിക്കുന്നു. പാലിന്റെ പ്രതിവര്‍ഷ ആവശ്യകത 31755 ലക്ഷം ലിറ്ററാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) പാലിന്റെ ആവശ്യകതയുടെ 85%-ല്‍ അധികം നിലവില്‍ ആഭ്യന്തരമായി ഉല്‍പ്പാദിപ്പിക്കുന്നുണ്ട്. ക്ഷീരകര്‍ഷകര്‍ക്കാവശ്യമായ കൂടുതല്‍ പദ്ധതികള്‍ നടപ്പിലാക്കിയും പദ്ധതിയുടെ പ്രയോജനം കൂടുതല്‍ കര്‍ഷകരിലെത്തിച്ചും പാലുല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിച്ച് പാലിന്റെ ആവശ്യകത പൂര്‍ണ്ണമായും നികത്തുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചുവരുന്നു.

## കര്‍ഷകര്‍ തമ്മിലുള്ള കറവ മൃഗങ്ങളുടെ കൈമാറ്റം സുഗമമാക്കുന്നതിന് നടപടി

148 (2426) <u>ശ്രീ. എല്‍ദോസ് പി. കുന്നപ്പിള്ളില്‍</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഇതര സംസ്ഥാനങ്ങളില്‍നിന്നും പശുക്കളെ വാങ്ങുന്ന കര്‍ഷകര്‍ തട്ടിപ്പിന് ഇരയാകുന്നുവെന്ന കാര്യം പരിശോധിക്കുമോ;

(ബി) കര്‍ഷകര്‍ തമ്മിലുള്ള കറവ മൃഗങ്ങളുടെ കൈമാറ്റം സുഗമമാക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കുന്നതിനും, മില്‍മ കൗ ബസാര്‍ എന്ന പേരില്‍ മൊബൈല്‍ ആപ് പുറത്തിറക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീരവിപണന മേഖല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഭാഗമായി മില്‍ക്ക് എ.റ്റി.എം.-കള്‍ സ്ഥാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കുന്നതാണ്.

(ബി) യൂണിയന്റെ പരിധിയില്‍നിന്നും കറവ മൃഗങ്ങള്‍ പുറത്ത് പോകാതിരിക്കുന്നതിനും കര്‍ഷകര്‍ക്ക് അത്യാവശ്യ ഘട്ടങ്ങളില്‍ അവരുടെ ആവശ്യങ്ങള്‍ക്കായി കറവ മൃഗങ്ങളുടെ പരസ്പരമുള്ള കൈമാറ്റം സുഗമമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനുമായി മില്‍മ കൗ ബസാര്‍ എന്ന മൊബൈല്‍ ആപ്ലിക്കേഷന്‍ പ്രാവര്‍ത്തികമാക്കുന്നത് തിരുവനന്തപുരം മേഖലാ യൂണിയന്റെ പരിഗണനയിലാണ്.

(സി) ക്ഷീരവിപണന മേഖല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാർ സംരംഭമായ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി ചേർന്ന് പ്ലാസ്റ്റിക് പുനഃസംസ്കരണത്തിനുള്ള നടപടികൾ മിൽമ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ തുടങ്ങുന്നതാണ്. പ്ലാസ്റ്റിക് കവറുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഏത് സമയത്തും പാൽ പാത്രത്തിൽ ശേഖരിക്കാവുന്ന മിൽക്ക് എ.ടി.എം. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം പട്ടത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## കാലിത്തീറ്റയുടെ വില വർദ്ധന

149 (2427) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ വില വർധന മൂലം സംസ്ഥാനത്തെ ക്ഷീരോൽപ്പാദകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇവരെ സഹായിക്കുന്നതിനായി സർക്കാർ സബ്സിഡി നൽകി കാലിത്തീറ്റ വില വർധനയുടെ ഭാരം കർഷകരിൽ നിന്ന് എടുത്തുമാറ്റാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിത്തീറ്റ വിലവർദ്ധനവിന്റെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാലിത്തീറ്റയുടെ ഉപയോഗം കുറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി വ്യാപകമായി നടത്തുന്നതിന് ഒരു ഹെക്ടർ സ്ഥലത്തിന് 21,000 രൂപയുടെ ധനസഹായം നൽകുന്നു. കൂടാതെ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾ കൈവശം തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തി തീറ്റപ്പുല്ല് ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉൾപ്പെടെ ഒരു ലിറ്റർ പാലിന് നാല് രൂപ അധികമായി ലഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്.

(ബി) കാലിത്തീറ്റയ്ക്ക് സബ്സിഡി നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനുള്ള ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങൾ**

150 (2428) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പ്രതിദിനം ശരാശരി എത്ര ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ;

(ബി) വയനാട് ജില്ലയിൽ നിലവിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിൽ ക്ഷീരമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ഏകദേശ കണക്ക് ലഭ്യമാക്കാമോ;

(ഡി) പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ച ജില്ലകൾ എതെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ പ്രതിദിനം ശരാശരി 2.3 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിലൂടെ സംഭരിക്കുന്നുണ്ട്.

(ബി) 56 എണ്ണം

(സി) വയനാട് ജില്ലയിൽ ക്ഷീരമേഖലയിൽ ഏകദേശം 57046 പേർ തൊഴിൽ ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു.

(ഡി) വയനാട്, പാലക്കാട്, ഇടുക്കി ജില്ലകൾ പാൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്.

## ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

151 (2429) ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കൃത്യമായ പരിശോധന നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പുതുതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനരഹിതമായ ക്ഷീരസഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം സഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് 2019-20 വർഷത്തിൽ 1550 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | പാൽ സംഭരണ മുറി സ്ഥാപിക്കുന്നതിന് | 3,75,000 |
| 2 | ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സഹായം | 3,75,000 |
| 3 | AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം | 1,10,000 |
| 4 | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം | 5,25,000 |
| 5 | മിൽക് ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനുള്ള സഹായം | 35,000 |

| | | |
|---|---|---|
| 6 | ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി | 35,000 |
| 7 | ക്ഷീര സംഘങ്ങൾ വഴി പച്ചപ്പുല്ല്/വയ്ക്കോൽ വിതരണം ചെയ്യുന്നതിനുള്ള സഹായം | 1,00,000 |
| 8 | ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം | 1,20,000 |
| 9 | ക്ഷീരസംഘങ്ങൾക്ക് FSSA നടപ്പിലാക്കുന്നതിനുള്ള സഹായം | 45,000 |
| 10 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500 |
| 11 | പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾ പുനരുദ്ധീകരിക്കുന്നതിനുള്ള സഹായം | 61,500 |

ക്ഷീരസഹകരണ സംഘങ്ങൾക്ക് മഴവെള്ള സംഭരണി, സൗരോർജ്ജ സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസംഘങ്ങൾക്കും പ്രവർത്തന രഹിതമായവ പുനരുദ്ധീകരിക്കുന്നതിനും 61,500 രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ മിൽക്ക് റൂട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പാൽ മിൽമയുടെ മിൽക് റൂട്ടിൽ എത്തിക്കുന്നതിനായി ഒരു വർഷം പരമാവധി 35,000 രൂപ മിൽക്ക് ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ് നൽകുന്നുണ്ട്. പ്രതിദിനം 100 ലിറ്ററിൽ താഴെ മാത്രം പാൽ സംഭരിക്കുന്ന സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡിയായി ഒരു വർഷം പരമാവധി 35,000 രൂപ നൽകുന്നു.

**തിരുവനന്തപുരം മൃഗശാല**

152 (2430) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ പല മൃഗങ്ങളും ഇല്ലാതെ കൂടുകൾ ഒഴിഞ്ഞുകിടക്കുന്നത് സന്ദർശകരെ നിരാശപ്പെടുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മരണമടയുന്ന മൃഗങ്ങൾക്ക് പകരം പുതിയ മൃഗങ്ങളെ കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) 2019-20 സാമ്പത്തിക വർഷത്തിൽ ടിക്കറ്റിനത്തിൽ എത്ര രൂപ തിരുവനന്തപുരം മൃഗശാലയിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും മൃഗശാല നവീകരണത്തിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇന്ത്യയിലെയും വിദേശത്തെയും വിവിധ മൃഗശാലകളിൽനിന്നും തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് മൃഗങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മൃഗശാലയിൽ ചില പരിബന്ധനങ്ങളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. ഒഴിഞ്ഞുകിടക്കുന്ന കൂടുകളിലേയ്ക്കായി 2:1 അനുപാതത്തിൽ രാജവെമ്പാല പാമ്പുകൾ, 2:2 അനുപാതത്തിൽ ബാർക്കിംഗ് ഡിയർ, 2:2 അനുപാതത്തിൽ ഗ്രീൻ ഇഗ്വാനകൾ, 1:1 അനുപാതത്തിൽ സ്ലോത്ത് ബിയറുകൾ എന്നിവയെ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരത്തോടെ ഇന്ത്യയിലെ വിവിധ മൃഗശാലകളിൽനിന്നും രണ്ട് ജോഡി വെള്ള മയിലുകൾ, ഒരു ജോഡി ഒട്ടകപക്ഷി, അഞ്ച് ജോഡി വർണ്ണകൊക്കുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റസ് പൈത്തൻ, ഒരു ജോഡി ഹിമാലയൻ കരടികൾ, ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായിട്ടുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷത്തിൽ മൃഗശാലാ നവീകരണത്തിനായി 2,19,91,201 രൂപ ചെലവഴിച്ചിട്ടുള്ളതും ടിക്കറ്റ് ഇനത്തിൽ 5,19,02,533 രൂപ ലഭിച്ചിട്ടുള്ളതുമാണ്.

**പുതിയ വെറ്ററിനറി കോളേജുകൾ അനുവദിക്കൽ**

153 (2431) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ അന്യസംസ്ഥാനത്തെ വെറ്ററിനറി കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്ന ഡോക്ടർമാരാണ് കൂടുതലായി സേവനം അനുഷ്ഠിക്കുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സംസ്ഥാനത്ത് പുതിയ വെറ്ററിനറി കോളേജുകൾ അനുവദിക്കുമോ; വിശദമാക്കുമോ;

(സി) എങ്കിൽ കോട്ടയം ജില്ലയിൽ പൂഞ്ഞാർ മണ്ഡലത്തിൽ വെറ്ററിനറി കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഈ വിഷയത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയോടുകൂടി തെക്കൻ കേരളത്തിലെ ഏതെങ്കിലും ഒരു ജില്ലയിൽ ഒരു വെറ്ററിനറി കോളേജ് കൂടി ആരംഭിക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്.

(ഡി) ഇല്ല.

**നബാർഡ് സഹായത്തോടെയുള്ള ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

154 (2432) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ നബാർഡ് സഹായത്തോടെ ജലവിഭവ വകുപ്പ് ഏതെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ആകെ എത്രകോടി രൂപയുടെ പദ്ധതികളാണ് 2019-20 സാമ്പത്തിക വർഷത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ജലവിഭവ വകുപ്പ് പുതിയതായി നടപ്പിലാക്കുന്നത്; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്ത മാക്കാമോ?

ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷത്തിൽ 38.80 കോടി രൂപയാണ് ബഡ്ജറ്റിൽ NABARD-RIDF സ്കീമിൽ ഉൾപ്പെടുത്തി ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജിന് അനുവദിച്ചിരുന്നത്. കുട്ടനാട് താലൂക്കിലെ 7 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായുള്ള പ്രവൃത്തികളുടെ ഈ തുകയ്ക്കുള്ള DPR പരിഗ ണനയിലാണ്.

2019-20 സാമ്പത്തിക വർഷത്തിൽ ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണത്തിനും കീഴിൽ ആകെ 61.674 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 19-10-2019-ലെ G.O.(Rt)No.741/2019/ജ.വി.വ. പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളും തുകയും താഴെക്കൊടുത്തിരിക്കുന്നു.

1. പാലക്കാട് ജില്ലയിലെ നെല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വളവുപാലത്ത് ചിറ്റൂർ പുഴയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം - (2320.40 ലക്ഷം രൂപ)

2. പാലക്കാട് ജില്ലയിലെ വിളയൂർ പഞ്ചായത്തിൽ തൂതപ്പുഴയ്ക്കു കുറുകെ പാറക്കടവിൽ ചെക്ക്ഡാം നിർമ്മാണം – (860.00 ലക്ഷം രൂപ)

3. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ വെളിയംകോട് ഭാഗത്ത് ചെയിനേജ് 316.728 കി.മീ-ൽ വെസ്റ്റ് കോസ്റ്റ് കനാലിൽ ലോക്ക്-കം ബ്രിഡ്ജിന്റെ നിർമ്മാണം - (2987 ലക്ഷം രൂപ)

കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് പദ്ധതികളുടെ വിതരണശൃംഖല സ്ഥാപിക്കാനുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

1. പൂവാർ പഞ്ചായത്തിലേയ്ക്കും പഞ്ചായത്തിലെ ഫ്ലൂറൈഡ് ബാധിത പ്രദേശങ്ങളിലേയ്ക്കുമുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി -14.75 കോടി രൂപ.

2. വിതുര, തൊളിക്കോട് വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി - 31.5 കോടി രൂപ

3. കുളക്കട പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി - 29.318 കോടി രൂപ

3-1-2018-ലെ G.O.(Rt) No.7/2018/WRD നമ്പർ ഉത്തരവ് പ്രകാരം 24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയായ കരുവന്നൂർ നദിക്ക് കുറുകെയുള്ള മുനയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം നബാർഡിന്റെ സഹായത്തോടെ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2-ന്റെ കാര്യാലയത്തിന് കീഴിൽ നടത്തി വരുന്നു. ഈ പദ്ധതിയുടെ അടങ്കൽ തുക താഴെപ്പറയുന്നു.

സിവിൽ - രൂപ 13,74,05,124.30 (പതിമൂന്ന് കോടി എഴുപത്തിനാല് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി ഇരുപത്തിനാല് രൂപ മുപ്പത് പൈസ മാത്രം)

മെക്കാനിക്കൽ തുക – രൂപ 2,71,54,054 (രണ്ട് കോടി എഴുപത്തിഒന്ന് ലക്ഷത്തി അമ്പത്തിനാലായിരത്തി അമ്പത്തിനാല് രൂപ മാത്രം)

ഇലക്ട്രിക്കൽ വർക്കിന്റെയും സ്ഥലം ഏറ്റെടുക്കേണ്ടതിന്റെയും അടങ്കൽ തുക വിലയിരുത്തി വരുന്നു.

## നദി പുനരുജ്ജീവന പദ്ധതിയും കിണർ റീ ചാർജ്ജിംഗും

155 (T 2433) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നദി പുനരുജ്ജീവന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) കേരളം അടുത്തകാലത്തായി നേരിടുന്ന വരൾച്ചയെ അതിജീവിക്കാനും കാർഷികാഭിവൃത്തിക്കും നദി പുനരുജ്ജീവന പദ്ധതി എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പൊതുജനങ്ങളെയും തൊഴിലുറപ്പ് പദ്ധതിയെയും യോജിപ്പിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കിണർ റീ ചാർജ്ജിംഗിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) കേരളത്തിലെ വിവിധ നദികളിൽ 22 ആർ.സി.ബി.-കൾ കിഫ്ബി ഫണ്ടിംഗിലൂടെ കെ.ഐ.ഐ.ഡി.സി മുഖാന്തരം നടപ്പിലാക്കുവാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ നാലെണ്ണത്തിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ച് രണ്ടെണ്ണം പ്രവൃത്തി ആരംഭിക്കുകയും രണ്ടെണ്ണത്തിന്റെ ടെണ്ടർ നടപടികളിലുമാണ്. അതുപോലെ ബാക്കിയുള്ള 18 പദ്ധതികളുടെ ഡി.പി.ആർ. പൂർത്തിയാക്കുന്നത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നദികളിൽ ജല സംഭരണത്തിനായി സംസ്ഥാനത്തെ ഭവാനി, ഇത്തപ്പുഴ, ചന്ദ്രഗിരി, പനമരം, അച്ചൻകോവിൽ എന്നീ നദീതടങ്ങളിൽ 37 ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള തത്വത്തിലുള്ള അംഗീകാരം സർക്കാർ നൽകിയിട്ടുണ്ട്. കെ.ഐ.ഐ.ഡി.സി.-യെ ഇതിനായി എസ്.പി.വി. ആയി നിയമിക്കുകയും അതിൻപ്രകാരം ഡി.പി.ആർ തയ്യാറാക്കി വരികയുമാണ്. ഈ പദ്ധതികൾ പൂർത്തീകരിച്ച് കഴിയുമ്പോൾ കുടിവെള്ളവും കൃഷിയാവശ്യങ്ങൾക്കുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. അതിലൂടെ വരൾച്ചയേയും അതിജീവിക്കാൻ കഴിയും. പൊതുജന സഹകരണത്തോടെയും തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ട് ആവശ്യമായ സമയത്ത് അറ്റകുറ്റപ്പണികൾ നടത്തുകയാണെങ്കിൽ പദ്ധതികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ ആർ.സി.ബി.-കളും ബന്ധാരകളും പൂർത്തിയായിക്കഴിഞ്ഞ് ജലം നിറയുമ്പോൾ ഭൂഗർഭജലവിതാനം

---

Tമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉയരുന്നതുമൂലം സ്വാഭാവികമായും സമീപ പ്രദേശങ്ങളിലുള്ള കിണറുകളും ജലസമൃദ്ധമാകുകയും ചെയ്യും. ഹരിത കേരളം മിഷന്റെ പ്രഖ്യാപനത്തോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നദീപുനരുജ്ജീവന പദ്ധതികൾ ജനപങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സാങ്കേതിക സഹായത്തോടെയും ഏറ്റെടുക്കുകയും ശുചീകരണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. വരട്ടാർ, കനാമ്പുഴയാർ, കോലറയാർ, പള്ളിക്കലാർ, കുട്ടമ്പേരൂറാർ, കിള്ളിയാർ, മീനച്ചൽ-മീനന്തറ-കൊടൂരാർ തുടങ്ങിയവ നദീപുനരുജ്ജീവനത്തിന്റെ മികച്ച മാതൃകകളാണ്. ഇവയൊക്കെത്തന്നെ പ്രദേശത്തെ കാർഷികാഭിവൃദ്ധിക്കും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതുവഴി കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുവാനും ഉപകരിച്ചിട്ടുണ്ട്. കൂടാതെ 2019-ലെ പ്രളയത്തിൽ വരട്ടാറിൽ കൂടിയുള്ള നീരൊഴുക്ക് സുഗമമായി നടന്നതിനാൽ പ്രദേശത്ത് വെള്ളപ്പൊക്കം ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന എന്നതിലുപരി തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടുകൂടിയാണ് നദീപുനരുദ്ധാരണവും പുനഃസംയോജന പദ്ധതികളും നിർവ്വഹിച്ചിട്ടുള്ളത്. ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുതല നീർത്തട പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക പ്ലാനിൽ ഉൾപ്പെടുത്തുന്നതിനും സാധിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെ കീഴിൽ നടത്തിയ എൻവയോൺമെന്റൽ മോണിറ്ററിംഗ് പരിപാടിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ റിപ്പോർട്ടിൽ ഓരോ പുഴയിലേയും മലിനീകരണത്തിന്റെ തോതും അതിന്റെ ഉറവിടവും കൃത്യമായി മനസ്സിലാക്കുകയും അതിന്റെ സുസ്ഥിരതയ്ക്കും കൂടാതെ ജലത്തിന്റെ ഗുണനിലവാരം നിലനിർത്താനുള്ള പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ വിശദമായ റിപ്പോർട്ട് തയ്യാറാക്കാനായി ഒരു കൺസൾട്ടൻസിയെ ചുമതലപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

ഭൂജല വകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ രീതിയിലുള്ള റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികളിലൂടെയുള്ള ഭൂജലസംപോഷണം വകുപ്പ് വിപുലമായ രീതിയിൽ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ/എയ്ഡഡ്

സ്കൂളുകളിലും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഭൂജല വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ കുഴൽക്കിണറുകളുടെ ഭൂജലസംപോഷണം നടപ്പിലാക്കുന്നതിന് 2019-2020 സാമ്പത്തിക വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 205 റീചാർജ്ജ് പിറ്റ്/തുറന്ന കിണർ റീ ചാർജ്ജ് പദ്ധതികൾക്കും 12 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 80 റീചാർജ്ജ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

2020-21 സാമ്പത്തിക വർഷം വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ഭൂജല വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

കെ.ആർ.ഡബ്ല്യു. എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പരിപാടിയുടെ ഭാഗമായി കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പ് സാമ്പത്തിക വർഷം ആറ് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പത്ത് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 8500 തുറന്ന കിണറുകളാണ് മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നത്. പദ്ധതി, ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിന് സഹായകരമാകുന്നതാണ്.

## ഹരിത കേരളം മിഷനിലൂടെ നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണം

156 (2434) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം മിഷനിലൂടെ എത്ര നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണം നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര നദികളുടെ പുനരുജ്ജീവനം സാധ്യമായി എന്ന് അറിയിക്കുമോ;

(സി) ഇവയുടെ വിശദാംശം ജില്ല/താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചിട്ടുണ്ട്. ഇതിനുപുറമെ ജനപങ്കാളിത്തത്തോടുകൂടി നിർവ്വഹിക്കപ്പെട്ടിട്ടുള്ള

നദീസംരക്ഷണം, നദീപുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്കായുള്ള സാങ്കേതിക സഹായം ജലസേചനവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. നവീകരണം/സംരക്ഷണം/ സംഭരണശേഷി കൂട്ടൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭരണാനുമതി നൽകിയ കുളങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

2017-2018 - 570

2018-2019 - 108

2019-2020 - 89

വരട്ടാർ (പത്തനംതിട്ട), പള്ളിക്കലാർ (കൊല്ലം), കുട്ടംപേരൂർ (ആലപ്പുഴ), മീനച്ചിലാർ-കൊടൂരാർ-മീന്തലയാർ (പുനഃസംയോജനം-കോട്ടയം), കാനാമ്പുഴയാർ (കണ്ണൂർ), കിള്ളിയാർ (തിരുവനന്തപുരം). കോലറയാർ (തിരുവല്ല) തുടങ്ങിയവയാണ് ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കപ്പെട്ട നദീപുനരുജ്ജീവന പ്രവൃത്തികൾ.

സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും ജനകീയമായും 34 പുഴകളുടെയും 36323 കി.മീ. നീർച്ചാലുകളുടെയും 15381 കുളങ്ങളുടെയും ശുചീകരണവും പുനരുജ്ജീവനവും നടപ്പിലാക്കിയിട്ടുണ്ട്.

ഭൂജല വകുപ്പിന്റെ കീഴിൽ ഹരിത കേരളം പദ്ധതിയുടെ മാതൃകയിൽ കാട്ടാക്കട നിയോജകമണ്ഡലത്തിലെ സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ റീചാർജ്ജ് പിറ്റ് വഴിയുള്ള തുറന്ന കിണർ പരിപോഷണ പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജല വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഹരിത കേരളം മിഷന്റെ കീഴിൽ പുഴ പുനരുജ്ജീവനത്തിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിലെ മാലിന്യനിക്ഷേപം**

157 (2435) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് ജലമലിനീകരണം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ വൃഷ്ടി പ്രദേശം (catchment area) പ്രധാനമായും വനം വകുപ്പിന്റെ നിയന്ത്രണത്തിലാണ് വരുന്നത്. ടൂറിസവുമായി ബന്ധപ്പെട്ടാണ് മാലിന്യങ്ങൾ വൃഷ്ടി പ്രദേശത്ത് എത്തിച്ചേരുന്നത്. കൂടാതെ, വനമേഖലയിൽ വരുന്ന പ്രദേശത്ത് വനം വകുപ്പിന്റെ അനുമതിയോടു കൂടി മാത്രമേ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഡാമുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഉണ്ടാകുന്ന മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യപ്പെടുന്നുണ്ട്. ജലസംഭരണികളുടെ ജലമലിനീകരണം തടയുന്നതിന് ബോധവൽക്കരണം നൽകുന്ന തരത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ജല ലിനീകരണം തടയുന്നതിന് ആവശ്യമായ നടപടികൾ പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സ്വീകരിച്ചുവരുന്നുണ്ട്. ബന്ധപ്പെട്ട കാര്യാലയങ്ങളിലെ ഫീൽഡ് സ്റ്റാഫിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും പഞ്ചായത്തിന്റെ സഹായത്തോടെ നിരീക്ഷണമേർപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

**ഡാമുകളുടെ സംഭരണശേഷി വീണ്ടെടുക്കൽ**

158 (2436) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ ചെളിയും മണലും നിറഞ്ഞ് ഡാമുകളുടെ സംഭരണശേഷി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നീക്കംചെയ്യുന്നതിലൂടെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും റെഗുലേറ്ററുകളിലും/ചെക്ക് ഡാമുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനുവേണ്ടി 8-11-2019-ലെ സ.ഉ.(കൈ)നമ്പർ 49/2019/ജ.വി.വ., 8-11-2019-ലെ സ.ഉ.(കൈ) നമ്പർ 50/2019/ജ.വി.വ., 7-12-2019-ലെ സ.ഉ.(സാധാ)നമ്പർ 919/2019/ ജ.വി.വ. 6-1-2020-ലെ സ.ഉ.(കൈ)നമ്പർ 1/2020/ജ.വി.വ. എന്നിവ പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. കേരളത്തിലെ 11 (പതിനൊന്ന്) റിസർവോയറുകളിൽനിന്നും ഡീസിൽറ്റേഷൻ

നടത്തുന്നതിനുവേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള താർപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള ആഗോള കരാർ ക്ഷണിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6 (ആറ്) റെഗുലേറ്ററുകൾ/ചെക്ക് ഡാമുകളിൽനിന്നും ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്.

## ജലസേചനവകുപ്പിൽനിന്നും കാണാതായ ഫയലുകൾ

159 (2437) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് വർക്സ് ഡിവിഷൻ ഉൾപ്പെടെ മറ്റ് ഡിവിഷനുകളിൽ നിന്നും ഈ സർക്കാർ കാലയളവിലും മുൻ സർക്കാർ കാലയളവിലും (വർഷം തിരിച്ച്) കാണാതായ ഫയലുകൾ എത്ര; കണ്ടെത്തിയവ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാണാതായ ഫയലുകളുടെ സൂക്ഷിപ്പുകാർ ആരെല്ലാമെന്നും എത്ര പേരുടെ പേരിൽ എന്തെല്ലാം ശിക്ഷാ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വിവിധ ക്രമക്കേടുകളുടെ ഭാഗമായാണോ അതോ മറ്റ് കാരണങ്ങളാലാണോ ഫയലുകൾ കാണാതാകുന്നതെന്നും ഇപ്രകാരം ഫയലുകൾ കാണാതാകുന്നത് തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജലസേചന വകുപ്പിൽ 2018 സെപ്റ്റംബർ മാസത്തിൽ വർക്സ് വിഭാഗത്തിൽനിന്ന് 665 ഫയലുകൾ കാണാതായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് വിഭാഗങ്ങളിൽനിന്ന് ഫയലുകൾ നഷ്ടപ്പെട്ടതായി കാണുന്നില്ല.

(ബി) കാണാതായ ഫയലുകൾ കൈകാര്യം ചെയ്യുന്നത് അതാത് സെക്ഷൻ ക്ലർക്കുമാരാണ്. ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഫയലുകൾ ചാക്കിൽ കെട്ടി സൂക്ഷിച്ചിരുന്നതാണ്. അവയിൽനിന്നുമാണ് ഫയലുകൾ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടത്. ക്ലർക്കുമാരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകൾ കാണാതായതിനെത്തുടർന്ന് അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. അന്വേഷണ നടപടികൾ നടന്നുവരുന്നു.

(സി) വർക്സ് വിഭാഗത്തിൽനിന്നും നഷ്ടപ്പെട്ട പ്രസ്തുത ഫയലുകൾ ഒന്നുംതന്നെ ക്രമക്കേടുകളുമായി ബന്ധപ്പെട്ടതല്ല. ഫയലുകൾ കാണാതാകുന്നത് തടയുന്നതിന് ഓഫീസ് പ്രവർത്തനങ്ങൾ എം.ഒ.പി.പ്രകാരം കൃത്യമായി നിർവ്വഹിക്കാൻ ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തൻപതിവേടുകൾ കൃത്യമായി സൂക്ഷിക്കുക, ആയവ ക്രമമായ ഇടവേളകളിൽ പരിശോധിക്കുക, മറ്റ് അനുബന്ധ രേഖകൾ സൂക്ഷിക്കുക എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

## ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ സീനിയോറിറ്റി ലിസ്റ്റ്

160 (2438) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ കാറ്റഗറിയുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും അത് വഴി പ്രൊമോഷൻ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ&ബി) കേരള ഗസറ്റിൽ 12-7-2016-ൽ ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കല്ലട ജലസേചന പദ്ധതിയുടെ ഓഫീസുകൾ

161 (2439) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കല്ലട ജലസേചന പദ്ധതിയുടെ ഓഫീസുകൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഓഫീസുകളാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ പരിധിയിൽ വരുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണോ ഓഫീസുകൾ നിർത്തലാക്കുന്നത്; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കല്ലട ജലസേചന പദ്ധതിയുടെ ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.ഐ.പി.(എൽ.ബി.) ഡിവിഷൻ നമ്പർ.5, കൊല്ലവും അതിന്റെ കീഴിൽ വരുന്ന കൊട്ടിയം (കെ.ഐ.പി.) (എൽ.ബി.) സബ് ഡിവിഷൻ നമ്പർ 19-ഉം കരുനാഗപ്പള്ളി കെ.ഐ.പി.(ആർ.ബി) സബ് ഡിവിഷൻ നമ്പർ 26-ഉം അവയുടെ കീഴിൽ വരുന്ന സെക്ഷനുകളും അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കുവേണ്ടി അഗളിയിലേയ്ക്ക് മാറ്റാനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

(ബി) പ്രസ്തുത ഓഫീസുകളുടെ പരിധിയിൽ വരുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിന് ചുമതല നൽകി കെ.ഐ.പി (എൽ.ബി.) സബ് ഡിവിഷൻ നമ്പർ 13, കൊല്ലം ഓഫീസും അതിനോട് ചേർന്നുവരുന്ന സെക്ഷൻ ഓഫീസുകളും കൊട്ടാരക്കരയിലെ കെ.ഐ.പി. (എൽ.ബി.) ഡിവിഷൻ നമ്പർ 2-ൽ അറ്റാച്ച് ചെയ്യാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**ജലവിഭവ വകുപ്പിന്റെ പാലക്കാട് ജില്ലയിലെ പ്രവൃത്തികൾ**

162 (2440) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീ-ബിൽഡ് കേരള പദ്ധതി മുഖാന്തരം ജലവിഭവ വകുപ്പ് പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

റീബിൽഡ് കേരള പദ്ധതി മുഖാന്തരം ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ 28.17 കോടി രൂപയുടെ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ആനക്കര പഞ്ചായത്ത്, കൊഴിഞ്ഞാംപാറ പഞ്ചായത്ത്, തട്ടമംഗലം മുനിസിപ്പാലിറ്റി, കൊടുവായൂർ പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലെ പ്രളയത്തിൽ വലിയതോതിൽ നാശനഷ്ടം സംഭവിച്ച ജലനിർഗമന ചാലുകളുടെ ഭിത്തികെട്ടി സംരക്ഷണവും അവയുടെ ആവാഹകശേഷിയും ജലസംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കും കൂടാതെ പാലക്കാട് ജില്ലയിൽ വരുന്ന വിവിധ ജലസേചന പ്രോജക്ടുകളിലെ കനാലുകളുടെയും റെഗുലേറ്റർ കം ബ്രിഡ്ജുകളുടെയും അറ്റകുറ്റപ്പണികളും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞവ കൂടാതെ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് മൈക്രോ ഇറിഗേഷൻ പദ്ധതികളും റീബിൽഡ് കേരള പദ്ധതി മുഖാന്തരം നടപ്പാക്കുന്നതാണ്. ഈ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## താനൂർ കെട്ടുങ്ങൽതോട് - പൂരപ്പുഴ റെഗുലേറ്റർ നിർമ്മാണം

163 (2441) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന താനൂർ കെട്ടുങ്ങൽതോട് - പൂരപ്പുഴ റെഗുലേറ്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത റെഗുലേറ്റർ എപ്പോൾ നിർമ്മാണം ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) താനൂർ മുനിസിപ്പാലിറ്റിയിലെ കെട്ടുങ്ങൽ തോടിനുസമീപം പൂരപ്പുഴയ്ക്ക് കുറുകെ സാൾട്ട് വാട്ടർ എക്സ്ക്ലൂഷൻ റെഗുലേറ്റർ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി റിപ്പോർട്ട് ഐ.ഡി.ആർ.ബി.യിലേയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട സ്ഥാനം സാങ്കേതിക കാരണങ്ങളാൽ അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥലത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിനെ ക്കുറിച്ചുള്ള സാധ്യത പരിശോധിക്കണമെന്ന് ഐ.ഡി.ആർ.ബി. അറിയിച്ചിരിക്കുന്നു. ആയത് പരിശോധിച്ചുവരികയാണ്.

(ബി) റെഗുലേറ്ററിന്റെ രൂപകല്പന ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ

164 (2442) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഇടവണ്ണ, രാമൻചാടി, എടവൂർ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ടെൻഡർ വ്യവസ്ഥകളിൽ അട്ടിമറി സാധ്യത ഉണ്ടെന്നും അവിടെ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ കാലാവസ്ഥവ്യതിയാന തത്വങ്ങൾക്ക് എതിരാണെന്നും കാണിച്ച് 2019 നവംബർ 13-ന് കേരള വാട്ടർ അതോറിറ്റി എം.ഡി., ജല അതോറിറ്റി സാങ്കേതികാംഗത്തിന് കത്ത് നൽകിയിരുന്നോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഉപയോഗിക്കുന്ന സ്ലജ് ബ്ലാങ്കറ്റ് സാങ്കേതിക വിദ്യ ജല അതോറിറ്റിയുടെ ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്ഥലത്ത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ ടെൻഡർ നിലവിൽ ആർക്കാണ് നൽകിയിട്ടുള്ളത്;

(ഡി) ഇതിനെപ്പറ്റി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഉണ്ട്. മലപ്പുറം നഗര ജലവിതരണ പദ്ധതിയിലും മാള-മൾട്ടി ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതിയിലും ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചു വരുന്നു.

(സി) റീടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത പദ്ധതികളുടെ കരാർ നിലവിൽ താഴെപ്പറയുന്നവർക്ക് നൽകാനാണ് ഉത്തരവായിട്ടുള്ളത്.

1. എടവണ്ണ – ശ്രീ. സിദ്ദിക്ക്, കൂട്ടുസംരംഭകൻ ശ്രീ. ഷാഹുൽ ഹമീദ്.
2. എടയൂർ - ശ്രീ. സിദ്ദിക്ക്, കൂട്ടുസംരംഭകൻ ശ്രീ. ഷാഹുൽ ഹമീദ്.
3. മഞ്ചേരി - ശ്രീ. ഷാഹുൽ ഹമീദ്, കൂട്ടുസംരംഭകൻ ശ്രീ. സിദ്ദിക്ക്.
4. രാമഞ്ചാടി - ശ്രീ. ഷാഹുൽ ഹമീദ്, കൂട്ടുസംരംഭകൻ ശ്രീ. സിദ്ദിക്ക്.

(ഡി) ഇതിനെപ്പറ്റി ഉയർന്നുവന്ന ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലെ ടെണ്ടർ കമ്മിറ്റി ടെണ്ടർ വ്യവസ്ഥ പ്രകാരം പ്രീ-ക്വാളിഫിക്കേഷൻ പുനഃപരിശോധിക്കുകയും അതിനെത്തുടർന്ന് ടെണ്ടറുകൾ സിംഗിൾ ടെണ്ടറുകളാണെന്ന് കണ്ടെത്തുകയും നിലവിലെ സർക്കാർ ഉത്തരവുകൾ പാലിച്ച് മേൽപ്പടി ടെണ്ടറുകൾ ക്യാൻസൽ ചെയ്യുന്നതിനും ആയത് പ്ലേറ്റ് സെറ്റ്ലെർ/റ്റ്യൂബ് സെറ്റ്ലെർ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന വിധത്തിൽ റീടെണ്ടർ ചെയ്യുന്നതിനുമുള്ള നിർദ്ദേശം മാനേജിംഗ് ഡയറക്ടർ നൽകുകയുണ്ടായി. ഇതേത്തുടർന്ന് റീടെണ്ടർ ചെയ്ത് ലഭിച്ച ടെണ്ടറുകൾക്കാണ് ഇപ്പോൾ അംഗീകാരം നൽകിയിരിക്കുന്നത്.

## വണ്ടൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

165 (2443) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-7-2016 മുതൽ 31-1-2020 വരെ ജലവിഭവ വകുപ്പിൽ നിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ 2020 വരെ ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, ജല അതോറിറ്റി എന്നീ വകുപ്പുകൾക്കുകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ

2019-20 വർഷത്തിൽ വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട് ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മെയിന്റനൻസ് പ്രവൃത്തികൾ മെക്കാനിക്കൽ വിഭാഗം ചെയ്തിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 6,36,310 (ആറ് ലക്ഷത്തി മുപ്പത്തിയാറായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) രൂപയാണ്. ഈ പദ്ധതി 2019 നവംബറിൽ പൂർത്തിയാക്കിയിട്ടുണ്ട്.

കേരള ജലഅതോറിറ്റി

2016-17-കിഫ്ബി-തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതി ഫേസ്- I&II – തിരുവാലിയും വണ്ടൂർ - പാർട്ട്- 1 ഉം-2220 ലക്ഷം രൂപ-98% പ്രവൃത്തി പൂർത്തീകരിച്ചു.

2017-18- 1) സ്റ്റേറ്റ് പ്ലാൻ-തിരുവാലിക്കും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി-ഫേസ് -II-ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ-200 ലക്ഷം രൂപ-50% പ്രവൃത്തി പൂർത്തീകരിച്ചു.

2) സ്റ്റേറ്റ് പ്ലാൻ - കിഫ്ബി - തിരുവാലിയുടെയും സമീപ വില്ലേജു കളുടെയും ഫേസ് 1-നും 2-നും വേണ്ടിയും തിരുവാലിയുടെയും വണ്ടൂരിന്റെയും പാർട്ട് 1-നു വേണ്ടിയും റോഡ് വർക്കിന് മുമ്പായി റോഡിന് കുറുകെ പൈപ്പ് ഇടുന്ന പ്രവൃത്തിക്കുള്ള അടിയന്തര ഫണ്ട് -1.48 ലക്ഷം രൂപ. പ്രവൃത്തി 24-2-2017-ന് പൂർത്തീകരിച്ചു.

3) സ്റ്റേറ്റ് പ്ലാൻ - കാളികാവ് കുടിവെള്ള പദ്ധതി - കാളികാവ് പഞ്ചായത്തിലെ മധുമല മുതൽ കൃഷിഭവൻ വരെ 400 എം.എം. എസി പൈപ്പ് മാറ്റി 350 എം.എം. ഡി.ഐ.കെ 9 സ്ഥാപിക്കുന്ന പ്രവൃത്തി-125.00 ലക്ഷം രൂപ - പ്രവൃത്തി 90% പൂർത്തീകരിച്ചു.

2018-19-1) സ്റ്റേറ്റ് പ്ലാൻ-കാളികാവ് കുടിവെള്ള പദ്ധതി-കാളികാവ് പഞ്ചായത്തിലെ പള്ളിശ്ശേരി മുതൽ പുതുമണ്ണ വരെ

400 എം‌എം എസി പൈപ്പ് മാറ്റി 350 എം‌എം ഡിഐ കെ 9 സ്ഥാപിക്കുന്ന പ്രവൃത്തി-40.00 ലക്ഷം രൂപ-പുരോഗമിച്ചുവരുന്നു.

2) സ്റ്റേറ്റ് പ്ലാൻ - കാളികാവ് കുടിവെള്ള പദ്ധതി - കാളികാവ് പഞ്ചായത്തിലെ മധുമല ശുദ്ധീകരണശാലയിൽ ക്ലോറിനേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി-4.00 ലക്ഷം രൂപ-പ്രവൃത്തി പുരോഗമിച്ചു വരുന്നു.

3) സ്റ്റേറ്റ് പ്ലാൻ - തുവ്വൂർ കുടിവെള്ള പദ്ധതി-30 എച്ച്. പി. സബ്മേർസിബിൾ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി-6.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

4) സ്റ്റേറ്റ് പ്ലാൻ - കാളികാവ് ഗ്രാമീണ കുടിവെള്ള പദ്ധതി - കാളികാവ് ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡ് കളപ്പാട്ടുമുണ്ട കോളനിയിലേയ്ക്ക് 90mm PVC & 80mm ജി.ഐ. പൈപ്പ് ലൈൻ നീട്ടൽ-20 ലക്ഷം രൂപ. 2019 മാർച്ച് മാസം പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു.

5) സ്റ്റേറ്റ് പ്ലാൻ - ആർ. ഡബ്ല്യൂ. എസ്. മമ്പാട് 40 എച്ച്. പി. പമ്പ് സെറ്റ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി 7.5 ലക്ഷം രൂപ. 9-4-2019-ന് പൂർത്തീകരിച്ചു.

വണ്ടൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ 2020 വരെ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഭൂജല വകുപ്പിനു കീഴിലെ പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശങ്ങളും ജലനിധി നടത്തിയ പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ദേവികുളം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

166 (2444) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ദേവികുളം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങളും അടങ്കൽ തുകയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വർക്കല മണ്ഡലത്തിലെ നീർത്തട മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ**

167 (2445) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷനുമായി സഹകരിച്ച് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നീർത്തട മാസ്റ്റർ പ്ലാനിൽ വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ ഫണ്ട് അനുവദിച്ചിട്ടുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് അനുവദിക്കാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഹരിത കേരളം മിഷനുമായി സഹകരിച്ച് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള മാസ്റ്റർ പ്ലാനിൽ വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെമ്മരുതി, ഇലകമൺ, ഇടവ, വെട്ടൂർ, പള്ളിക്കൽ, നാവായിക്കുളം, മടവൂർ എന്നീ പഞ്ചായത്തുകളിലെയും വർക്കല മുനിസിപ്പാലിറ്റിയുടെയും പ്രവൃത്തികളിൽ ജലസേചന വകുപ്പുവഴി ഫണ്ട് അനുവദിച്ച എട്ട് പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഫണ്ട് അനുവദിച്ചിട്ടില്ലാത്ത ജലസേചന പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും കണക്കിലെടുത്ത് വരുന്ന സാമ്പത്തിക വർഷങ്ങളിൽ മുൻഗണനാക്രമത്തിൽ അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

168(2446) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ ;

(ബി) കരിമ്പ കുടിവെള്ള പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമാക്കുമോ ഈ പദ്ധതി എന്നു മുതൽ കമ്മീഷൻ ചെയ്യുവാനാകുമെന്ന് അറിയിക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം (1) കാര്യാലയത്തിനുകീഴിലുള്ള കാഞ്ഞിരപ്പുഴ, മലമ്പുഴ എന്നീ പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ കനാലുകൾ കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മുതൽ 2020 വരെ കാഞ്ഞിരപ്പുഴ പദ്ധതിയുടെ വാർഷിക അറ്റകുറ്റ പണികൾക്കായി നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയ തുക ഉപയോഗിച്ചുകൊണ്ട് 186.79 ലക്ഷം രൂപയുടെ 68 പ്രവൃത്തികളും കൂടാതെ SDRF (State Disaster Response Fund)-ൽ ഉൾപ്പെടുത്തി 280.20 ലക്ഷം രൂപയുടെ 19 പ്രവൃത്തികളും ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. മലമ്പുഴ പദ്ധതിയുടെ വാർഷിക അറ്റകുറ്റ പണികൾക്കായി നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയ തുക ഉപയോഗിച്ചുകൊണ്ട് 163.9 ലക്ഷം രൂപയുടെ 41 പ്രവൃത്തികളും SDRF (State Disaster Response Fund)-ൽ ഉൾപ്പെടുത്തി 31.85 ലക്ഷം രൂപയുടെ 5 പ്രവൃത്തികളും കൂടാതെ കാഡ (CADA) പ്രവൃത്തിയിൽ ഉൾപ്പെടുത്തി 57.82 ലക്ഷം രൂപയുടെ 3 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന താഴെപ്പറയുന്ന പ്രധാന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. കിഫ്ബി 17-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - ടി പദ്ധതിക്കായി (ഒന്നാംഘട്ടം) 12-11-2018-ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം പാക്കേജിൽ 12 എം.എൽ.ഡി. ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡ്രൈനേജ് പോണ്ട്, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത്-പാക്കേജ് 1 പ്രവൃത്തികൾക്കായി 10-10-2019-ന് എഗ്രിമെന്റ് വെച്ചു. ഈ പദ്ധതിയുടെ രണ്ടാം പാക്കേജിൽ കരിമ്പ പഞ്ചായത്തിനുവേണ്ടിയുള്ള 13 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വാട്ടർ പമ്പ് സെറ്റ്, റോഡ് പുനരുദ്ധാരണം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുന്നത്. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

2. നബാർഡ് - മണ്ണൂർ, കേരളശ്ശേരി, മങ്കര പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി-ഈ പദ്ധതിക്കുവേണ്ടി നബാർഡിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട പ്രവൃത്തികൾക്ക് 2530 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. 10 ദശലക്ഷം ജലശുദ്ധീകരണശാല, 11 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (മണ്ണൂർ), 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (കേരളശ്ശേരി), 2.6 ലക്ഷം ലിറ്റർ ശേഷിയുള്ള ക്ലിയർ വാട്ടർ സമ്പ് (കേരളശ്ശേരി), റോ വാട്ടർ & ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ വിതരണം ചെയ്ത് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തികൾക്കുവേണ്ടി ദർഘാസ് ക്ഷണിച്ച് 21-11-2018 -ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ചെയ്തുവരുന്നു. 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 26-10-18-ൽ പി.ഡബ്ല്യു.ഡി.യിൽ റോഡ് പുനരുദ്ധാരണത്തിനുള്ള അപേക്ഷ സമർപ്പിച്ചതനുസരിച്ച് 130.65 ലക്ഷം രൂപയുടെയും അധിക തുകയായ 41.76 ലക്ഷം രൂപയുടെയും റോഡ് പുനരുദ്ധാരണത്തിനുള്ള തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പി.ഡബ്ല്യു.ഡി.യിൽ ഒടുക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3. ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* ജലനിധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്കര, പറളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | ഗ്രാമപഞ്ചായത്ത് | പദ്ധതികളുടെ എണ്ണം | ഗുണഭോക്തൃ കുടുംബങ്ങൾ |
|---|---|---|---|
| 1 | മങ്കര | 1 | 1001 |
| 2 | പറളി | 27 | 3452 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇതുകൂടാതെ ജലനിധി വഴി നടപ്പാക്കിയ സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം കോങ്ങാട് ഗ്രാമപഞ്ചായത്തിലെ 11 സ്കീമുകളുടെ പുനരുദ്ധാരണ നടപടികൾ നടന്നുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | ജലനിധി സ്കീമിന്റെ പേര് | തുക (രൂപ) |
|---|---|---|
| 1 | ആറ്റക്കാട് | 366275 |
| 2 | ജലപ്രിയ | 346725 |
| 3 | കസ്തൂർബ | 565000 |
| 4 | യുവജന | 462875 |
| 5 | മഹാത്മാഗാന്ധി | 1100000 |
| 6 | അക്ഷയ | 662000 |
| 7 | അമൃത | 673000 |
| 8 | ജനപ്രിയ | 713000 |
| 9 | പെരിങ്ങോട് സൗപർണ്ണിക | 633000 |
| 10 | ഭാഗ്യശ്രീ | 720000 |
| 11 | അയ്യപ്പൻകുന്ന് | 600000 |

(ബി) കിഫ്ബി 17-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം) 12-11-2018-ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതിയും 12-6-2019-ന് 1082 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഒന്നാം പാക്കേജിൽ 12 എം.എൽ.ഡി. ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡ്രെയ്നേജ് പോണ്ട്, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത് - പാക്കേജ് 1

പ്രവൃത്തികൾക്കായി 10-10-2019-ന് എഗ്രിമെന്റ് വെച്ചു. ജലശുദ്ധീകരണശാലയുടെ ഡിസൈൻ അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. ഈ പ്രവൃത്തി 24-3-2021-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ രണ്ടാം പാക്കേജിൽ കരിമ്പ പഞ്ചായത്തിനുവേണ്ടിയുള്ള 13 ലക്ഷം ലിറ്റർ ഉന്നത ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, റോഡ് പുനരുദ്ധാരണം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുന്നത്. ഈ പദ്ധതിക്കായി 18-3-2020 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. (ടെണ്ടർ ചെയ്ത തുക 14.70 കോടി രൂപ). അംഗീകരിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം പദ്ധതി പൂർത്തീകരണത്തിനുള്ള കാലാവധി 20 മാസമാണ്. ഒന്നാംഘട്ടം പൂർത്തീകരിച്ചാൽ നിലവിലുള്ള വിതരണ ശൃംഖലയിലൂടെ കുടിവെള്ളം നൽകി പദ്ധതി 30-6-2021-ഓടെ ഭാഗികമായി കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി വിതരണശൃംഖല ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ ഡി.ഇ.ആർ. തയ്യാറാക്കേണ്ടതുണ്ട്. ഇതിന് ഭരണാനുമതി ലഭിച്ചാൽ മാത്രമേ പദ്ധതി പൂർണ്ണമായ തോതിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

## കൊവ്വൽ-കൊപ്പൽ- കാപ്പിൽ പ്രദേശത്ത് ജിയോബാഗ് സ്ഥാപിക്കുന്നതിന് നടപടി

169 (2447) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജിയോബാഗ് സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) അനുവദിച്ച തുകയിൽ എത്ര രൂപ ചെലവായിട്ടുണ്ട്; വിശദമാക്കാമോ;

(സി) ബാക്കിയുള്ള തുകയ്ക്ക് സർക്കാർ ഉത്തരവിൽപ്പെടാത്തതും എന്നാൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളുമായ ഉദുമ നിയോജകമണ്ഡലത്തിലെ കൊവ്വൽ-കൊപ്പൽ-കാപ്പിൽ പ്രദേശത്ത് ജിയോബാഗ് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന ജില്ലാ മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശയിൽ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജിയോബാഗ് സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുകയിൽനിന്ന് 27,50,000 രൂപ ചെലവായിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. ഉദുമ നിയോജകമണ്ഡലത്തിലെ കൊവ്വൽ-കൊപ്പൽ-കാപ്പിൽ പ്രദേശത്ത് ജിയോബാഗ് സ്ഥാപിക്കുന്നതിന് രണ്ട് പ്രവൃത്തികൾക്കായി മൊത്തം 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## പെരിയാർ വാലി ഇറിഗേഷൻ കനാലുകളുടെ നവീകരണം

170(2448) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പെരിയാർ വാലി ഇറിഗേഷൻ കനാലുകളുടെ നവീകരണ ത്തിനായി ചെലവാക്കിയ ആകെ തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ലിസ്റ്റ് നൽകാമോ;

(സി) കനാലുകളുടെ ശുചീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 12,42,44,043 രൂപയാണ് നവീകരണത്തിനായി ചെലവാക്കിയ തുക.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

## ഇടപ്പള്ളി കനാലിന്റെ മുഴുവൻ മേഖലയിലും വെള്ളം ലഭ്യമാക്കാൻ നടപടി

171(2449) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ ഇടപ്പള്ളി കനാലിന്റെ മുഴുവൻ മേഖലയിലും വെള്ളം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ മുഴുവൻ കനാൽ മേഖലയിലും വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പി.വി.ഐ.പി. ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ ചെ. 11 കി.മീ. മുതൽ 21.25 കി. മീ. വരെ തൃക്കാക്കര മണ്ഡലത്തിൽ ഉൾപ്പെടുന്നു. ഇതിൽ 15.5 കി.മീ. വരെ നാളിതുവരെ ജലവിതരണം നടത്തിക്കൊണ്ടിരിക്കുന്നു. തുടർന്ന് 23 കുടുംബങ്ങൾ കനാൽ കയ്യേറി (ചെ.15.7 കി.മീ.) 200 മീറ്ററോളം കനാൽ മൂടപ്പെട്ട നിലയിലാണ്. ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന മുറയ്ക്ക് കനാൽ തുറക്കുന്നതിനും ജലവിതരണം പുനഃസ്ഥാപിക്കുന്നതിനും സാധിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ മേജർ ഇറിഗേഷൻ ഡിവിഷൻ

172(2450) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മേജർ ഇറിഗേഷൻ ഡിവിഷൻ നിലവിലില്ലാത്ത ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ പുഴകളുടെ സംരക്ഷണത്തിനായി മേജർ ഇറിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ മേജർ ഇറിഗേഷൻ ഡിവിഷൻ നിലവിലില്ല.

(ബി) പാലക്കാട് ജില്ലയിലെ പുഴകളുടെ സംരക്ഷണത്തിനായി മേജർ ഇറിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കടമ്പൂർ പനയൂർകാവ് പരിസരത്ത് ചെക്ക് ഡാം

173(2451) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ കടമ്പൂർ പനയൂർകാവ് പരിസരത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) അമ്പലപ്പാറ-കടമ്പൂർ-പനയൂർകാവ് പരിസരത്ത് ചെക്ക്ഡാം നിർമ്മാണത്തിനുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പഠനം നടത്തിയത്; റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) അമ്പലപ്പാറ കടമ്പൂർ പനയൂർകാവ് പരിസരത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിനുവേണ്ടി 2020-21 ബഡ്ജറ്റിൽ (അനുബന്ധം -2* മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം -2 ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ഉൾപ്പെടുത്തുകയും ആയതിന് 2020-21 സാമ്പത്തിക വർഷത്തേക്ക് ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇതിനുവേണ്ടി പ്രൊപ്പോസൽ ഒന്നുംതന്നെ ലഭ്യമാക്കിയിട്ടില്ല.

(ബി) ജലസേചന വകുപ്പിനുകീഴിൽ ചെക്ക് ഡാം നിർമ്മാണത്തിനുള്ള പഠനം നടത്തിയിട്ടില്ല.

## മഴവന്നൂർ പഞ്ചായത്തിലെ മണ്ണൂർ ചിറയുടെ സംരക്ഷണം

174 (2452) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ ഏഴ് വാർഡുകളിലേക്കും പായിപ്ര, രായമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡുകളിലേക്കും 40 ഏക്കറോളം വരുന്ന പാടശേഖരങ്ങളിലേക്കും വെള്ളം എത്തിക്കുന്ന മണ്ണൂർ ചിറയിലെ പായലും ചെളിയും നീക്കം ചെയ്യുന്നതിനും സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

മൈനർ ഇറിഗേഷൻ സെക്ഷൻ പട്ടിമറ്റത്തുനിന്നും മഴവന്നൂർ പഞ്ചായത്തിന്റെ ആവശ്യപ്രകാരം മണ്ണൂർ ചിറയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും സ്വഭാവവും പരിഗണിച്ച് അടുത്ത സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഡ്രൈവിംഗ് പരിശീലനത്തിന് ജലവിഭവ വകുപ്പിന്റെ സ്ഥലം

175(2453) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ഡ്രൈവിംഗ് പരിശീലനത്തിന് ലഭ്യമാക്കുന്നതിന് നൽകിയ പ്രൊപ്പോസലിന് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ വിഷയത്തിൽ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ചീഫ് എഞ്ചിനീയറുടെ അടിയന്തര റിപ്പോർട്ട് എത്രയും വേഗം സർക്കാരിൽ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഈ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കാൻ പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വള്ളക്കാവ് തോടിന്റെ സംരക്ഷണ ഭിത്തി

176 (2454) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മരങ്ങാട്ടുപിള്ളി പഞ്ചായത്തിലെ 4-ാം വാർഡിൽ വില്ലേജ് ഓഫീസിന് സമീപമുള്ള വള്ളക്കാവ് തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി മൈനർ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിൽ ചീഫ് എഞ്ചിനീയർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഫിനാൻഷ്യൽ സാംഗ്ഷൻ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫയലിന്റെ പുരോഗതി വിശദീകരിക്കാമോ;

(സി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രിക്ക് 19-2-2020-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് എത്രയും വേഗം ഫിനാൻഷ്യൽ സാംഗ്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മരങ്ങാട്ടുപിള്ളി പഞ്ചായത്തിലെ 4-ാം വാർഡിൽ വില്ലേജ് ഓഫീസിന് സമീപമുള്ള വള്ളക്കാവ് തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തിയുടെ ആവശ്യകതയും പ്രാധാന്യവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് സാമ്പത്തികാനുമതിക്കായി പരിഗണിക്കാവുന്നതാണ്. 19-2-2020-ലെ നിവേദനം തുടർനടപടികൾക്കായി വകുപ്പിലെ കീഴ്കാര്യാലയത്തിലേക്ക് നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ബാവിക്കര പദ്ധതി

177 (2455) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര പദ്ധതി സംബന്ധിച്ച് 7-10-2018-ൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആർ.സി.ബി. നിർമ്മാണത്തിന് തടസ്സം വരാത്ത രീതിയിൽ ഇതിനോട് ചേർന്ന് ചെറിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) 7-10-2018-ലെ യോഗതീരുമാന പ്രകാരം ഈ പാലത്തിന്റെ എസ്റ്റിമേറ്റ് എന്ന് സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) യോഗ തീരുമാന പ്രകാരം ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) പാലത്തിനുള്ള ഡി.പി.ആർ.എന്ന് സമർപ്പിക്കാനാകും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) കാസർഗോഡ് ജില്ലയിലെ ബാവിക്കര പദ്ധതിയെ സംബന്ധിച്ച് 7-10-2018-ൽ യോഗം കൂടിയിട്ടില്ല. എന്നാൽ 7-12-2018-ൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തി 2019 മാർച്ച് 15-നകം പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തെ ചെയ്ത വർക്കിന്റെ ബാക്കി പ്രവൃത്തിയായിട്ടാണ് ഏറ്റെടുത്തിട്ടുള്ളത്. അതുകാരണം ഇതോടൊപ്പം പാലം നിർമ്മാണംകൂടി ഉൾപ്പെടുത്താൻ സാധിക്കില്ല. എന്നാൽ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഇപ്പോൾ പണി നടക്കുന്ന സ്ഥലത്തിന് താഴെയായി പുതിയ പാലത്തിനായുള്ള പര്യവേക്ഷണ പ്രവൃത്തി ചെയ്തുകഴിഞ്ഞു. പര്യവേക്ഷണ റിപ്പോർട്ട് ഡിസൈനു വേണ്ടി ഐ.ഡി.ആർ.ബി.-യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. രൂപകല്പന ലഭിക്കുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കൽപ്പറ്റ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

178 (2456) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൽപ്പറ്റ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) സർക്കാരിന്റെ അംഗീകാരത്തിനായി പുതുതായി സമർപ്പിച്ച പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജലസേചനവും ഭരണവും വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തി കളുടെ വിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ താഴെക്കൊടുത്തി രിക്കുന്നു.

- പ്ലാൻ ഫണ്ട് -19 പ്രവൃത്തികൾ - 404.85 ലക്ഷം രൂപ
- കിഫ്ബി ഫണ്ട് - 2 പ്രവൃത്തികൾ - 80.69 ലക്ഷം രൂപ
- യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഡെപ്പോസിറ്റ് - 1 പ്രവൃത്തി -79 ലക്ഷം രൂപ
- എം.പി.-മാരുടെ വികസന നിധി - 10 പ്രവൃത്തികൾ - 156 ലക്ഷം രൂപ
- ഫ്ലഡ് റീ-കൺസ്ട്രക്ഷൻ എം.പി.-മാരുടെ വികസന നിധി-6 പ്രവൃത്തികൾ -118 ലക്ഷം രൂപ
- എം.പി.-മാരുടെ വികസന നിധി - 6 പ്രവൃത്തികൾ - 30.40 ലക്ഷം രൂപ
- TRDM-STDD ഡെപ്പോസിറ്റ് - 7 പ്രവൃത്തികൾ-262 ലക്ഷം രൂപ
- ITDP ഡെപ്പോസിറ്റ് പ്രവൃത്തി - 6 പ്രവൃത്തികൾ - 28.88 ലക്ഷം രൂപ
- വരൾച്ച ദുരിതാശ്വാസ പ്രവൃത്തികൾ - 73 പ്രവൃത്തികൾ-114.9 ലക്ഷം രൂപ
- വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ-18 പ്രവൃത്തികൾ -13.4 ലക്ഷം രൂപ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജലനിധി മുഖേന വയനാട് ജില്ലയിലെ കൽപ്പറ്റ മണ്ഡലത്തിൽ ഉൾപ്പെട്ട 2 ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പൊഴുതന ഗ്രാമപഞ്ചായത്ത്

   2018-19 വർഷത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിച്ച 7 സ്കീമുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഭരണാനുമതി നൽകി. ആകെ തുക 6,22,000 രൂപ. (സമിതികൾ: ആനോത്ത്, ഇടിയംവയൽ പള്ളിറോഡ്, ഇടിയംവയൽ, ഇടിയംവയൽ കെ.ഡബ്ല്യു.എ. പുനരുദ്ധാരണം, മുത്താറിക്കുന്ന്, സുഗന്ധഗിരി 50 ഏക്കർ, സുഗന്ധഗിരി)

   ഗ്രാമപഞ്ചായത്തിലെ പള്ളിക്കുന്ന് കുടിവെള്ള പദ്ധതിക്കുവേണ്ടി പുതിയ കിണറും അനുബന്ധ പ്രവൃത്തികൾക്കുമായി 21,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

   കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ നടവയൽ, ചീക്കല്ലൂർ കുടിവെള്ള പദ്ധതികളിൽ ജലശുദ്ധീകരണ സംവിധാനം ഒരുക്കുന്നതിനായി 40,12,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

   കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി പ്രകാരം വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 100 കുടുംബങ്ങൾ ഉൾപ്പെടുന്നു. മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 55 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ചീഫ് എഞ്ചിനീയർ പ്രോജക്ട് 1-ന്റെ പരിധിയിൽ വരുന്നതും കൽപ്പറ്റ മണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ നിർമ്മാണത്തിലിരിക്കുന്ന കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റിൽ പ്ലാൻ ശീർഷകത്തിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി യഥാക്രമം 24.218 കോടി രൂപയുടെയും 35.775 കോടി രൂപയുടെയും പ്രവൃത്തികൾക്ക് (2016-17 മുതൽ 2019-2020) വരെ ആക്ഷൻ പ്ലാൻ അംഗീകാരം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ ഭൂജല വകുപ്പുമുഖേന 4,67,381 രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ജലഅതോറിറ്റിയിൽ പ്ലാൻ ഫണ്ടിൽ അംഗീകാരത്തിനായി പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.

**കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് പദ്ധതികൾ**

179 (2457) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട നിയോജകമണ്ഡലത്തിൽ കുളങ്ങളുടെയും തോടുകളുടെയും നവീകരണത്തിനായി ഇറിഗേഷൻ വകുപ്പിന് കീഴിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികളുടെ പേര്, അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ തരംതിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട നിയോജകമണ്ഡലത്തിൽ കുളങ്ങളുടേയും തോടുകളുടേയും നവീകരണത്തിനായി ഇറിഗേഷൻ വകുപ്പിനുകീഴിൽ പൂർത്തീകരിച്ചതും നടപ്പിലാക്കിവരുന്നതുമായ 33 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**നിലമ്പൂരിലെ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾ**

180 (2458) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മൈനർ ഇറിഗേഷൻ കോമ്പൗണ്ടിന് ചേർന്നുള്ള കുളം ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നറിയിക്കാമോ; ആണെങ്കിൽ പ്രസ്തുത കുളം നിലനിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും കൈവശരേഖയും ലൊക്കേഷൻ സ്കെച്ചിന്റെ പകർപ്പും ലഭ്യമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇറിഗേഷൻ വകുപ്പ് ഓഫീസുകൾ പ്രവർത്തിക്കുന്ന കോമ്പൗണ്ടിന്റെ വിസ്തീർണ്ണം എത്രയെന്നും അതിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണമടക്കമുള്ള വിവരങ്ങളും (ക്വാർട്ടേഴ്സുകൾ ഉൾപ്പെടെ) അറിയിക്കാമോ;

(സി) മേൽ സ്ഥലം ഇറിഗേഷൻ വകുപ്പിന് ആരിൽനിന്നും ഏതുവർഷമാണ് ലഭിച്ചതെന്നും ആയതിന്റെ രേഖകളുടെ പകർപ്പുകളും ലഭ്യമാക്കാമോ;

(ഡി) നിർദ്ദിഷ്ട നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടോ; നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾക്ക് സ്ഥലം വേണ്ടെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മൈനർ ഇറിഗേഷൻ കോമ്പൗണ്ടിന് ചേർന്നുള്ള കുളം ജലസേചന വകുപ്പിന്റെ കൈവശമാണ് നിലവിലുള്ളത്. ഈ കുളത്തിൽനിന്നും കൃഷി ആവശ്യത്തിന് വെള്ളം കർഷകർക്ക് നൽകുന്നതിന് ജലസേചന വകുപ്പ് ഒരുക്കിയ സംവിധാനം നിലനിൽക്കുകയാണ്. പ്രസ്തുത കുളം നിലനിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 0.2800 ഹെക്ടർ ആണ്. ലൊക്കേഷൻ സ്കെച്ചിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇറിഗേഷൻ വകുപ്പ് ഓഫീസുകൾ പ്രവർത്തിക്കുന്ന കോമ്പൗണ്ടിന്റെ ആകെ വിസ്തീർണ്ണം 1.065 ഹെക്ടറാണ്(2.63 ഏക്കർ)

<u>കെട്ടിടങ്ങളുടെ വിവരങ്ങൾ</u>

1. മൈനർ ഇറിഗേഷൻ സെക്ഷൻ നിലമ്പൂർ ഓഫീസ് - 64.22 ച.മീ.
2. ചാലിയാർ പ്രോജക്ട് ഇൻവെസ്റ്റിഗേഷൻ
   സബ്ഡിവിഷൻ നമ്പർ 1 -184.44 ച.മീ.
3. വർക്കേഴ്സ് ക്വാർട്ടേഴ്സ് - 51.68 ച.മീ.
4. ഓവർസിയർ ക്വാർട്ടേഴ്സ് - 74.53 ച.മീ.
5. അസിസ്റ്റന്റ് എഞ്ചിനീയേഴ്സ് ക്വാർട്ടേഴ്സ്
   ആർ.സി.സി.-94.46 എ.സി.ഷീറ്റ് - 20.59 ച.മീ.
6. സ്റ്റോർ - എ.സി. ഷീറ്റ് - 66.26 ച.മീ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| 7. ഹൈഡ്രോളജി ഓഫീസ് | | - 78.69 ച.മീ. |
| 8. ഹൈഡ്രോളജി ക്വാർട്ടേഴ്സ് | | - 18.11 ച.മീ. |
| | ആകെ | -648.98 ച. മീ |

(സി) നിലമ്പൂർ കോവിലകത്തിന്റെ അവകാശത്തിലുണ്ടായിരുന്ന ഈ സ്ഥലം 1967-68 കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയതായിട്ടാണ് അറിയാൻ കഴിഞ്ഞത്. തുടർന്ന് 1990-ൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ജലസേചന വകുപ്പ് രൂപം കൊണ്ടപ്പോൾ പ്രസ്തുത സ്ഥലം ജലസേചന വകുപ്പിന്റെ അധീനതയിലായി. സ്ഥലത്തിന്റെ രേഖകളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലസേചന വകുപ്പിന് കൈമാറി ലഭിച്ചതായി കാണുന്നില്ല.

(ഡി) നിർദ്ദിഷ്ട നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

**പയ്യന്നൂർ മണ്ഡലത്തിലെ കുടിവെള്ള, ഇറിഗേഷൻ പദ്ധതികൾ**

181 (2459) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019 നവംബർ 26-ന് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ പയ്യന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളെയും ഇറിഗേഷൻ പദ്ധതികളെയും കുറിച്ച് പരിശോധന നടത്തുന്നതിനായി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ; ഇത് ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അവയുടെ തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) യോഗം ചേർന്നിട്ടുണ്ട്.

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പയ്യന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളെയും ഇറിഗേഷൻ പദ്ധതികളെയും സംബന്ധിച്ച് 26-11-2019-ൽ ജലവിഭവ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകൾ

182 (2460) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകൾ കാലപ്പഴക്കംമൂലം ചോർച്ചയുണ്ടായിട്ടുള്ളതിനാൽ അവ കേടുപാട് തീർത്ത് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) റീബീൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത റെഗുലേറ്ററുകൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ & ബി) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ കേടുപാടുകൾ തീർത്ത് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനായി മെക്കാനിക്കൽ പ്രവൃത്തികൾക്കായി യഥാക്രമം 430 ലക്ഷം, 216 ലക്ഷം രൂപയും സിവിൽ പ്രവൃത്തി കൾക്കായി യഥാക്രമം 302 ലക്ഷം, 230 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

## സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീം

183 (2461) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീമിന്റെ ആവശ്യകത സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്ത നങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ ആവശ്യകത മനസ്സിലാക്കി അടിയന്തരമായി പദ്ധതിയുടെ പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീമിന്റെ ആവശ്യകത സംബന്ധിച്ച പഠനം നടത്തുവാൻ പീച്ചിയിലുള്ള KERI (Kerala Engineering and Research Institute) എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കു ന്നതാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

184 (2462) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.വി.ഐ.പി. കനാലുകൾ, പാലങ്ങൾ, കനാൽ ബണ്ട് റോഡ് എന്നിവ നിർമ്മിക്കുന്നതിനായി ആസ്തി വികസന ഫണ്ടും എം.എൽ.എ.ഫണ്ടും വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിലും ടെണ്ടർ നടപടി സ്വീകരിക്കുന്നതിലും കാലതാമസം ഉണ്ടാകുന്നതിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.വി.ഐ.പി. കനാലുകൾ, പാലങ്ങൾ, കനാൽ ബണ്ട് റോഡ് എന്നിവ നിർമ്മിക്കുന്നതിനായി ആസ്തി വികസന ഫണ്ടും എം.എൽ.എ. ഫണ്ടും വിനിയോഗിച്ച് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 കാര്യാലയംവഴി നടത്തുന്ന പ്രവൃത്തികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ടി.എസ്. നൽകുന്നതിനുള്ള സമയം മാത്രമാണ് എടുത്തിട്ടുള്ളത്. കാലതാമസമൊന്നും ഉണ്ടായിട്ടില്ല. ടി പ്രവൃത്തികളെല്ലാം സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടുള്ളതാണ്.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

185 (2463) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ നടക്കുന്ന മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിരിക്കുന്ന തുക, അനുവദിച്ച വർഷം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൻകീഴിൽ വരുന്ന മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുട്ടിലങ്ങാടി പഞ്ചായത്തിൽ പുഴയ്ക്ക് സംരക്ഷണഭിത്തി

186 (2464) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കുട്ടിലങ്ങാടി പഞ്ചായത്തിലെ 17 -ാം വാർഡിൽ പടിഞ്ഞാറ്റെ നെച്ചിക്കുറ്റിയിൽ പുഴയുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) മങ്കട നിയോജകമണ്ഡലത്തിൽ കുട്ടിലങ്ങാടി പഞ്ചായത്തിലെ 17-ാം വാർഡിൽ പടിഞ്ഞാറ്റെ നെച്ചിക്കുറ്റിയിൽ 60 മീറ്റർ നീളത്തിലും 3 മീറ്റർ ഉയരത്തിലും പുഴയുടെ സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം മാത്രമേ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ശ്രീകൃഷ്ണപുരം മുണ്ടോർശ്ശിക്കടവിൽ തടയണ

187 (2465) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ശ്രീകൃഷ്ണപുരം മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എന്നാണ് പ്രൊപ്പോസൽ ലഭിച്ചതെന്നും അതിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 13-7-2019-ന് നടന്ന യോഗത്തിൽ മുണ്ടോർശ്ശിക്കടവിൽ ഇത്തപ്പുഴയ്ക്ക് കുറുകെ ഒരു തടയണ നിർമ്മിക്കുന്നതിനായി തീരുമാനിക്കുകയും ആയതിന് വേണ്ടിയുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടത്തുന്നതിനായി പീച്ചി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ആയത് പുരോഗമിച്ച് വരുന്നു. പര്യവേക്ഷണത്തിനുശേഷം തയ്യാറാക്കുന്ന ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചാരുംമൂട്ടിൽ കെ.ഐ.പി. കനാൽ എക്സ്റ്റെൻഷൻ പ്രവൃത്തി**

188 (2466) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന ചാരുംമൂട് പ്രദേശത്ത് കനാൽ എക്സ്റ്റെൻഷന് വേണ്ടി എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കനാൽ എക്സ്റ്റെൻഷന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പ്രസ്തുത കത്ത് ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാരുംമൂട് ഡിസ്ട്രിബ്യൂട്ടറി പ്രവർത്തനക്ഷമമാക്കുന്നതിന് നിരവധി പണികൾ പൂർത്തിയാക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**ചാലക്കുടിപ്പുഴയുടെ തീരസംരക്ഷണം**

189 (2467) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018, 2019 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ചാലക്കുടിപ്പുഴയുടെ ഇരുകരകളിലും വ്യാപകമായ കരയിടിച്ചിലുകളും നാശവും സംഭവിച്ചിട്ടുള്ളത് ഒഴിവാക്കുന്നതിനും കെട്ടി സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

2018,19 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ചാലക്കുടിപ്പുഴയുടെ ഇരുകരകളിലും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 2018 വർഷത്തെ പ്രളയത്തോടനുബന്ധിച്ചുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 11 പ്രവൃത്തികളുടെ 138.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകിയിരുന്നു. ഇതിൽ 3 പ്രവൃത്തികൾ ആരംഭിക്കുകയും അതിൽ ഒരു പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 8 പ്രവൃത്തികൾ പല തവണ ടെണ്ടറും ക്വട്ടേഷനും ക്ഷണിച്ചിട്ടും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. 2019-ലെ പ്രളയത്തോടനുബന്ധിച്ച് 228.00 ലക്ഷം രൂപയുടെ 8 പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അവ നടപ്പാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

## മൂവാറ്റുപുഴയാറിൽ രാമമംഗലത്ത് ചെക്ക് ഡാം

190 (2468) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂവാറ്റുപുഴയാറിൽ രാമമംഗലത്ത് നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്;വിശദമാക്കുമോ?

ഉത്തരം

രാമമംഗലത്ത് ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റിൽ നിന്നുള്ള ഡിസ്ചാർജ് കൂടുകയും റിംഗ് ബണ്ടിന്റെ മുകളിലൂടെ വെള്ളം കയറുകയും ചെയ്തു. കൂടാതെ കഴിഞ്ഞ ആഗസ്റ്റ് മാസത്തെ മഴ കാരണവും ഈ കാലയളവിൽ ചെക്ക് ഡാമിന്റെ പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു. ആയതിനാൽ 4-7-2019-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 31-3-2020 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇപ്പോൾ 95% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2020 മാർച്ച് അവസാനത്തോടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള നടപടി

191 (2469) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ ലഭിക്കുന്ന മഴയുടെ ഏകദേശം 70 ശതമാനവും ലഭിക്കുന്നത് ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലാണ്. കൂടാതെ സ്ഥലകാല വ്യതിയാനവും കൂടുതലാണ്. ഇക്കാരണങ്ങളാൽ കേരളത്തിലെ പല പ്രദേശങ്ങളിലും ഫെബ്രുവരി മാസത്തോടുകൂടി ജലക്ഷാമം നേരിടാറുണ്ട്. ഇത് കണക്കിലെടുത്ത് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം ജലസേചന വകുപ്പുമുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങൾ, ചിറകൾ എന്നിവ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം നീരൊഴുക്ക് കുറയുന്നതുകാരണം ഓരുവെള്ളം കയറി ജലസ്രോതസ്സുകൾ പ്രത്യേകിച്ച്, കുടിവെള്ള സ്രോതസ്സുകൾ നശിക്കുന്നത് തടയുന്നതിനാവശ്യമായ തടയണകൾ/റെഗുലേറ്ററുകൾ എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മിച്ചുവരുന്നു. ഇതോടൊപ്പം, ഒരു പ്രദേശത്തെ ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ അതിനുള്ള ആസൂത്രണം നീർത്തടാടിസ്ഥാന ത്തിലാകണം നടപ്പിലാക്കേണ്ടത് എന്ന തത്വം ഉൾക്കൊണ്ടുകൊണ്ട് ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി സംയോജിത നീർത്തട പ്ലാനുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കി അതിൻ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കുളങ്ങൾ ശുചീകരിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുക. ചെറുതോടുകൾ ശുചിയാക്കി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ലുവച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഫാംപോണ്ടുകൾ ധാരാളമായി നിർമ്മിച്ചിട്ടുണ്ട്. ഇത് അധികജലസംരക്ഷണം സാധ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമേ, ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിൽനിന്നുള്ള ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് ജലലഭ്യത ഉറപ്പാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജലനഷ്ടം കുറച്ച് ജലഉപയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

കുട്ടനാട്ടിലെ തോടുകളിലെയും കാനാലുകളിലെയും എക്കലും പോളയും നീക്കം ചെയ്ത് ശുചീകരിക്കുന്നുണ്ട്. വേനൽക്കാലത്ത് ഓരുജലം പാടശേഖരങ്ങളിലേയ്ക്ക് എത്തുന്നത് തടയുന്നതിനായി ഓരുമുട്ടുകളും സ്ഥാപിക്കുന്നു. ഓരുജലം തടയുന്നതിനായുള്ള തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബാരേജ്, കരിയാർ RCB, അർത്തുങ്കൽ റെഗുലേറ്റർ എന്നിവയുടെ സംരക്ഷണവും പരിപാലനവും നടപ്പിലാക്കി വരുന്നു.

കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

## ഭൂഗർഭ ജലചൂക്ഷണം

192 (2470) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂഗർഭ ജലചൂഷണം ശാസ്ത്രീയമായ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) 2018, 2019 വർഷങ്ങളിലെ പ്രളയത്തിനുശേഷം ഭൂഗർഭ ജലനിരപ്പ് ചില പ്രദേശങ്ങളിൽ താഴുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) മെച്ചപ്പെട്ട ജലവിനിയോഗ ജലസംരക്ഷണ സംസ്കാരം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിധേയമാക്കിയിട്ടുണ്ട്. ഭൂഗർഭ ജലചൂഷണം സംബന്ധിച്ച് വകുപ്പിൽ ലഭ്യമാകുന്ന പരാതികളിൽ ഭൂജല സർവ്വേ നടത്തി ജലക്ഷമതാ പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002-ലെ നിയമങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഭൂജലം ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്ന കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾക്ക് ജലക്ഷമതാ പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തി, ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതിയുടെ ശിപാർശയോടുകൂടി ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായ സംസ്ഥാന ഭൂജല അതോറിറ്റി അന്തിമ അനുമതി നൽകിവരുന്നു.

സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തിന്റെ ഭൂജല വിഭവശേഷി കണക്കാക്കി വരുന്നു. സംസ്ഥാനത്തെ ഭൂജല സമ്പത്ത് ഭരണ നിർവ്വഹണ ഘടകമായ വികസന ബ്ലോക്കുകളെ അടിസ്ഥാനമാക്കിയാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. 14 ജില്ലകളിലെ 152 ബ്ലോക്കുകളിലെയും ഭൂജല സമ്പത്ത് നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ 87 മുനിസിപ്പാലിറ്റികളും 6 നഗരസഭകളും 1 ടൗൺഷിപ്പും ഉൾപ്പെടുന്ന കേരളത്തിലെ നഗരപ്രദേശങ്ങളിലെ ഭൂജലസമ്പത്ത് അവയുടെ ഭൂജല പ്രതലവുമായി സാമ്യമുള്ള സമീപ ബ്ലോക്കുകളുമായി സംയോജിപ്പിച്ചിരുന്നു.

2017-മാർച്ച് വരെയുള്ള ഭൂജല ലഭ്യതയുടെയും ഭൂജല ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ ബ്ലോക്കുകളെ താഴെപ്പറയുന്ന വിധത്തിൽ തരം തിരിച്ചിരിക്കുന്നു.

സുരക്ഷിതം - റീ ചാർജ്ജ് ചെയ്യപ്പെടുന്ന ഭൂജലത്തിന്റെ 70%-ത്തിന് താഴെ ഭൂജല ഉപഭോഗം നിലവിലുള്ള ബ്ലോക്കുകൾ.

സെമി ക്രിട്ടിക്കൽ - റീചാർജ്ജ് ചെയ്യപ്പെടുന്ന ഭൂജലത്തിന്റെ 70%-90% വരെ ഭൂജല ഉപഭോഗം നിലവിലുള്ള ബ്ലോക്കുകൾ

ക്രിട്ടിക്കൽ - റീചാർജ്ജ് ചെയ്യപ്പെടുന്ന ഭൂജലത്തിന്റെ 90%-100% വരെ ഭൂജല ഉപഭോഗം നിലവിലുള്ള ബ്ലോക്കുകൾ

അമിത ചൂഷിത വിഭാഗം - റീചാർജ്ജ് ചെയ്യപ്പെടുന്ന ഭൂജലത്തിന്റെ 100%-ത്തിൽ അധികം ഭൂജല ഉപഭോഗം നിലവിലുള്ള ബ്ലോക്കുകൾ

കേരളത്തിൽ നിലവിൽ ഒരു അമിത ചൂഷിത ബ്ലോക്കും (പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കും, ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി ഉൾപ്പെടുന്ന ഭൂപ്രദേശം), രണ്ട് ക്രിട്ടിക്കൽ ബ്ലോക്കും (പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്കും) മുപ്പത് സെമി ക്രിട്ടിക്കൽ ബ്ലോക്കുകളും ഉൾപ്പെടുന്നു.

കേരള സംസ്ഥാനത്തിന്റെ ആകെ ഭൂജല സമ്പത്ത് 5211.75 ദശലക്ഷം ക്യൂബിക് മീറ്റർ (ദ.ക്യൂ.മി.) ആണ്. വിവിധ ആവശ്യങ്ങൾക്കായുള്ള (ഗാർഹിക, കാർഷിക, വ്യാവസായിക) വാർഷിക ഉപയോഗം 2672.09 ദ.ക്യൂ.മി. ആണ്. ഗാർഹിക ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടുള്ള വാർഷിക ഭൂജല വിഹിതം (2025 വരെ)1575.28 ദ.ക്യൂ.മി. ആണ്. കേരളത്തിലെ ആകെ ഭൂജല ഉപയോഗം റീചാർജ്ജ് ചെയ്യപ്പെടുന്നതിന്റെ 51.27% ആണ്.

ഭൂജല വകുപ്പ് ഭൂജല സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. അമിത ചൂഷിത, ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിലെ ഭൂജല പരിപോഷണത്തിന് മുൻഗണന നൽകിക്കൊണ്ടാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽനിന്നും ജലവിതാന ഡാറ്റാ ശേഖരിച്ച് പ്രളയാനന്തര ഭൂജല സ്ഥിതിയെക്കുറിച്ച് വകുപ്പ് പഠനം നടത്തിയതിൽനിന്നും ജലവിതാനത്തിൽ നേരിയ കുറവ് സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

ഭൂജല വകുപ്പ് ഭൂജല സംപോഷണ പ്രവർത്തനങ്ങൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വിവിധ റീ ചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 127 റീചാർജ്ജ് പിറ്റ് പദ്ധതികൾ, 78 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾക്കും 12 കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, 5 ചെറിയ തടയണകൾക്കുമുള്ള അനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

(സി) പൊതുജനങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കായി ഭൂജലസംരക്ഷണം, വിനിയോഗം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ സെമിനാറുകൾ ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷം 41 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനുള്ള അനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 21 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ജലത്തിന്റെ മിതമായ ഉപയോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി കൈപുസ്തകം, ചുവരെഴുത്ത്, നോട്ടീസ്, പോസ്റ്റർ മുഖേനയും സാമൂഹിക മാധ്യമങ്ങൾ വഴിയും സന്ദേശങ്ങൾ പ്രചരിപ്പിക്കാറുണ്ട്. ജലദുർവിനിയോഗം തടഞ്ഞ് ബോധവൽക്കരണം നടത്തുന്നതിന് സ്ക്വാഡുകളും പ്രവർത്തിക്കുന്നു. കൂടാതെ സ്രോതസ്സിലെ ജലലഭ്യത സംബന്ധിച്ച് മുന്നറിയിപ്പ് പത്രമാധ്യമങ്ങൾ വഴിയും ജനങ്ങളിൽ എത്തിക്കാറുണ്ട്. ജലസ്രോതസ്സുകളിൽ ജലം മലിനമാകുന്നത് തടയുന്നതിനുള്ള ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

ജലഉപയോഗത്തിൽ ശാസ്ത്രീയമാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി ജലഉപയോഗം കുറയ്ക്കുന്നതിനൊപ്പം ജനങ്ങളുടെ ജലഉപയോഗ രീതിയും ശൈലിയും മാറ്റുന്നതിനും ഒരു പുതിയ ജലവിഭവ സംരക്ഷണ-വിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി ജലം ജീവാമൃതം, ജലമാണ് ജീവൻ എന്നീ ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതിനൊടൊപ്പം ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.

## ഭൂഗർഭ ജലത്തിന്റെ അളവ്

193 (2471) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സംബന്ധിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഭൂഗർഭ ജലത്തിന്റെ അളവ് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല സമ്പത്ത് കണക്കാക്കി വരുന്നു. 2017 മാർച്ച് വരെയുള്ള പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത-5211.75

ദശലക്ഷം ക്യൂബിക് മീറ്റർ (ദ.ക്യു.മീ.) ആണ്. സംസ്ഥാനത്തെ ഭൂജല സമ്പത്ത് ഭരണ നിർവ്വഹണ ഘടകമായ വികസന ബ്ലോക്കുകളെ അടിസ്ഥാനമാക്കിയാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. 14 ജില്ലകളിലെ 152 ബ്ലോക്കുകളിലേയും ഭൂജല സമ്പത്ത് നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ 87 മുനിസിപ്പാലിറ്റികളും 6 നഗരസഭകളും 1 ടൗൺഷിപ്പും ഉൾപ്പെടുന്ന കേരളത്തിലെ നഗര പ്രദേശങ്ങളിലെ ഭൂജല സമ്പത്ത് അവയുടെ ഭൂജല പ്രതലവുമായി സാമ്യമുള്ള സമീപ ബ്ലോക്കുകളുമായി സംയോജിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തെ ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത വിഭാഗത്തിലും മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ, ഗുരുതര വിഭാഗത്തിലും 30 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലും ഉൾപ്പെടുന്നു. 2013 മാർച്ച് വരെയുള്ള പഠനത്തിൽ 18 ബ്ലോക്കുകളായിരുന്നു ഭാഗിക ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ പുതിയ പഠന റിപ്പോർട്ട് പ്രകാരം 12 ബ്ലോക്കുകൾകൂടി ഭാഗിക ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. 2013 GEC റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ ഭൂജല ലഭ്യത 5651.53 ദശലക്ഷം ക്യുബിക് മീറ്റർ ആണ്. 2017-ലെ പഠനങ്ങൾ പ്രകാരം ഭൂജലസമ്പത്തിൽ 2013-നെ അപേക്ഷിച്ച് 439.78 ദശലക്ഷം ക്യുബിക് മീറ്റർ കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഭൂജല വകുപ്പ് "ഭൂജല സംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതി ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതി, കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, അടിയണകൾ, ചെറിയ തടയണകളുടെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് "ഭൂജല സംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. 2019-20 സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 127 റീചാർജ്ജ് പിറ്റ് പദ്ധതികൾ, 78 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾക്കും 12 കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, 5 ചെറിയ തടയണകൾ നിർമ്മിക്കുന്നതിനുമുള്ള അനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 80 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. കൂടാതെ ഭൂജല വിനിയോഗം, പരിപാലനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ ജില്ലകളിലും വകുപ്പ് സംഘടിപ്പിച്ചുവരുന്നു. കാട്ടാക്കട നിയോജക മണ്ഡലത്തിലെ സ്കൂളുകൾ/ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തുറന്ന കിണറുകളിൽ 'ജലസമൃദ്ധി' പദ്ധതിക്കായി വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചു കൊണ്ട് നടപ്പിലാക്കിയ റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണ പ്രവർത്തനങ്ങൾ ജലവിതാനം ഉയർത്തുന്നതിന് വളരെ ഫലപ്രദമായിരുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

2020-2021 സാമ്പത്തിക വർഷം വിവിധ ഭൂജലസംപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ഭൂജല വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

## എല്ലാ ജലസ്രോതസ്സുകളിലും മതിയായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് നടപടി

194 (2472) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച ആവർത്തിച്ചുള്ള പ്രതിഭാസമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എല്ലാ ജലസ്രോതസ്സുകളിലും മതിയായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവയുടെ വിവര ശേഖരണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആവശ്യത്തിന് ജലലഭ്യത ഉള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളത്തിൽ ലഭിക്കുന്ന മഴയുടെ സ്ഥലകാല വ്യതിയാനം സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ ഉപരിതല ജലലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ വാർഷിക ശരാശരി 3000mm മഴ ലഭിക്കുമെങ്കിലും ഇതിന്റെ ഭൂരിഭാഗവും ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ കാലവർഷ സമയത്താണ്. കേരളത്തിലെ ചില പ്രദേശങ്ങളിൽ ഫെബ്രുവരി മാസത്തോടുകൂടി ജലക്ഷാമം നേരിടുന്നുണ്ട്. ഇത് കണക്കിലെടുത്ത് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. കുളങ്ങൾ, ചിറകൾ എന്നിവ ശുചീകരിച്ച് സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം നീരൊഴുക്ക് കുറയുന്നതുകാരണം ഓരുവെള്ളം കയറി ജലസ്രോതസ്സുകൾ, പ്രത്യേകിച്ച് കുടിവെള്ള സ്രോതസ്സുകൾ നശിക്കുന്നത് തടയുന്നതിനാവശ്യമായ തടയണകൾ/റെഗുലേറ്ററുകൾ എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മിച്ചുവരുന്നു. ഇതോടൊപ്പം ഒരു പ്രദേശത്തെ ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ അതിനുള്ള ആസൂത്രണം നീർത്തടാടിസ്ഥാനത്തിലാകണം നടപ്പിലാക്കേണ്ടത്. ഇത് ഉൾക്കൊണ്ടുകൊണ്ട് ഹരിത കേരളം മിഷന്റെ

ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി സംയോജിത നീർത്തട പ്ലാനുകൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കി, അതിൻപ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കുളങ്ങൾ ശുചീകരിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുക, ചെറുതോടുകൾ ശുചിയാക്കി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകൾ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ലുവച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന പ്രദേശത്തെ ജലനിരപ്പ് ഉയർത്തി ജലക്ഷാമം നേരിടുന്നതിന് സഹായിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും ഭൂജല ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികളും വരൾച്ച ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷം ഭൂജല വകുപ്പിന് 3 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻകീഴിൽ അനുവദിച്ചിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 46 എണ്ണം ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതി, 82 കുഴൽക്കിണർ നിർമ്മാണം, 180 എണ്ണം ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 193 എണ്ണം കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 12 ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതി, 22 കുഴൽക്കിണർ നിർമ്മാണം, 178 ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 82 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. 14254 ഉപഭോക്തൃ കുടുംബങ്ങൾക്കും മൂന്ന് സ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതി വഴി പ്രയോജനം ലഭിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. രൂക്ഷമായ വരൾച്ചയെ നേരിടുന്നതിനായി ചീഫ് എഞ്ചിനീയർ പ്രോജക്ട് 1 കാര്യാലയത്തിന് കീഴിലുള്ള പഴശ്ശി, കുറ്റ്യാടി, കാരാപ്പുഴ, മലമ്പുഴ, പോത്തുണ്ടി, കാഞ്ഞിരപ്പുഴ വാളയാർ, ചുള്ളിയാർ, മീങ്കര എന്നീ ഡാമുകളിൽ 2020 മേയ് മാസം വരെയുള്ള കുടിവെള്ള ആവശ്യത്തിനുള്ള ജലം കരുതൽ ശേഖരമായി സൂക്ഷിച്ചിട്ടുണ്ട്.

വേനൽക്കാലത്ത് ജല ലഭ്യത കുറവുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ താല്ക്കാലിക തടയണകൾ നിർമ്മിച്ച് ജല ലഭ്യത കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കരമന, നെയ്യാർ എന്നീ നദികളിൽ സ്ഥായിയായതും താല്ക്കാലികവുമായ തടയണയുടെ

നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ കുളത്തൂപ്പുഴയാറിലും ഇത്തിക്കരയാറിലും തടയണയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലടയാറ്റിൽ സ്ഥായിയായ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. പത്തനംതിട്ടയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ ഇൻടേക്ക് വെല്ലിനുസമീപം താൽകാലിക തടയണ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കോട്ടയം ജില്ലയിലെ പാല ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സിൽ താല്ക്കാലിക തടയണ പണിത് ജലം സംഭരണ കിണറുകളിൽ എത്തിക്കുന്നതിനായി പദ്ധതിയുണ്ട്.

കാസർഗോഡ് ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സുകളായ കാര്യങ്കോട് പുഴയിലും ചെറിയപുഴയിലും തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ജില്ലയിലെ തന്നെ കരിച്ചേരി പുഴയിലും ഉപ്പള പുഴയിലും ഷിറിയ പുഴയിലും തടയണകൾ നിർമ്മിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി ബാരേജ് ഉപയോഗിക്കുന്നു. ജില്ലയിലെ തന്നെ മറ്റ് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ അഞ്ചരക്കണ്ടി പുഴയിൽ തടയണ നിലവിലുണ്ട്. കോഴിക്കോട് ജില്ലയിൽ വിവിധ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സുകളിൽ രണ്ടും വയനാട് ജില്ലയിൽ നാല് തടയണകളും നിലവിലുണ്ട്.

മലപ്പുറം ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സുകളായ ചാലിയാർ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, തൂതപ്പുഴ എന്നിവയിൽ സ്ഥിരം തടയണകളുണ്ട്.

പാലക്കാട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ ഒരു ചെക്ക് ഡാം നിർമ്മിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ തൂതപ്പുഴയ്ക്കും കരിമ്പുഴയ്ക്കും കുറുകേ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് കെ.ആർ.ഡബ്ല്യൂ.എസ്.എ. ജലനിധി രണ്ടാം ഘട്ട പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ജലസുരക്ഷാ മാർഗ്ഗരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജലസുരക്ഷാ പ്ലാൻ പ്രകാരം കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof Water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കിയ 2169 പദ്ധതിയിലൂടെ ജലവിതരണം നടത്തിവരുന്നു. ജലനിധി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയതിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത 924 പദ്ധതികൾ പുനരുദ്ധരിച്ച് കാര്യക്ഷമ

മാക്കുന്നതിനുള്ള പ്രവൃത്തികൾ State Plan Fund ഉപയോഗിച്ച് ചെയ്തുവരുന്നു. ലഭ്യമായ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ചും ജലഉപഭോഗം നിയന്ത്രിച്ചും കടുത്ത ജലക്ഷാമം നേരിടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ജലനിധി പദ്ധതിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മൈനർ ഇറിഗേഷൻ സെൻസസ്സിന്റെ ഭാഗമായി സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ വിവരശേഖരണം നടന്നുവരുന്നു. കുടിവെള്ള സ്രോതസ്സുകളായി ഉപയോഗപ്പെടുത്തുന്ന കുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ വിവരം ശേഖരിക്കുവാനുള്ള നടപടി കേരള ജല അതോറിറ്റി സ്വീകരിച്ചുവരുന്നു. കുടിവെള്ള പദ്ധതികൾക്കായി ജലമെടുക്കുന്ന സ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി കമ്പി വേലി കെട്ടുകയും കുടിവെള്ള സ്രോതസ്സാണെന്നും മലിനീകരിക്കുന്നത് ശിക്ഷാർഹമാണെന്നുമുള്ള പരസ്യ ബോർഡുകൾ ജല അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ചില സ്ഥലങ്ങളിൽ സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ക്യാമറ നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ കീഴിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കുകയും അതുവഴി ഭൂഗർഭ ജലവിതാനം ഉയർത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ജലലഭ്യതയും മാലിന്യമുക്തവുമായ പാറമടകൾ കണ്ടെത്തി അവയിലെ ജലം നേരിട്ട് കുടിവെള്ളത്തിനായി ഉപയോഗിക്കുന്നതിനുപകരം ഭൂഗർഭപരിപോഷണം നടത്തി പ്രദേശത്തെ ജലവിതാനം ഉയർത്തുന്നതാകും കൂടുതൽ ഉചിതം. ഇതുവഴി പാറമടകളിലെ ജലം ശുദ്ധീകരിക്കപ്പെടും. കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കിയ ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഇത്തരം പ്രവൃത്തികൾ മുഖേന ജലനിരപ്പ് ഉയർന്നതായി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ അനുയോജ്യ സ്ഥലങ്ങളിൽ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഹരിത കേരളം മിഷന്റെയും വിദ്യാഭ്യാസ വകുപ്പിന്റേയും നേതൃത്വത്തിൽ സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ ആരംഭിക്കുന്നതാണ്.

രൂക്ഷമായ വേനൽ അനുഭവപ്പെട്ടിട്ടുള്ള മുൻ വർഷങ്ങളിൽ പരമ്പരാഗത സ്രോതസ്സുകളിൽ ജലം വറ്റുകയും മറ്റ് സ്രോതസ്സുകളിലെ ജലം വിതരണ ശൃംഖല വഴി എത്തിചേർക്കുവാൻ കഴിയാതെ വരുന്ന അവസരങ്ങളിൽ ആവശ്യമായ താൽകാലിക ശുദ്ധീകരണ പ്രക്രിയയിലൂടെ പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകളെ ആശ്രയിച്ച് ചില സ്ഥലങ്ങളിൽ ജലവിതരണം നടത്തിയിരുന്നു.

ഉപയോഗ ശൂന്യമായതും എന്നാൽ ജല ലഭ്യതയുള്ളതുമായ 269 ക്വാറികൾ ജില്ലാ കളക്ടർമാർ മുഖേന കണ്ടെത്തിയിട്ടുണ്ട്. ആയതിൽ ഗതാഗത മാർഗ്ഗമുള്ളതും മതിയായ അളവിൽ ജല ലഭ്യതയുള്ളതും ശുദ്ധീകരിച്ച് വിതരണം നടത്തുവാൻ സാങ്കേതികമായി സാധ്യതയുള്ളവയെ കണ്ടെത്തി ഗുണനിലവാരം പരിശോധി ക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട്, പാലക്കാട് ജില്ലയിൽ നടത്തിയ ഗുണനിലവാര പരിശോധനയിൽ ഇവ ശുദ്ധീകരണ പ്രക്രിയ വഴി കുടിവെള്ള ആവശ്യത്തിന് വിതരണ യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

## ഗ്രാമീണ മേഖലയിൽ പൈപ്പ് ലൈൻ വഴി കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി

195 (2473) ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. കെ. ആൻസലൻ :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി, ഗ്രാമീണ കുടിവെള്ള വിതരണ ശുചീകരണ ഏജൻസി എന്നിവ വഴി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ എത്ര ശതമാനം വീടുകൾക്ക് പൈപ്പുലൈൻ വഴി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) നിർമ്മാണം പൂർത്തിയായ വിവിധ പദ്ധതികളിലെ ജലലഭ്യത വിനിയോഗിക്കുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നടക്കുന്നുണ്ടോ; കിഫ്ബി വഴിയുള്ള ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തി യിരുന്നോ;

(സി) ജനസാന്ദ്രത കുറഞ്ഞതും താരതമ്യേന ജലലഭ്യതയുള്ളതുമായ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ വഴി ജലം എത്തിക്കുന്നതിന്റെ അധികച്ചെലവ് പരിഗണിച്ച് ശാസ്ത്രീയ രീതിയിലുള്ള കിണർ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കേന്ദ്ര സർക്കാർ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള വിഹിതം കുറച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ ഭവനങ്ങളിലെല്ലാം കുടിവെള്ള മെത്തിക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുള്ള ജൽ ജീവൽ മിഷന്റെ ധന പങ്കാളിത്തം, നടത്തിപ്പ്, മറ്റ് വ്യവസ്ഥകൾ തുടങ്ങിയവയുൾപ്പെടുന്ന പദ്ധതിരേഖ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഏകദേശം 22 ശതമാനം വീടുകൾക്കും 2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ട പദ്ധതിയിലൂടെയും 2012-19 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാംഘട്ട പദ്ധതിയിലൂടെയും 6.99% വീടുകൾക്കും പൈപ്പ് ലൈൻ വഴി കുടിവെള്ള കണക്ഷനിലൂടെ ശുദ്ധജലം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് പൂർണ്ണതോതിൽ ഉപയോഗക്ഷമമാക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. കൂടാതെ ജലനിധി പദ്ധതികൾ ജനപങ്കാളിത്തത്തോടെ ആവശ്യാധിഷ്ഠിതമായി രൂപകല്പന പ്രകാരം മുഴുവൻ ഘടകങ്ങളും (ഹൗസ് കണക്ഷൻ ഉൾപ്പെടെ) പൂർത്തിയാക്കിയാണ് കമ്മീഷൻ ചെയ്യുന്നത്. കിഫ്ബി വഴി നടപ്പിലാക്കുന്ന ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ പുരോഗതി കേരള വാട്ടർ അതോറിറ്റി, കിഫ്ബി, സംസ്ഥാന സർക്കാർ എന്നീ തലങ്ങളിൽ വിശദമായി വിലയിരുത്തുന്നുണ്ട്.

(സി) നിലവിൽ ഭൂജല വകുപ്പിൽ പ്ലാൻ ഫണ്ടിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് ഫണ്ടിലോ ഉൾപ്പെടുത്തി ഭൂജല വകുപ്പിൽനിന്നും ശാസ്ത്രീയ പഠനം നടത്തി ജലലഭ്യത അനുസരിച്ച് കുഴൽക്കിണർ ജലസ്രോതസ്സായിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 25 മുതൽ 100 കുടുംബങ്ങൾക്ക് വരെ ഇത്തരം പദ്ധതി ഗുണപ്രദമാകുന്നുണ്ട്.

(ഡി) ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ധനപങ്കാളിത്തം, നടത്തിപ്പ്, മറ്റ് വ്യവസ്ഥകൾ എന്നിവ വിശദമാക്കുന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2024-ഓടുകൂടി മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന നിരക്കിൽ ശുദ്ധജലമെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാർഗ്ഗരേഖ പ്രകാരം 50:50 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലമെത്തിക്കാൻ കേന്ദ്ര പദ്ധതികൾ

196 (2474) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കാൻ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) നിലവിലെ കണക്കുകൾ പ്രകാരം ശുദ്ധജല വിതരണം പൂർത്തിയാക്കിയ ഗ്രാമീണ ഭവനങ്ങൾ എത്ര ശതമാനമാണ്;

(സി) മുഴവൻ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിന് എന്നത്തേക്ക് സാധ്യമാകുമെന്നും ഇതിനാവശ്യമുള്ള കേന്ദ്ര ഫണ്ട് ലഭ്യമാകുമോയെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി ശുദ്ധജലമെത്തിക്കാൻ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി.

(ബി) നിലവിൽ ഗ്രാമീണ മേഖലയിൽ കേരള ജല അതോറിറ്റി മുഖേന ഏകദേശം 22 ശതമാനവും വീടുകളിൽ പൈപ്പ് വഴി ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. ഇതിനുപുറമേ ജലനിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾകൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് 33 ശതമാനത്തോളം വീടുകളിൽ പൈപ്പ് വഴി ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്.

(സി) 2024-ഓടുകൂടി മുഴവൻ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന നിരക്കിൽ ശുദ്ധജലമെത്തിക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിഹിതം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധതരം കുടിവെള്ള പദ്ധതികൾക്ക് അനുവദനീയമായ പദ്ധതി വിഹിതം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പദ്ധതിച്ചെലവിന്റെ 50% കേന്ദ്രവിഹിതമായി ലഭിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി ഇനിയും ഏകദേശം 45 ലക്ഷത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ പുതിയതായി നൽകേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലേയ്ക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

1. നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും പരമാവധി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുക.

2. വിതരണ ശൃംഖലയുടെ അഭാവം കാരണം ഉപയോഗക്ഷമമല്ലാതെ നിലവിലുള്ള പദ്ധതികളിൽ വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുക.

3. കുടിവെള്ള പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിൽ സ്രോതസ്സ് കണ്ടെത്തി പുതിയ പദ്ധതികൾ നടപ്പിലാക്കുക.

മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏകദേശം 35,000 കോടി രൂപ വേണ്ടിവരുമെന്നാണ് പ്രാഥമിക വിലയിരുത്തലുകളനുസരിച്ച് പ്രതീക്ഷിക്കുന്നത്. എന്നാൽ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ചെലവും ലഭ്യമാകുന്ന കേന്ദ്ര വിഹിതവും സംബന്ധിച്ച് വ്യക്തത വരുകയുള്ളൂ.

മേൽ പദ്ധതി കേരള വാട്ടർ അതോറിറ്റി, ജലനിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾവഴി സംയുക്തമായി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട്, മനുഷ്യവിഭവശേഷി ഉൾപ്പെടെയുള്ള മറ്റടിസ്ഥാന സൗകര്യങ്ങൾ, റോഡ് കട്ടിംഗ് അനുമതി ഉൾപ്പെടെ മറ്റ് വകുപ്പുകളിൽനിന്നാവശ്യമായ അനുമതികൾ എന്നിവ സമയബന്ധിതമായി ഉറപ്പായാൽ മാത്രമേ 2024-ഓടുകൂടി പദ്ധതി ലക്ഷ്യം കൈവരിക്കാനാകുകയുള്ളൂ.

## കൂടുതൽ സ്ഥലത്ത് കുപ്പിവെള്ള പ്ലാന്റുകൾ

197 (T2475) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതുതായി ആരംഭിച്ച കുപ്പിവെള്ള നിർമ്മാണ പദ്ധതിയിൽ വെള്ളത്തിന് നിശ്ചയിച്ച റീട്ടയിൽ വില എത്രയാണ്;

(ബി) സർക്കാരിന് കീഴിലുള്ള ഏത് സ്ഥാപനമാണ് ഈ പദ്ധതിയുടെ ചുമതല നിർവ്വഹിക്കുന്നത്;

(സി) ഇപ്പോൾ പ്രതിദിനം എത്ര ലിറ്റർ കുപ്പിവെള്ളമാണ് പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്നത്; കൂടുതൽ സ്ഥലത്ത് പ്ലാന്റുകൾ ആരംഭിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ഡി) ഇപ്പോൾ എത്ര ജില്ലകളിൽ ആണ് ഇത് വിതരണം ചെയ്യുന്നത്; വിശദമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) 2-3-2020-ലെ സ.ഉ.(അച്ചടി) നമ്പർ 5/2020/ഭ.പൊ.വി.വ. പ്രകാരം സർക്കാർ കുപ്പിവെള്ളത്തിന് റീട്ടെയിൽ വില 13 രൂപയായി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനമാണ് ചുമതല വഹിക്കുന്നത്.

(സി) 50000 (അൻപതിനായിരം) ലിറ്റർ കുപ്പിവെള്ളം പ്രതിദിനം ഇടുക്കി ജില്ലയിലെ തൊടുപുഴ പ്ലാന്റിൽനിന്നും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ ആലുവ, കോഴിക്കോട്, കാട്ടാക്കട എന്നിവിടങ്ങളിൽക്കൂടി കുപ്പിവെള്ളത്തിന്റെ പുതിയ പ്ലാന്റുകൾ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

(ഡി) കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ 4 ജില്ലകളിലൊഴികെ ബാക്കിയുള്ള ജില്ലകളിൽ KIIDC കുപ്പിവെള്ളം വാണിജ്യാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നുണ്ട്.

**വായ്പാ കാലാവധി കഴിഞ്ഞ ജപ്പാൻ കുടിവെള്ള പദ്ധതി**

198 (2476) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാലാവധി കഴിഞ്ഞിട്ടും കോടികൾ മുടക്കി ഓഫീസും ജീവനക്കാരെയും നിലനിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പാ കാലാവധി കഴിഞ്ഞ പ്രസ്തുത പദ്ധതിയിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാൻ നപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയുടെ ഫലമായി സംസ്ഥാനത്ത് നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടോ;

(ഡി) പൂർത്തിയാകാത്ത പദ്ധതികൾ നിലവിലുണ്ടോ; ഇവയുടെ നടത്തിപ്പ് സർക്കാർ ഏറ്റെടുക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാലാവധി കഴിഞ്ഞശേഷം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാരെയെല്ലാം ഇതിനകം പുനർവിന്യസിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ ഭാഗമായുള്ള തുടർ പ്രവൃത്തികൾ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിലേയ്ക്കായി, ADB പ്രോജക്ടിന്റെ പ്രവൃത്തികൾ നടത്തുന്നതിനായി നിയോഗിക്കപ്പെട്ട, ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള 15 സ്റ്റാഫുകൾക്ക് JICA പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾക്കുള്ള അധിക ചുമതലകൂടി നൽകിയിട്ടുണ്ട്.

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട, കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി 14-3-2013-ലും ചേർത്തല പദ്ധതി 3-1-2012-ലും തിരുവനന്തപുരം പദ്ധതി 18-5-2010-ലും കൊല്ലം ജില്ലയിലെ മീനാട് പദ്ധതി 24-2-2011 -ലും കോഴിക്കോട് പദ്ധതി 27-2-2012- ലും കമ്മീഷൻ ചെയ്തു.

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന പണികളായ മീനാട് പദ്ധതിയിൽ ഉൾപ്പെട്ട വിതരണ ശൃംഖലയുടെ ബാക്കി പണികളും കോഴിക്കോട് പദ്ധതിയിൽ ഉൾപ്പെട്ട വിതരണ ശൃംഖലയുടെ ബാക്കി പണികളും ഇപ്പോൾ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

**ജൽജീവൻ മിഷനിൽ പുതിയ കുടിവെള്ള പദ്ധതികൾ**

199 (2477) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയിൽ പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) തൊടുപുഴ നിയോജകമണ്ഡലത്തിലെ മുട്ടം, കരിങ്കുന്നം, കുമാരമംഗലം ഗ്രാമപഞ്ചായത്തുകളിൽ മുമ്പ് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും ശുദ്ധജലം എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.

ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

- കുടിവെള്ള കണക്ഷനുകളുടെയും മറ്റ് സ്രോതസ്സുകളുടെയും ശരിയായ കണക്കെടുത്ത് ജിയോ ടാഗ് ചെയ്യുക.
- നിലവിൽ കണക്കിൽപ്പെടാത്ത കണക്ഷനുകളുണ്ടെങ്കിൽ അവയെ ക്രമീകരിക്കുക.
- നിലവിലെ പദ്ധതികൾ പൂരിതാവസ്ഥയിൽ എത്തിക്കുക.
- നിലവിൽ നിർമ്മാണത്തിലുള്ള പദ്ധതികളിൽ വിതരണശൃംഖല പൂർത്തിയാക്കി കണക്ഷനുകൾ നൽകുക.
- വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുകയും ഇതുവഴി ലഭിക്കുന്ന ജലം ഉപയോഗപ്പെടുത്തി അധിക കണക്ഷനുകൾ നൽകുകയും ചെയ്യുക.
- സമഗ്ര ജലവിതരണ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിൽനിന്നുള്ള ജലം ഉപയോഗപ്പെടുത്തി പഞ്ചായത്തുകൾക്ക് ബൾക്ക് വാട്ടർ സപ്ലൈ സംവിധാനത്തിലൂടെ ജലവിതരണം നടപ്പാക്കുക.
- ജലദൗർലഭ്യമുള്ളതും ദീർഘനാളായി ടാങ്കറുകളിൽ കുടിവെള്ളം നൽകുന്നതുമായ സ്ഥലങ്ങളിൽ പുതിയ കുടിവെള്ള വിതരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

ജൽജീവൻ മിഷന്റെ ആദ്യഘട്ടമായി ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിതരണ ശൃംഖലകളിൽനിന്ന് കണക്ഷനുകൾ നൽകുന്നതിനും ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിനുമുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടുത്ത ഘട്ടത്തിൽ പുതിയ കുടിവെള്ള പദ്ധതികൾ പരിഗണിക്കുന്നതാണ്.

(ബി) തൊടുപുഴ നിയോജകമണ്ഡലത്തിലെ മുട്ടം, കരിങ്കുന്നം, കുടയത്തൂർ (പാർട്ട്) ഗ്രാമപഞ്ചായത്തുകളിൽ മുമ്പ് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കുന്നതിനും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ മുമ്പ് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കുന്നതിനും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പത്ത് ലക്ഷം വീടുകളിൽ പൈപ്പ് വഴി കുടിവെള്ളം

200 (2478) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തിനുള്ളിൽ പത്ത് ലക്ഷം വീടുകളിൽ പൈപ്പ് വഴി കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഇതിനായി എന്ത് തുക ചെലവ് വരും; പ്രസ്തുത തുക എപ്രകാരം കണ്ടെത്തുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതിനകം എത്ര കുടുംബങ്ങൾക്ക് പൈപ്പ് വഴി കുടിവെള്ളം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ഡി) വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇതിനായി ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന നിരക്കിൽ ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ജൽ ജീവൻ മിഷൻ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിഹിതം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. നിലവിലെ കണക്കുപ്രകാരം സംസ്ഥാനത്ത് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി ഇനിയും ഏകദേശം 45 ലക്ഷത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ പുതിയതായി നൽകേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലേയ്ക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

1. നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും പരമാവധി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുക.

2. വിതരണ ശൃംഖലയുടെ അഭാവം കാരണം ഉപയോഗക്ഷമമല്ലാത്ത നിലവിലുള്ള പദ്ധതികളിൽ വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുക.

3. കുടിവെള്ള പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിൽ സ്രോതസ്സ് കണ്ടെത്തി പുതിയ പദ്ധതികൾ നടപ്പിലാക്കുക.

മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏകദേശം 35,000 കോടി രൂപ വേണ്ടിവരുമെന്നാണ് പ്രാഥമിക വിലയിരുത്തലുകളനുസരിച്ച് പ്രതീക്ഷിക്കുന്നത്. എന്നാൽ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ചെലവും ലഭ്യമാകുന്ന കേന്ദ്ര വിഹിതവും സംബന്ധിച്ച വ്യക്തത വരികയുള്ളൂ. മേൽ പദ്ധതി കേരള വാട്ടർ അതോറിറ്റി, ജലനിധി, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾവഴി സംയുക്തമായി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട്, ആവശ്യമായ മനുഷ്യവിഭവശേഷി ഉൾപ്പെടെയുള്ള മറ്റടിസ്ഥാന സൗകര്യങ്ങൾ, റോഡ് കട്ടിംഗ് അനുമതി ഉൾപ്പെടെ മറ്റ് വകുപ്പുകളിൽ നിന്നാവശ്യമായ അനുമതികൾ എന്നിവ സമയബന്ധിതമായി ഉറപ്പായാൽ ഇതിനടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിലെ കണക്കുപ്രകാരം സംസ്ഥാനത്ത് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി ഇനിയും ഏകദേശം 45 ലക്ഷത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ പുതിയതായി നൽകേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി ഏകദേശം 35,000 കോടി രൂപ വേണ്ടിവരുമെന്നാണ് പ്രാഥമിക വിലയിരുത്തലുകളനുസരിച്ച് പ്രതീക്ഷിക്കുന്നത്. ഇതിനുപുറമേ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട്, ആവശ്യമായ മനുഷ്യവിഭവശേഷി ഉൾപ്പെടെയുള്ള മറ്റടിസ്ഥാന സൗകര്യങ്ങൾ, റോഡ് കട്ടിംഗ് അനുമതി ഉൾപ്പെടെ മറ്റ് വകുപ്പുകളിൽ നിന്നാവശ്യമായ അനുമതികൾ എന്നിവയും സമയബന്ധിതമായി ഉറപ്പായാൽ അതിനനുസരിച്ച് വാർഷിക പദ്ധതി തയ്യാറാക്കുന്നതാണ്.

2019-20 സാമ്പത്തിക വർഷം ജൽ ജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര വിഹിതം 248.76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ജൽ ജീവൻ മിഷൻ പദ്ധതിക്കായി സംസ്ഥാന

വിഹിതമായി ആകെ 400 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവിധ ശീർഷകങ്ങളിലായി ഗ്രാമീണ കുടിവെള്ള മേഖലയിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന ഫണ്ട് ഏകോപിപ്പിച്ച് ജൽ ജീവൻ മിഷൻ പദ്ധതിയുടെ സംസ്ഥാനവിഹിതം കണ്ടെത്തുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ന്യൂനപക്ഷ ക്ഷേമവകുപ്പ്, തീരദേശ വികസന വകുപ്പ്, എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് മുതലായവയും ഉൾപ്പെടുന്നു. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റി, കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ മുതലായ ശീർഷകങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ജൽ ജീവൻ മിഷന്റെ ഭാഗമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതുവഴി പരമാവധി തുക കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതിനകം 740364 കുടുംബങ്ങൾക്ക് പൈപ്പ് വഴി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം BIS Standard- IS 10500/2012 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഉറപ്പാക്കിയാണ് ജനങ്ങളിലെത്തിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ജലഗുണനിലവാര പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബുകളിലെ ഉദ്യോഗസ്ഥർ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ കുടിവെള്ളത്തിലെ കീടനാശിനികളുടേയും ഘനലോഹങ്ങളുടേയും സാന്നിദ്ധ്യമുൾപ്പെടെയുള്ള ഘടകങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ നിലവിലുണ്ട്. ഇപ്രകാരമുള്ള പരിശോധനാ ഫലങ്ങൾ ലബോറട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (LIMS) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സൂക്ഷിച്ചുവരുന്നുണ്ട്.

നിലവിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടില്ല.

## മലപ്പുറം, പാലക്കാട് ജില്ലകളിൽ കുടിവെള്ളമെത്തിക്കാൻ സ്ഥിരം സംവിധാനം

201 (2479) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, പാലക്കാട് ജില്ലകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ഏതെല്ലാം ജലസ്രോതസ്സുകളെയാണ് ആശ്രയിച്ചു വരുന്നത്; വിശദമാക്കുമോ;

(ബി) ഭൂഗർഭ ജലസ്രോതസ്സുകളിൽനിന്നും പ്രസ്തുത ജില്ലകളിലേക്ക് കൂടുതൽ കുടിവെള്ളമെത്തിക്കാൻ പര്യാപ്തമായ തരത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ കുടിവെള്ള വിതരണത്തിന് പ്രധാനമായും ആശ്രയിക്കുന്ന ജലസ്രോതസ്സുകൾ ചാലിയാർ, ഭാരതപ്പുഴ, തൂതപ്പുഴ, കടലുണ്ടിപ്പുഴ എന്നിവയാണ്. ഇവയിൽ ഏറ്റവും കൂടുതൽ കുടിവെള്ള പദ്ധതികൾ കടലുണ്ടിപ്പുഴയെ ആശ്രയിച്ചാണ്.

ചിറ്റൂർ പുഴ, ഭാരതപ്പുഴ, ഗായത്രിപ്പുഴ, കണ്ണാടിപ്പുഴ, തൂതപ്പുഴ, പറമ്പിക്കുളം റിസർവോയർ, മലമ്പുഴ ഡാം, പോത്തുണ്ടി ഡാം, മീങ്കര ഡാം തുടങ്ങിയവയാണ് പാലക്കാട് ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി ആശ്രയിക്കുന്ന ജലസ്രോതസ്സുകൾ.

(ബി) കേരള വാട്ടർ അതോറിറ്റി മുഖ്യമായും ആശ്രയിക്കുന്ന കുടിവെള്ള സ്രോതസ്സ് നദികളും തടാകങ്ങളുമാണ്. ചെറുകിട കുടിവെള്ള പദ്ധതികളിൽ കുളങ്ങളെയും ഭൂഗർഭ സ്രോതസ്സുകളെയും ആശ്രയിക്കുന്നു. ഉപരിതല സ്രോതസ്സുകളിലെ ജല ലഭ്യത അപ്പപ്പോൾ ലഭിക്കുന്ന മഴയെ ആശ്രയിച്ചാണ്. ജലസംഭരണികളുള്ള നദികളിൽ വേനൽക്കാലത്ത് സംഭരണിയിലുള്ള ജലശേഖരം ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നു. സംഭരണികൾ ഇല്ലാത്ത ഉപരിതല സ്രോതസ്സുകളിൽ ജലത്തിന്റെ നീരൊഴുക്ക് കുറയുന്ന സാഹചര്യത്തിൽ താൽക്കാലിക തടയണ നിർമ്മിച്ച് ജലം ശേഖരിച്ച് ഉപയോഗിക്കുന്നു. കൂടാതെ സ്രോതസ്സുകളിലെ മണ്ണും ചെളിയും നീക്കിയും പമ്പിംഗ് തടസ്സംവരാതെ ജലലഭ്യത ഉറപ്പുവരുത്തുന്നു. സാധാരണ ചെറുകിട കുടിവെള്ള പദ്ധതികൾ മറ്റ് ഉപയോഗപ്രദമായ ഉപരിതല സ്രോതസ്സ് ഇല്ലാത്തിടത്താണ് ഭൂഗർഭ സ്രോതസ്സുകളെ ആശ്രയിക്കുന്നത്. ഭൂഗർഭ ജലനിരപ്പ് വേനൽ ക്കാലത്ത് താഴ്ന്ന അവസ്ഥയാണ് നിലവിലുള്ളത്. ഉപരിതല സ്രോതസ്സുകൾ നീരൊഴുക്ക് നിൽക്കുന്ന അവസ്ഥ സംജാതമാകുമ്പോൾ തൊട്ടടുത്ത് ഭൂഗർഭ സ്രോതസ്സുകളിൽ മതിയായ ജലലഭ്യതയുണ്ടെങ്കിൽ നിലവിലുള്ള പദ്ധതിയിലെ പൈപ്പ് ലൈൻ ജല ലഭ്യതയില്ലാത്ത പദ്ധതി പ്രദേശങ്ങളുമായി കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ടി ഇന്റർകണക്ഷൻ വേനൽക്കാലത്ത് മാത്രമായി ഉപയോഗപ്പെടുത്തുന്നതുവഴി കുടിവെള്ളം ഒരു പരിധിവരെ തടസ്സപ്പെടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. മലപ്പുറം, പാലക്കാട് ജില്ലയിൽ ഉപരിതല സ്രോതസ്സ് വറ്റുന്ന പ്രദേശത്ത് ഭൂഗർഭ ജലലഭ്യതയുള്ള പ്രദേശങ്ങൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ കണ്ടെത്തി കുടിവെള്ളം വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതി രൂപീകരിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി പുതിയ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

202 (2480) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിരൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കുടിവെള്ള വിതരണം ഉറപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ ജലവിതരണം നടത്തുന്ന സ്ഥലങ്ങളിൽ അതിരൂക്ഷമായ ജലദൗർലഭ്യം ഇപ്പോൾ അനുഭവപ്പെടുന്നില്ല. എന്നാൽ വേനൽ രൂക്ഷമാവുകയും വേനൽ മഴ ലഭിക്കാതെ വരികയും ചെയ്താൽ ചില സ്ഥലങ്ങളിൽ രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെട്ടേക്കും. സംസ്ഥാനത്ത് വേൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ഉറപ്പാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ജലലഭ്യത കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തിയും ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ചും ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചും കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തിയും പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിയും ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചും ജല ശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളും വിതരണശൃംഖല ശക്തിപ്പെടുത്തലും ഘട്ടം ഘട്ടമായി നടപ്പാക്കിയും ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തിയും അടിയന്തര

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിംഗ് പോയിന്റുകൾ അറ്റകുറ്റപണി നടത്തി പ്രവർത്തനക്ഷമമാക്കിയുമാണ് വേനലിൽ കുടിവെള്ള വിതരണം ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ ഉപേക്ഷിച്ച പാറമടകൾപോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തി ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം ആവശ്യാനുസരണം നടത്താനും ഉദ്ദേശിക്കുന്നുണ്ട്.

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ നീക്കിവച്ച തുക

203 (2481) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാർച്ച്, ഏപ്രിൽ മാസങ്ങളിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അതിജീവിക്കുന്നതിനുള്ള നടപടികൾക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വരൾച്ച സമയത്ത് റവന്യൂ അധികൃതർ നടത്തുന്ന കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി എല്ലാവിധ സജ്ജീകരണങ്ങളും ചെയ്യാറുണ്ട്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചായതിനാൽ വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്താനായി ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുവാൻ താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. കൂടാതെ ജലസ്രോതസ്സുകളിൽ ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം തടയാനും വേനൽക്കാലത്ത് താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. വേനൽ രൂക്ഷമാകുമ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിനും റവന്യൂ വകുപ്പിനും ടാങ്കറിൽ ജലം എടുക്കുവാനായി പ്രത്യേക വെൻഡിംഗ് പോയിന്റുകൾ സ്ഥാപിക്കാറുണ്ട്. ഇതുകൂടാതെ പ്രാദേശിക സാഹചര്യം മുൻനിർത്തി സ്രോതസ്സിലെ മണ്ണും ചെളിയും നീക്കംചെയ്യൽ, നീരൊഴുക്ക് വർദ്ധിപ്പിക്കുവാനായി ചാനൽ കീറൽ എന്നിവയൊക്കെ ആവശ്യാനുസരണം നടത്തി ജലസ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പുവരുത്താറുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ട്, ദുരന്ത പ്രതികരണ നിധി എന്നിവയിൽനിന്നുള്ള തുക ഉപയോഗിച്ചാണ് ഇത്തരം പ്രവൃത്തികൾ വാട്ടർ അതോറിറ്റി നടത്തിവരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും വരൾച്ച ദുരിതാശ്വാസ പദ്ധതി ഇനത്തിൽ കുടിവെള്ള സ്കീമുകളുടെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് 22.15 കോടി രൂപ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

## വേനൽക്കാലത്ത് ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി

204 (2482) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കടുത്ത വേനലിൽ കുടിവെള്ളവിതരണം തടസ്സപ്പെടാതിരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ കുടിവെള്ള ശേഖരണ ഉറവിടം വേനൽക്കാലത്ത് വറ്റിപ്പോകുന്നത് കുടിവെള്ള വിതരണത്തിന് പ്രതിസന്ധി ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികളുടെ സമീപമുള്ള താൽക്കാലിക ഉറവിടങ്ങളിൽ നിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം നടത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ജലലഭ്യത കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകൾ സംരക്ഷിച്ചും ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ചും ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചും കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തിയും പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിയും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചും ജല ശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളും വിതരണശൃംഖല ശക്തിപ്പെടുത്തലും ഘട്ടം ഘട്ടമായി നടപ്പാക്കിയും ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തിയും അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ

ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയുമാണ് വേനലിൽ കുടിവെള്ള വിതരണം ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഉപേക്ഷിച്ച പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തി ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം നടത്തുകയും ചെയ്യുക എന്നിവയും ആവശ്യാനുസരണം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ ജലസംഭരണികളില്ലാത്ത കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി അതോറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ സ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ചും ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി വാട്ടർ അതോറിറ്റിയുടെ ഇൻടേക് പോയിന്റിൽ എത്തിച്ചും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ബാരേജ്, റെഗുലേറ്റർ എന്നിവയിൽ ഷട്ടറിട്ട് ജല സംഭരണം ഉറപ്പാക്കിയും ജല ലഭ്യത കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതികളുടെ സമീപമുള്ള താൽക്കാലിക ഉറവിടങ്ങളിൽനിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം നടത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പിന്റെ പരിഗണനയിലുണ്ട്. ഉപേക്ഷിച്ച പാറമടകൾ, കുളങ്ങൾപോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജല വിതരണം നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. ഉപയോഗശൂന്യമായ ക്വാറികളിലെ ജല ലഭ്യതയും ആയതിലെ ജലത്തിന്റെ ഗുണനിലവാര പരിശോധനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂജല വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ**

205 (2483) ശ്രീ. പി. കെ. ശശി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല സ്രോതസ്സുകളുടെ പരിപാലനത്തിനും ഭൂജല സംപോഷണത്തിനുമായി ഭൂജല വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജല വകുപ്പിന്റെ മേൽനോട്ടത്തിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭൂജലത്തിന്റെ ഗുണനിലവാരവും ഭൂജല നിരപ്പും തിട്ടപ്പെടുത്തുന്നതിനും കുഴൽ കിണറുകൾക്കായുള്ള സ്ഥാനനിർണ്ണയം ശാസ്ത്രീയമായി നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഭൂജല സംരക്ഷണം സംബന്ധിച്ചും ഭൂജലത്തിന്റെ ക്രമമായ ഉപയോഗം സംബന്ധിച്ചും എന്തെല്ലാം ബോധവൽകരണ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) " ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതിയിൻകീഴിൽ ഭൂജല സ്രോതസ്സുകളുടെ പരിപാലനവും ഭൂജല സംപോഷണവും സംസ്ഥാനത്ത് ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൻകീഴിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 127 റീചാർജ്ജ് പിറ്റ് പദ്ധതികൾ, 78 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾക്കും 12 കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, 5 ചെറിയ തടയണകൾക്കുമുള്ള അനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 80 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നു.

അമിത ചൂഷിത ബ്ലോക്കുകൾ, ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലെ ഭൂജല സംരക്ഷണ പ്രവൃത്തികൾക്ക് വകുപ്പ് മുൻഗണന നൽകിവരുന്നു. 2020-21 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

(ബി) ഭൂജല വകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും ഭൂജലലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികളും വരൾച്ചബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കി

വരുന്നു. 2019-20 സാമ്പത്തിക വർഷം 3 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 46 എണ്ണം ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതി, 82 കുഴൽക്കിണർ നിർമ്മാണം, 180 എണ്ണം ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 193 എണ്ണം കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 12 ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതി, 22 കുഴൽക്കിണർ നിർമ്മാണം, 178 ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 82 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. 14254 ഉപഭോക്തൃ കുടുംബങ്ങൾക്കും മൂന്ന് സ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതി വഴി പ്രയോജനം ലഭിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഭൂജല വകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ജലഗുണനിലവാരം പരിശോധിക്കുന്നതിനായി അനലിറ്റിക്കൽ ലാബോറട്ടറികൾ നിലവിലുണ്ട്. ഭൂജല വകുപ്പ് സംസ്ഥാനത്ത് വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽനിന്നുള്ള ജലത്തിന്റെ ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് പഠനവിധേയമാക്കി വരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ ആവശ്യാനുസരണം നിശ്ചിത ഫീസ് ഈടാക്കി കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ടും പരിഹാര മാർഗ്ഗങ്ങളും വകുപ്പ് നൽകി വരുന്നു.

ഭൂജല വകുപ്പിന്റെ ആരംഭഘട്ടം മുതൽ ഭൂജലവിതാനം നിരീക്ഷണത്തിനായി തെരഞ്ഞെടുക്കപ്പെട്ട തുറന്ന കിണറുകളിൽനിന്നുമുള്ള ജലവിതാന ഡാറ്റാ (Water Level Data) ശേഖരിച്ചുവരുന്നു. സംസ്ഥാനത്തിലെ ഭൂജല വിതാന ശൃംഖല വ്യാപിപ്പിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് ഹൈഡ്രോളജി പ്രോജക്ട് ഒന്നാം ഘട്ടത്തിൽ പീസോമീറ്ററുകൾ (ബോർവെല്ലുകൾ, ട്യൂബ് വെല്ലുകൾ) സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം നിരീക്ഷണ കിണറുകളിൽനിന്നും എല്ലാ മാസവും ഒരു പ്രാവശ്യം ജലവിതാനം നേരിട്ട് ശേഖരിച്ച് പഠനം നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (100% കേന്ദ്രാവിഷ്കൃത പദ്ധതി) മുഖാന്തരം ഹൈഡ്രോളജി പ്രോജക്ട് ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ചിട്ടുള്ള 150 നിരീക്ഷണ കിണറുകളിൽ Digital Water Level Recorder സ്ഥാപിച്ച് ജലവിതാന ഡാറ്റാ Telemetry സംവിധാനത്തിലൂടെ തത്സമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലപര്യവേക്ഷണത്തിന്റെയും വികസനത്തിന്റെയും നോഡൽ ഏജൻസിയായി ഭൂജലവകുപ്പ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, റിമോർട്ട് സെൻസിങ് എന്നീ സാങ്കേതികവിദ്യകളുടെ സഹായത്തോടെ വിവിധ തരം കിണറുകളുടെ (തുറന്ന കിണർ, ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണത്തിനുള്ള സ്ഥാനനിർണ്ണയം ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു.

(ഡി) പൊതുജനങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കായി ഭൂജലസംരക്ഷണം, വിനിയോഗം എന്നീ വിഷയങ്ങളിൽ ബോധ വൽക്കരണ സെമിനാറുകൾ ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷം 41 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തു ന്നതിനുള്ള അനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 21 ബോധവൽ ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

206 (2484) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ വേനൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധമാണോ എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ആണ്; വ്യക്തമാക്കാമോ;

(സി) നിലവിൽ ശുദ്ധജലം എത്തിക്കുന്ന ടാങ്കർ ലോറികൾക്ക് എന്തെങ്കിലും പ്രത്യേക ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കുടിവെള്ള വിതരണം ചെയ്യുന്ന വ്യക്തികൾക്ക് വാട്ടർ അതോറിറ്റിയുടെയോ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയോ ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വേനൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ജലലഭ്യത കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണകൾ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ

2. ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ച് ബാക്കിയുള്ള ജലം മാത്രം കനാലുകളിലൂടെ തുറന്ന് വിടുക.

3. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക, കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.

4. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്തുക, കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുക.

5. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളും വിതരണ ശൃംഖല ശക്തിപ്പെടുത്തലും ഘട്ടം ഘട്ടമായി നടപ്പാക്കുക.

6. ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക. അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിംഗ് പോയിന്റുകൾ ഏർപ്പെടുത്തുക.

7. ഉപേക്ഷിച്ച പാറമടകൾപോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം നടത്തുകയും ചെയ്യുക എന്നിവയാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) വാട്ടർ അതോറിറ്റിയുടെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽ ലഭ്യമായ കുടിവെള്ളത്തിന്റെ ഗുണനിലവാരം അടിക്കടി അതോറിറ്റിയുടെതന്നെ ക്വാളിറ്റി വിംഗ് പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അതോറിറ്റിയുടെ ടാങ്കർ ലോറികൾ മുഖാന്തരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ അവിഷിപ്ത ക്ലോറിൻ അളവ് നിർണ്ണയിക്കാൻ ആർ.സി.കിറ്റുകൾ നൽകിയിട്ടുണ്ട്. ഇതുവഴി അതോറിറ്റിയുടെ ടാങ്കർ വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കും.

(സി&ഡി) കേരള സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഉത്തരവ് പ്രകാരം ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് (ലൈസൻസുകൾ & രജിസ്ട്രേഷൻ) റെഗുലേഷൻ പ്രകാരം ലൈസൻസുകൾ എടുത്തിരിക്കണമെന്നും ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ള വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂവെന്നും നിഷ്കർ ഷിച്ചിട്ടുണ്ട്.

**ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം**

207(2485) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജലവിഭവ വകുപ്പ്/ജല അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇവ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റിയുടെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽകൂടി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം അടിക്കടി അതോറിറ്റിയുടെതന്നെ ഗുണനിലവാര പരിശോധന വിഭാഗം പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അതോറിറ്റിയുടെ ടാങ്കർ ലോറികൾ മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ അവക്ഷിപ്ത ക്ലോറിന്റെ അളവ് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരിശോധന കിറ്റുകൾ നൽകിയിട്ടുണ്ട്.

മറ്റ് സ്രോതസ്സുകളിൽനിന്നും സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന ചുമതല നിലവിൽ ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല.

(ബി) പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റിയുടെ ജില്ലാ ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി NABL അംഗീകാരം നേടിയെടുക്കുന്നതിന് ഊന്നൽ നൽകിവരുന്നു.

**കുടിവെള്ള മോഷണവും ചോർച്ചയും**

208(2486) ശ്രീ. മാണി. സി. കാപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ മോഷണവും ചോർച്ചയും വഴി കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഈ വിഷയം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു ;

i. പൈപ്പ് ലൈനുകൾ തകരാറിലാകുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കുക;

ii. കാലപ്പഴക്കംമൂലം തകരാറിലാകുന്ന പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുക;

iii. ജലവിതരണ ശൃംഖലയിലെ ചോർച്ച പരിഹരിക്കുന്നതിനായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുക;

iv. ഇതിനായി കഴിയുന്നത്ര ഡിവിഷൻ ഓഫീസുകളുടെ കീഴിലും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തുക;

v. ചില നഗരങ്ങളിൽ പൈപ്പ് പൊട്ടലുകൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കുക;

vi. പ്രധാന ലൈനുകളിലും ഉപലൈനുകളിലും ഉണ്ടാകുന്ന, പ്രത്യക്ഷത്തിൽ കാണപ്പെടാത്ത ചോർച്ച കണ്ടെത്തുന്നതിനായി മേഖലാടിസ്ഥാനത്തിൽ ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവ്വയലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുക;

vii. വാണിജ്യ നഷ്ടം പരിഹരിക്കുന്നതിനായി കൂടുതൽ മെച്ചപ്പെട്ട വാട്ടർ മീറ്ററുകൾ സ്ഥാപിക്കുവാനും ബില്ലിംഗ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുവാനുമുള്ള ശ്രമങ്ങൾ ആരംഭിക്കുക;

viii. ജലമോഷണം കണ്ടുപിടിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിക്കുക.

എന്നാൽ ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും അതത് ഗുണഭോക്തൃ സമിതികൾ തന്നെയാണ് നടത്തുന്നത്. ആയതിനാൽ ചോർച്ചകൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സമിതികൾ സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയായതിനാൽ കുടിവെള്ള മോഷണത്തിനുള്ള സാധ്യത വിരളമാണ്.

## കിഫ്ബി മുഖാന്തരം കേരള ജല അതോറിറ്റി പദ്ധതികൾ

209(2487) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വൈകുന്നതുമൂലം പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടാകുന്നുണ്ടോ; എങ്കിൽ അത് നീക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തുന്നത്;

(സി) കിഫ്ബി മുഖാന്തരം നടത്തുന്ന പദ്ധതികൾക്കായി ആകെ എന്ത് തുകയാണ് ഇതിനകം അനുവദിച്ചിട്ടുള്ളതെന്നും അതിൽ എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കിഫ്ബിയുടെ ധനസഹായത്തോടെ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി, വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂവുടമകൾ എന്നിവരിൽനിന്നും പെർമിസ്സീവ് സാംഗ്ഷൻ (Permissive Sanction) കിട്ടുന്നതിനും കൈമാറി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കിട്ടുന്നതിനും ഏറ്റെടുക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. ഇവ പരിഹരിക്കുന്നതിന് വകുപ്പുതലത്തിലും സർക്കാർ തലത്തിലും കിഫ്ബി തലത്തിലും അവലോകനം നടത്തി പ്രസ്തുത ഭൂമികൾ ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കിഫ്ബി മുഖാന്തരം നടത്തുന്ന പദ്ധതികൾക്കായി നാളിതുവരെ 4351.552 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. അതിൽ നാളിതുവരെ 539 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി

210(2488) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണോ കടന്നു പോകുന്നതെന്നറിയിക്കാമോ; എങ്കിൽ അത് മറികടക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് അതോറിറ്റി പരിഗണിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ജല അതോറിറ്റി ശുദ്ധീകരിച്ച് എടുക്കുന്ന വെള്ളത്തിന്റെ ബാക്കിയുള്ള ഭാഗം സ്വകാര്യ കുപ്പിവെള്ള കമ്പനികൾക്ക് നൽകുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(സി) ഇതിനായി അതോറിറ്റിയുടെ മുപ്പത്തിരണ്ട് പ്ലാന്റുകളിലെ അധികജലം സംബന്ധിച്ച കണക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റി അതിന്റെ ഉത്ഭവകാലം മുതൽതന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരുപരിധി വരെ സഹായകമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വെള്ളക്കരമാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാന മാർഗ്ഗം. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്കനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇതും വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.

സംഭരണ ശുദ്ധീകരണ വിതരണവുമായി ബന്ധപ്പെട്ട് ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 23.72 രൂപ ചെലവ് വരുന്നു. കുടിവെള്ള വിതരണം വഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ശരാശരി വരുമാനം ഒരു കിലോ ലിറ്ററിന് ഏകദേശം 9.50 രൂപയാണ്. മിനിമം ചാർജ്ജായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽനിന്നും വാങ്ങുന്നത് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 4 രൂപയാണ് (ഏറ്റവും ചെറിയ സ്ലാബ്). ഇത്തരത്തിൽ ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി, കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വെള്ളക്കരം പിരിച്ചെടുക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ റിങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ് ചെലവ് താരതമ്യ പഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനു സൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്.

അവസാനമായി താരിഫ് പുതുക്കിയത് 2014-ലാണ്. 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഈ വർദ്ധനവുകൊണ്ട് കേരള ജല അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സാധിച്ചില്ല. 2014-നുശേഷം ശമ്പളം, പെൻഷൻ, വൈദ്യുതി ചാർജ്ജ്, അറ്റകുറ്റ പണികളുടെ ചെലവ് എന്നിവയിൽ വർദ്ധനവുണ്ടായി. ഈ വർദ്ധനവ് മറികടക്കുവാൻ വേണ്ടി കേരള ജല അതോറിറ്റി ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിടാത്ത രീതിയിൽ വെള്ളക്കര വർദ്ധനവിനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഗാർഹിക/ ഗാർഹികേതര/വ്യാവസായിക ഉപഭോഗത്തിനാവശ്യമുള്ള ജലം, ജനസംഖ്യ വർദ്ധനവനുസരിച്ച് വരുന്ന ഉപഭോഗത്തിലെ മാറ്റം, ജല വിതരണ നഷ്ടം എന്നിവ കണക്കിലെടുത്താണ് ശുദ്ധീകരണശാലയുടെ ശേഷി തിട്ടപ്പെടുത്തുന്നത്. ചില അവസരങ്ങളിൽ പദ്ധതി പ്രദേശത്തെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് മതിയായ ഫണ്ട് ലഭ്യമല്ലാതെ വരികയും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉടലെടുക്കുമ്പോഴും പദ്ധതി രൂപരേഖയിൽ പ്രതിപാദിച്ചിട്ടുള്ള കണക്ഷനുകൾ ലഭ്യമാകാതെ വരുമ്പോഴും

ജല ശുദ്ധീകരണശാല പൂർണ്ണ ശേഷിയിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കാതെ വരുന്നു. ഇത്തരം പദ്ധതികളിൽ ജലത്തിന് നിലവിലുള്ള ആവശ്യകത പരിഗണിക്കുമ്പോൾ സ്ഥാപിത ശേഷിയിൽ കുറഞ്ഞ അളവിൽ ജല ശുദ്ധീകരണം നടത്തേണ്ടതായി വരും. ഇത്തരം ശുദ്ധീകരണശാലകളിൽ അധികം ഉത്പാദിപ്പിക്കുന്ന ജലം ഉപയോഗിച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുമോയെന്ന കാര്യം ഫെബ്രുവരി 25, 26 എന്നീ തീയതികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ എന്നിവരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള അധിക ജലം ക്യാനുകൾ, ടാങ്കറുകൾ എന്നിവയിലൂടെയോ അല്ലാതെയോ വിതരണം ചെയ്യുന്നതിന്റെ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ

211(2489) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷനുകൾ നിർവ്വഹിച്ച നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഡിറ്റ് ഒബ്ജക്ഷൻ പ്രകാരം എത്ര രൂപയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ ഉത്തരവായിട്ടുള്ളത്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഓഡിറ്റ് ഒബ്ജക്ഷൻ പ്രകാരം വാട്ടർ അതോറിറ്റിക്ക് ഉണ്ടായ നഷ്ടം, അത് ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) പ്രോജക്ട് ഡിവിഷൻ, തിരുവനന്തപുരം

1. 2009-10 ഫയൽ നമ്പർ എൽ.എ.ആർ.-ആർ.ഒ./കെ. ഡബ്ല്യൂ.എ 11/ ഐ.ആർ/2-65/10-11/398 16-11-2010-ല്ലെ കല്ലറ-പാങ്ങോട്, നാവായിക്കുളം-കുടവൂർ, ഒറ്റശേഖരമംഗലം, വർക്കല എന്നീ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. അത് ലഭ്യമാക്കിയ മുറയ്ക്ക് തുടർനടപടി അവസാനിപ്പിക്കുകയുണ്ടായി.

2. 2010-11-ഫയൽ നമ്പർ എൽ.എ.ആർ.-ആർ.ഒ./കെ. ഡബ്ല്യൂ.എ 11/ ഐ.ആർ./2-65/436 7-3-2011-ലെ കല്ലറ-പാങ്ങോട്, എ. ആർ. ഡബ്ല്യൂ.എസ്.എസ്. റ്റു ഇടക്കോട്, യു.ഡബ്ല്യൂ.എസ്. എസ്. റ്റു കഴക്കൂട്ടം എന്നീ പദ്ധതികളെ സംബന്ധിച്ചും എസ്റ്റാബ്ലിഷ്മെന്റ് ചെലവ് സംബന്ധിച്ചുമുള്ള വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. അത് ലഭ്യമാക്കിയ മുറയ്ക്ക് തുടർ നടപടി അവസാനിപ്പിക്കുകയുണ്ടായി.

3. 2011-12-ഫയൽ നമ്പർ എൽ.എ.ആർ.-ആർ.ഒ./കെ. ഡബ്ല്യൂ.എ 11/ ഐ.ആർ. 2-105/11-12/563, 14-3-2013-ലെ നബാർഡ് പദ്ധതികളെ സംബന്ധിച്ചും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ അഴൂർ-കിഴവിലം, പള്ളിച്ചൽ-ബാലരാമപുരം എന്നീ പദ്ധതികൾ ഇനിയും പൂർത്തിയാവാത്തതിനാൽ ഇതിന്മേലുള്ള തുടർനടപടി അവസാനിപ്പിച്ചിട്ടില്ല.

4. ഫയൽ നമ്പർ എൽ.എ.ആർ.-ആർ.എ.ഒ./കെ. 28-8-2013-ലെ ഡബ്ല്യൂ.എ 11/ ഐ.ആർ./2-132/2012-13/400 കുന്നത്തുകാൽ കുടിവെള്ള പദ്ധതിയെക്കുറിച്ചും നെയ്യാറ്റിൻകര കുടിവെള്ള പദ്ധതിയെക്കുറിച്ചും കിളിമാനൂർ കുടിവെള്ള പദ്ധതിയെക്കുറിച്ചുമുള്ള വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. അത് ലഭ്യമാക്കിയ മുറയ്ക്ക് തുടർ നടപടി അവസാനിപ്പിക്കുകയുണ്ടായി.

5. 15-12-2014-ലെ ഫയൽ നമ്പർ എൽ.എ.ആർ.-ആർ.എ.ഒ./കെ. ഡബ്ല്യൂ.എ 11/ഐ.ആർ./2-202/2013-14/398 വിഴിഞ്ഞം ജല ശുദ്ധീകരണശാലയെ സംബന്ധിച്ചും അഴൂർ-കിഴവിലം പദ്ധതിയെ ക്കുറിച്ചും സി.ഡബ്ല്യൂ.എസ്.എസ്. റ്റു പാറശ്ശാല എന്നീ പദ്ധതികളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പാറശ്ശാല പദ്ധതിയിൽ ആലുംമൂട് മുതൽ പഴയകട ജംഗ്ഷൻ വരെയുള്ള പദ്ധതിയെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ തുടർനടപടി അവസാനിപ്പിച്ചിട്ടില്ല.

6. 14-8-2015-ലെ ഫയൽ നമ്പർ 2014-15-എൽ.എ.എം.-ആർ.എ.ഒ./ കെ.ഡബ്ല്യൂ.എ 11/ഐ.ആർ./2-254/2014-15/386 (അവസാനിപ്പിച്ചു). നെയ്യാറ്റിൻകര കുടിവെള്ള പദ്ധതിയെക്കുറിച്ചും പള്ളിച്ചൽ-ബാലരാമപുരം

അവനവഞ്ചേരിയിലെ ജല ശുദ്ധീകരണശാലയെക്കുറിച്ചും വർക്കല മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയെക്കുറിച്ചും സെക്യൂരിറ്റി ഡെപ്പോസിറ്റിനെക്കുറിച്ചുമുള്ള വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. അത് ലഭ്യമാക്കിയ മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് അവസാനിപ്പിക്കുകയുണ്ടായി.

7. ഫയൽ നമ്പർ എൽ.എ.ആർ.-ആർ.എ.ഒ./കെ.ഡബ്ല്യൂ.എ 11/ ഐ.ആർ./2-332/2015-16/453, 24-10-2016-ലെ പള്ളിച്ചൽ-ബാലരാമപുരം, അടിമലത്തുറ, പള്ളിപ്പുറം ടെക്നോസിറ്റി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലേയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി, ആനതാഴ്ചിറകുളം നവീകരണം എന്നീ പദ്ധതികളെക്കുറിച്ചുമുള്ള വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. ഇതിൽ നെയ്യാറ്റിൻകര, അടിമലത്തുറ, പള്ളിച്ചൽ-ബാലരാമപുരം എന്നീ പദ്ധതികളെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ തുടർനടപടി അവസാനിപ്പിച്ചിട്ടില്ല.

8. ഫയൽ നമ്പർ. എൽ.എ.എം.-ആർ.എ.ഒ./കെ.ഡബ്ല്യൂ.എ 11/ ഐ.ആർ/2-400/2016-17/150, 18-10-2017-ലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, കിളിമാനൂർ കുടിവെള്ള പദ്ധതി, കുന്നത്തുകാൽ കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി എന്നിവയുടെ വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ തുടർനടപടി അവസാനിപ്പിച്ചിട്ടില്ല.

9. ഫയൽ നമ്പർ എൽ.എ.എം.-ആർ.എ.ഒ./കെ.ഡബ്ല്യൂ.എ 11/ ഐ.ആർ/2-551/2018-19/500, 27-1-2020. പാറശ്ശാലയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, ആനാട്-കുറുപു, നാവായിക്കുളം-കുടവൂർ, പള്ളിച്ചൽ-ബാലരാമപുരം-അമ്പലംമുക്ക് മുതൽ ഉള്ളൂർ പൈപ്പ് ലൈൻ ഇടക്കോടിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയുടെ വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. തുടർനടപടി സ്വീകരിച്ചുവരുന്നു.

10. കംപ്ലൈൻസ് ഓഡിറ്റ് റിപ്പോർട്ട് ഫയൽ ആർ.എ.ഒ./കെ.ഡബ്ല്യൂ.എ 11/സി.എ.ആർ/2-401/2016-17/153, 18-7-2017. കേരള വാട്ടർ അതോറിറ്റി പരിസരത്ത് പ്രവർത്തിക്കുന്ന റോസ് സൊസൈറ്റിയെ സംബന്ധിച്ചും ദർഘാസ് ക്ഷണപത്രികയിലെ വിവിധ പിഴവുകളെ

സംബന്ധിച്ചും പനവൂർ-പുല്ലമ്പാറ, കിളിമാനൂർ-പഴയകുന്നമ്മേൽ പദ്ധതികൾ, വർക്കലയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, കല്ലിയൂർ-വെങ്ങാനൂർ പദ്ധതി എന്നിവ സംബന്ധിച്ച് വിശദാംശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്. തുടർ നടപടിക്കായി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

ജൻറം പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം

ജൻറം പ്രോജക്ട് ഡിവിഷനിൽ വിവിധ കാലയളവിൽ എ.ജി. നടത്തിയ ഓഡിറ്റിംഗിൽ താഴെപ്പറയുന്ന അപാകതകൾ ചൂണ്ടിക്കാണിക്കുകയും ആയതിന് ടി അപാകതകൾ ഒഴിവാക്കുന്നതിനായി മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

1. 2011-2012 പാർട്ട് 2 ബി (VII) ജൻറം പാക്കേജിലെ പേരൂർക്കട സോണിലെ പൈപ്പ് വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കുന്നതിലെ കാലതാമസം സംബന്ധിച്ച്.

2. 2013-2014 പാർട്ട് 2 ബി (II) ജൻറം പാക്കേജിലെ തിരുവല്ലം സോണിലെ പൈപ്പ് വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കുന്നതിലെ കാലതാമസം സംബന്ധിച്ച്.

3. 2013-2014 പാർട്ട് 2 ബി (IV) ജൻറം പാക്കേജിലെ പേരൂർക്കട സോണിലെയും ലോ ലെവൽ സോണിലേയും പൈപ്പ് വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാത്തത് സംബന്ധിച്ചും 13.26 കോടിയുടെ അധിക ചെലവുണ്ടായത് സംബന്ധിച്ചും.

4. 2013-2014 പാർട്ട് 2 ബി (IV) ജൻറം പാക്കേജിലെ ന്യൂ സെൻട്രൽ സോൺ പൈപ്പ് വിതരണ പ്രവൃത്തിയിൽ 9.69 കോടിയുടെ ഉൽപ്പാദന ക്ഷമമല്ലാത്ത ചെലവുണ്ടായത് സംബന്ധിച്ച്.

5. 2014-2015 പാർട്ട് 2 ബി (IV) ജൻറം പാക്കേജിലെ കല്ലടിച്ചാമൂല ജി.എൽ.എസ്.ആർ. നിർമ്മാണത്തിലെ ആസൂത്രണ പിഴവ് സംബന്ധിച്ച്

6. 2014-2015 പാർട്ട് 2 ബി (I) ജൻറം പാക്കേജിലെ പുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച്.

7. 2014-2015 പാർട്ട് 2 ബി (IV) ജൻറം പാക്കേജിലെ പണികൾക്ക് കെ.ആർ.എഫ്.ബി.-ക്ക് കൂടുതൽ നൽകിയ തുക തിരിച്ച് പിടിക്കാത്തത് സംബന്ധിച്ച്.

8. 2014-2015 പാർട്ട് 2 ബി (IX) STP മുട്ടത്തറയിലെ ഒ. &എം. പീരിയഡിലെ തൃപ്തികരമല്ലാത്ത പ്രവർത്തനം സംബന്ധിച്ച്.

9. 2014-15 പാർട്ട് 2 ബി (X) ജൻറം പാക്കേജിലെ WP3, WP7, WP8, WP9 എന്നീ പാക്കേജുകൾ കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പുനഃക്രമീകരിക്കാത്തത് സംബന്ധിച്ച്.

10. 2014-2015 പാർട്ട് 2 ബി (XI) 221 ബ്ലോക്ക് സിവറേജ് എക്സ്റ്റൻഷന്റെ നിർമ്മാണത്തിലെ കാലതാമസം സംബന്ധിച്ച്.

11. 2014-2015 പാർട്ട് 2 ബി (XIII) സ്പെറ്റേജ് റിസീവിംഗ് സ്റ്റേഷന്റെ നിർമ്മാണത്തിലെ കാലതാമസം സംബന്ധിച്ച്.

12. 2015-2016 പാർട്ട് 2 ബി (II) സ്വീവറേജ് പാക്കേജുകളായ SS-01, SS-02 എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച്.

13. 2015-2016 പാർട്ട് 2 ബി (III) കൊല്ലത്തെ സ്വീവറേജ് പാക്കേജുകളായ SS-01, SS-02 എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച്.

14. 2015-2016 പാർട്ട് 2 ബി (IV) ജൻറം പാക്കേജിലെ WP16 B പ്രവൃത്തിയിൽ കോൺട്രാക്ടർക്ക് അധിക തുക നൽകിയത് സംബന്ധിച്ച്.

15. 2015-2016 പാർട്ട് 2 ബി (V) ജൻറം പാക്കേജിലെ WP16 A പ്രവൃത്തി കരാറുകാരൻ പൂർത്തിയാക്കാത്തതുകാരണം 56.41 ലക്ഷം രൂപയുടെ വാട്ടർ മീറ്ററുകൾ യഥാർത്ഥ ആവശ്യകതയില്ലാതെ ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച്.

16. 2015-2016 പാർട്ട് 2 ബി (VI) STP മുട്ടത്തറ നിർമ്മാണ പ്രവൃത്തിയിലെ LD തുക (1.62 കോടി) കരാറുകാരന് തിരിച്ച് നൽകിയത് സംബന്ധിച്ച്.

17. 2015-2016 പാർട്ട് 2 ബി (VII) ജൻറം പാക്കേജിലെ ന്യൂ സെൻട്രൽ സോൺ പൈപ്പ് വിതരണ പ്രവൃത്തിയുടെ പണി പൂർത്തിയാകാതെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച്.

18. 2015-2016 പാർട്ട് 2 ബി (VII) ജൻറം പാക്കേജിലെ ഡി.ഐ. പൈപ്പ് വിതരണ ശൃംഖലയായ WP1 പ്രവൃത്തിയിൽ പൈപ്പുകൾ നിഷ്ഫലമാക്കിയത് സംബന്ധിച്ച്.

19. 2015-2016 പാർട്ട് 2 ബി (XIV) ജൻറം പ്രോജക്ടുകളിലെ കാലതാമസം കാരണം സർക്കാരിനുണ്ടായ നഷ്ടം സംബന്ധിച്ച്.

20. 2016-2018 പാർട്ട് 2 എ (I) ബാങ്ക് ഗ്യാരന്റി പുതുക്കാത്തത് കാരണം 2.44 കോടിയുടെ നഷ്ടമുണ്ടായത് സംബന്ധിച്ച്.

21. 2016-2018 പാർട്ട് 2 ബി (III) ജൻറം വർക്കുകളിലെ കാലതാമസംമൂലം ഉണ്ടായ 89.06 കോടി രൂപയുടെ ചെലവ് സംബന്ധിച്ച്.

22. 2018-2019 പാർട്ട് 2 എ (I) ബാങ്ക് ഗ്യാരന്റി പുതുക്കാത്തത് കാരണം 4.69 കോടിയുടെ നഷ്ടമുണ്ടായത് സംബന്ധിച്ച്.

<u>പി.എച്ച്. സർക്കിൾ, കൊല്ലം</u>

കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിലുള്ള പ്രോജക്ട് ഡിവിഷൻ, കൊല്ലം ഓഫീസിന്റെ കീഴിൽ നടന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമക്കേടുകളൊന്നും തന്നെ നാളിതുവരെ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

<u>പി.എച്ച്. സർക്കിൾ, കോട്ടയം</u>

വിവിധ കാലയളവിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ ഓഡിറ്റിംഗിൽ താഴെപ്പറയുന്ന അപാകതകൾ ചൂണ്ടിക്കാണിക്കുകയും ആയതിന് അതാത് കാലയളവിൽ ടി അപാകതകൾ ഒഴിവാക്കുന്നതിലേയ്ക്ക് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1. മണിമലയ്ക്കും അനുബന്ധ വില്ലേജുകൾക്കും ശുദ്ധജലം ലഭിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടത് സംബന്ധിച്ച്.

2. ഏറ്റുമാനൂരിനും അനുബന്ധ വില്ലേജുകൾക്കും ശുദ്ധജലം ലഭിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടത് സംബന്ധിച്ച്.

3. കുമരകം-തിരുവാർപ്പ് പഞ്ചായത്തിലെ ചെങ്ങളം ശുദ്ധീകരണശാലയുടെ പ്രവൃത്തിയുടെ കരുതൽ നിക്ഷേപം തിരികെ നൽകിയത് സംബന്ധിച്ച്.

4. മണിമലയ്ക്കും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിയുടെ 19 ലക്ഷത്തിന്റെ അധികച്ചെലവ് സംബന്ധിച്ച്.

5. 13-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് മുഖേന ആരംഭിച്ച കുട്ടനാട് കുടിവെള്ള പദ്ധതിക്ക് സർക്കാർ നൽകിയ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച്.

6. മണിമലയ്ക്കും അനുബന്ധ വില്ലേജുകൾക്കുമായുള്ള ശുദ്ധജല പദ്ധതിക്ക് വേണ്ടിയുള്ള റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് അടയ്ക്കുന്നത് സംബന്ധിച്ച്.

7. കുരോപ്പട-പന്നകം തോട്ടിൽ തടയണ പണിതത് സംബന്ധിച്ച്.

8. രാമപുരത്തിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിയുടെ ഭരണാനുമതി ലഭിച്ചിട്ടും പദ്ധതി നടപ്പാക്കാത്തത് - സംബന്ധിച്ച്.

9. കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയിൽ 280 എം.എം. പൈപ്പിന് പാക്കേജ് 3-ൽ ക്വാട്ട് ചെയ്ത വിലയേക്കാൾ അധിക വില ക്വാട്ട് ചെയ്ത പാക്കേജ് 1-ന് അംഗീകാരം നൽകിയത് സംബന്ധിച്ച്.

10. എടത്തിക്കാവ് പഞ്ചായത്തിലെ കിണറിൽനിന്നും പൊട്ടിച്ചെടുത്ത പാറയുടെ വില ഈടാക്കാത്തത് സംബന്ധിച്ച്.

11. മണിമല ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.

12. മണർകാട് ശുദ്ധജല വിതരണ പദ്ധതിയുടെ കാലതാമസം സംബന്ധിച്ച്.

13. കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പദ്ധതിയുടെ പൈപ്പ്, റിക്ക് എന്ന സ്ഥാപനം റോഡ് പണി നടത്തിയപ്പോൾ പൊട്ടിയതുമൂലം ഈ പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.

14. കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പാക്കേജ് -2, പാക്കേജ് -4 എന്നീ പദ്ധതികൾ പൂർത്തീകരിച്ചെങ്കിലും ജനങ്ങൾക്ക് പ്രയോജനം ലഭിക്കാത്തത് സംബന്ധിച്ച്.

15. എരുമേലി പഞ്ചായത്തിലെ ശുദ്ധജല പദ്ധതിയുടെ അധിക ചെലവ് സംബന്ധിച്ച്.

16. കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് ശുദ്ധജല പദ്ധതിക്കുവേണ്ടി മറ്റ് ശുദ്ധജലപദ്ധതിയിൽ നിന്ന് എടുത്ത പൈപ്പുകൾക്ക് അധിക വില നൽകിയത് സംബന്ധിച്ച്.

17. കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പഞ്ചായത്തിലെ ശുദ്ധജല പദ്ധതിയുടെ ഗ്യാരന്റി കാലയളവിൽ പൈപ്പ് ലൈനിലുണ്ടായ കേടുപാടുകൾ തീർപ്പാക്കാത്തത് സംബന്ധിച്ച്.

എറണാകുളം ജില്ല

1. ജിഡ-ഡെപ്പോസിറ്റ് പ്രവൃത്തി-എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ ശുദ്ധജല വിപുലീകരണ പദ്ധതി-സോൺ-1-മുരിക്കുംപാടം, ഞാറയ്ക്കൽ ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം - കരാർ റദ്ദാക്കി പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്നതിന് പുനർ ലേലം ചെയ്ത് മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് ഒബ്ജക്ഷനിൽ 7.04 കോടിയുടെ മൂലധന നിക്ഷേപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

2. ആർ.ഡബ്ല്യൂ.എസ്.എസ്.- കറുകുറ്റി, മൂക്കന്നൂർ പഞ്ചായത്ത് - 300 എം.എം.ഡി.ഐ. (കെ 9) റോവാട്ടർ പമ്പിംഗ് മെയിനും 450 എം.എം. 350 എം.എം.ഡി.ഐ. (കെ 9) ഡിസ്ട്രിബ്യൂഷൻ മെയിനും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി - പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 27-11-2018-ൽ നിന്നും 10-12-18-ലേയ്ക്ക് കാരണങ്ങളൊന്നും കൂടാതെ നീട്ടിയതിനാൽ ഡി.ഐ. പൈപ്പുകളുടെ വില സൂചികയിലുണ്ടായ വ്യതിയാനത്തിന് ആനുപാതികമായി 26.61 ലക്ഷം രൂപയുടെ വില വർദ്ധനവ് 31-3-12-ൽ നൽകുകയുണ്ടായി. ഈ പ്രവൃത്തിയിൽ എ.ജി. ഓഡിറ്റ് പ്രകാരം മൊത്തം 32.99 ലക്ഷം രൂപയുടെ അധിക ബാധ്യതയുണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

3. എൻ.ആർ.ഡി.ഡബ്ല്യൂ.പി.-XVI ആർ.ഡബ്ല്യൂ.എസ്.എസ്. അയ്യമ്പുഴ പഞ്ചായത്തിലെ അമലാപുരം, തട്ടുപാറ പ്രദേശങ്ങളിൽ ശുദ്ധജല വിതരണ പ്രവൃത്തി-ടി പ്രവൃത്തിയിൽ പാറപൊട്ടിക്കുന്ന പ്രവൃത്തി ഷെഡ്യൂളിൽ 1270$m^3$ ആണ് പറഞ്ഞിട്ടുള്ളത്. 1243.2$m^3$ പാറ പൊട്ടിച്ചതായി കാണുന്നു. അളവു പുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 368.8$m^3$ ഉപയോഗപ്രദമായ പാറ ലഭിച്ചതായേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇത് ഓഡിറ്റ് ഒബ്ജക്ഷനായി നിലനിൽക്കുന്നു. മേൽ ഓഡിറ്റ് ഒബ്ജക്ഷനുകളിൽ മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ ജില്ല

ആലപ്പുഴ ജില്ല കേരള വാട്ടർ അതോറിറ്റി പ്രോജക്ട്സ് ഡിവിഷനുകീഴിൽ നിർവ്വഹിച്ച നിർമ്മാണ പ്രവർത്തനത്തിലെ ക്രമക്കേട് സംബന്ധിച്ച് എ.ജി.-യുടെ പരിശോധന നടന്നിട്ടില്ല. എന്നാൽ UIDSSMT കുടിവെള്ള പദ്ധതിയുടെ

RAW WATER PUMPING MAIN അടിക്കടി പൊട്ടുന്നതുമൂലം അന്വേഷണ വിധേയമായി പദ്ധതി നിർവ്വഹണ സമയത്ത് ചുമതല വഹിച്ചിരുന്ന നാല് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

<u>തൃശ്ശൂർ ജില്ല</u>

എ.ജി.-യുടെ 2017-18 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ Augmentation of Pavaratty Regional-WSS covering 10 panchayat in Thrissur and Palakkad Districts (package 1) -എന്ന പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. പ്രതിപാദിച്ച ഈ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിന് റസിഡന്റ് ഓഡിറ്റ് ഓഫീസർക്ക് മറുപടി സമർപ്പിച്ചിട്ടുണ്ട്.

<u>ഇടുക്കി ജില്ല</u>

ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

<u>PROJECT DIVISION KANNUR</u>

<u>എൽ.എ.ആർ. 2010-11</u>

UIDSSMT പയ്യന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള 1.43 കോടി രൂപ തിരിച്ചുപിടിക്കാത്തത് സംബന്ധിച്ച്.

<u>എൽ.എ.ആർ. 2014-15</u>

ഈസ്റ്റ് എളേരി പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - പാക്കേജ് - I & III കോൺട്രാക്ടറുടെ ബാധ്യത തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച്.

<u>എൽ.എ.ആർ. 2015-16</u>

1. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളായ പനത്തടി പഞ്ചായത്ത് - കല്ലാർ പഞ്ചായത്ത്, കയ്യൂർ, ചീമേനി പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.

2. ഈസ്റ്റ് എളേരി കുടിവെള്ള പദ്ധതി പാക്കേജ് I & III ആദ്യം പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ കോൺട്രാക്ടറുടെ ബാദ്ധ്യത തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എൽ.എ.ആർ. 2016-17

1. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളായ പനത്തടി പഞ്ചായത്ത് - കല്ലാർ പഞ്ചായത്ത്, കയ്യൂർ, ചീമേനി പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതികൾ വൈദ്യുത കണക്ഷൻ ലഭിക്കാത്തതുമൂലം പദ്ധതികൾ പ്രവർത്തന സജ്ജമാകാത്തത് സംബന്ധിച്ച്.

2. പനത്തടി ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള മൈലാട്ടി SC കോളനിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി പ്രവൃത്തി കമ്മീഷൻ ചെയ്യാത്തത് സംബന്ധിച്ച്.

3. UIDSSMT പയ്യന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - Non realization of establishment charges 99.80 lakhs.

എൽ.എ.ആർ. 2017-18

ബേളൂരിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - Non realization of damages to distribution system led to deprival of potable water to the beneficiaries. മേൽ ഓഡിറ്റ് ഒബ്ജക്ഷനിൽ മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓഡിറ്റ് ഒബ്ജക്ഷൻ പ്രകാരം ഉദ്യോഗസ്ഥരിൽനിന്നും തുകയൊന്നും ഈടാക്കാൻ ഉത്തരവായിട്ടില്ല.

(സി) പി.എച്ച്. സർക്കിൾ കോട്ടയത്തിന്റെ പരിധിയിലുള്ള കാഞ്ഞിരപ്പള്ളി - ഈരാറ്റുപേട്ട റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി RICK എന്ന സ്ഥാപനം പൈപ്പ് ലൈനുകൾക്ക് നാശനഷ്ടം വരുത്തുകയുണ്ടായി. സംയുക്ത പരിശോധനയിൽ 26 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഈ രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുവാൻ ഈ സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജൻറം പ്രോജക്ട് ഡിവിഷനുകീഴിൽ ബന്ധപ്പെട്ട എല്ലാ ഓഡിറ്റ് ഒബ്ജക്ഷനുകൾക്കും സമയബന്ധിതമായി വിശദീകരണം നൽകി അവ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എ.ഡി.ബി. ജൻറം ഫണ്ടിന്റെ അഭാവത്തിൽ മുടങ്ങിക്കിടന്ന പദ്ധതികൾ മറ്റ് സാമ്പത്തിക സ്രോതസ്സുകൾ മുഖേന നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ റിസ്ക് & കോസ്റ്റ് പ്രകാരം കരാർ അവസാനിപ്പിച്ച പ്രവൃത്തികളുടെ നഷ്ടം കണക്കാക്കി ഈടാക്കുന്നതിനും ബാങ്ക് ഗ്യാരന്റികൾ പുതുക്കാത്ത വിഷയം സംബന്ധിച്ച് നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അന്തിമ ഓഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കേ നഷ്ടം തിട്ടപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവൂ.

## ചെറുകിട കുടിവെള്ള പദ്ധതികൾക്കായുള്ള വാട്ടർ അതോറിറ്റി പദ്ധതി

212(2490) ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൻകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ, ചെറിയ തുക ചെലവഴിച്ച്കൊണ്ട് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ ആരംഭിക്കുവാൻ വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിൽ അകാരണമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്നതല്ലാത്ത റോഡ് കട്ടിംഗ് അനുമതി, റെയിൽവേ ക്രോസിംഗ് അനുമതി, സ്ഥലം കൈമാറുന്നതിനുള്ള കാലതാമസം, ധനലഭ്യതയുടെ അപര്യാപ്തത, മുൻകൂട്ടി കാണാനാവാത്ത മറ്റ് തടസ്സങ്ങൾ എന്നിവ മൂലമാണ് പ്രധാനമായും വൻകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത്.

ഒരു കുടിവെള്ള വിതരണ പദ്ധതിക്ക് പ്രധാനമായും ആവശ്യമായ ശാശ്വത സ്രോതസ് അടിസ്ഥാനമാക്കി പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ പലപ്പോഴും സമീപത്ത് അത്തരം സ്രോതസ് കാണാത്തതിനാൽ സമീപ പ്രദേശങ്ങൾകൂടി ചേർത്ത് വൻകിട പദ്ധതി ആസൂത്രണം ചെയ്യുന്നതാവും സാങ്കേതികമായി അഭികാമ്യം.

## വാട്ടർ അതോറിറ്റിയുടെ ഗാർഹിക-ഗാർഹികേതര കണക്ഷനുകൾ

213(2491) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഗാർഹിക, ഗാർഹികേതര കണക്ഷനുകളാണുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി നാളിതുവരെ നൽകിയിട്ടുള്ള ഗാർഹിക കണക്ഷനുകളുടെയും ഗാർഹികേതര കണക്ഷനുകളുടെയും വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

| വർഷം | ഗാർഹികം | ഗാർഹികേതരം | ആകെ |
|---|---|---|---|
| 2016-17 | 2,66,319 | 17,177 | 2,83,496 |
| 2017-18 | 1,68,526 | 15,155 | 1,83,681 |
| 2018-19 | 1,61,711 | 14,142 | 1,75,853 |
| 2019-2020 (31-1-2020 വരെ) | 1,43,808 | 11,131 | 1,54,939 |
| ആകെ | 7,40,364 | 57,605 | 7,97,969 |

(ബി) സംസ്ഥാനത്ത് നിലവിൽ 2408738 ഗാർഹിക കണക്ഷനുകളും 181667 ഗാർഹികേതര കണക്ഷനുകളുമാണുള്ളത്.

**വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അടിത്തറ**

214(2492) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് കിലോ ലിറ്ററിന് ഇരുപത്തിനാല് രൂപ വരുന്ന കുടിവെള്ളം പത്ത് രൂപയിൽ താഴെ മാത്രം ഈടാക്കി നഗര ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പൈപ്പിലൂടെ എത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) ഇരുപത്തിയാറ് ലക്ഷം ഗാർഹിക കണക്ഷനുകൾക്ക് പുറമെ രണ്ട് ലക്ഷം പൊതു ടാപ്പുകൾ നിലനിർത്തുന്ന കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വിടവ് കുറയ്ക്കാൻ ഉപയുക്തമായ കുപ്പിവെള്ള പദ്ധതി വാട്ടർ അതോറിറ്റിയിൽത്തന്നെ നിലനിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 2500 കോടി രൂപയോളം വരുന്ന കുപ്പിവെള്ള മാർക്കറ്റ് സ്വകാര്യ കുപ്പിവെള്ള കമ്പനികൾ ചൂഷണത്തിനുപാധിയാക്കി മാറ്റിയിട്ടുള്ളതിനാൽ വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതി എത്രയും വേഗം പ്രായോഗികമാക്കുന്നതിന് നടപടിയെടുക്കുമോ; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർത്താപ്പക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വെള്ളക്കരം പരമാവധി പിരിച്ചെടുക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ റിംഗ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവ്-ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിങ്ങുകൾ നടത്തുന്നുണ്ട്.

(ബി&സി) ഇല്ല. സ്വകാര്യ കമ്പനികൾ വിപണിയിൽ വിറ്റഴിക്കുന്ന ചില കുപ്പിവെള്ള സാമ്പിളുകളുടെ ഗുണമേന്മയെക്കുറിച്ച് പരാതികൾ ഉയർന്നതിനാൽ ജനങ്ങളുടെ ആരോഗ്യത്തെ വളരെ സാരമായി ബാധിക്കാൻ സാധ്യതയുള്ള കുപ്പിവെള്ള വിപണന മേഖലയിൽ സർക്കാരിന്റേതായ ഇടപെടലുകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2025-ഓടുകൂടി കുടിവെള്ളമെത്തിക്കുന്നതിനുള്ള ബൃഹത്ത് പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതി കൂടാതെ KIIFB, ADB, നബാർഡ്, സംസ്ഥാന സർക്കാർ നൽകിയ ഭരണാനുമതികൾ എന്നിവ ഉൾപ്പെടുന്ന ഏകദേശം 9,000 കോടി രൂപയുടെ കുടിവെള്ള/സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കുണ്ട്. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വരൾച്ചകൊണ്ടുള്ള കുടിവെള്ള ക്ഷാമം ഒഴിവാക്കുന്നതിനും സർക്കാർ നൽകേണ്ട അവശ്യസേവനമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിക്ക് മുൻഗണന നൽകിക്കൊണ്ട് 28-2-2020-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/2020/ജ.വി.വ. പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കുപ്പിവെള്ള പ്ലാന്റ് KIIDC-ന് കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്.

**ജലനഷ്ടവും ജലമോഷണവുംമൂലം ഉണ്ടാകുന്ന വരുമാന നഷ്ടം**

215(2493) ശ്രീ. സി. മമ്മൂട്ടി :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പ്ലാന്റുകളിൽനിന്ന് വിതരണത്തിനായി പൈപ്പുകളിലേക്കെത്തുന്ന വെള്ളത്തിന്റെ നാല്പത്തിയഞ്ച് ശതമാനവും വരുമാനരഹിതമായി നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ഉണ്ടാകുന്ന ജലനഷ്ടത്തിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജലനഷ്ടവും ജലമോഷണവുംമൂലം ഉണ്ടാകുന്ന വരുമാന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാനരഹിത ജലമായി കണക്കാക്കുന്നത്. ജല അതോറിറ്റിയുടെ പ്ലാന്റുകളിൽനിന്ന് വിതരണത്തിനായി പൈപ്പുകളിലേയ്ക്കെത്തുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് വരുമാനരഹിതമായി നഷ്ടപ്പെടുന്നതെന്ന് കൃത്യമായി കണ്ടെത്തിയിട്ടില്ല. എന്നാൽ പ്രാഥമികമായ ചില പരിശോധനകളുടെ അടിസ്ഥാനത്തിൽ ആകെ ഉല്പാദിപ്പിക്കപ്പെടുന്ന ജലത്തിന്റെ ഏകദേശം 40 ശതമാനത്തോളം വരുമാനരഹിത ജലമായി നഷ്ടപ്പെടുന്നതായി കണക്കാക്കുന്നു.

(ബി&സി) ഇപ്രകാരമുണ്ടാകുന്ന ജലനഷ്ടം പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത്. പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യ നഷ്ടം). ആകെയുള്ള വരുമാന രഹിത ജലത്തിൽ 20-25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്.

ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിലുണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിലുണ്ടാകുന്ന ലീക്കുകളിലൂടെയും ആണ്. ജലമോഷണം, മീറ്റർ തകരാർ, ബില്ലിംഗിലുണ്ടാകുന്ന തകരാർ എന്നിവ കാരണമാണ് വാണിജ്യനഷ്ടം പ്രധാനമായും സംഭവിക്കുന്നത്.

ജലനഷ്ടവും ജലമോഷണവും മൂലമുണ്ടാകുന്ന വരുമാന നഷ്ടം കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സംവിധാനമില്ല. എന്നാൽ വാട്ടർ അതോറിറ്റി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 3000-ത്തോളം ദശലക്ഷം ലിറ്റർ ജലത്തിൽ വരുമാനരഹിത ജലത്തിന്റെ അളവ് 40% എന്ന് കണക്കാക്കിയാൽ ആയതിൽ 25% ഭൗതിക നഷ്ടമായും 15% വാണിജ്യ നഷ്ടമായും അനുമാനിക്കാവുന്നതാണ്. അന്തർദ്ദേശീയതലത്തിൽ വരുമാനരഹിത ജലത്തിന്റെ അനുവദനീയമായ അളവായി കണക്കാക്കുന്നത് 20 ശതമാനമാണ്. അതോറിറ്റിയുടെ വരുമാനരഹിത ജലത്തിന്റെ അളവ് ഈ മാനദണ്ഡം അനുസരിച്ച് കുറവ് ചെയ്താൽപ്പോലും 20% വരുമാനരഹിത ജലമുണ്ടാകുന്നതാണ്. ആയതിനാൽ വരുമാനനഷ്ടം കണക്കാക്കുവാനായി ഇപ്പോൾ അധികമായി നഷ്ടപ്പെടുന്ന 20% ജലം ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നുവെങ്കിൽ 1000 ലിറ്ററിന് ശരാശരി 10 രൂപ ലഭിക്കുമായിരുന്നുവെന്നത് അടിസ്ഥാനമാക്കിയാൽ ഭൗതിക നഷ്ടംവഴി ഏകദേശം 4.5 കോടി രൂപയും വാണിജ്യ നഷ്ടം വഴി ഏകദേശം 2.7 കോടി രൂപയും പ്രതിമാസം നഷ്ടപ്പെടുന്നുവെന്ന് വിലയിരുത്താവുന്നതാണ്.

**ജലനഷ്ടവും ജലമോഷണവും മൂലമുണ്ടാകുന്ന വരുമാനനഷ്ടം**

216(2494) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പ്ലാന്റുകളിൽനിന്ന് വിതരണത്തിനായി പൈപ്പുകളിലേക്കെത്തുന്ന ജലം വരുമാനരഹിതമായി നഷ്ടപ്പെടുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലനഷ്ടവും ജലമോഷണവുംമൂലം ഉണ്ടാകുന്ന വരുമാനനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാനരഹിത ജലമായി കണക്കാക്കുന്നത്. ഇപ്രകാരമുണ്ടാകുന്ന ജലനഷ്ടം പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് - പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യ നഷ്ടം).

ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയുമാണ്. ജലമോഷണം, മീറ്റർ തകരാർ, ബില്ലിംഗിലുണ്ടാകുന്ന തകരാർ എന്നിവ കാരണമാണ് വാണിജ്യ നഷ്ടം പ്രധാനമായും സംഭവിക്കുന്നത്.

(ബി) ജലനഷ്ടവും ജലമോഷണവും മൂലമുണ്ടാകുന്ന വരുമാന നഷ്ടം കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സംവിധാനമില്ല. എന്നാൽ വാട്ടർ അതോറിറ്റി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 3000-ത്തോളം ദശലക്ഷം ലിറ്റർ ജലത്തിൽ വരുമാനരഹിത ജലത്തിന്റെ അളവ് 40% എന്ന് കണക്കാക്കിയാൽ ആയതിൽ 25% ഭൗതിക നഷ്ടമായും 15% വാണിജ്യ നഷ്ടമായും അനുമാനിക്കാവുന്നതാണ്. അന്തർദ്ദേശീയ തലത്തിൽ വരുമാനരഹിത ജലത്തിന്റെ അനുവദനീയമായ അളവായി കണക്കാക്കുന്നത് 20 ശതമാനമാണ്. അതോറിറ്റിയുടെ വരുമാനരഹിത ജലത്തിന്റെ അളവ് ഈ മാനദണ്ഡം അനുസരിച്ച് കുറവ് ചെയ്താൽപ്പോലും 20% വരുമാനരഹിത ജലമുണ്ടാകുന്നതാണ്. ആയതിനാൽ വരുമാനനഷ്ടം കണക്കാക്കുവാനായി ഇപ്പോൾ അധികമായി നഷ്ടപ്പെടുന്ന 20% ജലം ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നുവെങ്കിൽ 1000 ലിറ്ററിനു ശരാശരി 10 രൂപ ലഭിക്കുമായിരുന്നുവെന്നത് അടിസ്ഥാനമാക്കിയാൽ ഭൗതിക നഷ്ടം വഴി ഏകദേശം 4.5 കോടി രൂപയും വാണിജ്യ നഷ്ടം വഴി ഏകദേശം 2.7 കോടി രൂപയും പ്രതിമാസം നഷ്ടപ്പെടുന്നുവെന്ന് വിലയിരുത്താവുന്നതാണ്.

**വെള്ളക്കരം വർദ്ധന**

217(2495) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല. വൈദ്യുതി നിരക്കിന് ആനുപാതികമായി വെള്ളക്കരം വർദ്ധിപ്പിക്കാൻ നിലവിൽ ആലോചനയില്ല.

## ജല അതോറിറ്റിയുടെ ജലനഷ്ടത്തിന്റെ കാരണങ്ങൾ

218(2496) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പ്ലാന്റുകളിൽനിന്ന് വിതരണത്തിനായി പൈപ്പുകളിലേക്കെത്തുന്ന ജലം വരുമാനരഹിതമായി നഷ്ടപ്പെടുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലനഷ്ടവും ജലമോഷണവുംമൂലം ഉണ്ടാകുന്ന വരുമാനനഷ്ടം കണക്കായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജല അതോറിറ്റിയുടെ പ്ലാന്റുകളിൽ ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖലവഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാനരഹിത ജലമായി കണക്കാക്കുന്നത്. ഇപ്രകാരമുണ്ടാകുന്ന ജലനഷ്ടം പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത്. പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യ നഷ്ടം).

ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയുമാണ്. ജലമോഷണം, മീറ്റർ തകരാർ, ബില്ലിംഗിലുണ്ടാകുന്ന തകരാർ എന്നിവ കാരണമാണ് വാണിജ്യ നഷ്ടം പ്രധാനമായും സംഭവിക്കുന്നത്.

(ബി) ജലനഷ്ടവും ജലമോഷണവുംമൂലമുണ്ടാകുന്ന വരുമാന നഷ്ടം കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സംവിധാനമില്ല. എന്നാൽ വാട്ടർ അതോറിറ്റി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 3000-ത്തോളം ദശലക്ഷം ലിറ്റർ ജലത്തിൽ വരുമാനരഹിത ജലത്തിന്റെ അളവ് 40% എന്ന് കണക്കാക്കിയാൽ ആയതിൽ 25% ഭൗതിക നഷ്ടമായും 15% വാണിജ്യ നഷ്ടമായും അനുമാനിക്കാവുന്നതാണ്. അന്തർദ്ദേശീയ തലത്തിൽ വരുമാനരഹിത ജലത്തിന്റെ അനുവദനീയമായ അളവായി കണക്കാക്കുന്നത് 20 ശതമാനമാണ്. അതോറിറ്റിയുടെ വരുമാനരഹിത ജലത്തിന്റെ അളവ്

ഈ മാനദണ്ഡം അനുസരിച്ച് കുറവ് ചെയ്താൽപ്പോലും 20% വരുമാനരഹിത ജലമുണ്ടാകുന്നതാണ്. ആയതിനാൽ വരുമാനനഷ്ടം കണക്കാക്കുവാനായി ഇപ്പോൾ അധികമായി നഷ്ടപ്പെടുന്ന 20% ജലം ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നു വെങ്കിൽ 1000 ലിറ്ററിനു ശരാശരി 10 രൂപ ലഭിക്കുമായിരുന്നു എന്നത് അടിസ്ഥാന മാക്കിയാൽ ഭൗതിക നഷ്ടം വഴി ഏകദേശം 4.5 കോടി രൂപയും വാണിജ്യ നഷ്ടം വഴി ഏകദേശം 2.7 കോടി രൂപയും പ്രതിമാസം നഷ്ടപ്പെടുന്നുവെന്ന് വിലയിരു ത്താവുന്നതാണ്.

## കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി./ യു.ഡി.സി. തസ്തികകൾ

219(2497) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഒരു ജില്ലയിൽ തന്നെ ഏഴ് വർഷത്തിൽ കൂടുതൽ ജോലി ചെയ്യുന്ന (പ്രൊമോഷൻ പോസ്റ്റ് ഉൾപ്പെടെ) ജീവനക്കാരുടെ തസ്തികയും എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒരു ജില്ലയിൽ തന്നെ ഏഴ് വർഷത്തിൽ കൂടുതൽ ജോലിചെയ്യുന്ന ജീവനക്കാരെ ഏഴ് വർഷത്തിൽ കൂടുതൽ ഒരു ജില്ലയിൽ ജോലിചെയ്തു എന്ന കാരണത്താൽ സ്ഥലംമാറ്റം നടത്തുകയോ പുനർവിന്യാസം നടത്തുകയോ ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ എൽ.ഡി.സി./യു.ഡി.സി. തസ്തികയുടെ അനുവദനീയമായ അംഗബലം എത്ര; ആയതിൽ എത്രപേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്; ഈ തസ്തികകളിൽ എത്ര ഒഴിവുകളാണ് ഈ ജില്ലയിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിൽ കൊല്ലം ജില്ലയിലെ വിവിധ ഓഫീസുകളിൽ എൽ.ഡി.സി./യു.ഡി.സി. തസ്തികയുടെ അനുവദനീയമായ അംഗബലം എത്ര; ആയതിൽ ഇപ്പോൾ എത്രപേർ ജോലിചെയ്യുന്നു; പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് ഈ ജില്ലയിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | ജില്ല | തസ്തിക | |
|---|---|---|---|
| | | എൽ.ഡി.സി. | യു.ഡി.സി. |
| 1. | തിരുവനന്തപുരം | 41 | 63 |
| 2. | കൊല്ലം | 20 | 20 |
| 3. | പത്തനംതിട്ട | 10 | 11 |
| 4. | ആലപ്പുഴ | 0 | 15 |
| 5. | കോട്ടയം | 12 | 13 |
| 6. | ഇടുക്കി | 2 | 6 |
| 7. | എറണാകുളം | 23 | 34 |
| 8. | തൃശ്ശൂർ | 22 | 21 |
| 9. | കോഴിക്കോട് | 21 | 29 |
| 10. | വയനാട് | 5 | 6 |
| 11. | മലപ്പുറം | 10 | 17 |
| 12. | പാലക്കാട് | 4 | 18 |
| 13. | കണ്ണൂർ | 6 | 31 |
| 14. | കാസർഗോഡ് | 2 | 9 |

(ബി) പൊതുസ്ഥലമാറ്റ മാനദണ്ഡപ്രകാരമാണ് സ്ഥലംമാറ്റം നടത്തുന്നത്. ഭരണപരമായ സൗകര്യത്തിനും പൊതുതാല്പര്യാർത്ഥവും ചില സന്ദർഭങ്ങളിൽ സ്ഥലമാറ്റം നടത്താറുണ്ട്.

(സി)

| | |
|---|---|
| അനുവദനീയമായ അംഗബലം (എൽ.ഡി.സി./ യു.ഡി.സി.) | 268 |
| ഇപ്പോൾ ജോലി ചെയ്യുന്നവരുടെ എണ്ണം (എൽ.ഡി.സി./ യു.ഡി.സി.) | 181 |
| ഒഴിവുകളുടെ എണ്ണം (എൽ.ഡി.സി./ യു.ഡി.സി.) | 87 |

(ഡി)

| | |
|---|---|
| അനുവദനീയമായ അംഗബലം (എൽ.ഡി.സി./ യു.ഡി.സി.) | 77 |
| ഇപ്പോൾ ജോലി ചെയ്യുന്നവരുടെ എണ്ണം (എൽ.ഡി.സി./ യു.ഡി.സി.) | 76 |
| ഒഴിവുകളുടെ എണ്ണം | 1 |

## വാട്ടർ അതോറിറ്റിയിൽ ഉദ്യോഗസ്ഥ പുനർവിന്യാസം

220(2498) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ റീസ്ട്രക്ചറിംഗ്/റീ കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനങ്ങളോ ഉത്തരവുകളോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ മാറ്റുവാനോ പുനർവിന്യാസം നടത്തുവാനോ സർക്കാർ/മാനേജിംഗ് ഡയറക്ടർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ജീവനക്കാരെ മാറ്റിയിട്ടുണ്ട്; എത്ര തസ്തികകൾ പുനർവിന്യാസം നടത്തിയിട്ടുണ്ട് എന്ന് തസ്തികകൾ തിരിച്ച് വ്യക്തമാക്കാമോ?

## ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ പുനഃസംഘടന/ പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് ഒരു യോഗം 14-5-2019-ൽ കൂടുകയും ടി യോഗത്തിൽ തീരുമാനിച്ച പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ തീരുമാനങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. യോഗത്തിന്റെ നടപടി കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മാനേജിംഗ് ഡയറക്ടർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* അനുബന്ധം (1-5)

(സി) ഉണ്ട്. പുനർവിന്യാസം സംബന്ധിച്ച് തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 |
| 3 | ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ | 1 |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 15 |
| 5 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I | 6 |
| 6 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II | 5 |
| 7 | ഓവർസിയർ ഗ്രേഡ്-III | 17 |
| 8 | യു.ഡി. ക്ലർക്ക് | 3 |
| 9 | എൽ.ഡി. ക്ലർക്ക് | 1 |
| 10 | ടൈപ്പിസ്റ്റ് | 2 |
| 11 | ഓഫീസ് അറ്റൻഡന്റ് | 3 |
| 12 | പ്ലംബർ | 1 |
| 13 | പ്ലംബിംഗ് ഇൻസ്പെക്ടർ | 1 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

221 (2499) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ അധിക പോസ്റ്റുകൾ സൃഷ്ടിക്കുന്നതിന് ഒരു പ്രോപ്പോസൽ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഒരു വർക്ക് സ്റ്റഡി നടത്താൻ കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വർക്ക് സ്റ്റഡിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാനാവുന്നതാണ്.

## തഴക്കര കുടിവെള്ള പദ്ധതി

222(2500) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര മുനിസിപ്പാലിറ്റി, തഴക്കര, ചെട്ടിക്കുളങ്ങര പഞ്ചായത്തുകൾക്കായി അച്ചൻകോവിൽ നദിയിൽ മണ്ഡപത്തിൻ കടവ് എന്ന സ്ഥലത്ത് ഇൻടേക് വെൽ സ്രോതസ്സായി ജല ശുദ്ധീകരണ ശാലയോടുകൂടിയ കുടിവെള്ള പദ്ധതിയുടെ ഭാഗമായി സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഹൈഡ്രോളിക് ഡിസൈൻ 2020 മാർച്ച് അവസാനത്തോടെ പൂർത്തിയാക്കി 2020 ഏപ്രിൽ മാസത്തോടെ ഡി.പി.ആർ. പൂർത്തീകരിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**തഴക്കര കുടിവെള്ള പദ്ധതി**

223(2501) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ സർവ്വേ റിപ്പോർട്ടും ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടും ലഭ്യമാക്കുമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാവേലിക്കര മുനിസിപ്പാലിറ്റി, തഴക്കര, ചെട്ടിക്കുളങ്ങര പഞ്ചായത്തുകൾ ചേർന്നിട്ടുള്ള കുടിവെള്ള പദ്ധതിയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഹൈഡ്രോളിക് ഡിസൈൻ, ഡി.പി.ആർ. തയ്യാറാക്കൽ എന്നിവ പുരോഗമിക്കുന്നു. 2020 മാർച്ച് അവസാനത്തോടെ ഡിസൈൻ പൂർത്തിയാക്കി 2020 ഏപ്രിൽ മാസത്തോടെ ഡി.പി.ആർ. പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഡിസൈൻ, വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ പുരോഗമിക്കുന്നു. പദ്ധതിക്കാവശ്യമായ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**നെന്മാറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

224(2502) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികളാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നിലവിൽ ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ ഉണ്ടെന്ന് വിശദമാക്കാമോ; ആയതിന്റെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവയെല്ലാം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുള്ളവയാണ്.

(ബി) 1. കിഫ്ബി 2016-17 -നെന്മാറ, അയിലൂർ, മേലാർകോട് സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാംഘട്ടം പാക്കേജ്- 1 & 2-(2450 ലക്ഷം). പാക്കേജ് 1 - 60% പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ച് 12 മാസം പൂർത്തീകരണ കാലാവധിയായി 25-3-2019-ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചു.

രണ്ടാംഘട്ടം പാക്കേജ് 2-57% പ്രവൃത്തി പൂർത്തീകരിച്ചു. 14-2-2020-ന് കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പ്രവൃത്തി റദ്ദാക്കി. ബാക്കി പ്രവൃത്തിയുടെ റിസ്ക് & കോസ്റ്റിലുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി സൂക്ഷ്മ പരിശോധനയിലാണ്.

2. കിഫ്ബി 2017-18 -എലവഞ്ചേരി, പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി - 2000 ലക്ഷം - 15-10-2019-ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചു - 24-3-2021-ന് പ്രവൃത്തി പൂർത്തീകരിക്കും.

3. വാർഷിക പദ്ധതി - ഗ്രീൻ ബുക്ക് - 17-18 - ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിക്കും വടവന്നൂർ ഗ്രാമപഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി -1500 ലക്ഷം - 99% പ്രവൃത്തി പൂർത്തീകരിച്ചു. വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള തുക കെ.എസ്.ഇ.ബി.-എൽ.-ൽ അടയ്ക്കാത്തതുകൊണ്ട് കണക്ഷൻ ലഭ്യമായിട്ടില്ല.

4. വാർഷിക പദ്ധതി -2018-19-നെന്മാറ, അയിലൂർ മേലാർകോട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി - 1460 ലക്ഷം -70% പ്രവൃത്തി പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡ് പുനഃരുദ്ധാരണത്തിനുള്ള തുക അടക്കാത്തതു കാരണം പൊതുമരാമത്ത് വകുപ്പിൽനിന്നും റോഡ് കട്ടിംഗിനുള്ള അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. ചെറുകിട കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവൂർ പഞ്ചായത്തിലെ താത്തൂർപോയിൽ കുടിവെള്ള പദ്ധതി

225 (2503) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപോയിൽ ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതും ഉപയോഗ ശൂന്യമായിക്കിടക്കുന്നതുമായ കുടിവെള്ള പദ്ധതി മൈനർ ഇറിഗേഷന് ഏൽപ്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച് ഡബ്ല്യു.എസ്.-ബി. 3/264/2019- ഡബ്ല്യു.ആർ.ഡി. ഫയലിന്മേൽ കെ.ഡബ്ല്യൂ.എ. എം.ഡി.-യോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 4-9-2019-ലെ ഡബ്ല്യു.എസ്.-ബി. 3/264/2019- ഡബ്ല്യു.ആർ.ഡി. നമ്പർ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപോയിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന കുടിവെള്ള പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ 29-10-2019-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ തീരുമാനം എടുക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിയുടെ അടുത്ത ബോർഡ് യോഗത്തിൽ അംഗീകാരത്തിന് വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കോട്ടയം വെസ്റ്റ് ഭാഗം-ചിങ്ങവനം കുടിവെള്ള പദ്ധതി

226 (2504) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21-ലെ വർക്ക്സ് ബജറ്റിൽ 2369 ക്രമനമ്പറായി ടോക്കൺ പ്രൊവിഷൻ മാത്രം നൽകി ഉൾപ്പെടുത്തിയിരിക്കുന്ന കോട്ടയം വെസ്റ്റ് ഭാഗം-ചിങ്ങവനം കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകി അടുത്ത സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കോട്ടയം വെസ്റ്റ് ഭാഗം-ചിങ്ങവനം കുടിവെള്ള പദ്ധതിക്കുള്ള ടോക്കൺ പ്രൊവിഷനെക്കുറിച്ച് ചോദ്യത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ബഡ്ജറ്റ് വിഭാഗത്തിൽ 2020-21 വർഷത്തേയ്ക്കുള്ള വർക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയും.

**വിളക്കുടി-വെട്ടിക്കവല-മേലില കുടിവെള്ള പദ്ധതി**

227 (2505) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ വിളക്കുടി-വെട്ടിക്കവല-മേലില കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയത്; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിളക്കുടി - വെട്ടിക്കവല – മേലില ഗ്രാമീണ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി സോൺ-(1)യിലേയും സോൺ (2A) യിലെയും വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 2019-2020 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5-10-2019-ലെ G.O.(Rt) No. 710/2019/WRD പ്രകാരം 17.88 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

എന്നിരുന്നാലും 2024-ഓടുകൂടി ഗ്രാമീണ മേഖലയിലുള്ള എല്ലാവർക്കും കുടിവെള്ളം എന്ന ആശയത്തോടുകൂടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ 'ജലജീവൻ മിഷന്' വേണ്ടി സംസ്ഥാന സർക്കാരിന്റെ വിഹിതം കണ്ടെത്തു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാനായുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഈ പദ്ധതി ഉൾപ്പെടെ 155.77 കോടി രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്യേണ്ടതായിവന്നു. ഈ പദ്ധതികൾ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് ആയതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## മഞ്ഞപ്പുഴ, രാമൻ പുഴ സംരക്ഷണ പദ്ധതികൾ

228 (2506) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ മഞ്ഞപ്പുഴ, രാമൻ പുഴ എന്നിവ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പനങ്ങാട്, ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ, ഉള്ളിയേരി ഗ്രാമപഞ്ചായത്തുകളിലായി മഞ്ഞപ്പുഴ, രാമൻ പുഴ എന്നിവ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

2020-2021 സാമ്പത്തിക വർഷത്തിൽ ഉണ്ണികുളം, പനങ്ങാട്, ബാലുശ്ശേരി, ഉള്ള്യേരി നടുവണ്ണൂർ ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളായി വരുന്ന മഞ്ഞപ്പുഴ, രാമൻപുഴ പുനരുജ്ജീവനത്തിന് 5 കോടി രൂപയുടെ പ്രൊപ്പോസൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (RKI) ഭാഗമായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മഞ്ഞപ്പുഴ നവീകരണത്തിനായി ലഭ്യമായിട്ടുള്ള 2 കോടി രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ഞപ്പുഴയുടെ തീരസംരക്ഷണത്തിനായി അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചാത്തമംഗലം എൻ.സി.പി.സി. പദ്ധതിക്ക് കുളിമാട് പ്ലാന്റിൽ നിന്ന് വെള്ളം

229 (2507) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ.സി.പി.സി. കുടിവെള്ള പദ്ധതി ടാങ്കിലേക്ക് കുളിമാട് 72 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ബൾക്ക് മീറ്റർ വച്ച് വെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം വരുത്തുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ;

(ബി) 2019-20 ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ എൻ.സി.പി.സി. കുടിവെള്ള പദ്ധതി ടാങ്കിലേയ്ക്ക് കുളിമാട് 72 എം.എൽ.ഡി ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും ബൾക്ക് മീറ്റർ വച്ച് വെള്ളം ലഭ്യമാക്കുന്നതിന് ഒരു കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. എന്നാൽ പഴയ എൻ.സി.പി.സി. സ്കീമിന്റെ പുനരുദ്ധാരണമായതിനാൽ, കാലപ്പഴക്കം വന്ന പൈപ്പുകളുടെ വാഹകശേഷി ഉറപ്പുവരുത്തേണ്ടതായിരുന്നു. ആയതിനാൽ പ്രൊപ്പോസൽ സാങ്കേതികമായി പുനഃപരിശോധിക്കുന്നതിനും കേന്ദ്ര സക്കാർ പദ്ധതിയായ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തുവാനുതകും വിധം പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

230 (2508) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോന്നിലും എത്ര കണക്ഷനുകൾ ഉണ്ട്; ഓരോന്നിന്റെയും ഉറവിടം ഏതെന്ന് വ്യക്തമാക്കാമോ;

(ബി) അതിരൂക്ഷമായ വേനൽക്കാലങ്ങളിൽ കുടിവെള്ള ഉറവിടത്തിന് വരൾച്ച നേരിടാറുണ്ടോ; ഉണ്ടെങ്കിൽ തടയുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ കുടിവെള്ള പദ്ധതിയും നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രശ്നവും പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 8 കുടിവെള്ള പദ്ധതികളിലൂംകൂടി 23640 കണക്ഷനുകളുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ആവശ്യത്തിന് ജലമുണ്ട്. എന്നാൽ ജലത്തിന്റെ തോത് ഈ സ്രോതസ്സുകളിൽ കുറയുന്ന സാഹചര്യത്തിൽ മലമ്പുഴ ജല സംഭരണി തുറന്ന് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) വേനൽ രൂക്ഷമാകുമ്പോൾ ജലത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതും സ്വകാര്യ സ്രോതസ്സുകൾ വറ്റുന്നതും കാരണം അതോറിറ്റിയുടെ പദ്ധതികളെ കൂടുതൽപേർ ആശ്രയിക്കുന്നതും കാരണം ആവശ്യത്തിനനുസരിച്ച് ജലം ലഭ്യമാക്കുവാൻ സാധിക്കാതെ വരുന്നു എന്നതാണ് പ്രധാന പ്രശ്നം.

(ഡി) നിലവിലുള്ള പമ്പിംഗ് സമയത്തിൽ വർദ്ധന വരുത്തിയും വാൽവുകൾ ക്രമീകരിച്ചും പമ്പുകളുടെയും മറ്റ് അനുബന്ധ സംവിധാനങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

## കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലെ കുടിവെള്ള പ്രതിസന്ധി

231 (2509) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കണ്ടല്ലൂർ, ദേവികുളങ്ങര ഗ്രാമ പഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരൾച്ചാസമയത്ത് കായംകുളം നിയോജക മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്</u>

   കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത് വെട്ടുതറ കോളനി, പെരുമന കോളനി, മണിവേലിക്കടവ്, ഓണമ്പള്ളി, വടക്കൻ കോയിക്കൽ, കാരാവള്ളി, കോഴിക്കായൽവാരം എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കുഴൽക്കിണറുകളിൽ നിന്നാണ്. ഈ പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

   (a) വെട്ടുതറ കോളനിയിലെ പമ്പ് സെറ്റിന്റെ ഡിസ്ചാർജ് കുട്ടി പുനഃസ്ഥാപിച്ചു.

   (b) പെരുമന കോളനിയിലെ ലീക്കായ കോളം പൈപ്പ് മാറ്റി പകരം പുതിയ പൈപ്പ് സ്ഥാപിച്ചു. കൂടാതെ പമ്പിംഗ് സമയം ദീർഘിപ്പിച്ചു.

   (c) മണിവേലിക്കടവ് കുഴൽക്കിണറിൽ വേലിയേറ്റ സമയത്ത് ഉപ്പ് വെള്ളം കയറുന്നതിനാൽ വേലിയിറക്ക സമയത്ത് 8 മണിക്കൂർ പമ്പ് ചെയ്യാനുള്ള നടപടി സ്വീകരിച്ചു.

   (d) വടക്കൻ കോയിക്കൽ, കാരാവള്ളി എന്നീ പമ്പ് ഹൗസുകളിലെ പമ്പിംഗ് സമയം ദീർഘിപ്പിച്ചു.

   (e) പത്തിയൂർ ജലശുദ്ധീകരണശാലയിൽനിന്നും പെരുമ്പള്ളിയിലേയ്ക്ക് പോകുന്ന പ്രധാന പൈപ്പ് ലൈനിൽ (250 mm DI Pipe) നിന്നും കൊച്ചിയുടെ ജെട്ടി പാലത്തിന് കിഴക്കുഭാഗത്തു വച്ച് കണ്ടല്ലൂർ പഞ്ചായത്തിലെ 110 mm PVC പൈപ്പുമായി ഇന്റർകണക്ട് ചെയ്ത് കണ്ടല്ലൂർ, ആറാട്ടുപുഴ കിഴക്കേകര, ദേവികുളങ്ങര പഞ്ചായത്തിലെ കണ്ടല്ലൂർ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഭാഗം എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിച്ചു.

   (f) ഓണമ്പള്ളി, കോഴിക്കായൽവാരം എന്നീ പമ്പ് ഹൗസുകളിൽ ദിവസേന 20 മണിക്കൂർ വീതം പമ്പ് ചെയ്ത് ആ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നുണ്ട്.

2. ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്

ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത് വടക്കേ ആഞ്ഞിലിമൂട്, പുതുപ്പള്ളി, മുട്ടത്തുമണ്ണേൽ, വാർഡ് 2, ദേവികുളങ്ങര, കൂട്ടാശ്ശേരിമണ്ണേൽ, കളിയിക്കൽച്ചിറ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കുഴൽക്കിണറുകളിൽ നിന്നുമാണ്. എല്ലാ പമ്പ് ഹൗസുകളിലും ജല ലഭ്യതയ്ക്കനുസരിച്ച് പരമാവധി സമയം പമ്പ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതുപ്പള്ളി ഉന്നതതല ജല സംഭരണി രാത്രി സമയത്ത് പൂട്ടി പൂർണ്ണമായും ജലം സംഭരിച്ച് രാവിലെ തുറന്നുവിടാനുള്ള നടപടിയും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപുറമെ പ്രസ്തുത പഞ്ചായത്തുകളിലെ ജലക്ഷാമം അനുഭവപ്പെടുന്ന മറ്റു പ്രദേശങ്ങളിലും അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഷൊർണ്ണൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

232 (2510) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പേര് വിവരവും ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുകയും സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ?

ഉത്തരം

2019-20 സാമ്പത്തിക വർഷത്തിൽ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും വകുപ്പിന് കീഴിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിലുള്ള പൂർത്തീകരിച്ച പദ്ധതിയായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകൾ ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ കാഞ്ഞിരപ്പുഴ പദ്ധതിയുടെ വാർഷിക അറ്റകുറ്റ പണികൾക്കായി നോൺ പ്ലാൻ ശീർഷകത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ 30 ലക്ഷം രൂപയുടെ 8 പ്രവൃത്തികളും കൂടാതെ State Disaster Response Fund (SDRF)-ൽ ഉൾപ്പെടുത്തി 262.94 ലക്ഷം രൂപയുടെ 49 പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റി മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(1) കിഫ്ബി 2016-17 -ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലേയ്ക്കും വാണിയംകുളം പഞ്ചായത്തിനും കൂടിയുള്ള കുടിവെള്ള പദ്ധതി-20 എം.എൽ.ഡി ജലശുദ്ധീകരണശാല സ്ഥാപിക്കൽ, ഭാരതപ്പുഴയ്ക്ക് കുറുകേ തടയണ സ്ഥാപിക്കുന്ന പ്രവൃത്തി - 3500 ലക്ഷം രൂപ

(2) കിഫ്ബി - 2017-18 – ഷൊർണ്ണൂർ കുടിവെള്ള പദ്ധതിയുടെ എ.സി. വിതരണശൃംഖല (സോൺ 1) മാറ്റി സ്ഥാപിക്കൽ - 688 ലക്ഷം രൂപ

(3) കിഫ്ബി - 2017-18 - ഷൊർണ്ണൂർ കുടിവെള്ള പദ്ധതിയുടെ എ.സി. വിതരണശൃംഖല (സോൺ 2) മാറ്റി സ്ഥാപിക്കൽ - 576 ലക്ഷം രൂപ

(4) കിഫ്ബി - 2017-18 - ഷൊർണ്ണൂർ കുടിവെള്ള പദ്ധതിയുടെ എ.സി. വിതരണശൃംഖല (സോൺ 3) മാറ്റി സ്ഥാപിക്കൽ - 703 ലക്ഷം രൂപ

(5) സ്റ്റേറ്റ് പ്ലാൻ - 2018-19 - ചെർപ്പുളശ്ശേരിയിൽ 250 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി - 30 ലക്ഷം രൂപ

(6) സ്റ്റേറ്റ് പ്ലാൻ - 2019-20 - കുനത്തറ സമ്പിൽ നിന്നും വെള്ളാരംപാറ ഭൂഗർഭ ജലസംഭരണിയിലേയ്ക്കുള്ള പഴയ 250 എം.എം.എ.സി. പൈപ്പ് മാറ്റി 300 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 216 ലക്ഷം രൂപ

(7) സ്റ്റേറ്റ് പ്ലാൻ -2019-20-കുളപ്പുള്ളിയിൽ നിന്നും കുനത്തറയിലേയ്ക്കുള്ള 200 എം.എം.എ.സി. ക്ലാസ് 10 ഗ്രാവിറ്റി മെയിൻ പൈപ്പ് മാറ്റി 300 എം.എ. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 288 ലക്ഷം രൂപ

(8) സ്റ്റേറ്റ് പ്ലാൻ-2019-20-ൽ ബോർ വെൽ വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി ചെണാംപള്ളി മുതൽ പാവുക്കോണംവരെ 1800 മീറ്റർ പഴയ എ.സി പൈപ്പ് മാറ്റുന്ന പ്രവൃത്തി - 14.40 ലക്ഷം രൂപ

(9) സ്റ്റേറ്റ് പ്ലാൻ - 2019-20 – വാണിയംകുളം കുടിവെള്ള പദ്ധതി - 90 എച്ച്.പി. സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി - 2 എണ്ണം (72 മീറ്റർ ഹെഡ്, 67.75 എൽ.പി.എസ്. ഡിസ്ചാർജ്ജ്)- 49 ലക്ഷം രൂപ

(10) KRFB – PMU യൂട്ടിലിറ്റി ഷിഫ്റ്റിംഗ് - വാണിയംകുളം - കോതകുറിശ്ശി - പി.ഡബ്ല്യൂ.ഡി. റോഡ് - 65 ലക്ഷം രൂപ

(11) എൽ.എ.സി- എ.ഡി.എസ്. - ചെർപ്പുളശ്ശേരി - 2017-18 - പോക്കാമ്പാറ കുടിവെള്ള പദ്ധതി - എച്ച്.ഡി.പി.ഇ. ടാങ്ക്, പമ്പിംഗ് മെയിൻ, പമ്പ് ഹൗസ് 15 എച്ച്.പി സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ്, പ്രഷർ ഫിൽട്ടർ എന്നിവ സ്ഥാപിക്കൽ - 25 ലക്ഷം രൂപ

(12) സ്റ്റേറ്റ് പ്ലാൻ - 2015-16-09-യു.ഡബ്ല്യു.എസ്.എസ്. - ഷൊർണ്ണൂർ കുടിവെള്ള പദ്ധതി - കിണർ, പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കൽ - 50 ലക്ഷം രൂപ

(13) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (2014-15) - ബാലൻസ് ഫണ്ട് - നെല്ലായ - കുലുക്കല്ലൂർ കുടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ - 900 ലക്ഷം രൂപ.

കൂടാതെ ഷൊർണ്ണൂർ മണ്ഡലത്തിന് കീഴിൽ ജല അതോറിറ്റി മുഖാന്തരം നടന്നുവരുന്ന ഡെപ്പോസിറ്റ് വർക്കുകൾ അനുബന്ധം * ആയി ചേർക്കുന്നു.

2000-08-ൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചളവറ ഗ്രാമപഞ്ചായത്തിൽ 34 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നു. കേടുപാടുകൾ സംഭവിച്ച് കുടിവെള്ള വിതരണം തടസ്സപ്പെട്ടിരുന്ന സാമൂഹ്യ കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള സുസ്ഥിരത പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചളവറ പഞ്ചായത്തിലെ 8 കുടിവെള്ള പദ്ധതികൾ പുനഃരുദ്ധരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ഭരണാനുമതി തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | അമൃത | 20 | 2,80,025 |
| 2 | അമൃതധാര | 37 | 3,09,235 |
| 3 | സൗപർണ്ണിക | 13 | 2,50,700 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | അക്ഷയ | 48 | 11,08,000 |
| 5 | അനുഗ്രഹ | 50 | 8,81,000 |
| 6 | ജലവാഹിനി | 66 | 16,26,000 |
| 7 | പമ്പ | 32 | 6,76,000 |
| 8 | വനദുർഗ്ഗ | 106 | 12,32,000 |
| | ആകെ | 372 | 63,62,960 |

കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കുടുംബങ്ങൾക്ക് പങ്കാളിത്താധിഷ്ഠിത മാതൃകയിൽ 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തൃക്കടേരി, നെല്ലായ ഗ്രാമപഞ്ചായത്തിലെ 315 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. തൃക്കടേരി ഗ്രാമപഞ്ചായത്തിലെ 215 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തീകരിച്ചു. നെല്ലായ ഗ്രാമപഞ്ചായത്തിലെ 100 ഗുണഭോക്താക്കൾക്കായി മഴവെള്ള സംഭരണികളുടെ നിർമ്മാണം പുരോഗമിക്കുന്നു. രണ്ട് ഗ്രാമപഞ്ചായത്തുകളിലും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 1.73 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി

233 (2511) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന 56.89 കോടി രൂപയുടെ ധനസഹായാനുമതി ലഭിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം, ചെറുതാഴം പഞ്ചായത്തുകൾക്കും ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേയ്ക്കും പ്രയോജനം ലഭിക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ഭരണാനുമതിയും കിഫ്ബിയിൽനിന്ന് ധനസഹായ അനുമതിയും ലഭിച്ചിട്ടുണ്ട്.

മേൽ പദ്ധതിയിൽ ഉന്നതതല ജലസംഭരണികൾ (ശ്രീസ്ഥ- 8.5 ലക്ഷം ലിറ്റർ പടിക്കപ്പാറ-4.5 ലക്ഷം ലിറ്റർ, എടാട്ടു-8.5 ലക്ഷം ലിറ്റർ ഗ്രാവിറ്റി മെയിൻ) (41450 മീറ്റർ), ടെലിമെട്രി റൂം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ടി പദ്ധതി ഒരൊറ്റ പാക്കേജ് ആയി ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയിൽ 41450 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 15952 മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. കുഞ്ഞിമംഗലം പഞ്ചായത്തിലേയ്ക്ക് ജലവിതരണം നടത്തുന്നതിനുവേണ്ടി എടാട്ടിൽ നിർമ്മിക്കുന്ന 8.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ 70% പ്രവൃത്തി പൂർത്തീകരിച്ചു. ചെറുതാഴം പഞ്ചായത്തിലേയ്ക്ക് ജലവിതരണം നടത്തുന്നതിനുവേണ്ടി ശ്രീസ്ഥ 8.5 ലക്ഷം ലിറ്റർ, പടിക്കപ്പാറ 4.5 ലക്ഷം ലിറ്റർ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി 31-3-2021-നോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

**റാന്നി മണ്ഡലത്തിലെ ഉപയോഗശൂന്യമായ കുഴൽ കിണറുകൾ**

234 (2512) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഉപയോഗശൂന്യമായ എത്ര കുഴൽ കിണറുകളുണ്ടെന്ന പട്ടികയാണ് ഭൂജല വിഭവ വകുപ്പിന് കഴിഞ്ഞ വർഷം ലഭിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര എണ്ണം പുനരുദ്ധരിക്കാൻ കഴിഞ്ഞുവെന്നും ഇവയ്ക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കാമോ; അവശേഷിക്കുന്നവ പുനരുദ്ധരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ കേടായ എല്ലാ കുഴൽ കിണറുകളും പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഉപയോഗശൂന്യമായ കുഴൽ കിണറുകളുടെ പട്ടിക താഴെ നൽകുന്നു.

| | | |
|---|---|---|
| 1. നാറാണമൂഴി ഗ്രാമപഞ്ചായത്ത് | - | 62 എണ്ണം. |
| 2. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | - | 1 എണ്ണം. |
| 3. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | - | 17 എണ്ണം. |
| 4. റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് | - | 5 എണ്ണം. |

കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ട് ലഭിക്കാതിരുന്നതിനാൽ അനുമതി നൽകാൻ സാധിച്ചിട്ടില്ല.

(ബി) പുനരുദ്ധാരണം നടത്തേണ്ട കുഴൽകിണർ ഹാൻഡ് പമ്പുകളുടെ ലിസ്റ്റ് താഴെപ്പറയും പ്രകാരം അനുമതിക്കായി 27-2-2020-നും 4-3-2020-നും ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | - | 16 എണ്ണം |
| 2. കൊറ്റനാട് ഗ്രാമപഞ്ചായത്ത് | - | 24 എണ്ണം. |
| 3. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | - | 5 എണ്ണം. |
| 4. നാറാണമൂഴി ഗ്രാമപഞ്ചായത്ത് | - | 76 എണ്ണം. |
| 5. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | - | 29 എണ്ണം. |
| 6. റാന്നി പെരുനാട് | - | 19 എണ്ണം. |

ഈ പ്രവൃത്തികളുടെ അനുമതി ഉടൻ നൽകുന്നതാണ്.

## കായംകുളം നഗരസഭയിലെ ശുദ്ധജല വിതരണ പൈപ്പുകൾ

235 (2513) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം നഗരസഭ പ്രദേശങ്ങളിൽ കാലപ്പഴക്കത്താൽ ശുദ്ധജല വിതരണ പൈപ്പുകൾ ജീർണ്ണാവസ്ഥയിൽ ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ പൈപ്പ് ലൈൻ സംവിധാനങ്ങൾ ഒരുക്കി കുടിവെള്ള വിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി, പുതിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ആസൂത്രണം ചെയ്തുവരുന്നു.

## വാണിയംകുളം പഞ്ചായത്തിൽ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

236 (2514) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിന് വേണ്ടിയുള്ള ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനായി അനുവദിച്ച 2.16 കോടി രൂപയുടെയും 2.88 കോടി രൂപയുടെയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചുനത്തറ സമ്പിൽനിന്നും വെള്ളാരംപാറ ഭൂഗർഭ ജലസംഭരണിയിലേയ്ക്കുള്ള പഴയ 250 എം.എം എ.സി. പൈപ്പ് മാറ്റി 300 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 27-6-2019-ന് 288 ലക്ഷം രൂപയുടെ ഭരണാനുമതിയും 27-11-2019-ന് 250 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 29-11-2019-ന് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ അവസാന തീയതി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. അതിനുശേഷം രണ്ട് കരാറുകാർ ടെണ്ടറിൽ പങ്കെടുത്തു. L1 19% മുകളിലും L2 24% മുകളിലുമാണ് ക്വാട്ട് ചെയ്തിരുന്നത്. ആയതുകൊണ്ട് ടെണ്ടർ റദ്ദാക്കി 4-1-2020-ന് പുനർ ദർഘാസ് ക്ഷണിച്ചു. എന്നാൽ വീണ്ടും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കി. 25-3-2020 അവസാന തീയതിയായി വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

കുളപ്പുള്ളിയിൽനിന്നും ചുനത്തറയിലേയ്ക്കുള്ള 200 എം.എം. എ.സി ക്ലാസ് 10 ഗ്രാവിറ്റി മെയിൻ പൈപ്പ് മാറ്റി 300 എം.എം. ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 14-6-2019-ന് 216 ലക്ഷം രൂപയുടെ ഭരണാനുമതിയും 27-11-2019-ന് 210 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 29-11-2019-ന് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ അവസാന തീയതി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ വീണ്ടും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കി. 25-3-2020 അവസാന തീയതിയായി വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ ലഭിച്ചാൽ വർക്ക് ഓർഡർ നൽകി 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

## നെടുമങ്ങാട് മണ്ഡലത്തിലെ ഇറിഗേഷൻ, വാട്ടർ അതോറിറ്റി പ്രവൃത്തികൾ

237 (2515) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ, വാട്ടർ അതോറിറ്റി വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും ജല അതോറിറ്റി കാര്യാലയത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതുകൂടാതെ കേരള ജല അതോറിറ്റി വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഏകദേശം 200 ലക്ഷം രൂപയുടെ പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ പ്രവൃത്തികൾ (ഡെപ്പോസിറ്റ് വർക്) മണ്ഡലത്തിലെ വിവിധ ഇടങ്ങളിൽ നടത്തിയിട്ടുണ്ട്. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം (2) കാര്യാലയവുമായി ബന്ധപ്പെട്ട് 3 പ്രവൃത്തികളാണ് അനുവദിച്ച് നടപ്പിലാക്കിവരുന്നത്.

1. നെടുമങ്ങാട് വാമനപുരം ജലസേചന പദ്ധതി (വി.ഐ.പി.) കോമ്പൗണ്ടിലെ ക്യാമ്പസ് റോഡിന്റെ ഉപരിതലം പുതുക്കലും എ ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികളും കോമ്പൗണ്ട് വാളിന്റെ നിർമ്മാണവും

   തുക - 10,70,000 രൂപ

2. നെടുമങ്ങാട് വി.ഐ.പി. ക്യാമ്പസിലെ 6 ഡി ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ

   തുക - 8,99,925 രൂപ

3. നെടുമങ്ങാട് വി.ഐ.പി. ക്യാമ്പസിലെ 8 ബി ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ

   തുക - 14,82,699 രൂപ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കള്ളിക്കാട് മരക്കുന്നത്ത് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി**

238 (2516) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട് മരക്കുന്നത്ത് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി പ്രദേശത്ത് ജില്ലാ കളക്ടറുടെ ഉത്തരവ് മറികടന്ന് പൂജ നടത്തുവാൻ ചിലർ ശ്രമിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ജനങ്ങൾക്ക് ഉപകാരപ്രദമായ ഈ പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം തടയുന്നതിനും അവിടെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ ഭരണകൂടം പ്രവേശനാനുമതി നിഷേധിച്ചിരുന്ന പ്രസ്തുത പദ്ധതി പ്രദേശത്ത് കുറെ ആൾക്കാർ അതിക്രമിച്ച് പ്രവേശിച്ച് പൂജ നടത്താൻ ശ്രമിച്ചിരുന്നു. സുരക്ഷിതത്വത്തിനായി നിയോഗിച്ചിരുന്ന തഹസിൽദാർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ കയ്യേറ്റം ചെയ്യുകയും ചെയ്തു. ഇതിനെതിരെ പോലീസ് കേസെടുക്കുകയും അക്രമികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

(ബി) തിരുവനന്തപുരം നഗരത്തിനും മലയിൻകീഴ്, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്ന ബൃഹത് പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി ഇത് നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളുമായി കേരള വാട്ടർ അതോറിറ്റി മുന്നോട്ടു പോകുകയാണ്. സ്ഥലത്തിന്റെ കൈവശാവകാശത്തെ ചൊല്ലി ശ്രീരാമദാസ മിഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച വ്യവഹാര ത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. അതിനെത്തുടർന്ന് 2-3-2020-ൽ നെടുമങ്ങാട് ആർ.ഡി.ഒ. ഹിയറിംഗ് നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിലുള്ള ആർ.ഡി.ഒ.-യുടെ തീരുമാനത്തിനനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ ജല അതോറിറ്റിയുടെ പ്രവൃത്തികൾ**

239 (2517) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ജല അതോറിറ്റി നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 ഏപ്രിൽ 1 മുതൽ 2019 ഡിസംബർ 31 വരെ എത്ര ഗാർഹിക കണക്ഷനുകൾ നൽകിയെന്ന് വിശദീകരിക്കുമോ;

(സി) ഈ കാലയളവിൽ എത്ര ബോർവെല്ലുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) മണ്ഡലത്തിൽ കുടിവെള്ള വിതരണം തടസ്സം കൂടാതെ കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ജല അതോറിറ്റി നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ പറയുന്നവയാണ്.

1. എം.എൽ.എ. ഫണ്ടിൽനിന്നും 12 ലക്ഷം രൂപ ഉപയോഗിച്ച് പുത്തൻതെരുവ് സ്റ്റേഡിയം കോമ്പൗണ്ടിൽ നിർമ്മിച്ച പുതിയ കുഴൽക്കിണർ.

2. പഞ്ചായത്ത് ഡെപ്പോസിറ്റ് ഫണ്ടായ 14,11,438 രൂപ ഉപയോഗിച്ച് തൊടിയൂർ പഞ്ചായത്തിലെ വട്ടത്തറയിലും എം.എൽ.എ. ഫണ്ടായ Rs. 12,13,249 ഉപയോഗിച്ച് പാട്ടുപുരയ്ക്കലും നിർമ്മിച്ച പുതിയ കുഴൽക്കിണറുകൾ.

(ബി) 5050 വാട്ടർ കണക്ഷനുകൾ.

(സി) 3 ബോർവെല്ലുകൾ.

(ഡി) പ്രസ്തുത മണ്ഡലത്തിൽ കുടിവെള്ള വിതരണം തടസ്സം കൂടാതെ കാര്യക്ഷമമായി നടത്തുന്നതിന് വിവിധ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഓച്ചിറ കുടിവെള്ള പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് ഓച്ചിറ പ്ലാന്റിലും കണ്ടിയൂർകടവ് റോ വാട്ടർ പമ്പ് ഹൗസിലും 18 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. അതുപോലെതന്നെ തൊടിയൂർ പഞ്ചായത്തിലെ കല്ലേലിഭാഗം പമ്പ്ഹൗസ്, തഴവ പഞ്ചായത്തിലെ മണപ്പള്ളി പമ്പ് ഹൗസ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. ഓച്ചിറ പ്ലാന്റിലേയും കണ്ടിയൂർകടവ് റോ-വാട്ടർ പമ്പ് ഹൗസിലേയും പ്രവർത്തനക്ഷമമല്ലാതിരുന്ന 2 stand by transformer-കൾ പ്രവർത്തനക്ഷമമാക്കി. കൂടാതെ, വൈദ്യുതിയുടെ ഫീഡർ മാറ്റുമ്പോൾ ഉണ്ടാകുന്ന ലൈൻ ചേയ്ഞ്ചിംഗ് ഇന്റർലോക്കിംഗ് സംവിധാനം ഉപയോഗിച്ച് ഫീഡർ മാറ്റി കൊടുക്കുമ്പോഴും പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ ഇപ്പോൾ സാധിക്കുന്നതാണ്. ഇതോടൊപ്പം റോ-വാട്ടർ പമ്പ് ഹൗസ് ക്ലീൻ

ചെയ്യുക, TOD മീറ്റർ സ്ഥാപിക്കുക, lightening arrestor സ്ഥാപിക്കുക തുടങ്ങിയവയും പ്ലാന്റിന് clarifloculator, compressor എന്നിവ പ്രവർത്തനക്ഷമമാക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തിയിട്ടുള്ളതാണ്. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി തൊടിയൂർ പഞ്ചായത്തിലെ വട്ടത്തറ, കല്ലേലിഭാഗം, പാട്ടുപുരയ്ക്കൽ, മാലുമേൽ ഓൾഡ് പമ്പ് ഹൗസുകളിലും തഴവ പഞ്ചായത്തിലെ പാലമൂട് പമ്പ് ഹൗസിലും വിദൂര നിയന്ത്രണ സംവിധാനം (automation) ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## തൊഴിൽ വകുപ്പിന് കീഴിലുള്ള സംവിധാനങ്ങളുടെ വിഭജനം

240 (2518) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള സംവിധാനങ്ങൾ മൂന്ന് ഭാഗങ്ങളായി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളായിട്ടാണ് നിലവിലെ സംവിധാനങ്ങൾ മാറ്റുന്നത്; വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനം പരിമിതമാകുന്ന സാഹചര്യം ഉണ്ടാകുമോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## തൊഴിൽ വകുപ്പിന്റെ വിഭജനം

241 (2519) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിലെ സംവിധാനങ്ങളിൽ മാറ്റം വരുത്തുവാനും വിഭജിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തോട്ടം മേഖലയ്ക്ക് മാത്രമായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിഭജനത്തിനുശേഷം തൊഴിൽ വകുപ്പിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയായിരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രിബ്യൂണൽ ആന്റ് ലേബർ കോർട്ട് എവിടെയെല്ലാം സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ഇ) തൊഴിൽ വകുപ്പിനുകീഴിലെ ജീവനക്കാരെ പുനർവിന്യസിക്കാൻ ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) തൊഴിൽ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020-21 ബഡ്ജറ്റിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിൽനിന്നുള്ള ജീവനക്കാരുടെ പുനർവിന്യാസത്തിലൂടെ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) തൊഴിൽ വകുപ്പിന് കീഴിലാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്.

(ഡി) നിലവിലുള്ള സ്ഥിതിയിൽ മാറ്റംവരുത്തുവാൻ തീരുമാനിച്ചിട്ടില്ല.

(ഇ) പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് തൊഴിൽ വകുപ്പിൽനിന്നുള്ള ജീവനക്കാരുടെ പുനർവിന്യാസത്തിലൂടെയാണ്.

**പുതുതായി ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങൾ**

242 (2520) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി എത്രപേർക്കാണ് ഈ സർക്കാരിന്റെ കാലത്ത് തൊഴിൽ നേടാനായതെന്ന് അറിയിക്കുമോ;

(സി) മാറിയ കാലഘട്ടത്തനനുസരിച്ചുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാമാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജനുവരി 2020 വരെ 127595 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. കൂടാതെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തരം 05/16 മുതൽ 1/2020 വരെ 43842 പേർക്കും തൊഴിൽ നേടാനായിട്ടുണ്ട്. വ്യവസായ പരിശീലന വകുപ്പ് മുഖേന ഐ.ടി.ഐ.-കളിലെ 8598 ട്രെയിനികൾക്ക് പ്ലേസ്മെന്റ് സെൽ മുഖേനയും ഐ.ടി.ഐ.-കൾ നടത്തിയ തൊഴിൽ മേളകളിലൂടെയും 14420 പേർക്കും തൊഴിൽ നേടാനായി. കൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ സംരംഭങ്ങൾ മുഖേന 197936 പേർക്ക് തൊഴിൽ നേടാനായിട്ടുണ്ട്.

(സി) അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

## വിവിധ തൊഴിൽ മേഖലയിലുള്ളവർക്കുള്ള ക്ഷേമനിധി

243 (2521) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലയിലുള്ളവർക്കാണ് നിലവിൽ ക്ഷേമനിധി ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ വിഭാഗത്തിലും എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

244 (2522) ശ്രീ. കെ. ദാസൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന് കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ദഗതിയിലായിരുന്നെന്ന് ആക്ഷേപമുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബോർഡുകൾ മുഖേന തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സർക്കാർ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :

1. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 600 രൂപയായിരുന്ന ക്ഷേമ പെൻഷനുകൾ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് ഇപ്പോൾ 1,200 രൂപയായും അടുത്ത സാമ്പത്തിക വർഷം മുതൽ 1,300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.
2. ക്ഷേമനിധി ബോർഡുകൾ അനുവദിക്കുന്ന വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.
3. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ മുടങ്ങിക്കിടന്ന സെസ് പിരിവ് ഊർജ്ജിതമാക്കുന്നതിന് 2009-ലെ ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്.
4. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായി നിന്നിരുന്ന അതി വർഷാനുകൂല്യം വിതരണം ചെയ്യുന്നതിനായി 130 കോടി രൂപ അനുവദിച്ചു. 2020-21 ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി 50 കോടി രൂപ കൂടി നീക്കിവച്ചിട്ടുണ്ട്.
5. വിവിധ ക്ഷേമനിധി ബോർഡുകളിലെ വരുമാനം വർദ്ധിപ്പിച്ച് ബോർഡുകളെ ശാക്തീകരിക്കുന്നതിനായി അംശദായ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി

245 (2523) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

10-12-2004-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 80/2004/തൊഴിൽ പ്രകാരം കേരള സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും വർക്ക്ഷോപ്പുമായി ബന്ധപ്പെട്ട ജോലികൾ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ള ആളുകളുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുംവേണ്ടി കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ടി പദ്ധതിയുടെ ക്ഷേമനിധി വിനിയോഗ ഭരണ ചുമതല, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രകാരം ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലോ അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലോ ഓട്ടോമൊബൈൽ വ്യവസായവുമായി ബന്ധപ്പെട്ട ജോലികൾ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് ജോലി ചെയ്യുന്ന 20 വയസ്സിനും 54 വയസ്സിനും മദ്ധ്യേ പ്രായമുള്ള ഏതൊരു വ്യക്തിക്കും പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കും. പദ്ധതിയിൽ തൊഴിൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസായി 100 രൂപയും പ്രതിമാസം അംശദായമായി 30 രൂപയും അടവു വരുത്തേണ്ടതാണ്. ഓരോ വർഷവും 25 രൂപ ഫീസ് ഒടുക്കി സ്ഥാപന രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്. നിലവിൽ ടി പദ്ധതിയിൽ പന്ത്രണ്ടായിരത്തിൽപ്പരം തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ട്.

## ക്ഷേമനിധികളിൽ പി.എസ്.സി. നിയമനം

246 (2524) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തൊഴിൽ വകുപ്പിന് കീഴിലുള്ള ഏതൊക്കെ ക്ഷേമ നിധികളിലെ നിയമനങ്ങളാണ് പി.എസ്.സി.-ക്ക് വിടാത്തത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഓരോന്നിലും നിലവിൽ എത്ര ജീവനക്കാർ വീതം ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്ത തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്.
3. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്.
4. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.
6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
7. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.
8. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.
9. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.
10. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.
11. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
12. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്.

(ബി) അനുബന്ധമായി * ചേർക്കുന്നു.

(സി) ബോർഡുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിച്ച് നിയമനം പി.എസ്.സി. മുഖേനയാക്കുന്നത് സംബന്ധിച്ച് മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

247 (T2525) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നൽകുന്ന ആനുകൂല്യങ്ങളിൽ നിലവിൽ കുടിശ്ശികയുണ്ടോ; എന്നുമുതലുള്ള ആനുകൂല്യങ്ങൾക്കാണ് കുടിശ്ശികയുള്ളത്;

(ബി) ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് ക്ഷേമനിധിയിൽ ഭൂവുടമകളും തൊഴിലാളികളും അടയ്ക്കേണ്ട അംശദായത്തിന്റെ തോത് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2019-20-ലെ ബഡ്ജറ്റിൽ വർദ്ധിപ്പിച്ച ഭൂനികുതിയുടെ ഒരു ഭാഗം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്ത് തുക ഇപ്രകാരം ലഭിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. അധിവർഷാനുകൂല്യം, വിവാഹ ധനസഹായം എന്നിവയിൽ 2011 മുതലും പ്രസവ ധനസഹായം 2013 മുതലും കുടിശ്ശികയാണ്.

(ബി) ഉണ്ട്. തൊഴിലാളികളിൽനിന്നുള്ള അംശദായം പ്രതിമാസം 5 രൂപയിൽനിന്നും 20 രൂപയാക്കി വർദ്ധിപ്പിച്ചും 20 "ആർ"-നും 40 "ആർ"-നും ഇടയിൽ ഭൂമിയുള്ള ഭൂവുടമകളിൽനിന്നും ഓരോ ആർ-നും 50 പൈസ നിരക്കിലും 40 "ആർ"-നു മുകളിലുള്ള ഭൂവുടമകളിൽ നിന്ന് ഓരോ "ആർ" നും ഒരു രൂപ എന്ന നിരക്കിലും ഭൂവുടമാവിഹിതം വർദ്ധിപ്പിച്ചും ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല. 2019-20- ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ചുള്ള 100 കോടി രൂപ ക്ഷേമനിധി ബോർഡിന് കൈമാറിയിട്ടുണ്ട്. 2020-21-ലെ ബഡ്ജറ്റിൽ കുടിശ്ശിക വിതരണത്തിനായി 50 കോടി രൂപകൂടി നീക്കിവച്ചിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി വ്യവസ്ഥകളിൽ ഇളവ്

248 (2526) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളികൾക്ക് അപകട മരണമുണ്ടായാൽ ക്ഷേമ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവർക്ക് അതിനുള്ള അനുമതി നൽകുന്ന കാര്യത്തിൽ കൂടുതൽ ഇളവ് അനുവദിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ അംഗ ത്തൊഴിലാളികൾക്ക് ജോലിക്കിടെ അപകട മരണമുണ്ടായാൽ ധനസഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് 18-2-2020-ലെ സ.ഉ. (അച്ചടി) നമ്പർ 24/2020/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജോലിക്കിടെ അപകടം പറ്റി ദീർഘനാൾ ചികിത്സയിലിരിക്കെ ആശുപത്രി യിലോ/വീട്ടിലോ വെച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ താഴെപ്പറയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ തൊഴിലാളിയുടെ ആശ്രിതർക്ക് അപകടമരണ ധനസഹായം വിതരണം ചെയ്യാവുന്നതാണ്.

1. മെഡിക്കൽ സർട്ടിഫിക്കറ്റ്/ ആശുപത്രി രേഖ, അപകടത്തെ തുടർന്നുണ്ടായ മുറിവ് സംബന്ധിച്ച സർട്ടിഫിക്കറ്റ്.

2. മരണപ്പെട്ട തൊഴിലാളികളുടെ നിയമപരമായ അവകാശികൾ 200 രൂപയുടെ മുദ്രപ്പത്രത്തിൽ മരണം സംബന്ധിച്ച നൽകുന്ന സത്യവാങ്മൂലം.

3. ഏറ്റവും കുറഞ്ഞത് മൂന്ന് പേരുടെ സാക്ഷിമൊഴി സഹിതം അതത് ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ നടത്തുന്ന സ്പോട്ട് എൻക്വയറി സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടും വ്യക്തമായ ശിപാർശയും.

അപകടമരണ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ 90 ദിവസത്തിനകം സമർപ്പിക്കണം എന്ന വ്യവസ്ഥ നിർബന്ധമായും പാലിക്കണം.

(ബി) നിശ്ചിത സമയത്തിനുശേഷം സമർപ്പിക്കുന്ന അപകടമരണ ധനസഹായ അപേക്ഷകൾ, മതിയായ കാരണം ബോധിപ്പിക്കുന്നവയാണെങ്കിൽ രണ്ട് വർഷ കാലയളവുവരെ കാലതാമസം വന്നിട്ടുള്ള അപേക്ഷകൾ ബോർഡ് പരിഗണിക്കുന്നതാണ്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സെസ്സ്

249 (2527) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) സെസ്സിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സെസ്സ് ഏർപ്പെടുത്തി നാളിതുവരെ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്നും അതിൽ നിന്ന് തൊഴിലാളികൾക്ക് എത്ര രൂപ ഇതുവരെ വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് സെസ്സ് റൂൾസ് എന്നിവ പ്രകാരമാണ് സെസ്സ് പിരിക്കാൻ തീരുമാനമെടുത്തത്.

(ബി) നിലവിലെ മാനദണ്ഡപ്രകാരം നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ് നിർമ്മാണച്ചെലവ് കണക്കാക്കുന്നത്. 10 ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവഴിച്ച് സ്വകാര്യ വ്യക്തികൾ നടത്തുന്ന വാസഗൃഹ നിർമ്മാണ പ്രവൃത്തികളിൽനിന്നും സ്വകാര്യ വ്യക്തികൾ നടത്തുന്ന വ്യവസായ വാണിജ്യാവശ്യങ്ങൾക്കായുള്ള നിർമ്മാണ പ്രവൃത്തികളിൽനിന്നും സർക്കാർ/ അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവൃത്തി കളിൽനിന്നും ആകെയുള്ള നിർമ്മാണ ചെലവിന്റെ 1% തുകയാണ് സെസ്സായി ഈടാക്കി വരുന്നത്.

(സി) സെസ്സ് ഏർപ്പെടുത്തി [1998-99 മുതൽ 2019-20 (up to ജനുവരി)] നാളിതുവരെ 2160,59,50,189 രൂപ (രണ്ടായിരത്തി ഒരുനൂറ്റി അറുപത് കോടി അൻപത്തിയൊൻപത് ലക്ഷത്തി അൻപതിനായിരത്തി ഒരുനൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

## ഇ.പി.എഫ്. പെൻഷൻ കമ്മ്യൂട്ടേഷൻ വ്യവസ്ഥ

250 (2528) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.പി.എഫ്. പെൻഷൻ കമ്മ്യൂട്ടേഷൻ വ്യവസ്ഥ ഭേദഗതി ചെയ്ത് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; അത് സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് എത്രമാത്രം ഗുണകരമാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകൂല്യം എത്ര കശുവണ്ടി തൊഴിലാളികൾക്ക് ലഭിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 20-2-2020-ലെ ജി.എസ്.ആർ. 132 (ഇ) വിജ്ഞാപനപ്രകാരം 25-9-2008-ലോ അതിന് മുൻപോ പെൻഷൻ കമ്മ്യൂട്ടേഷൻ ചെയ്തവർക്ക് 15 വർഷങ്ങൾക്കുശേഷം മുഴുവൻ പെൻഷൻ പുനഃസ്ഥാപിച്ചുകൊണ്ട് ഇ.പി.എഫ്. പെൻഷൻ കമ്മ്യൂട്ടേഷൻ വ്യവസ്ഥ ഭേദഗതി ചെയ്ത് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ തീയതിക്ക് മുൻപ് പെൻഷൻ കമ്മ്യൂട്ട് ചെയ്ത എല്ലാ കശുവണ്ടി തൊഴിലാളികൾക്കും മേൽ ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാകുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാകുന്ന കശുവണ്ടി തൊഴിലാളികളുടെ എണ്ണം ഇപ്പോൾ ലഭ്യമല്ല.

## പാചകവാതക വിതരണ കേന്ദ്രങ്ങളിൽ നടത്തിയ പരിശോധന

251 (2529) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാചക വാതക വിതരണകേന്ദ്രങ്ങളിൽ തൊഴിൽ വകുപ്പ് ഈയിടെ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വിശദമാക്കുമോ;

(ബി) തൊഴിലാളികൾക്ക് വേതന സുരക്ഷാ പദ്ധതിയിലൂടെ മിനിമം വേതനം നൽകുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) നിയമ ലംഘനം നടത്തിയവർക്കെതിരെ ഇതിനകം എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പാചകവാതക വിതരണ മേഖലയിൽ തൊഴിൽ വകുപ്പ് 25-2-2020-ന് സംസ്ഥാന വ്യാപകമായി സ്ക്വാഡ് ഇൻസ്പെക്ഷൻ നടത്തിയിരുന്നു. ടി പരിശോധനയിൽ 198 സ്ഥാപനങ്ങളിലായി 1219 പുരുഷ തൊഴിലാളികളും 311 സ്ത്രീ തൊഴിലാളികളുമടക്കം ആകെ 1530 തൊഴിലാളികളെ നേരിൽ കണ്ട് നടത്തിയ അന്വേഷണത്തിൽ 126 തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നില്ലെന്നും ചില സ്ഥാപനങ്ങളിൽ നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡെയ്സ് നിയമപ്രകാരമുള്ള ആനുകൂല്യം നിഷേധിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, മിനിമം വേതന നിയമം, കോൺട്രാക്ട് ലേബർ നിയമം, മെറ്റേണിറ്റി ബെനിഫിറ്റ് നിയമം, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമം എന്നിവ പ്രകാരമുള്ള ലംഘനങ്ങളും കണ്ടെത്തിയിട്ടുണ്ട്. പരിശോധന നടത്തിയ മിക്ക സ്ഥാപനങ്ങളും വേതന സുരക്ഷാ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് വേതനം നൽകുന്നില്ലായെന്നും കണ്ടെത്തി.

(ബി) ഉണ്ട്.

(സി) കണ്ടെത്തിയ നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള സമയ പരിധിയിൽ പരിഹരിക്കുന്നില്ലെങ്കിൽ നിയമപ്രകാരം തുടർനടപടി സ്വീകരിച്ച് പ്രൊസിക്യൂഷൻ ഫയൽ ചെയ്യുന്നതും മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുമാണ്.

## വയനാട് ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ

252 (2530) ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എത്ര തൊഴിലാളികൾ ഉണ്ട് എന്ന കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമാണോ;

(ബി) ലഭ്യമാണെങ്കിൽ ആകെ തൊഴിലാളികളുടെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് സ്ത്രീ/പുരുഷ വിഭാഗങ്ങളാക്കി വേർതിരിച്ച് ലഭ്യമാക്കാമോ;

(സി) തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാതെ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ കണ്ടെത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിലെ (LCAS) ഡാറ്റാ പ്രകാരം വയനാട് ജില്ലയിൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത 9823 സ്ഥാപനങ്ങളിലായി 16808 ജീവനക്കാർ (പുരുഷൻമാർ 10536, സ്ത്രീകൾ 6272) ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത തൊഴിലാളികളുടെ മുനിസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ചുള്ള സ്ത്രീ പുരുഷ വിഭാഗങ്ങളാക്കി വേർതിരിച്ച കണക്ക് ലഭ്യമല്ല.

(സി) തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും ടി തൊഴിലാളികളെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം സെക്ഷൻ 5 എ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

**അസംഘടിത മേഖലയിലെ തൊഴിലാളികൾ**

253 (2531) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർ തൊഴിലിടങ്ങളിൽ ചൂഷണം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ന്യായമായ കൂലി ഉറപ്പാക്കുന്നതിനും തൊഴിൽ സമയം നിജപ്പെടുത്തുന്നതിനും മറ്റ് പീഡനങ്ങൾ അനുഭവിക്കാതിരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അസംഘടിത തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1,02,298 |
| 2 | കൊല്ലം | 32,358 |
| 3 | പത്തനംതിട്ട | 32,324 |
| 4 | ആലപ്പുഴ | 54,414 |
| 5 | കോട്ടയം | 13,765 |
| 6 | ഇടുക്കി | 6,925 |
| 7 | എറണാകുളം | 24,142 |
| 8 | തൃശ്ശൂർ | 56,971 |
| 9 | പാലക്കാട് | 25,403 |
| 10 | മലപ്പുറം | 23,571 |
| 11 | കോഴിക്കോട് | 37,515 |
| 12 | വയനാട് | 7,642 |
| 13 | കണ്ണൂർ | 20,792 |
| 14 | കാസർഗോഡ് | 5,027 |
| | ആകെ | 4,43,147 |

(ബി) ഉണ്ട്. എറണാകുളം ജില്ലയിൽ 12 കേസ്സുകൾ ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ളതും പരാതികൾ പരിഹരിച്ചിട്ടുള്ളതുമാണ്. തൃശ്ശൂർ ജില്ലയിൽ രണ്ട് പ്രോസിക്യൂഷൻ കേസ്സുകളും ഒരു ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷൻ കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്. ക്ലെയിം പെറ്റീഷനിൽ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു ജില്ലകളിലൊന്നും ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും മറ്റ് തൊഴിലിടങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും (155214/180042555214) ബന്ധപ്പെടാവുന്നതാണ്. തൊഴിലാളികൾക്കുള്ള പരാതികളും ബുദ്ധിമുട്ടുകളും രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ഏഴ് മണിവരെയുള്ള സമയത്ത് കോൾ സെന്റർ മുഖേന വിളിച്ച് പരിഹാരം കാണാവുന്നതാണ്.

## വസ്ത്രാലയങ്ങളിലെ തൊഴിൽ നിയമ ലംഘനം

254 (2532) ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വസ്ത്രാലയങ്ങളിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) -ടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

(സി) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ്

ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് -1960, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് -1961, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് - 1965, പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് ജ്യൂഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി കേസ്സുകളും ഫയൽ ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽതലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാനതലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കി വരുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലുടമകൾക്ക് വേതന വിതരണം നടത്താനും തൊഴിലാളികൾക്ക് വേതനം കൃത്യമായി കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും വേതന സുരക്ഷാ പദ്ധതി എന്ന പോർട്ടൽ സജ്ജമാക്കി നടപ്പിലാക്കിവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ലഹരി ഉപയോഗം

255 (2533) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതലാണെന്നതും, അതുമൂലമുള്ള അക്രമപ്രവൃത്തികൾ വർദ്ധിച്ചു വരികയാണെന്നതും കണ്ടെത്തിയിട്ടുണ്ടോ;

(ബി) ലഹരി മരുന്നുകളുടെ ഉപയോഗംമൂലമുള്ള ദൂഷ്യങ്ങളെപ്പറ്റി അവരെ ബോധവൽക്കരിക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇവർക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ടോ; എങ്കിൽ ഇത്തരം ക്യാമ്പുകളിൽക്കൂടി മയക്കമരുന്നിന് അടിമകളായവരെ കണ്ടെത്തി അവരെ ഇതിൽ നിന്നും മോചിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെയിടയിൽ പുകയില പോലെയുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ അവർക്കിടയിൽ ലഹരിവസ്തുക്കളുടെ ക്രമാതീതമായ ഉപയോഗമോ ആയതുമൂലമുള്ള അക്രമപ്രവൃത്തികൾ വർദ്ധിച്ചു വരുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകളും 2017-18 സാമ്പത്തിക വർഷം 150 മെഡിക്കൽ ക്യാമ്പുകളും 75 ബോധവൽക്കരണ ക്ലാസ്സുകളും 2018-19 സാമ്പത്തിക വർഷം 213 മെഡിക്കൽ ക്യാമ്പുകളും 93 ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ചെയ്തു. 2019-20 സാമ്പത്തിക വർഷം ഇതിനായി 50 ലക്ഷം രൂപ അനുവദിക്കുകയും മെഡിക്കൽ ക്യാമ്പുകളും ബോധവൽകരണ ക്ലാസ്സുകളും നടത്തി വരികയും ചെയ്യുന്നുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്നു. എന്നാൽ ലഹരിക്കടിമപ്പെട്ടവർക്കുള്ള കൗൺസിലിംഗും ഡി-അഡിക്ഷൻ ചികിത്സയും നൽകുന്നതിനുള്ള സംവിധാനം എക്സൈസ് വകുപ്പ് ഒരുക്കിയിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം

256 (2534) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വച്ച് മരണപ്പെടുമ്പോൾ അവരുടെ കുടുംബങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകിവരുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകിവരുന്നതെന്ന് വിശദീകരിക്കുമോ;

(സി) വിദേശരാജ്യങ്ങളിൽ നിന്നും വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിലാളികളെ കൊണ്ടുവന്ന് പണിയെടുപ്പിക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) തൊഴിൽ വകുപ്പ് നടപ്പിലാക്കിയ "ആവാസ്" ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതരസംസ്ഥാന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമരണം സംഭവിക്കുകയാണെങ്കിൽ 2 ലക്ഷം രൂപ മരണാനന്തര ധനസഹായമായി അവരുടെ ആശ്രിതർക്ക് നൽകിവരുന്നു. കേരള കുടിയേറ്റ തൊഴിലാളിക്ഷേമപദ്ധതി പ്രകാരം, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും കേരളത്തിനകത്തുവച്ച് മരണമടയുന്ന തൊഴിലാളിയുടെ നിയമപരമായ അവകാശിക്ക് 25,000 രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) നിധിയിൽനിന്നും മരണാന്തര ആനുകൂല്യമായി നൽകുന്നു. ജോലിക്കിടയിൽ സംഭവിക്കുന്ന അപകടംമൂലമാണ് മരണമടയുന്നതെങ്കിൽ ധനസഹായം 2,00,000 രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ആയിരിക്കുന്നതാണ്. ഈ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും കേരള സംസ്ഥാനത്തിനകത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളികൾക്കും (എന്നാൽ ആവാസ് പദ്ധതിയിൻ കീഴിൽ മരണാനന്തര ധനസഹായം ലഭ്യമായവർക്ക് ബാധകമല്ല) പ്രസ്തുത ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

(ബി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം കേരള സംസ്ഥാനത്തിനകത്തുവച്ച് മരണം സംഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000 രൂപയോ ഏതാണ് കുറവ്

അത് നൽകിവരുന്നുണ്ട്. ഈ തുകയുടെ സത്വര വിതരണത്തിനായി എല്ലാ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാർക്കും റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾക്ക് നാല് ലക്ഷം രൂപ വീതവും കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾക്ക് മൂന്ന് ലക്ഷം രൂപ വീതവും ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകൾക്ക് രണ്ട് ലക്ഷം രൂപയുമാണ് നിലവിൽ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുള്ളത്.

(സി) ഐ.ടി. മേഖലയിൽ വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ദ്ധ തൊഴിലാളികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേക തൊഴിൽ വൈദഗ്ദ്ധ്യം ആവശ്യമായ സാഹചര്യത്തിലാണ് ഇവരെ ഇത്തരത്തിൽ ജോലിക്കായി നിയോഗിക്കേണ്ടിവരുന്നതായി കാണുന്നത്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഫെസിലിറ്റേഷൻ സെന്ററുകൾ

257(2535) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് 'ശ്രമിക് ബന്ധു' എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററുകൾ വഴി നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട നിയമപരിരക്ഷയെ കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനും തൊഴിൽ ചൂഷണത്തിൽനിന്നും അവരെ രക്ഷിക്കുന്നതിനും വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

(ഡി) ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ രജിസ്ട്രേഷന് ഇതര സംസ്ഥാന തൊഴിലാളികൾ താല്പര്യം കാണിക്കുന്നില്ലായെന്നത് വസ്തുതയാണോ; ഇതിനകം എത്ര പേർ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർചെയ്തു എന്നറിയിക്കാമോ;

(ഇ) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിലൂടെ അവർക്ക് നൽകുന്ന പരിരക്ഷകൾ എന്തൊക്കെയാണ്; ഇത് സംബന്ധിച്ച് കൂടുതൽ ബോധവൽക്കരണം നടത്തി സംസ്ഥാനത്തെ എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ഇതിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ് എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുവേണ്ട നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും കൂടാതെ തൊഴിലാളികളുടെ ആരോഗ്യം, യാത്ര എന്നിവ സംബന്ധിച്ച ആവശ്യങ്ങളിലും ഫെസിലിറ്റേഷൻ സെന്റർ മുഖേന മാർഗ്ഗനിർദ്ദേശം നൽകി വരുന്നു. ഇതിലേയ്ക്കായി മലയാളത്തോടൊപ്പം ഹിന്ദി, ബംഗാളി ഭാഷകൾ നന്നായി എഴുതുവാനും വായിക്കുവാനും കഴിവുള്ളവരെ ഫെസിലിറ്റേഷൻ സെന്ററുകളിൽ നിയമിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കുവാനും സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് വരുന്ന പരാതികളിൽ പരിഹാരം കാണുവാനും ഫെസിലിറ്റേഷൻ സെന്റർ മുഖേന കഴിയുന്നു. ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർതലത്തിൽനിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ ഫെസിലിറ്റേഷൻ സെന്റർ മുഖേന സഹായം നൽകിവരുന്നു. കൂടാതെ "ആവാസ്"-ന്റെ രജിസ്ട്രേഷനും ഫെസിലിറ്റേഷൻ സെന്റർ മുഖേന നടത്തിവരുന്നു. ഇവർക്കായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ കൂലി പിടിച്ചു വെയ്ക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ രജിസ്ട്രേഷന് ഇതര സംസ്ഥാന തൊഴിലാളികൾ താല്പര്യം കാണിക്കുന്നില്ലായെന്നത് വസ്തുതയല്ല. 4-3-2020 വരെ 508085 ഇതര സംസ്ഥാന തൊഴിലാളികൾ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ജോലിക്കിടയിലുണ്ടാകുന്ന അപകടത്തെ തുടർന്ന് മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ മരണാനന്തര ആനുകൂല്യമായി നൽകുന്നു. ചികിത്സാ ധനസഹായമായി പ്രതിവർഷം 25,000 രൂപയും നൽകുന്നു. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടം മൂലമുണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ ബോധവൽക്കരണം നടത്തി സംസ്ഥാനത്തെ എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ഇതിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ്

258 (2536) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇതരസംസ്ഥാനങ്ങളിൽ നിന്നും വന്നിട്ടുള്ള അസംഘടിത തൊഴിലാളികളുടെ എണ്ണം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതരസംസ്ഥാനങ്ങളിൽനിന്ന് എത്തുന്നവർക്ക് തൊഴിൽകാർഡ് ഏർപ്പെടുത്തുന്നതിനും ഇവരുടെ ക്രിമിനൽ പശ്ചാത്തലത്തെക്കുറിച്ച് പരിശോധിച്ചതിന് ശേഷം മാത്രം ജോലി നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) "ആവാസ്" പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും വന്നിട്ടുള്ള അസംഘടിത തൊഴിലാളികളുടെ എണ്ണം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് 4-3-2020 വരെ 508085 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ 31-1-2020 വരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ 55520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തുന്നവർക്ക് തൊഴിൽ കാർഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ "ആവാസ്" ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം രജിസ്ട്രേഷൻ കാർഡ് നൽകുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലത്തെക്കുറിച്ച് പരിശോധിച്ചതിനുശേഷം മാത്രം ജോലി നൽകുകയെന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

## അപകടം സംഭവിച്ച തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

259 (2537) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്ക്മെൻ കോമ്പൻസേഷൻ ആക്ട്, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് എന്നിവ ഭേദഗതി ചെയ്തതിനെത്തുടർന്ന്, അപകടം സംഭവിച്ച തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നൽകുന്ന ചുമതല ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ആയത് ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ചുമതലയാക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇത് നടപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാരായി നിയമിക്കണമെന്ന കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1923-ലെ എംപ്ലോയീസ് കോമ്പൻസേഷൻ നിയമത്തിന്റെ വകുപ്പ് 20-ന് സംസ്ഥാന ഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2018-ലെ എംപ്ലോയീസ് കോമ്പൻസേഷൻ (സംസ്ഥാന ഭേദഗതി) ബിൽ, ബിൽ നമ്പർ 133 ആയി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

**തൊഴിൽ നിയമങ്ങളിലെ ഭേദഗതി**

260 (2538) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തൊഴിൽ നിയമങ്ങളെക്കുറിച്ച് തൊഴിലാളികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനായി തൊഴിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സ്ത്രീ തൊഴിലാളികൾക്ക് രാത്രികാലങ്ങളിൽ തൊഴിൽ ചെയ്യുന്നതിന് അവസരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നിലവിലുള്ള ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതി കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ നിയമപ്രകാരമുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പിഴ തുക 500 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തി. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരംകൂടി നൽകി. സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിന്റെ ജോലി സമയം രാവിലെ 8.30-നും വൈകിട്ട് 7.00 മണിക്കും ഇടയ്ക്ക് 8 മണിക്കൂറാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

2018-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി സെക്ഷൻ 20 (ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിന് അനുമതി നൽകുന്നു. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 29 പ്രകാരം കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29 (b), (c) പ്രകാരം യഥാക്രമം ഒരു ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്.

ബോണ്ടഡ് ലേബർ നിയമം വകുപ്പ് 21 പ്രകാരം മജിസ്ട്രേറ്റിന് ഉണ്ടായിരുന്ന അധികാരം എല്ലാ ജില്ലകിലെയും ജില്ലാ കളക്ടർമാർക്കുകൂടി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിന് 2017-ൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വകുപ്പ് 2 (s) ൽ ക്ലറിക്കൽ അല്ലെങ്കിൽ സൂപ്പർവൈസർ തസ്തിക എന്നതിന്റെ കൂടെ 'any work for the promotion of sales' എന്നതുകൂടെ കൂട്ടിച്ചേർത്തിട്ടുണ്ട്.

1957-ലെ കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിലെ റൂൾ 26 (എ)-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി അനുസരിച്ച് 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 2017-ലെ പ്രസവാനുകൂല്യ ഭേദഗതി നിയമപ്രകാരം പ്രസവകാല അവധി 12 ആഴ്ച എന്നത് 26 ആഴ്ച ആക്കിയിട്ടുണ്ട്. ഇത് പൊതുമേഖല/ സ്വകാര്യ സ്ഥാപനങ്ങളിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ബാധകമാക്കുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനാ വേളകളിൽ വിവിധ തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള അവബോധം തൊഴിലാളികൾക്ക് നൽകാറുണ്ട്. കൂടാതെ തൊഴിൽ ക്ഷേമരംഗം എന്ന പേരിൽ ഒരു മാസിക തൊഴിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് വിവിധ തൊഴിൽ

നിയമങ്ങൾ ലളിതമായി വിശദീകരിക്കുന്ന കൈപ്പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് തൊഴിലാളികൾക്കും തൊഴിലാളി സംഘടനാ പ്രവർത്തകർക്കായി പഠന ക്ലാസ്സുകളും ശിൽപശാലകളും KILE മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്. ആയതിൽ വിവിധ തൊഴിൽ നിയമങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കുന്ന ലഘുലേഖകൾ തൊഴിൽ വകുപ്പ് വിതരണം ചെയ്തുവരുന്നുണ്ട്.

(സി) ഉണ്ട്.

കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018-ൽ വന്ന ഭേദഗതിയിൽ സെക്ഷൻ 20 (ii) പ്രകാരം സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണി മുതൽ രാവിലെ 6.00 മണിവരെയുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം അഞ്ച് ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് രണ്ട് സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ജോലി സ്ഥലം മുതൽ താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യവും തൊഴിലാളികളുടെ സുരക്ഷയും തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്.

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം

261 (2539) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഓരോ തസ്തികയ്ക്കും ബാധകമാക്കിയിട്ടുള്ള മിനിമം ശമ്പളം എത്രയാണ് ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം 16-1-2020-ലെ ജി.ഒ.(പി) നമ്പർ 8/2020/തൊഴിൽ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്കുകൾ ഉൾക്കൊള്ളുന്ന വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വതന്ത്ര ചുമതലയുള്ള പ്ലാന്റേഷൻ ഡയറക്ടറേറ്റ്

262 (2540) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വതന്ത്ര ചുമതലയുള്ള പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിലൂടെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനെ സ്വതന്ത്ര ചുമതലയോടെ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ തലവനാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി തോട്ടം ഉടമകളുടെ പ്രശ്നങ്ങളും ഇതിലൂടെ പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തൊഴിലാളികളുടെയും മുതലാളിമാരുടെയും ക്ഷേമത്തിന് ഒരേ സംവിധാനം കൊണ്ടുവരുന്നത് തൊഴിലാളി താല്പര്യത്തിന് വിരുദ്ധമാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാധകമല്ല.

## തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

263 (2541) ശ്രീ. സജി ചെറിയാൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിതനായ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉന്നതതല കമ്മിറ്റി സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) തോട്ടം മേഖലയിൽ ഭവനരഹിതരായവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം

1. കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദ് ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനുവേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കേരളത്തിലെ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6. തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7. പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

8. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രജൈൽ) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കി.

9. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

10. തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

11. പ്ലാന്റേഷൻ മേഖലയുടെ പ്രശ്നപരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കരട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

12. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

13. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ചുനൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്.

തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന് കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ഭവനം ഫൗണ്ടേഷൻ കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ പുനലൂരിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ (ആർ.പി.എൽ.) തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുകയും ആദ്യഘട്ട ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2020 ഫെബ്രുവരിയിൽ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കായി വയനാട് ജില്ലയിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ച് നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ മറ്റ് തോട്ടം മേഖലകളിലുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്നും വീടുകൾ നിർമ്മിച്ച് നൽകുന്ന കാര്യം പരിഗണനയിലാണ്.

**നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

264 (2542) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പിന് കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. പൊതുവിൽ നടപ്പിലാക്കുന്ന പദ്ധതികൾ നിലമ്പൂർ മണ്ഡലത്തിനും ബാധകമായിരിക്കും.

## സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം

265 (2543) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിലായി എത്ര തൊഴിൽരഹിതരുണ്ട് എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ നല്കുന്ന തൊഴിൽ രഹിതവേതനം എത്രയാണെന്നും നിലവിൽ അത് വാങ്ങുന്നവർ എത്ര പേരാണെന്നും വിശദമാക്കാമോ;

(സി) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിൽ തേടുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിലുള്ള തൊഴിൽരഹിതരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന സർക്കാർ പ്രതിമാസം 120 രൂപ (നൂറ്റിയിരുപത് രൂപ മാത്രം) നിരക്കിൽ തൊഴിൽരഹിത വേതനം നൽകുന്നു. 2019-20 സാമ്പത്തിക വർഷം 85122 പേർ തൊഴിൽരഹിത വേതനം കൈപ്പറ്റിയിട്ടുണ്ട്.

(സി) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിൽ തേടുന്നതിനായി താഴെപ്പറയുന്ന നൂതന പദ്ധതികൾ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു.

എംപ്ലോയബിലിറ്റി സെന്റർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

<u>മോഡൽ കരിയർ സെന്റർ</u>

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽനിന്നും ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള www.ncs.gov.in എന്ന വെബ് പോർട്ടൽ മോഡൽ കരിയർ സെന്ററിന്റെ വെബ് പോർട്ടലായി ഉപയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ പ്രയോജന പ്പെടുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടുകൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്.

കരിയർ ഡെവലപ്മെന്റ് സെന്റർ

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചു കൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, റെസ്യൂമെ പ്രിപ്പറേഷൻ, പ്രീ ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സരപ്പരീക്ഷാ പരിശീലനങ്ങൾ, സ്റ്റാർട്ടപ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽനിന്നും ലഭിക്കുന്നതാണ്.

നിയുക്തി മെഗാ ജോബ് ഫെയർ

സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തിവരുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടുകൂടി സംഘടിപ്പിക്കുന്ന നിയുക്തി ജോബ്ഫെയറിൽ പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തിവരുന്നത്. നിയുക്തിപോലുള്ള ജോബ്ഫെയറുകൾ വഴി ഉദ്യോഗദായകരേയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ

കൊണ്ടുവരുന്നതുവഴി ഉദ്യോഗദായകർക്ക് അവരുടെ ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യുന്നതിനും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേയ്ക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടുന്നതിനുമുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു.

## എംപ്ലോയബിലിറ്റി സെന്ററുകൾ

266 (2544) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ എവിടെയൊക്കെയാണ്; ഇതുവഴി നൽകുന്ന സേവനങ്ങൾ വിശദീകരിക്കാമോ;

(ബി) എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇവ കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

### ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ, നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം ആകെ 10 എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂളുകൾ ഉപയോഗിച്ച് വിലയിരുത്തി. സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം നൽകുന്നു. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകിവരുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഫലപ്രദമാണ്. 2020 ജനവരി അടിസ്ഥാനമാക്കി എംപ്ലോയബിലിറ്റി സെന്ററുകളിൽ 193062 പേർ രജിസ്റ്റർ ചെയ്യുകയും പരിശീലനം നൽകിയ 124143 ഉദ്യോഗാർത്ഥികളിൽ 57750 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായി 1534 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാനുള്ള ശേഷിക്കുന്ന ജില്ലകളായ തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ കൂടി വരും വർഷങ്ങളിൽ സർക്കാർ വക സ്ഥലം/കെട്ടിടം, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കനുസരിച്ച് എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

## ഇന്ത്യ സ്കിൽസ് കേരള 2020

267 (2545) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലും നൈപുണ്യവും വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യ സ്കിൽസ് കേരള 2020 എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) യുവാക്കളുടെ സർഗ്ഗശേഷി ഫലപ്രദമായി ഉപയോഗിക്കുവാൻ എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സ്കിൽസ് കേരള 2020-ൽ വിജയികളാകുന്നവർക്ക് നൽകുന്ന സമ്മാന തുക നിലവിൽ എത്രയാണ്; അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ വാർത്തെടുക്കുന്നതിന് ഇത്തരം നൈപുണ്യ മത്സരങ്ങൾ എത്രമാത്രം സഹായകമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവാക്കളുടെ സർഗ്ഗശേഷിയും നൈപുണ്യശേഷിയും പ്രദർശിപ്പിക്കുന്നതിനുള്ള അവസരവും വേദിയും ലഭ്യമാക്കുന്നതിനും ഇതിലൂടെ ദേശീയ, അന്തർദ്ദേശീയ നൈപുണ്യ മേളകളിൽ പങ്കെടുക്കുന്നതിനും തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് അവസരം ലഭ്യമാക്കുന്നതിനുമാണ് ഇന്ത്യ സ്കിൽസ് കേരള 2020 പോലെയുള്ള നൂതന പരിപാടികൾ തൊഴിലും നൈപുണ്യവും വകുപ്പ് സംഘടിപ്പിക്കുന്നത്. കൂടാതെ പൊതു സമൂഹത്തിലും യുവതീ യുവാക്കൾക്കിടയിലും തൊഴിൽ നൈപുണ്യത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതും ലക്ഷ്യമിടുന്നു.

(സി) ഇന്ത്യ സ്കിൽസ് കേരള 2020 ഫൈനൽ മത്സരങ്ങളിൽ ഓരോ സ്കില്ലിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനം കരസ്ഥമാക്കിയവർക്ക് 50,000 രൂപയും തുടർന്നുള്ള സ്ഥാനങ്ങളിൽ വരുന്ന 4 (നാല്) മത്സരാർത്ഥികൾക്ക് 10,000 രൂപ വീതവുമാണ് സമ്മാന തുകയായി നൽകുന്നത്. നിലവിൽ സമ്മാനത്തുക വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) 2021-ൽ ചൈനയിലെ ഷാങ്ഹായിൽ വച്ച് നടക്കുന്ന ലോക നൈപുണ്യ മേളയുടെ മുന്നോടിയായിട്ടാണ് സംസ്ഥാനതലത്തിൽ ഇന്ത്യ സ്കിൽസ് കേരള 2020 സംഘടിപ്പിച്ചത്. ഇന്ത്യ സ്കിൽസ് നാഷണൽ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി വിജയിക്കുന്നവരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് രാജ്യത്തെ പ്രതിനിധീകരിച്ച് ചൈനയിലെ ഷാങ്ഹായിൽ വച്ച് നടക്കുന്ന ലോക നൈപുണ്യ മേളയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതാണ്. വിവിധ തൊഴിലുകളിൽ വൈദഗ്ദ്യം നേടിയ യുവജനങ്ങൾക്ക് ഇത്തരം മേളകളിൽ സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ വേദികളിൽ അവരുടെ നൈപുണ്യ ശേഷി പ്രദർശിപ്പിക്കുന്നതിനും ഇതിലൂടെ ദേശീയ, അന്തർദ്ദേശീയ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കരസ്ഥമാക്കുന്നതിനും സാധിക്കുന്നതാണ്. ഇതു കൂടാതെ യുവതലമുറയെ സ്കിൽ ട്രെയിനിംഗ് മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ഇതിന്റെ വലിയ സാദ്ധ്യതകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും നൈപുണ്യ മേളകൾ സഹായകമാകുന്നുണ്ട്. ഇതിലൂടെ നൈപുണ്യ വൈദഗ്ദ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് കെട്ടിടം**

268 (2546) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് സർക്കാർ നൽകിയ 1.07 ഏക്കർ ഭൂമിയിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് സർക്കാർ അനുവദിച്ചു നൽകിയ 1.07 ഏക്കർ ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് റവന്യൂ സ്കെച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വേ സ്കെച്ച് ലഭ്യമായി മാസ്റ്റർപ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിക്കും.

(ബി) വിവിധ ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിനായി നടപ്പു സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകത്തിൽ (ക്യാപിറ്റൽ ഹെഡ് ) ആകെ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ചാലക്കുടി സർക്കാർ ഐ.ടി.ഐ.**

269 (2547) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സർക്കാർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി തെരഞ്ഞെടുത്തെങ്കിലും, പ്രസ്തുത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി പദ്ധതിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യെ കിഫ്ബിയുടെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പദ്ധതി നടത്തിപ്പിനുള്ള SPV ആയ KASE മുഖേന സ്വീകരിച്ചു വരികയാണ്. ആയത് പൂർത്തിയാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## ചാത്തമംഗലം ഗവ. ഐ.ടി.ഐ.-ക്കുവേണ്ടി വിലയ്ക്കെടുത്ത സ്ഥലം

270 (2548) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗവ. ഐ.ടി.ഐ.-യ്ക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വിലക്കെടുത്ത സ്ഥലം തൊഴിലും നൈപുണ്യവും വകുപ്പിന് കൈമാറാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഐ.ടി.ഐ.-ക്കായി ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ രണ്ട് ഏക്കർ സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചുവരുന്നു. പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുസംബന്ധമായ ശിപാർശ ലഭിച്ചിട്ടില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

271 (2549) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ ലഭ്യമാക്കിയത്; വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്വകാര്യ മേഖലയിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ മേഖലയിൽ നടന്ന നിയമനത്തിന്റെ എണ്ണം, തസ്തിക എന്ന ക്രമത്തിൽ വകുപ്പ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തരിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന (5/16 മുതൽ 1/2020) വരെ 43842 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 5/16 to 12/16 | - | 6131 |
| 1/17 to 12/17 | - | 11640 |
| 1/18 to 12/18 | - | 12887 |
| 1/19 to 12/19 | - | 12027 |
| 1/2020 | - | 1157 |
| ആകെ | - | 43842 |

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 26651 പേർക്ക് ജോബ് ഓഫറുകൾ ലഭിച്ചിട്ടുണ്ട്. അതിൽ 20029 പേർക്ക് നിയമനങ്ങളും ലഭിച്ചിട്ടുണ്ട്. മോഡൽ കരിയർ സെന്ററുകൾ മുഖേന നടത്തിയ ജോബ് ഡ്രൈവുകളിലൂടെ 3703 ജോബ് ഓഫറുകൾ നൽകുകയും 910 പേർക്ക് നിയമനം ലഭിക്കുകയും ചെയ്തു. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന 113 പേർക്കും നിയമനം ലഭിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിലെ തൊഴിലുകൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സംഘടിപ്പിക്കുന്ന നിയുക്തി മെഗാ ജോബ് ഫെയർ മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13462 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) സർക്കാർ മേഖലയിൽ നടന്ന നിയമനത്തിന്റെ എണ്ണം, തസ്തിക എന്നിവ ജില്ലാടിസ്ഥാനത്തിൽ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിലെ കാലതാമസം

272(2550) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ താൽക്കാലികമായി നിയമിക്കുമ്പോൾ 6 മാസം കഴിയുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ വീണ്ടും നിയമിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ഉദ്യോഗാർത്ഥി കാലാവധി കഴിഞ്ഞ് പിരിഞ്ഞുപോയതിനുശേഷം, വകുപ്പുകൾ പ്രസ്തുത ഒഴിവുകൾ വീണ്ടും എംപ്ലോയ്മെന്റിൽ അറിയിച്ച് ഇന്റർവ്യൂ ചെയ്ത് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാസങ്ങളുടെ കാലതാമസം ഉണ്ടാകുന്നത് പല പദ്ധതികളെയും ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തൊഴിൽ വകുപ്പും ബന്ധപ്പെട്ട വകുപ്പുകളും കൂടിയാലോചിച്ച് പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. KS & SSR റൂൾ 9 (a)(i) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനങ്ങളുടെ നിയമന കാലാവധി 180 ദിവസമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അദ്ധ്യാപക തസ്തികകളിലും ആരോഗ്യ വകുപ്പിലെ ചില തസ്തികകളിലെയും താൽക്കാലിക നിയമന കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുക യെന്നതാണ് എംപ്ലോയ്മെന്റ് വകുപ്പിന്റെ ചുമതല. ആയതിൽനിന്നും ടെസ്റ്റ്/ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നത് ഉദ്യോഗദായകരാണ്. നിയമന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികളെ പിരിച്ചു വിടേണ്ടതാണ്. നിയമനം ലഭിച്ച ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഒഴിവ് നികത്തപ്പെട്ടതായി കണക്കാക്കുമെന്നതിനാൽ തുടർന്നും ഒഴിവ് നിലനിൽക്കുക യാണെങ്കിൽ ഉദ്യോഗദായകൻ വീണ്ടും ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് പുതിയ ലിസ്റ്റ് ലഭ്യമാക്കി ആയതിൽനിന്നും നിയമനം നടത്തേണ്ടതാണ്. അറിയിക്കപ്പെടുന്ന ഒഴിവുകളിൽ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുന്നതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കാലതാമസം വരുത്താറില്ല.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും നൽകുന്ന നാമനിർദ്ദേശ പട്ടികയിലെ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകേണ്ടതും നിയമന കാലാവധി കഴിഞ്ഞ് പിരിച്ചുവിടേണ്ടതും ഉദ്യോഗദായകരുടെ ചുമതലയാണ്. തുടർന്നും ഒഴിവുകൾ നിലനിൽക്കുകയാണെങ്കിൽ വീണ്ടും ഒഴിവ് എംപ്ലോയ്മെന്റിൽ അറിയിക്കേണ്ടതും പുതിയ ലിസ്റ്റ് ലഭ്യമാക്കി ആയതിൽനിന്നും നിയമനം നടത്തേണ്ടതുമാണ്. അപ്രകാരം നിയമനം നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നത് വഴി പദ്ധതികളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമനം നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും താൽക്കാലിക നിയമനത്തിനായി നൽകുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും 45 ദിവസത്തിനുള്ളിൽ നിയമന നടപടികൾ സ്വീകരിച്ച് വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കണമെന്ന കർശന നിർദ്ദേശം എല്ലാ ഉദ്യോഗദായകർക്കും ലിസ്റ്റിനോടൊപ്പം നൽകിവരുന്നു.

## എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം

273(2551) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകളിൽ ആകെ രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) വർഷം ശരാശരി എത്ര പേർക്ക് ഈ പട്ടികയിൽ നിന്ന് താൽക്കാലിക ജോലി നൽകാൻ സാധിക്കുന്നുണ്ടെന്ന കാര്യം വിശദമാക്കാമോ;

(ഡി) എംപ്ലോയബിലിറ്റി സെന്ററിൽ നേരിട്ട് വരാതെ രജിസ്റ്റർ ചെയ്യുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം 193062 ആണ്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| കൊല്ലം | 28,330 |
| ആലപ്പുഴ | 19,928 |
| കോട്ടയം | 20,135 |
| എറണാകുളം | 29,952 |
| തൃശ്ശൂർ | 9,134 |
| പാലക്കാട് | 24,147 |
| മലപ്പുറം | 7,971 |
| കോഴിക്കോട് | 30,038 |
| കണ്ണൂർ | 19,950 |
| കാസർഗോഡ് | 3,477 |
| ആകെ | 1,93,062 |

(ബി) സംസ്ഥാനത്തെ എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന വിവരം നിലവിൽ ശേഖരിക്കുന്നില്ല.

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ആകെ 145943 (ഒരു ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി നാൽപത്തി മൂന്ന്) (31-1-2020 വരെ) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 49,630 |
| എറണാകുളം | - | 42,073 |
| കോഴിക്കോട് | - | 54,240 |

(സി) ഒരു വർഷം ശരാശരി ഈ പട്ടികയിൽനിന്നും 18924 പേർക്ക് താൽക്കാലിക ജോലി നൽകാൻ സാധിച്ചിട്ടുണ്ട്.

(ഡി) എംപ്ലോയബിലിറ്റി സെന്ററുകളിൽ നേരിട്ട് വരാതെ രജിസ്റ്റർ ചെയ്യുന്നതിനായി www.employabilitycentre.org എന്ന വെബ്സൈറ്റിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് നിലവിൽ സംവിധാനമില്ല. രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനും ട്രെയിനിംഗ്, അസെസ്സ്മെന്റ് എന്നിവയിൽ പങ്കെടുക്കുന്നതിനും ഉദ്യോഗാർത്ഥികൾ നേരിട്ട് എംപ്ലോയബിലിറ്റി സെന്ററിൽ എത്തിച്ചേരേണ്ടതുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ആധുനികവൽക്കരണം

274 (2552) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവത്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 2019 ഡിസംബർ 31 വരെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകർ എത്രയാണ്; സ്ത്രീകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു.

<u>കമ്പ്യൂട്ടർവൽക്കരണം.</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റി അവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയും കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) മുഖാന്തരം നെറ്റ്‌വർക്ക് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽരജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ സേവനം 3-5-2017 മുതൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും നിലവിൽ www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റ് മുഖാന്തരം പുതിയ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പേപ്പർരഹിത ഓഫീസുകളാക്കുകയെന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതേവരെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള 77 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള 21 ഓഫീസുകളിൽക്കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരികയാണ്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുന്നതിനുള്ള സുഗമമായ അന്തരീക്ഷം ഒരുക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കെട്ടിടങ്ങളിൽ

പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഭൗതിക സൗകര്യങ്ങൾ പദ്ധതി വിഹിതം വിനിയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി www.jobfest.kerala.gov.in എന്ന ഒരു വെബ്സൈറ്റ് വികസിപ്പിച്ച് അതു മുഖാന്തരം മെഗാ ജോബ് ഫെയറുകളും മിനി ജോബ് ഫെയറുകളും മേഖലാ തലത്തിലും ജില്ലാ തലത്തിലും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് & ഗൈഡൻസ് ബ്യൂറോകൾ മുഖാന്തരവും സംഘടിപ്പിക്കുന്നുണ്ട്.

<u>എംപ്ലോയബിലിറ്റി സെന്റർ:</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ഈ സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തുന്നു. സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകിവരുന്നുണ്ട്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

<u>മോഡൽ കരിയർ സെന്റർ:</u>

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ കർമ്മ പരിപാടി ഇത്തരം സെന്ററുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

<u>കരിയർ ഡെവലപ്മെന്റ് സെന്റർ:</u>

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-2017 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം 31-12-2019-ലെ കണക്ക് പ്രകാരം 3394370 ആണ്. ഇതിൽ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്ക് അർഹതയുള്ള 18-നും 50-നും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷകരുടെ എണ്ണം 2986979 ആണ്.

| | | |
|---|---|---|
| സ്ത്രീകൾ | - | 1927964 |
| പുരുഷൻമാർ | - | 1059001 |
| ട്രാൻസ്ജെൻഡർ | - | 14 |
| ആകെ | - | 2986979 |

**ജോബ് ഓഫറുകൾ ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള നടപടി**

275(2553) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ഐ.ടി.ഐ.-കൾ തുടങ്ങിയ വകളിലൂള്ള തൊഴിൽ മേളകൾ വഴി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് ജോബ് ഓഫറുകൾ നൽകിയെന്നും അറിയിക്കാമോ;

(ബി) ഇപ്രകാരം ജോബ് ഓഫറുകൾ ലഭിച്ച എത്ര പേർക്ക് ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് തൊഴിൽ ലഭിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ജോബ് ഓഫറുകൾ ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 26651 പേർക്ക് ജോബ് ഓഫറുകൾ ലഭിച്ചിട്ടുണ്ട്. അതിൽ 20029 പേർക്ക് നിയമനങ്ങൾ ലഭിച്ചിട്ടുണ്ട്. മോഡൽ കരിയർ സെന്റർ നടത്തിയ ജോബ് ഡ്രൈവുകൾ മുഖേന 3073 ജോബ് ഓഫറുകൾ നൽകുകയും 910 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

ഐ.ടി.ഐ.-കൾ വഴി നടത്തിയ തൊഴിൽ മേളകളിലൂടെ 31091 പേർക്ക് ജോബ് ഓഫറുകൾ ലഭിക്കുകയും ഇതിൽ നാളിതുവരെ 11388 പേർക്ക് നിയമനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന 113 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ജോബ് ഓഫറുകൾ ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സി.ടി.ഐ. ട്രെയിനിംഗ്-യാത്രാബത്ത, ദിനബത്ത അരിയർ

276 (2554) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് -ട്രെയിനിംഗിന്റെ ഭാഗമായുള്ള യാത്രാബത്ത, ദിനബത്ത എന്നിവയുടെ അരിയർ വിവരശേഖരണം സംബന്ധിച്ച 20-12-2019-ലെ സർക്കുലർ നമ്പർ ബി-27708 പ്രകാരം, വ്യാവസായിക പരിശീലന ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് വിഭാഗം സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിവരശേഖരണം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യാവസായിക പരിശീലന വകുപ്പ് മുഖ്യകാര്യാലയത്തിൽനിന്നുള്ള 20-12-2019-ലെ ബി2/22708/18 നമ്പർ സർക്കുലർ പ്രകാരം വകുപ്പിന് കീഴിലുള്ള വിവിധ ഐ.ടി.ഐ.-കളിൽനിന്നും ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാരുടെ ദിനബത്ത കുടിശ്ശിക സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ബി) വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

277 (2555) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എവിടെയൊക്കെയാണ് തൊഴിൽ വകുപ്പിന്റെ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം എങ്ങനെയാണെന്നും ഇതുവഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) കൂടുതൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിലാണ് നിലവിൽ തൊഴിൽ വകുപ്പിന്റെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്.

(ബി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗ നിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപ്പരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്.

(സി) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിനോടൊപ്പം കോട്ടയം ജില്ലയിലെ വൈക്കം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിലും കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ വക സ്ഥലം/കെട്ടിടം എന്നിവ ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

## ബാറുകൾ അടച്ചുപൂട്ടിയതുകാരണം തൊഴിൽരഹിതരായവരുടെ പുനരധിവാസം

278 (2556) ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയത് കാരണം എത്ര തൊഴിലാളികളാണ് തൊഴിൽ രഹിതരായതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ പുനരധിവാസത്തിനായി മദ്യത്തിന്റെ വില്പനയിൽ അഞ്ച് ശതമാനം സെസ്സ് ഏർപ്പെടുത്തുകയുണ്ടായോ; എങ്കിൽ സെസ് എന്നുമുതൽ ഏർപ്പെടുത്തിയെന്ന് അറിയിക്കാമോ;

(സി) ഈ സെസ്സ് മുഖേന നാളിതുവരെ എന്തു തുക പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലാളികളുടെ പുനരധിവാസത്തിനായി എന്തു തുക ഇതേവരെ ചെലവഴിച്ചു; അതുമൂലം എത്ര പേർക്ക് പ്രയോജനം ലഭിച്ചു; വിശദമാക്കുമോ;

(ഇ) ഇപ്രകാരം പിരിച്ചെടുത്തതിൽ എന്തു തുക നീക്കിയിരിപ്പുണ്ട്; അത് എന്തിനുവേണ്ടി ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ 2014-15 വർഷത്തെ മദ്യനയംമൂലം ബാറുകൾ അടച്ചുപൂട്ടിയത് കാരണം കേരള അബ്കാരി ക്ഷേമനിധിയിൽ അംഗത്വമുണ്ടായിരുന്ന 361 തൊഴിലാളികൾക്കും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6749 തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെട്ടിരുന്നു.

(ബി) തൊഴിൽരഹിതരായവരുടെ പുനരധിവാസത്തിനായി മദ്യത്തിന്റെ വിൽപ്പനയിൽ 5% സെസ്സ്, 8-10-2014-ലെ Notification No.20478/Leg. A2/2014/Law പ്രകാരം സർക്കാർ ഏർപ്പെടുത്തുകയുണ്ടായി.

മേൽ ഉത്തരവുപ്രകാരം 10-10-2014 മുതലാണ് 5% സെസ്സ് ഏർപ്പെടുത്തിയത്.

(സി) ഈ സെസ്സ് മുഖേന 1059.04 കോടി രൂപ പിരിച്ചെടുത്തു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

5% Rehabilitation Cess Collected

| വർഷം | തുക |
|---|---|
| 2014-15 (10/10/2014 മുതൽ) | 124.92 കോടി രൂപ |
| 2015-16 | 293.75 കോടി രൂപ |
| 2016-17 | 308.74 കോടി രൂപ |
| 2017-18 | 331.63 കോടി രൂപ |
| ആകെ | 1059.04 കോടി രൂപ |

(ഡി) തൊഴിലാളികളുടെ പുനരധിവാസത്തിനായി 8,75,45,000 (എട്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ) ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം നൽകിയ ധനസഹായംമൂലം 5851 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഇ) സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക സംസ്ഥാന സർക്കാരിന്റെ റവന്യൂ ഹെഡ്ഡിലേക്കാണ് ഒടുക്കിയിട്ടുള്ളത്. ഇതിന് പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് രൂപീകരിച്ച കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' യുടെ പരിധിയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടിയാണ് ടി തുക ഉപയോഗപ്പെടുത്തുന്നത്.

## ലഹരി വിരുദ്ധ പ്രചരണം

279 (2557) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടത്തുന്ന ലഹരി വിരുദ്ധ പ്രചരണത്തിൽ മദ്യമെന്ന വാക്ക് ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനുവരി 16-ന് സർക്കാർ ജീവനക്കാരെ കൊണ്ട് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിച്ചിരുന്നോ; പ്രസ്തുത പ്രതിജ്ഞയിൽ മദ്യത്തെക്കുറിച്ച് യാതൊരു പരാമർശവും ഇല്ലാതിരുന്നത് മദ്യം ലഹരിവസ്തുവാണെന്ന് പരിഗണിക്കാത്തതു കൊണ്ടാണോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാരിന്റെ തീവ്ര ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ജനുവരി 16-ന് സർക്കാർ ജീവനക്കാർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിയിരുന്നു. മദ്യം, മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ ലഹരി വസ്തുക്കളുടെയും ദുരുപയോഗത്തെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് പ്രതിജ്ഞ ചൊല്ലിയിട്ടുള്ളത്. ലഹരി വസ്തു എന്ന ഗണത്തിൽ മദ്യവും ഉൾപ്പെടുന്നു.

## പുതിയ മദ്യനയം

280 (2558) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തിക വർഷത്തെ മദ്യനയത്തിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തൊക്കെ മാറ്റങ്ങളാണ് പുതിയ മദ്യനയത്തിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) മുൻ സർക്കാരിന്റെ 2015-16 കാലത്തെ മദ്യനയവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സർക്കാരിന്റെ മദ്യനയം മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ സഹായകമായതും മദ്യവർജ്ജനത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്നതിന് സഹായകവുമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 27-2-2020-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.) നമ്പർ 22/2020/ നി.വ. ഉത്തരവ് പ്രകാരം 2020-21 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനും ജനങ്ങളെ മദ്യവർജ്ജനത്തിലേയ്ക്ക് നയിക്കുന്നതിനും ലക്ഷ്യമിട്ടുള്ള മദ്യനയമാണ് ഈ സർക്കാരിന്റെ കാലയളവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലെന്നത് വിവിധ പഠന റിപ്പോർട്ടുകളിലൂടെ വ്യക്തമായിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകൾ കണക്കിലെടുത്ത് ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗവും ആദിവാസി/ തീരദേശ മേഖലകളിലെ ഗണ്യമായ തോതിലുള്ള മദ്യ ഉപയോഗവും കുറയ്ക്കുന്നതോടൊപ്പം മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ ഈ സർക്കാർ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. മദ്യ/ലഹരി ഉപയോഗിച്ചു തുടങ്ങിയിട്ടില്ലാത്ത വിദ്യാർത്ഥി/യുവജനങ്ങൾക്കിടയിൽ മദ്യ/ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തി അവരെ മദ്യ/ ലഹരി ഉപയോഗത്തിലേയ്ക്ക് നയിക്കുന്നതിൽനിന്നും പൂർണ്ണമായും തടയുന്നതിനുള്ള ലഹരി വർജ്ജന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനാണ് ഈ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഒരു വിഭാഗം ജനങ്ങളിൽ മദ്യ ഉപഭോഗം നിലനിൽക്കുന്നിടത്തോളംകാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുകയില്ല. ലഹരിവർജ്ജന പ്രവർത്തനങ്ങൾ ഈ വിഭാഗം ജനങ്ങളിലെത്തിച്ച് ലഹരി ഉപഭോഗം ഉപേക്ഷിക്കുവാൻ അവരെ പ്രാപ്തരാക്കുകയെന്നതാണ് സർക്കാരിന്റെ മദ്യനയത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.

**പുതിയ മദ്യനയം**

281(2559) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറച്ചു കൊണ്ടുവരുന്നതിന് ആണോ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എങ്കിൽ പുതിയ ബാറുകൾക്കും ബ്രൂവറികൾക്കും മറ്റും അനുമതി നൽകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം പുതിയ അല്ലെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ എത്ര ബാറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം നൽകാമോ;

(ഇ) പുതുതായി പബ്ബുകൾക്കും ബാറുകൾക്കും ബ്രൂവറികൾക്കും അനുമതി നൽകുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇവ ആരംഭിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ 27-2-2020-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.) നമ്പർ 22/2020/നി.വ. ഉത്തരവുപ്രകാരം 2020-21 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അതെ, മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ച് ലഹരി ഉപയോഗത്തിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുകയെന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) 3 സ്റ്റാറും അതിനുമുകളിലും ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് മാത്രമാണ് ബാർ ലൈസൻസ് നൽകിവരുന്നത്. സംസ്ഥാനത്തിന്റെ ടൂറിസം പദ്ധതികളുടെ വിജയകരമായ നടത്തിപ്പുകൂടി പരിഗണിച്ചാണ് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(ഡി) ഈ സർക്കാർ വന്നതിനുശേഷം പുതുതായി 170 എഫ്.എൽ.3 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ ബാറുകളിൽ 404 ബാറുകൾക്ക് നിലവിൽ എഫ്.എൽ.3 ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ജില്ല | പുതുതായി അനുവദിച്ച എഫ്.എൽ.3 ലൈസൻസുകളുടെ എണ്ണം | പുതുക്കി നൽകിയ എഫ്.എൽ.3 ലൈസൻസുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 16 | 38 |
| കൊല്ലം | 16 | 33 |
| പത്തനംതിട്ട | 4 | 15 |
| കോട്ടയം | 10 | 41 |
| ആലപ്പുഴ | 11 | 25 |
| ഇടുക്കി | 11 | 15 |
| എറണാകുളം | 48 | 82 |
| തൃശ്ശൂർ | 16 | 62 |
| പാലക്കാട് | 11 | 27 |
| മലപ്പുറം | 4 | 13 |
| കോഴിക്കോട് | 9 | 25 |
| വയനാട് | 1 | 4 |
| കണ്ണൂർ | 9 | 20 |
| കാസർഗോഡ് | 4 | 4 |
| ആകെ | 170 | 404 |

മുൻ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന 2 എണ്ണവും ഈ സർക്കാരിന്റെ കാലയളവിൽ പുതുക്കിയ 3 എണ്ണവും നിലവിൽ പ്രവർത്തിക്കുന്നില്ല.

(ഇ) പുതുതായി പബ്ബുകൾക്കും ബ്രൂവറികൾക്കും അനുമതി നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല. പുതിയ ബാറുകൾ ഉൾപ്പെടെയുള്ള ലൈസൻസുകൾ സർക്കാരിന്റെ നിലവിലെ അബ്കാരി നയത്തിൽ വിദേശമദ്യ ചട്ടമനുസരിച്ച് നിയമാനുസരണം യോഗ്യതയുള്ളവർക്ക് അനുവദിക്കുന്നതാണ്.

## കള്ളുഷാപ്പുകളുടെ നവീകരണം

282 (2560) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തെങ്ങിൽനിന്നും ലഭിക്കുന്ന കള്ളിന്റെ അളവ് ഒന്നര ലിറ്ററായി രുന്നത്, രണ്ട് ലിറ്ററായി ഉയർത്തുന്നതിന് പുതിയ മദ്യനയത്തിൽ ശിപാർശയുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) കള്ള് ഷാപ്പുകൾക്ക് ദൂരപരിധി എടുത്ത് കളയുവാൻതീരുമാനി ച്ചിട്ടുണ്ടോ;

(സി) കള്ള് ഷാപ്പുകളിൽ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നത് നിയമവിധേയ മാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ കള്ള് ഷാപ്പുകളുടെ നവീകരണത്തിന് സർക്കാർ ഫണ്ട് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 27-2-2020-ലെ ജി.ഒ.(എം.എസ്.) നമ്പർ 22/2020/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2020-21 വർഷത്തെ മദ്യനയം അനുസരിച്ച് ഒരു തെങ്ങിൽനിന്നും ലഭിക്കുന്ന കള്ളിന്റെ അളവ് ലളിതാംബിക കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദിനംപ്രതി 1.5 ലിറ്റർ എന്നതിൽനിന്നും ദിനംപ്രതി 2 ലിറ്റർ എന്നാക്കി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

(ബി) നിലവിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ ദൂരപരിധി ബാധകമാകാതെ തുടർന്നും ലൈസൻസ് നൽകി പ്രവർത്തിക്കുന്നതിന് അനുമതി നൽകി നിലവിലെ കള്ളുഷാപ്പുകളെ സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) കള്ളുഷാപ്പുകളിൽ കള്ളിനോടൊപ്പം ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്നത് നിയമവിധേയമാക്കുമെന്ന് 2020-21-ലെ മദ്യനയത്തിൽ തീരുമാനമെ ടുത്തിട്ടുണ്ട്.

(ഡി) കള്ള് വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടോഡി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടോഡി ബോർഡ് പ്രാവർത്തികമാകുന്ന ഘട്ടത്തിൽ ഇക്കാര്യങ്ങളടക്കം വിശദമായി പരിശോധിക്കുന്നതാണ്.

## മദ്യ വിൽപ്പനയിലും വരുമാനത്തിലും ഉണ്ടായ വർദ്ധനവ്

283 (2561) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പനയിലും വരുമാനത്തിലും 2016-ന് ശേഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ, വിശദാംശം നൽകുമോ;

(ബി) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഓരോ വർഷവും മദ്യ വില്പനയിൽ ഉണ്ടായ വർദ്ധനവും അതിലൂടെ ലഭിച്ച വരുമാനവും വ്യക്തമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സംസ്ഥാനത്ത് കൂടുതൽ ബാറുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2016-ന് ശേഷം കെ.എസ്.ബി.സി.-യുടെ മദ്യവിൽപ്പനയിലും വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| വർഷം | ഇന്ത്യൻ നിർമ്മിത വിദേശ മദ്യ വിൽപ്പന (ലക്ഷം കെയ്സിൽ) | ബിയർ വിൽപ്പന (ലക്ഷം കെയ്സിൽ) | ആകെ വിറ്റുവരവ് (തുക കോടി രൂപയിൽ) |
|---|---|---|---|
| 2016-17 | 205.41 | 150.13 | 12134 |
| 2017-18 | 208.51 | 115.42 | 12937 |
| 2018-19 | 216.34 | 121.12 | 14508 |

(സി) ബിവറേജസ് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് ബാറുകൾ അനുവദിക്കുന്നത് സർക്കാർ നയമല്ല. നിലവിൽ ത്രീ സ്റ്റാറിനും അതിനുമുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് അപേക്ഷകളുടെ അടിസ്ഥാനത്തിൽ, അർഹത പരിഗണിച്ച്, ബാർ ലൈസൻസ് (എഫ്.എൽ-3) അനുവദിച്ചുവരുന്നു.

## ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം

284 (2562) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലേക്ക് പി.എസ്.സി. പ്രസിദ്ധീകരിച്ച കമ്പനി/കോർപ്പറേഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) രണ്ട് വർഷം മുൻപ് ഇതര വകുപ്പുകളിൽ നിന്നും ബിവറേജസ് കോർപ്പറേഷനിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് നിർത്തിവെയ്ക്കുവാൻ മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ ഡെപ്യൂട്ടേഷൻ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സാഹചര്യം നിലനിൽക്കെ തന്നെ മറ്റു വകുപ്പുകളിലെ അൻപത്തിയെട്ട് പേർക്ക് ബിവറേജസ് കോർപ്പറേഷനിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാനുണ്ടായ ഉത്തരവ് നൽകിയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; പ്രസ്തുത ഡെപ്യൂട്ടേഷനിൽ ഉൾപ്പെട്ട അൻപത്തിയെട്ട് ഉദ്യോഗസ്ഥരുടെ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും ഹെൽപ്പർ/പ്യൂൺ തസ്തികയിലേയ്ക്ക് ഇതുവരെ നിയമനങ്ങൾ നടത്തിയിട്ടില്ല. കാറ്റഗറി നമ്പർ 426/2014 പ്രകാരം നിലവിൽ വന്ന അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് പട്ടിക പ്രകാരം 248 പേർക്കും കാറ്റഗറി നമ്പർ 561/2014 പ്രകാരം നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് പട്ടികയിൽനിന്നും 83 പേർക്കും ഇതുവരെ നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇല്ല. ബാധകമല്ല.

(സി) നിലവിൽ 58 പേർക്ക് കെ.എസ്.ബി.സി.-യിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വിവിധ പീഢിത വ്യവസായ സ്ഥാപനങ്ങളിൽനിന്നും താഴ്ന്ന വരുമാനമുള്ള 33 ജീവനക്കാർ (മലബാർ ഡിസ്റ്റിലറീസ്-31, അഗ്രോ ഇൻഡസ്ട്രീസ്-1, ബേക്കൽ റിസോർട്ട്-1) യഥാക്രമം 2009, 2015 കാലയളവുകൾ മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. കൂടാതെ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 4 (നാല്) ജീവനക്കാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷൻ എൽ.ഡി.ക്ലാർക്ക് തസ്തികയിലെ നിയമനം

285 (2563) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 561/2014 ആയി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം നാളിതുവരെ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള തീയതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 83 പേർക്ക്

(ബി &സി) 230 ഒഴിവുകൾ

(ഡി) 1-2-2020

## ബാർ ലൈസൻസ് പുതുക്കി നൽകൽ

286 (2564) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ബീയർ ആന്റ് വൈൻ പാർലർ ആയി പ്രവർത്തിച്ചിരുന്ന എത്ര ഹോട്ടലുകൾക്ക് ഈ സർക്കാർ വന്നശേഷം എഫ്.എൽ.3 ലൈസൻസ് പുതുക്കി നൽകിയെന്ന് അറിയിക്കാമോ;

(ബി) 2016 ജൂണിന് ശേഷം എത്ര ബാർ ലൈസൻസുകളാണ് പുതുതായി അനുവദിച്ചത്; നിലവിൽ എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബാർ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; അപ്രകാരമുള്ള വർദ്ധനവിലൂടെ സർക്കാരിന് ഒരു വർഷം എത്ര കോടി രൂപയുടെ അധികവരുമാനം ലഭിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് റദ്ദ് ചെയ്ത 404 ഹോട്ടലുകൾക്ക് ഈ സർക്കാർ വന്നശേഷം എഫ്.എൽ.3 ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

(ബി) 2016 ജൂണിന് ശേഷം 170 ബാർ ലൈസൻസുകളാണ് പുതുതായി അനുവദിച്ചത്. നിലവിൽ 9 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) 27-2-2020-ലെ ജി.ഒ.(എംഎസ്.) നമ്പർ 22/2020/നി.വ. പ്രകാരം പ്രഖ്യാപിച്ച 2020-21 വർഷത്തെ അബ്കാരി നയത്തിൽ എഫ്.എൽ.3 ബാർ ലൈസൻസുകളുടെ വാർഷിക ഫീസ് 28 ലക്ഷത്തിൽനിന്ന് 30 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. അപ്രകാരമുള്ള വർദ്ധനവിലൂടെ സർക്കാരിന് നിലവിൽ ഒരു വർഷം 11.96 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുന്നതാണ്.

**ബാർ ലൈസൻസ്**

287 (2565) <u>ശ്രീ. പി. ഉബൈദുള്ള</u> :

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാറുകൾ നിർത്തലാക്കിയത് കാരണം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലൈസൻസ് പുതുക്കി നൽകാത്തത് മൂലം അടച്ചു പൂട്ടിയത് എത്ര ബാറുകളാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ഡി) അത് മുഖേന എത്ര തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെട്ടു; തൊഴിൽ നഷ്ടപ്പെട്ട എത്രപേരെ ഇതിൽ പുനരധിവസിപ്പിക്കാൻ കഴിഞ്ഞുവെന്നും പുനർ നിയമനം ലഭിക്കാതെ എത്ര പേർ ശേഷിക്കുന്നുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാറുകൾ നിർത്തലാക്കിയത് കാരണം അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 361 പേർക്കും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6749 പേർക്കും തൊഴിൽ നഷ്ടമായി.

(ബി) 712 ബാറുകൾ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എഫ്.എൽ.11 ആയി പ്രവർത്തിച്ചിരുന്ന 404 ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകി. കൂടാതെ 170 ഹോട്ടലുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നൽകിയതിലൂടെ വളരെയധികം തൊഴിലവസരങ്ങൾ പുനഃസ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി കേരള അബ്കാരി ക്ഷേമനിധി ബോർഡ് മുഖാന്തരം തൊഴിൽ നഷ്ടപ്പെട്ടവർക്ക് നടപ്പാക്കിവരുന്ന "സുരക്ഷാ" സ്വയം തൊഴിൽ പദ്ധതിയിൽ 188 ആൾക്കാർ മാത്രമാണ് അപേക്ഷ നൽകിയിട്ടുള്ളത്.

## ലൈസൻസ് പുതുക്കിനൽകിയ ബാറുകൾ

288 (2566) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ ബാറുകൾ നിർത്തലാക്കിയത് കാരണം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) എത്ര ബാറുകളാണ് മുൻ സർക്കാർ ലൈസൻസ് പുതുക്കി നൽകാതെ അടച്ചുപൂട്ടിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) അതു മുഖേന എത്ര തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെട്ടു; അതിൽ തൊഴിൽ നഷ്ടപ്പെട്ട എത്ര പേരെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(ഇ) പുനർ നിയമനം ലഭിക്കാതെ എത്രപേർ ശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 361 പേർക്കും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6749 പേർക്കും തൊഴിൽ നഷ്ടമായിരുന്നു.

(ബി) 712 ബാറുകൾ അടച്ചുപൂട്ടിയിരുന്നു.

(സി-ഇ)) 404 ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകി. കൂടാതെ 170 ഹോട്ടലുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്.

ബാറുകൾക്ക് ലൈസൻസ് നൽകിയതിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധി വാസത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച "സുരക്ഷാ" സ്വയം തൊഴിൽ പദ്ധതിയിൽ 188 തൊഴിലാളികൾ മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

## എഫ്.എൽ.3 ബാർ ലൈസൻസ് അനുവദിക്കുന്ന നടപടി

289 (2567) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ത്രീ സ്റ്റാറും അതിന് മുകളിലുമുള്ള ഹോട്ടലുകൾക്ക് എഫ്.എൽ.3 ബാർ ലൈസൻസ് അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ബാർ ഹോട്ടലുകൾക്കാണ് എഫ്.എൽ.3 ബാർ ലൈസൻസ് ഉണ്ടായിരുന്നത്; നിലവിൽ എത്ര ഹോട്ടലുകൾക്ക് പ്രസ്തുത ലൈസൻസ് ഉണ്ടെന്ന് അറിയിക്കുമോ;

(സി) ബാർ ലൈസൻസിനുള്ള വാർഷിക ലൈസൻസ് ഫീസ് കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശമദ്യ ചട്ടം അനുശാസിക്കുന്ന യോഗ്യതയുള്ള ത്രീ സ്റ്റാർ മുതൽ മുകളിലേയ്ക്ക് ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് അനുവദിക്കുന്നതിന് നിയന്ത്രണം ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഫൈവ് സ്റ്റാർ ക്ലാസിഫി ക്കേഷനുള്ള 29 ബാർ ഹോട്ടലുകൾക്ക് എഫ്.എൽ.3 ബാർ ലൈസൻസ് ഉണ്ടായിരുന്നു. നിലവിൽ 598 ഹോട്ടലുകൾക്ക് പ്രസ്തുത ബാർ ലൈസൻസ് ഉണ്ട്.

(സി) ബാർ ലൈസൻസിനുള്ള വാർഷിക ലൈസൻസ് ഫീസ് 28 ലക്ഷം രൂപയിൽനിന്നും 30 ലക്ഷം രൂപയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ പ്രതിവർഷം 11.96 കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

## മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടി

290 (2568) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ, പദ്ധതികൾ എന്നിവ വിശദീകരിക്കാമോ;

(ബി) 2016-17, 2017-18, 2018-19 കാലഘട്ടങ്ങളിലെ മദ്യ ഉപഭോഗത്തിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഹരിവർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കർമ്മ പദ്ധതിയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി". തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജില്ലകളിൽ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തരം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു.

ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്. ടി ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും ഐ.പി. വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നിലവിൽ കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

യുവജനങ്ങളെ ലഹരി ഉപയോഗത്തിൽനിന്നും അകറ്റി നിർത്തുകയെന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് കബഡി, വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ വിവിധ കായികമത്സരങ്ങൾ സംസ്ഥാന തലത്തിൽ നടത്തിവരുന്നു.

ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ 2019 നവംബർ 1 മുതൽ ഒരു തീവ്രയത്ന ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

യുവജനങ്ങൾക്കായി സൈക്ലത്തോൺ, വാക്കത്തോൺ, ബൈക്കത്തോൺ, റാലികൾ, കൂട്ടയോട്ടങ്ങൾ, മനുഷ്യ ചങ്ങലകൾ എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലഹരിവിരുദ്ധ മാരത്തോൺ സംഘടിപ്പിച്ചിട്ടുള്ളതാണ്. സ്പോർട്സ് കൗൺസിൽ, യുവജനക്ഷേമ ബോർഡ് എന്നിവയുമായി ചേർന്ന് ലഹരിക്കെതിരെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.

(ബി)

| വർഷം | ഇന്ത്യൻ നിർമ്മിത വിദേശ മദ്യ വിൽപ്പന (ലക്ഷം കെയ്സിൽ) | ബിയർ വിൽപ്പന (ലക്ഷം കെയ്സിൽ) | ആകെ വിറ്റുവരവ് (തുക കോടി രൂപയിൽ) |
|---|---|---|---|
| 2016-17 | 205.41 | 150.13 | 12,134 |
| 2017-18 | 208.51 | 115.42 | 12,937 |
| 2018-19 | 216.34 | 121.12 | 14,508 |

## വിദേശ മദ്യം തദ്ദേശീയ ഡിസ്റ്റലറികളിൽ ഉൽപ്പാദിപ്പിക്കുമ്പോഴുണ്ടാകുന്ന നഷ്ടം

291 (2569) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിർമ്മിക്കേണ്ട വിദേശ മദ്യം, സംസ്ഥാനത്തെ ഡിസ്റ്റലറികളിൽ ഉല്പാദിപ്പിക്കുക വഴി ഇറക്കുമതി ചുങ്കം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ;

(ബി) 2019-2020-ൽ ഇറക്കുമതി ചുങ്കമായി സർക്കാരിന് ലഭിക്കേണ്ട എത്ര കോടി രൂപയാണ് ഇപ്രകാരം നഷ്ടമായതെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതര സംസ്ഥാന ബ്രാന്റുകൾ തദ്ദേശീയ ഡിസ്റ്റിലറികളിൽ നിർമ്മിക്കുവാൻ അനുമതി നൽകിയത് നിയമവിരുദ്ധമാണെന്ന് സി. ആന്റ് എ.ജി. കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം ബോട്ടിലിംഗ് നടത്തുമ്പോൾ ഡിസ്റ്റിലറികളിൽനിന്നും ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ അതേ മാതൃക തുടരുവാൻ എക്സൈസ് വകുപ്പ് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഡിസ്റ്റലറികളിൽ മറ്റു സംസ്ഥാനങ്ങളിലെ ഡിസ്റ്റലറികൾ ഉൽപ്പാദിപ്പിക്കുന്ന മദ്യത്തിന്റെ ബ്രാൻഡ് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ അധിക തുക ഈടാക്കുന്നുണ്ട്. എങ്കിലും ഇത്തരം ഉൽപ്പാദനംവഴി ഇറക്കുമതി ചുങ്കം ഇനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന ബ്രാൻഡുകൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പ്രസ്തുത ബ്രാൻഡുകളുടെ രജിസ്ട്രേഷൻ, വിദേശമദ്യ (രജിസ്ട്രേഷൻ ഓഫ് ബ്രാൻഡ്) റൂൾസ് 1995, റൂൾ 3 പ്രകാരം അനുവദിച്ചിട്ടുള്ളതും ഇത് മുൻ സർക്കാരുകളുടെ കാലത്തുൾപ്പെടെ കാലാകാലങ്ങളായി അനുവദിച്ചുവരുന്നതുമാണ്.

(ബി) ഇതര സംസ്ഥാന ബ്രാൻഡുകൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുതുവഴി 2019-2020-ൽ ഇറക്കുമതി ചുങ്കം ഇനത്തിൽ സർക്കാരിനുണ്ടായ ആകെ നഷ്ടം കണക്കാക്കിയിട്ടില്ല. സംസ്ഥാനത്തിന് പുറത്തുള്ള ഡിസ്റ്റലറികളിൽ നിന്നും മദ്യ ഇറക്കുമതി നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായാണ് മദ്യത്തിന് ഉയർന്ന ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത്തരം മദ്യ നിർമ്മാണംവഴി സർക്കാരിന് വരുമാന നഷ്ടമുണ്ടെങ്കിലും തദ്ദേശീയ ഡിസ്റ്റലറികളിൽ കൂടുതൽ ഉൽപ്പാദനം നടക്കുകവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരം ഉണ്ടായിട്ടുള്ളതാണ്.

(സി) ഇതര സംസ്ഥാന ബ്രാൻഡുകൾ തദ്ദേശീയ ഡിസ്റ്റലറികളിൽ നിർമ്മിക്കുവാൻ അനുമതി നൽകിയത് നിയമവിരുദ്ധമാണെന്ന് സി.&എ.ജി. പരാമർശിച്ചിട്ടില്ല. ഇതര സംസ്ഥാന ബ്രാൻഡുകൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഈ ബ്രാൻഡുകളുടെ ബ്രാൻഡ് രജിസ്ട്രേഷൻ വിദേശമദ്യ (രജിസ്ട്രേഷൻ ഓഫ് ബ്രാൻഡ്) റൂൾസ് 1995, റൂൾ 3 പ്രകാരം അനുവദിച്ചിട്ടുള്ളതാണ്.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം ബോട്ടിലിംഗ് നടത്തുമ്പോൾ ഡിസ്റ്റലറികളിൽനിന്നും ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഇതര സംസ്ഥാന ബ്രാൻഡുകൾ തദ്ദേശീയ ഡിസ്റ്റലറികളിൽ നിർമ്മിക്കുവാൻ അനുമതി നൽകുന്നതുവഴി ഇറക്കുമതി ചുങ്കം ഇനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 2020-2021-ലെ മദ്യ നയത്തിൽ വർഷങ്ങളായി തുടർന്നുവന്ന നിയമം മാറ്റി ഇതര സംസ്ഥാനങ്ങളിലെ ഡിസ്റ്റലറികൾ കേരളത്തിലെ ഡിസ്റ്റലറികളിൽ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

## ലഹരി വിമുക്ത ചികിത്സ

292 (2570) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി.ടി.ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്ക് അടിമകളാകുന്നവർക്ക് ലഹരി വിമുക്ത ചികിത്സ നൽകുന്നതിനും അവരെ അതിന്റെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ലഹരിക്ക് അടിമകളാകുന്നവർ ലഹരി വിമുക്ത ചികിത്സ കഴിഞ്ഞാലും ലഹരിയുടെ ലോകത്തേക്ക് വീണ്ടും മടങ്ങുവാനുള്ള സാധ്യതയുള്ളതിനാൽ ഇത്തരക്കാർക്ക് തുടർചികിത്സ നൽകുന്നതിന് വാർഡുതല ജാഗ്രതാസമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ;

(സി) ലഹരിക്ക് അടിമകളായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനും എല്ലാ സ്കൂളുകളിലും മെൻഡർ സമ്പ്രദായം ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) ലഹരിയിൽനിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിന് ഏറ്റവും ആവശ്യമായ കാര്യം ലഹരി കിട്ടാനുള്ള വഴി ഇല്ലാതാക്കുകയും പ്രലോഭനത്തിന് വഴങ്ങാത്ത മനസ്സ് കുട്ടികളിൽ ഉണ്ടാക്കുക എന്നതും ആകയാൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മെഡിക്കൽ ഓഫീസർ, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ സേവനം ലഭ്യമാണ്. 10 കിടക്കകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ആരംഭിച്ചിട്ടുള്ള വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ കിടത്തി ചികിത്സ ഉൾപ്പെടെ ആരംഭിച്ച് ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകിവരുന്നു. ടി ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും ഐ.പി. വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾ ഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും

2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. കുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേക ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ ചികിത്സാ സൗകര്യവും പുനരധിവാസം, തൊഴിൽ പരിശീലനം എന്നീ സൗകര്യത്തോടുകൂടിയതുമായ അന്താരാഷ്ട്ര നിലവാര ത്തിലുള്ള ഡീ-അഡിക്ഷൻ & റീഹാബിലിറ്റേഷൻ സെന്റർ കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ലഹരിക്കടിമപ്പെട്ടവരുടെ വിവര ശേഖരണത്തിനായും ലഹരിവിമുക്ത ചികിത്സ കഴിയുന്നവരെ തുടർ ചികിത്സയ്ക്ക് എത്തിക്കുന്നതിനായും എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് അഞ്ച്മുതൽ പത്ത്വരെ അംഗങ്ങളുള്ള വിമുക്തി സേനകൾ രൂപീകരിച്ചുവരുന്നു.

(സി) ഇത്തരത്തിൽ ഉള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അത്തരക്കാരുടെ വിവരങ്ങൾ വളരെ സൂക്ഷ്മതയോടെ അധികാരികൾക്ക് കൈമാറുന്നതിനുമായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ക്ലബ്ബ് അംഗങ്ങളുടെ സഹായത്തോടെ നിലവിൽ ലഹരി ഉപയോഗിക്കുന്നതായി കണ്ടെത്തുന്നവരെ അതിൽനിന്നും മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ലഹരി നിർമ്മാർജ്ജനം**

293 (2571) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലഹരിവസ്തുക്കൾ കടത്തിയതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇത്തരം കേസ്സുകളിൽ പിടിക്കപ്പെടുന്ന കുറ്റവാളികളിൽനിന്നും കൂടുതൽ പിഴ ഈടാക്കാൻ നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ;

(സി) ലഹരി നിർമ്മാർജ്ജനം ചെയ്യാൻ സർക്കാർ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 63141 അബ്കാരി കേസുകളും 23149 എൻ.ഡി.പി.എസ് കേസ്സുകളും 267901 കോട്പ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കോട്പ കേസ്സുകളിൽ പിഴ തുക 200 രൂപയിൽനിന്നും 2000 രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ എന്നിവയടക്കം പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രസ്തുത ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിരന്തരം ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്ര ബോധവൽക്കരണ പരിപാടി 2019 നവംബർ 1 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ഇതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും 917 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു. നവംബർ 14-ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും ഡിസംബർ 4-ന് വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതുമാണ്. 131 വോളന്റിയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതുതായി 1404 സ്കൂൾ ക്ലബ്ബും 392 കോളേജ് ക്ലബ്ബും 1794 ഗ്രന്ഥശാലാ ക്ലബ്ബും രൂപീകരിച്ചു. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതാണ്. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്. വിമുക്തി ബോധവൽക്കരണ വാഹനം കേരള പര്യടനം പൂർത്തിയാക്കിയിട്ടുണ്ട്. മാത്രമല്ല നവമാധ്യമങ്ങൾ വഴിയും വിവിധ സാംസ്കാരിക പരിപാടികൾവഴിയും വിമുക്തി സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## മയക്കുമരുന്ന് വിപണനത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ പങ്ക്

294 (2572) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്ന് വിപണനത്തിൽ ഏർപ്പെട്ടവരായി കണ്ടെത്തിയവർ എത്രയെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര കിലോ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്ന് പിടിച്ചെടുത്തു എന്നും വ്യക്തമാക്കാമോ;

(ബി) ഇത്തരം മയക്കുമരുന്ന് വിപണനത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ പ്രധാന പങ്ക് വഹിയ്ക്കുന്നുവെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ട എത്ര ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസ്സെടുത്തു; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ 2020 ജനവരി മാസം വരെ ചുവടെ പറയും പ്രകാരം കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ പിടിച്ചെടുക്കുകയും വിപണനത്തിൽ ഏർപ്പെട്ടവരായി 24072 പേരെ കണ്ടെത്തിയിട്ടുള്ളതും 23149 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| എൻ.ഡി.പി.എസ് കേസ്സുകളുടെ എണ്ണം | | 23149 |
| അറസ്റ്റ് ചെയ്യപ്പെട്ടവർ | | 24072 |
| കണ്ടുപിടിച്ച തൊണ്ടി മുതലുകൾ | കഞ്ചാവ് | 6687.17 കി.ഗ്രാം |
| | കഞ്ചാവ് ചെടി | 6638 എണ്ണം |
| | കഞ്ചാവ് ലേഹ്യം | 125 ഗ്രാം |
| | കഞ്ചാവ് ബീഡി | 42 എണ്ണം |
| | കഞ്ചാവ് സിഗരറ്റ് | 87 എണ്ണം |

| | | |
|---|---|---|
| | ഹാഷിഷ് ഓയിൽ | 167 കി.ഗ്രാം |
| | ഹെറോയിൻ | 641.7 ഗ്രാം |
| | ബ്രൗൺ ഷുഗർ | 825.2 ഗ്രാം |
| | എം.ഡി.എം.എ. | 31.54 കി. ഗ്രാം |
| | എൽ.എസ്.ഡി | 27.99 ഗ്രാം |
| | കൊക്കെയിൻ | 12.25 ഗ്രാം |
| | ചരസ് | 9.400 കി.ഗ്രാം |
| | ഓപ്പിയം | 5.67 കി.ഗ്രാം |
| | പോപ്പി ചെടി പൗഡർ | 450 ഗ്രാം |
| | മാന്ത്രിക കുമിൾ | 166 ഗ്രാം |
| | കോഡീൻ ഫോസ്ഫേറ്റ് | 21.65 ലിറ്റർ |
| | ഡയസ്പാം | 546 ആംപ്യൂൾ |
| | പെന്റാസോസിൻ | 50 ആംപ്യൂൾ |
| | ബുപ്രിനോർഫിൻ | 886 ആംപ്യൂൾ |
| | മയക്കു മരുന്ന് ഗുളികകൾ | 86144 |
| | അൽപ്രാസോലം | 103 ഗ്രാം |
| | മോർഫിൻ | 54 ഗ്രാം |
| | ആംഫീറ്റമിൻ | 349 ഗ്രാം |

| | | |
|---|---|---|
| | ഗ്യാരോയിൻ | 11.5 ഗ്രാം |
| | നാർക്കോട്ടിക് പൗഡർ | 103 ഗ്രാം |
| | പിടിച്ചെടുത്ത വാഹനങ്ങൾ | 6156 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ സർക്കാർ കാലയളവിൽ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ട 940 ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

**വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കൾ വിതരണം ചെയ്ത വിഷയം**

295 (2573) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കൾ വിതരണം ചെയ്ത വിഷയത്തിൽ കഴിഞ്ഞ വർഷം എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ സ്കൂൾ പരിസര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളെ ഏതെങ്കിലും കേസ്സിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കിടയിൽ പുതിയ മാർഗ്ഗങ്ങളിലൂടെയുള്ള ലഹരി വ്യാപനം തടയാൻ എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് നടത്തുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ആകെ 31 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ 5 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്യുകയും പ്രസ്തുത കേസ്സുകളിന്മേൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും വിചാരണ നടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്.

(സി) വിദ്യാലയ പരിസരത്തെ ലഹരി വ്യാപനം തടയുന്നതിനായി സ്കൂളുകളുടെ പരിസരങ്ങളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ കർശന നിരീക്ഷണം നടത്തുകയും സംശയാസ്പദമായ രീതിയിൽ കാണുന്ന വിദ്യാർത്ഥികളെയും വ്യക്തികളേയും കുറിച്ച് അന്വേഷണം നടത്തുകയും ചെയ്തുവരുന്നു. ഇതിന്റെ തുടർച്ചയായി പി.റ്റി.എ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിരീക്ഷണത്തിനായി നിയോഗിച്ചിട്ടുള്ളതുമാണ്. ലഹരിവിരുദ്ധ ക്ലബ്ബുകൾ മുഖാന്തരം സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നവരെ കണ്ടെത്തി കേസ്സെടുത്തുവരുന്നു. കൂടാതെ ലഹരി വിരുദ്ധ അവബോധത്തിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിവിധതരം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷിതാക്കളും കുട്ടികളുമായി ചേർന്ന് സ്കൂൾ പരിസരത്ത് ഭവന സന്ദർശനം നടത്തുകയും ചെയ്യുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനത്തെയും എക്സൈസ് സ്പെഷ്യൽ സ്ക്വാഡിനേയും ഇന്റലിജൻസ് വിഭാഗത്തേയും ഉപയോഗിച്ച് സ്കൂൾ പരിസരത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവർ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്ന പ്രവണത തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## എക്സൈസ് സർക്കിൾ ഓഫീസ് കേന്ദ്രീകരിച്ച് മാസപ്പടി വാങ്ങിയ സംഭവം

296 (2574) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ എക്സൈസ് സർക്കിൾ ഓഫീസ് കേന്ദ്രീകരിച്ച് ബാർ ഉടമകളിൽ നിന്നും മാസപ്പടി വാങ്ങിയ സംഭവവുമായി ബന്ധപ്പെട്ട് ആരോപണ വിധേയർക്ക് എതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

ഇക്കാര്യത്തിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. കുന്നത്തുനാട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. സി. കെ. സജികുമാർ, പെരുമ്പാവൂർ റേഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ. സാബു. ആർ ചന്ദ്ര, പ്രിവന്റീവ് ഓഫീസർ ശ്രീ. യു. ആർ. പ്രതാപൻ എന്നിവരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും കുന്നത്തുനാട് എക്സൈസ് സർക്കിൾ ഓഫീസിലെയും പെരുമ്പാവൂർ എക്സൈസ് റെയ്ഞ്ചിലെയും മുഴുവൻ പ്രിവന്റീവ് ഓഫീസർമാരെയും സിവിൽ എക്സൈസ് ഓഫീസർമാരെയും പ്രാഥമിക നടപടിയായി എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സ്ഥലംമാറ്റിയിട്ടുള്ളതും ടി വിഷയത്തിൽ വിശദമായി അന്വേഷണം നടത്തുന്നതിന് അഡീഷണൽ എക്സൈസ് കമ്മീഷണറെ (എൻഫോഴ്സ്മെന്റ്) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

## കാട്ടാക്കട എക്സൈസ് സബ് ഇൻസ്പെക്ടർ ഓഫീസ്

297 (2575) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട എക്സൈസ് സബ് ഇൻസ്പെക്ടർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികൾ എവിടെ വരെയായെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിലേക്ക് പഞ്ചായത്ത് വക ഭൂമി കൈമാറിയിട്ടുണ്ടോ എന്നറിയിക്കാമോ; നടപടികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കാട്ടാക്കട ഗ്രാമ പഞ്ചായത്ത് വക കുളത്തുമ്മൽ വില്ലേജിൽ റീ സർവ്വേ നമ്പർ 245/10-ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് കൈമാറി നൽകുന്നതിനായുള്ള നടപടി പുരോഗമിക്കുന്നു.

## കായംകുളത്തെ എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും

298 (2576) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലമോ, കെട്ടിടങ്ങളോ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസിന് സ്വന്തമായി സ്ഥലവും, കെട്ടിടവും അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമായെങ്കിൽ മാത്രമേ കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം

299 (2577) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ചികിത്സ തേടി എത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ലഹരി ചികിത്സയ്ക്കായി എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിലെയും ഉന്നതവിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിപുലമായ പരിപാടികളും ബോധവൽക്കരണങ്ങളും നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലഹരി വസ്തുക്കളായ കൂൾ എന്ന പുകയില ഉൽപ്പന്നം കൂടാതെ എം.ഡി.എം.എ., എൽ.എസ്.ഡി., മാജിക് മഷ്റൂം, പശ, വൈറ്റ്നർ തുടങ്ങിയവയും ലഹരിക്കായി വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഇ) ലഹരിവസ്തുക്കളുടെ വിൽപ്പന തടയുവാൻ എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര ലഹരി വസ്തു വിൽപന കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; സ്കൂൾ, കോളേജ് പരിസരങ്ങളിലെ മെഡിക്കൽ ഷോപ്പുകൾ, മറ്റ് കടകൾ എന്നിവിടങ്ങളിൽ ലഹരി വസ്തുക്കൾ സുലഭമായി ലഭിക്കുന്ന കാര്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) വിമുക്തി മിഷൻ ആരോഗ്യവകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും ആരംഭിച്ചിട്ടുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും ഐ.പി. വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്.

(സി) ഇവരുടെ സഹകരണത്തോടുകൂടി പൊതു ബോധവൽക്കരണ പരിപാടികൾ ഇപ്പോൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഇത്തരം പ്രവണത അവസാനിപ്പിക്കുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുകയും സ്കൂൾ, കോളേജ് പരിസരങ്ങൾ നിരീക്ഷിക്കുന്നതിനും എക്സൈസ് റേഞ്ച്, സർക്കിൾ, സ്ക്വാഡ്, ഐ.ബി അംഗങ്ങൾ നിരീക്ഷണം നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ വിമുക്തി മിഷൻ വിവിധ പ്രചാരണ പരിപാടികളും നടത്തി ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നുമുണ്ട്. 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 7278 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങളിലെ മെഡിക്കൽ ഷോപ്പുകൾ, മറ്റ് കടകൾ എന്നിവിടങ്ങളിൽ ലഹരി വസ്തുക്കൾ സുലഭമായി ലഭിക്കുന്ന കാര്യം പരിശോധിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവൽക്കരണം**

300 (2578) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര തുക ഏതൊക്കെ ഇനങ്ങളിൽ മദ്യത്തിനും, മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്ക്കരണത്തിനായി ചെലവഴിച്ചിട്ടുണ്ട് എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 85,00,000 |
| 2016-17 | 2039-00-800-95 ബോധവൽക്കരണവും മദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 0 |
| 2016-17 | 2039-00-001-88 വിമുക്തി പ്ലാൻ | 5,91,83,056 |

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 52,55,129 |
| 2017-18 | 2039-00-800-95 ബോധവൽക്കരണവും മദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 5,76,131 |
| 2017-18 | 2039-00-001-88 വിമുക്തി പ്ലാൻ | 2,37,70,384 |

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 39,82,000 |
| 2018-19 | 2039-00-800-95 ബോധവൽക്കരണവും മദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 37,94,693 |
| 2018-19 | 2039-00-001-88 വിമുക്തി പ്ലാൻ | 11,98,42,073 |

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 50,00,000 |
| 2019-20 | 2039-00-800-95 ബോധവൽക്കരണവും മദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 4,95,856 |
| 2019-20 | 2039-00-001-88 വിമുക്തി പ്ലാൻ | 11,75,65,560 |

**വിമുക്തി പദ്ധതി**

301 (2579) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ പ്രവർത്തനം ഫലപ്രദമാണെന്നവിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ബോധവൽക്കരണ പ്രവർത്തനത്തിനുവേണ്ടി സെസ്സ് ഇനത്തിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത തുകയിൽ എത്ര രൂപ വീതം എന്തിനൊക്കെ ചെലവഴിച്ചു എന്ന് പ്രത്യേകം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിമുക്തി പദ്ധതിയുടെ പ്രവർത്തനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി)

| വർഷം | അനുവദിച്ച തുക |
|---|---|
| 2016-17 | 7,28,95,000 |
| 2017-18 | 5,00,00,000 |
| 2018-19 | 27,87,63,000 |
| 2019-20 | 10,00,00,000 |
| ആകെ | 50,16,58,000 |

(സി)

| Year | Amount |
|---|---|
| 2014-2015 (From 10th October 2014) | Rs. 124.92 Crores |
| 2015-16 | Rs. 293.75 Crores |
| 2016-17 | Rs. 308.74 Crores |
| 2017-18 | Rs.331.63 Crores |
| Total | Rs.1059.04 Crores |

ആയതിൽനിന്നും ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് 2039-00-001-88 പ്ലാൻ എന്ന ശീർഷകത്തിൽനിന്നും ചുവടെ പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 7,28,95,000 | 5,91,83,056 |
| 2017-18 | 5,00,00,000 | 2,37,70,384 |
| 2018-19 | 27,87,63,000 | 11,98,42,073 |
| 2019-20 | 10,00,00,000 | 8,57,98,670 |
| ആകെ | 50,16,58,000 | 28,85,94,183 |

**കൊട്ടാരക്കര മണ്ഡലത്തിൽ വിമുക്തി പദ്ധതി**

302 (2580) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) 2019-ൽ പ്രസ്തുത മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്തുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലഹരിവസ്തുക്കൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കേസ്സുകളിൻമേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ 75 സ്കൂളുകളിലും 10 കോളേജുകളിലും 97 ലൈബ്രറികളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ, ഷോർട്ട് ഫിലിം പ്രദർശനം, മാജിക് ഷോ, നാടകം എന്നിവ നടത്തിയിട്ടുമുണ്ട്. കൂടാതെ ബൈക്ക് റാലി, സൈക്കിൾ റാലി, കൂട്ടയോട്ടം,

വാക്കത്തോൺ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. 75 സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ലഹരിക്കെതിരെ ബാഡ്ജ് ധരിക്കുകയും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. ലഹരി വിരുദ്ധ സന്ദേശ പ്രചരണാർത്ഥം മേൽ നിയോജകമണ്ഡലത്തിലെ 78 സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും പ്രധാനപ്പെട്ട 12 സ്ഥലങ്ങളിൽ വിമുക്തി ജ്വാല തെളിയിക്കുകയും ചെയ്തു. ലഹരിവിരുദ്ധ സന്ദേശം എല്ലാ വിഭാഗങ്ങളിലുമുള്ള ആളുകളിൽ എത്തിക്കുന്നതിന്റെ ഭാഗമായി 3 റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും 5 SC/ST കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശ പ്രചരണാർത്ഥം യുവജനങ്ങളെയും പ്രാദേശിക ക്ലബ്ബുകളേയും പങ്കെടുപ്പിച്ചുകൊണ്ട് 26 കബഡി മത്സരവും 36 ഫുട്ബോൾ മത്സരവും 14 ക്രിക്കറ്റ് മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് 210 വാർഡുകളിൽ വിമുക്തി സേന രൂപീകരിച്ചിട്ടുണ്ട്.

(ബി) 261 കോട്പാ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കേസ്സുകളിൽനിന്നായി 52200 രൂപ പിഴ ഇനത്തിൽ സർക്കാരിലേയ്ക്ക് ഈടാക്കിയിട്ടുള്ളതാണ്.

## വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ സ്ക്വാഡുകൾ

303 (2581) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനും അവരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുന്നതിനുമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) വിദ്യാലയ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്ന വർക്കെതിരെ എത്ര കേസ്സുകളാണ് 2019-2020 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) വിമുക്തി പദ്ധതി പ്രകാരം സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ കൂടി ഉൾപ്പെടുത്തി പ്രത്യേക ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിക്കാൻ തയ്യാറാകുമോ?

### ഉത്തരം

(എ) വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കോളേജ് തലത്തിൽ 899 ലഹരി വിരുദ്ധ ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂളുകളിൽ സ്ഥാപി

ച്ചിട്ടുള്ള 3272 പരാതിപ്പെട്ടികൾ വഴിയും വിമുക്തി എന്ന മൊബൈൽ ആപ്പ് വഴിയും ലഭിക്കുന്ന പരാതികളിൽ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. 3338 സ്കൂളുകളും 489 കോളേജുകളും വിമുക്തി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേരളത്തിലെ എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാലയങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുള്ളതും ടി ഉദ്യോഗസ്ഥന്മാർ തങ്ങൾക്ക് ചുമതലയുള്ള വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബിലെ കൺവീനർമാർ, പ്രധാന പ്രവർത്തകർ, സ്കൂൾ അധികൃതർ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങിയ എന്തെങ്കിലും പ്രവണത നിലനിൽക്കുന്നുവോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്തുടനീളം എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും നിരന്തരം ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ പഠനത്തിലേക്കും മറ്റ് കായിക പ്രവർത്തനങ്ങളിലേയ്ക്കും ശ്രദ്ധ തിരിക്കുന്നതിന് സാധിക്കുന്നുമുണ്ട്.

സംസ്ഥാനത്തെ 310 വി.എച്ച്.എസ്.ഇ സ്കൂളുകളിൽ എൻ.എസ്.എസ്.-ന്റെ സഹകരണത്താൽ വിദ്യാർത്ഥികൾക്കിടയിലും സമൂഹത്തിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 2019 നവംബർ 14-ന് വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ബാഡ്ജ് ധരിക്കുകയും 2019 ഡിസംബർ 4-ന് ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്തു. എല്ലാ യൂണിവേഴ്സിറ്റി യൂണിയൻ പ്രതിനിധികളുടെയും സഹായത്തോടെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലും ബോധവൽക്കരണ പ്രചരണ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിദ്യാലയ പരിസരങ്ങളിൽനിന്നും അബ്കാരി, എൻ.ഡി.പി.എസ്., കോട്പ കേസ്സുകളിലായി ആകെ 3665 കേസ്സുകൾ കണ്ടെടുത്തിട്ടുണ്ട്.

(സി) സ്കൂളുകളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളെ ഉൾപ്പെടുത്തി പ്രത്യേക ലഹരിവിരുദ്ധ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല.

**ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ഡ്രൈവർ തസ്തിക**

304 (2582) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള, എക്സൈസ് വകുപ്പിലെ ക്രൈം ബ്രാഞ്ച് വിഭാഗത്തിലേയ്ക്ക് ഏതെല്ലാം തസ്തികൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ എത്ര ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) എക്സൈസ് ക്രൈം ബ്രാഞ്ചിന്റെ ആസ്ഥാനമായ എറണാകുളം ജില്ലയിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എക്സൈസ് ക്രൈം ബ്രാഞ്ചിന്റെ ആസ്ഥാനമെന്ന നിലയ്ക്ക് എറണാകുളം ജില്ലയിൽ ഡ്രൈവർ തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

( ബി) 3 ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ക്രൈം ബ്രാഞ്ച് വിഭാഗത്തിനായി സൃഷ്ടിച്ചിട്ടുള്ള 3 ഡ്രൈവർ തസ്തികകൾ ദക്ഷിണമേഖല (ആലപ്പുഴ), മദ്ധ്യമേഖല (പാലക്കാട്), ഉത്തരമേഖല (മലപ്പുറം) എന്നീ ജില്ലകളിൽനിന്നും നിയമനം നടത്തുന്നതിനായാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

(ഡി) പരിഗണനയിലില്ല.

## സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

305 (2583) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസ്സിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും പ്രിവന്റീവ് ഓഫീസർമാർക്കും പ്രൊമോഷൻ നൽകാത്തതുകൊണ്ട് സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുകൾ നികത്തപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ എക്സൈസ് ഓഫീസർമാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിലേയ്ക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ തുടർന്നു വരുന്നു.

## എക്സൈസ് ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെയും ഒഴിവുകൾ

306 (2584) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഒഴിവുകൾ ഉള്ളത് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എക്സൈസ് ഇൻസ്പെക്ടർമാരുടെ 82 ഒഴിവുകളും അസി. എക്സൈസ് ഇൻസ്പെക്ടർമാരുടെ 54 ഒഴിവുകളും നിലവിലുണ്ട്.

(ബി) എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ നേരിട്ട് നിയമനത്തിനുള്ള 29 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അതിൽ 9 ഉദ്യോഗാർത്ഥികൾ എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ ട്രെയിനിംഗിൽ പ്രവേശിച്ചിട്ടുണ്ട്. 4 ഉദ്യോഗാർത്ഥികൾ പ്രവേശന കാലം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപ്രകാരം എക്സൈസ് ഇൻസ്പെക്ടർ കേഡറിലുണ്ടായ 16 എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർമാരുടെ 60 ഒഴിവുകളിലേയ്ക്ക് ഡി.പി.സി. (ലോവർ) കൂടി അസി. എക്സൈസ് ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി വകുപ്പിൽ സ്വീകരിച്ചുവരുന്നു. അസി. എക്സൈസ് ഇൻസ്പെക്ടർ കേഡറിലുള്ള ഒഴിവുകൾ നികത്തുന്നതിന് പ്രിവന്റീവ് ഓഫീസർ കേഡറിലെ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്തതും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും വകുപ്പിൽ നടന്നുവരികയാണ്.

**ബാറുകൾ പൂട്ടിയതുമൂലം തൊഴിൽ നഷ്ടമായവരുടെ പുനരധിവാസം**

307(2585) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ പൂട്ടിയതുമൂലം തൊഴിൽ നഷ്ടമായവരെ പുനരധിവസിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എത്രത്തോളം തൊഴിലാളികൾക്ക് ഇതുമൂലം പ്രയോജനമുണ്ടായി എന്നതിന്റെ വിശദവിവരം നൽകാമോ;

(സി) പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയത് തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന്റെ ഭാഗമായിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2014-15 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി "സുരക്ഷാ" സ്വയം തൊഴിൽ പദ്ധതി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തരം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം അർഹരായ തൊഴിലാളികൾക്ക് 5 വർഷത്തേയ്ക്ക് 2,50,000 രൂപ ടേം ലോണായും 50,000 രൂപ ഗ്രാന്റ്/സബ്സിഡിയും ചേർത്ത് 3,00,000 രൂപ വരെ സ്വയംതൊഴിൽ വായ്പയായി അനുവദിച്ച് നൽകുന്നതാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റദ്ദാക്കിയ ഭൂരിഭാഗം ഹോട്ടലുകൾക്കും തൊഴിലാളികൾക്ക് തൊഴിൽ നൽകണമെന്ന വ്യവസ്ഥയിൽ എഫ്.എൽ.11 ലൈസൻസ് അനുവദിച്ചിരുന്നു. മേൽ ഹോട്ടലുകളിൽ 404 എണ്ണം ബാർ ഹോട്ടലുകളുമായി മാറി. ഇത്തരത്തിൽ ഭൂരിഭാഗം തൊഴിലാളികൾക്കും തൊഴിൽ ലഭിച്ചു.

തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തരം നടപ്പിലാക്കിവരുന്ന "സുരക്ഷാ" സ്വയം തൊഴിൽ പദ്ധതിയിൽ 188 അപേക്ഷകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

(സി) പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയത് തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന്റെയുംകൂടി ഭാഗമായിരുന്നു. മുൻ സർക്കാർ നടപ്പാക്കിയ അബ്കാരി നയം ടൂറിസം മേഖലയിൽ അതിഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി പ്രസ്തുത വകുപ്പ് നടത്തിയ പഠനരേഖകൾ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് MISE-ന് (Meeting, Incentives, Conferences, Conventions Exhibitions and Events) തടസ്സമായി നിൽക്കുന്നത് പ്രസ്തുത അബ്കാരി നയമാണെന്നും പ്രസ്തുത നയത്തിലെ മാറ്റം അതിപ്രധാനമായ തൊഴിൽ മേഖലയായ വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്ക് അനിവാര്യമാണെന്നും കാര്യകാരണ സഹിതം വിനോദ സഞ്ചാര വകുപ്പ് സമർത്ഥിച്ചിട്ടുണ്ട്.

## എം.ഡി.എം.എ. ഇനത്തിൽപ്പെട്ട മയക്കമരുന്നിന്റെ ഉപയോഗം

308 (2586) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവിനേക്കാൾ ഒളിപ്പിച്ച് കടത്താൻ സൗകര്യമുള്ളതും ആവശ്യക്കാർ കൂടുതലുള്ളതുമായ എം.ഡി.എം.എ. ഇനത്തിൽപ്പെട്ട മയക്കമരുന്ന് കർണ്ണാടകയിൽ നിന്ന് കേരളത്തിലേയ്ക്ക് പ്രവഹിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബംഗലൂരുവിലെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഇതിന്റെ ഇരകളും കടത്തുകാരും എന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) തുടക്കത്തിൽ സൗജന്യമായും പിന്നീട് ഭീഷണിപ്പെടുത്തിയുമാണോ മയക്കമരുന്നു ലോബി വിദ്യാർത്ഥികളെ ഡീലർമാരാക്കുന്നത് എന്ന് അന്വേഷിക്കുമോ;

(ഡി) വഴിക്കടവ് പോലുള്ള അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധനാ സംവിധാനത്തിന്റെ പരിമിതി മയക്കമരുന്ന് വ്യാപനത്തിന് ശക്തി പകരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പിടിക്കപ്പെടുന്ന മയക്കമരുന്നിന്റെ തൂക്കം അളക്കാൻ തൊട്ടടുത്ത ജ്വല്ലറിയെ ആശ്രയിക്കേണ്ട ഗതിയാണോ പ്രസ്തുത ചെക്ക് പോസ്റ്റിലുള്ളത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കഞ്ചാവിനേക്കാൾ ഒളിപ്പിച്ച് കടത്താൻ സൗകര്യമുള്ള ഇനത്തിൽപ്പെട്ട ലഹരി വസ്തുവാണ് എം.ഡി.എം.എ. ഇനത്തിൽപ്പെട്ട മയക്കുമരുന്നുകൾ. കർണ്ണാടകയിൽനിന്നും മറ്റ് ഇതര സംസ്ഥാനങ്ങളിൽനിന്നും ലഹരി വസ്തുക്കൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതായി മനസ്സിലാക്കിയതിനെത്തുടർന്ന് അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുള്ളതും ട്രെയിനുകളിലും ബസ്സുകളിലും മറ്റ് വാഹനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ഇത്തരം പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള എം.ഡി.എം.എ. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി) ബംഗളൂരുവിലെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഇതിന്റെ ഇരകളും കടത്തുകാരും എന്നു പറയുവാൻ സാധിക്കുകയില്ല. എന്നാൽ ഇത്തരം മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ വിശദമായി പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മലപ്പുറം ഡിവിഷനിലെ വഴിക്കടവ് എക്സൈസ് ചെക്ക് പോസ്റ്റിൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് പഴുതടച്ചുള്ള പരിശോധനയാണ് നടത്തിവരുന്നത്. 2020 ഫെബ്രുവരി മാസത്തിൽ വഴിക്കടവ് ചെക്ക് പോസ്റ്റിൽ കർശനമായ പരിശോധനയുടെ ഫലമായി മൂന്ന് എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടെടുക്കുകയും മേൽ കേസ്സുകളിൽ 4 പ്രതികളെ അറസ്റ്റ് ചെയ്യുകയും 72 ഗ്രാം കഞ്ചാവും 490 എം.ജി. എൽ. എസ്.ഡി.യും 4.12 ഗ്രാം എം.ഡി.എം.എ ക്രിസ്റ്റലും 21.220 ഗ്രാം എം.ഡി.എം.എ. (പിൽസ്), 810 എം.ജി.എം.ഡി.എം.എ.-യും 2 വാഹനങ്ങളും കണ്ടെടുത്തിട്ടുണ്ട്.

(ഇ) നിലവിൽ വഴിക്കടവ് ചെക്ക് പോസ്റ്റിൽ കണ്ടെടുക്കുന്ന മയക്കുമരുന്നിന്റെ തൂക്കം അളക്കാൻ ഇലക്ട്രോണിക്സ് ത്രാസോ മറ്റ് സംവിധാനങ്ങളോ ഇല്ല. ടി ചെക്ക് പോസ്റ്റിൽ കേസ്സുകൾ കണ്ടെടുക്കുന്ന സമയത്ത് മയക്കുമരുന്നിന്റെ തൂക്കം അളക്കാൻ മറ്റ് എക്സൈസ് ഓഫീസുകളിലെ ഉപകരണങ്ങളെയാണ് ആശ്രയിച്ചുവരുന്നത്.

## വർക്കല മണ്ഡലത്തിൽ എക്സൈസ് വകുപ്പ് പ്രവർത്തനങ്ങൾ

309 (2587) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി എക്സൈസ് സ്ക്വാഡ് വർക്കല മണ്ഡലത്തിൽ എന്തെല്ലാം പരിപാടികളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം മേഖലയായ വർക്കലയിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനമൈത്രി എക്സൈസ് സ്ക്വാഡ് വർക്കല മണ്ഡലത്തിൽ രൂപീകരിച്ചിട്ടില്ല.

(ബി) ഉണ്ട്. 2019 വർഷത്തിൽ "പേരേറ്റിൽ റസിഡന്റ്സ്" അസോസിയേഷൻ, കുന്നുവിള കോളനി, ചാരുമൂട് കോളനി, തേരിക്കൽകുന്ന് കോളനി, വെന്നിക്കോട് കോളനി എന്നിവിടങ്ങളിൽ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. G.H.S.S നാവായിക്കുളം, G.H.S.S പള്ളിക്കൽ, G.H.S.S. വെട്ടൂർ, G.H.S.S. പകൽക്കുറി, ഹോളി ഇന്നസെന്റ് പബ്ലിക് സ്കൂൾ, എൽ.പി.എസ്. നാവായിക്കുളം, വി.പി.എം. മോഡൽ സ്കൂൾ ചെറുന്നിയൂർ, CHMM Arts & Science College ചാവർകോട് എന്നിവിടങ്ങളിൽ റാലികൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പേരേത്തിൽ ഗ്രന്ഥശാല, കുന്നുവിള കോളനി, വർക്കല മുനിസിപ്പൽ പാർക്ക് എന്നിവിടങ്ങളിൽ വിമുക്തി ജ്വാലയിൽ ലഹരി വിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ സന്ദേശ പ്രചരണാർത്ഥം വർക്കല താലൂക്കുതല ക്രിക്കറ്റ് മത്സരം സംഘടിപ്പിച്ചിട്ടുള്ളതാണ്.

(സി) ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും തടയുന്നതിനായി ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. ടൂറിസം മേഖലകളിൽ ഷാഡോ എക്സൈസിന്റെ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പാപനാശം, വർക്കല ക്ലിഫ്, തിരുവമ്പാടി മുതലായ ബീച്ച് ഏരിയകളിൽ നിരന്തരമായ റെയ്ഡുകളും രഹസ്യ നിരീക്ഷണവും നടത്തിവരുന്നു. ഫോൺ/വാട്സ് ആപ്പ് മുഖാന്തരവും ജനകീയ കമ്മിറ്റികളിലും ലഭിക്കുന്ന പരാതികളിന്മേൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. ലൈസൻസ് സ്ഥാപനങ്ങൾ, റിസോർട്ടുകൾ എന്നിവ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിലും നിരീക്ഷണവും പരിശോധനയും ഊർജ്ജിതമായി നടത്തിവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

മി. സ്പീക്കർ: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പറയൂ...... (ബഹളം).... .നിശബ്ദരായിരിക്കൂ. ചോദ്യോത്തരവേള അവസാനിച്ചു....(ബഹളം)..... അങ്ങേയ്ക്ക് ഉന്നയിക്കാം. പ്ലീസ്.. ഇരിക്കൂ. ശ്രീ. വി. ഡി. സതീശന് ഉന്നയിക്കാനുള്ളത് ഉന്നയിക്കാം. ഇരിക്കൂ ...(ബഹളം)..... ഇരിക്കൂ. മാന്യതയെക്കുറിച്ച് ലോകം മുഴുവൻ കാണുന്നുണ്ട്. എന്തിനാണ് ഈ ബഹളമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്ലീസ്.. ഇരിക്കൂ....(ബഹളം)..... ബഹുമാനപ്പെട്ട ആലുവ നിയോജകമണ്ഡലാംഗം പറഞ്ഞതും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതും നമ്മളെല്ലാവരും കേട്ടു. എന്താണ് പറഞ്ഞതെന്ന് എല്ലാവർക്കും വ്യക്തതയുണ്ട്. എന്തിനാണ് അതിനിയും പരസ്പരം വിശദീകരിക്കുന്നത്. പ്ലീസ് ...(ബഹളം)..... നിങ്ങൾ സീറ്റിൽ പോകുന്നുണ്ടോ? സീറ്റിലേയ്ക്ക് പോകൂ. പ്ലീസ്.. ഇരിക്കൂ. (പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോയി.)

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശന് ക്രമപ്രശ്നം ഉന്നയിക്കാനുണ്ടെങ്കിൽ അത് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്തിനാണ് എന്നെ അങ്ങ് ഭീഷണി പ്പെടുത്തുന്നത്?

മി. സ്പീക്കർ: ഭീഷണിപ്പെടുത്തുന്നതല്ല, സംസാരിക്കാൻ പറഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് സംസാരിക്കാൻ അനുവാദം നൽകണ്ടേ?

മി. സ്പീക്കർ: അങ്ങേയ്ക്കാണല്ലോ മൈക്കുള്ളത്?

ശ്രീ. വി. ഡി. സതീശൻ: അങ്ങല്ലേ എനിക്ക് പ്രൊട്ടക്ഷൻ തരേണ്ടത്. ആദ്യം അങ്ങ് അവരെ ഇരുത്തൂ.

മി. സ്പീക്കർ: അങ്ങയുടെ പിറകിൽനിന്ന് കുറേപ്പേർ ബഹളം വയ്ക്കുന്നതിൽ അങ്ങേയ്ക്ക് പരാതിയില്ലല്ലോ?

ശ്രീ. വി. ഡി. സതീശൻ: അതിലും പരാതിയുണ്ട്.

മി. സ്പീക്കർ: അവരും ഇരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: ഞാൻ ഇത് പറയാതെ ഇരിക്കില്ല.

മി. സ്പീക്കർ: എല്ലാവർക്കും അവകാശമുണ്ട്. അങ്ങേയ്ക്കും അവകാശമുണ്ട്. അങ്ങേയ്ക്ക് മൈക്ക് തന്നിട്ടുണ്ട്. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞത്, ഈ വിഷയത്തിൽ ഏതെങ്കിലും കക്ഷിപിടിച്ചുകൊണ്ടല്ല ശ്രീ. അൻവർ സാദത്ത് സംസാരിച്ചത് എന്നാണ്. ഈ സമരം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞപ്പോൾ, മുതലാളിത്തത്തെ കൂട്ടുപിടിച്ച് ഞങ്ങൾ ചെയ്യുന്നു എന്നുള്ള രീതിയിലാണ് ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ നിയോജകമണ്ഡലാംഗം പറഞ്ഞത്. വളരെ ദുരുദ്ദേശ്യപരമായ പ്രയോഗങ്ങളാണ് അവ. അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം. കാരണം അങ്ങനെയൊരു നിലപാട് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്തിനോ പ്രതിപക്ഷത്തിനോ ഇല്ല. ഞങ്ങൾ ഈ സമരത്തിൽ ഒരു കക്ഷിയും പിടിച്ചിട്ടില്ല. അക്രമ സമരങ്ങൾ ഉണ്ടായെന്ന വാർത്ത പത്രങ്ങളിൽ വന്നതാണ്. ഇരുഭാഗത്തും അക്രമങ്ങളുണ്ടായിട്ടുണ്ട്. മാത്രമല്ല ഇക്കാര്യത്തിൽ ഏതെങ്കിലുമൊരു നിലപാട് മുതലാളിക്കനുകൂലമായോ മുത്തൂറ്റിന് അനുകൂലമായോ ഞങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. പക്ഷേ ഈ സമരം ഇങ്ങനെ പോകുന്നത് കേരളത്തിന് നല്ലതല്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച കാര്യം പരിശോധിക്കാം.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. മുത്തൂറ്റിലെ സമരത്തെ സംബന്ധിച്ച് ഇന്നിവിടെ നടന്ന ചോദ്യങ്ങളും ഉത്തരങ്ങളും പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയും ചെയ്ത വിഷയത്തിലും ബഹുമാന്യനായ പറവൂർ നിയോജകമണ്ഡലാംഗം പറഞ്ഞത് ഇരുഭാഗത്തുമുള്ള അക്രമം എന്നാണ്. 71 ദിവസം നീണ്ടുനിൽക്കുന്ന സമരത്തിൽ ഈ നിമിഷംവരെ സമരത്തിൽ അണിനിരക്കുന്ന ഒറ്റ തൊഴിലാളിയുടെ പേരിലും ഒരു അക്രമത്തെ സംബന്ധിച്ച പരാതിയോ കേസോ ഇല്ല. അപ്പോൾ ഇരുഭാഗത്തുമുള്ള അക്രമം എന്ന് പറയുമ്പോൾ അത് സമാധാനപരമായി പട്ടിണി കിടന്ന് സമരം ചെയ്യുന്ന തൊഴിലാളികളെ അപമാനിക്കുന്നതാണ്. തെറ്റിദ്ധരിപ്പിക്കുന്ന ഇത്തരത്തിലുള്ള പരാമർശം രേഖയിൽനിന്നും നീക്കണമെന്നതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: രണ്ട് ബഹുമാന്യരായ അംഗങ്ങളും ഉന്നയിച്ച കാര്യം പരിശോധിക്കാം. *

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: ഇല്ല, ഇനി പോയിന്റ് ഓഫ് ഓർഡർ ഇല്ല. എന്താണ് പോയിന്റ് ഓഫ് ഓർഡർ. പോയിന്റ് ഉണ്ടായിരിക്കണം.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1752/ഇ.ബി./2020/നി.സെ. തീയതി 12-3-2020) രേഖയിൽ നിലനിർത്തി.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ മുത്തൂറ്റ് സമരത്തിൽ പ്രതിപക്ഷം കക്ഷി പിടിച്ചിട്ടില്ല. പക്ഷേ കട്ടപ്പനയടക്കം കേരളത്തിന്റെ പല ഭാഗങ്ങളിലും തൊഴിലാളികളെ സി.ഐ.ടി.യു.-വിന്റെ ആളുകൾ ക്രൂരമായി ആക്രമിച്ചു. എന്ത് നടപടിയാണെടുത്തത്? എന്നിട്ട് കേസില്ലെന്ന് പറയുന്നു. കേസെടുക്കേണ്ടത് ആരാണ്?

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ പറഞ്ഞിട്ട് എപ്പോഴും പ്രസംഗിക്കുകയാണ് ചെയ്യുന്നത്. സ്വന്തം വാദമുഖങ്ങൾ ഉന്നയിക്കാനുള്ള അവസരമല്ല പോയിന്റ് ഓഫ് ഓർഡർ. ഇരിക്കൂ. പ്ലീസ്..

## II അടിയന്തരപ്രമേയ നോട്ടീസ്

### യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യത

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അനധികൃതമായി അദാലത്തുകൾ നടത്തി പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം നടത്തിയത് സംബന്ധിച്ച വിഷയത്തെക്കുറിച്ച് ശ്രീ. റോജി എം. ജോണും മൂന്ന് അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന വിഷയം പലതവണ സഭയിൽ ചർച്ച ചെയ്തതാണ്. അടിയന്തരപ്രമേയമായിട്ടും ഉന്നയിച്ചിട്ടുള്ളതാണ്. 16-ാം സമ്മേളനത്തിലും ചർച്ച ചെയ്തിട്ടുണ്ട്. ഇതൊരു അടിയന്തര പ്രാധാന്യമുള്ള വിഷയമായി ചെയറിന് തോന്നുന്നില്ല. മാത്രവുമല്ല ചാൻസലർ നൽകിയ റിപ്പോർട്ട് പൂർണ്ണമായും അവഗണിച്ച സർക്കാർ നടപടിയെപ്പറ്റി ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അപ്രകാരമൊരു റിപ്പോർട്ട് ഇതുവരെ ഗവൺമെന്റിന് ലഭ്യമായിട്ടില്ലെന്നാണ് കാണുന്നത്. അതിനാൽ ഇക്കാര്യത്തിൽ അടിയന്തരപ്രമേയത്തിന് യാതൊരു സാധ്യതയുമില്ലെന്ന് ചെയർ കാണുന്നു. ഈ വിഷയം വളരെ പ്രധാനപ്പെട്ടതാണെന്ന തോന്നൽ അംഗത്തിനുണ്ടെങ്കിൽ പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് സബ്മിഷൻ അനുവദിക്കാവു ന്നതാണ്. .....(ബഹളം).... അടിയന്തര പ്രാധാന്യമുൾപ്പെടുന്ന ചട്ടത്തിൽ ഇത് വരുന്നില്ല. ....പ്ലീസ്... .....(ബഹളം)....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയം തന്നെയാണ്, ഇത് സമീപകാലത്തുണ്ടായ സംഭവമാണ്. യൂണിവേഴ്സിറ്റിയുടെ ചാൻസലറായ ഗവർണർ എടുത്ത ഒരു തീരുമാനമാണ്. അദാലത്ത് നടത്താനും മാർക്ക്ദാനം നടത്താനും കുട്ടികളെ അനധികൃതമായി വിജയിപ്പിക്കാനും സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ള നടപടിയെ ഗവർണർ അതിശക്തമായി വിമർശിച്ചുകൊണ്ട് ഉത്തരവിറക്കിയിരിക്കുകയാണ്. അത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്.

മി. സ്പീക്കർ: ചെയറിന് ഒരു നോട്ടീസ് ലഭിക്കുമ്പോൾ സ്വാഭാവികമായും അതിനെക്കുറിച്ച് അന്വേഷിക്കും. എന്നാൽ സർക്കാരിന് അങ്ങനെയൊരു റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് മന്ത്രിയാണ് പറയേണ്ടത്; സർക്കാരാണ് പറയേണ്ടത്. അല്ലാതെ അങ്ങാണോ പറയേണ്ടത്?

മി. സ്പീക്കർ: അങ്ങനെ ലഭിച്ചതായി കാണുന്നില്ല. ഒരു പ്രമേയത്തിന് നോട്ടീസ് ലഭിക്കുമ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കുമല്ലോ; എന്ത് എഴുതിനൽകിയാലും അത് സഭയിൽ അനുവദിക്കുമെന്നാണോ കരുതിയിട്ടുള്ളത്....(ബഹളം).........

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്നുനിന്ന് ബഹളം വച്ചു കൊണ്ടിരുന്നു)

അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയം ഇതിൽ കാണുന്നില്ല. ദയവായി അങ്ങ് മനസ്സിലാക്കുക.....(ബഹളം)..... പ്ലീസ്, പ്ലീസ്......, പ്രതിപക്ഷത്തിന് ഏത് വിഷയവും കൊണ്ടുവരാം, പുതിയ വിഷയം കൊണ്ടുവരാം, അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങളെല്ലാം കൊണ്ടുവരാം. ഒരു പ്രമേയത്തിന് നോട്ടീസ് ലഭിച്ചാൽ ആ നോട്ടീസിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് സർക്കാരിനോട് അന്വേഷിക്കുകയും സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്യുക പതിവാണ്. അതൊരു പുതിയ കാര്യമല്ല. പ്ലീസ്, പ്ലീസ്.....(ബഹളം)..... നിങ്ങൾ ഇങ്ങനെ വാശിപിടിക്കരുത്. അദ്ദേഹത്തിന് ഇത് സബ്മിഷനായി അവതരിപ്പിക്കാം. അടിയന്തരപ്രമേയത്തിന്റെ പരിധിയിൽ വരുന്നില്ല എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. ദയവായി മനസ്സിലാക്കണം. മാസങ്ങളോളമായ ഒരു വിഷയം സഭയിൽ രണ്ടോ മൂന്നോ തവണ ചർച്ച ചെയ്തതിനുശേഷവും അത് അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയമായി വരുന്നില്ല. അത് സബ്മിഷനായി കൊണ്ടുവരാൻ അദ്ദേഹത്തിന് അനുവാദം നൽകാം, പ്രതിപക്ഷ നേതാവ് മനസ്സിലാക്കണം. പ്ലീസ്, പ്ലീസ്......., ഇത് ശരിയല്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III ശ്രദ്ധ ക്ഷണിക്കൽ

ബാങ്കിംഗ് റെഗുലേഷൻ നിയമഭേദഗതി

ശ്രീ. വി. ജോയി: സർ, കേരളത്തിന്റെ ജനസംഖ്യയോളം അംഗങ്ങളുള്ള സഹകരണ പ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമം കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചിരിക്കുകയാണ്. സഹകരണ സംഘങ്ങൾക്ക് നേരത്തെ കിട്ടിക്കൊണ്ടിരുന്ന 80 (പി)-യുടെ

ആനുകൂല്യം എടുത്തുകളഞ്ഞു. 194 (എൻ) എന്ന പുതിയൊരു വകുപ്പ് കൂട്ടിച്ചേർത്ത് ഒരു കോടി രൂപയുടെ ട്രാൻസാക്ഷൻ നടത്തിയാൽ രണ്ടുശതമാനം തുക നികുതി അടയ്ക്കണമെന്നുള്ള നിബന്ധന കൊണ്ടുവരുന്ന സാഹചര്യവുമുണ്ടായി. ഇതിന്റെ ഭാഗമായി പല പ്രാഥമിക സംഘങ്ങളുടെയും അക്കൗണ്ടുകൾ ഫ്രീസ് ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് വരെ കാര്യങ്ങൾ പോയിട്ടുണ്ട്. നിരവധി കേസ്സുകൾ ഇതിന്റെ ഭാഗമായി നടന്നുവരികയാണ്. ഈ സാഹചര്യത്തിലാണ് ഒരു ഇടിത്തീയായി 3-3-2020-ന് ഇന്ത്യൻ പാർലമെന്റിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ബി.ആർ. ആക്ടിന്റെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിയിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ ദോഷകരമായി ബാധിക്കുന്ന നിരവധി പ്രശ്നങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ സഹകരണ ബാങ്കുകൾ ബാങ്ക്, ബാങ്കിംഗ്, ബാങ്കർ എന്നീ പദങ്ങൾ ഉപയോഗപ്പെടുത്താൻ പാടില്ല. ചെക്കിന്റെ ബിസിനസ്സ് നടത്താൻ പാടില്ല. നിലവിലുള്ള സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ആർ.ബി.ഐ.-യുടെ അനുമതിയോടുകൂടി മാത്രമേ അംഗങ്ങൾക്കും പ്രവർത്തന പരിധിയിലുള്ളവർക്കും ഓഹരികൾ പുറപ്പെടുവിക്കാൻ പാടുള്ളൂവെന്ന നിബന്ധന ഈ ബി.ആർ. ആക്ടിന്റെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആർ.ബി.ഐ. നിർദ്ദേശിക്കുന്ന ഉപാധികൾക്കും പരിധികൾക്കുമനുസൃതമായല്ലാതെ ഓഹരി മൂലധനം പിൻവലിക്കാൻ പാടില്ലായെന്ന് ഈ ആക്ട് വ്യവസ്ഥ ചെയ്യുകയാണ്. അതുമാത്രമല്ല, ഡയറക്ടർ ബോർഡിനെ അസാധുവാക്കാനും വേണ്ടിവന്നാൽ അഡ്മിനിസ്ട്രേറ്ററെ വയ്ക്കാനുമുള്ള അധികാരംപോലും ഈ ബി.ആർ. ആക്ടിന്റെ ഭേദഗതിയിലൂടെ ഉന്നയിക്കപ്പെട്ടിരിക്കുകയാണ്. ഇത് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ സംബന്ധിച്ച് വളരെ ദൂരവ്യാപകമായിട്ടുള്ള ഫലങ്ങൾ ഉളവാക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. സർവ്വകക്ഷിയോഗം വിളിക്കുക, നേരത്തെ ചെയ്തതുപോലെതന്നെ നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുക, സംസ്ഥാനത്തിന്റെ അധികാരത്തിലുള്ള സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ഭരണഘടനാ പരമായി നമുക്ക് എന്തുചെയ്യാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ആലോചിച്ചും കേരളത്തിലെ എം.പി.-മാരുമായി ബന്ധപ്പെട്ട് ഈ വിഷയം പാർലമെന്റിനകത്ത് ഉന്നയിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചും കേരളത്തിന്റെ സാമൂഹ്യപുരോഗതിക്ക് ഏറ്റവും കൂടുതൽ സഹായം നൽകുന്ന സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കാനുള്ള നടപടികളിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ് നീങ്ങണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2020 മാർച്ച് 3-ന് കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ ബാങ്കിംഗ് നിയമഭേദഗതി ബിൽ, 2020 അവതരിപ്പിക്കുകയുണ്ടായി. ടി ഭേദഗതി ബില്ലിലെ ചില വ്യവസ്ഥകൾമൂലം കേരളത്തിലെ സഹകരണ മേഖലയിലുണ്ടാകുന്ന പ്രധാന ആശങ്കകൾ താഴെ ചൂണ്ടിക്കാട്ടുകയാണ്.

ബാങ്കിംഗ് റെഗുലേഷൻ ആക്ട്, 1949 അഞ്ചാമത് പാർട്ടിൽ ലൈസൻസ്ഡ് സഹകരണ ബാങ്കുകൾക്ക് ബാധകമായ വ്യവസ്ഥകളിലെ 7(1) ആയി ഉൾപ്പെടുത്തിയിരുന്ന ലൈസൻസ്ഡ് സഹകരണ ബാങ്കുകൾ ഒഴികെയുള്ള സഹകരണ സംഘങ്ങൾ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ പേരിനോട് ചേർക്കാൻ പാടില്ലായെന്ന വ്യവസ്ഥ 2020-ലെ ബാങ്കിംഗ് നിയമ ഭേദഗതി ബില്ലിൽ ബി.ആർ. ആക്ടിന്റെ സെഷൻ (3)-ൽ സബ്സ്റ്റിറ്റ്യൂട്ട് ചെയ്ത് ഉൾപ്പെടുത്തിയിരിക്കുകയാണ്. ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ സഹകരണ ബാങ്കുകൾ ഒഴികെയുള്ള സഹകരണ സംഘങ്ങൾ അവരുടെ പേരിനോടൊപ്പം ഉപയോഗിക്കാൻ പാടില്ലായെന്ന വ്യവസ്ഥ ബി.ആർ. ആക്ടിന്റെ പാർട്ട് 5-ൽ നേരത്തെയുണ്ടായിരുന്നവെങ്കിലും കേരളത്തിലെ PACS-കളും കാർഷിക ഗ്രാമവികസന ബാങ്കുകളും അവരുടെ പേരിനോടൊപ്പം ബാങ്ക് എന്ന പദം വളരെ കാലങ്ങൾക്കുമുമ്പുതന്നെ ഉപയോഗിച്ചു വരുന്നതും ഇതിന് ആർ.ബി.ഐ. ഉൾപ്പെടെയുള്ള റെഗുലേറ്റർ ബാങ്ക് തടസ്സം നിൽക്കാത്തതുമാണ്. 2020-ലെ ബാങ്കിംഗ് നിയമ ഭേദഗതി ബിൽപ്രകാരം ബി.ആർ. ആക്ടിന്റെ പൊതുവ്യവസ്ഥകൾക്കൊപ്പം ഈ വ്യവസ്ഥ ഉൾപ്പെടുത്തിയതുമൂലം PACS-കൾക്കും കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും ബാങ്ക് എന്ന പദം അവരുടെ പേരിനോടൊപ്പം ഉൾപ്പെടുത്താൻ പാടില്ലായെന്ന് പ്രത്യേകമായി നിഷ്കർഷിക്കാനിടയുണ്ടെന്ന ആശങ്ക നിലനിൽക്കുകയാണ്. ഇങ്ങനെ വരുന്നപക്ഷം PACS-കൾക്കും കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും പൊതുജനങ്ങൾക്കിടയിൽ ബാങ്ക് എന്ന നിലയിലുള്ള ഇമേജിന് കോട്ടം തട്ടിയേക്കും. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളുടെ തിരസ്കരണമാണ് വകുപ്പ് 12 (1)-ൽ പുതുതായി സബ്സ്റ്റിറ്റ്യൂട്ട് ചെയ്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. സഹകരണ സംഘങ്ങളുടെ ഓഹരി ഉടമകൾ അതിലെ അംഗങ്ങളാണ്. എന്നാൽ സെക്ഷൻ 12-ലെ ഭേദഗതി പ്രകാരം സഹകരണ സംഘങ്ങളുടെ ഓഹരി ഘടനയെ സ്വകാര്യ കമ്പനികളുടെ ഓഹരി ഘടനയോട് സമാനമാക്കിയിരിക്കുകയാണ്. സഹകരണ തത്വങ്ങൾ പ്രകാരം സംഘങ്ങളുടെ ഓഹരി അതിന്റെ മുഖവിലയിൽ അംഗങ്ങൾക്ക് മാത്രമേ നൽകാവൂ. എന്നാൽ ഭേദഗതി നിയമ പ്രകാരം സംഘങ്ങളുടെ ഓഹരി മുഖവിലയിലോ അതിനെ അധികരിച്ചുള്ള പ്രീമിയം വിലയിലോ സാധാരണ ഓഹരിയായോ മുൻഗണനാ ഓഹരിയായോ പ്രത്യേക ഓഹരിയായോ നൽകാം. അതുപോലെതന്നെ എല്ലാ

സഹകരണ ബാങ്കുകൾക്കും അവരുടെ പ്രവർത്തന പരിധിയിൽ വരുന്ന ബാങ്കിന്റെ അംഗങ്ങൾക്കും അംഗങ്ങളല്ലാത്തവർക്കും ഡിബഞ്ചറും ബോണ്ടും വിൽക്കാം. ഈ വ്യവസ്ഥ സഹകരണ തത്വങ്ങൾക്ക് വിരുദ്ധവും അംഗങ്ങളുടെ താൽപ്പര്യങ്ങൾക്ക് എതിരുമാണെന്ന് കാണുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന സ്വഭാവത്തെത്തന്നെ നിരാകരിച്ചുകൊണ്ട് കമ്പനി നിയമത്തോട് സഹകരണ സംഘങ്ങളെ തുലനപ്പെടുത്തുകയെന്നത് നീതികരിക്കാനാകില്ല. 2020-ലെ ബാങ്കിംഗ് നിയമ ഭേദഗതി ബില്ലിൽ 36AAA വ്യവസ്ഥയോട് കൂട്ടിച്ചേർത്ത പുതിയ വ്യവസ്ഥ സംസ്ഥാനത്തിന്റെ അധികാരങ്ങൾക്കുമേലുള്ള കടന്നുകയറ്റമാണ്. നേരത്തേ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും ബാങ്കുകളും പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിക്കാനുള്ള അധികാരം മാത്രമായിരുന്നു കേന്ദ്ര സർക്കാരിലും റിസർവ് ബാങ്കിലും നിക്ഷിപ്തമായിരുന്നത്. എന്നാൽ കൂട്ടിച്ചേർത്ത വ്യവസ്ഥ പ്രകാരം സംസ്ഥാന സഹകരണ രജിസ്ട്രാറിൽ നിക്ഷിപ്തമായിരുന്ന ഭരണഘടനാപരമായ അധികാരംകൂടി കേന്ദ്ര സർക്കാർ റിസർവ് ബാങ്കിലൂടെ കൈവശപ്പെടുത്തിയിരിക്കുകയാണ്. ബിൽ പ്രകാരം എല്ലാ സഹകരണ ബാങ്ക് ഭരണസമിതികളെയും അതായത്, ജില്ലാ/ സംസ്ഥാന സഹകരണ ബാങ്കുകളിലെയും അർബൻ സഹകരണ ബാങ്കുകളിലെയും ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിക്കാൻ റിസർവ് ബാങ്കിന് അധികാരമുണ്ടായിരിക്കും. പിരിച്ചുവിടുന്നതിന് മുമ്പ് കേവലം സംസ്ഥാന സർക്കാരുമായി കൺസൾട്ട് ചെയ്യുക എന്ന കർത്തവ്യം മാത്രമേ നിർവ്വഹിക്കേണ്ടതുള്ളൂ. ആയതിനാൽ ചിലപ്പോൾ കേന്ദ്ര സർക്കാരിലെ രാഷ്ട്രീയ താൽപ്പര്യങ്ങൾകൂടി റിസർവ് ബാങ്കിലൂടെ നടപ്പാക്കാനുള്ള സാധ്യത നമുക്ക് തള്ളിക്കളയാനാകില്ല. പഞ്ചാബ് & മഹാരാഷ്ട്ര കോ-ഓപ്പറേറ്റീവ് ബാങ്കിൽ നടന്ന വലിയ അഴിമതി ചൂണ്ടിക്കാണിച്ച് രാജ്യത്തെ ലൈസൻസ്ഡ് സഹകരണ ബാങ്കുകളുടെ സമ്പൂർണ്ണമായ നിയന്ത്രണാവകാശം കേന്ദ്ര സർക്കാരിലും റിസർവ് ബാങ്കിലും നിക്ഷിപ്തമാക്കുന്നതിനുള്ള നിയമ നിർമ്മാണം ഈ മേഖല നാളിതുവരെ കൈവരിച്ച ജനകീയ അംഗീകാരത്തിനും ജനാധിപത്യത്തിനും ഭരണഘടനാ തത്വങ്ങൾക്കും വിരുദ്ധമാണ്.

<u>ശ്രീ. വി. ജോയി</u>: സർ, ഇത് ഭരണഘടനാപരമായി സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. നിയമപരമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നിയമസഭയ്ക്ക് വീണ്ടുമൊരു പ്രമേയം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഭരണഘടന പ്രകാരം സഹകരണം ഒരു സംസ്ഥാന വിഷയമാണ്. ഭരണഘടനയുടെ 7-ാം പട്ടികയിൽ സംസ്ഥാന ലിസ്റ്റിൽ 32-ാമത് എൻട്രിയായാണ് സഹകരണ സംഘങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. റിസർവ് ബാങ്ക് ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ

ധനപരമായ കാര്യങ്ങളിലുള്ള നിയന്ത്രണം മാത്രമാണ് നാളിതുവരെ റിസർവ് ബാങ്ക് നിർവ്വഹിച്ചിരുന്നത്. എന്നാൽ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും ബാങ്കുകളും ഒഴികെയുള്ള സംഘങ്ങളുടെ രൂപീകരണവും നിയന്ത്രണവും സംസ്ഥാന സഹകരണ രജിസ്ട്രാറിൽ നിക്ഷിപ്തമായിരുന്നു. സഹകരണ ബാങ്കുകൾക്ക് മേലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ ഭരണപരമായ നിയന്ത്രണാധികാരത്തെക്കൂടിയാണ് കേന്ദ്ര സർക്കാർ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ ഭേദഗതിയിലൂടെ റിസർവ് ബാങ്കിന്റെ അധികാര പരിധിയിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമാണ്. സംസ്ഥാനങ്ങളുടെ ഭരണഘടനാവകാശം നിലനിർത്തുന്നതിനായി പാർലമെന്റിൽ ഈ ബിൽ ചർച്ചയ്ക്കെടുക്കുമ്പോൾ സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരം നിശ്ചയമായും ഇടപെടലുകൾ നടത്താൻ സാധിക്കും. കൂടാതെ നിയമപരമായ പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനുള്ള സാധ്യതകൾ നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് തീരുമാനിക്കും. കേരളത്തിലെ PACS-കൾക്കും Primary Co-operative Agriculture and Rural Development Banks (PCARDBs)-കൾക്കും അവയുടെ പേരിനോടൊപ്പം ബാങ്ക് എന്ന പദവി ഉപയോഗിക്കുന്നതിനുള്ള പ്രത്യേക അനുമതിക്കായി കേന്ദ്ര സർക്കാരിനെയും റിസർവ് ബാങ്കിനെയും സമീപിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. മാത്രമല്ല, 2016-ലെ നോട്ട് നിരോധന കാലയളവിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സംരക്ഷണത്തിനായി കക്ഷി-രാഷ്ട്രീയ ഭേദമെന്യേ ഉയർന്ന പ്രതിരോധം കണക്കെ കേന്ദ്ര സർക്കാരിന്റെയും ആദായനികുതി വകുപ്പിന്റെയും കടന്നുകയറ്റങ്ങൾക്കെതിരെ സഹകാരികളുടെയും ബഹുജനങ്ങളുടെയും പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവരുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കും. സംസ്ഥാന നിയമസഭയിൽ പ്രത്യേക പ്രമേയം പാസ്സാക്കാനുള്ള സാധ്യത പരിശോധിക്കും. അതോടൊപ്പം സർവ്വകക്ഷിയോഗം വിളിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. കൃത്യമായി കേൾക്കാനോ വീക്ഷിക്കാനോ സാധിക്കാത്ത വിധത്തിൽ സഭാനടപടികൾ അലങ്കോലപ്പെടുത്തുന്നത് ക്രമപ്രകാരമാണോ; അതിന് പരിഹാരം ഉണ്ടാക്കി ത്തരണം.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാത്തതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകൂ. ഒരു കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായി എന്നുള്ളത് ശരിയാണ്. അടുത്ത അജണ്ടയിൽ പങ്കെടുക്കൂ. ഒരു അജണ്ടയിൽ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ട് സഭ മൊത്തം

ബഹിഷ്കരിക്കണോ; ബഹളം ഉണ്ടാക്കണോ; അടുത്ത അജണ്ടയിൽ നിങ്ങൾ സഹകരിക്കൂ. നിങ്ങൾ ഒരു വിഷയത്തിൽ അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചു. അത് കഴിഞ്ഞു. അടുത്ത അജണ്ടയിൽ സഹകരിക്കുക. പ്ലീസ്....പ്ലീസ്....ദയവായി ഇരിക്കൂ. സബ്മിഷനുകളുടെ മറുപടികൾ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.*

(സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് യു.ഡി.എഫ്. അംഗങ്ങൾ സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷനുകൾ റദ്ദാക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി മേശപ്പുറത്ത് വയ്ക്കണമെന്ന് നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## IV ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കോവിഡ്-19 നിയന്ത്രണ നടപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള പ്രചരണങ്ങളും സമൂഹത്തിൽ നടക്കുന്ന ഒരു ഘട്ടമാണിത്. അടിസ്ഥാനരഹിതമായതുമുതൽ ആശങ്കാജനകമായതുവരെ പ്രചാരണങ്ങളിലുണ്ട്. ജനങ്ങളിൽ അതിരുകടന്ന ആശങ്ക പടരുന്നുവോയെന്ന് സംശയിക്കേണ്ട സാഹചര്യവുമുണ്ട്. അതുകൊണ്ടുതന്നെ യഥാർത്ഥ സ്ഥിതി ഈ സഭയെയും സഭയിലൂടെ ജനങ്ങളെയും അറിയിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു പ്രസ്താവന നടത്തുന്നതെന്ന് ആമുഖമായി അറിയിക്കട്ടെ. അതിനോടൊപ്പംതന്നെ പ്രാമുഖ്യത്തോടെ അറിയിക്കേണ്ട ഒരു കാര്യം അതിരുവിട്ട ആശങ്കകൾക്ക് അടിസ്ഥാനമില്ല എന്നതും ആ സ്ഥാനത്തുവേണ്ടത് കാര്യമായ ജാഗ്രതയാണ് എന്നതുമാണ്.

മി. സ്പീക്കർ: പ്ലീസ്... ഇത് നിർഭാഗ്യകരമാണ്. ലോകം മുഴുവൻ ഗൗരവമായി ചർച്ച ചെയ്യുന്ന വിഷയമാണ്. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മുഖ്യമന്ത്രി പറയുകയാണ്. ഈ സമയത്തെങ്കിലും നിങ്ങൾ ദയവായി സഹകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, പുതിയ വൈറസ് ബാധമൂലം ആഗോളതലത്തിൽ പടർന്നുപിടിച്ചിട്ടുള്ള കോവിഡ്-19 എന്ന രോഗം കേരളത്തിലുമെത്തി എന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിനെ പ്രതിരോധിക്കാൻ കർശന ജാഗ്രത നാം പാലിച്ചു. ഇതുമുൻനിർത്തി സമൂഹത്തെയാകെ ജാഗ്രതപ്പെടുത്തി. സമൂഹമാകട്ടെ എല്ലാ അർത്ഥത്തിലും അത് ഉൾക്കൊള്ളുകയും ചെയ്തു. ഇതിനോടൊപ്പം

*അനുബന്ധമായി ചേർത്തിരിക്കുന്നു.

ആരോഗ്യ രംഗത്തടക്കം സർക്കാർ എല്ലാവിധത്തിലും സജ്ജമാകുകകൂടി ചെയ്തതോടെ ആശങ്കയുടെ കരിനിഴൽ ഒട്ടൊന്ന് ഒഴിഞ്ഞു. എങ്കിൽപ്പോലും സൂക്ഷ്മമായ ജാഗ്രത പാലിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു. ഇതുവരെ നടന്ന പ്രവർത്തനങ്ങൾ, നിലവിലുള്ള സ്ഥിതി, രോഗവ്യാപനം തടയുന്നതിനും രോഗബാധിതരുടെ ചികിത്സയ്ക്കും സ്വീകരിച്ചിട്ടുള്ള നടപടികൾ തുടങ്ങിയവ ഹ്രസ്വമായി അറിയിക്കട്ടെ.

ആഗോളതല രോഗവ്യാപനവും കേരളത്തിലെ മുന്നൊരുക്കവും

ചൈനയിലെ ഹുബൈ പ്രവിശ്യയിലെ വുഹാൻ സിറ്റിയിൽ പടർന്നു പിടിച്ച ന്യൂമോണിയ രോഗം ഒരു പുതിയ തരം കൊറോണ വൈറസ് (നോവൽ കൊറോണ വൈറസ്) മൂലമാണെന്ന് തിരിച്ചറിഞ്ഞത് 2019 ഡിസംബർ അവസാനത്തോടെയാണ്. ഇത് അതിവേഗം മറ്റ് 105 രാജ്യങ്ങളിലേയ്ക്ക് പടർന്ന് പിടിക്കുകയും 4000-ത്തോളം പേർ മരണമടയുകയും ചെയ്തു. ഈ രോഗം ആഗോളതലത്തിൽ ഭീഷണിയായി മാറുന്നത് സംബന്ധിച്ച ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻതന്നെ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊണ്ടു. 2020 ജനുവരി 18-നും 22-നും ഇടയ്ക്കുതന്നെ ലോകാരോഗ്യ സംഘടനയുടെ അറിയിപ്പും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ ജില്ലകളിലും എത്തിച്ച് ജില്ലാതല ആരോഗ്യസംരക്ഷണ സംവിധാനത്തെ സുസജ്ജമാക്കി. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള വാർത്ത വന്നുതുടങ്ങിയപ്പോൾതന്നെ സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സയ്ക്കും പരിശീലനത്തിനും അവബോധം ഉണർത്തലിനുമുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

തുടർന്ന് ചൈനയിൽനിന്നും മടങ്ങുന്ന എല്ലാ യാത്രക്കാരുടെയും സ്ക്രീനിംഗ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലും തുറമുഖത്തും ആരംഭിച്ചു. സാധ്യമായ എല്ലാ കേസ്സുകളുടെയും കോണ്ടാക്ട് ട്രെയ്സിംഗും ലൈൻ ലിസ്റ്റിംഗും സംസ്ഥാന, ജില്ലാ ഐ.ഡി.എസ്.പി. സെൽ നിരീക്ഷിക്കുവാൻ തുടങ്ങി. ചൈനയിൽനിന്നും വരുന്ന എല്ലാ യാത്രക്കാരെയും തീവ്രമായി നിരീക്ഷിക്കാൻ പെരിഫറൽ ഹെൽത്ത് ടീമുകളെ സജ്ജമാക്കി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുന്നു.

(യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു)

ശ്രീ. പിണറായി വിജയൻ: സർ, ആഗോളതലത്തിൽ രോഗം കൂടുതൽ വ്യാപിക്കുകയും വിദേശത്തുനിന്നെത്തുന്നവരുടെ എണ്ണം ഗണ്യമായി കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ രോഗബാധ കേരളത്തിലും എത്താനുള്ള സാധ്യത പരിഗണിച്ച് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ബന്ധപ്പെട്ട ജില്ലകളിലെ പ്രധാന സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഐസൊലേഷൻ സൗകര്യം ഒരുക്കാൻ ഡി.എം.ഒ.-മാരോട് നിർദ്ദേശിച്ചു. ആശുപത്രി ഐസൊലേഷൻ/ ഹോം ക്വാറന്റൈൻ നടപടികൾക്കുവേണ്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ നിർദ്ദേശങ്ങളും അയച്ചുകൊടുത്തു. 2020 ജനുവരി 24-നുതന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വിവിധ ഉപഘടകങ്ങളെ ചേർത്തുകൊണ്ട് പ്രത്യേക കൺട്രോൾ റൂം സജ്ജമാക്കി. തുടർന്ന് ജനുവരി 28-ന് സംസ്ഥാന കൺട്രോൾ റൂമിന് സമാനമായ രീതിയിൽ ജില്ലാതലത്തിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിരീക്ഷണം ആരംഭിച്ചു. എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലേയും ഐസൊലേഷൻ റൂമുകളുടെ സൗകര്യങ്ങളുടെ വിശദാംശങ്ങൾ വിലയിരുത്തി.

ജനുവരി 25-നുതന്നെ എല്ലാ ആരോഗ്യ മേഖലാ പ്രവർത്തകർക്കും നിർദ്ദേശം നൽകുകയും പ്രശ്നം കൈകാര്യം ചെയ്യുന്നതിന് പ്രാദേശികമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. ജനുവരി 30-നാണ് ഇന്ത്യയിലെ ആദ്യത്തെ നോവൽ കൊറോണ വൈറസ് ബാധയുണ്ടായത് കേരളത്തിലാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം സ്ഥിരീകരിച്ചത്. ചൈനയിലെ വുഹാനിൽനിന്ന് എത്തിയതും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിഞ്ഞിരുന്നതുമായ വിദ്യാർത്ഥിനിക്കാണ് ആദ്യ കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. ഇക്കാര്യം ഉടൻതന്നെ ആരോഗ്യമന്ത്രി തലത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ആരോഗ്യ വകുപ്പ് നേരത്തെതന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസ്സോടെതന്നെ രോഗം തിരിച്ചറിയാൻ കഴിഞ്ഞു. ഇതിലൂടെ രോഗപ്പകർച്ച തടയുന്നതിനും ആരംഭത്തിൽത്തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. അടിയന്തര സംസ്ഥാന, ജില്ലാതല ആർ.ആർ.ടി.-കൾ (റാപ്പിഡ് റെസ്പോൺസ് ടീം) വേഗംതന്നെ വിളിച്ചുചേർക്കുകയും ആരോഗ്യ വകുപ്പുമന്ത്രി, സെക്രട്ടറി, ഡി.എച്ച്.എസ്. എന്നിവർ അതേ ദിവസംതന്നെ തൃശ്ശൂർ ജില്ല സന്ദർശിക്കുകയും ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ വേഗത്തിൽ ആസൂത്രണം ചെയ്യുകയും ചെയ്തു.

2020 ഫെബ്രുവരി ഒന്ന് മുതൽ എൻ.സി.വി. സാമ്പിളുകൾ പരിശോധിക്കുന്നതിനായി ആലപ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റിൽ ക്രമീകരണങ്ങൾ നടത്തി. സംസ്ഥാന, ജില്ലാ കൺട്രോൾ റൂമുകളും കോൾ സെന്ററുകളും രാപ്പകൽ വ്യത്യാസമില്ലാതെ പ്രവർത്തനക്ഷമമാക്കി.

നിയുക്ത ആശുപത്രികളിൽ കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലെയും രണ്ട് ആശുപത്രികളെങ്കിലും ഐസൊലേഷനും രോഗലക്ഷണ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാക്കുകയും ചെയ്തു. മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് രോഗലക്ഷണങ്ങളുള്ള രോഗികളെ പ്രവേശിപ്പിക്കാൻ സ്വകാര്യ ആശുപത്രികളെ സജ്ജമാക്കാൻ ജില്ലാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഫെബ്രുവരി രണ്ടിനാണ് കേരളത്തിലെ രണ്ടാമത്തെ നോവൽ കൊറോണ വൈറസ് ബാധിച്ചതായുള്ള സ്ഥിരീകരണം പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും വന്നത്. നോവൽ കൊറോണ വൈറസ് ബാധിച്ചതായി സംശയിക്കുന്ന ഈ വിദ്യാർത്ഥി ചൈനയിൽനിന്നും വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ ചികിത്സയിലായിരുന്നു. ഫെബ്രുവരി 3-ന് വുഹാനിൽനിന്നുള്ള യാത്രാ ചരിത്രമുള്ള കാസർഗോഡ് നിവാസിയായ മൂന്നാമത്തെ വിദ്യാർത്ഥിയെ കോവിഡ്-19 പോസിറ്റീവായി കണ്ടെത്തി. അതേത്തുടർന്ന് കൊറോണ വൈറസ് വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികളും അവലോകനവും കൂടുതൽ ശക്തമാക്കുകയും സംസ്ഥാന വിപത്തായി പരിഗണിച്ചുള്ള ജാഗ്രതാ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

എല്ലാ സിനിമാ തിയേറ്ററുകളിലും കോവിഡ്-19 രോഗത്തെക്കുറിച്ചുള്ള വിവരങ്ങളുപയോഗിച്ച് വീഡിയോകൾ പ്രക്ഷേപണം ചെയ്തു. എല്ലാ വാർത്താ ചാനലുകളും എഫ്.എം.-ഉം രോഗവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രക്ഷേപണം ചെയ്തുവരുന്നു. അവബോധ സന്ദേശങ്ങൾ സോഷ്യൽ മീഡിയയിലൂടെയും പ്രചരിപ്പിച്ചു. 40 ലക്ഷം സ്കൂൾ കുട്ടികൾക്ക് ആരോഗ്യവകുപ്പ് സ്മാർട്ട് ക്ലാസ് മുറികളിലൂടെ അവബോധം നൽകുകയുണ്ടായി. എയർപോർട്ടുകൾ, തുറമുഖങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും കർശന നിരീക്ഷണം ഉറപ്പാക്കി. തെറ്റായ വാർത്തകൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചതിന് നിയമ നടപടികൾ സ്വീകരിച്ചു. ശ്രദ്ധാപൂർവ്വമായ നടപടികളെത്തുടർന്ന് കൂടുതൽ രോഗവ്യാപനമുണ്ടാകാതിരിക്കുകയും ഫെബ്രുവരി രണ്ടും മൂന്നും ആഴ്ചകളിലായി ആദ്യഘട്ടത്തിലുള്ള മൂന്നുപേർക്കും രോഗം ഭേദമാകുകയും അവരെ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്തു. എന്നിരുന്നാലും ജാഗ്രതാ നടപടികൾ തുടർന്നു.

ഇറ്റലിയിലും ഇറാനിലും പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും രോഗം വ്യാപിക്കുന്നതും കണക്കിലെടുത്ത്, ഇറാനിൽനിന്ന് നേരിട്ടുള്ള ഫ്ളൈറ്റുകളിലൂടെ വരുന്ന യാത്രക്കാരെ സ്ക്രീൻ ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശിച്ചു. ചൈന, ഹോങ്കോംഗ്, തായ്‌ലന്റ്, സിംഗപ്പൂർ, ജപ്പാൻ, ദക്ഷിണ കൊറിയ, വിയറ്റ്നാം, നേപ്പാൾ, ഇൻഡോനേഷ്യ, മലേഷ്യ, ഇറാൻ എന്നിവിടങ്ങളിൽനിന്ന് വരുന്നവരോ 2020 ഫെബ്രുവരി 10 മുതൽ അത്തരം യാത്രാചരിത്രമുള്ളവരോ ഇന്ത്യയിലെത്തുമ്പോൾ 14 ദിവസത്തേയ്ക്ക് ഹോം ഐസൊലേഷൻ നിർബന്ധമാക്കി.

ഫെബ്രുവരി 29-ന് ഇന്ത്യ ഗവൺമെന്റിന്റെ ജോയിന്റ് സെക്രട്ടറി സംസ്ഥാനം സന്ദർശിക്കുകയും സംസ്ഥാനം നടത്തിയ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ പശ്ചാത്തലത്തിൽ ക്യാബിനറ്റ് സെക്രട്ടറി ശ്രീ. രാജീവ് ദുബെ എല്ലാ സംസ്ഥാനങ്ങളുമായും വീഡിയോ കോൺഫറൻസ് നടത്തി. കേരള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച അദ്ദേഹം പ്രിൻസിപ്പൽ സെക്രട്ടറിയോട് ഒരു ലഘു അവതരണം നടത്താനാവശ്യപ്പെട്ടു. കേരളം വികസിപ്പിച്ച എസ്.ഒ.പി. (Standard Operating Procedure) പിന്തുടരാൻ എല്ലാ സംസ്ഥാനങ്ങളോടും അദ്ദേഹം ആവശ്യപ്പെട്ടു. പ്രതിരോധ പ്രവർത്തനങ്ങളിലും മറ്റും ഇതര സംസ്ഥാനങ്ങൾക്ക് പിന്തുണ നൽകാനും നിർദ്ദേശിച്ചു.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും കാര്യത്തിൽ സംസ്ഥാനതലത്തിൽത്തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകുവാനായി ചീഫ് സെക്രട്ടറി കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയോട് ദേശീയ തലത്തിൽ നടന്ന വീഡിയോ കോൺഫറൻസിൽ അഭ്യർത്ഥിച്ചു. ടെസ്റ്റിംഗ് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കാനും കുവൈറ്റും സൗദി അറേബ്യയും ആ രാജ്യങ്ങളിലെ പ്രവേശനത്തിനായി കൊറോണ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും അഭ്യർത്ഥിച്ചു.

ഈ വിധത്തിൽ കോവിഡ്-19 രോഗത്തിനെതിരെ കേരളം ശക്തമായ നടപടികളെടുത്തെങ്കിലും ഫെബ്രുവരി 29-ന് പത്തനംതിട്ട ജില്ലയിൽ ഇറ്റലിയിൽ നിന്നും വന്ന മൂന്നുപേരടങ്ങുന്ന കുടുംബത്തിലെ അഞ്ചുപേർക്ക് 8-ാം തീയതി കോവിഡ്-19 രോഗം സ്ഥിരീകരിച്ചു. ഇവരിൽ മൂന്നുപേർ ഇറ്റലിയിൽനിന്നും എത്തിയവരും മറ്റ് രണ്ടുപേർ അവരുമായി സമ്പർക്കത്തിലേർപ്പെട്ട നാട്ടിലുള്ള ബന്ധുക്കളുമാണ്. വിമാനത്തിലും വിമാനത്താവളത്തിലും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടും ഈ മൂന്നുപേർ അത് അവഗണിക്കുകയാണ് ചെയ്തത്. ഇതാണ് രോഗവ്യാപനത്തിന് കാരണമായത്. ബന്ധുക്കളായ രണ്ടുപേർ കോവിഡ്-19 രോഗ ലക്ഷണത്തോടെ പനി ചികിത്സയ്ക്കായി ആശുപത്രിയിൽ വന്നപ്പോഴാണ് ഇറ്റലി

യിൽനിന്നും വന്നവരുണ്ടെന്ന് അറിഞ്ഞത്. ഉടൻതന്നെ അവരോട് ആശുപത്രി യിലേയ്ക്ക് അടിയന്തരമായി മാറാൻ ആവശ്യപ്പെട്ടു. ഇവർ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം അവഗണിക്കുകയാണുണ്ടായത്. ആരോഗ്യപ്രശ്നങ്ങളില്ലെന്നാണ് അവർ പറഞ്ഞത്. എന്നാൽ നിർബന്ധപൂർവ്വം ഇവരെ നിരീക്ഷണത്തിലാക്കി. സാമ്പിളെടുത്ത് പരിശോധിച്ചപ്പോഴാണ് ഫലം പോസിറ്റീവാണെന്ന് അറിഞ്ഞത്. അതിനോടകം ഇവർ ധാരാളം യാത്രകൾ നടത്തിയതിനാൽ അവരുമായി സമ്പർക്കത്തിലേർപ്പെട്ട വരെയാകെ കണ്ടെത്തേണ്ട വലിയ പ്രവർത്തനമാണ് നടത്തേണ്ടിവന്നത്. പരിശോധനാഫലം പോസിറ്റീവാണെന്നറിഞ്ഞ രാത്രിയിൽത്തന്നെ വീഡിയോ കോൺഫറൻസ് നടത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഇവർ പോയ സ്ഥലങ്ങളും ഇവരുമായി സമ്പർക്കത്തിലേർപ്പെട്ട ആളുകളെയും കണ്ടെത്താൻ ശക്തമായ നടപടി സ്വീകരിച്ചു. ഇവർ സഞ്ചരിച്ച വിമാനങ്ങളിൽ യാത്ര ചെയ്തവരെയും കണ്ടെത്തി വരുന്നു.

പുതിയ സാഹചര്യങ്ങളിൽ ജാഗ്രത കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ നടപടികൾ നിർദ്ദേശിച്ചു. ആറ്റുകാൽ പൊങ്കാലയിലും ജാഗ്രത യോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. രോഗലക്ഷണങ്ങളുള്ളവരാരും പൊങ്കാലയിടാൻ വരരുതെന്ന് നിർദ്ദേശം നൽകി. രോഗബാധിത രാജ്യങ്ങളിൽ നിന്നും വന്നവർ വീട്ടിൽത്തന്നെ പൊങ്കാലയിടാൻ നിർദ്ദേശം നൽകി. 23 ഹെൽത്ത് ടീമുകളും 12 ആംബുലൻസുകളും 5 ബൈക്ക് ആംബുലൻസുകളും സജ്ജമാക്കി. റെസിഡൻസ് അസോസിയേഷൻ അംഗങ്ങളടക്കമുള്ള ടീമുകളെ അതത് സ്ഥലങ്ങളിൽ പനിയോ ജലദോഷമോ ഉള്ളവരെയും രോഗബാധിത പ്രദേശങ്ങളിൽനിന്നും മടങ്ങി യെത്തിയവരെയും കണ്ടെത്താൻ ചുമതലപ്പെടുത്തി. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തി.

കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും സംസ്ഥാന തലത്തിൽ ത്തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകാനായി കേരള സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു.

പത്തനംതിട്ടയിൽ അഞ്ചുപേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചതിന് പിന്നാലെ 7-3-2020-ന് ഇറ്റലിയിൽനിന്ന് കേരളത്തിലേയ്ക്ക് മടങ്ങിയെത്തിയ മൂന്ന് വയസ്സുള്ള കുട്ടിക്ക് 9-3-2020-ന് രോഗബാധ കണ്ടെത്തി. പത്തനംതിട്ട ജില്ലയിലെ കോൺടാക്ട് ലിസ്റ്റിലുള്ള 6 പേർക്കും എറണാകുളം മെഡിക്കൽ കോളേജിൽ കോവിഡ്-19 സ്ഥിരീകരിച്ച മൂന്ന് വയസ്സുള്ള കുട്ടിയുടെ മാതാപിതാക്കൾക്കും 10-ാം തീയതി രോഗം സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗം ബാധിച്ച 14 പേരാണുള്ളത്.

പത്തനംതിട്ട ജില്ലയിൽ 5 പോസിറ്റീവ് കേസ്സുകളുണ്ടായത് അറിഞ്ഞയുടൻ തന്നെ വലിയ പ്രവർത്തനമാണ് നടത്തിയത്. അപ്പോൾ മുതൽ കോൺടാക്ട് ട്രെയിസിംഗ് ശ്രമകരമായി നടത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ മീറ്റിംഗും പത്തനംതിട്ടയിൽ നടത്തിയിരുന്നു. പഴുതടച്ച പ്രവർത്തനമാണ് നടത്തിവരുന്നത്. കൂടുതൽ രോഗികൾ വരുന്നതനുസരിച്ച് ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. വിമാനത്താവളത്തിലും നിരീക്ഷണം ശക്തിപ്പെടുത്താൻ തീരുമാനി ച്ചിട്ടുണ്ട്. ഇറ്റലിയിൽനിന്നും വന്ന മൂന്നുപേരുമായി സമ്പർക്കത്തിലേർപ്പെട്ട കുറേ പ്പേരിലേയ്ക്ക് രോഗപ്പകർച്ച ഉണ്ടാകുമെന്നാണ് വിലയിരുത്തുന്നത്. പക്ഷേ രണ്ട് ദിവസംകൊണ്ടുതന്നെ സാധ്യമായ എല്ലാ രീതികളുമുപയോഗിച്ച് ഇവരുമായി സമ്പർ ക്കത്തിലായ ബഹുഭൂരിപക്ഷം പേരേയും കണ്ടെത്തുന്നതിനും അവരെ നിരീക്ഷണ ത്തിലാക്കുന്നതിനും കഴിഞ്ഞു. മാപ്പിംഗ് തയ്യാറാക്കിയാണ് ഇവർ പോയ സ്ഥലങ്ങൾ കണ്ടെത്തിയത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് ബാക്കിയുള്ളവരെയും കണ്ടെത്താനായുള്ള ശ്രമം നടന്നുവരുന്നു.

എറണാകുളത്ത് ചികിത്സയിലുള്ളവരോടൊപ്പം വിമാനത്തിൽ സഞ്ചരിച്ച ആളുകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനമായിട്ടുള്ളത് ആരുമായിട്ടൊക്കെ ഇവർ സമ്പർക്കത്തിലേർപ്പെട്ടു എന്നതാണ്. അവസാനമായി ബന്ധപ്പെട്ട ആളിനെ വരെയും കണ്ടെത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

105 ലോകരാജ്യങ്ങളിൽ കോവിഡ്-19 രോഗം റിപ്പോർട്ട് ചെയ്ത സാഹച ര്യത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1495 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1236 പേർ വീടുകളിലും 259 പേർ ആശുപത്രികളിലും നിരീക്ഷണ ത്തിലാണ്. സംശയമുള്ള കേസ്സുകളിൽ 980 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 815 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പരിശോധനാ സംവിധാനം ഏർപ്പെ ടുത്തിയിട്ടുണ്ട്. ഇതുകൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിലും രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിലും പരിശോധിക്കാനുള്ള അനുമതി ചോദിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിൽ വിമാനത്താവളമുള്ളിടങ്ങളിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന ചീഫ് സെക്രട്ടറിയുടെ അഭ്യർത്ഥന ക്യാബിനറ്റ് സെക്രട്ടറി അംഗീകരിച്ചു.

നിലവിൽ സംസ്ഥാനത്തുള്ള സാഹചര്യങ്ങൾ മാർച്ച് 10-ന് നടന്ന പ്രത്യേക മന്ത്രിസഭായോഗം വിലയിരുത്തി. പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ വിപുലവും ശക്തവുമായ ഇടപെടൽ തുടരേണ്ടതുണ്ടെന്ന് തീരുമാനിച്ചു. രോഗപ്പകർച്ച തടയുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

1. വിദേശത്തുനിന്നും എത്തുന്ന എല്ലാവരെയും വിമാനത്താവളത്തിൽ വച്ചുതന്നെ പ്രാഥമിക പരിശോധന നടത്തുന്നതിനും അതിനനുസരിച്ച് ആശുപത്രിയിലോ വീട്ടിലോ നിരീക്ഷണത്തിന് മാറ്റുന്നതിനുംവേണ്ടി ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തണം.

2. അടിയന്തര സാഹചര്യങ്ങളിൽ ഐസൊലേഷൻ രോഗനിരീക്ഷണ സംവിധാനങ്ങളൊരുക്കാനുള്ള പ്രവർത്തന പരിപാടിക്ക് ആരോഗ്യ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതിന് അനുയോജ്യമായ സ്ഥല സൗകര്യവും ഭൗതിക സാഹചര്യങ്ങളും ഓരോ ജില്ലയിലും തിട്ടപ്പെടുത്തി പ്രാഥമിക പരിശോധന നടത്തണം.

3. പ്രീപ്രൈമറി, ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകളും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. ഈ നിയന്ത്രണം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾക്കും അൺ എയ്ഡഡ് വിദ്യാലയങ്ങൾക്കും ബാധകമാണ്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എൽ.സി. പരീക്ഷകളും എട്ട്, ഒൻപത് ക്ലാസ്സുകളിലെ പരീക്ഷയും മാറ്റിവയ്ക്കുന്നില്ല. ആ പരീക്ഷകളെഴുതാൻ വരുന്നവരിൽ ആർക്കെങ്കിലും രോഗലക്ഷണങ്ങളുണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിൽ പരീക്ഷ എഴുതിക്കും. പരീക്ഷയൊഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരുതരം പഠന പ്രവർത്തനവും മാർച്ച് 31 വരെ ഉണ്ടാകരുത്. ട്യൂഷൻ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലാസ്സുകൾ, അവധിക്കാല ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം ഒഴിവാക്കണം. ഇതിനുവേണ്ട നടപടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിക്കേണ്ടതാണ്.

4. മദ്രസകൾ, അങ്കണവാടികൾ, ട്യൂട്ടോറിയലുകൾ എന്നിവയും മാർച്ച് 31 വരെ അടച്ചിടണം. അങ്കണവാടികളിൽ പോകുന്ന കുട്ടികൾക്കുള്ള ഭക്ഷണം അവരവരുടെ വീടുകളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ വനിതാ ശിശുക്ഷേമ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

5. എല്ലാത്തരം ഉത്സവങ്ങളും പള്ളിപ്പെരുന്നാളുകളും അതുപോലെയുള്ള മറ്റ് പരിപാടികളും ഒഴിവാക്കുകയും അവ ചടങ്ങുകൾ മാത്രമായി നടത്തുകയും ചെയ്യണം. ജനങ്ങളെ കൂട്ടത്തോടെ പങ്കെടുപ്പിക്കുന്ന പരിപാടികൾ ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

6. വിവാഹങ്ങൾ വളരെ ചുരുങ്ങിയ രീതിയിൽ മാത്രം നടത്തുവാനും ഒട്ടനവധി പേർ ദർശനത്തിന് വരുന്ന ആരാധനാലയങ്ങളിൽ ദർശനത്തിന് പോകുന്നത് ഒഴിവാക്കുവാനും പൊതുജനങ്ങളോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

7. സിനിമാശാലകൾ മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. നാടകം പോലെ ആളുകൾ അധികമായി ഒത്തുചേരുന്ന കലാ-സാംസ്കാരിക പരിപാടികളും മാറ്റിവയ്ക്കണം.

8. നിരീക്ഷണത്തിലുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് ഭക്ഷണമെത്തിക്കാൻ ജില്ലാ ഭരണകൂടം നടപടി സ്വീകരിക്കേണ്ടതാണ്.

9. മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികളുൾപ്പെടെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ പൊതുപരിപാടികളും മാറ്റിവയ്ക്കും.

10. സർക്കാരുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും രോഗബാധ നിയന്ത്രിക്കാനുള്ള മുൻകരുതലുകൾ ഏർപ്പെടുത്തും. എല്ലായിടത്തും സാനിറ്റൈസർ ലഭ്യമാക്കും.

11. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വാർഡ് മെമ്പർമാരുടെയും ആശാ വർക്കർമാരുടെയും റെസിഡൻസ് അസോസിയേഷനുകളുടെയും സഹായത്തോടെ കോവിഡ്-19 രോഗബാധിത പ്രദേശങ്ങളിൽനിന്നും വന്നിട്ടുള്ളവരുണ്ടോയെന്ന് കണ്ടെത്താൻ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തും.

12. സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങളിൽക്കൂടി നൽകുന്ന വാർത്തകളല്ലാതെ ചില അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ശക്തമായ നടപടി ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ടതാണ്.

13. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും മുടക്കമില്ലാതെ പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് കിട്ടാനും ആവശ്യമായ നടപടികൾ ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് സ്വീകരിക്കേണ്ടതാണ്.

14. പ്രവാസികളായ ഒട്ടനവധി ആളുകൾ അവധിക്ക് നാട്ടിലെത്തിയശേഷം ഇപ്പോൾ മടങ്ങിപ്പോകാനാകാതെ നാട്ടിലുണ്ട്. ജോലി നഷ്ടപ്പെട്ടുമോയെന്ന ആശങ്ക ഇവർക്കുണ്ട്. ഇവരുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നോർക്ക വകുപ്പ് ബന്ധപ്പെട്ട എംബസികളുമായി സംസാരിച്ച് പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തണം. അവരുടെ യാത്രാ ടിക്കറ്റുകൾ റദ്ദ് ചെയ്യപ്പെട്ട് സാമ്പത്തിക നഷ്ടമുണ്ടാക്കാതെ അവർക്ക് തിരിച്ചു പോകാനാകുന്ന

സമയത്തേയ്ക്കായി മാറ്റിക്കിട്ടുന്നതിന് വിമാനക്കമ്പനികളുമായും കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയവുമായും ചർച്ചകൾ നടത്തി തീരുമാനിക്കണം. ഇത്തരം ആശങ്കകളും ബുദ്ധിമുട്ടും നേരിടുന്നവർക്ക് സഹായം നൽകുന്നതിന് നോർക്ക വകുപ്പ് ഒരു പ്രത്യേക കാൾ സെന്റർ ആരംഭിക്കേണ്ടതാണ്.

15. ആഗോളതല സാമ്പത്തിക വ്യാവസായിക പ്രതിസന്ധി കാരണം മരുന്നു കൾപോലുള്ള അവശ്യവസ്തുക്കളുടെ ഉല്പാദനത്തിൽ തടസ്സമുണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ വ്യവസായ വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

കോവിഡ്-19 രോഗബാധ തീവ്രമായ രാജ്യങ്ങളിൽനിന്ന് വരികയോ അവിടെ സന്ദർശനം നടത്തിവരികയോ ചെയ്യുന്ന ഇന്ത്യാക്കാർക്ക് നാട്ടിലേയ്ക്ക് മടങ്ങണമെങ്കിൽ അവിടത്തെ ആരോഗ്യ വകുപ്പിൽനിന്നും കോവിഡ്-19 രോഗബാധയില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കണമെന്ന നിബന്ധന കേന്ദ്രസർക്കാർ പുറപ്പെടുവി ച്ചതിന്റെ ഫലമായി വിവിധ വിദേശ രാജ്യങ്ങളിലായി, പ്രത്യേകിച്ച് വിമാനത്താ വളങ്ങളിലും മറ്റും ഒട്ടേറെ മലയാളികൾ കുടുങ്ങിപ്പോയതായി വിവരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളൊന്നുംതന്നെ ഇത്തരം സാക്ഷ്യപത്രങ്ങൾ നൽകാനാകുന്ന സ്ഥിതിയിലല്ല എന്നതുകൊണ്ടുതന്നെ ഈ ഉത്തരവ് പിൻവലിക്കുന്നതിനും കുടുങ്ങിക്കിടക്കുന്ന യാത്രികരെ മടക്കിയെത്തിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ സത്വര ഇടപെടൽ ആവശ്യമാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് 10-3-2020-ൽ ത്തന്നെ പ്രധാനമന്ത്രിക്ക് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

കോവിഡ്-19 ആഗോളതലത്തിൽ ഗുരുതരമായ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ കൃത്യമായ നടപടിക്രമങ്ങളിലൂടെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമാണ്. ഇക്കാര്യത്തിൽ ആശങ്കയല്ല ജാഗ്രതയും പൗരബോധത്തോടെയുള്ള പെരുമാറ്റവുമാണ് ആവശ്യം. ഇതുമായി ബന്ധപ്പെട്ട് ബഹുജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കാൻ നിയമസഭാംഗങ്ങൾ അടക്കമുള്ള പൊതുപ്രവർത്തകർ ജാഗ്രതയോടെ ഇടപെടേണ്ട ഘട്ടമാണിത്.

ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണവും ഒത്തൊരുമിച്ചുള്ള പ്രവർത്ത നവുമുണ്ടാകണം. എല്ലാ സർക്കാർ സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിക്കുകയും എല്ലാ ജനങ്ങളും പരസ്പര ധാരണയോടെയും ജാഗ്രതയോടെയും സർക്കാർ നിർദ്ദേശ ങ്ങളോട് സഹകരിക്കുകയും വേണം. ഒന്നിച്ചുനിന്ന് നമുക്ക് ഈ പ്രതിസന്ധിഘട്ടം തരണം ചെയ്യാം.

ഇതിന്റെ തുടർച്ചയായി സംസ്ഥാനത്ത് ഭീതിജനകമായ അന്തരീക്ഷം നില നിൽക്കുന്നുണ്ട്. പല സ്ഥലത്തും ആളുകൾ യാത്രചെയ്യാൻ മടിക്കുന്നു. വാഹനങ്ങളിലും മറ്റും ആളുകളെ കാണാനില്ലാത്ത അവസ്ഥ നാട്ടിലാകെ നിലനിൽക്കുകയാണ്. ഭീതിജനകമായ അന്തരീക്ഷം ഉയർന്നുവന്നിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ ഈ വരുന്ന 14-ാം തീയതി ശനിയാഴ്ച എല്ലാ ജില്ലകളിലും മന്ത്രിമാർ പങ്കെടുത്തു കൊണ്ട് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചു ചേർക്കുകയാണ്. കളക്ടർമാരും മറ്റും അവിടെയുണ്ടാകും. എം.എൽ.എ.-മാരും എം.പി.-മാരും മറ്റ് ജനപ്രതിനിധികളും അവിടെയുണ്ടാകുന്നത് നല്ലതാണ്. അത്തര ത്തിലൊരു യോഗം വിളിച്ച് ആവശ്യമായ തയ്യാറെടുപ്പ് നടത്തേണ്ടതുണ്ട്. ഇപ്പോൾ എല്ലാ സ്ഥലത്തും നല്ല ജാഗ്രതയോടെ ആളുകൾ നീങ്ങുന്നുണ്ട്. എങ്കിലും ഭീതിയില്ലാതെ ജാഗ്രത പാലിക്കേണ്ട അവസ്ഥ തുടർന്നു പോകേണ്ടതായിട്ടുണ്ട്. ഇങ്ങനെയൊരു അന്തരീക്ഷം നിലനിൽക്കുമ്പോൾ നിങ്ങളിങ്ങനെ സഭ നടത്തിക്കൊണ്ടുപോകുന്നത് എന്താണെന്നുള്ളതിനെക്കുറിച്ച് നാട്ടിലൊക്കെയുള്ള പലരും അന്വേഷിക്കുന്നുണ്ട്. ഇന്നലെ ഈ സഭയിൽത്തന്നെ ശ്രീ. പി. സി. ജോർജ് അത് തുറന്നുപറഞ്ഞതുമാണ്. മാത്രമല്ല പ്രതിപക്ഷത്തുള്ള ശ്രീ. കെ. എൻ. എ. ഖാദർ ഇത്തരമൊരാവശ്യം ബഹുമാനപ്പെട്ട ചെയറിന് എഴുതി സമർപ്പിച്ചിട്ടുള്ളതുമാണ്. ഏതായാലും ഇന്ന് ചില പത്രവാർത്തകൾ കാണുന്നുണ്ട്. ഇന്നിപ്പോൾ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി ചേരാൻ കഴിയില്ല. നാളെയെങ്കിലും ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി ചേർന്ന് ചില കാര്യങ്ങൾ ആലോചിക്കേണ്ടതായി വരുമെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: അക്കാര്യം ബി.എ.സി. ചേർന്ന് പരിഗണിക്കാം.

## V ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### കോവിഡ് - 19 നിയന്ത്രണങ്ങൾമൂലം പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോവിഡ്-19 ലോകത്തിലെ പല രാജ്യങ്ങളിലും വ്യാപകമായതിനെത്തുടർന്ന് യാത്ര ചെയ്യുന്നവർ, പ്രത്യേകിച്ച് രാജ്യാന്തര യാത്രക്കാർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇന്ത്യക്കാരായ പ്രവാസികൾ വളരെ വിഷമകരമായ സാഹചര്യം പലയിടത്തും നേരിടുന്നതായാണ് അറിയുന്നത്. രോഗം പടരാതിരിക്കുന്നതിനുള്ള സുരക്ഷയൊരുക്കുന്നതിനും യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണം. എന്നാൽ, അതിനുപകരം ചട്ടങ്ങളുടെ കാഠിന്യം കൂട്ടുന്ന നടപടിക്രമങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത് ഉത്കണ്ഠാജനകവും തീർത്തും ഒഴിവാക്കപ്പെടേണ്ടതുമാണ്.

ചൈനയിൽ വുഹാൻ പ്രവിശ്യയിലുള്ള വിദ്യാർത്ഥികൾക്ക് നാട്ടിലേയ്ക്കുവരാൻ സൗകര്യങ്ങളൊരുക്കണമെന്ന് സംസ്ഥാന സർക്കാർ ശക്തമായി ആവശ്യപ്പെട്ടതാണ്. അതിനെത്തുടർന്ന് അവർക്ക് നാട്ടിലേയ്ക്ക് വരാനുള്ള സൗകര്യമുണ്ടാക്കുകയും അവരെ

മെഡിക്കൽ പരിശോധനയ്ക്കായി പ്രത്യേക സ്ഥലത്ത് പാർപ്പിക്കുകയും ചെയ്തിരുന്നു. പരിശോധനയ്ക്കുശേഷം രോഗലക്ഷണങ്ങളില്ലാത്തവരെ അവരുടെ താമസസ്ഥലത്തേയ്ക്ക് പോകാൻ അനുവദിക്കുകയാണുണ്ടായത്.

പരീക്ഷിച്ച് വിജയിച്ച ഈ നടപടിക്രമം നിലവിലിരിക്കെയാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം 5-3-2020-ന് ഇതിന് വിരുദ്ധമായൊരു സർക്കുലർ പുറപ്പെടുവിച്ചത്. ഇറ്റലിയിൽനിന്നും റിപ്പബ്ലിക് ഓഫ് കൊറിയയിൽനിന്നും യാത്ര പുറപ്പെടുന്നവർക്കും ആ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്കും കോവിഡ്-19-ന്റെ ലക്ഷണങ്ങളില്ലെന്ന വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമെ ഇന്ത്യയിൽ പ്രവേശനമുള്ളൂവെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 2020 മാർച്ച് 10 അർദ്ധരാത്രി 12.00 മണി മുതലാണ് 4-1-2020-IR എന്ന നമ്പരിലുള്ള ഈ സർക്കുലർ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അടിസ്ഥാനപരമായി ഇത് മനുഷ്യത്വവിരുദ്ധവും പ്രവാസികളായ ഇന്ത്യക്കാരെ നിഷ്കരുണം കൈവിടുന്നതിന് തുല്യവുമാണ്.

ഇറ്റലിയിൽനിന്നും വിമാന ടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ള മലയാളികളുൾപ്പെടെയുള്ള ഇന്ത്യക്കാർക്ക് ഇതുമൂലം വിമാനത്തിൽ കയറാൻ സാധിക്കുന്നില്ല. ഇത് ഇവർക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കിയിരിക്കുന്നത്. ഇറ്റലിയിൽ ഇവരെയെല്ലാം വൈദ്യപരിശോധനയ്ക്ക് വിധേയരാക്കാനുള്ള സംവിധാനങ്ങൾ ഇപ്പോഴില്ലെന്നാണ് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്.

രോഗലക്ഷണങ്ങളില്ലാത്തവർക്ക് വൈദ്യപരിശോധന നിർബന്ധമാക്കുന്നത് ന്യായയുക്തമല്ലെന്നും ഇവരെ യാത്ര ചെയ്ത് നാട്ടിലേയ്ക്ക് വരാൻ അനുവദിക്കണമെന്നും ഇവിടെയെത്തിയശേഷം ആവശ്യമായ വൈദ്യപരിശോധന പ്രോട്ടോക്കോൾ നിബന്ധന പ്രകാരം സ്വീകരിക്കാവുന്നതാണെന്നും ചൂണ്ടിക്കാണിച്ച് 11-3-2020-ൽ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സന്ദേശം അയച്ചിട്ടുണ്ട്.

പ്രവാസികളായ നമ്മുടെ നാട്ടുകാരെ ഇത്തരം പ്രതിസന്ധി ഘട്ടത്തിൽ കൂടുതൽ വിഷമസന്ധിയിലാക്കുന്നത് കാലങ്ങളായി നാം സ്വീകരിച്ചുവരുന്ന നയസമീപനത്തിന് കടകവിരുദ്ധമാണ്. നമ്മുടെ നാടിന്റെ വികസനത്തിനും സമ്പദ്ഘടനയുടെ ശാക്തീകരണത്തിനും വിജ്ഞാന വർദ്ധനയ്ക്കും പ്രവാസി സമൂഹം നൽകുന്ന സംഭാവനകൾ അമൂല്യമാണ്. അവരെ ഈ പ്രതിസന്ധി ഘട്ടത്തിൽ ഇത്തരത്തിൽ അധിക വൈഷമ്യത്തിലാക്കുന്ന സമീപനത്തിനെതിരെ ഈ സഭ അഭിപ്രായം രേഖപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിന്റെ എല്ലാ മേഖലകൾക്കും സംഭാവന നൽകുന്ന വിദേശത്തുള്ള നമ്മുടെ നാട്ടുകാരെ ഇവിടേയ്ക്ക് വരുന്നതിൽനിന്നും ഫലത്തിൽ വിലക്കുന്ന സർക്കുലർ ഉടൻ പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

ഇതോടൊപ്പംതന്നെ വിവിധ രാജ്യങ്ങളിൽ തൊഴിൽചെയ്യുന്ന പ്രവാസികൾ നാട്ടിൽനിന്നും തിരിച്ചുപോയി ജോലിയിൽ പ്രവേശിക്കാൻ അതത് രാജ്യങ്ങളിലെ പലതരം നിബന്ധനകൾ കാരണം പ്രയാസങ്ങൾ നേരിടുകയാണ്. ഇതിനിടെയാണ് നമ്മുടെ ഭാഗത്തുനിന്നുകൂടി ചട്ടങ്ങൾ കർക്കശമാക്കുന്നത്. ഇത് പ്രവാസികളെ വല്ലാതെ വലയ്ക്കുന്നു. രോഗം പടരുന്നില്ലെന്ന് ഉറപ്പാക്കിക്കൊണ്ടു തന്നെ ഈ ചട്ടങ്ങളിൽ ഇളവ് വരുത്താൻ കേന്ദ്രസർക്കാർ ശ്രദ്ധിക്കണമെന്നും ജോലിക്ക് തിരികെയെത്താൻ കഴിയാതെ വിഷമിക്കുന്നവർക്ക് വിസാ കാലാവധി, ജോലിക്ക് തിരികെ ചേരാനുള്ള കാലാവധി തുടങ്ങിയവ നീട്ടിക്കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നയതന്ത്രതലത്തിൽ ഇടപെടണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.

ഇതാണ് പ്രമേയം. ഇതിനോടൊപ്പം ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാനുള്ളത്, 11-ാം തീയതി ഇൻഡ്യാ ഗവൺമെന്റ് ഒരു പ്രസ്സ് റിലീസ് പുറപ്പെടുവിച്ചിരുന്നു. അതിൽ പറയുന്നത്, 'Visa free travel facility granted to OCI card holders is kept in abeyance till 15th April 2020. This will come into effect from 12.00 GMT on 13th March 2020 at the port of departure.' അതായത്, OCI എന്നുപറയുന്നത്, Overseas Citizenship of India ആണ്. അവർക്കുള്ള വിസ ഫ്രീ യാത്രാസൗകര്യം 15-4-2020 വരെ റദ്ദാക്കിയിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് നടക്കുന്നത് എന്താണ്? അതോടൊപ്പംതന്നെ പറയുകയാണ്. 'All incoming travellers, including Indian nationals, arriving from or having visited China, Italy, Iran, Republic of Korea, France, Spain and Germany after 15th February, 2020 shall be quarantined for a minimum period of 14 days. This will come into effect from 12.00 GMT on 13th March 2020 at the port of departure.' ഇൻഡ്യയിൽ വന്നശേഷമാണോ ഇവരെ 14 ദിവസം quarantine ചെയ്യുന്നത് എന്നുള്ളത് വ്യക്തമല്ല. ഇത്തരം ഉത്തരവുകൾ വല്ലാത്ത ആശങ്കയാണ് ഉയർത്തുന്നത്. ഈ പ്രമേയം അംഗീകരിക്കണം.

മി. സ്പീക്കർ: പ്രമേയത്തെ പിന്താങ്ങേണ്ടതാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ചട്ടം 118 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഒരു പ്രധാനപ്പെട്ട കാര്യം, കേരളത്തിലുള്ള ജനങ്ങൾ ഇൻഡ്യയുടെ ഭാഗമാണോയെന്ന് മോദി സർക്കാരിനോട് ചോദിക്കേണ്ട സാഹചര്യത്തിലാണ് നാം എത്തി നിൽക്കുന്നതെന്ന്

പറയേണ്ടിവന്നതിൽ ഖേദമുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം, സ്വന്തം രാജ്യത്തേയ്ക്ക് വരാൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നില്ലെന്ന ഒരു സാഹചര്യം, ലോകത്ത് ഏതെങ്കിലുമൊരു രാജ്യത്തെ പൗരന്മാർക്കുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെയൊരു സാഹചര്യം സൃഷ്ടിച്ച കേന്ദ്ര ഗവൺമെന്റ് നടപടിക്കെതിരെ ശക്തമായ രീതിയിൽത്തന്നെ പ്രതികരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയം ഉതകുമെന്നുള്ളതുകൊണ്ടുതന്നെയാണ് ഈ പ്രമേയത്തെ ഞാൻ അനുകൂലി ക്കുന്നത്. തീർച്ചയായും ഈ തീരുമാനം നന്നായി. കേരള സർക്കാർ ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തണം. നമ്മുടെ പൗരന്മാർ, പ്രത്യേകിച്ച് ഇറ്റലിയിലുള്ളവർ, യാതൊരുവിധ അസുഖവുമില്ലാതെ അവിടെയിരിക്കുകയാണ്. അവർക്ക് വെള്ളം പോലും കിട്ടാനില്ല. ഈ സഭയിലെ ഒരംഗമാണ് എന്റെ അടുത്തിരിക്കുന്ന ശ്രീ. മുഹമ്മദ് മുഹസിൻ പി.,.......

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. അത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. ഒരു കക്ഷിയുടെ ആഭ്യന്തര കാര്യവുമായി ബന്ധപ്പെട്ടതാണ്. അതിൽ ഒരു പ്രധാനപ്പെട്ട അംഗം, കോവിഡ്-19 കൈകാര്യം ചെയ്യുന്നതിൽ എൽ.ഡി.എഫ്. ഗവൺമെന്റിന് അനുകൂലമായ അന്തരീക്ഷം വരികയാണ്; അത് നമ്മൾ ശ്രദ്ധിക്കേണ്ടതാണെന്ന് പറയുകയാണ്. ഇവിടത്തെ പ്രധാനപ്പെട്ട കക്ഷിയുടെ യോഗത്തിന്റെ വാർത്തയാണ് ഇന്ന് പത്രത്തിൽ വന്നത്. അങ്ങ് അത് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് തോന്നുന്നു. ഇങ്ങനെയൊരു നിലപാട് എടുക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം താല്പര്യത്തിനല്ലേ വിരുദ്ധമാകുന്നത്?

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് പറഞ്ഞ അഭിപ്രായം തന്നെയാണ് എനിക്കുമുള്ളത്. ഞാൻ ഇടതുപക്ഷമുന്നണിയുടെ സഹയാത്രികനല്ല; നിങ്ങൾക്ക് പിന്തുണയും തരുന്നില്ല. പക്ഷെ, അങ്ങ് പറഞ്ഞ ഈ കാര്യത്തോട് യോജിക്കാതിരിക്കാൻ മാർഗ്ഗമില്ല. ഞാൻ പറഞ്ഞുവന്നത്, ആ രീതിയിൽ രാഷ്ട്രീയ നേട്ടം ചിന്തിച്ചു കൊണ്ടാണോ.... കൊറോണ വൈറസിനെ പേടിച്ച് രാജ്യത്തെ ജനങ്ങൾ ഭീതിയിൽ നിൽക്കുമ്പോൾ അങ്ങനെ ചിന്തിക്കുന്ന രാഷ്ട്രീയബോധം, എന്ത് വികലമാണെന്നാണ് ഞാൻ ചിന്തിച്ചുപോകുന്നത്. എന്റെ അടുത്തിരിക്കുന്ന ശ്രീ. മുഹമ്മദ് മുഹസിൻ പി., അദ്ദേഹത്തിന് ഭാര്യയെ ഒന്നുകാണണമെന്ന് ആഗ്രഹമുണ്ട്. പക്ഷെ, ഇങ്ങോട്ട് വിമാനമില്ല; പിന്നെ എങ്ങനെ വരും? ഇന്നലെയും ഫോൺ വന്നു, കാണാൻ മാർഗ്ഗമില്ല. ഇറ്റലിയിൽ തന്നെയാണ് മുഹസിന്റെ കുടുംബം. വീഡിയോ കോളിൽ മാത്രം നിൽക്കുകയാണ്. അടുത്തിരിക്കുന്ന മുഹസിന്റെ വേദന കണ്ട് ഞാൻ മടുത്തു. അത് പറയാതിരിക്കാൻ കഴിയുകയില്ല. ഏതായാലും കേന്ദ്ര ഗവൺമെന്റ് അല്പംകൂടി മനുഷ്യത്വപരമായ സമീപനം പ്രകടിപ്പിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കഴിഞ്ഞ ദിവസം ശ്രീ. മുഹമ്മദ് മുഹസിൻ, ഭാര്യ ഇറ്റലിയിലാണുള്ളതെന്ന് എന്നോട് പറഞ്ഞിരുന്നു. അവിടെനിന്ന് ടിക്കറ്റ് കിട്ടി ഇങ്ങോട്ട് വരികയാണെങ്കിൽ എല്ലാ സംരക്ഷണ നടപടിയും ഇവിടെ സ്വീകരിക്കാമെന്ന് ഞാൻ പറഞ്ഞു. അവിടെനിന്ന് വരാൻ സഹായിക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, കേന്ദ്രഗവൺമെന്റാണ്.

ശ്രീ. പി. സി. ജോർജ്: സർ, എയർപോർട്ടിൽ തങ്ങിയിരിക്കുന്ന ആളുകൾ നിരന്തരം ഫോൺ ചെയ്യുകയാണ്. ഞാൻ തന്നെ പല ഫോൺ കോളുകളും അറ്റൻഡ് ചെയ്യാറില്ല. ഈ സഭയിലെ ഒരംഗം, ശ്രീ. പി. ജെ. ജോസഫ് വിളിച്ചുപറഞ്ഞ് എയർപോർട്ടിലുള്ള ആളുകൾക്ക് കുടിവെള്ളം എത്തിച്ചുകൊടുത്ത ദയനീയ സ്ഥിതിയാണുള്ളത്. ഇങ്ങനെയൊരു സാഹചര്യം ഒരു രാജ്യത്ത് ഉണ്ടാക്കാമോ? സ്വന്തം പൗരന്മാരെ ശത്രുക്കളെപ്പോലെ കരുതുകയാണ്. രോഗം വരുന്നത് പാപമാണോ; രോഗം എന്നുപറയുന്നത് നമ്മളാരെങ്കിലും നിശ്ചയിക്കുന്നതുപോലെ വരുന്നതാണോ? അപ്പോൾ അതിദയനീയമായ ഒരു സ്ഥിതി ഇൻഡ്യൻ പൗരന്മാർക്കുണ്ടാക്കിയ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നടപടിക്കെതിരെ ഈ സഭ ശക്തമായി പ്രതികരിക്കുന്നുവെന്ന് കാണുന്ന പ്രമേയമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചട്ടം 118 അനുസരിച്ചുള്ള പ്രമേയത്തെ ഞാൻ കാണുന്നു. ആ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇറ്റലിയിലുള്ള ആളുകൾക്ക് ഇൻഡ്യയിലേയ്ക്ക് വരാൻ കഴിയുന്നില്ല. അവർ ടിക്കറ്റെടുത്തിട്ടുപോലും ഇങ്ങോട്ട് വരണമെന്നുണ്ടെങ്കിൽ അവിടെ ടെസ്റ്റ് ചെയ്യണം. അവിടെയുള്ള ആശുപത്രികളിലൊന്നും ടെസ്റ്റ് ചെയ്യാനുള്ള സൗകര്യമില്ല. എയർപോർട്ടിലേയ്ക്ക് വരുന്ന ആളുകൾ എയർപോർട്ടിൽ വച്ചുതന്നെ കുടുങ്ങുകയാണ്. ഇൻഡ്യൻ എംബസിയാണെങ്കിൽ കാര്യങ്ങൾ വേണ്ട രീതിയിൽ ചെയ്തിട്ടില്ല. ടെസ്റ്റ് ചെയ്ത് റിസൾട്ട് നെഗറ്റീവാണെങ്കിൽ ഈ ആളുകൾക്ക് നാട്ടിലേയ്ക്ക് വരാനുള്ള സൗകര്യം, പ്രത്യേക അസിസ്റ്റൻസ് ഇറ്റലിയിൽ കൊടുക്കേണ്ടതുണ്ട്. മറ്റ് രാജ്യങ്ങളിലും സമാനമായ പ്രശ്നമുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം സത്യത്തിൽ വളരെ പ്രധാനപ്പെട്ടതും ഈ നാട് ഒന്നാകെ അംഗീകരിക്കുന്ന ഒരു കാര്യവുമാണ്. ഇൻഡ്യാ ഗവൺമെന്റ് ഇപ്പോൾ എടുക്കുന്ന സമീപനം ഒരു രാജ്യത്തെ പൗരന്മാരെ ശത്രുക്കളെപ്പോലെ പരിഗണിക്കുന്നുവെന്നുള്ളതാണ്. ഇറ്റലിയിലുള്ള ഇൻഡ്യൻ പൗരന്മാരെ ഈ അടിയന്തര സാഹചര്യത്തിൽ നാട്ടിലെത്തിക്കുന്നതിനുപകരം രോഗം അവിടെനിന്ന് ചികിത്സിച്ച് ഭേദമാക്കി വരിക എന്നുപറയുന്നത് എത്രമാത്രം ലജ്ജാകരമായ ഒരു നിലപാടാണ്. ഇന്നലെ രാജ്യസഭയിൽ ഇതുമായി ബന്ധപ്പെട്ട ചർച്ച നടന്നു. ബഹുമാന്യരായ എളമരം കരീം,

ബിനോയ് വിശ്വം, എ. കെ. ആന്റണി എന്നിവർ ഉൾപ്പെടെയുള്ള ആളുകൾ ഈ വിഷയം രാജ്യസഭയിൽ ഉന്നയിച്ച് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉദ്ധരിച്ചതുൾപ്പെടെ ഇന്നലെ അർദ്ധരാത്രി ഇറക്കിയ ഓർഡറിൽപ്പോലും ഇൻഡ്യൻ പൗരന്മാർ അത്തരം രാജ്യങ്ങളിൽ നിന്ന് വരേണ്ടതില്ല എന്നാണ് പറയുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ ഹൃദയവികാരമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം. അതിനെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ ഐക്യകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട്

ശ്രീ. എം. രാജഗോപാലൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII ധനകാര്യം

### 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-2021 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (₹) |
| | | റവന്യൂ (₹) | മൂലധനം (₹) | |
| (1) | (2) | (3) | (4) | (5) |
| XXVII | സഹകരണം | 423,68,94,000 | 117,78,00,000 | 541,46,94,000 |
| XLII | വിനോദസഞ്ചാരം | 182,43,77,000 | 203,34,01,000 | 385,77,78,000 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല)

ശ്രീ. പി. സി. ജോർജ്: സർ, സഹകരണം, വിനോദസഞ്ചാരം എന്നിവ പ്രധാനപ്പെട്ട രണ്ട് വകുപ്പുകളാണ്. വിനോദസഞ്ചാരത്തെ സംബന്ധിച്ച് ഒന്നുരണ്ട് ചെറിയ കാര്യങ്ങളാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. വാഗമൺ ടൂറിസം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വാഗമൺ ടൂറിസം പീരുമേടുമായി ബന്ധപ്പെട്ടതാണ്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലും കോട്ടയം ജില്ലയിലുമാണ് വാഗമൺ ടൂറിസം കേന്ദ്രം ഉൾപ്പെടുന്നത്. പക്ഷെ അവിടത്തെ വർക്കുകളെപ്പറ്റി പറയുന്നതും ജില്ലാ കൗൺസിൽ കൂടുന്നതുമൊക്കെ പീരുമേടുമായി

ബന്ധപ്പെട്ടുകൊണ്ട് ഇടുക്കി ജില്ലയിലാണ്. വാഗമൺ ടൂറിസത്തിൽ വാഗമണ്ണിന്റെയും പീരുമേടിന്റെയും പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ സഹായത്തോടെ 35 കോടി രൂപയുടെ മുണ്ടക്കയം-വാഗമൺ റോഡിന്റെ പണി വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഈരാറ്റുപേട്ട-തീക്കോയി-വാഗമൺ റോഡിന്റെ 67 കോടി രൂപയുടെ പ്രവൃത്തി Road Infrastructure Company Kerala Limited (RICK) ഏറ്റെടുത്ത് നടത്താനുള്ള നടപടിയും നടന്നുകൊണ്ടിരിക്കുകയാണ്. RICK-ന്റെ നേതൃത്വത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കാണിത്. ഈ രണ്ട് വർക്കുകളും പൂർത്തീകരിക്കപ്പെടണം. മുണ്ടക്കയം-വാഗമൺ റോഡിന്റെ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആ വർക്ക് കാണാനായി നൂറ് കണക്കിനാളുകളാണ് അവിടെ എത്തുന്നത്. വലിയ മല വെട്ടിപ്പൊളിച്ച് വളരെ വേഗതയിൽ പണി നടക്കുകയാണ്. അതിന് ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി വകുപ്പുമന്ത്രിയോട് എനിക്ക് നന്ദിയുണ്ട്. ഡോ. ടി. എം. തോമസ് ഐസക്കും ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയും ശ്രദ്ധിക്കേണ്ടതാണ്. RICK-ന്റെ നേതൃത്വത്തിൽ 67 കോടി രൂപയുടെ ആദ്യത്തെ കിഫ്ബി വർക്കാണ് ചെയ്യുന്നത്. ആ വർക്കുകൂടി പൂർത്തീകരിച്ചുകഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായി വാഗമൺ മാറുമെന്ന കാര്യത്തിൽ സംശയമില്ല. മുരുകൻമല, തങ്ങൾപ്പാറ, കുരിശുമല എന്നിവ വാഗമണിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഹൈന്ദവ-മുസ്ലീം-ക്രിസ്ത്യൻ വിശ്വാസികളുടെ തീർത്ഥാടന കേന്ദ്രം കൂടിയാണിത്. ഓരോ വെള്ളിയാഴ്ചയും മുസ്ലീംങ്ങൾ മാത്രമല്ല ആയിരക്കണക്കിന് വിശാസികളാണ് തങ്ങൾപ്പാറയിൽ വരുന്നത്. കുട്ടിക്കൽ വില്ലേജിന്റെ ഭാഗമാണത്. ആ റോഡ് എം.എൽ.എ. ഫണ്ടുപയോഗിച്ച് ടാറിംഗ് നടത്തിയിട്ടുണ്ട്. ബാക്കി വികസനങ്ങൾകൂടി നടക്കണം. മുരുകൻമല ഹൈന്ദവ സമൂഹത്തിന്റെ ഏറ്റവും വലിയ പ്രാർത്ഥനാലയമാണ്. അവിടെ 25 ഏക്കർ സ്ഥലം എസ്.എൻ.ഡി.പി.-ക്ക് പതിച്ചുനൽകിയിട്ടുണ്ട്. ആ സ്ഥലത്ത് നട കെട്ടുന്നതിനായുള്ള തുക എം.എൽ.എ. ഫണ്ടിൽനിന്നും നൽകുകയാണ്. ഹൈന്ദവ സമൂഹത്തിന്റെ വലിയ പ്രാർത്ഥനാലയം കൂടിയായ ആ ഭാഗം കൂടുതൽ ശക്തിപ്പെടുത്തണം. 170 ഏക്കർ സ്ഥലം ഉൾപ്പെടുന്ന കുരിശുമല ക്രൈസ്തവ സമൂഹത്തിന്റേതാണ്. അവിടെ എല്ലാ വെള്ളിയാഴ്ചയും ആയിരക്കണക്കിന് വിശ്വാസികളാണ് വരുന്നത്. പ്രത്യേകിച്ച് ദുഃഖ വെള്ളിയാഴ്ച ലക്ഷക്കണക്കിന് വിശ്വാസികളാണ് കുരിശുമലയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് വാഗമൺ ടൂറിസത്തിന് പ്രാധാന്യം കൽപ്പിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി പ്രത്യേകം നേതൃത്വം കൊടുക്കണം. അക്കാര്യത്തിൽ ബഹുമാന്യരായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് വിനയപുരസരം അഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണവും വിനോദസഞ്ചാരവും നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട രണ്ട് മേഖലകളാണ്. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് സഭയിൽ വളരെ വിശദമായി ഒരു ചർച്ച നടക്കേണ്ടതായിരുന്നു. നിസ്സാരമായ കാര്യങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷം സഭവിട്ട് ഇറങ്ങിപ്പോയതിൽനിന്നും നമ്മുടെ സംസ്ഥാനത്തെ ഈ രണ്ട് മേഖലകളിലും കഴിഞ്ഞ കാലത്ത് സൃഷ്ടിച്ചിട്ടുള്ള വലിയ മാറ്റങ്ങൾ അവർക്ക് ഉൾക്കൊള്ളാൻ സാധിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഈ കാലഘട്ടത്തിൽ ഈ രണ്ട് മേഖലകളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒന്നുംതന്നെ വിശദമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതെല്ലാം രേഖയിൽ വരേണ്ടതാണ്. അതുകൊണ്ട് ഞാൻ അത് മേശപ്പുറത്ത് വയ്ക്കുന്നു.*

2020-21 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ചില പുതിയ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാം.

1. കേരള ബാങ്കിന്റെ ബിസിനസ്സ് വിപുലീകരണം -

കേരള ബാങ്കിന്റെ ബിസിനസ്സ് വിപുലീകരിക്കുകയെന്നത് ഒരു പ്രധാനപ്പെട്ട ലക്ഷ്യമായി ഗവൺമെന്റ് എടുക്കുകയാണ്. കേരള ബാങ്കിന്റെ സമ്പൂർണ്ണ തോതിലുള്ള കോർബാങ്കിംഗ് ഏകീകരണം പൂർത്തീകരിക്കുകയും ബിസിനസ്സ് വിപുലീകരിക്കുകയും ചെയ്യും. എൻ.ആർ.ഇ/എൻ.ആർ.ഒ. അക്കൗണ്ടുകൾ ആരംഭിച്ച് അധിക നിക്ഷേപസമാഹരണം നടത്തും. ജീവനക്കാരുടെ ഏകീകരണം, കേഡർ സംയോജനം എന്നിവ നടപ്പാക്കുകയും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്യും.

ശ്രീ. പി. സി. ജോർജ്: സർ, ശമ്പള പരിഷ്കരണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ ഈ രാജ്യത്ത് അറിയേണ്ടുന്ന ഒരു കാര്യമുണ്ട്. ഇന്ന് സഹകരണ മേഖലയിലെ ശമ്പളം എത്രയാണ്; തൊണ്ണൂറായിരം രൂപ കൈപ്പറ്റുന്ന, സ്കൂളിൽ പോയിട്ടില്ലാത്ത ഉദ്യോഗസ്ഥരുണ്ട്. ഒരു ബാങ്കിലെ പ്യൂൺമാരുടെ ശമ്പളം 74000 രൂപയും 75000 രൂപയുമാണ്. ഒരു കൃഷിക്കാരന് 5 ഏക്കർ ഭൂമിയുണ്ടെങ്കിൽ 60,000 രൂപ ഒരു വർഷം ഉണ്ടാക്കാൻ സാധിക്കില്ല. ഒരു ഏക്കർ കൃഷിക്കാരന് 12,000 രൂപ ഉണ്ടാകില്ല. ജനങ്ങൾ പട്ടിണി കിടക്കുമ്പോഴാണ് 74000 രൂപ ശമ്പളം നൽകുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ആലോചിക്കണം. ഇത് പറയുമ്പോൾ എം.എൽ.എ.-മാർ പറയും, എം.എൽ.എ.-മാർക്ക് ഒന്നും ഇല്ല. അത് നമുക്കെല്ലാവർക്കും

---

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

അറിയാം: ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അതുകൊണ്ട് ശമ്പള വർദ്ധനവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയായില്ല. ശമ്പള വർദ്ധനവ് ആവശ്യമില്ല. അത് നടപടികൾക്ക് വിരുദ്ധമാണ്. ശമ്പള കമ്മീഷനെപ്പോലും പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളയാളാണ് ഞാൻ. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനൊന്നും ഞാൻ എതിര് പറയുന്നില്ല. തൊഴിൽ വകുപ്പുമന്ത്രി തൊഴിലാളികൾക്ക് ചെയ്യാൻ കഴിയാവുന്ന ഉപകാരങ്ങൾ മുഴുവൻ ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ മിനിമം വേതനം 21,000 രൂപയാക്കിയിട്ടുണ്ട്. പക്ഷെ സഹകരണ മേഖലയിൽ ഇനിയും ശമ്പളം വർദ്ധിപ്പിക്കുന്ന നടപടി യോജിക്കാൻ സാധിക്കുന്ന ഒന്നല്ല. അതുകൊണ്ട് അങ്ങ് അത് പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ശമ്പള പരിഷ്കരണത്തിനാവശ്യമായ നടപടികളിലേയ്ക്ക് കടക്കുമെന്നാണ് പറഞ്ഞത്. ഏത് മേഖലയെ സംബന്ധിച്ചും സംതൃപ്തരായിട്ടുള്ള തൊഴിലാളികളും ജീവനക്കാരും ആ പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അത്യന്താപേക്ഷിതമാണ്. അവരുടെ വികാരങ്ങൾ കേട്ടും അഭിപ്രായങ്ങൾ മാനിച്ചും അങ്ങ് പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ പൊതുവായ സാഹചര്യങ്ങളെ അവർക്ക് ബോധ്യമാക്കിയും ശമ്പളത്തിന്റെ കാര്യത്തിൽ എന്തെങ്കിലും പരിഷ്കരണങ്ങൾ വരുത്തേണ്ടതായിട്ടുണ്ടോ എന്നത് സംബന്ധിച്ച് നിശ്ചയമായും ചർച്ചകൾ നടത്തുമെന്ന സൂചനയാണ് ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്.

അംഗസംഘങ്ങളായ PACS (Primary Agricultural Credit Society)-കളിൽ തീരെ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാത്ത 90-ഓളം വരുന്ന ദുർബ്ബല സംഘങ്ങളിൽ സംസ്ഥാന സർക്കാരിന്റെയും കേരള ബാങ്കിന്റെയും സാമ്പത്തിക പിന്തുണയോടെ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കും.

2. <u>Co-operative Initiative for Earn-Learn & Empower (CIELE)</u> - എന്ന പേരിൽ സംസ്ഥാന സർക്കാർ കോളേജ് വിദ്യാർത്ഥികളുടെ പഠന സമയം ക്രമീകരിച്ച് പഠനകാലത്തുതന്നെ വരുമാനമുണ്ടാകുന്ന പാർട്ട്-ടൈം തൊഴിൽ ചെയ്യുന്നതിനുള്ള അവസരം ഉണ്ടാക്കിയിരിക്കുകയാണ്. ഇത്തരത്തിൽ പാർട്ട്-ടൈം തൊഴിലെടുക്കാൻ സന്നദ്ധരായ വിദ്യാർത്ഥികൾ മുഖേന സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും അലോപ്പതി മരുന്നുകളും (as per doctors prescription) ഓൺലൈൻ ഓർഡറിനെ അടിസ്ഥാനപ്പെടുത്തി വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതിയായാണ് 'സിലി' (CIELE) വിഭാവന ചെയ്തിട്ടുള്ളത്.

കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള വളരെയധികം സഹകരണ സംഘങ്ങൾ സ്വന്തം നിലയിലും കൺസോർഷ്യം അടിസ്ഥാനത്തിലും കാർഷിക ഉൽപ്പാദനം, മൂല്യവർദ്ധന, വിപണനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി അഗ്മാർക്ക് മാതൃകയിൽ ഒരു സഹകരണ മാർക്ക് നൽകുകയും ഏകീകൃത ബ്രാന്റിംഗ് നടത്തി സഹകരണ വിപണന ശൃംഖലയിലൂടെ വിറ്റഴിക്കുന്നതിന് വിപുലമായ സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. 170-ഓളം ഉല്പന്നങ്ങളാണ് സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നത്. ഈ ഉൽപ്പന്നങ്ങളെ ഏകോപിപ്പിച്ച് ശക്തമായ വിപണി ശൃംഖല രൂപീകരിക്കുകയും ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് നൂതനമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുകയാണെങ്കിൽ കേരളത്തിലെ കാർഷികോൽപ്പാദനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ എന്നീ മേഖലകളിൽ വലിയ പുരോഗതി നേടാൻ കഴിയും. ആത്യന്തികമായി ജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും ഈ പദ്ധതി ഉപകരിക്കും.

തുടക്കത്തിൽ പദ്ധതി പ്രകാരം 14 ജില്ലാ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങളുടെ കീഴിൽ ഓരോ ഷോപ്പ്/ഗോഡൗൺ ആരംഭിക്കും. കൂടാതെ ഡൽഹിയിൽ ഒരു ഷോപ്പും ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി പ്രകാരം തുടക്കത്തിൽ നേരിട്ട് ലഭിക്കുന്ന തൊഴിൽ 350 ആണ്. പദ്ധതി വിജയകരമാകുന്നപക്ഷം താലൂക്ക് തലത്തിലേയ്ക്കും തുടർന്ന് പഞ്ചായത്ത് തലത്തിലേയ്ക്കും വ്യാപിപ്പിക്കാൻ കഴിയും. ഇതിലൂടെ 20000 വിദ്യാർത്ഥികൾക്ക് പാർട്ട്-ടൈം തൊഴിലവസരം, 5000 പേർക്ക് നേരിട്ടുള്ള തൊഴിൽ, ലക്ഷക്കണക്കിന് ആളുകൾക്ക് പരോക്ഷ തൊഴിൽ/ഉപതൊഴിൽ എന്നിവ നൽകാൻ കഴിയും.

3. <u>കെയർ ഹോം രണ്ടാം ഘട്ടം</u>

കെയർഹോം രണ്ടാം ഘട്ടം വീടുകളുടെ/ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും. 2000 വീടുകൾ/ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

11.00 A.M.]

4. <u>അംഗസമാശ്വാസ നിധി</u>

മാരകമായ അസുഖങ്ങൾ ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങളെ സഹായിക്കുന്നതിനായി സഹകരണ വകുപ്പിന് കീഴിൽ സ്വരൂപിച്ചിട്ടുള്ള അംഗസമാശ്വാസ നിധി 2020-2021 സാമ്പത്തിക വർഷം പദ്ധതി വിഭാവനം ചെയ്തതുപോലെ വിപുലമായി നടപ്പിലാക്കും.

5. <u>സാഹിത്യ മ്യൂസിയം ആരംഭിക്കും</u>

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്ലാറ്റിനം ജൂബിലി പ്രമാണിച്ച് അക്ഷരനഗരി എന്നറിയപ്പെടുന്ന കോട്ടയത്ത് എഴുത്തിന്റെയും വായനയുടെയും സംസ്കാരത്തിന്റെയും ചരിത്രവും വർത്തമാനവും അടയാളപ്പെടുത്തുന്ന ഒരു മ്യൂസിയം സംഘത്തിന്റെ നാട്ടകം വില്ലേജിലുള്ള നാല് ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്നതാണ്. മലയാളത്തിലെ ആദ്യകാല പുസ്തകങ്ങൾ, പ്രമുഖ സാഹിത്യകാരന്മാരുടെ ഫോട്ടോകളും അവരെക്കുറിച്ചുള്ള ലഘുകുറിപ്പുകളും പ്രമുഖ എഴുത്തുകാരുടെ പുസ്തകങ്ങളുടെ മാനുസ്ക്രിപ്റ്റുകൾ, പ്രമുഖ എഴുത്തുകാരുടെ കൈപ്പടകൾ, പ്രമുഖ എഴുത്തുകാരുടെ എഴുത്ത് ഉപകരണങ്ങൾ, കത്തുകൾ, മൺമറഞ്ഞ എഴുത്തുകാരുടെ ശബ്ദം, ആദ്യകാല പത്രങ്ങൾ, മാസികകൾ, എഴുത്തുകാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും ഫോട്ടോകൾ, പുസ്തകങ്ങളുടെ ഡിജിറ്റൽ ലൈബ്രറി, പഴയകാല എഴുത്ത് ഉപകരണങ്ങൾ (ഓല, നാരായം തുടങ്ങിയവ), മുൻകാലത്തെ പ്രസ്സുകൾ, പ്രിന്റിംഗ് സാമഗ്രികൾ, അച്ചടിരംഗത്തെ വികസനത്തിന്റെ ചിത്രപ്രദർശനം, മൺമറഞ്ഞ എഴുത്തുകാരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ തുടങ്ങിയവ മ്യൂസിയത്തിൽ ലഭ്യമാക്കുന്നതാണ്. ഈ മ്യൂസിയം കേന്ദ്രീകരിച്ച് കോട്ടയം നഗരത്തിലും പരിസരത്തുമുള്ള വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ ഉൾപ്പെടുന്ന തരത്തിലുള്ള ഒരു Literary Tourism Circuit കൂടി തയ്യാറാക്കുന്നതാണ്.

6. <u>സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ നവീകരിക്കും</u>.

കേരള സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് കോളേജുകളുടെയും ട്രെയിനിംഗ് എക്സ്റ്റൻഷൻ സെന്ററുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതാണ്. ഇതിനായി 2020-2021 സാമ്പത്തിക വർഷം സർക്കാർ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

7. <u>കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും പരിഷ്കരിക്കും</u>

സഹകരണ മേഖലയിലുണ്ടായ മാറ്റങ്ങൾക്ക് അനുസൃതമായി ഭാവി വികസനത്തിന് അടിത്തറ നൽകാവുന്ന രീതിയിൽ കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കും. ഇതിനായി വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ജോയി</u>: സർ, ആക്ടിലെ ഭേദഗതി വളരെ അനിവാര്യമായി വന്നിരിക്കുകയാണ്. ഇപ്പോൾ 2010-ലെ പാർട്ട്-2 (ഒ എ എ) എന്ന ഭാഗത്ത് വന്നിരിക്കുന്ന ചില പിശകുകൾ, പിശകുകളല്ല, അന്ന് യഥാർത്ഥത്തിൽ കാർഷിക വായ്പ പമ്പ് ചെയ്യുന്നതിനുവേണ്ടി ഉണ്ടാക്കിയതാണ് (ഒ എ എ) എന്ന പോർഷൻ,

പക്ഷേ അത് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു കേസ്സിന്റെ ഭാഗമായി വ്യാഖ്യാനിച്ച് ഇന്ന് നമുക്ക് 80(പി)-യുടെ ആനുകൂല്യം പൂർണ്ണമായും നിഷേധിക്കുന്ന തരത്തിലേക്ക് പോയിട്ടുണ്ട്. ആക്ടിന്റെ ഭാഗമായി വരുന്ന (ഒ എ എ) എന്ന ഭാഗം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആ ഭാഗം അന്ന് ചേർക്കുമ്പോൾ കാർഷിക വായ്പകൾ കൊടുക്കുന്ന കാര്യത്തിൽ നമ്മുടെ സംഘങ്ങൾ സ്വീകരിച്ച നിലപാട് ഒരു കാരണമായിരുന്നു. ഇന്നത്തെ പുതിയ സാഹചര്യത്തിൽ, കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും ആദായനികുതി വകുപ്പിന്റെയുമെല്ലാം പുതിയ കടന്നാക്രമണത്തിന്റെ പശ്ചാത്തലത്തിൽ, അവശ്യംവേണ്ട പരിരക്ഷ സംഘങ്ങൾക്ക് നൽകുന്നതിന് സഹായകരമായ തരത്തിൽ സമഗ്രമായ നിയമവും ചട്ടവും പരിഷ്കരിക്കുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിൽ കാർഷിക വായ്പ എന്നത് ഏതൊരു പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്റെയും പ്രാഥമിക ധർമ്മമാണ്. ആ ധർമ്മത്തിൽനിന്നും വ്യതിചലിച്ച് ധാരാളം സംഘങ്ങൾ പോയിട്ടുണ്ട്. അത്തരം ആളുകൾക്ക് പരിരക്ഷ കൊടുക്കുന്ന ഒരു നടപടിയും സാധാരണഗതിയിൽ ഉണ്ടാകാൻ പാടില്ല. ഇത് ബോധപൂർവ്വം അവരവരുടെ ധർമ്മത്തിൽനിന്നും വ്യതിചലിച്ച് പോയിട്ടുള്ളതാണ്. അത് പ്രോത്സാഹിപ്പിക്കുന്ന നിലപാട് ഒരുകാരണവശാലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. അതേസമയം മറ്റ് നടപടികൾ, അതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ എന്തെങ്കിലും വേണ്ടതുണ്ടെങ്കിൽ അതാകുകയും ചെയ്യാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച രൂപത്തിൽത്തന്നെയാണ് നടക്കുന്നത്. ഇതിന്റെ മറവിൽ നമ്മുടെ സംഘങ്ങളെ കൈകാര്യം ചെയ്യുന്ന ഒരു പുതിയ രീതിയാണ് കേന്ദ്ര ഗവൺമെന്റും ആദായ നികുതി വകുപ്പുമൊക്കെ സ്വീകരിച്ചിരിക്കുന്നത്. അതിനെ എങ്ങനെ മറികടക്കാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ചുള്ള ആലോചനയാണ് ഈ പരിഷ്കാരത്തിൽ വരുന്നത്. അതുമാത്രമല്ല, സമഗ്രമായ ഒരു പരിഷ്കരണം തന്നെയാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്ന് മാസക്കാലമായി നിരന്തരമായി അതിനാവശ്യമായ ആലോചനകൾ നടക്കുന്നുണ്ട്. അടുത്ത സഭാ സമ്മേളനത്തിലെങ്കിലും അതുകൊണ്ടുവരാൻ സാധിക്കുമെന്ന് കരുതുകയാണ്.

8. ഷീ-സ്കിൽസ് ട്രെയിനിംഗ്

വനിതാ ഫെഡിന്റെ നേതൃത്വത്തിൽ വനിതകൾക്ക് പുതിയ സംരംഭകത്വ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി പ്രത്യേക വൈദഗ്ദ്ധ്യം നൽകുന്നതിനുള്ള ഷീ-സ്കിൽസ് ട്രെയിനിംഗ് നൽകുന്നതാണ്.

9. CAPE-ൽ പുതിയ കോഴ്സുകൾ

CAPE-ൽ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾ, ഡിപ്ലോമാ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ അടക്കം തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കും. ഓഫീസ് ഓട്ടോമേഷൻ നടപ്പിലാക്കും.

10. സഹകരണ സംഘങ്ങൾ നേരിടുന്ന ആദായ നികുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തും

സഹകരണ സംഘങ്ങൾക്ക് 1961-ലെ ഇൻകം ടാക്സ് ആക്ട് പ്രകാരം അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുന്നതുൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തും.

11. Temperature Controlled Warehouse

കൺസ്യൂമർഫെഡിന് കീഴിൽ സഹകരണ മേഖലയിൽ ആദ്യമായി പൈലറ്റ് അടിസ്ഥാനത്തിൽ Temperature Controlled Warehouse നിർമ്മിക്കും. ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്നും കാർഷികോൽപ്പന്നങ്ങൾ സംഭരിച്ച് വിപണന സംവിധാനം മെച്ചപ്പെടുത്തും.

12. നാളികേര സംഭരണത്തിനും സംസ്കരണത്തിനും വിപുലമായ പദ്ധതി

പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം തെങ്ങിൻ തോട്ടങ്ങളിൽ നിന്നും നാളികേരം പറിച്ചെടുത്ത് കർഷകന് ഉടൻതന്നെ വില നൽകുകയും നാളികേരത്തിൽനിന്നും ചകിരി വേർപെടുത്തി കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും തുടർന്ന് നാളികേരം വെളിച്ചെണ്ണയും മറ്റ് ഉപോൽപ്പന്നങ്ങളുമായി സംസ്കരിച്ച് വിപണനം നടത്തുന്നതിനും വിപുലമായ പദ്ധതി നടപ്പിലാക്കും. കൃഷി വകുപ്പുമായി ചേർന്നാണ് ആ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തൊട്ടാകെ 100 സഹകരണ സംഘങ്ങളെ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കും. കയർ വകുപ്പും ഈ പദ്ധതിയിൽ സഹകരിക്കുന്നുണ്ട്.

13. അന്തർദ്ദേശീയ സഹകരണ എക്സ്പോ

നമ്മുടെ സംസ്ഥാനം സഹകരണ മേഖലയിൽ ആർജ്ജിച്ച നേട്ടങ്ങളും മേന്മകളും അന്താരാഷ്ട്ര തലത്തിൽ ഷോകേസ് ചെയ്യുക എന്ന ലക്ഷ്യത്തോടെ 2020 നവംബർ - ഡിസംബർ മാസങ്ങളിലായി 10 ദിവസം നീണ്ടു നിൽക്കുന്ന അന്തർദ്ദേശീയ സഹകരണ എക്സ്പോ തിരുവനന്തപുരത്ത് സംഘടിപ്പിക്കും.

ഇതാണ് വരുംവർഷത്തെ പ്രധാനപ്പെട്ട പദ്ധതികളായി പ്രഖ്യാപിക്കാനുള്ളത്.

ശ്രീ. വി. ജോയി: സർ, കേരള ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. കേരള ബാങ്കിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെക്കൂടി സഹകരിപ്പിക്കുന്നതിനുവേണ്ടി വലിയ പരിശ്രമം നാം നടത്തിയിരുന്നു. പക്ഷേ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഇതിൽ സഹകരിക്കാത്ത ഒരു നിലപാടാണ് സ്വീകരിക്കുന്നത്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർ ഈ ജില്ലാ സഹകരണ ബാങ്കിനെയും ഇതിന്റെ ഭാഗമാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തത് അങ്ങ് ഓർക്കുന്നുണ്ടാകും. പക്ഷേ ഇപ്പോഴും അതിന് കഴിയുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി അവിടെ തെരഞ്ഞെടുപ്പ് നടത്താനോ മറ്റോ ഇപ്പോൾ തീരുമാനിച്ചതായാണ് അറിയുന്നത്. യഥാർത്ഥത്തിൽ മലപ്പുറത്തെ ഡി.സി.ബി. കേരള ബാങ്കിൽ ലയിക്കാത്തതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, അവിടത്തെ മുസ്ലീം ലീഗിന്റെ ഒരു നേതാവും പ്രധാന സഹകാരിയുമായ ഇസ്മായിൽ മൂത്തേടം എന്നയാളും അദ്ദേഹത്തിന്റെ ഭാര്യയും മക്കളും കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് ഡി.സി.ബി.-യുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ടെന്നുള്ളതാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതാണോ ആ ബാങ്ക് ലയിക്കാതിരിക്കുന്നതിന് ഒരു കാരണം, പൊളിറ്റിക്കലായ തീരുമാനം അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണോ എന്നുള്ളത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ വായ്പയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഏതാണ്ട് നാലഞ്ച് കോടി രൂപയുടെ വായ്പയാണ് ആ കുടുംബം മലപ്പുറം ജില്ലാ ബാങ്കിൽനിന്നുമെടുത്തിരിക്കുന്നത്. അദ്ദേഹമാണ് അവിടത്തെ ലീഗിന്റെ നേതൃത്വത്തിലുള്ള സംരക്ഷണ സമിതിയുടെ കൺവീനർ. അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റുകളാണ് എപ്പോഴും വരുന്നത്. സങ്കുചിത താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കാതെ നിൽക്കുന്നതെന്ന കാര്യം എല്ലാവർക്കുമറിയാം. അത് അവർ തന്നെ സമ്മതിക്കുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ആ ജില്ലയെ മാറ്റിനിർത്തിക്കൊണ്ടുള്ള കേരള ബാങ്കിന്റെ രൂപീകരണമല്ല ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് അതിനാവശ്യമായ നടപടികളുമായി നമ്മൾ മുന്നോട്ടുപോകുന്നത്. ഇപ്പോൾ താൽക്കാലികമായ ഒരു സ്റ്റേയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയിട്ടുള്ളത്. 23-ാം തീയതി വരെ സ്റ്റേ നൽകിയിരിക്കുന്നുവെന്നുള്ളത് മാത്രമാണ്. നമുക്ക് ഹൈക്കോടതിയിൽ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ സാധിക്കും, മുന്നോട്ടു പോകാൻ കഴിയും. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെയും കേരള ബാങ്കിൽ ലയിപ്പിച്ച് ഒന്നാക്കി മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് ഗവൺമെന്റിന്റെ കണക്കുകൂട്ടൽ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, അടുത്ത ഒരുവർഷത്തെ പദ്ധതികളെക്കുറിച്ച് പറയുമ്പോൾ, പ്രളയത്തിൽ വലിയ നാശനഷ്ടങ്ങളുണ്ടായിട്ടുള്ള ഒരു കോളേജാണ് CAPE-ന്റെ കീഴിലുള്ള ആറന്മുള എഞ്ചിനീയറിംഗ് കോളേജ്. അതിന് അധിക സപ്പോർട്ട് ആവശ്യമാണ്. റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അങ്ങനെയൊരു സപ്പോർട്ട് നൽകാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. പക്ഷേ റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല എന്നുള്ള മറുപടിയാണ് കിട്ടിയത്. നമുക്കതിനെ എങ്ങനെ മെച്ചപ്പെടുത്തിയെടുക്കാം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞ അതേ വിഷയം തന്നെയാണിത്. CAPE-ന്റെ ഒരു എഞ്ചിനീയറിംഗ് കോളേജ് പത്തനാപുരത്തുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെ വന്നിട്ടുണ്ട്. അതൊരു മലയുടെ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെയുള്ള ഒരു വിമൺസ് ഹോസ്റ്റൽ ഏതാണ്ട് പണി പൂർത്തിയാക്കിയ നിലയിലാണ്. സാമ്പത്തികമില്ലാത്തതുകൊണ്ടാണ് അതിന്റെ പണി പൂർത്തിയാക്കാത്തത്. അവിടെയുള്ള വീടുകളിലാണ് ദൂരെ പ്രദേശത്തുള്ള കുട്ടികളൊക്കെ വന്ന് താമസിക്കുന്നത്. ഒന്നും രണ്ടും അഞ്ചും കുട്ടികൾ വീതം അവിടെയുള്ള വീടുകളിൽ/സ്വകാര്യ ഹോസ്റ്റലുകളിലാണ് താമസിക്കുന്നത്. അത് അത്ര സേഫല്ല. ഹോസ്റ്റലിന്റെ പണി ഏകദേശം പൂർത്തിയായിരിക്കുകയാണ്, കുറച്ച് പൈസയുടെ ആവശ്യമേയുള്ളൂ. ആയതിനാൽ അടിയന്തരമായി ഹോസ്റ്റലിന്റെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നിശ്ചയമായും അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, CAPE, L.B.S., I.H.R.D. എന്നിങ്ങനെ വിവിധ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം ഓരോ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഇതെല്ലാം ഗവൺമെന്റിന്റെ പൊതുവായിട്ടുള്ള സ്ഥാപനങ്ങളായാണ് നിൽക്കുന്നത്. ഇവയെല്ലാം ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ വച്ചുകൊണ്ട് എങ്ങനെ സംയോജിത പരിപാടിയാക്കാൻ സാധിക്കുമെന്നത് പ്രത്യേകമായി ആലോചിക്കേണ്ട ഒരു ഘട്ടമായെന്നാണ് തോന്നുന്നത്. ആ ആലോചനയിലേയ്ക്ക് ഗവൺമെന്റ് കടക്കാൻ ഉദ്ദേശിക്കുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇപ്പോഴത്തെ മുഖ്യമന്ത്രി സഹകരണ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് CAPE എന്ന ആശയം രൂപപ്പെട്ടത്. അന്ന് വിദ്യാഭ്യാസ കച്ചവടത്തിനെതിരെ നടന്ന വലിയൊരു സമരത്തെത്തുടർന്നാണ് സോഷ്യൽ കമിറ്റ്മെന്റോടുകൂടി സഹകരണ സ്ഥാപനം ആരംഭിക്കണമെന്ന് തീരുമാനിച്ചത്. അതിലൂടെയാണ് CAPE രണ്ട് മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും കേരളത്തിൽ ആരംഭിച്ചത്. ആ കോളേജുകളെപ്പറ്റി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് സൂചിപ്പിച്ചു. ഏതായാലും അദ്ദേഹം ഈ സഭാതലത്തിൽ പറഞ്ഞ പശ്ചാത്തലത്തിൽ, CAPE-നെ സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും അടിയന്തര സംവിധാനത്തെപ്പറ്റി സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>മി. സ്പീക്കർ</u>: ഇതെല്ലാംകൂടി ചേർത്ത് സംയോജിതമായി ചെയ്യാമെന്നാണ് അദ്ദേഹം പറഞ്ഞത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിലെ സഹകരണ പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. 1999 വരെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് വളരെ തുച്ഛമായ പെൻഷനാണ് നൽകുന്നത്. അതൊരു സ്വാശ്രയ പെൻഷൻ പദ്ധതിയാണ്. ഈ പെൻഷൻ പരിഷ്കരിക്കുന്നതിനും പെൻഷൻകാരുടെ പ്രശ്നങ്ങൾക്ക് അനുകൂലമായ ഒരു തീരുമാനമെടുക്കാനും സർക്കാർ തയ്യാറാകുമോ?

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, എന്റെ മണ്ഡലത്തിൽപ്പെടുന്ന ഒരു സഹകരണ ബാങ്കാണ് താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്. കഴിഞ്ഞ കാലങ്ങളിലുണ്ടായ ചില പ്രശ്നങ്ങൾ കാരണം അത് തകരുകയും ജനങ്ങളുടെ പണമെല്ലാം നഷ്ടപ്പെടുകയും ചെയ്ത സ്ഥിതിയിലാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി വളരെ പോസിറ്റീവായി കുറെ നടപടികൾ സ്വീകരിച്ചിരുന്നു. ആ ബാങ്ക് തുടർന്ന് പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള എല്ലാ സഹായങ്ങളും ചെയ്യുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ മൂന്ന് സ്ഥാപനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യം വളരെയേറെ പ്രതീക്ഷ നൽകുന്ന ഒന്നാണ്. ഇപ്പോൾ ഈ സ്ഥാപനങ്ങൾ മുന്നോട്ടുപോകുന്നതിൽ വളരെയേറെ പ്രയാസം നേരിടുന്ന ഒരവസ്ഥയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ട്. CAPE-ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ കഷ്ടിച്ച് 50% മാത്രം ഇൻടേക്ക്, യു.ജി.സി. നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന വലിയ സാമ്പത്തിക ചെലവ് ഇതെല്ലാം കാരണം CAPE-ന് മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥാവിശേഷമാണുള്ളത്.

അതുപോലെതന്നെ CAPE-ന്റെ കീഴിലുള്ള പുന്നപ്രയിലെ ഒരു ആശുപത്രി, അത് നടത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രതിസന്ധി ഇതെല്ലാം CAPE-നെ മുന്നോട്ടു കൊണ്ടുപോകുന്നതിന് വലിയ തടസ്സമായി നിൽക്കുകയാണ്. ഐ.എച്ച്.ആർ.ഡി. ഒരുകാലത്ത് കേരളത്തിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിച്ച വളരെ മെച്ചപ്പെട്ട ഒരു സ്ഥാപനമായിരുന്നു. അതും ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. CAPE-ന്റെ കാര്യത്തിൽ ശമ്പളം കൊടുക്കാൻപോലും ഇപ്പോൾ നിവൃത്തിയില്ല. കടമെടുത്താണ് ശമ്പളം കൊടുക്കുന്നത്. ഐ.എച്ച്.ആർ.ഡി.-ക്ക് ഗവൺമെന്റിന്റെ ചെറിയ സഹായം ലഭിക്കുന്നതുകൊണ്ട് ആ നിലയിൽ പോകുന്നു. ഈ രൂപത്തിൽ ഈ മൂന്ന് സ്ഥാപനങ്ങളേയും എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഈ മൂന്ന് സ്ഥാപനങ്ങളും ചെയ്യുന്നത് ഒരേ ധർമ്മംതന്നെയാണ്. ആ നിലയിലുള്ള ഒരു മാറ്റമുണ്ടാക്കാനായി ആലോചിക്കുന്നുവെന്ന മുഖ്യമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് യഥാർത്ഥത്തിൽ ഈ മൂന്ന് സ്ഥാപനങ്ങളിലേയും ജീവനക്കാരെയും അതുപോലെ സംസ്ഥാനത്തെ സംബന്ധിച്ചും വളരെയേറെ സന്തോഷം നൽകുന്ന ഒരു കാര്യമായിരിക്കും. അത് കഴിയുന്നത്ര വേഗതയിൽ പൂർത്തീകരിക്കുന്നതോടുകൂടി നമുക്ക് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ഇവിടെ ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് ചൂണ്ടിക്കാണിച്ച പ്രശ്നമുണ്ട്. സഹകരണ പെൻഷൻ പദ്ധതി എന്നുപറയുന്നത് ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയാണ്. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ വിരമിക്കുമ്പോൾ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി അതത് സ്ഥാപനങ്ങൾ അടയ്ക്കുന്ന പെൻഷൻ ഫണ്ട് വിഹിതവും ആയത് നിക്ഷേപിച്ച് ലഭിക്കുന്ന പലിശയും ഉപയോഗിച്ചാണ് സഹകരണ പെൻഷൻകാർക്ക് പെൻഷനും അതുപോലെ മറ്റാനുകൂല്യങ്ങളും നൽകിവരുന്നത്. 31-3-2019-ലെ കണക്കുപ്രകാരം പെൻഷൻ ബോർഡിന്റെ കൈവശം 1284.64 കോടി രൂപയുടെ നിക്ഷേപമാണ് നിലവിലുള്ളത്. ഇത് നിലവിലെ പെൻഷൻകാർക്കും ഇപ്പോൾ ജോലിയിൽ തുടർന്നുവരുന്ന ജീവനക്കാർക്കും പെൻഷൻ നൽകുന്നതിനായി സംഘങ്ങൾ അടവാക്കിയ തുകയാണ്. മേൽ തുകയുടെ നിക്ഷേപത്തിന് ലഭിക്കുന്ന പ്രതിമാസ പലിശ ഏകദേശം 8 കോടി രൂപയാണ്. എന്നാൽ പെൻഷൻ ബോർഡിന്റെ കണക്കുപ്രകാരം 31-3-2019-ൽ 19006 പേർക്ക് പെൻഷൻ അനുവദിക്കുന്നതിന് പ്രതിമാസം ഏകദേശം 22.01 കോടി രൂപ ആവശ്യമാണ്. ഇത് പലിശയുടെ വരുമാനത്തെക്കാൾ 14.01 കോടി രൂപ കൂടുതലാണ്. ഇതിനായി നിലവിലെ സ്ഥിര നിക്ഷേപത്തിൽനിന്നും 14 കോടിയോളം രൂപ പിൻവലിക്കേണ്ടിവരികയും അതുവഴി പെൻഷൻ ഫണ്ട് നിക്ഷേപത്തിൽ പ്രതിവർഷം 169.2 കോടി രൂപ കുറവുവരാനിടവരികയും ചെയ്യുന്നുണ്ട്. ഈ സ്ഥിതി തുടരുന്നത് പദ്ധതിയുടെ നിലനിൽപ്പിനെത്തന്നെ ദോഷകരമായി ബാധിക്കാനിടയുണ്ട്.

നിലവിലുള്ള ജീവനക്കാർക്ക് ഭാവിയിൽ പെൻഷൻ നൽകുന്നതിനായി സംഘങ്ങളിൽനിന്നും പെൻഷൻ ഫണ്ട് ഇനത്തിലേയ്ക്ക് പ്രതിമാസം ലഭിച്ചുവരുന്നത് 18.44 കോടി രൂപയാണ്. പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ഏതാണ്ട് 70000 പേരിൽ നിലവിൽ പെൻഷൻ വാങ്ങിവരുന്ന 19006 പേർക്കും സർവ്വീസിൽ തുടർന്നുവരുന്ന 50000-ത്തിലപ്പുറം ജീവനക്കാർക്കും ആജീവനാന്ത പെൻഷൻ ലഭിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. പദ്ധതിയിൽ അംഗമായവരിൽ 50 ശതമാനത്തോളം ജീവനക്കാർ, അടുത്ത 12 വർഷത്തിനകവും ഏതാണ്ട് 4500-ഓളംപേർ അടുത്ത മൂന്ന് വർഷത്തിനിടയിലും 58 വയസ് പൂർത്തിയായി വിരമിക്കാനിരിക്കുന്നവരാണ്. ആയതുകൂടി കണക്കിലെടുത്താൽ പെൻഷൻ ഫണ്ടിന്റെ നീക്കിയിരിപ്പ് തുകയിൽ വലിയ തോതിലുള്ള കുറവ് വരാൻ സാധ്യതയുണ്ട്. പെൻഷൻ സംഘടനകൾ സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. പെൻഷൻ സംഘടനകളുമായി സർക്കാർ വിവിധ ഘട്ടങ്ങളിൽ ചർച്ചകൾ നടത്തേണ്ടതായിട്ടുണ്ട്. പെൻഷൻകാരുടെ ആവശ്യങ്ങളോട് സർക്കാരിന് അനുകൂലമായ നിലപാട് തന്നെ യാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കുറഞ്ഞ പെൻഷൻ 1,500 രൂപ ആയിരുന്നത് 3,000 രൂപയായും ഫാമിലി പെൻഷൻ 1,000 രൂപയിൽനിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 58 വയസ്സിനിടയിൽ മരണപ്പെടുന്ന ജീവനക്കാരന്റെ ആശ്രിതർക്ക് 65 വയസ്സുവരെ ജീവനക്കാരന് അർഹതപ്പെട്ട ഫുൾ പെൻഷൻ അനുവദിക്കുകയും അതോടൊപ്പം നാല് ശതമാനം ക്ഷാമബത്ത വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നിലവിൽ മുഴുവൻ പെൻഷൻകാർക്കും മിനിമം പെൻഷൻ 3,000 രൂപയും ഒൻപത് ശതമാനം ക്ഷാമബത്തയും 500 രൂപ മെഡിക്കൽ അലവൻസും ഉൾപ്പെടെ 3770 രൂപ ലഭിച്ചുവരുന്നു. സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരം നിലവിൽ പെൻഷൻ വാങ്ങി വരുന്നവർക്കും ഭാവിയിൽ പെൻഷൻ പറ്റേണ്ടവർക്കും പെൻഷൻ നൽകുകയെന്ന ബാദ്ധ്യത നിറവേറ്റുന്നതിനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സർക്കാർ രണ്ടംഗ കമ്മീഷനെ നിയോഗി ച്ചിട്ടുണ്ട്. കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലാവധി ഈ മാസം 13-ന് അതായത് നാളെ അവസാനിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാൽ വൈകാതെതന്നെ ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളും. താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത്തരത്തിലുള്ള ചില സംഘങ്ങൾ തട്ടിപ്പിനും വെട്ടിപ്പിനുമൊക്കെ വിധേയമായി പ്രവർത്തനരാഹിത്യത്തിലേയ്ക്ക് പോകുന്നതാണ്. ഇവയെ എങ്ങനെ സംരക്ഷിക്കാൻ സാധിക്കുമെന്നുള്ളത് ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽനിന്ന് ശ്രദ്ധിക്കുകയാണ്.

മി. സ്പീക്കർ: ഇത് ചോദ്യോത്തര വേളയാക്കരുത്...പ്ലീസ്....പ്ലീസ്...

ശ്രീ. ബി. ഡി. ദേവസ്സി: സർ, സംസ്ഥാന സർക്കാരിന്റെ വിവിധ ഫണ്ടുകൾ വിനിയോഗിക്കുന്നതിന്റെ പ്രധാന ഏജൻസിയായി സഹകരണ ബാങ്കുകളെ മാറ്റാൻ കഴിയുമോ? തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഴുവൻ ഇടപെടലുകളും അതത് പ്രദേശത്തെ സഹകരണ സ്ഥാപനങ്ങൾവഴി നടത്താൻ നടപടി സ്വീകരിക്കുമോ? അതുപോലെ പ്രാഥമിക സഹകരണ ബാങ്കുകൾ കേരള ബാങ്കുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ? കേരള ബാങ്കിന് കീഴിൽ സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായൊരു എ.ടി.എം. സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. സഹകരണ ബാങ്കുകളിലെ എ.ടി.എം. കാർഡ് ഉപയോഗിച്ച് മറ്റ് ബാങ്കിൽനിന്നും പണം പിൻവലിക്കാൻ കഴിയുന്ന രീതിയിൽ ഭാവിയിൽ ഈ സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. ഡി. കെ. മുരളി: സർ, സഹകാരികളുടെയും അതുപോലെ ജീവനക്കാരുടെയുമൊക്കെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് നടപടികളെടുക്കുന്ന വകുപ്പിനെ ശ്ലാഘിക്കുകയാണ്. അക്കൂട്ടത്തിലാണ് ചില ബാങ്കുകളിലെങ്കിലും അഴിമതികൾ ഉയർന്നുവരുന്നത്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം സഹകരണ ബാങ്കുമായി ബന്ധപ്പെട്ട അഴിമതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്നാണ് ഞാൻ കരുതുന്നത്. അവിടെ ഒരു യൂത്ത് കോൺഗ്രസ് നേതാവിനെ ഇതുമായി ബന്ധപ്പെട്ട് മാരകമായി മർദ്ദിച്ച വാർത്ത പുറത്തുവന്നിട്ടുണ്ട്. കർഷക കോൺഗ്രസിന്റെ നേതാവായ ശ്രീ. എം. എസ്. അനിലാണ് അവിടത്തെ ബാങ്കിന്റെ പ്രസിഡന്റ്. ആ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി നടപടികളിലേയ്ക്ക് പോകുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, നേരത്തെ ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്ന ഒരു കാര്യമാണ്. തൃശ്ശൂർ ജില്ലയിലെ പുത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഭരണ സമിതിയായിരുന്നു ഭരണം നടത്തിയിരുന്നത്. ഞാൻ രാഷ്ട്രീയം പറയുന്നതല്ല, അവിടെ വലിയ തട്ടിപ്പ് നടക്കുകയും അവസാനം ബാങ്ക് അടച്ചുപൂട്ടൽ ഭീഷണിയിലാകുകയും ചെയ്തു. അവിടെ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് പിരിഞ്ഞുപോകേണ്ട സമയത്ത് ലഭിക്കേണ്ട തുടർ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല, ഏറ്റവും പാവപ്പെട്ട ആളുകൾ താമസിക്കുന്ന മലയോര പ്രദേശത്താണ് പുത്തൂരിലെ സഹകരണ ബാങ്ക് സ്ഥിതി ചെയ്യുന്നത്, അവിടെ ഡെപ്പോസിറ്റ് ചെയ്ത മുഴുവൻ സംഖ്യയും തട്ടിപ്പുനടത്തി ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളായിരുന്ന ആളുകൾ ഉൾപ്പെടെ മുങ്ങിയിരിക്കുകയാണ്. അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ ഒരു

ഘട്ടത്തിൽ ആരംഭിച്ചിരുന്നു. സ്ഥലം സീസ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ നടത്തിക്കൊണ്ട് ഡെപ്പോസിറ്റ് ചെയ്ത ആളുകളുടെ പണം തിരിച്ചുകൊടു ക്കുന്നതിന് നടപടിയുണ്ടാകണം. അതുപോലെ ജീവനക്കാരായി ദീർഘകാലം പ്രവർത്തിച്ചിട്ടുള്ളവർക്ക് വിരമിക്കുന്ന സമയത്ത് അവരുടെ ആനുകൂല്യംപോലും ലഭിക്കാത്ത ഒരു പൊതുസ്ഥിതി നിലനിൽക്കുന്നുണ്ട്, അങ്ങേയ്ക്ക് അക്കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന് വലിയ വളർച്ചയുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ സർക്കാരിനുപോലും പിന്തുണയുമായി സഹകരണ പ്രസ്ഥാനം സജീവമായി നിൽക്കുന്നുണ്ടെന്ന് പറയുമ്പോഴും സംസ്ഥാനത്ത് ചിലഭാഗങ്ങളിൽ സഹകരണ സംഘങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ആളുകൾ ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടിത്തന്നെ കനത്ത അഴിമതി നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം അത്തരം അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത കർശന നിലപാട് സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ബാങ്കിന്റെ തകർച്ചയ്ക്കും ക്ഷീണത്തിനും ഒരുകാരണംതന്നെ മാരായമുട്ടം ബാങ്കാണ്. ഏതാണ്ട് 35 കോടി രൂപയാണ് മാരായമുട്ടം ബാങ്ക് ജില്ലാ ബാങ്കിൽനിന്നും കവർന്നുകൊണ്ടുപോയതെന്ന് വേണമെങ്കിൽ പറയാം. ഇത്തരം ബാങ്കുകൾക്കെതിരെ നിയമം അനുശാസിക്കുന്ന തരത്തിലുള്ള കർശന നടപടികളുമായി മുന്നോട്ട് പോകുന്നതിനോടൊപ്പംതന്നെ നിക്ഷേപകരെ സംരക്ഷിക്കാൻ എന്ത് ചെയ്യാൻ സാധിക്കുമോ അത് പരമാവധി ചെയ്യുന്നതിനുള്ള പരിശ്രമവും നടത്തുന്നുണ്ട്.

ഇപ്പോൾ കേരള ബാങ്ക് രൂപപ്പെട്ടുവന്നിട്ടുണ്ട്. കേരള ബാങ്കിന്റെ കീഴിലുള്ള 825 ബ്രാഞ്ചുകളെയും ഒരു സോഫ്റ്റ്‌വെയറിന്റെ കീഴിൽ കൊണ്ടുവരുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. അടുത്ത ഘട്ടത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും ഇതേരീതിയിലുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിക്കൊടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, അർബൻ ബാങ്കുകളുടെമേൽ റിസർവ് ബാങ്ക് വളരെ ശക്തമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അർബൻ ബാങ്കുകൾ അധികം താമസിയാതെ ഷെഡ്യൂൾഡ് ബാങ്കായി മാറുന്ന സാഹചര്യം, സഹകരണവുമായി ബന്ധമില്ലാതാകുന്ന സാഹചര്യം ഉണ്ടാക്കാനുള്ള ശ്രമമാണ് റിസർവ് ബാങ്ക് നടത്തുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ അർബൻ ബാങ്കുകളെ സഹകരണ മേഖലയിൽത്തന്നെ നിലനിർത്താൻ എന്ത് നടപടി സ്വീകരിക്കാനാണ് അങ്ങ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അർബൻ ബാങ്കുകൾക്ക് നേരത്തെതന്നെ റിസർവ് ബാങ്കിന്റെ കർശന നിയന്ത്രണങ്ങളും മറ്റുമുണ്ടായിട്ടുണ്ട്. സമീപകാലത്ത് ചില പ്രധാനപ്പെട്ട ബാങ്കുകളുടെ തകർച്ച അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ രണ്ട് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ തകർച്ച വലിയ തോതിലുണ്ടായി. അതൊരു അർബൻ ബാങ്കായിരുന്നു. ആ തകർച്ചയുടെ പശ്ചാത്തലത്തിൽ അതെല്ലാം പറഞ്ഞുകൊണ്ടാണ്, ആ തകർച്ച ചൂണ്ടിക്കാണിച്ചു കൊണ്ടാണ്, അവിടെ നടക്കുന്ന കനത്ത അഴിമതി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് റിസർവ് ബാങ്ക് രാജ്യത്തെ മുഴുവൻ അർബൻ ബാങ്കുകളുടെമേലും അന്യായമായ നിയന്ത്രണങ്ങൾ കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തുന്നത്. അർബൻ ബാങ്കുകളെ ഇപ്പോൾ നിലനിർത്തുന്നതുപോലെ നമ്മുടെ സഹകരണ മേഖലയിൽത്തന്നെ നിലനിർത്തിക്കൊണ്ടുപോകുക എന്നതുതന്നെയാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അർബൻ ബാങ്ക് കേരള ബാങ്കിന്റെ ഭാഗമാണ്.

<u>ശ്രീ. വി. ജോയി</u>: സർ, P.A.C.S.-കളെ സംബന്ധിച്ചിടത്തോളം കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നേരത്തെതന്നെ തീരുമാനിച്ചിരുന്നതാണ്. പലയിടത്തും പല സോഫ്റ്റ്‌വെയറുകളാണ് ഇന്ന് നിലനിൽക്കുന്നത്. കേരള ബാങ്ക് വരുന്നതോടുകൂടി ഒരു കോമൺ സോഫ്റ്റ്‌വെയറിലേയ്ക്ക് കൊണ്ടുപോകുന്നതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അതുതന്നെയാണ് സർക്കാർ ആലോചിക്കുന്നത്. അങ്ങനെതന്നെയാണ് മുന്നോട്ടുപോകുന്നത്. അതിനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടുവരികയാണ്. അതിന്റെ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. സെക്കന്റ് ഫേസിലാണ് കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ പൊതുവായൊരു സോഫ്റ്റ്‌വെയറിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുക. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ കേരള ബാങ്കിന്റെ ഭാഗമായുള്ള ബ്രാഞ്ചുകളിലാണ് കൊണ്ടുവരുന്നത്. സെക്കന്റ് ഫേസിലാണ് കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെയും ഒരു സോഫ്റ്റ്‌വെയറിന്റെ കീഴിലാക്കി കൊണ്ടുവരാൻ ശ്രമിക്കുന്നത്. അതിനാവശ്യമായ നടപടികളുമായാണ് മുന്നോട്ടുപോകുന്നത്.

വിനോദസഞ്ചാര വകുപ്പിനെക്കുറിച്ച് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. വിനോദ സഞ്ചാര മേഖലയെ സംബന്ധിച്ചുള്ള നല്ലൊരു ചർച്ച ഞാൻ പ്രതീക്ഷിച്ചിരുന്നു. കാരണം, നമ്മുടെ സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ധാരാളം പദ്ധതികൾ കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ നടത്താൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര

മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഒരു ഉപദേശക സമിതി ചേർന്നിരുന്നു. പ്രസ്തുത സമിതിയിൽ പങ്കെടുത്ത ഈ മേഖലയിലെ വളരെ പ്രമുഖരായ ആളുകൾ കഴിഞ്ഞ ആറ് മാസക്കാലമായി കേരളത്തിലെ വിനോദസഞ്ചാര മേഖലയിലുണ്ടായ വമ്പിച്ച മുന്നേറ്റത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. വളരെ അഭിമാനകരമായി തോന്നിയൊരു കാര്യമാണത്. 57 വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വളരെ പ്രമുഖനായൊരു വ്യവസായി പറഞ്ഞത്, 57 വർഷമായി ഞാൻ ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്, കഴിഞ്ഞ ആറ് മാസക്കാലമായി ഉണ്ടായതുപോലൊരു വലിയ മുന്നേറ്റം എനിക്ക് ഈ മേഖലയിൽ ഒരിക്കലും കാണാൻ സാധിച്ചിട്ടില്ല എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെയാകെ വരുമാനത്തിന്റെ 10% വിനോദസഞ്ചാര മേഖലയുടെ സംഭാവന എന്നുള്ള നിലയിൽ ലഭിക്കുകയാണ്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷക്കാലം എത്രമാത്രം വലിയ പ്രതിസന്ധികളാണ് നമ്മുടെ നാട് നേരിട്ടതെന്നത് ഞാനിവിടെ വിശദീകരിക്കേണ്ട കാര്യമില്ല. സമാനതകളില്ലാത്ത ദുരന്തങ്ങളെയാണ് നമുക്ക് നേരിടേണ്ടിവന്നത്. നമ്മുടെ നാടിനെ ബാധിച്ച നിപ, ഓഖി, മഹാപ്രളയങ്ങൾ, അശാസ്ത്രീയമായ ജി.എസ്.ടി. നിരക്കുകൾ, അവ സൃഷ്ടിച്ച പ്രതിസന്ധികൾ എന്നിവയെല്ലാംതന്നെ വിനോദസഞ്ചാര മേഖലയ്ക്ക് കനത്ത ഭീഷണിയായി വരികയുണ്ടായി. പക്ഷേ, അതിനെയെല്ലാം കാര്യക്ഷമവും ആസൂത്രിതവുമായ പ്രവർത്തനങ്ങളിലൂടെ നമുക്ക് മറികടക്കാൻ സാധിച്ചു. 2019-ലെ സ്ഥിതിവിവരക്കണക്കുകൾ അന്തിമമായി പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ ഏകദേശം രണ്ട് കോടിയോളം വിനോദസഞ്ചാരികളാണ് 2019-ൽ നമ്മുടെ നാട് സന്ദർശിച്ചതായി കാണുന്നത്. കൃത്യമായി പറഞ്ഞാൽ 19574000 വിനോദസഞ്ചാരികൾ. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 17.81 ശതമാനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 8.52 ശതമാനവും വർദ്ധനവ് നേടാൻ നമുക്ക് സാധിച്ചു. ഏറ്റവും പ്രാധാന്യമർഹിക്കുന്നത് വരുമാനത്തിന്റെ കാര്യത്തിലാണ്. കഴിഞ്ഞ വർഷം ടൂറിസം മേഖലയിൽനിന്നും നമ്മുടെ നാടിന് ലഭിച്ച വരുമാനം 45,000 കോടി രൂപയാണ്. ആദ്യമായി 10,000 കോടി രൂപയുടെ വിദേശനാണ്യം കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞു. വരുമാനത്തിന്റെ കാര്യത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 24% വളർച്ചയാണ് നമുക്കുണ്ടായത്. നിരവധി പ്രതിസന്ധികൾക്കിടയിലാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്നത് തികച്ചും അഭിമാനകരമായ കാര്യമാണ്. ഏകദേശം 15 ലക്ഷത്തോളം ആളുകളാണ് നമ്മുടെ സംസ്ഥാനത്ത് ടൂറിസം മേഖലയിൽ ജോലി ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഈ മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള നയസമീപനമാണ് സംസ്ഥാന ടൂറിസം വികസനത്തിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്നത്. ആദ്യംതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് അനുയോജ്യമായൊരു

ടൂറിസം നയം തയ്യാറാക്കി മുന്നോട്ടുപോകുകയാണ് സർക്കാർ ചെയ്തത്. ഈ നയത്തിനനുസരിച്ചുള്ള വികസന പ്രവർത്തനങ്ങളാണ് ടൂറിസം വികസനത്തിന്റെ കാര്യത്തിൽ ഈ കാലയളവിൽ നാം സ്വീകരിച്ചത്.

ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നിരവധി തിരിച്ചടികൾക്കിടയിലും കഴിഞ്ഞ വർഷം വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വലിയ വളർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. കാര്യക്ഷമമായ മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായികളുമായി ചർച്ചചെയ്ത് അവരുടെ അഭിപ്രായംകൂടി പരിഗണിച്ചാണ് മാർക്കറ്റിംഗ് തന്ത്രങ്ങൾ രൂപപ്പെടുത്തിയത്. പ്രത്യേക ഓഫ് സീസൺ കാമ്പയിൻ, ടെലിവിഷൻ/റേഡിയോ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണം, റോഡ് ഷോകൾ സംഘടിപ്പിക്കുക, ടൂറിസം ഫെയറുകളിൽ പങ്കെടുക്കുക, പുതിയ ടൂറിസം ഉല്പന്നങ്ങൾ വികസിപ്പിക്കുക എന്നിവയൊക്കെ മാർക്കറ്റിംഗിന്റെ ഭാഗമായി നടത്തുകയുണ്ടായി. " Human by Nature" എന്ന നമ്മുടെ കാമ്പയിൻ ലോക വ്യാപകമായി ശ്രദ്ധിക്കപ്പെടുകയും ഇതിലൂടെ നമ്മുടെ നാട്ടിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുകയും ചെയ്തു. നിരവധി അംഗീകാരങ്ങളും ഇക്കാലയളവിൽ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. ഏറ്റവും മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള Lonely Planet Magazine Award, PATA Gold Award, ITB Award, മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള WTM Award, National Tourism Award, United Nations Tourism Organization Award എന്നിവയൊക്കെ വളരെ ശ്രദ്ധേയമായ സാർവ്വദേശീയ അംഗീകാരങ്ങളാണ്. അത് നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചു.

അടിസ്ഥാന സൗകര്യ വികസന രംഗത്ത് നിരവധി പദ്ധതികളാണ് ഇക്കാലയളവിൽ നമ്മൾ നടപ്പിലാക്കിയത്. 14 ജില്ലകളിലായി ചെറുതും വലുതുമായ അഞ്ഞൂറോളം ടൂറിസം പദ്ധതികൾക്ക് ഈ സർക്കാർ വന്നതിനുശേഷം ഭരണാനുമതി നൽകിയിട്ടുണ്ട്. 259 പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇപ്പോൾ പുരോഗമിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുമ്പോൾ അടിസ്ഥാന സൗകര്യ വികസന രംഗത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ കുതിച്ചുചാട്ടംതന്നെ ഉണ്ടാകുമെന്നാണ് കരുതുന്നത്. സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുവഴിയും കിഫ്ബി വഴിയും കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതുംകൂടി ചേരുമ്പോൾ 1,698 കോടി രൂപയുടെ ടൂറിസം പദ്ധതികൾക്കാണ് സർക്കാർ അനുമതി നൽകിയത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വലിയ രീതിയിലുള്ള മുന്നേറ്റങ്ങളാണ് ടൂറിസം രംഗത്ത് നടക്കുന്നത്. പക്ഷേ, ഞാൻ മുൻപ് ഒരു പ്രാവശ്യം അങ്ങയോട് സൂചിപ്പിച്ചതാണ്, ടൂറിസം പ്രോജക്ടുകൾ വരുമ്പോൾ അതിന്റെ കൺസ്ട്രക്ഷനിൽ

ക്വാളിറ്റിയുടെ കുറവ് വലിയ രീതിയിലുണ്ട്. എന്റെ നിയോജകമണ്ഡലമായ താനൂരിൽ നാല് വർഷംമുമ്പ് 'ളുവൽതീരം' എന്നൊരു പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ഓടുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതായാണ് കഴിഞ്ഞദിവസം ഞാൻ അവിടെ പോയപ്പോൾ കണ്ടത്. നാല് വർഷമായിട്ടേയുള്ളൂ. അതോടൊപ്പം കഴിഞ്ഞ ദിവസം ഞാൻ അങ്ങയോട് സൂചിപ്പിച്ചു, ശംഖുംമുഖം കടപ്പുറത്ത് ധാരാളം മാലിന്യങ്ങൾ അടിഞ്ഞുകിടക്കുകയാണ്. മത്സ്യത്തൊഴിലാളികൾ വലയിൽനിന്നും തള്ളിക്കളയുന്ന മാലിന്യങ്ങൾ എടുത്തുമാറ്റിയാൽ കടലിൽനിന്നുള്ള പ്ലാസ്റ്റിക് അത്രയെങ്കിലും ഒഴിവായിക്കിട്ടും. അതോടൊപ്പംതന്നെ ആ പരിസരം ശുചീകരിക്കാനും കഴിയും. വർക്ക് ക്വാളിറ്റിയെക്കുറിച്ച് ഒന്നുകൂടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ജില്ലാ ടൂറിസം കമ്മിറ്റികളുടെ കാലാവധി കഴിഞ്ഞതിനാൽ യോഗം ചേരാത്ത അവസ്ഥയുണ്ട്. അടിയന്തരമായി അത് പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ലോഡ്ജുകൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ എന്നിവയുടെയൊന്നും വിവരം ടൂറിസം വകുപ്പിന്റെ കയ്യിലില്ല. കൊറോണപോലുള്ള പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഒരു രജിസ്ട്രേഷൻ സംവിധാനംപോലെ ടൂറിസം വകുപ്പിനുകൂടി അതിന്റെ ഇൻഫർമേഷൻ കിട്ടാവുന്ന നടപടി സ്വീകരിക്കേണ്ടതുണ്ട്. മറ്റൊരു കാര്യം, നമ്മുടെ പല ടൂറിസം പദ്ധതികളും നടപ്പാക്കാൻ തടസ്സമായിട്ടുള്ളത് വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. വനം, ഇറിഗേഷൻ, റവന്യൂ, ലോക്കൽ ബോഡി എന്നീ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം പല കെട്ടിടങ്ങളും പണിതിട്ടും നമ്പർ കിട്ടാത്തതും പല പ്രോജക്ടുകളും നടപ്പാക്കാൻ കഴിയാത്തതുമായ അവസ്ഥയുണ്ട്. അതുകൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനം ഏറ്റവും പ്രധാനപ്പെട്ട കാര്യമായി കാണേണ്ടതുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, വളരെ ശ്രദ്ധേയവും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ടൂറിസം ഡിപ്പാർട്ട്മെന്റ് അങ്ങയുടെ നേതൃത്വത്തിൽ മുന്നോട്ട് പോകുന്ന എന്നതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. കേരളത്തിലാകമാനം ആ നടപടികൾ സ്വീകരിക്കുവാനും കഴിഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ പൊൻമുടി ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. എന്റെ ചോദ്യം, പൊൻമുടി ഭിന്നശേഷി സൗഹൃദ ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനു വേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകാൻ കഴിയുമോ?

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ടൂറിസം സെന്ററുകളിൽ ക്രിയാത്മകമായിട്ടുള്ള പദ്ധതികളായിരുന്ന ഈ സർക്കാർ വന്നതിനുശേഷമുള്ള ഗ്രീൻകാർപെറ്റ് പദ്ധതി, അത് കുറേക്കൂടി ക്രിയാത്മകമായും പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഒരു

മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുമോ; പ്രസിദ്ധമായ രണ്ട് ബീച്ചുകളായ നാട്ടിക, സ്നേഹതീരം എന്നീ പ്രദേശങ്ങളിൽ അങ്ങ് വന്നതിനുശേഷമാണ് കോടിക്കണക്കിന് രൂപയുടെ ഫണ്ട് നൽകി നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. നാട്ടിക ബീച്ചിന്റെ കഫറ്റീരിയയുടെ പ്രവർത്തനംപോലും രണ്ട് വർഷമായി നിർത്തിയിരിക്കുകയാണ്. അത് പരിഹരിക്കാൻ അങ്ങ് ശ്രദ്ധാപൂർവ്വം മുൻകയ്യെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പ്രസംഗം ഒഴിവായ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് രണ്ടു കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. എന്റെ മണ്ഡലത്തിലെ ശ്രീനാരായണാ ട്രോഫിക്ക് വേണ്ടിയുള്ള കന്നേറ്റി വള്ളംകളി ഏതാണ്ട് 80 വർഷക്കാലമായി നടക്കുന്നതാണ്. ബോട്ട് ലീഗിൽ അതുകൂടി ഉൾപ്പെടു ത്തണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്. മതനിരപേക്ഷതയുടെ ഏറ്റവും ശക്തമായ കേന്ദ്രങ്ങളാണ് അമൃതാനന്ദമയി മഠം, ഓച്ചിറ പരബ്രഹ്മ ക്ഷേത്രം എന്നിവ. ഇതെല്ലാംകൂടി ഉൾപ്പെടുത്തി ഒരു പിൽഗ്രിം ടൂറിസം പദ്ധതി ഡെവലപ് ചെയ്യാനുള്ള നിരവധി സാധ്യതകളുണ്ട്. അഷ്ടമുടിക്കായൽ, വട്ടക്കായൽ, ടി.എസ്. കനാൽ, ഇതെല്ലാം കൂടി കൂട്ടിച്ചേർത്ത് അഴീക്കൽ ബീച്ച് ഡെവലപ് ചെയ്യാനുള്ള നടപടി സ്വീകരിച്ചാൽ ഒരു വലിയ വരുമാന സ്രോതസ്സ് നമുക്ക് കണ്ടെത്താൻ കഴിയുന്നതാണ്. അതുകൂടി പരിഗണനയിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കണ്ണൂർ എയർപോർട്ട് വന്നതോടുകൂടി ഉത്തര മലബാറിന്റെ ടൂറിസം രംഗത്ത് വലിയ സാധ്യതകളാണുള്ളത്. മലബാർ റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് ഈ സർക്കാർ മുൻകയ്യെടുത്ത് ആവിഷ്കരിക്കുകയും നടന്നു വരികയുമാണ്. ഈ സാഹചര്യത്തിൽ ഇതുവരെ വേണ്ടത്ര എക്സ്പ്ലോയിറ്റ് ചെയ്യാത്ത ഉത്തര മലബാറിന്റെ അപാര ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഒരു മിനി ട്രാവൽ മാർട്ട് കണ്ണൂരിൽ നടത്താൻ സർക്കാർ തയ്യാറാകുമോ? രണ്ടാമത്തെ ചോദ്യം, മലബാറിൽ ബോട്ട് ലീഗ് മൽസരങ്ങൾ ഇപ്പോൾ നടക്കുന്നില്ല. പൊന്നാനിയിൽ അത്തരമൊരു കാര്യം ആലോചിച്ചിരുന്നുവെങ്കിലും പ്രായോഗികമായ ചില പ്രയാസങ്ങൾ ഉണ്ടായതുകൊണ്ട് അത് നടക്കാതെ പോയിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കണ്ണൂരിൽ വർഷങ്ങളായി മംഗലശ്ശേരി പട്ടുവത്ത് ബോട്ട് റെയ്സ് മൽസരങ്ങൾ നടക്കുന്നുണ്ട്. ബോട്ട് ലീഗ് മൽസരങ്ങളിൽ കണ്ണൂരിനെക്കൂടി ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. ബാബു: സർ, ടൂറിസം വികസനത്തിൽ തെക്കൻ ജില്ലകളെപ്പോലെ തന്നെയാണ് മലബാർ മേഖലയും. മലബാർ മേഖലയിൽ വനവും പച്ചപ്പും ഉള്ളതു പോലെ വന്യമൃഗങ്ങളെ കാണാനും ആസ്വദിക്കാനും കഴിയുന്ന മൂന്ന് കേന്ദ്രങ്ങളുണ്ട്. ഒന്നാമത്തേത് സൈലന്റ് വാലി, രണ്ടാമത്തേത് പറമ്പിക്കുളം വന്യമൃഗസംരക്ഷണ

കേന്ദ്രം, മൂന്നാമത്തേത് പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതി. ഈ മൂന്ന് കേന്ദ്രങ്ങളേയും സംയോജിപ്പിച്ച് ഒരു ട്രയാംഗിൾ ടൂറിസം പദ്ധതി നടപ്പിലാക്കാനുള്ള സാധ്യത വളരെ വലുതാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പാലക്കാട് ജില്ലയിൽ മലമ്പുഴ, ശിരുവാണി, കാഞ്ഞിരപ്പുഴ, പോത്തുണ്ടി, മംഗലം, ചുള്ളിയാർ, മീങ്കര, പറമ്പിക്കുളം മേഖലയിലെ പരിവാർപള്ളം, ത്തുണക്കടവ് എന്നീ ഡാമുകളാണുള്ളത്. ആ പ്രദേശങ്ങളിൽ ഇപ്പോഴും നിരവധി ഏക്കർ ഭൂമിയുണ്ട്. ഈ ഡാമുകളെല്ലാം കോർത്തിണക്കിക്കൊണ്ട് ഒരു ടൂറിസം ഡെസ്റ്റിനേഷൻ ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂരിൽ 'പ്രസാദം' പദ്ധതിയിൽ ഒരു ടൂറിസം ഫെസിലിറ്റേഷൻ സെന്റർ 7 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടകനെ കാത്തിരിക്കുകയാണ്. അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തീയതി നൽകിയെങ്കിലും കേന്ദ്ര ടൂറിസം മന്ത്രികൂടി വന്ന് ഉദ്ഘാടനം ചെയ്യണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആ തീയതി മാറ്റി വച്ചത്. പിന്നീട് പുതുക്കിയ തീയതി ഇതുവരെ കിട്ടിയിട്ടില്ല. 7 കോടി രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യാത്തതുകൊണ്ട് പത്രങ്ങൾ വലിയ തോതിൽ വിമർശനങ്ങൾ ഉന്നയിക്കുകയാണ്. നമ്മുടെ ഡിപ്പാർട്ട്മെന്റുതന്നെ ഉദ്ഘാടനത്തിനുള്ള തീയതി നിശ്ചയിച്ച് മുന്നോട്ട് പോകാമോ എന്ന ചോദ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബഹുമാനപ്പെട്ട മന്ത്രിതന്നെ പ്രവൃത്തി ഉദ്ഘാടനം ചെയ്ത ടൂറിസം കോറിഡോറിൽ വയലിട, കക്കയം, തോണിക്കടവ്, കുരാച്ചുണ്ടിലുള്ള ഇല്ലിത്തോട്ടം ഇങ്ങനെ കുറേ പദ്ധതികൾ ഒരുമിച്ചുള്ളതാണ്. തോണിക്കടവിന്റെ സെക്കന്റ് ഫെയ്സ് കൂടുതൽ ഡിലേയായി വരുന്നുണ്ട്. അതിലൊരു കോർഡിനേഷൻ നടത്താൻ മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. വി. ജോയി: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ 2001-നു ശേഷം ഇത്രയധികം വിദേശ ടൂറിസ്റ്റുകളും ആഭ്യന്തര ടൂറിസ്റ്റുകളും വന്ന ഒരു കാലം വേറെയില്ല. 2019 -ൽ അങ്ങ് ഇവിടെ സൂചിപ്പിച്ച കണക്കുപ്രകാരം ഒരു വലിയ എണ്ണമാണ് അക്കാര്യത്തിൽ വന്നിട്ടുള്ളത്. അങ്ങും ഡിപ്പാർട്ട്മെന്റും എടുത്തിട്ടുള്ള സംയോജിത നടപടികളുടെ ഭാഗമായാണ് ഇത് നടന്നത്. ലോകത്തുതന്നെ അറിയപ്പെടുന്ന ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് വർക്കല. വർക്കലയിൽ അങ്ങ് വന്നതിനുശേഷം കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നമുക്ക് ആരംഭിക്കാൻ സാധിച്ചത്. സമയബന്ധിതമായി ഈ കാലഘട്ടത്തിനുള്ളിൽ അത് പൂർത്തിയാക്കുന്നതിനുവേണ്ട ഒരു അടിയന്തര ശ്രദ്ധ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ചാമ്പ്യൻസ് ബോട്ട് ലീഗ്, ഒരു പക്ഷെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പായിരുന്നു. അത് വളരെ ഇച്ഛാശക്തിയോടുകൂടി എല്ലായിടത്തും നന്നായി കോ-ഓർഡിനേറ്റ് ചെയ്ത് കായംകുളം അടക്കമുള്ള പ്രദേശങ്ങളിൽ നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞു. അതിന് പ്രത്യേകമായി ഞാൻ നന്ദി പറയുകയാണ്. തിരുവനന്തപുരത്ത് വിവിധ കേന്ദ്രങ്ങളെ ഒന്നിപ്പിക്കുന്നതിനുവേണ്ടി ടൂറിസത്തിന്റെ കീഴിൽത്തന്നെ ഒരു ടൂറിസ്റ്റ് ബസ് സർവ്വീസ് നടത്തുന്നുണ്ട്. ഒരു ചെറിയ ജില്ലയായ ആലപ്പുഴയിൽ നിരവധി ടൂറിസ്റ്റ് സ്ഥലങ്ങളുണ്ട്. ഒരുപാട് വിദേശ വിനോദസഞ്ചാരികളും ആഭ്യന്തര വിനോദസഞ്ചാരികളും വരുന്ന ഒരു ജില്ലയാണ്. ഒൻപത് മണ്ഡലങ്ങളിലും വ്യത്യസ്തമായ, നിരവധി ടൂറിസം സങ്കേതങ്ങളുണ്ട്. തിരുവനന്തപുരത്ത് നടപ്പാക്കിയ ആ മാതൃക ആലപ്പുഴ ജില്ലയിലും നടപ്പിലാക്കാൻ അങ്ങ് സഹായിക്കുമോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ചാമ്പ്യൻസ് ബോട്ട് ലീഗ് മാവേലിക്കരയിൽ ദീർഘകാലമായുള്ള ജലോത്സവമാണ്. കഴിഞ്ഞതിന്റെ മുൻ വർഷം നടന്ന അവലോകന യോഗത്തിൽ ഞങ്ങളെ വിളിച്ചിരുന്നു. കഴിഞ്ഞവർഷം ബോട്ട് ലീഗ് ആരംഭിച്ചപ്പോൾ ഞങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. എന്റെയും ശ്രീ. സജി ചെറിയാൻ എം.എൽ.എ.-യുടേയും മണ്ഡലങ്ങളിലെ പ്രദേശങ്ങൾകൂടി ചേർന്ന പ്രദേശമാണത്. ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിൽ ഞങ്ങളെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഏറ്റവും മനോഹരമായ ഭൂപ്രദേശമാണ് അറബിക്കടൽ സംഗമിക്കുന്ന പൊഴിയൂർ പ്രദേശം. അരുവിപ്പുറവും ഈരാറ്റിൻപുറവുമുൾപ്പെടെ നിരവധി ടൂറിസ്റ്റ് പ്രദേശങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിയുന്ന പ്രദേശങ്ങളാണ്. തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ചെങ്കൽ ക്ഷേത്രത്തിനും ക്രിസ്ത്യൻ ആരാധനാലയത്തിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ശ്രീകൃഷ്ണസ്വാമി ക്ഷേത്രമടക്കം സ്ഥിതി ചെയ്യുന്ന വളരെ ചരിത്ര പ്രാധാന്യമുള്ള ഭൂപ്രദേശമാണത്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ അതുമായി ബന്ധപ്പെട്ട് അവിടെ ഒരു വികസനം നടത്താൻ കഴിയുമോ?

<u>ശ്രീ. എം. സ്വരാജ്</u>: സർ, കഴിഞ്ഞ ബോട്ട് ലീഗ് മൽസരങ്ങളെക്കുറിച്ച് ആലോചിച്ചപ്പോൾ അതിന്റെ പ്രാഥമികഘട്ടത്തിൽ 10 കേന്ദ്രങ്ങൾ തീരുമാനിച്ചതിൽ ഒന്നായിരുന്നു പൂത്തോട്ട. എറണാകുളം, കോട്ടയം, ആലപ്പുഴ, ജില്ലകളുടെ അതിർത്തി പങ്കുവയ്ക്കുന്ന വളരെ പ്രാധാന്യമുള്ള സ്ഥലമായിരുന്നു അത്. പ്രാദേശിക സംഘാടക സമിതി ചേർന്ന് ഗംഭീരമായി നടത്താൻ ഒരുങ്ങി നിൽക്കവെയാണ് നമ്മളാരും അറിയാതെ വിദഗ്ദ്ധസംഘം വന്ന് പരിശോധിച്ചതും അവിടെ മൽസരം നടത്താൻ

ഉചിതമല്ലെന്ന് എഴുതി വച്ചതും. നമ്മളോട് പറഞ്ഞിട്ടില്ല. പക്ഷെ അവിടെ നേരത്തെ മൽസരം നടന്നിട്ടുള്ളതാണ്, ധാരാളം ആളുകൾ കാണുകയും ചെയ്തിട്ടുണ്ട്, അപ്പോൾ അതിലെന്തോ ഒരു പിശക് പറ്റിയതാണ്. പിന്നീട് ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ ആ തീരുമാനവുമായി മുന്നോട്ട് പോയതുകൊണ്ട് നമുക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അടുത്ത തവണ അതുകൂടി പരിഗണിച്ച് ആദ്യം നമ്മൾ എടുത്ത തീരുമാനം അവിടെ നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ധാരാളം ചോദ്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ചിട്ടുണ്ട്, നിശ്ചയമായും നമ്മുടെ സംസ്ഥാനത്തെ ടൂറിസം വ്യവസായത്തിലും ടൂറിസം മേഖലയുടെ വളർച്ചയിലും അംഗങ്ങളുടെ താത്പര്യം പ്രകടമാകുന്നതായിരുന്നു എല്ലാ ചോദ്യങ്ങളും. Champions Boat League-നെപ്പറ്റി ചില അംഗങ്ങൾ ചോദിച്ചു, ഇത് നമ്മുടെ സംസ്ഥാനത്തിന്റ ടൂറിസം വ്യവസായത്തിലെ ഒരു പുതിയ ഉത്പന്നമായി അന്താരാഷ്ട്രതലത്തിൽത്തന്നെ നമ്മൾ നന്നായി മാർക്കറ്റ് ചെയ്ത ഒന്നായിരുന്നു. വള്ളംകളി മത്സരങ്ങൾ നടക്കുന്ന ധാരാളം പുഴകൾ കേരളത്തിലുണ്ട്. അന്താരാഷ്ട്ര തലത്തിൽത്തന്നെ ശ്രദ്ധേയമാകുന്ന രീതിയിൽ, കോടിക്കണക്കിന് ആളുകൾ കാണുന്ന തരത്തിലുള്ള ഒരു മത്സരം തങ്ങളുടെ പ്രദേശത്ത് നടത്തണമെന്ന് യഥാർത്ഥത്തിൽ നമുക്കെല്ലാവർക്കും ആഗ്രഹമുണ്ട്. ഇതുസംബന്ധിച്ച് കഴിഞ്ഞ പ്രാവശ്യം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള പരിശോധനയിൽ മത്സരങ്ങൾ നടക്കേണ്ട സ്ഥലങ്ങൾ തീരുമാനി ക്കുകയും ചെയ്തു. എന്നിട്ടും ഒരു സ്ഥലത്തും നമുക്കത് നടത്താൻ സാധിച്ചില്ല. പൊന്നാനിയിൽ പുഴയുടെ കാര്യം മാത്രമാണ് നോക്കിയത്, എന്നാൽ ബോട്ട് കൊണ്ടുപോകുന്ന തിനുള്ള ബുദ്ധിമുട്ട് കമ്മിറ്റി ശ്രദ്ധിച്ചില്ല. അതുകൊണ്ടാണ് പൊന്നാനി മണ്ഡലത്തിലെ ആ പുഴയിൽ മത്സരം നടത്താൻ കഴിയാതെ, നേരത്തേ നടത്തിയ സ്ഥലത്തുതന്നെ രണ്ടാമതും മത്സരം നടത്തേണ്ട അവസ്ഥാവിശേഷമുണ്ടായത്. ഈ പ്രാവശ്യത്തെ കാര്യങ്ങൾ തീരുമാനിക്കുമ്പോൾ അംഗങ്ങളുടെ അഭിപ്രായങ്ങൾ കൂടി മാനിച്ചും എന്നാൽ നമ്മുടെ പരിമിതികൾ മനസ്സിലാക്കിയും അത്തരം മത്സരങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്താമെന്നുമാത്രമാണ് ഇതു സംബന്ധിച്ച് പറയാനുള്ളത്.

പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം, അവയുടെ നിർമ്മാണത്തിൽ ക്വാളിറ്റി വേണ്ടത്ര സൂക്ഷിക്കാൻ കഴിയാതെ പോകുന്ന തുടങ്ങിയ കാര്യങ്ങൾ രണ്ടാമതായി ഇവിടെ അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ദീർഘകാലമായി പദ്ധതികൾ നീണ്ടുപോകുന്നത് നമ്മുടെ മേഖല നേരിടുന്ന ഒരു വലിയ പ്രശ്നം തന്നെയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രസ്തുത വിഷയത്തിൽ ഒരു പരിഹാരം കാണു ന്നതിന് നല്ല പരിശ്രമം നടത്തിയിട്ടുണ്ട്, അതിൽ കുറേയേറെ വിജയിക്കാനും സാധിച്ചിട്ടുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റ് വന്നതിനു

ശേഷം ഏതാണ്ട് അഞ്ഞൂറോളം എ.എസ്. നൽകിയ പദ്ധതികളിൽ 259 പദ്ധതികൾ പൂർത്തിയാക്കാൻ സാധിച്ചു. ബാക്കിയുള്ളവ അഞ്ചാറ് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കും. അതിനുവേണ്ടിയുള്ള ഒരു കണ്ടിന്യൂവസ് സ്റ്റഗിൾ യഥാർത്ഥത്തിൽ നടത്തിയിട്ടുണ്ട്. എല്ലാതലങ്ങളിലും ഇതുമായി ബന്ധപ്പെട്ട കൂടിയാലോചനകൾ, പരിശോധനകൾ, റിവ്യൂ എന്നിവയെല്ലാം നിരന്തരം നടത്തിയാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. 12 വർഷംവരെ നീണ്ടുപോയ പദ്ധതികളും ഈ മേഖലയിലുണ്ടായിരുന്നു, നിർമ്മാണത്തിന്റെ കാര്യത്തിൽ ഇഴയുന്ന കാലമായിരുന്നു നമുക്കുണ്ടായിരുന്നത്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. നമ്മൾ നേരിട്ടിരുന്ന ഒരു പ്രധാന പ്രശ്നം അതായിരുന്നു. ഇത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിരുന്നു. ഏകോപനക്കുറവ് വരുന്ന വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗംചേർന്ന് പരിഹാരം കാണാൻ സാധിക്കുന്ന തരത്തിലുള്ള ഒരു സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ അത്തരത്തിലുള്ള പ്രശ്നങ്ങൾ നമ്മെ അലട്ടുന്നില്ല എന്നതാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഇറിഗേഷൻ, പി.ഡബ്ല്യു.ഡി., റവന്യൂ തുടങ്ങിയ വകുപ്പുകളൊക്കെ അവരവരുടെ വഴിക്കും മറ്റു ബന്ധപ്പെട്ട വകുപ്പുകൾ അവരുടേതായ വഴിക്കും പോകുന്ന അവസ്ഥ നിലനിന്നിരുന്നു. അതുമൂലം പദ്ധതികൾ ഇഴയുന്ന സാഹചര്യം മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. ആ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൃശ്ശൂരിൽ വരുന്ന സാഹചര്യത്തിൽ ഗുരുവായൂരിൽ 'പ്രസാദം' പദ്ധതി പ്രകാരം പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ നേരത്തേ ദിവസം നിശ്ചയിച്ചതായിരുന്നു. കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച പദ്ധതിയായതുകൊണ്ട്, കേന്ദ്രമന്ത്രിമാർ ആ ചടങ്ങിൽ ഉണ്ടാവണമെന്ന അഭിപ്രായം വന്നതുകൊണ്ട് പ്രസ്തുത ചടങ്ങ് മാറ്റിവച്ചതാണ്. നിർഭാഗ്യവശാൽ ദിവസങ്ങളോളം കാത്തിരുന്നിട്ടും അവർക്ക് സൗകര്യപ്പെടാത്ത സാഹചര്യമുണ്ട്. ഏതായാലും ഒരു പരിശ്രമംകൂടി നടത്തിയശേഷം എന്തുവേണമെന്ന് നമുക്ക് ആലോചിക്കാം.

ഉത്തര മലബാറിന് വളരെയേറെ പ്രാധാന്യം ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ടെന്നുള്ള വസ്തുത കഴിഞ്ഞ 4 വർഷക്കാലത്തെ പദ്ധതികൾ എടുത്തുപരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഒരു മിനി ട്രാവൽ മാർട്ട് തുടങ്ങുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് നിശ്ചയമായും നല്ലൊരു ആശയമാണ്. ഗവൺമെന്റ് അക്കാര്യത്തിൽ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. ട്രാവൽ

മാർട്ടുകളൊക്കെ നടക്കുന്നുണ്ട്, അതിൽ ഗവൺമെന്റിന്റെ പിന്തുണയും സഹായവും നൽകും. ഇൻഡസ്ട്രി തന്നെയാണ് മുൻകയ്യെടുത്ത് ട്രാവൽ മാർട്ട് സംഘടിപ്പിക്കേണ്ടത്. ഇൻഡസ്ട്രിയെ മുൻനിർത്തിക്കൊണ്ട് ഉത്തര മലബാറിൽ ഒരു നല്ല ട്രാവൽ മാർട്ട് സംഘടിപ്പിക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് നമുക്ക് തീർച്ചയായും ആലോചിക്കാം എന്നതാണ് പറയാനുള്ളത്.

ഡി.ടി.പി.സി.-യുടെ പുനഃസംഘടന സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് ശരിയാണ്, അത് അടിയന്തരമായി പൂർത്തീകരിക്കും. ഒന്നുരണ്ട് ജില്ലകളിൽ ഇപ്പോൾത്തന്നെ പുനഃസംഘടന പൂർത്തീകരിച്ചിട്ടുണ്ട്, മറ്റുള്ള ജില്ലകളിൽ അടിയന്തരമായി പൂർത്തീകരിക്കും. പൊൻമുടിയെ ഭിന്നശേഷി സൗഹൃദ കേന്ദ്രമാക്കണമെന്ന അംഗത്തിന്റെ അഭിപ്രായം ശരിയാണ്, അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ സംശയം വേണ്ട. നെല്ലിയാമ്പതി, പറമ്പിക്കുളം എന്നിവയുടെ കാര്യം ഞാൻ പിന്നീട് സൂചിപ്പിക്കുന്നതാണ്. തിരുവനന്തപുരത്ത് ഡി.ടി.പി.സി നടത്തുന്നതുപോലുള്ള ഒരു ബസ് സർവ്വീസ് ആലപ്പുഴയിലും നടത്തുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു, തിരുവനന്തപുരത്ത് മാത്രമല്ല, പല കേന്ദ്രങ്ങളിലും അത്തരം സംവിധാനങ്ങളുണ്ട്. അതിരപ്പിള്ളിയുമായി ബന്ധപ്പെട്ടുകൊണ്ട് അവിടത്തെ ഡി.എം.സി. നടത്തുന്ന ബസ് സർവ്വീസ് വളരെ ശക്തമാണ്, ഒരു ബസ്സിൽ ആരംഭിച്ച പദ്ധതിയിൽ ഇപ്പോൾ മൂന്ന് ബസ് ആയിക്കഴിഞ്ഞു. വളരെ ചെറിയൊരു സമിതിയാണ് അത് നടത്തുന്നത്. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ബഹുമാനപ്പെട്ട ആലപ്പുഴയിലെ അംഗത്തിനും നേതൃത്വം കൊടുത്തുകൊണ്ട് സ്ഥലത്തെ ഡി.എം.സി. മുഖാന്തിരം അക്കാര്യം ചെയ്യാം. ഗവൺമെന്റിന്റെ സഹായം ആവശ്യമുണ്ടെങ്കിൽ നല്കാം. ഇത്തരം പ്രവർത്തനങ്ങൾക്കൊക്കെ നേതൃത്വം കൊടുക്കാനും നടത്തിക്കാനും ആളുണ്ടാകണം. എങ്കിൽ മാത്രമേ കാര്യങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ ഒരു നല്ല മാതൃക എന്നുപറയുന്നത്, നിശ്ചയമായും തൃശ്ശൂരിലെ അതിരപ്പിള്ളിയുമായി കണക്ട് ചെയ്ത് നടക്കുന്ന യാത്രാ പരിപാടി തന്നെയാണ്. അവിടെയുള്ള 'സഫാരി' എന്ന പദ്ധതി വളരെ മാതൃകാപരമാണ്. അവരുടെ വരുമാനത്തിൽനിന്നുതന്നെ മൂന്ന് വാഹനങ്ങൾ വാങ്ങാൻ സാധിച്ചു. ഇപ്പോൾ 50 ലക്ഷം രൂപ ഡി.എം.സി.-ക്ക് നീക്കിയിരിപ്പുമുണ്ട്. ആ രൂപത്തിൽ ആലപ്പുഴയിലും ആരംഭിക്കാം. ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പിന്തുണ ആവശ്യമുണ്ടെങ്കിൽ അത് ഗവൺമെന്റിന് നൽകാൻ സാധിക്കും. പക്ഷേ അവയുടെ ഏകോപനം നടത്തേണ്ടതുണ്ട്. പിൽഗ്രിം ടൂറിസത്തിന് വളരെയേറെ പ്രാധാന്യമുണ്ടെന്ന് കണ്ടുകൊണ്ട് ഈ കാലയളവിൽ പിൽഗ്രിം ടൂറിസത്തിന്റെ വികസനത്തിനായുള്ള വിവിധ പദ്ധതികൾ നമ്മുടെ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനായുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. അവിടങ്ങളിൽ എത്തിച്ചേരുന്ന

തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലേയ്ക്കായുള്ള വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ശ്രീകൃഷ്ണസ്വാമി ക്ഷേത്രം എന്നുപറയുന്നത് ചരിത്രപ്രസിദ്ധമായ ക്ഷേത്രമാണ്. അമ്മച്ചിപ്ലാവ് ആ ക്ഷേത്രപരിസരത്താണുള്ളത്. മാർത്താണ്ഡവർമ്മ ഒളിവിലിരുന്നത് അവിടെയാണെന്നാണ് ചരിത്രം പറയുന്നത്. നിശ്ചയമായും പിൽഗ്രിം ടൂറിസത്തിന് വളരെയധികം സാധ്യതയുള്ള സ്ഥലമാണത്. അക്കാര്യം എങ്ങനെ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് നമുക്ക് പരിശോധിക്കാം. തോണിക്കടവ് സെക്കന്റ് ഫേസിന്റെ കാര്യവും നമുക്ക് പരിശോധിക്കാം. ബാക്കികൂടി ഞാൻ പറഞ്ഞുകഴിയുമ്പോഴേക്കും പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം വരുമെന്നാണ് തോന്നുന്നത്. വാഗമൺ എന്ന് പറയുന്നത് നമ്മുടെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമാണെന്ന് ബഹുമാനപ്പെട്ട അംഗം കാണണം, വാഗമണ്ണിലുള്ള പിൽഗ്രിം ടൂറിസത്തിന്റെ സാധ്യതകളെക്കുറിച്ചാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്, അതിനാവശ്യമായ നടപടികൾ നിശ്ചയമായും വരുന്ന ദിവസങ്ങളിൽ നമുക്ക് സ്വീകരിക്കാൻ സാധിക്കും. വാഗമണ്ണിന് മറ്റൊരു അവകാശികൂടിയുണ്ട്, അവർകൂടി പറഞ്ഞുകഴിഞ്ഞിട്ട് ബാക്കി കാര്യങ്ങൾ പറയാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വാഗമൺ ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽനിന്നും ലഭ്യമായ ഫണ്ടും സംസ്ഥാന ഫണ്ടുമെല്ലാം വിനിയോഗിച്ച് സമയബന്ധിതമായി കാര്യങ്ങൾ പൂർത്തിയാക്കുകയും അഡ്വഞ്ചർ പാർക്ക് അടക്കമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കഴിഞ്ഞ കുറച്ച് ദിവസത്തെ പ്രവർത്തനംകൊണ്ടുതന്നെ നല്ലൊരു റിട്ടേൺ ലഭിക്കുന്നുമുണ്ട്. പീരുമേട് ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഒരു ബഡ്ജറ്റ് പ്രൊപ്പോസൽ വന്നിരുന്നെങ്കിലും ഒരു എസ്.പി.വി.-യെ തീരുമാനിച്ച് തരാത്തതുകൊണ്ട് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. അങ്ങ് തന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സെക്രട്ടറിയെ കണ്ടിരുന്നു, ഇതുസംബന്ധിച്ച് ഒരു കൺസപ്റ്റ് നോട്ട് വേണമെന്നാണ് അവിടെനിന്നും പറഞ്ഞത്. കൺസപ്റ്റ് നോട്ട് ഉണ്ടാക്കാനായി INKEL എന്ന ഏജൻസി അവിടെ വന്ന് പഠനം നടത്തി, ഏതാണ്ട് 4 മാസക്കാലം അതിനായി എടുത്തു. ആ പദ്ധതിക്കായുള്ള എസ്.പി.വി.-യെ വേഗത്തിൽത്തന്നെ നിശ്ചയിച്ചുതന്നാൽ, എസ്റ്റിമേറ്റ് തുടങ്ങിയ കാര്യങ്ങൾ സബ്മിറ്റ് ചെയ്യാനും അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോകാനും കഴിയും. ശ്രീ. പി. സി. ജോർജ് ഇവിടെ സൂചിപ്പിച്ചത് ഇതിന്റെ രണ്ടാംഘട്ടമാണ്, പീരുമേട് ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി വാഗമൺ സെക്കന്റ് ഫേസും വരുന്നുണ്ട്. ഇക്കാര്യങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തീർച്ചയായും അത് വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയെപറ്റി ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. പൊതുജന പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കലും സൗന്ദര്യവൽക്കരണവും ഉറപ്പുവരുത്തുന്നതിന് 'ഗ്രീൻ കാർപ്പറ്റ്' എന്നപേരിൽ ഒരു പദ്ധതി ഈ സർക്കാർ വന്നതിനുശേഷം നടപ്പിലാക്കിവരുന്നു. എല്ലാവർഷവും ടൂറിസം സീസണിന്റെ മുന്നോടിയായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഇന്ത്യയിൽതന്നെ നമ്മുടെ സംസ്ഥാനത്താണ്, ഒരു സംസ്ഥാനത്തെ എല്ലാ ഡെസ്റ്റിനേഷനെയും ഒരുമിച്ചെടുത്ത് ഇത്തരമൊരു പദ്ധതി നടപ്പാക്കിയതെന്നത് നിശ്ചയമായും നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയുന്ന കാര്യമാണ്.

പൈതൃക സംരക്ഷണം ടൂറിസം വികസനത്തിൽ സർക്കാർ മുൻഗണന നൽകുന്നൊരു മേഖലയാണ്. വളരെ സമ്പന്നമായൊരു പൈതൃക പാരമ്പര്യമാണ് നമുക്കുള്ളത്. ഇവയെ സംരക്ഷിച്ച് ടൂറിസം ആകർഷകമാക്കി മാറ്റുന്ന 3 പ്രധാനപ്പെട്ട പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി വരുന്നു. അതിൽ പ്രധാനപ്പെട്ടത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച കൊടുങ്ങല്ലൂർ ആസ്ഥാനമായ മുസിരിസ് പൈതൃക പദ്ധതിയാണ്. മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാംഘട്ടം പദ്ധതി പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി 48 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതികൾക്ക് അനുവാദംകൊടുത്തു. പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഈ വർഷം തന്നെ പദ്ധതികൾ പൂർത്തിയാക്കി പൂർണ്ണതോതിൽ പ്രവർത്തിച്ചു തുടങ്ങാൻ സാധിക്കും.

പുരാതന കാലത്ത് മലബാർ മേഖലയിലെ പ്രധാന വ്യാപാര കേന്ദ്രമായ തലശ്ശേരി കേന്ദ്രമാക്കി നടപ്പാക്കുന്ന 'തലശ്ശേരി പൈതൃക സംരക്ഷണ' പദ്ധതിയാണ്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം അനുമതി നൽകിയ മൂന്ന് പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞു. രണ്ടാംഘട്ടം സംസ്ഥാന ഫണ്ട് ഉപയോഗിച്ചുകൊണ്ട് 33 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. ടി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി കണ്ണൂർ, വയനാട് ജില്ലയിലെ പൈതൃക സംരക്ഷണ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഒരു ബൃഹത് പദ്ധതിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതനുസരിച്ച് 61 കേന്ദ്രങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വിശദമായ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. കിഫ്ബി വഴിയുള്ള ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ 123.67 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ അന്തിമ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കും.

മുസിരിസ് തലശ്ശേരി പദ്ധതികളുടെ മാതൃകയിൽ ആലപ്പുഴയിലും ഒരു പൈതൃക പദ്ധതി ആരംഭിച്ചുകഴിഞ്ഞു. നിലവിൽ കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ ആലപ്പുഴയുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ അനുമതി നൽകിയ 28.36 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്. തുടർന്ന് പദ്ധതികൾ വിശാലമാക്കുന്നതിന്റെ ഭാഗമായി 122 കോടി രൂപയുടെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിക്ക് ഇതിനകം കിഫ്ബി അംഗീകാരം നൽകി. ആലപ്പുഴയുടെ തനത് ഉല്പന്നമായ കയർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ ശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം ആരംഭിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാരയോഗ്യമാക്കി വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്. കേരളത്തിന്റെ പൈതൃക സമ്പത്ത് ടൂറിസം വികസനത്തിന് ഉപയോഗപ്പെടുത്താനും ഈ രംഗത്ത് വൻ നേട്ടമുണ്ടാക്കാനും ഈ മൂന്ന് പദ്ധതികൾ പൂർത്തിയാകുമ്പോൾ സാധിക്കുന്നതാണ്. പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായി, തിരുവനന്തപുരം ചാലയും കോഴിക്കോട് മിഠായിത്തെരുവും ഉൾപ്പെടുത്തിയാണ് പൈതൃക തെരുവ് പദ്ധതി നടപ്പാക്കിയത്.

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ആറന്മുള മുതലായ ക്ഷേത്രങ്ങളെ ബന്ധപ്പെടുത്തി 200 കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതി നിലവിൽ നടന്നുവരുന്നുണ്ട്. ഇതിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തോടനുബന്ധിച്ചുള്ള പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞു. കൂടാതെ ഗുരുവായൂർ ക്ഷേത്ര നഗരത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 'പ്രസാദം' പദ്ധതിയിൽ 46 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഇക്കോ ടൂറിസം പദ്ധതിയിൽ പത്തനംതിട്ടയിലെ ഗവി, വാഗമൺ, തേക്കടി എന്നിവ ഉൾപ്പെടുത്തി 100 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കി അതിന്റെ ഉദ്ഘാടനവും കഴിഞ്ഞു. സർക്കാർ മുൻഗണന നൽകിയ മറ്റൊരു മേഖല, മലബാറിന്റെ ടൂറിസം വികസനമാണ്. മലബാറിന്റെ ടൂറിസം സാധ്യത നാം ഇനിയും വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല എന്നതൊരു യാഥാർത്ഥ്യമാണ്. കണ്ണൂർ വിമാനത്താവളം പ്രവർത്തിച്ചു തുടങ്ങിയതോടുകൂടി മലബാറിലെ ടൂറിസം രംഗത്ത് വലിയൊരു കുതിച്ചുചാട്ടമാണ് നാം പ്രതീക്ഷിക്കുന്നത്. ഇതു മുന്നിൽ കണ്ടുകൊണ്ട് പല പ്രധാനപ്പെട്ട ടൂറിസം പദ്ധതികളും മലബാർ മേഖലയിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച എട്ട് പ്രധാനപ്പെട്ട നദികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള റിവർ ക്രൂയിസം പദ്ധതിയാണ് അതിൽ പ്രധാനപ്പെട്ടത്. ഇതിനായി സംസ്ഥാന സർക്കാർ 53 കോടി രൂപയുടെ ഭരണാനുമതി നൽകുകയും

കേന്ദ്ര സർക്കാരിൽനിന്ന് 80 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു. 325 കോടി രൂപയുടെ പദ്ധതിയാണിത്. കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മാനവവിഭവശേഷി വികസനരംഗത്ത് പ്രവർത്തിക്കുന്ന കിഡ്സ്-ന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പുതിയ കോഴ്സുകൾ, പുതിയ പരിശീലന പരിപാടികൾ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഏറ്റെടുത്തിട്ടുള്ള നൂതന പദ്ധതികൾ, ഉത്തര മലബാറിൽ ബി.ആർ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ സ്മൈൽ പദ്ധതി, തെന്മലയിലെ ടൂറിസം ലൈറ്റ് ആന്റ് സൗണ്ട് ഷോ, പാലക്കാട് ആരംഭിച്ച ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സെന്റർ എന്നിവയൊക്കെ സർക്കാരിന്റെ പുതിയ നേട്ടങ്ങളിൽ ഉൾപ്പെടുന്നവയാണ്.

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ചടയമംഗലം ജടായുപാറ ടൂറിസം പദ്ധതി സർക്കാരിന്റെ കാലത്ത് പണിപൂർത്തിയാക്കി പ്രവർത്തിച്ചു തുടങ്ങി. ഏകദേശം 150 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ പദ്ധതി ലോകത്തിൽവച്ച് ശ്രദ്ധിക്കപ്പെട്ട ടൂറിസം പദ്ധതിയായി മാറിക്കഴിഞ്ഞു. ഇതിന്റെ അടുത്തഘട്ടം ഉദ്ഘാടനത്തിന് സജ്ജമായിക്കൊണ്ടിരിക്കുന്നു. നൂറോളം പേർക്ക് പുതിയതായി തൊഴിൽ നൽകാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രവർത്തിപ്പിക്കാനാവശ്യമായ റോഡ്, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഗവൺമെന്റാണ് ഒരുക്കിക്കൊടുത്തത്.

ടൂറിസം മിനിസ്റ്റർ എന്നനിലയിൽ വളരെ സന്തോഷവും അഭിമാനവും തോന്നിയ കാര്യം, ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയ പദ്ധതി നടപ്പിലാക്കിയപ്പോഴാണ്. സമൂഹത്തിൽ പലപ്പോഴും മറന്നുപോകുന്നൊരു വിഭാഗമാണ് ഭിന്നശേഷി വിഭാഗക്കാർ, പ്രായമായവർ, കിടപ്പുരോഗികൾ തുടങ്ങിയവർ. ഇവർ പലപ്പോഴും വീടിനുള്ളിൽ ഒതുങ്ങിപ്പോകുന്ന കാഴ്ചയാണുള്ളത്. നമ്മുടെ ടൂറിസം കേന്ദ്രങ്ങളിൽ ഇത്തരമാളുകൾ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. അത് തികച്ചും ദുഃഖകരമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കിയത്. ഈ രംഗത്ത് നമ്മുടെ പ്രവർത്തനങ്ങൾക്ക് ഐക്യരാഷ്ട്രസഭയുടെ അവാർഡ് ലഭിച്ച വിവരംകൂടി ഈ അവസരത്തിൽ സന്തോഷത്തോടെ അറിയിക്കുകയാണ്.

ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞ മറ്റൊരു മേഖല ഉത്തരവാദിത്ത ടൂറിസം മേഖലയാണ്. ടൂറിസം മേഖലയുടെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കുന്നതിനും ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുകയാണ്

ഉത്തരവാദിത്ത ടൂറിസത്തിന്റെ ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉത്തരവാദിത്ത ടൂറിസം ഏതാനും കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു. എന്നാൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി 2017-ൽ സ്റ്റേറ്റ് ലെവൽ മിഷൻ രൂപീകരിച്ചു. നിലവിൽ 17008 യൂണിറ്റുകൾ മിഷന്റെ ഭാഗമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31432 പേർക്ക് നേരിട്ടും 61549 പേർക്ക് പരോക്ഷമായും RT mission (Responsible Tourism Mission) വഴിയും ജോലി നല്കുന്നുണ്ട്. 24 കോടി രൂപയുടെ വരുമാനം ഇതുവരെ തദ്ദേശീയർക്ക് നല്കാൻ കഴിഞ്ഞു. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ വലിയ പങ്കാണ് മിഷൻ വഹിക്കുന്നത്. നിലവിൽ ആർ.ടി. മിഷൻ വഴി ലഭിക്കുന്ന വരുമാനത്തിൽ 80 ശതമാനത്തിലധികം വനിതകൾക്കാണ് ലഭിക്കുന്നത്. ഇതോടൊപ്പം എടുത്തു പറയാൻ പറ്റിയ മറ്റൊരു നേട്ടമാണ് സംസ്ഥാനത്ത് 'പെപ്പർ' പദ്ധതി ആരംഭിച്ചത്. ഒരു സ്ഥലത്തെ ടൂറിസം പദ്ധതി ആ സ്ഥലത്തെ ജനങ്ങളുടെ കൂടി അഭിപ്രായത്തോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ് 'പെപ്പർ' പദ്ധതി. ഇന്ത്യയിൽ ആദ്യമായി വൈക്കത്താണ് പ്രസ്തുത പദ്ധതി നടപ്പാക്കിയത്. പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ നടപ്പിലാക്കിയ മറ്റു ചില പ്രധാന പദ്ധതികൾകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോവളം ബീച്ച് സമഗ്രമായി നവീകരിക്കുന്നതിന് 20 കോടി രൂപയുടെ ബീച്ച് ടൂറിസം പദ്ധതി, ശംഖുംമുഖത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ശംഖുംമുഖം ബീച്ചിൽ 15 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതി പൂർത്തീകരിക്കുമ്പോഴേക്കും അങ്ങ് പറഞ്ഞിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. കൂടാതെ ആഭ്യന്തര വിനോദസഞ്ചാരികൾക്ക് ഇഷ്ട കേന്ദ്രമായ വേളിയിൽ 52 കോടി രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതിലൊരു ഘടകമായ 'മിനിയേച്ചർ ട്രെയിൻ' പദ്ധതി പൂർത്തിയായിക്കഴിഞ്ഞു. അടുത്തമാസം മുതൽ സഞ്ചാരികൾക്കായി അത് തുറന്നു കൊടുക്കാൻ സാധിക്കും. ഇന്ന് കോഴിക്കോട് ജില്ലയിൽ ടൂറിസം രംഗത്ത് മാതൃകയായി പ്രവർത്തിക്കുന്ന ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇതേ മാതൃകയിൽ ഒരു ക്രാഫ്റ്റ് വില്ലേജ് കോവളത്തിനടുത്ത് വെള്ളാറിൽ പണി പൂർത്തിയായിക്കഴിഞ്ഞു. അത് അടുത്തമാസം മുതൽ പ്രവർത്തിച്ചുതുടങ്ങും. ഇരിങ്ങൽ മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ളൊരു ക്രാഫ്റ്റ് മേളയോടെ വെള്ളാറിൽ ക്രാഫ്റ്റ് വില്ലേജിന്റെ പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

സാഹസിക വിനോദസഞ്ചാരത്തിന് നമ്മുടെ നാട്ടിൽ വലിയൊരു സാധ്യതയാണുള്ളത്. സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കിയതോടൊപ്പംതന്നെ സാഹസിക വിനോദസഞ്ചാര മേഖലയിൽ

സുരക്ഷാമാനദണ്ഡങ്ങൾ തയ്യാറാക്കുകയും ഇതിലേയ്ക്കായി ഒരു രജിസ്ട്രേഷൻ സിസ്റ്റം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് ദേശീയ-അന്തർദ്ദേശീയ നിലവാരമുള്ള 50 സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് താമസ സൗകര്യമൊരുക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് കെ.ടി.ഡി.സി. കെ.ടി.ഡി.സി.-യ്ക്ക് കീഴിൽ മുഴിപ്പിലങ്ങാടും കോഴിക്കോടും പുതിയ ഫൈവ് സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കന്യാകുമാരിയിൽ കേരള ഭവൻ നിർമ്മിക്കാനുള്ള ഭരണാനുമതി ലഭിച്ചു. അടുത്തമാസം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും.

നൂതനമായ പല പദ്ധതികളും വിനോദസഞ്ചാരികൾക്കായി വിജയകരമായി അവതരിപ്പിച്ച് വിജയിച്ച പശ്ചാത്തലത്തിലാണ് ഐ.പി.എൽ. മാതൃകയിൽ വകുപ്പ് ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന നൂതന ടൂറിസം ഉല്പന്നം കഴിഞ്ഞവർഷം സംസ്ഥാനത്ത് അവതരിപ്പിച്ചത്. കഴിഞ്ഞവർഷം 22 കേന്ദ്രങ്ങളിലാണ് ബോട്ട് ലീഗ് സംഘടിപ്പിച്ചത്. ഇത് വലിയ വിജയമായിരുന്നു. ഏകദേശം 15 ലക്ഷത്തോളം ആളുകൾ ബോട്ട് ലീഗ് നേരിൽ കണ്ടിട്ടുണ്ട്. കൂടാതെ ടി.വി. ചാനൽ വഴി 1.88 കോടി ആൾക്കാരും ബോട്ട് ലീഗ് വീക്ഷിച്ചതായി മനസ്സിലാക്കുന്നു. കേരളത്തിന്റെ ടൂറിസം ചരിത്രത്തിൽ ഇത്രയധികം ആളുകൾ നേരിട്ടും അല്ലാതെയും പങ്കെടുത്ത മറ്റൊരു ഇവന്റ് ഇല്ലായെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. ഒരു പുതിയ ടൂറിസം ഉല്പന്നം അവതരിപ്പിച്ചതോടൊപ്പം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ വള്ളംകളി എന്ന കായിക വിനോദത്തെ നിലനിർത്തുന്നതിനും ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിക്കുന്നതിലൂടെ കഴിഞ്ഞു.

MICE (Meetings, Incentives, Conferences, and Events) ടൂറിസത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമാണ് കേരളത്തിലെ ടൂറിസം മേഖലയിലുള്ളത്. ഇത് തിരിച്ചറിഞ്ഞ് MICE ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യാ കൺവെൻഷൻ പ്രൊമോഷൻ ബ്യൂറോയുടെ (ICBP) കേരള ചാപ്റ്റർ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ നടക്കുന്ന കൺവെൻഷനുകൾ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ നമുക്ക് കഴിയും.

ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ആയുർവേദ സ്ഥാപനങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ തുടങ്ങി ടൂറിസ്റ്റുകൾ നേരിട്ട് ബന്ധപ്പെടുന്ന സ്ഥാപനങ്ങൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്നതിനുള്ള ഗൈഡ്‌ലൈൻസ് വർഷങ്ങൾക്കുശേഷം

പുതുക്കി നിശ്ചയിക്കാൻ കഴിഞ്ഞു. ഉത്തരവാദിത്ത ടൂറിസം തത്വങ്ങൾ അനുസരിച്ചുള്ള നിബന്ധനകൾകൂടി ഉൾപ്പെടുത്തിയാണ് പരിഷ്കരിച്ച ഗൈഡ്‌ലൈൻസ് പ്രസിദ്ധീകരിച്ചത്. ഇതുമൂലം ഈ മേഖലയിലെ നിലവാരമുയർത്താനും ചൂഷണം ഒഴിവാക്കാനും ഒരു പരിധിവരെ കഴിയുന്നുണ്ട്.

അടുത്ത സാമ്പത്തികവർഷം ഏറ്റെടുക്കുന്ന പദ്ധതികളെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഒരു ടൂറിസ്റ്റ് കേന്ദ്രം സന്ദർശിക്കുന്ന സഞ്ചാരി പലപ്പോഴും ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നത് വൃത്തിയുള്ള ശുചിമുറിയുടെ അഭാവമാണ്. ഇത് സർക്കാരിന്റെ മുൻഗണനയിലുള്ള ഒരു വിഷയമാണ്. ദിവസേന ആയിരത്തിലേറെ ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന സ്ഥലങ്ങളിൽ എയർപോർട്ട് നിലവാരത്തിൽ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. 165 കോടി രൂപയുടെ ഭരണാനുമതി ഇതിനായി നൽകിയിട്ടുണ്ട്, ഈ വർഷംതന്നെ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതാണ്. വർക്കല ബീച്ച്, പൂക്കോട് തടാകം, കൊല്ലം ബീച്ച്, ഫോർട്ട് കൊച്ചി, പയ്യാമ്പലം ബീച്ച്, ആലപ്പുഴ ബീച്ച്, ബേക്കൽ ബീച്ച്, കാരാപ്പുഴ ഡാം, ബട്ട്റോഡ്, കോഴിക്കോട്, ശംഖുംമുഖം, മൂന്നാർ, മലമ്പുഴ എന്നിവിടങ്ങളിലാണ് ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നത്.

നമ്മുടെ തലസ്ഥാന നഗരത്തിലും പരിസര പ്രദേശങ്ങളിലും അയൽ ജില്ലകളായ കൊല്ലവും പത്തനംതിട്ടയും ഉൾപ്പെടുന്ന പ്രദേശങ്ങളിലും രാജഭരണകാലം മുതൽ നിലനിൽക്കുന്ന നിരവധി പൈതൃക മന്ദിരങ്ങളുണ്ട്. ഇവയെല്ലാം കോർത്തിണക്കി സംരക്ഷിച്ച് ടൂറിസം മേഖലയെ ആകർഷകമാക്കി മാറ്റാനുദ്ദേശിക്കുന്ന 'തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി' ഈ വർഷം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി ഒരു കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാനുള്ള നടപടി പൂർത്തിയായി. ഇത് പൂർത്തിയാകുമ്പോൾ ഏകദേശം 100 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം, അഞ്ചുതെങ്ങ് പ്രദേശങ്ങളിൽ വിശാലമായ ഉൾനാടൻ ജലാശയങ്ങളുടെ വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്ന തിരുവിതാംകൂർ ബാക്ക് വാട്ടർ ക്രൂയിസ് ടൂറിസം പദ്ധതി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. സാഹസിക വിനോദസഞ്ചാരവും ജലകായിക വിനോദങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അന്തിമരൂപം നൽകാനുള്ള പ്രവർത്തനങ്ങൾ KTIL മുഖേന നടന്നുവരികയാണ്. 50 കോടി രൂപ ആകെ ചെലവ് കണക്കാക്കുന്ന ഈ പദ്ധതി ഈ വർഷംതന്നെ പ്രവർത്തനം തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചില അവസരങ്ങളിലെങ്കിലും പലവിധ ചൂഷണങ്ങൾക്കും വിധേയമാകുന്നുണ്ട്. കൂടാതെ ചില അനഭിലഷണീയ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേകമായൊരു ഫോറം നിലവിലില്ല. ഇതിനായി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ബില്ലിന്റെ കരട് തയ്യാറായിക്കഴിഞ്ഞു. ഈ വർഷംതന്നെ ടൂറിസം റെഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതാണ്.

കൂടാതെ മലബാർ മേഖലയിൽ നടപ്പിലാക്കുന്ന മറ്റൊരു ബൃഹത് പദ്ധതിയാണ്, ധർമ്മടം-മുഴപ്പിലങ്ങാട് കടൽത്തീര പ്രദേശം ഒരു അന്താരാഷ്ട്ര ടൂറിസം കേന്ദ്രമാക്കുന്ന സമഗ്ര പദ്ധതി. 233 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി M/s CARE South Asia Pvt Ltd എന്ന സ്ഥാപനത്തെ ടെണ്ടറിലൂടെ തെരഞ്ഞെടുത്തു. പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സർവ്വേ നടപടികൾ പൂർത്തീകരിച്ച് പദ്ധതി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനവത്കരണത്തിൽ ഇന്ന് ലോകം അംഗീകരിച്ചൊരു മാതൃകയാണ് 'മിയാവാക്കി' മാതൃകാ വനവത്കരണ പരിപാടി. 'മിയാവാക്കി' മാതൃകയിൽ ഒരു ചെറുവനം ഇതിനകം കനകക്കുന്നിൽ നടപ്പാക്കിക്കഴിഞ്ഞു. ഈ വർഷം 50 ടൂറിസം കേന്ദ്രങ്ങളിൽ ഈ മാതൃക നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഈ രംഗത്ത് പരിചയമുള്ള ഏജൻസിയെ തെരഞ്ഞെടുത്തുകഴിഞ്ഞു. ഈ വർഷംതന്നെ പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതാണ്. ടൂറിസം പ്രോഡക്ട് എന്നതിനൊപ്പം പ്രകൃതിസംരക്ഷണം കൂടി ലക്ഷ്യമിട്ടാണ് ഇങ്ങനെയൊരു പദ്ധതി കേരളം ടൂറിസം നടപ്പാക്കുന്നത്. പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന്റെ കൈവശമുള്ള 25 ഏക്കർ സ്ഥലമുപയോഗിച്ച് ഫാം ടൂറിസത്തിലധിഷ്ഠിതമായ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ എച്ച്.എൽ.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം പദ്ധതി നടപ്പിലാക്കുന്നതാണ്.

നമ്മുടെ സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരുകയും ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ടൂറിസം മേഖല നമ്മുടെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. അതുകൊണ്ടുതന്നെ ദിശാബോധത്തോടെയും ദീർഘ വീക്ഷണത്തോടെയുമാണ് ഈ മേഖലയിൽ സർക്കാർ ഇടപെടുന്നത്. ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് കൂടുതൽ ലഭ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ കേരളത്തിലെ ടൂറിസം രംഗത്തെ

മാറ്റിയെടുക്കുന്നതിനായി പുതിയ പദ്ധതികളുമായി കേരള ടൂറിസം മുന്നോട്ട് കുതിക്കുകയാണ്. ഈ മേഖലയുടെ വികസനം നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന ബോധ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

ശ്രീ. സി. കെ. നാണു: സർ, ഇരിങ്ങൽ-വടകര കടൽത്തീരത്തെ ടൂറിസം പദ്ധതി നവീകരിക്കുന്നതിനായി പരിശോധനകളെല്ലാം നടന്നിട്ടുണ്ട്. അതിന്റെ പണി ഇപ്രാവശ്യം ആരംഭിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തിന്റെ സാധ്യതയെപ്പറ്റി പരിശോധിക്കാം. ശ്രീനാരായണ ട്രോഫി വള്ളംകളി ലീഗിൽ ഉൾപ്പെടുമെന്നാണ് ഞാൻ പറഞ്ഞത്. അടുത്ത ഐ.പി.എൽ. എവിടെയാണെന്നുള്ളത് കൂട്ടായ ആലോചനയിലൂടെയും വിശദമായ പരിശോധനയിലൂടെയും തീരുമാനിക്കേണ്ടതാണ്. പിൽഗ്രിം ടൂറിസത്തിൽ ഓച്ചിറയും അമൃതാനന്ദമയിമഠവും ഉൾപ്പെടുത്താൻ സാധിക്കുമോയെന്നുള്ളത് പരിശോധിക്കുന്നതാണ്. നിരവധി പ്രതിസന്ധികൾക്കിടയിലും വളർച്ചാനിരക്ക് നിലനിർത്തുന്നതിനും കൂടുതൽ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും കഴിഞ്ഞു. കഴിഞ്ഞ 25 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഏറ്റവും വലിയ വളർച്ചാനിരക്കാണ് കഴിഞ്ഞ ആറ് മാസംകൊണ്ട് ഈ മേഖലയിലുണ്ടായത്. ഇന്നലെ ഞാൻ ടൂറിസം വ്യവസായികളുടെ ഒരു യോഗം വിളിച്ചിരുന്നു. അതിൽ പങ്കെടുത്ത ഒരു വ്യവസായി, അദ്ദേഹം ഇൻഡസ്ട്രിയിലെ പയനിയറാണെന്ന് വേണമെങ്കിൽ പറയാം. അദ്ദേഹം പറഞ്ഞത് തനിക്ക് അമ്പത് വർഷത്തെ അനുഭവ സമ്പത്ത് ഈ മേഖലയിലുണ്ടെന്നും തന്റെ ഇതുവരെയുള്ള ബിസിനസ്സ് അനുഭവത്തിൽ ഏറ്റവും വലിയ ബിസിനസ്സാണ് ഈ വർഷം ലഭിച്ചതെന്നുമാണ്. എല്ലാ വ്യവസായികളും പൊതുവെ അത് അംഗീകരിക്കുന്ന സ്ഥിതിയാണ്. കഴിഞ്ഞ പത്തിരുപത്തഞ്ച് വർഷത്തെ പൊതുവായ ഈ മേഖലയുടെ ചരിത്രം പരിശോധിക്കുമ്പോൾ നിപയും രണ്ട് പ്രളയങ്ങളുമൊക്കെ സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലാണ് ഇത്രയും വലിയ വളർച്ച കൈവരിക്കാൻ സാധിച്ചതെന്നാണ് വ്യവസായികൾ പറഞ്ഞത്. കൊറോണ പടരുന്നത് ടൂറിസം മേഖലയെയാണ് വലിയതോതിൽ ബാധിച്ചത്. ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ കളക്ടർമാർ, ഹോട്ടലുകളിൽ ഓൺലൈൻ ബുക്കിംഗ് പോലും വേണ്ടെന്ന് തീരുമാനിച്ചു. തദ്ദേശവാസികളായിട്ടുള്ളവർ ഹോട്ടലിൽ വന്ന് താമസിക്കുന്നതിന് തടസ്സപ്പെടുത്തേണ്ട കാര്യമില്ല. എന്നാലും ഉത്കണ്ഠയുടെ അടിസ്ഥാനത്തിൽ വേണ്ടെന്ന് തീരുമാനിച്ചു. ഇതെല്ലാം വിനോദ സഞ്ചാരമേഖലയെ ബാധിക്കുകയാണ്. ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതും ബാങ്കിലെ ലോൺ അടയ്ക്കുന്നതും എങ്ങനെയാണെന്ന സങ്കടമാണ് ഇന്നലത്തെ ചർച്ചയിൽ അവർ പങ്കുവച്ചത്. ഗവൺമെന്റ് എങ്ങനെ സഹായിക്കുമെന്നാണ് അവർ

ചോദിക്കുന്നത്. അത്തരം പ്രതിസന്ധിയിൽപോലും നമുക്ക് മുന്നേറാൻ സാധിച്ചു വെന്നുള്ളതാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. സർക്കാരും ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്ന സംരംഭകരും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കു ന്നതുകൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത്. ഇതുവരെ നടപ്പാക്കിയ പദ്ധതികൾ കൂടാതെ ഇപ്പോൾ വിഭാവനം ചെയ്ത പദ്ധതികൾകൂടി നടപ്പിലാക്കുമ്പോൾ ടൂറിസം മേഖലയിൽ ഇനിയും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്ന കാര്യം തീർച്ചയാണ്. നമ്മുടെ നാട്ടിലെ ടൂറിസം മേഖലയിൽ മുൻവർഷത്തേക്കാൾ ഉയർന്ന വളർച്ചാനിരക്കാണ് വരും വർഷങ്ങളിൽ നാം പ്രതീക്ഷിക്കുന്നത്. നിരവധി നേട്ടങ്ങൾക്കിടയിലും ചില ആശങ്കകൾകൂടി നാം കാണാതിരുന്നുകൂടാ. ഇന്ന് ലോകമാകമാനം കോവിഡ്-19 എന്ന രോഗം സൃഷ്ടിച്ച ഭീതിയിലാണ്. എല്ലാ രാജ്യങ്ങളിലെയും ടൂറിസം മേഖലയെയാണ് ഇത് ഏറ്റവും ആദ്യം ബാധിച്ചത്. സ്വാഭാവികമായും നമ്മുടെ നാടും വ്യത്യസ്തമല്ല. റിക്കോർഡ് വരുമാനവും ഉയർന്ന വളർച്ചാനിരക്കും മുൻകാലങ്ങളെക്കാൾ വിദേശനാണ്യം നേടി വലിയനേട്ടം കൈവരിച്ച സമയത്താണ് ഇപ്പോഴത്തെ കൊറോണ ഭീതി ടൂറിസം മേഖലയെ ബാധിച്ചിരിക്കുന്നത്. എന്നാൽ നിരവധി പ്രതിസന്ധി തരണം ചെയ്താണ് നാം ഈ നേട്ടത്തിലേയ്ക്കെത്തിയത്. അതുകൊണ്ടുതന്നെ ഇപ്പോൾ നേരിടുന്ന ദുർഘടമായ സമയവും അതിവേഗം തരണം ചെയ്ത് ഇന്ത്യയിലെ മികച്ച ടൂറിസം സംസ്ഥാനമെന്ന സ്ഥാനം നാം നിലനിർത്തുമെന്നാണ് എന്റെ പ്രത്യാശ. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നിസാരമായ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ചർച്ചയിൽനിന്നും ഒഴിവായതിലുള്ള പ്രയാസം എനിക്കുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ സഭയിലുണ്ടല്ലോ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് ഭരണപക്ഷവും പ്രതിപക്ഷവുമാണ്. കൂടുതലും ഭരണപക്ഷത്താണ്, ഇടയ്ക്ക് പ്രതിപക്ഷത്താണെന്ന നിലയാണ് ഞങ്ങൾ കാണുന്നത്. ആ നിലയിൽ അങ്ങ് മാത്രമാണ് ഗൗരവത്തോടെ ഇതിൽ സഹകരിച്ചത്. ബാക്കിയുള്ളവരും സഹകരിക്കേണ്ടതായിരുന്നു. കാരണം രണ്ടും വളരെ പ്രധാനപ്പെട്ട വകുപ്പുകളാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സഹകരണ മേഖലയും ടൂറിസം മേഖലയും നേരിടുന്ന പ്രശ്നങ്ങൾ ഗൗരവത്തോടെ ചർച്ചചെയ്ത് പരിഹാരം കാണാനും ഗവൺമെന്റിനെ മുന്നോട്ട് നയിക്കാനുമുള്ള ബാധ്യത പ്രതിപ ക്ഷത്തിനുണ്ടായിരുന്നുവെന്നുള്ള കാര്യംകൂടി ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടു ത്തുകയാണ്. അവർ അതിൽനിന്ന് ഒഴിഞ്ഞുമാറിയത് കഷ്ടമായിപ്പോയെന്ന് മാത്രമേ പറയാൻ സാധിക്കൂ. ഏതായാലും ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിച്ചുകൊണ്ട് നിശ്ചയമായും വരുന്നവർഷം, ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പുതന്നെ, ഏറ്റെടുത്ത പദ്ധതികളെല്ലാം

പൂർത്തീകരിച്ച് ജനങ്ങൾക്ക് സമ്മാനിക്കുന്ന നിലയിൽ വേഗതയോടെ മുന്നോട്ട് പോകുന്നതാണ്. മന്ത്രിയെന്ന നിലയിലോ വകുപ്പെന്ന നിലയിലോ ഗവൺമെന്റെന്ന നിലയിലോ മാത്രം പ്രവർത്തിച്ചാൽ പോരാ, എല്ലാ അംഗങ്ങളും മുൻകയ്യെടുത്ത് അവരവരുടെ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും കൃത്യമായി മോണിറ്ററിംഗ് നടത്താനും ശക്തമായ ഇടപെടൽ നടത്താനും തയ്യാറായാൽ മാത്രമേ സമയബന്ധിതമായി ഇതെല്ലാം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ഈ രണ്ട് വകുപ്പിന്റെ കാര്യത്തിലും നിങ്ങളുടെ ആത്മാർത്ഥമായ പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് വിനയപുരസ്സരം അപേക്ഷിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ

10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ഡോ. കെ. ടി. ജലീൽ
15. ശ്രീ. ജി. എസ്. ജയലാൽ
16. ശ്രീ. കെ. യു. ജനീഷ് കുമാർ
17. ശ്രീ. ജോൺ ഫെർണാണ്ടസ്
18. ശ്രീ. വി. ജോയി
19. ശ്രീ. ഒ. ആർ. കേളു
20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. എം. എം. മണി
22. ശ്രീ. കെ. ജെ. മാക്സി
23. ശ്രീ. മുഹമ്മദ് മുഹസിൻ പി.
24. ശ്രീ. എം. മുകേഷ്
25. ശ്രീ. ഡി. കെ. മുരളി
26. ശ്രീ. സി. കെ. നാണു
27. ശ്രീ. യു. ആർ. പ്രദീപ്
28. ശ്രീ. എ. പ്രദീപ്കുമാർ
29. ശ്രീ. വി. കെ. പ്രശാന്ത്
30. ശ്രീ. കെ. ഡി. പ്രസേനൻ
31. ശ്രീമതി യു. പ്രതിഭ
32. ശ്രീ. പി. ടി. എ. റഹീം
33. ശ്രീ. എം. രാജഗോപാലൻ
34. ശ്രീ. ആർ. രാജേഷ്
35. ശ്രീ. റ്റി. വി. രാജേഷ്

36. ശ്രീ. കെ. രാജു
37. ശ്രീ. ആർ. രാമചന്ദ്രൻ
38. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
39. ശ്രീ. എ. എൻ. ഷംസീർ
40. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
41. ശ്രീ. എം. സ്വരാജ്
42. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
43. ശ്രീ. പി. ഉണ്ണി
44. ശ്രീമതി വീണാ ജോർജ്ജ്
45. ശ്രീ. ഇ. കെ. വിജയൻ

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 45

പ്രതികൂലിക്കുന്നവർ - ആരുമില്ല.

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ......... ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് മാസം 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.13-ന് പിരിഞ്ഞു.)

## അനുബന്ധം - 1

നക്ഷത്രചിഹ്നമിട്ട 211-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ (എ)-
പിരിവിന്റെ മേശപ്പുറത്തുവച്ച ഭാഗം

### വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ നടപ്പിലാക്കുന്ന ബ്ലോക്കുകൾ

| ജില്ല | ബ്ലോക്ക് | മൃഗാശുപത്രി |
|---|---|---|
| (1) | (2) | (3) |
| വയനാട് | കൽപ്പറ്റ | ജില്ലാ വെറ്ററിനറി കേന്ദ്രം, കൽപ്പറ്റ |
| | മാനന്തവാടി | വെറ്ററിനറി പോളിക്ലിനിക്, മാനന്തവാടി |
| | സുൽത്താൻ ബത്തേരി | വെറ്ററിനറി ഹോസ്പിറ്റൽ, മീനങ്ങാടി |
| | പനമരം | വെറ്ററിനറി ഹോസ്പിറ്റൽ, പുൽപ്പള്ളി |
| എറണാകുളം | അങ്കമാലി | കാലടി മൃഗാശുപത്രി |
| | കൂവപ്പടി | വളയൻചിറങ്ങര മൃഗാശുപത്രി |
| | മൂവാറ്റുപുഴ | വെറ്ററിനറി പോളിക്ലിനിക് മൂവാറ്റുപുഴ |
| | നോർത്ത് പറവൂർ | വെറ്ററിനറി പോളിക്ലിനിക്, നോർത്ത് പറവൂർ |
| | വാഴക്കുളം | കിഴക്കമ്പലം മൃഗാശുപത്രി |
| | കോതമംഗലം | ഊന്നുകൽ മൃഗാശുപത്രി |
| | മുളന്തുരുത്തി | വെറ്ററിനറി പോളിക്ലിനിക്, മുളന്തുരുത്തി |
| | കൊച്ചി നഗരസഭ | ജില്ലാ വെറ്ററിനറി കേന്ദ്രം, എറണാകുളം |

| (1) | (2) | (3) |
|---|---|---|
| മലപ്പുറം | മലപ്പുറം | ജില്ലാ വെറ്ററിനറി കേന്ദ്രം, മലപ്പുറം |
| | കൊണ്ടോട്ടി | വെറ്ററിനറി ഹോസ്പിറ്റൽ, കൊണ്ടോട്ടി |
| | വണ്ടൂർ | വെറ്ററിനറി ഹോസ്പിറ്റൽ, വണ്ടൂർ |
| | നിലമ്പൂർ | വെറ്ററിനറി ഹോസ്പിറ്റൽ, നിലമ്പൂർ |
| | പെരിന്തൽമണ്ണ | വെറ്ററിനറി പോളിക്ലിനിക്, പെരിന്തൽമണ്ണ |
| | തിരൂർ | വെറ്ററിനറി പോളിക്ലിനിക്, തിരൂർ |
| | പൊന്നാനി | വെറ്ററിനറി പോളിക്ലിനിക്, ഈശ്വരമംഗലം |
| തൃശ്ശൂർ | അന്തിക്കാട് | വെറ്ററിനറി പോളിക്ലിനിക്, അന്തിക്കാട് |
| | ചാലക്കുടി | വെറ്ററിനറി ഹോസ്പിറ്റൽ, ചാലക്കുടി |
| | ചൊവ്വന്നൂർ | വെറ്ററിനറി പോളിക്ലിനിക്, കുന്നംകുളം |
| | കൊടകര | വെറ്ററിനറി ഹോസ്പിറ്റൽ, ആമ്പല്ലൂർ |
| | മതിലകം | വെറ്ററിനറി ഹോസ്പിറ്റൽ, മതിലകം |
| | മാള | വെറ്ററിനറി പോളിക്ലിനിക്, കൊടുങ്ങല്ലൂർ |
| | പഴയന്നൂർ | വെറ്ററിനറി ഹോസ്പിറ്റൽ, പഴയന്നൂർ |
| | തളിക്കുളം | വെറ്ററിനറി ഹോസ്പിറ്റൽ, വലപ്പാട് |

| (1) | (2) | (3) |
|---|---|---|
| ഇടുക്കി | അടിമാലി | വെറ്ററിനറി ഹോസ്പിറ്റൽ, അടിമാലി |
| | ദേവികുളം | വെറ്ററിനറി പോളിക്ലിനിക്, മൂന്നാർ |
| | നെടുങ്കണ്ടം | വെറ്ററിനറി ഹോസ്പിറ്റൽ, നെടുങ്കണ്ടം |
| | ഇടുക്കി | വെറ്ററിനറി ഡിസ്പെൻസറി, വാത്തിക്കുടി |
| | കട്ടപ്പന | വെറ്ററിനറി പോളിക്ലിനിക്, കട്ടപ്പന |
| | തൊടുപുഴ | ജില്ലാ വെറ്ററിനറി കേന്ദ്രം, തൊടുപുഴ |
| | അഴുത | വെറ്ററിനറി ഡിസ്പെൻസറി, കുമിളി |
| തിരുവനന്തപുരം | അതിയന്നൂർ | വെറ്ററിനറി ഡിസ്പെൻസറി, വെണ്ണിയൂർ |
| | വെള്ളനാട് | വെറ്ററിനറി ഡിസ്പെൻസറി, വെള്ളനാട് |
| | നെടുമങ്ങാട് | വെറ്ററിനറി ഡിസ്പെൻസറി, ആനാട് |
| | പോത്തൻകോട് | വെറ്ററിനറി ഹോസ്പിറ്റൽ, കൊയ്ത്തൂർക്കോണം |
| | നേമം | വെറ്ററിനറി ഡിസ്പെൻസറി, വിളപ്പിൽ |

| (1) | (2) | (3) |
|---|---|---|
| | തിരുവനന്തപുരം കോർപ്പറേഷൻ | ജില്ലാ വെറ്ററിനറി കേന്ദ്രം, തിരുവനന്തപുരം |
| | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | വെറ്ററിനറി ഹോസ്പിറ്റൽ, നെയ്യാറ്റിൻകര |
| | വാമനപുരം | വെറ്ററിനറി ഡിസ്പെൻസറി, പാലോട് |
| | ചിറയിൻകീഴ് | വെറ്ററിനറി ഹോസ്പിറ്റൽ, ചിറയിൻകീഴ് |
| | പെരുങ്കടവിള | വെറ്ററിനറി ഡിസ്പെൻസറി, പെരുങ്കടവിള |
| പത്തനംതിട്ട | കോന്നി | വെറ്ററിനറി ഹോസ്പിറ്റൽ, കോന്നി |
| | റാന്നി | വെറ്ററിനറി ഹോസ്പിറ്റൽ, വടശ്ശേരിക്കര |
| | പന്തളം | വെറ്ററിനറി ഡിസ്പെൻസറി, തട്ടയിൽ |
| | കോയിപ്പുറം | വെറ്ററിനറി ഹോസ്പിറ്റൽ, പുല്ലാട് |
| | പറക്കോട് | വെറ്ററിനറി ഹോസ്പിറ്റൽ, കൊടുമൺ |
| | മല്ലപ്പള്ളി | വെറ്ററിനറി ഹോസ്പിറ്റൽ, മല്ലപ്പള്ളി |
| | ഇലന്തൂർ | വെറ്ററിനറി ഡിസ്പെൻസറി, ഇലന്തൂർ |
| | കൊല്ലം കോർപ്പറേഷൻ | ജില്ലാ വെറ്ററിനറി കേന്ദ്രം, കൊല്ലം |
| | കുന്നത്തൂർ | വെറ്ററിനറി ഹോസ്പിറ്റൽ, കുന്നത്തൂർ |

| (1) | (2) | (3) |
|---|---|---|
| കൊല്ലം | കൊട്ടാരക്കര | വെറ്ററിനറി ഹോസ്പിറ്റൽ, കൊട്ടാരക്കര |
| | പത്തനാപുരം | വെറ്ററിനറി പോളിക്ലിനിക്, പുനലൂർ |
| | അഞ്ചൽ | വെറ്ററിനറി ഹോസ്പിറ്റൽ, അഞ്ചൽ |
| | ഇത്തിക്കര | വെറ്ററിനറി ഹോസ്പിറ്റൽ, ചാത്തന്നൂർ |
| | ചടയമംഗലം | വെറ്ററിനറി ഹോസ്പിറ്റൽ, കടയ്ക്കൽ |
| | ഓച്ചിറ | വെറ്ററിനറി പോളിക്ലിനിക്, കരുനാഗപ്പള്ളി |
| | വെട്ടിക്കവല | വെറ്ററിനറി ഡിസ്പെൻസറി, വയയ്ക്കൽ |
| കോട്ടയം | ഏറ്റുമാനൂർ | വെറ്ററിനറി ഹോസ്പിറ്റൽ, ഏറ്റുമാനൂർ |
| | ളാലം | വെറ്ററിനറി പോളിക്ലിനിക്, പാല |
| | വാഴൂർ | വെറ്ററിനറി ഹോസ്പിറ്റൽ, വാഴൂർ |
| | മാടപ്പള്ളി | വെറ്ററിനറി പോളിക്ലിനിക്, ചങ്ങനാശ്ശേരി |
| | കാഞ്ഞിരപ്പള്ളി | വെറ്ററിനറി പോളിക്ലിനിക്, കാഞ്ഞിരപ്പള്ളി |
| | കടുത്തുരുത്തി | വെറ്ററിനറി ഹോസ്പിറ്റൽ, തലയോലപ്പറമ്പ് |
| | പള്ളം | ജില്ലാ വെറ്ററിനറി കേന്ദ്രം, കോട്ടയം |

| (1) | (2) | (3) |
|---|---|---|
| | വൈക്കം | വെറ്ററിനറി ഹോസ്പിറ്റൽ, വൈക്കം |
| ആലപ്പുഴ | അമ്പലപ്പുഴ | ജില്ലാ വെറ്ററിനറി കേന്ദ്രം, ആലപ്പുഴ |
| | ചെങ്ങന്നൂർ | വെറ്ററിനറി പോളിക്ലിനിക്, ചെങ്ങന്നൂർ |
| | തൈക്കാട്ടുശ്ശേരി | വെറ്ററിനറി ഹോസ്പിറ്റൽ, തൈക്കാട്ടുശ്ശേരി |
| | ആര്യാട് | വെറ്ററിനറി ഹോസ്പിറ്റൽ, കലവൂർ |
| | ഭരണിക്കാവ് | വെറ്ററിനറി ഹോസ്പിറ്റൽ, കറ്റാനം |
| കോഴിക്കോട് | തോടന്നൂർ | വെറ്ററിനറി ഡിസ്പെൻസറി, തോടന്നൂർ |
| | തൂണേരി | വെറ്ററിനറി ഹോസ്പിറ്റൽ, തൂണേരി |
| | കുന്നമ്മൽ | വെറ്ററിനറി ഹോസ്പിറ്റൽ, കുന്നമ്മൽ |
| | പേരാമ്പ്ര | വെറ്ററിനറി പോളിക്ലിനിക്, പേരാമ്പ്ര |
| | പന്തലായിനി | വെറ്ററിനറി ഹോസ്പിറ്റൽ, കൊയിലാണ്ടി |
| | ബാലുശ്ശേരി | വെറ്ററിനറി ഹോസ്പിറ്റൽ, ബാലുശ്ശേരി |
| | കുന്ദമംഗലം | വെറ്ററിനറി ഹോസ്പിറ്റൽ, കുന്ദമംഗലം |
| | ചേളന്നൂർ | വെറ്ററിനറി ഡിസ്പെൻസറി, ചേളന്നൂർ |

| (1) | (2) | (3) |
|---|---|---|
| | പാലക്കാട് | ജില്ലാ വെറ്ററിനറി കേന്ദ്രം, പാലക്കാട് |
| | മലമ്പുഴ | വെറ്ററിനറി ഡിസ്പെൻസറി, മലമ്പുഴ |
| | പട്ടാമ്പി | വെറ്ററിനറി ഹോസ്പിറ്റൽ, പട്ടാമ്പി |
| | ശ്രീകൃഷ്ണപുരം | വെറ്ററിനറി ഹോസ്പിറ്റൽ, ശ്രീകൃഷ്ണപുരം |
| പാലക്കാട് | ആലത്തൂർ | വെറ്ററിനറി ഹോസ്പിറ്റൽ, വടക്കഞ്ചേരി |
| | ഒറ്റപ്പാലം | വെറ്ററിനറി പോളിക്ലിനിക്, ഒറ്റപ്പാലം |
| | അട്ടപ്പാടി | വെറ്ററിനറി ഹോസ്പിറ്റൽ, അഗളി |
| | മണ്ണാർക്കാട് | വെറ്ററിനറി പോളിക്ലിനിക്, മണ്ണാർക്കാട് |
| | നെന്മാറ | വെറ്ററിനറി ഹോസ്പിറ്റൽ, നെന്മാറ |
| | കൊഴിഞ്ഞാമ്പാറ | വെറ്ററിനറി ഹോസ്പിറ്റൽ, കൊഴിഞ്ഞാമ്പാറ |
| | മഞ്ചേശ്വരം | വെറ്ററിനറി ഹോസ്പിറ്റൽ, മഞ്ചേശ്വരം |
| കാസർഗോഡ് | കാസർഗോഡ് | ജില്ലാ വെറ്ററിനറി കേന്ദ്രം, കാസർഗോഡ് |

| (1) | (2) | (3) |
|---|---|---|
| | കാഞ്ഞങ്ങാട് | വെറ്ററിനറി ഹോസ്പിറ്റൽ, കാഞ്ഞങ്ങാട് |
| | നീലേശ്വരം | വെറ്ററിനറി ഹോസ്പിറ്റൽ, നീലേശ്വരം |
| | പരപ്പ | വെറ്ററിനറി ഹോസ്പിറ്റൽ, കൊന്നക്കാട് |
| കണ്ണൂർ | കൂത്തുപറമ്പ് | വെറ്ററിനറി ഹോസ്പിറ്റൽ, കൂത്തുപറമ്പ് |
| | പയ്യന്നൂർ | വെറ്ററിനറി പോളിക്ലിനിക്, പയ്യന്നൂർ |
| | ഇരിട്ടി | വെറ്ററിനറി പോളിക്ലിനിക്, ഇരിട്ടി |
| | കണ്ണൂർ | ജില്ലാ വെറ്ററിനറി കേന്ദ്രം, കണ്ണൂർ |
| | തലശ്ശേരി | വെറ്ററിനറി പോളിക്ലിനിക്, തലശ്ശേരി |
| | പേരാവൂർ | വെറ്ററിനറി ഹോസ്പിറ്റൽ, പേരാവൂർ |
| | തളിപ്പറമ്പ് | വെറ്ററിനറി പോളിക്ലിനിക്, തളിപ്പറമ്പ് |
| | ഇരിക്കൂർ | വെറ്ററിനറി പോളിക്ലിനിക്, ചെമ്പൻതൊട്ടി |
| | പാനൂർ | വെറ്ററിനറി ഡിസ്പെൻസറി, കുറ്റിയിൽ പീടിയ |

## അനുബന്ധം-II

## സബ്മിഷൻ

(1) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിലനിൽക്കുന്ന ഭൂമി നഗരസഭയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

തലശ്ശേരി താലൂക്ക്, തലശ്ശേരി ദേശം വാർഡ് 5, ബ്ലോക്ക് 10, റ്റി.എസ്. 166/1-ൽ ഉൾപ്പെട്ട സ്റ്റേഡിയം നിലനിൽക്കുന്നത് ഉദ്ദേശം 2.2267 ഹെക്ടർ ഭൂമിയിലാണ്. ടി ഭൂമി തലശ്ശേരി, കണ്ണൂർ ദേശീയ പാതയോട് ചേർന്ന് നിൽക്കുന്നതും സബ് കളക്ടറുടെ ഓഫീസ്, സായികേന്ദ്രം, ഓവർബറീസ് ഹോളി, തലശ്ശേരി മിനി സിവിൽ സ്റ്റേഷൻ എന്നിവയുടെ അരികിലായാണ് സ്ഥിതിചെയ്യുന്നത്. തലശ്ശേരി സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന ഭൂമി വില്ലേജ് റെക്കോർഡുകൾ പ്രകാരം റവന്യൂ പുറമ്പോക്ക് ഭൂമിയാണ്. ടി സ്റ്റേഡിയത്തിൽ നവീകരണ പ്രവൃത്തികളായ പവലിയൻ നിർമ്മാണവും ട്രാക്ക് നിർമ്മാണവും കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് നടത്തുന്നത്. കേരള സർക്കാരിന്റെ ജി.ഒ. (ആർ.ടി.)95/17/എസ്.വൈ.എ. 15-5-2017 ഉത്തരവുപ്രകാരം മേൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള സ്റ്റേഡിയം നവീകരണ പ്രവൃത്തി കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണെന്നും കിറ്റ്കോ ലിമിറ്റഡ് പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് എം.സി. ലക്ഷ്മണന് സബ് കോൺട്രാക്ട് നൽകിയിട്ടുള്ളതാണെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. സർക്കാർ പുറമ്പോക്കുകളായ പൊതുസ്ഥലങ്ങൾ/മൈതാനങ്ങൾ/കോട്ടകൾ/ സ്റ്റേഡിയം തുടങ്ങിയവയുടെ ഉടമസ്ഥാവകാശം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള നിർദ്ദേശങ്ങൾ ഒഴിവാക്കേണ്ടതും അനിവാര്യതയുടെ അടിസ്ഥാനത്തിൽ അത്തരം ഭൂമിയുടെ സംരക്ഷണവും പരിപാലനവും മാത്രം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും 3-7-2001-ലെ 16579/പി3/2001/റവന്യൂ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ടി സ്ഥലം റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തുവാനേ നിർവ്വാഹമുള്ളൂ.

(2) കോന്നുരുത്തി പുഴയുടെ തീരത്ത് താമസിക്കുന്നവരുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

കോന്നുരുത്തി പുഴയുടെ പലഭാഗങ്ങളും വ്യാപകമായി കയ്യേറ്റം നടത്തുകയും പുഴ നികത്തി നിരവധി കുടുംബങ്ങൾ താമസിച്ചുവരുന്നതായും 50 മീറ്ററോളം ഉണ്ടായിരുന്ന പുഴ ഇപ്പോൾ 2-3 മീറ്ററായി ചുരുങ്ങിയെന്നും പുഴയുടെ നടുക്ക് ബണ്ട്

കെട്ടി നീരൊഴുക്ക് തടസ്സപ്പെട്ടു എന്നുമുള്ള പരാതി ഉണ്ടായിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 15-6-2012-ലെ ഇടക്കാല ഉത്തരവുപ്രകാരം കയ്യേറ്റം നടത്തുന്നതിനും നീരൊഴുക്ക് തടസ്സപ്പെടുത്തുന്നതിനുമുണ്ടായ കാരണങ്ങളും പുഴയുടെ വലിപ്പം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ സമയവും സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പുഴ, തോട്, കയ്യേറ്റങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനായി 7-8-2012-ൽ കൊച്ചി കോർപ്പറേഷൻ, ഇറിഗേഷൻ, വാട്ടർ അതോറിറ്റി, റവന്യൂ എന്നീ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം നടത്തുകയുണ്ടായി. കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളെടുത്തശേഷം മാത്രമേ കയ്യേറ്റം ഒഴിപ്പിക്കാൻ സാധിക്കൂ എന്നാണ് യോഗം നിരീക്ഷിച്ചത്. ജണ്ട സ്ഥാപിക്കുന്നതിനായി 4 ലക്ഷം രൂപ ജില്ലാ കളക്ടർ ഇറിഗേഷൻ വകുപ്പിന് അനുവദിച്ചിട്ടുള്ളതാണ്. കൊച്ചി കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് വിഭാഗം 16-10-2018-ൽ നടത്തിയ മീറ്റിംഗിലും പുഴയുടെ പുറമ്പോക്കിൽ താമസിക്കുന്ന ആളുകളുടെ പുനരധിവാസത്തിനുള്ള പദ്ധതി തയ്യാറാക്കാതെ ഒഴിപ്പിക്കൽ ബുദ്ധിമുട്ടാണെന്നും പുനരധിവാസത്തിനുള്ള സ്ഥലം നഗരസഭയുടെ പക്കൽ ലഭ്യമല്ല എന്നും സ്ഥലം ജില്ലാ ഭരണകൂടം കണ്ടെത്തി ലഭ്യമാക്കുകയാണെങ്കിൽ നഗരസഭയിൽ നിലവിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ലഭ്യമാക്കുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. പുനരധിവാസത്തിനുള്ള ഭൂമി നിലവിൽ ജില്ലാ ഭരണകൂടത്തിന്റെ പക്കൽ ഇല്ലാത്തതിനാൽ റവന്യൂ വകുപ്പ് വഴി സ്ഥലം കണ്ടെത്തി നൽകണമെങ്കിൽ സർക്കാരുമായി ബന്ധപ്പെട്ട് ഉത്തരവ് ലഭ്യമാക്കുന്നതിന് നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

18-12-2014-ൽ കൊച്ചി കോർപ്പറേഷൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇറിഗേഷൻ, സർവ്വേ, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിംഗിൽ സർക്കാരുമായി തീരുമാനിച്ച് പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് കോർപ്പറേഷന് നിർദ്ദേശം നൽകിയിരുന്നു.

താലൂക്ക് സർവ്വേയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, നഗരസഭ ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി സർവ്വേ ജോലികൾ 24-9-2012-ൽ ആരംഭിക്കുകയും സർവ്വേ കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പുഴയുടെ കയ്യേറ്റം നടത്തിയിട്ടുള്ള ഭാഗത്തിന്റെ സ്കെച്ച്, കയ്യേറ്റക്കാരുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ് എന്നിവ നൽകുന്നതിന് കണയന്നൂർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കണയന്നൂർ താലൂക്കിലെ കോന്നുരുത്തി പുഴയുടെ വീതി നിർണ്ണയിക്കുന്നതും ടി പുഴയുടെ വീതി കൂട്ടുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതും സംബന്ധിച്ച് ശ്രീ. കെ. ജെ. ടോമി ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (WP(C) No.1812/16) ഇപ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതും കളക്ടറേറ്റിലെ ബന്ധപ്പെട്ട ഫയൽ കേസ്സിന്റെ ആവശ്യാർത്ഥം ഹൈക്കോടതിയിൽ വാങ്ങി സൂക്ഷിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം മാത്രമേ പുഴയുടെ വീതി നിർണ്ണയവും കയ്യേറ്റക്കാരുടെ പുനരധിവാസവും സംബന്ധിച്ച നടപടികൾ തുടരുവാൻ സാധിക്കുകയുള്ളൂ.

(3) ഫുഡ് പ്രൊഡക്ഷൻ ഏരിയയിലെ കൃഷിക്കാർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം സംബന്ധിച്ച് ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

വനഭൂമിയിൽ കൃഷിയിറക്കുന്നതിനായി അനുവദിച്ച പ്രദേശങ്ങളാണ് നിലവിൽ ഭക്ഷ്യോൽപ്പാദന മേഖലയായി അറിയപ്പെടുന്നത്. പത്തനംതിട്ട ജില്ലയിലെ ഭൂരിഭാഗം ഫുഡ് പ്രൊഡക്ഷൻ ഏരിയകളും വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കൈമാറി കിട്ടിയത് 1956 കാലഘട്ടത്തിലാണ്. ടി മേഖലയിലെ കൈവശക്കാർക്ക് മുമ്പ് കുറച്ച് പട്ടയങ്ങൾ 1964-ലെ ചട്ടം പ്രകാരം നൽകിയിട്ടുണ്ട്. 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ളവർക്ക് പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ കർഷകർക്ക് തന്നെ മുറിക്കാൻ അധികാരം ലഭിക്കുന്നതിനായി 2017-ൽ 1964-ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ നേരത്തെ നൽകിയിട്ടുള്ള പട്ടയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ കാരണവും മറ്റും ചില പ്രദേശങ്ങളിൽ അപ്രകാരം മരം മുറിക്കുന്നതിന് തടസ്സം നേരിടുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ, വനം എന്നീ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം കൂടി 2017-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങളിൽ വ്യക്തത വരുത്തി ഒരു സർക്കുലർ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ നടന്നുവരികയാണ്.

1-1-1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തി പട്ടയം നൽകുന്നത് 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (1-1-1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ (ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ്.

(4) തൃക്കരിപ്പൂർ സമഗ്ര കുടിവെള്ള പദ്ധതി സംബന്ധിച്ച് ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ നിരവധി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാഞ്ഞങ്ങാട്, പാലായി വളവിൽ നടപ്പിലാക്കിവരുന്ന ഉപ്പുവെള്ള നിരോധിത ബണ്ടോടുകൂടിയ പാലത്തിന്റെ മുകൾഭാഗത്ത് തൃക്കരിപ്പൂരിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതിയിൽ തൃക്കരിപ്പൂർ, വലിയപറമ്പ, പടന്ന, പീലിക്കോട്, ചെറുവത്തൂർ എന്നീ കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളും കരിവള്ളൂർ, പെരളം, കാങ്കോൽ, ആലപ്പടമ്പ എന്നീ കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി ഏകദേശം രണ്ടുലക്ഷം പേർക്ക് ശുദ്ധജലം വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കാര്യംകോട് പുഴയിലെ മുക്കട എന്ന സ്ഥലത്ത് കിണറും കയ്യൂർ-ചീമേനി പഞ്ചായത്തിലെ പള്ളിപ്പാറ എന്ന സ്ഥലത്ത് 29 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയും കൂടാതെ പമ്പിംഗ് ലൈനുകളും ഗ്രാവിറ്റി ലൈനുകളും സർവ്വീസ് റിസർവോയറുകളും പമ്പ് സെറ്റുകളും അടങ്ങുന്ന ഒന്നാം ഘട്ടത്തിന് 162 കോടി രൂപയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കൂടാതെ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി വിതരണശൃംഖലയുടെ സർവ്വേ പ്രവൃത്തികൾക്കായി 31 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫണ്ട് ലഭ്യതയനുസരിച്ച് ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കെ.എസ്.ആർ.ടി.സി. ചടയമംഗലം സബ് ഡിപ്പോയിലെ ഷെഡ്യൂളുകൾ സംബന്ധിച്ച് ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

ചടയമംഗലം സബ് ഡിപ്പോയിൽനിന്നും നിലവിൽ 57 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. 4-3-2020-ലെ കണക്കുപ്രകാരം പ്രസ്തുത ഡിപ്പോയിൽ 58 ബസ്സുകൾ (കെ.എസ്.ആർ.ടി.സി.-48 + കെ.യു.ആർ. ടി.സി.-10) അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായി ഡോക്ക് ചെയ്തിട്ടുള്ള 4 ബസ്സുകൾ

ഒഴികെ നിലവിൽ 54 ബസ്സുകൾ സർവ്വീസിന് യോഗ്യമാണ്. പ്രതിദിനം ശരാശരി 53 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി യൂണിറ്റിൽനിന്നും കിഴക്കൻ പ്രദേശങ്ങളിലെ മലയോര മേഖലകളിലേയ്ക്ക് നടത്തി വന്നിരുന്ന സർവ്വീസുകളൊന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല. നിലവിൽ ചടയമംഗലം ഡിപ്പോയിൽനിന്നും പ്രതിദിനം ശരാശരി 5,14,584 രൂപ വരുമാനം ലഭിച്ചുവരുന്നു. യാത്രക്കാർ വളരെയധികം കുറവുള്ളതും ഡീസൽ ചെലവിനുള്ള തുകപോലും ലഭിക്കാത്തതുമായ ചില സർവ്വീസുകൾ/ട്രിപ്പുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുള്ളതും യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് ചടയമംഗലത്തുനിന്നുള്ള ദീർഘദൂര യാത്രക്കാർക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-കോട്ടയം റൂട്ടിലും ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ച് 4-8-2019 മുതൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

(6) <u>മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് യൂണിറ്റ് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി</u>

21-12-2012-ൽ പ്രവർത്തനമാരംഭിച്ച മഞ്ചേരി ഐ.ജി.ബി.ടി. ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 3-9-2017-ലാണ് നിർത്തലാക്കിയത്. പ്രസ്തുത സ്റ്റാൻഡിലൂടെ നാമമാത്രമായ സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. മുൻ കാലത്ത് നടത്തിവന്നിരുന്നത്. തിരൂർ-മഞ്ചേരി റൂട്ടിലുള്ള 12-ൽ 9 ഷെഡ്യൂളുകളിലായി 24 ട്രിപ്പുകൾ മാത്രമാണ് പ്രസ്തുത സ്റ്റാൻഡിലൂടെ പ്രതിദിനം സർവ്വീസ് നടത്തി വന്നിരുന്നത്. നിലവിൽ ടി സർവ്വീസുകൾക്ക് പുറമെ വഴിക്കടവ്-കോഴിക്കോട് ചെയിൻ സർവ്വീസ് കോഴിക്കോട് ഭാഗത്തേയ്ക്കുള്ള 11 ഷെഡ്യൂളുകളും ടി ബസ് സ്റ്റാൻഡിലൂടെ കടന്നുപോകുന്നുണ്ട്.

നിലവിൽ മഞ്ചേരി ഐ.ജി.ബി.ടി. ബസ് സ്റ്റാൻഡിൽ യാത്രക്കാരും ജനത്തിരക്കും വ്യാപാര വ്യവസായങ്ങളും താരതമ്യേന കുറവാണ്. അതുകൊണ്ടുതന്നെ സ്വകാര്യ ബസ്സുകൾ പോലും ചിലപ്പോൾ മാത്രമാണ് ടി സ്റ്റാൻഡിലേയ്ക്ക് സർവ്വീസ് നടത്തുന്നത്. മഞ്ചേരി നഗരത്തിൽ പ്രധാനമായും മൂന്ന് ബസ് സ്റ്റാൻഡു കളാണ് നിലവിലുള്ളത് (ഐ.ജി.ബി.ടി., പഴയ ബസ് സ്റ്റാൻഡ്, സീതിഹാജി). ഇതിൽ

തന്നെ ജനത്തിരക്കും വ്യാപാര-വ്യവസായ സൗകര്യങ്ങളും കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നത് പഴയ സ്റ്റാൻഡിൽ ആയതിനാൽ കൂടുതൽ യാത്രക്കാർ ഈ സ്റ്റാൻഡിനെയാണ് ആശ്രയിക്കുന്നത്. മഞ്ചേരി ഭാഗത്തുനിന്നും കോഴിക്കോട് ഭാഗത്തേയ്ക്കുള്ള യാത്രക്കാരാണ് പ്രധാനമായും ഐ.ജി.ബി.ടി. ബസ് സ്റ്റാൻഡിനെ ആശ്രയിക്കുന്നത്. മറ്റ് സ്ഥലങ്ങളിലേയ്ക്കുള്ള യാത്രക്കാർ പൊതുവിൽ മറ്റ് ബസ് സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്. മഞ്ചേരി ഐ.ജി.ബി.ടി. ബസ് സ്റ്റാൻഡിൽകൂടി നാമമാത്രമായ ബസ്സുകൾ കയറി പോകുന്ന സാഹചര്യത്തിൽ ആയതിനുവേണ്ടി മാത്രമായി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കുന്നത് അഭിലഷണീയമല്ല. എന്നാൽ കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.ടി. സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ വന്നുചേരുകയും ചെയ്യുന്ന വേളയിൽ മഞ്ചേരി ഐ.ജി.ബി.ടി. കേന്ദ്രീകരിച്ച് സ്റ്റേഷൻ ഓഫീസ് പുനഃസ്ഥാപിക്കുന്ന കാര്യവും പുതിയ റൂട്ടുകൾ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ചും വിശദമായ സാധ്യതാപഠനം നടത്തി യാത്രക്കാർക്ക് ഗുണകരവും കോർപ്പറേഷന് സാമ്പത്തിക മേന്മയും ലഭ്യമാകുന്ന രീതിയിൽ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുമുള്ള അധിക ബാദ്ധ്യതകളും ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മഞ്ചേരി കേന്ദ്രമാക്കി ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (7) വളാഞ്ചേരി, കോട്ടയ്ക്കൽ സബ് ട്രഷറികൾക്ക് സ്വന്തം കെട്ടിടം എന്നത് സംബന്ധിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടി

വളാഞ്ചേരി സബ് ട്രഷറി നിലവിൽ പരിമിതമായ സൗകര്യങ്ങളോടുകൂടിയ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വളാഞ്ചേരി സബ് ട്രഷറിക്ക് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ സർവ്വേ നമ്പർ 137/4 എ, 2 ബി-യിൽ ഉൾപ്പെട്ടതും ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് വിട്ടുനൽകുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസ്സാക്കുകയും ആയത് മേൽ നടപടികൾക്കായി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് വഴി ഗ്രാമ വികസന കമ്മീഷണറേറ്റിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. തുടർന്ന് ഗ്രാമവികസന കമ്മീഷണറേറ്റിൽനിന്നും ഫണ്ടിന്റെ ലഭ്യത, വകുപ്പിന്റെ അനുമതി തുടങ്ങി കൂടുതൽ രേഖകൾ ആവശ്യപ്പെട്ടതിൻപ്രകാരം പ്രസ്തുത രേഖകൾ 10-1-2020-ന് വളാഞ്ചേരി

സബ്ട്രഷറി ഓഫീസർ കുറ്റിപ്പുറം ബ്ലോക്ക് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് 19-2-2020-ൽ മലപ്പുറം അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറുടെ ആർ.സി 3/1564/2019 നമ്പർ കത്ത് പ്രകാരം ഗ്രാമ വികസന കമ്മീഷണർക്ക് തുടർനടപടി കൾക്കായി അയച്ചുകൊടുത്തിട്ടുള്ളതാണ്.

കോട്ടയ്ക്കൽ സബ് ട്രഷറി നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തു ന്നതിനായി വില്ലേജ്, മുനിസിപ്പാലിറ്റി അധികൃതരെ സമീപിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലെന്ന് അറിയിച്ചിരുന്നു. പിന്നീട് സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഭൂമി ലഭ്യതയ്ക്ക് സാധ്യതയുണ്ടെന്നറിഞ്ഞ് ജില്ലാ രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നെങ്കിലും അനുകൂല മറുപടി ലഭിച്ചിട്ടില്ല. നിലവിലെ സാഹചര്യം കാണിച്ച് കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറിക്ക് 18-2-2020-ന് കത്ത് നൽകുകയും നഗരസഭാ ചെയർമാനെ നേരിൽ കാണുകയും ചെയ്തെങ്കിലും ഭൂമി ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭിക്കാൻ കോട്ടയ്ക്കൽ ആയുർവേദ കോളേജിനും കത്ത് നൽകിയിരുന്നു. എന്നാൽ അന്വേഷണത്തിൽ, ഇവിടെനിന്നും സ്ഥലം ലഭിക്കാൻ സാധ്യത ഇല്ലെന്നറിയുന്നു. ആയതിനാൽ കോട്ടയ്ക്കൽ പ്രദേശത്ത് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലമൊന്നും ലഭിച്ചിട്ടില്ല.

(8) തിരുനെല്ലി പഞ്ചായത്തിലെ കുരങ്ങുപനി ബാധ സംബന്ധിച്ച് ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി

വയനാട് ജില്ലയിൽ വ്യാപകമായി കുരങ്ങുപനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. തിരുനെല്ലി പഞ്ചായത്തിലാണ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 2020 ജനുവരി 1 മുതൽ 11-3-2020 വരെ 14 സ്ഥിരീകരിച്ച കുരങ്ങുപനി കേസ്സുകളും ഒരു മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019-ൽ വയനാട് ജില്ലയിൽ 7 സ്ഥിരീകരിച്ച കേസ്സുകളും 2 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2014 മുതലാണ് ജില്ലയിൽ കുരങ്ങു പനി റിപ്പോർട്ട് ചെയ്തു തുടങ്ങിയത്. വയനാട് ജില്ലയുടെ തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ കുരങ്ങുപനി റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയതിനെ തുടർന്നാണ് വയനാട് ജില്ലയിലും കേസ്സുകൾ റിപ്പോർട്ട് ചെയ്തുതുടങ്ങിയത്. 2017-18 വർഷങ്ങളിൽ ആർക്കുംതന്നെ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പിന്നീട് 2019-ൽ 7 പേർക്ക് രോഗബാധയും 2 മരണവുമുണ്ടായി. 2019, 2020-കളിൽ തിരുനെല്ലി പഞ്ചായത്തിലാണ് കുരങ്ങുപനി റിപ്പോർട്ട് ചെയ്യപ്പെട്ടത്. രോഗബാധ റിപ്പോർട്ട് ചെയ്ത ഉടനെതന്നെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഊർജ്ജിത പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ ആർ.ആർ.റ്റി. കൂടി സ്ഥിതിഗതികൾ വിലയിരുത്തി. ജില്ലാ കളക്ടറുടെ

ചേമ്പറിൽ വിവിധ ഡിപ്പാർട്ടുമെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഇന്റർസെക്ടറൽ മീറ്റിംഗ് കൂടുകയും ഓരോ വകുപ്പും എടുക്കേണ്ട നടപടിയെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്തു. എല്ലാ കുരങ്ങ് മരണവും ഐ.ഡി. എസ്.പി.-യിൽ റിപ്പോർട്ട് ചെയ്യാനും ആയത് വെറ്ററിനറി വകുപ്പുമായി ആശയ വിനിമയം നടത്താനും തീരുമാനിച്ചു.

"ഫീവർ സർവ്വേ" ശക്തിപ്പെടുത്തി സംശയാസ്പദമായ കേസ്സുകൾ ജില്ലാ/ താലൂക്ക് ആശുപത്രികളിലേയ്ക്ക് ചികിത്സയ്ക്കായി റഫർ ചെയ്ത് വരുന്നുണ്ട്. ഡി.വി.സി. യൂണിറ്റ് വഴി കുരങ്ങുമരണം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ "ടിക്ക്" (ചെള്ള്) കളെ ശേഖരിച്ച് 'NIV' പൂനെയിലേയ്ക്ക് അയച്ച് വൈറസ് സ്ഥിരീകരണം നടത്തി വരുന്നുണ്ട്. കുരങ്ങുകളുടെ മരണം റിപ്പോർട്ട് ചെയ്തുവരുന്ന സ്ഥലങ്ങളിൽ 50 മീറ്റർ ചുറ്റളവിൽ 'മാലത്തിയോൺ' പൗഡർ ഉപയോഗിച്ച് 'ടിക്ക്'-കളെ നശിപ്പിക്കുന്നതിനുവേണ്ടി 'ഡസ്റ്റിംഗ്' ചെയ്തുവരുന്നു.

ഗൃഹസന്ദർശനവും ഐ.ഇ.സി. (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ) ബി.സി.സി. (ബിഹേവിയർ ചെയ്ഞ്ച് കമ്മ്യൂണിക്കേഷൻ) ആക്ടിവിറ്റികളും ശക്തി പ്പെടുത്തിവരുന്നു. കർണ്ണാടക സംസ്ഥാനവുമായി ഐ.ഡി.എസ്.പി. മുഖാന്തരം രോഗവിവരം പങ്കുവയ്ക്കുന്നുണ്ട്. സ്റ്റേറ്റ് സർവ്വെയലൻസ് യൂണിറ്റ് വഴിയും ക്രോസ് നോട്ടിഫിക്കേഷൻ നടത്തി വരുന്നുണ്ട്.

15-1-2019 മുതൽ തന്നെ KFD (Kyasanur Forest Disease) വാക്സിനേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ഡോസ് കെ.എഫ്.ഡി. വാക്സിൻ പർച്ചേസ് നടത്തി വാക്സിനേഷൻ ശക്തിപ്പെടുത്തി വരുന്നു. DMP (Dimethyl Phthalate) ഓയിൽ 'ടിക്ക് റിപ്പലന്റ്' ആയി വിതരണം ചെയ്തുവരുന്നു. പേഴ്സണൽ പ്രൊട്ടക്ടീവ് എക്യൂപ്മെന്റ്സ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണംചെയ്ത് മരണപ്പെട്ട കുരങ്ങുകളുടെ ബോഡിയിൽ പരിശോധിച്ച് ടിക്കുകളെ ശേഖരിച്ച് ബോഡി മറവു ചെയ്യാനും ഉപയോഗിച്ചുവരുന്നു.

FHC അപ്പപ്പാറയിൽ എമർജൻസി RRT കൂടി സ്ഥിതിഗതികൾ വിലയിരുത്തി. സ്റ്റേറ്റ് എന്റമോളജി യൂണിറ്റും സോണൽ എന്റമോളജി യൂണിറ്റും വെക്ടർ സ്റ്റഡി നടത്തുകയും ടിക്കുകളെ ശേഖരിച്ച് എൻ.ഐ.വി. പൂനെയിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. ഇതുവരെ അയച്ച എല്ലാ സാമ്പിളുകളും നെഗറ്റീവ് ആയാണ് റിപ്പോർട്ട് വന്നിട്ടുള്ളത്.

ബോധവത്കരണ പരിപാടി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ്, മറ്റ് മീഡിയകൾ വഴിയുള്ള ബോധവത്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ആദിവാസി ജനതയുടെ സ്വന്തം ഭാഷയിൽ വീഡിയോ നിർമ്മിച്ച് അത് ഉപയോഗിച്ചുള്ള ബോധവൽക്കരണ പരിപാടികളും നടന്നുവരുന്നു.

ആശാ പ്രവർത്തകർ, സ്റ്റാഫ് നഴ്സ്, മെഡിക്കൽ ഓഫീസർമാർ എന്നിവർക്കും പ്രൈവറ്റ് ഡോക്ടർമാർക്കും കുരങ്ങുപനി പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും ചികിത്സയെക്കുറിച്ചും പരിശീലനം നൽകിയിട്ടുണ്ട്.

മാനന്തവാടി ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്കുള്ള പ്രത്യേക ട്രെയിനിംഗ് ലഭിച്ച സംഘം ചികിത്സ നൽകി വരുന്നുണ്ട്. വീടുകൾ കേന്ദ്രീകരിച്ച് പനി സർവ്വേയും നടത്തിവരുന്നു.

സ്റ്റേറ്റ് എന്റമോളജി ടീം പ്രസ്തുത സ്ഥലം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഓരോ ആഴ്ചയിലും ഐ.ഡി.എസ്.പി. മീറ്റിംഗുകൾ കൂടി സർവ്വെയലൻസ് ശക്തിപ്പെടുത്തുകയും അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്.

(9) സഹകരണ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി

സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയാണ്. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ വിരമിക്കുമ്പോൾ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി അതാത് സ്ഥാപനങ്ങൾ അടവാക്കുന്ന പെൻഷൻ ഫണ്ട് വിഹിതവും ആയത് നിക്ഷേപിച്ച് ലഭിക്കുന്ന പലിശയും ഉപയോഗിച്ചാണ് സഹകരണ പെൻഷൻകാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നത്. 31-3-2019-ലെ കണക്കുകൾ പ്രകാരം പെൻഷൻ ബോർഡിന്റെ കൈവശം 1284.64 കോടി രൂപയുടെ നിക്ഷേപമാണ് നിലവിലുള്ളത്. ഇത് നിലവിലെ പെൻഷൻകാർക്കും ഇപ്പോൾ ജോലിയിൽ തുടർന്നുവരുന്ന ജീവനക്കാർക്കും പെൻഷൻ നൽകുന്നതിനായി സംഘങ്ങൾ അടവാക്കിയ തുകയാണ്. മേൽ തുകയുടെ നിക്ഷേപത്തിന് ലഭിക്കുന്ന പലിശ പ്രതിമാസം ഏകദേശം 8 കോടി രൂപയാണ്. എന്നാൽ പെൻഷൻ ബോർഡിന്റെ കണക്കുപ്രകാരം 31-3-2019-ൽ 19006 പേർക്ക് പെൻഷൻ അനുവദിക്കുന്നതിന് പ്രതിമാസം ഏകദേശം 22.1 കോടി രൂപ ആവശ്യമാണ്. ഇത് പലിശ വരുമാനത്തെക്കാൾ 14.1 കോടി രൂപ കൂടുതലാണ്. ഇതിനായി നിലവിലുള്ള സ്ഥിരനിക്ഷേപത്തിൽനിന്നും 14 കോടിയോളം രൂപ പിൻവലിക്കേണ്ടി വരികയും അതുവഴി പെൻഷൻ ഫണ്ട് നിക്ഷേപത്തിൽ പ്രതിവർഷം 169.2 കോടി രൂപ കുറവ് വരാൻ ഇടയാകുകയും ചെയ്യുന്നു. ഈ സ്ഥിതി തുടരുന്നത് പദ്ധതിയുടെ നിലനിൽപ്പിനെത്തന്നെ ദോഷകരമായി ബാധിക്കാനിടയുണ്ട്.

നിലവിലുള്ള ജീവനക്കാർക്ക് ഭാവിയിൽ പെൻഷൻ നൽകുന്നതിനായി സംഘങ്ങളിൽനിന്നും പെൻഷൻ ഫണ്ട് ഇനത്തിലേയ്ക്ക് പ്രതിമാസം ലഭിച്ചുവരുന്നത് 18.44 കോടി രൂപയാണ്.

പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ഏതാണ്ട് 70000 പേരിൽ നിലവിൽ പെൻഷൻ വാങ്ങി വരുന്ന 19006 പേർക്കും സർവ്വീസിൽ തുടർന്നുവരുന്ന 50000-ത്പ്പരം ജീവനക്കാർക്കും ആജീവനാന്ത പെൻഷൻ ലഭിക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്. പദ്ധതിയിൽ അംഗമായവരിൽ 50 ശതമാനത്തോളം ജീവനക്കാർ അടുത്ത 12 വർഷത്തിനകവും ഏതാണ്ട് 4500-ഓളം പേർ അടുത്ത മൂന്ന് വർഷത്തിനിടയിലും 58 വയസ് പൂർത്തിയായി വിരമിക്കാനിരിക്കുന്നവരാണ്. ആയതുകൂടി കണക്കിലെടുത്താൽ പെൻഷൻ ഫണ്ടിലെ നീക്കിയിരിപ്പ് തുകയിൽ വലിയ തോതിലുള്ള കുറവ് വരാൻ സാധ്യതയുണ്ട്. പെൻഷൻ സംഘടനകൾ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിന്മേൽ പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. പെൻഷൻ സംഘടനകളുമായി സർക്കാർ വിവിധ ഘട്ടങ്ങളിൽ ചർച്ചകൾ നടത്തുകയുമുണ്ടായിട്ടുണ്ട്. പെൻഷൻകാരുടെ ആവശ്യങ്ങളോട് സർക്കാരിന് അനുകൂല നിലപാട് തന്നെയാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കുറഞ്ഞ പെൻഷൻ 1500 രൂപയായിരുന്നത് 3000 രൂപയായും ഫാമിലി പെൻഷൻ 1000-ൽ നിന്ന് 2000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 58 വയസ്സിനിടയിൽ മരണപ്പെടുന്ന ജീവനക്കാരന്റെ ആശ്രിതർക്ക് 65 വയസ്സുവരെ (7 വർഷം പരമാവധി) ജീവനക്കാരന് അർഹതപ്പെട്ട ഫുൾ പെൻഷൻ അനുവദിക്കുകയും അതോടൊപ്പം 4 ശതമാനം ക്ഷാമബത്ത വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നിലവിൽ മുഴുവൻ പെൻഷൻകാർക്കും മിനിമം പെൻഷൻ 3000 രൂപയും 9 ശതമാനം ക്ഷാമബത്തയും 500 രൂപ മെഡിക്കൽ അലവൻസും ഉൾപ്പെടെ 3770 രൂപ ലഭിച്ചുവരുന്നു.

സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരം നിലവിൽ പെൻഷൻ വാങ്ങി വരുന്നവർക്കും ഭാവിയിൽ പെൻഷൻ പറ്റേണ്ടവർക്കും പെൻഷൻ നൽകുക എന്ന ബാദ്ധ്യത നിറവേറ്റുന്നതിനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സർക്കാർ രണ്ടംഗ കമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലാവധി ഈ മാസം 13-ന് അവസാനിക്കുകയുമാണ്. റിപ്പോർട്ട് ലഭിച്ചാൽ വൈകാതെ തന്നെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(10) വന്യജീവി സങ്കേതത്തിന്റെ ചുറ്റുമുള്ള പ്രദേശത്തെ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി

കോഴിക്കോട് ഡിവിഷനിൽ പെരുവണ്ണാമൂഴി റെയിഞ്ചിൽ വരുന്നതും കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ, ചെമ്പനോട വില്ലേജുകളിൽപ്പെടുന്നതുമായ 7421.5015 ഹെക്ടർ പ്രദേശം 5-6-2009-ലെ GO (P) No.26/09/F&WLD പ്രകാരം മലബാർ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമപ്രകാരം ആയതിന്റെ അന്തിമ വിജ്ഞാപനത്തിനായി ടി പ്രദേശത്ത് ആർക്കെങ്കിലും എന്തെങ്കിലും അവകാശമുണ്ടെങ്കിൽ ആയത് അന്വേഷിക്കുന്നതിനും തീരുമാനിക്കുന്നതിനുമായി 4-7-2009-ലെ G.O.(P) No.32/2009/F&WLD പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ കോഴിക്കോടിനെ സെറ്റിൽമെന്റ് ഓഫീസറായി അധികാരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടി ക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ സെക്ഷൻ 26 എ അനുസരിച്ച് വന്യജീവി സങ്കേതമായി അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ആയതിന്റെ നടപടിക്രമങ്ങൾ നടന്നുവരികയാണ്.

പരിസ്ഥിതി സംരക്ഷണ നിയമം 1986, 3-ാം വകുപ്പ് പ്രകാരവും പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 5 (1) പ്രകാരവും കേന്ദ്ര സർക്കാർ വന്യമൃഗ സങ്കേത ങ്ങൾക്ക് ചുറ്റും വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോണുകൾ (പാരിസ്ഥിതിക സംവേദക മേഖലകൾ). ഇക്കോ സെൻസിറ്റീവ് സോൺ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി അനുയോജ്യമായ നിയമങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും അന്തിമ പദ്ധതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിന് വിധേയമായിരി ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രഖ്യാപിത ഇക്കോ സെൻസിറ്റീവ് സോൺ മേഖലയിൽ വ്യാവസായികാധിഷ്ഠിത ഖനനം, ക്വാറികൾ, മലിനീകരണം ഉളവാക്കുന്ന സംരംഭങ്ങൾ, പുതിയ ജലവൈദ്യുത പദ്ധതികൾ എന്നിവയ്ക്ക് നിരോധനമുണ്ട്. മറ്റ് സ്വാഭാവികമായുള്ളതും മനുഷ്യജീവിതത്തിന് അനുകൂലമായതുമായ യാതൊരു പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല.

ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള കരട് നോട്ടിഫിക്കേ ഷനുകൾ 8-5-2013-ൽ മന്ത്രിസഭായോഗം പരിഗണിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസകേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് പ്രൊപ്പോസൽ അയയ്ക്കാൻ തീരുമാനിക്കുകയും

13-5-2013-ലെ 12881/ഡി2/2012/F&WLD നമ്പർ സർക്കാർ കത്ത് പ്രകാരം 22 സംരക്ഷിത പ്രദേശങ്ങൾ, ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ 13-5-2015-ൽ കേന്ദ്ര വന മന്ത്രാലയത്തിലേയ്ക്ക് സമർപ്പിക്കുക യുമുണ്ടായി. എങ്കിലും 10 കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്ത ണമെന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം കേരളത്തിന് ബാധകമായി വന്നു.

ഈ സാഹചര്യം മറികടക്കുന്നതിനായി മലബാർ വന്യജീവി സങ്കേതം ഉൾപ്പെടെ 23 വന്യജീവി സങ്കേതങ്ങൾക്കും ചുറ്റുമായി ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കി. കേരളത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0 to 1 km) ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് പുതുക്കിയ കരട് വിജ്ഞാപന നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മേൽ ഇക്കോ സെൻസിറ്റീവ് സോണിൽ, കൊയിലാണ്ടി, താമരശ്ശേരി, വൈത്തിരി താലൂക്കുകളിൽ വരുന്ന വില്ലേജുകളിലെ 53.60 ച.കി.മീ. ഭൂപ്രദേശം ഉൾപ്പെടുന്നു. ഇപ്രകാരം 13 വില്ലേജുകൾ ഇതിൽ വരുന്നുണ്ട്. പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതിലോല പ്രദേശത്തിന്റെ ഭാഗമാണ് ഈ ഭൂഭാഗങ്ങൾ. മലബാർ വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽ നിന്നും ഇക്കോ സെൻസിറ്റീവ് സോണിന്റെ വിസ്തൃതി പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയാണ്. ആയവയുടെ വിവരങ്ങൾ താഴെപറയുന്നു.

| | | |
|---|---|---|
| വടക്ക് | - | 0.1 കി.മീ .മുതൽ 1 കി.മീ. വരെ. |
| വടക്ക് കിഴക്ക് | - | 0.1 കി.മീ. മുതൽ 1 കി.മീ. വരെ. |
| കിഴക്ക് | - | 1 കി.മീ. |
| തെക്ക് കിഴക്ക് | - | 1 കി.മീ. |
| തെക്ക് | - | 0 കി.മീ. മുതൽ 1 കി.മീ. വരെ. |
| തെക്ക് പടിഞ്ഞാറ് | - | 0.1 കി.മീ. മുതൽ 1 കി.മീ. വരെ. |
| പടിഞ്ഞാറ് | - | 0.1 കി.മീ. മുതൽ 1 കി.മീ. വരെ. |
| വടക്ക് പടിഞ്ഞാറ് | - | 0.1 കി.മീ. |

മലബാർ വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ അന്തിമമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഇക്കോ സെൻസിറ്റീവ് സോണിന്റെ കരട് വിജ്ഞാപനത്തിനുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. ഇക്കോ സെൻസിറ്റീവ് സോണിൽ ഉദ്ദേശം പതിനായിരത്തോളം പേർ താമസിക്കുന്നുണ്ടാകും. ഇതിൽ കിഴക്ക് ഭാഗങ്ങളിൽ വയനാട് ജില്ലയിലെ വനപ്രദേശവും 2 സ്വകാര്യ എസ്റ്റേറ്റുകളും സുഗന്ധഗിരി ആദിവാസി കോളനിയുടെ കുറച്ചുഭാഗങ്ങളും വടക്ക്, വടക്ക് പടിഞ്ഞാറ് ഭാഗത്ത് ചുട്ടുപുള്ളാൻ വെസ്റ്റഡ് ഫോറസ്റ്റും, ജനവാസകേന്ദ്രങ്ങളും വരും. പെരുവണ്ണാമൂഴി, കക്കയം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, കക്കയം എൽ.പി.സ്കൂളും ഇതിൽപ്പെടും. തെക്ക് ഭാഗത്ത് താമരശ്ശേരി റെയിഞ്ചിന്റെ വനഭാഗങ്ങളും ജനവാസ കേന്ദ്രങ്ങളും വരും. കക്കയം റിസർവ്വോയറിനോട് ചേർന്നുള്ള വനപ്രദേശവും തെക്ക് പടിഞ്ഞാറ് ഭാഗത്ത് കുറ്റ്യാടി റിസർവ്വോയറും ഇക്കോ സെൻസിറ്റീവ് സോണിന്റെ ഭാഗമായി വരുന്നുണ്ട്. ഈ മേഖലയിൽ ജനങ്ങൾ കൂടുതലായുള്ളത് വടക്ക് പടിഞ്ഞാറ് ഭാഗത്ത് ചെമ്പനോട, പേരാമ്പ്ര വില്ലേജുകളിലും പടിഞ്ഞാറ് ഭാഗത്ത് ചക്കിട്ടപ്പാറ, കൂരാച്ചുണ്ട് വില്ലേജുകളിലും തെക്ക് പടിഞ്ഞാറ് ഭാഗത്ത് കാന്തലാട്, കൂരാച്ചുണ്ട്, കട്ടിപ്പാറ വില്ലേജുകളിലും തെക്ക് ഭാഗത്ത് പുതുപ്പാടി വൈത്തിരി വില്ലേജുകളിലുമാണ്.

ഇക്കോ സെൻസിറ്റീവ് സോൺ കരട് വിജ്ഞാപനത്തിനുള്ള പ്രൊപ്പോസലിൽ മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണുള്ളത്. ഒന്ന്, പൂർണ്ണമായും നിരോധിച്ചവ. രണ്ട്, നിയന്ത്രണവിധേയമായി അനുവദിക്കപ്പെട്ടവ. മൂന്ന്, പ്രോത്സാഹിപ്പിക്കപ്പെടേണ്ടവ. പൂർണ്ണമായി നിരോധിച്ചവയിൽ വ്യാവസായിക ഖനനം, ശബ്ദമലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ, വലിയ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ, സോമില്ലുകൾ, ഇഷ്ടിക കളങ്ങൾ തുടങ്ങിയവയാണുള്ളത്. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഹോട്ടലുകൾ, റിസോർട്ടുകൾ, വാണിജ്യ നിർമ്മാണങ്ങൾ, ജനങ്ങൾ ഉപയോഗിക്കുന്ന നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ, പുതിയ റോഡുകളുടെ നിർമ്മാണം, ശബ്ദ മലിനീകരണമില്ലാത്ത ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ, വനവിഭവശേഖരണം, വാണിജ്യാടിസ്ഥാനത്തിലുള്ള വാഹനഗതാഗതം എന്നിവയ്ക്ക് നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള നിയന്ത്രണം മാത്രമാണുള്ളത്. സാധാരണ ഗതിയിലുള്ള വാഹനഗതാഗതം നിയന്ത്രിക്കപ്പെട്ടിട്ടില്ല. ജലസ്രോതസ്സുകളിലേയ്ക്ക് മലിനജലം ഒഴുക്കിവിടാൻ പാടില്ല എന്നുള്ള നിയന്ത്രണമുണ്ട്. പ്രോത്സാഹിപ്പിക്കപ്പെടേണ്ടവയിൽ ജൈവകൃഷി, മഴവെള്ള സംഭരണം, പാരമ്പര്യേതര ഊർജ്ജങ്ങളുടെ ഉപയോഗം, കുടിൽ വ്യവസായങ്ങൾ എന്നിവയൊക്കെപ്പെടുന്നുണ്ട്.

ഇതിൽ കാർഷിക പ്രവൃത്തി നിയന്ത്രിതമായ പ്രകൃതിക്കനുയോജ്യമായ ടൂറിസം, പാരമ്പര്യ കൃഷി രീതികൾ, റബ്ബർ ഷീറ്റ് നിർമ്മാണം, പാരമ്പര്യ ഊർജ്ജങ്ങളുടെ ഉപയോഗം എന്നിവ ഒരു തരത്തിലും നിരോധിക്കപ്പെട്ടിട്ടില്ല.

ഒരു ഇക്കോ സെൻസിറ്റീവ് സോണിൽ ജനമേഖലകൾ ഉൾപ്പെടുത്തുന്നതിലൂടെ ജനങ്ങളുടെ അടിസ്ഥാന വികസനം അല്ലെങ്കിൽ ഉപജീവന പ്രവർത്തനങ്ങളെയൊന്നും ബാധിക്കില്ല. സംരക്ഷിത വന്യജീവികളുടെയും പരോക്ഷമായി പ്രദേശവാസികളുടെയും ജീവൻ അപകടത്തിലാക്കുന്ന വ്യാവസായിക/വാണിജ്യ പ്രവർത്തനങ്ങൾ മാത്രമാണ് ഈ പ്രദേശങ്ങളിൽ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നത്. ജനജീവിതത്തെ ബാധിക്കുന്ന യാതൊരു നിർദ്ദേശവും ഇതുപ്രകാരമില്ല. പുതിയ നിയമങ്ങളോ പുതിയ നിയന്ത്രണങ്ങളോ ഇതുപ്രകാരം നടപ്പിൽ വരുത്തുന്നില്ല.

## അനുബന്ധം-III

**സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച ഭാഗം**

ദൈവത്തിന്റെ സ്വന്തം നാടെന്ന് പേര് കേട്ട കേരളം സഹകരണ പ്രസ്ഥാനത്തിന്റെയും സ്വന്തം നാടാണെന്ന് ഇവിടത്തെ സഹകരണ മേഖലയുടെ വളർച്ച അടയാളപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ സർക്കാരിന് പിന്തുണയുമായി എക്കാലവും ഈ പ്രസ്ഥാനം ഉണ്ട്. പിണറായി വിജയൻ സർക്കാരിൽ കഴിഞ്ഞ 4 വർഷങ്ങളിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികൾ കേരളത്തിന്റെ സഹകരണ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ആത്യന്തിക ലക്ഷ്യമായ എല്ലാവരേയും ഉൾക്കൊള്ളുന്ന വികസനം എന്ന മാനവികദർശനം കർമ്മപഥത്തിൽ കൊണ്ടുവരാൻ ഒരളവുവരെ ഇക്കാലയളവിൽ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെയാണ് 2020-21 വർഷത്തേക്കുള്ള ധനാഭ്യർത്ഥന സഭാസമക്ഷം സമർപ്പിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽവന്നശേഷം സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള ബാങ്ക്

   റിസർവ് ബാങ്ക് അനുമതിയോടെ സംസ്ഥാനത്തെ ഹ്രസ്വകാല സഹകരണ വായ്പാ സമ്പ്രദായത്തെ ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് കേരള ജനതയുടെ എല്ലാവിധ ബാങ്കിംഗ് ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമാകുംവിധം അനുമതിയോടെ കേരള ബാങ്ക് രൂപീകരിക്കുകയുണ്ടായി. 29-11-2019-ന് കേരള ബാങ്ക് നിയമപരമായി നിലവിൽ വന്നു. അടുത്ത മൂന്ന് വർഷംകൊണ്ട് 3 ലക്ഷം കോടി രൂപയുടെ ബിസിനസ്സുമായി കേരളത്തിലെ ഒന്നാമത്തെ ബാങ്ക് ആയി മാറുകയാണ് നമ്മുടെ ലക്ഷ്യം.

2. കെയർ കേരള

   2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് CARe Kerala (Co-operative Alliance to Rebuild Kerala) എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു. CARe Home, CARe Loan, CARe Grace എന്നിങ്ങനെ 3 ഘടകങ്ങളാണ് ഈ പദ്ധതിയിലുള്ളത്.

CARe Home: പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതിയിലൂടെ 1960 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. 84 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നതുമാണ്. പ്രളയാനന്തര ഭവന നിർമ്മാണ പദ്ധതികളിൽ ലോകത്തിനുതന്നെ മാതൃകയാണ് കെയർഹോം പദ്ധതി.

CARe Loan: കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ഒരു ലക്ഷം രൂപ വരെ റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ബാങ്കുകൾ വായ്പ നൽകുകയുണ്ടായി. 31-12-2019 വരെയുള്ള കണക്കുകൾ പ്രകാരം സഹകരണ ബാങ്കുകൾ 85661 ഗുണഭോക്താക്കൾക്കായി 713.92 കോടി രൂപ ഈ ഇനത്തിൽ വായ്പ നൽകി. ഇതിനുപുറമേ സഹകരണ ബാങ്കുകൾ സ്വന്തം നിലയിലും പ്രളയ ദുരിതബാധിതർക്ക് വായ്പകൾ അനുവദിച്ച് നൽകി.

CARe Grace: പ്രളയദുരിതബാധിതരുടെ സാമൂഹ്യ പുനരധിവാസം ലക്ഷ്യമാക്കി അവർക്ക് ആവശ്യമായ മെഡിക്കൽ സേവനങ്ങൾ ഉൾപ്പെടെ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇപ്പോഴും നടത്തിവരികയാണ്.

3. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് സഹകരണ വകുപ്പ് 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി. അട്ടപ്പാടി ജനവിഭാഗങ്ങൾക്കായുള്ള ഏറ്റവും മെച്ചപ്പെട്ട ആരോഗ്യ ഇടപെടലായാണ് ഈ പദ്ധതി ഇപ്പോൾ കണക്കാക്കുന്നത്. മാതൃ-ശിശു സംരക്ഷണ രംഗത്ത് അഭിമാനിക്കാവുന്ന നേട്ടം ഈ പദ്ധതികൊണ്ട് ഉണ്ടാക്കിയെടുക്കുന്നതിന് കഴിഞ്ഞു. ശിശുമരണനിരക്ക് വലിയ തോതിൽ കുറഞ്ഞു. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് 6000-ത്തിലധികം പേർക്ക് ചികിത്സ നൽകി. ഇതിൽ 1000-ത്തിലധികം പേർക്ക് സർജറികൾ ഉൾപ്പെടെയുള്ള കിടത്തി ചികിത്സയാണ് നൽകിയത്. പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നടന്നുവരുന്നു.

4. ആധുനിക നെല്ല് സംഭരണ-സംസ്കരണ പ്ലാന്റ്

പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം എന്ന നിലയിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ 26 പ്രാഥമിക

കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (പാപ്കോസ്) എന്ന സഹകരണ സംഘം രൂപീകരിക്കുകയും ഒരു ആധുനിക റൈസ് മില്ലും സൈലോയും സ്ഥാപിക്കുന്നതിലേയ്ക്കായി ടി സംഘത്തിന്റെ അധീനതയിൽ 27.66 ഏക്കർ ഭൂമി വാങ്ങുകയും ചെയ്തു. പ്രതിദിനം 200 ടൺ നെല്ല് സംസ്കരിക്കാൻ ശേഷിയുള്ള മില്ലും ഒരേസമയം 15000 ടൺ നെല്ല് സംഭരിക്കാനുള്ള ആധുനിക സൈലോകളുമാണ് സ്ഥാപിക്കുന്നത്. 2020-21 വർഷം പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

5. മുറ്റത്തെ മുല്ല പദ്ധതി

ബ്ലേഡ് പലിശക്കാരിൽനിന്നും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനായി സഹകരണ വകുപ്പ് രൂപംകൊടുത്ത പദ്ധതിയാണ് മുറ്റത്തെ മുല്ല പദ്ധതി. പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ മുഖേന 500 കോടി രൂപയിലധികം ഇതിനകം വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. തുടർവർഷങ്ങളിൽ മുറ്റത്തെ മുല്ല പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി പ്രതിദിന വായ്പാ പദ്ധതിയും ആവിഷ്കരിക്കുന്നുണ്ട്.

6. 'കൃതി'അന്താരാഷ്ട്ര പുസ്തക വൈജ്ഞാനികോത്സവം

സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ സംഘാടനത്തിലൂടെ 'കൃതി' അന്താരാഷ്ട്ര പുസ്തക വൈജ്ഞാനികോത്സവം അതിന്റെ മൂന്നാം പതിപ്പും വിജയകരമായി പൂർത്തിയാക്കി. 2020 ഫെബ്രുവരി 6 മുതൽ 16 വരെയായിരുന്നു മൂന്നാമത് എഡിഷൻ സംഘടിപ്പിച്ചത്. ഒരു 'കുട്ടിക്ക് ഒരു പുസ്തകം' എന്ന പദ്ധതിയിലൂടെ കേരളത്തിലെമ്പാടുമുള്ള സ്കൂൾ കുട്ടികൾക്ക് 250 രൂപ വില വരുന്ന പുസ്തക കൂപ്പണുകൾ സൗജന്യമായി നൽകിക്കൊണ്ട് പുസ്തകമേള സന്ദർശിച്ച കുട്ടികൾക്ക് തങ്ങൾക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങൾ സ്വന്തമായി തെരഞ്ഞെടുക്കാൻ അവസരം നൽകിയിരുന്നു. അപ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 3.66 കോടി രൂപയുടെ പുസ്തകങ്ങളാണ് കുട്ടികൾക്ക് നൽകിയത്. നാലാമത് കൃതി അന്താരാഷ്ട്ര പുസ്തകോൽസവം 2021 ജനുവരി 22 മുതൽ 31 വരെ എറണാകുളത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതാണ്.

7. <u>ഹരിതം സഹകരണം</u>

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ വകുപ്പ് നടപ്പിലാക്കുന്ന 'ഹരിതം സഹകരണം' പദ്ധതിയിലൂടെ 2018-ൽ 1,20,273 പ്ലാവിൻ തൈകളും 2019-ൽ 1,02,909 കശുമാവിൻ തൈകളും സഹകരണ സ്ഥാപനങ്ങൾ മുഖേന നട്ടുകയുണ്ടായി. ഈ പദ്ധതി പ്രകാരം 2020 വർഷം ഒരുലക്ഷം തെങ്ങിൻതൈകളാണ് നട്ട് പരിപാലിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ സംഘങ്ങൾ സ്വന്തം നിലയിലും കൺസോർഷ്യം അടിസ്ഥാനത്തിലും അംഗങ്ങൾ മുഖാന്തരവും കാർഷിക പ്രവർത്തനങ്ങൾ നടപ്പാക്കിവരികയും ചെയ്യുന്നു.

8. <u>എ.സി.എസ്.ടി.ഐ. (അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്)</u>

1992-ൽ തിരുവനന്തപുരം മൺവിള കേന്ദ്രമായി ആരംഭിച്ച അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), 2018 നവംബർ മാസം മുതൽ സ്വയംഭരണ സ്ഥാപനമായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. സഹകരണ മേഖലയിലെ പരിശീലനം, ഗവേഷണം, പ്രസിദ്ധീകരണം എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായാണ് സ്ഥാപനത്തെ സ്വയംഭരണ പദവിയിലേയ്ക്ക് ഉയർത്തിയത്. മേൽ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ട് പോകുകയാണ്. 2020 നവംബർ മാസം ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലൈൻസിന്റെ (ICA) പിന്തുണയോടെ അന്താരാഷ്ട്ര സഹകരണ റിസർച്ച് കോൺഫറൻസിന് ഇൻസ്റ്റിറ്റ്യൂട്ട് ആതിഥ്യമരുളുകയാണ്.

9. <u>സഹകരണ റിസ്ക് ഫണ്ട്</u>

വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാദ്ധ്യതയിലേയ്ക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വായ്പക്കാരന്റെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന തുകയിൽനിന്നും പരമാവധി 2 ലക്ഷം രൂപയും അതിന്റെ പലിശയും മാരക രോഗങ്ങൾ പിടിപെട്ടവരുടെ വായ്പകളിൽ 1 ലക്ഷം രൂപ വരെയും കേരള റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴിവാക്കി നൽകുന്ന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ

നാളിതുവരെ 32250 അംഗങ്ങൾക്ക് 247.47 കോടി രൂപയുടെ റിസ്ക് ഫണ്ട് ആനുകൂല്യം നൽകിയിട്ടുണ്ട്. അതിലേക്കായി 19.89 കോടി രൂപ കേരള സഹകരണ വികസന ഫണ്ട് ബോർഡിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സഹായധനം നല്കുന്ന പദ്ധതിയാണ് സഹകരണ റിസ്ക് ഫണ്ട് പദ്ധതി.

10. സഹകരണ നയം രൂപപ്പെടുത്തി

സംസ്ഥാനത്തിന്റെ സവിശേഷതകൾ ഉൾകൊണ്ട് പുതിയ വെല്ലുവിളികളെ അതിജീവിക്കുംവിധം സുസ്ഥിരവികസന സങ്കൽപ്പത്തിൽ ഊന്നി ആദ്യമായി സഹകരണ നയം രൂപീകരിക്കുകയുണ്ടായി. സഹകരണ പ്രസ്ഥാനത്തിന്റെ ആഗോള കാഴ്ചപ്പാട്, ദർശനവും ദൗത്യവും വിവിധ മേഖലകളിലെ പ്രത്യേക നയങ്ങൾ, സഹകരണ മേഖലയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം, നിലവിലെ സഹകരണ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് സഹകരണ നയം രൂപപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച സമഗ്രമായ ഒരു സഹകരണ ഗൈഡും ഈ സർക്കാർ പ്രസിദ്ധീകരിച്ചു.

11. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ദേശീയ അംഗീകാരം

സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ദേശീയ അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനായി എൻ.സി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ വച്ച് നടന്ന ഇന്ത്യ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ട്രേഡ് ഫെയറിൽ 16 പ്രാഥമിക സംഘങ്ങൾ ഉൾപ്പെടെ 27 സംഘങ്ങളെ പങ്കെടുപ്പിക്കുകയും വിവിധ ബ്രാന്റുകളിലായി 170 ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. പ്രസ്തുത വ്യാപാര മേളയിൽ കേരളത്തിന് 3 എക്സലൻസ് അവാർഡുകൾ ലഭിക്കുകയുണ്ടായി.

12. സാമൂഹ്യ സുരക്ഷാ പെൻഷൻ

ഈ സർക്കാർ അധികാരമേറ്റതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സ്ഥാപനങ്ങൾ മുഖേന വളരെ വിജയകരമായി ഗുണഭോക്താക്കളുടെ കൈകളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മൊത്തം ക്ഷേമപെൻഷന് അർഹരായവരിൽ 50 ശതമാനത്തിലേറെ ഗുണഭോക്താക്കൾക്ക് സഹകരണ സംഘങ്ങൾ മുഖാന്തരമാണ് പെൻഷൻ വിതരണം നടത്തിവരുന്നത്.

13. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണം

കെ.എസ്.ആർ.ടി.സി.-യിലെ 40,000-ത്തോളം വരുന്ന വിരമിച്ച ജീവനക്കാർക്ക് സഹകരണ സംഘങ്ങൾ മുഖാന്തരമാണ് പെൻഷൻ വിതരണം ചെയ്യുന്നത്. ഈ ആവശ്യത്തിലേക്കായി പ്രതിമാസം ശരാശരി 60 കോടി രൂപ സഹകരണ സംഘങ്ങളിൽനിന്നും സമാഹരിച്ച് പെൻഷൻ വിതരണം നടത്തിവരുന്നു. 2020 ജനുവരി മാസം വരെ 1666.72 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തു.

14. നിക്ഷേപ സമാഹരണം-കുടിശ്ശിക നിവാരണം

2016 നവംബർ 8-ലെ നോട്ട് നിരോധനം മറികടന്ന് സഹകരണ മേഖലയ്ക്ക് വളരെയേറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. 2018-19-ൽ നിക്ഷേപ സമാഹരണ യജ്ഞം മുഖേന 7257 കോടി രൂപയുടെ അധിക നിക്ഷേപം സമാഹരിക്കുക വഴി സഹകരണ മേഖലയിലെ ആകെ നിക്ഷേപം 2,09,000 കോടി രൂപയായി ഉയർത്താൻ കഴിഞ്ഞു. 2019-20 വർഷത്തെ നിക്ഷേപ സമാഹരണ യജ്ഞം 2020 മാർച്ച് 31 വരെ നടന്നുവരുന്നു. വായ്പാ കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം 803.57 കോടി രൂപയുടെ ആനുകൂല്യം നൽകിക്കൊണ്ട് 18320.38 കോടി രൂപയുടെ കുടിശ്ശിക വായ്പകൾ പിരിച്ചെടുക്കാൻ കഴിഞ്ഞു.

15. കൺസ്യൂമർ ഫെഡ് പ്രവർത്തനങ്ങൾ

ഉത്സവകാലങ്ങളിൽ പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ കഴിഞ്ഞ 2016-17 വർഷം മുതൽ 16308 വിപണികളിലൂടെ 371.25 കോടി രൂപയുടെ വിൽപ്പന നടത്തുകയും 176.89 കോടി രൂപയുടെ പ്രത്യക്ഷ സബ്സിഡി പൊതുജനങ്ങൾക്ക് നൽകുകയും ചെയ്തു. എല്ലാ പഠനോപകരണങ്ങളും ഒരു കുടക്കീഴിൽ അണിനിരത്തി 2016-17 വർഷം മുതൽ 1800 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ കൺസ്യൂമർ ഫെഡറേഷന് കീഴിൽ ആരംഭിച്ചു. കൺസ്യൂമർ ഫെഡറേഷന്റെ വിപണി ഇടപെടലുകൾ പൊതുമാർക്കറ്റിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിൽ വളരെയേറെ പങ്ക് വഹിക്കുന്നു.

16. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണം

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം, വകുപ്പിലെ സംഘങ്ങളുടെ

രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് സംവിധാനം എന്നിവയും സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പിനുള്ള അപേക്ഷ സ്വീകരിക്കൽ, വരണാധികാരിയെ നിശ്ചയിച്ചുനൽകുന്ന നടപടിക്രമം എന്നിവയും ഓൺലൈൻ മുഖേന നടപ്പിലാക്കിക്കഴിഞ്ഞു. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിലും ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് സിസ്റ്റം (ഇ-ആഫീസ്) നടപ്പിലാക്കി. ആദ്യഘട്ടമെന്ന നിലയിൽ കാസർഗോഡ്, മലപ്പുറം, കോട്ടയം ജില്ലകളിലും ഇ-ആഫീസ് സംവിധാനം നടപ്പിലാക്കി.

17 പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിട നവീകരണം, പ്രവർത്തന മൂലധന ഗ്രാന്റ്, മാനേജീരിയിൽ സബ്സിഡി, ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും ലാഭകര വുമായ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക, ആയുർധാര ഫാർമസ്യൂട്ടിക്കൽ ൽസിന്റെ പുനരുദ്ധാരണം എന്നീ ആവശ്യങ്ങൾക്കായി 860 പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷനുമായി 43.69 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷൻ വളരെ കാലങ്ങൾക്കുശേഷം പ്രവർത്തനലാഭം നേടാൻ തുടങ്ങി.

18. കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചു

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോൽസാഹി പ്പിക്കുന്നതിനുമായി പുതിയ 7 കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കു ന്നതിന് 185 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന ആകെ 79 കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

19. വനിതാ സംഘങ്ങളുടെ ശാക്തീകരണം

വനിതാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായം ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 277 വനിതാ സഹകരണ സംഘങ്ങൾക്ക് 969.7634 ലക്ഷം രൂപയും വനിതാ ഫെഡറേഷന് 163.95 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

20. <u>കേപ്പിന്റെ പശ്ചാത്തല വികസനം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേപ്പിനെ ആധുനികവൽക്കരിക്കുന്നതിനും പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുമായി വിപുലമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായുള്ള സഹകരണ അക്കാഡമിയിൽ 8 അക്കാഡമിക്ക് ബ്ലോക്കുകൾ, ഒരു ലൈബ്രറി ബ്ലോക്ക്, 3 കോളേജുകളിൽ വനിതാ ഹോസ്റ്റലുകൾ, 2 കോളേജുകളിൽ ആഡിറ്റോറിയം എന്നിവ നിർമ്മിക്കുകയുണ്ടായി. കൂടാതെ എല്ലാ കോളേജുകളിലും ലാംഗ്വേജ് ലാബുകൾ സ്ഥാപിക്കുകയും എല്ലാ കോളേജ് ലൈബ്രറികളും ആധുനികവൽക്കരിക്കുകയും ആധുനിക സംവിധാനങ്ങളോടെ പ്ലേസ്മെന്റ് സെല്ലുകൾ കോളേജുകളിൽ സ്ഥാപിക്കുകയും ലബോറട്ടറികൾ മികവുറ്റതാക്കുകയും ചെയ്തു. കേപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 33.50 കോടി രൂപ സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കേപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾക്ക് ISO Certification, NAAC/NBA അക്രെഡിറ്റേഷൻ ലഭിക്കുകയുണ്ടായി.

21. <u>ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് ഫണ്ട്) പദ്ധതി</u>

ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം എൻ.എസ്. ഹോസ്പിറ്റലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 37.36 കോടി രൂപ അനുവദിച്ച് നൽകി. എല്ലാവിധ അത്യന്താധുനിക സൗകര്യങ്ങളോടും കൂടിയ മികച്ച ഒരു കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലായി എൻ.എസ്. ഹോസ്പിറ്റലിനെ മാറ്റിയെടുത്തു.

22. <u>എൻ.സി.ഡി.സി. ധനസഹായ പദ്ധതി</u>

ആശുപത്രി സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, സംസ്കരണ സഹകരണ സംഘങ്ങൾ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട 112 സഹകരണ സംഘങ്ങൾക്ക് 174.04 കോടി രൂപയും സഹകരണ സ്ഥാപനങ്ങൾക്ക് കീഴിൽ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും വിപണന സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും വേണ്ടി 65 സഹകരണ സംഘങ്ങൾക്ക് 17.54 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ സമഗ്ര വികസനം നടപ്പിലാക്കുക

എന്ന ലക്ഷ്യത്തോടെ ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഐ.സി.ഡി.പി. രണ്ടാംഘട്ട പദ്ധതിയിലൂടെ ആശുപത്രി, വിദ്യാഭ്യാസം, വനിത, എസ്.സി/എസ്.റ്റി., പ്രോസസ്സിംഗ്, മാർക്കറ്റിംഗ്, ക്ഷീരം, കൈത്തറി സഹകരണ സംഘങ്ങൾക്ക് അവയുടെ അടിസ്ഥാന സൗകര്യ വികസനം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനായി 74.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

23. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

സഹകരണ വകുപ്പിന് 2019-20 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 23.10 കോടി രൂപ അധിക ധനാഗമനം ലഭിച്ചത് ഉൾപ്പെടെയുള്ള 177.35 കോടി രൂപയിൽ 89.0786 കോടി രൂപ ചെലവഴിക്കുകയുണ്ടായി. എൻ.സി.ഡി.സി. പദ്ധതിയിൽ 5.2685 കോടി രൂപ അധിക ധനാഗമനം ലഭിച്ചത് ഉൾപ്പെടെയുള്ള 70.2685 കോടി രൂപയിൽ 45.6753 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

24. 2020-21 -ലെ പദ്ധതി വിഹിതം

2020-21 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 23 സ്കീമുകൾക്കായി 134.96 കോടി രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ 3 സ്കീമുകൾക്കായി 65.00 കോടി രൂപയുമുൾപ്പെടെ 199.96 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച ഭാഗം

2020-21 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ചില പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ടൂറിസം വകുപ്പിൽ ധനാഭ്യർത്ഥന ചർച്ചകൾക്ക് വളരെ സന്തോഷത്തോടെയാണ് ഞാൻ മറുപടി നൽകുന്നത്. ടൂറിസം മേഖലയിൽ അഭിമാനകരമായ പല നേട്ടങ്ങളുമുണ്ടായ കാലയളവാണ് കഴിഞ്ഞ നാല് വർഷം. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കാര്യക്ഷമതയുള്ള പ്രചരണ പരിപാടികളും വിപണന തന്ത്രങ്ങളും വഴി കേരള ടൂറിസത്തിന് പുതിയ ദിശാബോധം ലഭിച്ച കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 10 ശതമാനം ഇന്ന് വിനോദസഞ്ചാര മേഖലയുടെ സംഭാവനയാണ്. എന്നാൽ കഴിഞ്ഞ 3 വർഷം നമ്മുടെ നാട് നേരിട്ട സമാനതകളില്ലാത്ത

ദുരന്തങ്ങളെക്കുറിച്ച് നമുക്കറിയാം. ആദ്യം നമ്മുടെ നാടിനെ ബാധിച്ച നിപ, ഓഖി, പിന്നെ തുടർച്ചയായ രണ്ട് മഹാപ്രളയങ്ങൾ, അശാസ്ത്രീയമായ ജി.എസ്.ടി. നിരക്കുകൾ ഇവ സൃഷ്ടിച്ച പ്രതിസന്ധികൾ. എന്നാൽ ഇത്തരം പ്രതിസന്ധികളെല്ലാം കാര്യക്ഷമവും ആസൂത്രിതവുമായ പ്രവർത്തനത്തിലൂടെ മറികടക്കാൻ നമുക്ക് കഴിഞ്ഞു.

ഇപ്പോൾ 2019-ലെ സ്ഥിതിവിവര കണക്കുകൾ അന്തിമമാക്കി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇതനുസരിച്ച് ഏകദേശം 2 കോടിയോളം വിനോദസഞ്ചാരികളാണ് 2019-ൽ നമ്മുടെ നാട് സന്ദർശിച്ചത്. കൃത്യമായി പറഞ്ഞാൽ 1,95,74,000 വിനോദസഞ്ചാരികൾ. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 17.81%-ഉം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 8.52%-ഉം വർദ്ധനവ് നേടാൻ നമുക്ക് കഴിഞ്ഞു. ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് വരുമാനത്തിന്റെ കാര്യത്തിലാണ്. കഴിഞ്ഞ വർഷം ടൂറിസം മേഖലയിൽ നിന്നും നമ്മുടെ നാടിന് ലഭിച്ച വരുമാനം 45,000 കോടി രൂപയാണ്. ആദ്യമായി 10,000 കോടി രൂപയുടെ വിദേശനാണ്യം കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞു. മുൻവർഷത്തെ അപേക്ഷിച്ച് 24% വളർച്ചയാണ് വരുമാനത്തിന്റെ കാര്യത്തിൽ നമുക്കുണ്ടായത്. നിരവധി പ്രതിസന്ധികൾക്കിടയിലാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് എന്നത് വളരെ അഭിമാനകരമായ ഒരു കാര്യമാണ്. ഏകദേശം 15 ലക്ഷത്തോളം ആളുകളാണ് നമ്മുടെ സംസ്ഥാനത്ത് ടൂറിസം മേഖലയിൽ ജോലി ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഈ മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുള്ള നയസമീപനമാണ് സംസ്ഥാന ടൂറിസം വികസനത്തിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്നത്. ആദ്യംതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് അനുയോജ്യമായ ഒരു ടൂറിസം നയം തയ്യാറാക്കി മുന്നോട്ട് പോകുകയാണ് സർക്കാർ ചെയ്തത്. ഈ നയത്തിനനുസരിച്ചുള്ള വികസന പ്രവർത്തനങ്ങളാണ് ടൂറിസം വികസനത്തിന്റെ കാര്യത്തിൽ ഈ കാലയളവിൽ സ്വീകരിച്ചത്.

നിരവധി തിരിച്ചടികൾക്കിടയിലും കഴിഞ്ഞ വർഷം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വലിയ വളർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. കാര്യക്ഷമമായ മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെയാണ് ഈ നേട്ടത്തിലേയ്ക്ക് എത്താൻ കഴിഞ്ഞത്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായികളുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായം കൂടി പരിഗണിച്ചാണ് മാർക്കറ്റിംഗ് തന്ത്രങ്ങൾ രൂപപ്പെടുത്തിയത്. പ്രത്യേക ഓഫ് സീസൺ ക്യാമ്പയിൻ, ടെലിവിഷൻ, റേഡിയോ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണം, റോഡ് ഷോകൾ സംഘടിപ്പിക്കുക, ടൂറിസം ഫെയറുകളിൽ പങ്കെടുക്കുക, പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക എന്നിവയൊക്കെ മാർക്കറ്റിംഗിന്റെ ഭാഗമായി നടത്തുകയുണ്ടായി. 'ഹ്യൂമൻ ബൈ നേച്ചർ' എന്ന

നമ്മുടെ ക്യാമ്പയിൻ ലോകവ്യാപകമായി ശ്രദ്ധിക്കപ്പെടുകയും ഇതിലൂടെ നമ്മുടെ നാട്ടിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുകയും ചെയ്തു. നിരവധി അംഗീകാരങ്ങളും ഈ കാലയളവിൽ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. ഏറ്റവും മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള ലോൺലി പ്ലാനറ്റ് മാഗസിൻ അവാർഡ്, PATA ഗോൾഡ് അവാർഡ്, ITB അവാർഡ്, മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള WTM അവാർഡ്, നാഷണൽ ടൂറിസം അവാർഡ്, യുണൈറ്റഡ് നേഷൻ ടൂറിസം ഓർഗനൈസേഷൻ അവാർഡ് ഇവയൊക്കെ വളരെ ശ്രദ്ധേയമായ അംഗീകാരങ്ങളായിരുന്നു.

അടിസ്ഥാന സൗകര്യ വികസന രംഗത്ത് നിരവധി പദ്ധതികളാണ് ഈ കാലയളവിൽ നടപ്പാക്കിയത്. 14 ജില്ലകളിലായി ചെറുതും വലുതുമായ 500-ഓളം ടൂറിസം പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 259 പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കാൻ കഴിഞ്ഞു. ഇപ്പോൾ പുരോഗമിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുമ്പോൾ അടിസ്ഥാന സൗകര്യ വികസനരംഗത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ കുതിച്ചുചാട്ടം തന്നെ ഉണ്ടാകുമെന്നാണ് കരുതുന്നത്. സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ട് വഴിയും കിഫ്ബി വഴിയും കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ചും നടപ്പാക്കുന്നതുംകൂടി ചേർക്കുമ്പോൾ 1698 കോടി രൂപയുടെ ടൂറിസം പദ്ധതികൾക്കാണ് ഈ സർക്കാർ അനുമതി നൽകിയത്.

ഏതൊരു ടൂറിസം ഡെസ്റ്റിനേഷനെ സംബന്ധിച്ചിടത്തോളവും അടിസ്ഥാന സൗകര്യ വികസനം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. പൊതുജന പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കലും സൗന്ദര്യവൽക്കരണവും ഉറപ്പുവരുത്തുന്നതിന് 'ഗ്രീൻ കാർപ്പറ്റ്' എന്ന പേരിൽ ഒരു പദ്ധതി ഈ സർക്കാർ 2016 മുതൽ നടപ്പാക്കിവരുന്നുണ്ട്. എല്ലാ വർഷവും ടൂറിസം സീസണ് മുന്നോടിയായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഇന്ത്യയിൽത്തന്നെ നമ്മുടെ സംസ്ഥാനത്താണ് ഒരു സംസ്ഥാനത്തെ എല്ലാ ഡെസ്റ്റിനേഷനെയും ഒന്നിച്ചെടുത്ത് ഇത്തരം ഒരു പദ്ധതി നടപ്പാക്കിയത് എന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും.

പൈതൃക സംരക്ഷണത്തിലൂടെ ടൂറിസം വികസനം എന്നത് സർക്കാർ മുൻഗണന നൽകുന്ന ഒരു മേഖലയാണ്. വളരെ സമ്പന്നമായ ഒരു പൈതൃക പാരമ്പര്യമാണ് നമുക്കുള്ളത്. ഇവ സംരക്ഷിച്ച് ടൂറിസം ആകർഷണമാക്കി മാറ്റുന്ന മൂന്ന് പ്രധാന പദ്ധതികൾ കേരളത്തിൽ നടന്നുവരുന്നു. ഇതിൽ പ്രധാനം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച 'കൊടുങ്ങല്ലൂർ ആസ്ഥാനമായ മുസിരിസ് പൈതൃക' പദ്ധതിയാണ്. മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഒന്നാം

ഘട്ടം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം ഘട്ട പദ്ധതി പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി 48 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾ അനുവദിച്ചു. പ്രവൃത്തികൾ പല ഘട്ടത്തിൽ പുരോഗമിക്കുന്നു. ഈ വർഷംതന്നെ പദ്ധതി പൂർത്തിയാക്കി പൂർണ്ണതോതിൽ പ്രവർത്തിച്ചുതുടങ്ങാൻ കഴിയും.

അടുത്തത് പുരാതനകാലത്ത് മലബാർ മേഖലയിലെ പ്രധാന വ്യാപാര കേന്ദ്രമായ തലശ്ശേരി കേന്ദ്രമാക്കി നടപ്പാക്കുന്ന 'തലശ്ശേരി പൈതൃക സംരക്ഷണ' പദ്ധതിയാണ്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം അനുമതി നൽകിയ മൂന്ന് പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞു. രണ്ടാംഘട്ടമായി സംസ്ഥാന ഫണ്ടുപയോഗിച്ച് 33 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകി. ഈ പദ്ധതികൾ ആരംഭിക്കാനുള്ള നടപടിയായിക്കഴിഞ്ഞു. തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി കണ്ണൂർ, വയനാട് ജില്ലയിലെ പൈതൃക കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഒരു ബൃഹത് പദ്ധതിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതനുസരിച്ച് 61 കേന്ദ്രങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വിശദമായ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. കിഫ്ബി വഴിയുള്ള ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ 123.67 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർമ്മാണം ആരംഭിക്കും.

മുസിരിസ് തലശ്ശേരി പദ്ധതികളുടെ മാതൃകയിൽ ആലപ്പുഴയിലും ഒരു പൈതൃക പദ്ധതി ആരംഭിച്ചുകഴിഞ്ഞു. നിലവിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രമായ ആലപ്പുഴയുടെ സമഗ്രവികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ അനുമതി നൽകിയ 28.36 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. തുടർന്ന് പദ്ധതി കൂടുതൽ വിശാല മാക്കുന്നതിന്റെ ഭാഗമായി 122 കോടി രൂപയുടെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിക്ക് ഇതിനകം കിഫ്ബി അംഗീകാരം നൽകി. ആലപ്പുഴയുടെ തനത് ഉൽപ്പന്നമായ കയറുമായി ബന്ധപ്പെട്ടിട്ടുള്ള നിർമ്മാണശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം ആരംഭിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാരയോഗ്യമാക്കി വിനോദസഞ്ചാരികൾക്ക് കൂടുതൽ ആകർഷകമാക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്. കേരളത്തിന്റെ പൈതൃക സമ്പത്ത് ടൂറിസം വികസനത്തിന് ഉപയോഗപ്പെടുത്താനും ഈ രംഗത്ത് വൻനേട്ടമുണ്ടാക്കാനും ഈ മൂന്ന് പദ്ധതികൾ പൂർത്തിയാക്കുമ്പോൾ കഴിയുന്നതാണ്. പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് ചാലയും കോഴിക്കോട് മിഠായിത്തെരുവും ഉൾപ്പെടുത്തി പൈതൃക തെരുവ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ സ്വദേശിദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല, ശ്രീപത്മനാഭസ്വാമി, ആറന്മുള ക്ഷേത്രങ്ങളെ ബന്ധപ്പെടുത്തി 200 കോടിയുടെ അടിസ്ഥാന സൗകര്യ പദ്ധതി നിലവിൽ നടന്നുവരുന്നുണ്ട്. ഇതിൽ പത്മനാഭസ്വാമി ക്ഷേത്രത്തോടനുബന്ധിച്ചുള്ള പദ്ധതി ഉദ്ഘാടനം കഴിഞ്ഞു. കൂടാതെ ഗുരുവായൂർ ക്ഷേത്ര നഗരത്തിന്റെ വികസന ത്തിനായി കേന്ദ്രസർക്കാർ സഹായത്തോടെ 'പ്രസാദം' പദ്ധതിയിൽ 46 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലെത്തി. ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി സർക്യൂട്ടിൽ 100 കോടി രൂപ ചെലവ് വരുന്ന പദ്ധതി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു കഴിഞ്ഞു.

സർക്കാർ മുൻഗണന നൽകിയ മറ്റൊരു മേഖല മലബാറിന്റെ ടൂറിസം വികസനമാണ്. മലബാറിന്റെ ടൂറിസം സാധ്യത നാം ഇനിയും വേണ്ടത്ര പ്രയോജ നപ്പെടുത്തിയിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. കണ്ണൂർ വിമാനത്താവളം പ്രവർത്തിച്ച് തുടങ്ങിയതോടുകൂടി മലബാറിലെ ടൂറിസം രംഗത്ത് ഒരു വലിയ കുതിച്ചുചാട്ടമാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽ കണ്ട് പ്രധാനപ്പെട്ട പല ടൂറിസം പദ്ധതികളും മലബാർ മേഖലയിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പ്രധാനം കണ്ണൂർ-കാസർഗോഡ് ജില്ലകളിലായി ഒഴുകുന്ന 8 പ്രധാനപ്പെട്ട നദികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള റിവർ ക്രൂയിസ് ടൂറിസം പദ്ധതിയാണ്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ 53 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കേന്ദ്ര ഗവൺമെന്റിൽനിന്നും 80 കോടി രൂപയുടെ സഹായം നേടിയെടുക്കുകയും ചെയ്തു. ഏകദേശം 325 കോടി രൂപയാണ് പൂർത്തിയാകുമ്പോൾ പദ്ധതിക്ക് ചെലവ് കണക്കാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പുരോഗമിക്കുകയാണ്.

മാനവശേഷി വികസന രംഗത്ത് പ്രവർത്തിക്കുന്ന കിറ്റ്സിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പുതിയ കോഴ്സുകൾ, പുതിയ പരിശീലന പരിപാടികൾ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ഏറ്റെടുത്തിട്ടുള്ള നൂതന പദ്ധതികൾ, ഉത്തരമലബാറിൽ BRDC-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ സൈമൽ പദ്ധതി, തെന്മലയിലെ ലൈറ്റ് & സൗണ്ട് ഷോ, പാലക്കാട് ആരംഭിച്ച പുതിയ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സെന്റർ എന്നിവയൊക്കെ സർക്കാരിന്റെ നേട്ടങ്ങളിൽപ്പെടുന്നു.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ചടയമംഗലം ജടായുപാറ ടൂറിസം പദ്ധതി ഈ സർക്കാരിന്റെ കാലത്ത് പണി പൂർത്തിയാക്കി പ്രവർത്തിച്ചു തുടങ്ങി. ഏകദേശം 150 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ പദ്ധതി ലോകത്തിലെ തന്നെ ശ്രദ്ധിക്കപ്പെടുന്ന ഒരു ടൂറിസം പദ്ധതിയായി മാറിക്കഴിഞ്ഞു.

ഇതിന്റെ അടുത്ത ഘട്ടം ഉദ്ഘാടനത്തിന് സജ്ജമായിക്കൊണ്ടിരിക്കുന്നു. നൂറോളം പേർക്ക് പുതുതായി തൊഴിൽ നൽകാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രവർത്തിപ്പിക്കാനാവശ്യമായ റോഡ്, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കി നൽകിയത് സർക്കാരാണ്.

ടൂറിസം മന്ത്രിയെന്ന നിലയിൽ എനിക്ക് ഏറ്റവും സന്തോഷവും അഭിമാനവും തോന്നിയ ഒരു പ്രവൃത്തി ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയ പദ്ധതി നടപ്പാക്കിയപ്പോഴാണ്. സമൂഹത്തിലെ പലപ്പോഴും നാം മറന്നുപോകുന്ന ഒരു വിഭാഗമുണ്ട്. ഭിന്നശേഷിയുള്ളവർ, പ്രായമായവർ, കിടപ്പ് രോഗികൾ തുടങ്ങിയവർ. ഇവർ പലപ്പോഴും വീടിനകത്ത് ഒതുങ്ങി പോകുന്ന കാഴ്ചയാണുള്ളത്. നമ്മുടെ ടൂറിസം കേന്ദ്രങ്ങളിൽ ഇത്തരം ആൾക്കാർ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ഇത് തികച്ചും ദുഃഖകരമാണ്. ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുന്ന ഭിന്ന ശേഷിയുള്ളവർക്കും പ്രായമായവർക്കും ആവശ്യമായ സൗകര്യം ഏർപ്പെടുത്തി ടൂറിസം ഡെസ്റ്റിനേഷൻ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതി അന്തിമ ഘട്ടത്തിൽ എത്തിക്കഴിഞ്ഞു. ഈ രംഗത്തെ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഐക്യ രാഷ്ട്രസഭ അവാർഡ് ലഭിച്ച വിവരം കൂടി ഈ അവസരത്തിൽ ഞാൻ സന്തോഷത്തോടെ ഓർക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദം ആക്കിയതിനാണ് നമ്മുടെ സംസ്ഥാനത്തിന് UN അവാർഡ് ലഭിച്ചത്.

ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞ മറ്റൊരു മേഖല ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലാണ്. ടൂറിസം മേഖലയുടെ ഗുണ ഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കുന്നതിനും ഗ്രാമീണ വികസനത്തിനും, ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുകയാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉത്തരവാദിത്ത ടൂറിസം ഏതാനും കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നൽക്കുകയായിരുന്നു. എന്നാൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കു ന്നതിന്റെ ഭാഗമായി 2017-ൽ സ്റ്റേറ്റ് ലെവൽ മിഷൻ രൂപീകരിച്ചു. നിലവിൽ 17000 യൂണിറ്റുകൾ മിഷന്റെ ഭാഗമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31432 പേർക്ക് നേരിട്ടും 61548 പേർക്ക് പരോക്ഷമായും ആർ.ടി. മിഷൻ വഴി ജോലി നൽകുന്നുണ്ട്. 24 കോടി രൂപയുടെ വരുമാനം ഇതുവരെ തദ്ദേശീയർക്ക് നൽകാൻ കഴിഞ്ഞു. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലും വലിയ പങ്കാണ് മിഷൻ വഹിക്കുന്നത്. നിലവിൽ ആർ.ടി. മിഷൻ വഴി ലഭിക്കുന്ന വരുമാനത്തിൽ 80%-ൽ അധികവും വനിതകൾക്കാണ് ലഭിക്കുന്നത്. ഇതോടൊപ്പം എടുത്തുപറയേണ്ട മറ്റൊരു നേട്ടമാണ് സംസ്ഥാനത്ത് 'പെപ്പർ' പദ്ധതി ആരംഭിച്ചത്. ഒരു സ്ഥലത്തെ ടൂറിസം പദ്ധതി ആ സ്ഥലത്തെ ജനങ്ങളുടെ കൂടി അഭിപ്രായത്തോടെ ആസൂത്രണം

ചെയ്ത് നടപ്പാക്കുന്ന 'പെപ്പർ' പദ്ധതി ഇന്ത്യയിൽ ആദ്യമായി വൈക്കത്താണ് നടപ്പാക്കിയത്. പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് നടപ്പാക്കാനുള്ള പ്രാഥമിക നടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ നടപ്പാക്കിയ മറ്റ് ചില പ്രധാന പദ്ധതികളെക്കുറിച്ചുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കോവളം ബീച്ച് സമഗ്രമായി നവീകരിക്കാനുള്ള 20 കോടിയുടെ ബീച്ച് ടൂറിസം പദ്ധതി, ശംഖുംമുഖം ബീച്ചിൽ 15 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതി എന്നിവ പുരോഗമിക്കുകയാണ്. കൂടാതെ ആഭ്യന്തര വിനോദസഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായ വേളിയിൽ 52 കോടി രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഇതിൽ ഒരു ഘടകമായ മിനിയേച്ചർ ട്രെയിൻ പദ്ധതി പൂർത്തിയായിക്കഴിഞ്ഞു. അടുത്ത മാസം മുതൽ സഞ്ചാരികൾക്കായി തുറന്ന് കൊടുക്കും. ഇന്ന് കോഴിക്കോട് ജില്ലയിൽ ടൂറിസം രംഗത്ത് മാതൃകയായി പ്രവർത്തിക്കുന്ന ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നമുക്കെല്ലാം അറിയാവുന്നതാണ്. ഇതേ മാതൃകയിൽ ഒരു ക്രാഫ്റ്റ് വില്ലേജ് കോവളത്തിനടുത്ത് വെള്ളാറിൽ പണിപൂർത്തിയായി കഴിഞ്ഞു. അടുത്ത മാസം മുതൽ പ്രവർത്തിച്ച് തുടങ്ങും. ഇരിങ്ങൽ മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ക്രാഫ്റ്റ് മേളയോടെ വെള്ളാർ ക്രാഫ്റ്റ് വില്ലേജിന്റെ പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

സാഹസിക വിനോദസഞ്ചാരത്തിന് നമ്മുടെ നാട്ടിൽ വലിയ സാധ്യതയാണുള്ളത്. സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കിയതോടൊപ്പം തന്നെ സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷാമാനദണ്ഡങ്ങൾ തയ്യാറാക്കുകയും ഇവർക്കായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് ദേശീയ-അന്തർദ്ദേശീയ നിലവാരമുള്ള 50 സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് കെ.ടി.ഡി.സി. കെ.ടി.ഡി.സി.-യുടെ കീഴിൽ മുഴപ്പിലങ്ങാടും കോഴിക്കോടും പുതിയ ഫൈവ്സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഗുരുവായൂർ പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കന്യാകുമാരിയിൽ കേരള ഭവൻ നിർമ്മിക്കാനുള്ള ഭരണാനുമതി ലഭിച്ചു. അടുത്ത മാസം നിർമ്മാണ പ്രവൃത്തി ആരംഭിക്കും.

നൂതനമായ പല പദ്ധതികളും വിനോദസഞ്ചാരികൾക്കായി വിജയകരമായി അവതരിപ്പിച്ച് വിജയിപ്പിച്ച പശ്ചാത്തലത്തിലാണ് ഐ.പി.എൽ. മാതൃകയിൽ വകുപ്പ് ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന ഒരു നൂതന ടൂറിസം ഉൽപ്പന്നം കഴിഞ്ഞ

വർഷം സംസ്ഥാനത്ത് അവതരിപ്പിച്ചത്. കഴിഞ്ഞ വർഷം 22 കേന്ദ്രങ്ങളിലാണ് ബോട്ട് ലീഗ് സംഘടിപ്പിച്ചത്. ഇത് വലിയ വിജയമായിരുന്നു. ഏകദേശം 15 ലക്ഷത്തോളം ആൾക്കാർ ബോട്ട് ലീഗ് നേരിൽ കണ്ടിട്ടുണ്ട്. കൂടാതെ ടി.വി. ചാനലുകൾ വഴി 1.88 കോടി ആൾക്കാരും ബോട്ട് ലീഗ് വീക്ഷിച്ചതായി മനസ്സിലാക്കുന്നു. കേരളത്തിന്റെ ടൂറിസം ചരിത്രത്തിൽ ഇത്രയധികം ആൾക്കാർ നേരിട്ടും അല്ലാതെയും പങ്കെടുത്ത മറ്റൊരു ഇവന്റും ഇല്ല എന്നത് അഭിമാനപൂർവ്വം പറയാൻ കഴിയും. ഒരു പുതിയ ടൂറിസം ഉൽപ്പന്നം അവതരിപ്പിച്ചതോടൊപ്പം നമ്മുടെ സംസ്കാരത്തിന്റെ കൂടി ഭാഗമായ വള്ളംകളി എന്ന കായിക വിനോദത്തെ നിലനിൽത്തുന്നതിനും ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിക്കുന്നതിലൂടെ കഴിഞ്ഞു.

ഇന്ന് എം.ഐ.സി.ഇ. ടൂറിസത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമാണ് കേരളത്തിലെ ടൂറിസം മേഖലയിലുള്ളത്. ഇത് തിരിച്ചറിഞ്ഞ് എം.ഐ.സി.ഇ. ടൂറിസം പ്രോൽസാഹിപ്പിക്കാനുള്ള നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യാ കൺവെൻഷൻ പ്രൊമോഷൻ ബ്യൂറോയുടെ (ICPB) കേരളാ ചാപ്റ്റർ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ അന്തർദ്ദേശീയ തലത്തിലും ദേശീയ തലത്തിലും നടക്കുന്ന കൺവെൻഷനുകൾ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ നമുക്ക് കഴിയും.

ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ആയുർവേദ സ്ഥാപനങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ തുടങ്ങി ടൂറിസ്റ്റുകൾ നേരിട്ട് ബന്ധപ്പെടുന്ന സ്ഥാപന ങ്ങൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്നതിനുള്ള ഗൈഡ്‌ലൈൻസ് വർഷങ്ങൾക്കുശേഷം പുതുക്കി നിശ്ചയിക്കാൻ കഴിഞ്ഞു. ഉത്തരവാദിത്ത ടൂറിസം തത്വങ്ങൾ അനുസ രിച്ചുള്ള നിബന്ധനകൾ കൂടി ഉൾപ്പെടുത്തിയാണ് പരിഷ്കരിച്ച ഗൈഡ്‌ലൈൻസ് പ്രസിദ്ധീകരിച്ചത്. ഇതുമൂലം ഈ മേഖലയിലെ നിലവാരം ഉയർത്താനും ചൂഷണം ഒഴിവാക്കാനും ഒരു പരിധി വരെ കഴിയുന്നുണ്ട്.

<u>അടുത്ത സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പദ്ധതികൾ</u>

- ഒരു ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന സഞ്ചാരി പലപ്പോഴും ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് വൃത്തിയുള്ള ശുചിമുറിയുടെ അഭാവമാണ്. ഇത് സർക്കാരിന്റെ മുൻഗണനയിലുള്ള ഒരു വിഷയമാണ്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന സ്ഥലങ്ങളിൽ എയർപോർട്ട് നിലവാരത്തിൽ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. 165 കോടി രൂപയുടെ ഭരണാനുമതി ഇതിനായി നൽകിയിട്ടുണ്ട്. ഈ വർഷം തന്നെ പദ്ധതി പൂർണ്ണമായി

നടപ്പാക്കുന്നതാണ്. വർക്കല ബീച്ച്, പൂക്കോട് തടാകം, കൊല്ലം ബീച്ച്, ഫോർട്ട് കൊച്ചി, പയ്യാമ്പലം ബീച്ച്, ആലപ്പുഴ ബീച്ച്, ബേക്കൽ ബീച്ച്, കാരാപ്പുഴ ഡാം, ബട്ട് റോഡ്, കോഴിക്കോട്, ശംഖുംമുഖം, മൂന്നാർ, മലമ്പുഴ എന്നിവിടങ്ങളിലാണ് സ്ഥാപിക്കുന്നത്.

- നമ്മുടെ തലസ്ഥാന നഗരത്തിലും പരിസര പ്രദേശങ്ങളിലും അയൽ ജില്ലകളായ കൊല്ലം, പത്തനംതിട്ടയും ഉൾപ്പെടുന്ന പ്രദേശങ്ങളിലെ രാജ ഭരണകാലം മുതൽ നിലനിൽക്കുന്ന നിരവധി പൈതൃക മന്ദിരങ്ങളുണ്ട്. ഇവയൊക്കെ കോർത്തിണക്കി സംരക്ഷിച്ച് ടൂറിസം ആകർഷണമാക്കി മാറ്റാൻ ഉദ്ദേശിക്കുന്ന 'തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി' ഈ വർഷം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാനുള്ള നടപടി പൂർത്തിയായി. പൂർത്തിയാകുമ്പോൾ ഏകദേശം 100 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ വർഷത്തെ ബജറ്റിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം അഞ്ചുതെങ്ങ് പ്രദേശത്തെ വിശാലമായ ഉൾനാടൻ ജലാശയങ്ങളുടെ വിനോദസഞ്ചാരസാധ്യത പ്രയോജനപ്പെടുത്തുന്ന തിരുവിതാംകൂർ ബാക്ക് വാട്ടർ ക്രൂയിസ് ടൂറിസം പദ്ധതി ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സാഹസിക വിനോദ സഞ്ചാരവും ജലകായിക വിനോദങ്ങളും സംയോജിപ്പിച്ച് കൊണ്ടുള്ള ഒരു പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അന്തിമ രൂപം നൽകാനുള്ള പ്രവർത്തനങ്ങൾ KTIL മുഖേന നടന്നുവരികയാണ്. 50 കോടി രൂപ ആകെ ചെലവ് കണക്കാക്കുന്ന പദ്ധതി ഈ വർഷം തന്നെ നിർമ്മാണം തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

- നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചില അവസരങ്ങളിലെങ്കിലും പലവിധ ചൂഷണങ്ങൾക്കും വിധേയമാകുന്നുണ്ട്. കൂടാതെ ചില അനഭിലഷണീയ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേകമായ ഒരു ഫോറം നിലവിലില്ല. ഇതിനായി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ബില്ലിന്റെ കരട് തയ്യാറാക്കി കഴിഞ്ഞു. ഈ വർഷം തന്നെ ടൂറിസം റെഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതാണ്.

- കൂടാതെ മലബാർ മേഖലയിൽ നടപ്പാക്കുന്ന മറ്റൊരു ബൃഹത് പദ്ധതിയാണ് ധർമ്മടം മുഴപ്പിലങ്ങാട് കടൽത്തീരപ്രദേശം ഒരു അന്താരാഷ്ട്ര ടൂറിസം കേന്ദ്രമാക്കുന്ന സമഗ്ര പദ്ധതി 233 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി

കിഫ്ബി മുഖേന നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി M/s CARE South Asia Pvt Ltd., എന്ന സ്ഥാപനത്തെ ടെണ്ടറിലൂടെ തെരഞ്ഞെടുത്തു. പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സർവ്വേ നടപടികൾ പൂർത്തീകരിച്ച് പദ്ധതി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- വനവൽക്കരണത്തിൽ ഇന്ന് ലോകം അംഗീകരിച്ച ഒരു മാതൃകയുണ്ട്. 'മിയാവാക്കി മാതൃകാ വനവൽക്കരണ പരിപാടി' മിയാവാക്കി മാതൃകയിൽ ഒരു ചെറുവനം ഇതിനകം നമ്മൾ കനകക്കുന്നിൽ നടപ്പാക്കികഴിഞ്ഞു. ഈ വർഷം 50 കേന്ദ്രങ്ങളിൽ മിയാവാക്കി വനവൽക്കരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഈ രംഗത്ത് പരിചയമുള്ള ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് കഴിഞ്ഞു. ഈ വർഷം തന്നെ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതാണ്. ഒരു ടൂറിസം പ്രോഡക്ട് എന്നതിനൊപ്പം പ്രകൃതി സംരക്ഷണം കൂടി ലക്ഷ്യമിട്ടാണ് ഇങ്ങനെ ഒരു പദ്ധതി കേരള ടൂറിസം നടപ്പാക്കുന്നത്.
- പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന്റെ കൈവശമുള്ള 25 ഏക്കർ സ്ഥലം ഉപയോഗിച്ച് ഫാം ടൂറിസത്തിൽ അധിഷ്ഠിതമായ ഒരു ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ HLL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം പദ്ധതി നടപ്പാക്കുന്നതാണ്.

<u>ഉപസംഹാരം</u>

നമ്മുടെ സംസ്ഥാനത്തിന് വിദേശനാണ്യവും ലക്ഷക്കണക്കിന് തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്ന സംസ്ഥാനത്തെ ടൂറിസം മേഖല സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. അതുകൊണ്ടുതന്നെ ദിശാബോധത്തോടെയും ദീർഘവീക്ഷണത്തോടെയുമാണ് ഈ മേഖലയിൽ സർക്കാർ ഇടപെടുന്നത്. ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് കൂടുതൽ ലഭ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ കേരളത്തിലെ ടൂറിസം രംഗത്തെ മാറ്റിയെടുക്കുന്നതിനായി പുതിയ പദ്ധതികളുമായി കേരള ടൂറിസം മുന്നോട്ട് കുതിക്കുകയാണ്. ഈ മേഖലയുടെ വികസനം നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന ബോദ്ധ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. നിരവധി പ്രതിസന്ധികൾക്കിടയിലും വളർച്ചാനിരക്ക് നിലനിർത്തുന്നതിനും കൂടുതൽ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും നമുക്ക് കഴിഞ്ഞു. കഴിഞ്ഞ 25 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ

ഏറ്റവും വലിയ വളർച്ചാനിരക്കാണ് കഴിഞ്ഞ 6 മാസം കൊണ്ട് ഈ മേഖലയിൽ ഉണ്ടായത്. ഇന്നലെ ഞാൻ ടൂറിസം വ്യവസായികളുടെ ഒരു യോഗം വിളിച്ചിരുന്നു. ഇതിൽ പങ്കെടുത്ത ഒരു വ്യവസായി പറഞ്ഞത് തനിക്ക് 50 വർഷത്തെ അനുഭവ സമ്പത്ത് ഈ മേഖലയിലുണ്ട്. തന്റെ ഇതുവരെയുള്ള ബിസിനസ്സ് അനുഭവത്തിൽ ഏറ്റവും വലിയ ബിസിനസ്സാണ് ഈ വർഷം ലഭിച്ചത് എന്നാണ്. സർക്കാരും ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്ന സംരംഭകരും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞത്. ഇതുവരെ നടപ്പാക്കിയ പദ്ധതികൾ കൂടാതെ ഇപ്പോൾ വിഭാവന ചെയ്ത പദ്ധതികൾ കൂടി നടപ്പാക്കുമ്പോൾ ടൂറിസം മേഖലയ്ക്ക് ഇനിയും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്ന കാര്യം തീർച്ചയാണ്. നമ്മുടെ നാട്ടിലെ ടൂറിസം മേഖലയിൽ ഈ വർഷത്തേക്കാൾ ഉയർന്ന വളർച്ചാനിരക്കാണ് വരുംവർഷങ്ങളിൽ നാം പ്രതീക്ഷി ക്കുന്നത്.

നിരവധി നേട്ടങ്ങൾക്കിടയിലും ചില ആശങ്കകൾ കൂടി നാം കാണാതിരുന്നു കൂടാ. ഇന്ന് ലോകത്താകമാനം കോവിഡ്-19 എന്ന രോഗം സൃഷ്ടിച്ച ഭീതിയിലാണ്. ഇത് ഏറ്റവും ആദ്യം ബാധിച്ചത് എല്ലാ രാജ്യത്തിലെയും ടൂറിസം മേഖലയെയാണ്. സ്വാഭാവികമായും നമ്മുടെ നാടും വ്യത്യസ്ഥമല്ല, റിക്കോർഡ് വരുമാനവും ഉയർന്ന വളർച്ചാനിരക്കും മുൻകാലങ്ങളേക്കാൾ വിദേശനാണ്യവും നേടി വലിയ നേട്ടം കൈവരിച്ച സമയത്താണ് ഇപ്പോഴത്തെ കോറോണ ഭീതി നമ്മുടെ ടൂറിസം മേഖലയെ ബാധിച്ചിരിക്കുന്നത്. എന്നാൽ നിരവധി പ്രതിസന്ധി തരണം ചെയ്താണ് നാം ഈ നേട്ടത്തിലേയ്ക്ക് എത്തിയത്. അതുകൊണ്ടുതന്നെ ഇപ്പോൾ നേരിടുന്ന ഈ ദുർഘടമായ സമയവും അതിവേഗം തരണം ചെയ്ത് ഇന്ത്യയിലെ മികച്ച ടൂറിസം സ്റ്റേറ്റ് എന്ന സ്ഥാനം നാം നിലനിർത്തുമെന്ന് പ്രത്യാശിച്ചുകൊണ്ട് ധനാഭ്യർത്ഥന അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.